CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYS

എന്റെ

മുപ്പത്തിമൂന്നാം വയസ്സ്

റഷ്യൻതൊഴിൽപ്പാളയത്തിലെ
ഒരു വൈദികന്റെ അനുഭവങ്ങൾ

ഗ്രന്ഥകർത്താ:
ഹെർഹാർഡ് എ. ഫിറ്റ്സ്കോ

ACHARYA PALACKAL JEEVASSKENDRAM
LIBRARY
0959
ALUVA
DHARMARAM COLLEGE
LIBRARY
BANGALORE-29

വിവർത്തകർ:
ജെ. എഫ്. മാളിയേക്കൽ
വി. ഡി. മാണിക്കത്താൻ

(Copyright Reserved)

L. F. Industrial Press, Thevara, Ernakulam-3
1962.

M/922.24
FIT

MY THIRTY-THIRD YEAR

**A PRIEST'S
EXPERIENCE
IN A
RUSSIAN WORK CAMP**

By GERHARD A. FITTKAU

FARRAR, STRAUS AND CUDAHY,
NEW YORK
May — 1959

Translated by
JOSE F. MALIEKAL
VARGHESE D. MANIKATHAN

1962

CHAVARA CHURCH'S
ST. ANTONY'S MONASTERY
ALWAYS

കൂപ്പുകൈ

ചെമ്പടയുടെ പ്രഭാവങ്ങൾ വ്യക്തമാക്കുന്ന പുസ്തകങ്ങൾ മലയാളത്തിൽ പലതുണ്ട്. എന്നാൽ അവയിൽ പലതിലും കണ്ടുവരുന്ന സമീപനം സമചിത്തരായ വായനക്കാരെ കൂടെയൊക്കെ വീർപ്പുമുട്ടിക്കുന്നതാണ്. കമ്മ്യൂണിസ്റ്റ്കളെ വരച്ചുകാണിക്കാൻ ഉപയോഗിക്കുന്ന ചായത്തിനു് കട്ടപ്പവും, ബ്രഷിനു് വലുപ്പവും കൂടിപ്പോകുന്നില്ലേ എന്നൊരു തോന്നൽ. ഈ പുസ്തകത്തിനു് എന്തെങ്കിലും മേന്മയുണ്ടെങ്കിൽ അതു് തത്കർത്താവു കാണിക്കുന്ന സമചിത്തതയും ആർജ്ജവവുമാണ്. "റഷ്യാക്കാരെ കുറച്ചൊട്ടുത്തുവാനോ, എന്റെ നാട്ടുകാരായ ജർമൻകാരെ ന്യായീകരിക്കുവാനോ എനിക്കുദ്ദേശമില്ല, രണ്ടു കൂട്ടരും തെറ്റു ചെയ്തിട്ടുണ്ട്. ഇപ്പുസ്തകം, സഹിക്കേണ്ടിവന്ന ഞെരുക്കങ്ങളുടെ എന്നതിനേക്കാൾ പ്രസ്തുത ഞെരുക്കങ്ങളിൽനിന്നു് നമുക്കു സിദ്ധിച്ച നന്മകളുടെ വിവരണമാണ്" എന്ന ഗ്രന്ഥകർത്താവിന്റെ വാക്കുകളുടെ ആത്മാർത്ഥത ഈ പുസ്തകത്തിലെ ഓരോ വരിയിലും തെളിഞ്ഞു കാണാം. മറവുള്ളവരുടെ തെറ്റുകൾ സ്വന്തം ജീവിതത്തെ തിരുത്തുവാനും നികുത്തുവാനുമുള്ള ഒരു സാധനയാക്കിപ്പകർത്തുക; എന്തൊരു മഹത്വമാണിതു്! ഈ ചേതോവികാരമാണു് ഈ പുസ്തകം കേരളീയരായ വായനക്കാർക്കു് സമർപ്പിക്കുവാൻ ഞങ്ങൾക്കു പ്രചോദനം പകർന്നിട്ടുള്ളതു്. മൂലത്തിലെ ആശയം കോട്ടം കൂടാതെ മലയാളത്തിലേക്കു പകർത്തുക; അതേസമയം 'സ്വതന്ത്രവിവർത്തന'ത്തിന്റെ പേരിൽ കൂട്ടൽ കുറയ്ക്കലുകൾ വരുത്താതിരിക്കുക; ഇവ രണ്ടിലും ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഉത്തരാർത്തിലെ ഒരു വർഷത്തെ സംഭവങ്ങളാണിതിന്റെ ഉള്ളടക്കം; ഗ്രന്ഥകർത്താവിന്റെ മുപ്പത്തി മൂന്നാം വയസ്സിലെ അനുഭവങ്ങൾ. ആത്മകഥയെന്നപോലെതന്നെ ഒരു കാലഘട്ടത്തിന്റെയും, ഒരു ജനതയുടെയും കഥയാണിതു്. ഏറ്റവും ഇരുളടഞ്ഞ സാഹചര്യങ്ങളിൽപോലും 'അന്യജീവനതകി സ്വജീവിതം ധന്യമാക്കു'ന്നതെങ്ങനെ എന്നതിന്റെ രസകരമായ വിവരണവും.

ഈ വിവർത്തനം വെളിച്ചം കാണുന്നതിനുവേണ്ടി അണിയറയിൽ പണിയെടുത്തവർക്കും, മാന്യവായനക്കാർക്കും ഞങ്ങളുടെ വിനീതമായ കൂപ്പുകൈ.

വിവർത്തകർ.

കുറിപ്പു്:

യഥാസ്ഥാനം ചേർക്കുവാൻ വിട്ടുപോയ ചില വിവരങ്ങൾ:—

1. ഇവാൻ (Ivan) —'ജോൺ' എന്നതിന്റെ റഷ്യൻപദം. ഈ പേരു് റഷ്യയിൽ സർവ്വസാധാരണമാകയാൽ റഷ്യാക്കാർ എന്ന അർത്ഥത്തിൽ ഇവിടെ പ്രയോഗിച്ചിരിക്കുന്നു.
2. എസ്.എസ്. (S.S.) —നാസിരക്ഷാസൈന്യം (Nazi defence corps).

ഉള്ളിലേക്കു കടന്നാൽ

	കൂപ്പുകൈ	
	ആമുഖം: സൂസ്സെൻബ്ഗ്ഗിലെ വികാരി	v
I	പതിനൊന്നാം മണിക്കൂർ	1
II	മരണത്തിന്റെ പൊടിയിൽ	16
III	റഷ്യാക്കാർ വരുന്നു	31
IV	സൂസ്സെൻബ്ഗ്ഗിലെ അവസാനദിനങ്ങൾ	47
V	അഗാധത്തിലേക്ക്	67
VI	ബലിയാടുകൾ	94
VII	കുരിശിന്റെ വഴിയിൽ	101
VIII	ഒരുവണ്ടി ശവശരീരങ്ങൾ	117
IX	ഏഴാം കോളം	131
X	അടിമകളുടെ ജോലി	150
XI	പാളയത്തിലെ രോഗശാലയും മേയ്ദിനവും	165
XII	മരണത്തിന്റെ കുത്തരംഗം	189
XIII	"ഏഴന്നേറ..... പോകുക"	218
XIV	ജന്മനാടല്ലാത്ത ജർമ്മനിയിലേക്ക്	234
	അനുബന്ധം: സ്വാതന്ത്ര്യപ്രാപ്തിനുശേഷം	242

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY

ആമുഖം: സൂസ്സെൻബർഗ്ഗിലെ വികാരി.

കുന്നിന്റെ മുകളിൽതന്നെ വണ്ടി നിറുത്തുവാൻ ഞാൻ പറഞ്ഞു. അതാ അടുത്ത കുന്നിലെ വൻമരങ്ങളുടെ മുകളിലായി സൂസ്സെൻബർഗ്ഗ് ദേവാലയത്തിന്റെ ഗോപുരം തലയുയർത്തി നില്ക്കുന്നു. "മധുരക്കുന്ന്" അതാണ് ആ ഗോപുരത്തിന്റെ പേർ. ഒരു നിമിഷനേരത്തേക്ക് ആവേശപൂർവ്വം ഞാൻ അതിൽ നോക്കി നിന്നു; അതു് അവകാശപ്പെട്ടതുകയായിരുന്നു. ഇതാണ് എന്റെ ആദ്യത്തെ ഇടവക.

പൂരപ്രവേശം ചെയ്യുന്ന ഒരു രാജാവാണ് ഞാനെന്നു് എനിക്കു തോന്നിപ്പോയി. ഒരു ബാല്യകാലസ്വപ്നത്തിന്റെ യഥാർത്ഥീകരണമായിരുന്നു അതു്. മരണക്കിടക്കയിൽ കിടന്നുകൊണ്ടു് എന്റെ അമ്മൂമ്മ പത്തുവയസ്സുള്ള എന്നോടു പറഞ്ഞ ആ സ്വപ്നം അപ്പോഴും എനിക്കു കേൾക്കാമായിരുന്നു. "ഗെർഹാർഡ്, ഒരു കാലത്തു നീ ഒരു പുരോഹിതനായിത്തീരുന്നതു് സ്വപ്നത്തിൽ ഇരുന്നുകൊണ്ടു് കാണുവാൻ എനിക്കു സാധിച്ചെങ്കിൽ! ഹോ എന്തൊരു ഭാഗ്യമായിരിക്കും അതു്! ഒരുപക്ഷേ സൂസ്സെൻബർഗ്ഗിലെ ഇടവക വികാരിതന്നെ!!"

ഇതാ ആ ആഗ്രഹം സഫലമായിരിക്കുന്നു. സൂസ്സെൻബർഗ്ഗിന്റെ വികാരിയായിത്തന്നെ ഞാൻ അധികാരമേറ്റെടുക്കുവാൻ പോകയാണു്; ആഗ്രഹിച്ച ആ സിംഹാസനം തന്നെ. അതും ആ ഇടവക ദേവാലയത്തിലെ പ്രധാന തിരുനാളായ പ. കന്യകമറിയത്തിന്റെ പിറവിത്തിരുനാളിൽ — 1944 സെപ്തമ്പർ 8–ാം തീയതി.

വണ്ടി കുട്ടങ്ങിക്കുട്ടങ്ങി മുമ്പോട്ടു നീങ്ങി, പരുപരുത്ത ആ നാടൻ നടപ്പാതയിലൂടെ. ഈ നടപ്പാത കണ്ടപ്പോൾ നീളമേറിയതും പരുപരു

ത്തതുമായ വേറൊരു പാതയെ ഞാൻ ഓർത്തുപോയി. എന്റെ അമ്മൂമ്മയുടെ ആശയ്ക്കും അതിന്റെ പൂർത്തീകരണത്തിനുമിടയ്ക്കുള്ള ആ നീണ്ട മാർഗ്ഗത്തെ.

ആരംഭത്തിലേതന്നെ അനാരോഗ്യം എന്റെ പഠനത്തിന്റെ മുമ്പിൽ വിലങ്ങുതടി സൃഷ്ടിച്ചു. ഞാൻ ക്ഷയരോഗബാധിതനായി. വൈദിക ജീവിതത്തിന് ഞാൻ അയോഗ്യനാണെന്ന വിചാരത്തോടെ അധികാരികൾ എന്നെ വീട്ടിലേക്ക് മടക്കി അയച്ചു. എന്നാൽ എന്റെ ദൈവവിളിയെന്തെന്ന് എനിക്കറിയാമായിരുന്നു. ഞാൻ ശ്രമിച്ചുകൊണ്ടേ ഇരുന്നു. ഈ പരിയത്നങ്ങൾ 1930-ൽ എന്നെ ജർമ്മനിയിലെ പുറത്തേക്ക് ആനയിച്ചു. കൂടെക്കൂടെ അസുഖം എന്നെ ബാധിച്ചുകൊണ്ടിരുന്നു. ആസ്ത്രിയയിലും റോമിലും സ്വിറ്റ്സർലണ്ടിലുമായി തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ ഞാൻ നടത്തി. സ്വിറ്റ്സർലണ്ടിൽവച്ച് രണ്ടു വർഷക്കാലത്തേക്ക് ഒരു ക്ഷയരോഗാശുപത്രിയിൽ എനിക്കു കഴിച്ചുകൂട്ടേണ്ടതായി വന്നു. ഒരു കരളിനെ പറിയ സങ്കോചമായിരുന്നു അതിനു കാരണം. ഞങ്ങളുടെ ശ്രുപതയായ ഏർമ്ലാൻറിൽ വച്ചാണ് ഞാൻ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയതു്. ഞങ്ങളുടെ ഭദ്രാസന ദേവാലയത്തിൽവച്ച് ഞാൻ വൈദികനായി അഭിഷേചിക്കപ്പെട്ടകയും ചെയ്തു.

ആ ദേവാലയം പുരാതന ഗോഥിക് രീതിയിൽ ചെമപ്പൻ ഇഷ്ടികകൾകൊണ്ടു നിർമ്മിതമായിട്ടുള്ള പൗരസ്ത്യജർമ്മൻ ദേവാലയങ്ങളുടെ ഒരുത്തമ മാതൃകയാണ്. പൊതുജനാരോഗ്യത്തിന് ഞാൻ വിഘാതമാണെന്ന് ആരോഗ്യവകുപ്പുദ്യോഗസ്ഥൻ പ്രഖ്യാപിച്ചതിന്റെ ഫലമായി സാധാരണ വൈദികവൃത്തികളിൽനിന്നും, അദ്ധ്യാപകവേലയിൽനിന്നും എനിക്കു മാറി നില്ക്കേണ്ടി വന്നു. ഞങ്ങളുടെ മെത്രാനായ മാക്സിമില്ലിയൻ കല്ലർ എന്നെ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് 'ഗെസ്റ്റാപ്പൊ'* യുമായി ഉണ്ടായ ചില അസ്വസ്ഥതകൾ ഈ ജോലിക്കു വിരാമമിട്ടു. അതോടെ ബിരുദാനന്തര പഠനത്തിനായി ബ്രസ്സോ സർവ്വകലാശാലയിലേക്ക് ഞാൻ അയയ്ക്കപ്പെടുകയും ചെയ്തു.

കൂദാശകളെ സംബന്ധിച്ചുള്ള വി. ജോൺ ക്രിസോസ്തോമിന്റെ ദൈവശാസ്ത്രത്തെ ആധാരമാക്കി രണ്ടു പ്രബന്ധങ്ങൾ രചിച്ചു് പൂർത്തിയാക്കിയശേഷം എന്റെ ആദ്യ ഇടവകദേവാലയത്തിൽ ഞാൻ വന്നു ചേർന്നിരിക്കയാണ്. എന്റെ വൈദിക ജീവിതത്തിന്റെ ആദ്യത്തെ ഏഴുവർഷം (വാസ്തവത്തിൽ ഈ വർഷങ്ങൾ വളരെ വിഷമമേറിയതായിരുന്നു.) കൊണ്ടു് പഠിച്ച കാര്യങ്ങൾ പ്രവൃത്തിപരമാക്കാനുള്ള കാലം. വള

---

* ഗെസ്റ്റാപ്പോ: ജർമ്മൻ രഹസ്യപ്പോലീസ്

രെ നാമം കടിഞ്ഞാണിട്ട നിവൃത്തിയിരുന്ന ഒരാഗ്രഹമായിരുന്നു അതു്.

ഈ ഉദ്യോഗലബ്ധി എനിക്കു് വളരെയേറെ സംതൃപ്തി നല്കി. ആശ്വാസകരവും അതേ സമയം പേടിപ്പെടുത്തുന്നതുമായ ഒരു സംതൃപ്തി. ഞാൻ ഒരന്ത്യത്തെ സമീപിക്കയാണു്; പക്ഷേ അതു് ആ അന്ത്യത്തിന്റെ ആരംഭം മാത്രമാണു്. എന്നേ സംബന്ധിച്ചിടത്തോളം സൂസ്സെൻ ബർഗ്ഗ് ഒരാദർശലോകമായിരുന്നു.

ആദർശപരം തന്നെ; പക്ഷേ എല്ലാം കവിതനിറഞ്ഞതാണെന്നു് അതിനർത്ഥമില്ല. എന്റെ അമ്മൂമ്മ എന്നോടു പറഞ്ഞിട്ടില്ലാത്ത ചിലതെല്ലാം ഞാൻ സൂസ്സൻബർഗ്ഗിൽ കണ്ടു. ആ നാമം മധുരമാണു്; എന്നാൽ അതിന്റെ ചരിത്രത്തിലും യശസ്സിലും കയ്പുകലർന്നു ചിലതെല്ലാം ഉണ്ടായിരുന്നു. അവിടത്തെ കുതിരക്കച്ചവടക്കാരുടെ പ്രശസ്തി സത്യപാലനത്തിൽ എന്നതിനേക്കാൾ കള്ളത്തരത്തിലും വഞ്ചനയിലും ആണു്. കൃഷിസ്ഥലങ്ങൾ ആകട്ടെ വളരെ ചെറുതും കൃഷിയിറക്കുവാൻ ബുദ്ധിമുട്ടുള്ളവയും. ചുണ്ണാമ്പുമണ്ണുനിറഞ്ഞ ആ മലമ്പ്രദേശങ്ങളിൽനിന്നു നല്ല വിളവു് പ്രതീക്ഷിച്ചിട്ടാവശ്യമില്ല. അതിനും പുറമേ കൃഷിസ്ഥലങ്ങൾ എപ്പോഴും കൈമാറിക്കൊണ്ടുമിരുന്നു. അവിടത്തെ വൈദികസദനം (Rectory) പോലും കൈമാറ്റത്തിന്റെ കാര്യത്തിൽ ആ പാവപ്പെട്ട കൃഷിസ്ഥലങ്ങൾക്കു സദൃശമായിരുന്നു. സൂസ്സൻബർഗ്ഗിലെ ഇടവക വികാരിയാവുക എന്നതു് അഭികാമ്യമായ ഒന്നായി എന്റെ സഹപ്രവർത്തകരാരും ഒരിക്കലും കരുതിയിട്ടില്ല.

സുദീർഘമായ കത്തോലിക്കാപാരമ്പര്യമുള്ള ഒരു സ്ഥലമാണു് എർമ്ലാണ്ടു്. പ്രഷ്യയിലെ രാജാവായ ഫ്രെഡറിക്കു് ദ്വിതീയന്റെ കാലംവരെ, ഏതാണ്ടു് ഏഴു നൂറ്റാണ്ടു കാലത്തേക്കു് ആ രൂപതയെ ഭരിച്ചുകൊണ്ടിരുന്ന രാജകുടുംബാംഗങ്ങൾ കൂടിയായ മെത്രാന്മാരാണു് ആ പാരമ്പര്യം അവിടെ നട്ടതും വളർത്തിയെടുത്തതും. നവോത്ഥാനത്തിന്റെ കൊടുങ്കാറ്റുകൾ എല്ലാവശത്തുനിന്നും അതിന്മേൽ ആഞ്ഞടിച്ചു. എങ്കിലും പ്രോട്ടസ്റ്റന്റ് പ്രഷ്യയുടെ ഹൃദയത്തിലെ ഒരു കത്തോലിക്കാദ്വീപായി അതു് നിലകൊള്ളുക തന്നെ ചെയ്തു. ത്രികോണാകൃതിയിലുള്ള എർമ്ലാൻറിന്റെ കിടപ്പു് ബാൾട്ടിക് കടലിനു് അഭിമുഖമായാണു്. അതിന്റെ, ദൈർഘ്യം 85 മൈലോളം വരും. അതിന്റെ വീതി കടൽത്തീരത്തു് 15 മൈലോളവും, മസൂറ്യൻ തടാകത്തിനടുത്ത മലമ്പ്രദേശത്തു് 50 മൈലോളവുമാണു്. എർമ്ലാൻറുകാർ അവരുടെ അയൽവാസികളായ പരസ്യ പ്രഷ്യക്കാരെ "വിദേശികൾ" എന്നു വിളിക്കത്തക്കവണ്ണം അവരുടെ കത്തോലിക്കത്വം അത്ര സ്പഷ്ടവും വ്യതിരിക്തവുമായിരുന്നു. വീഥീചൈത്യങ്ങളും കുരിശുരിക്കുന്നുകളും നിറഞ്ഞ ഒരു ദേശമാണു് അതു്. അവരുടെ അന്നദിന ജീവിതം തിരുസ്സഭയുടെ ആഭിഷ്ടിക വത്സരവും, അതിന്റെ പ്രതീകങ്ങളും അടയാ

ളങ്ങളുമായി താദാത്മ്യം പ്രാപിച്ചു കഴിഞ്ഞിരുന്നു. ആരാധനക്രമത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതരീതി.

കൃത്യസമയത്തു് ഇടവകത്തിരുനാളിൽ ചെന്നു സംബന്ധിക്കുവാൻ എനിക്കു് അല്പം ധൃതി കൂട്ടേണ്ടതുണ്ടായിരുന്നു. പോരെങ്കിൽ അതു് എന്റെ ഉദ്ഘാടനദിനവുമായിരുന്നല്ലോ. ഇടവകക്കാർ എല്ലാം ഒരുക്കിയിട്ടുണ്ടായിരുന്നു. 600 വഷ്ത്തെ പഴക്കമുള്ള ആ ദേവാലയത്തിന്റെ പുറത്തായി ഒരു താല്കാലിക പൂജാപീഠം കാലത്തുതന്നെ അവർ തയ്യാർ ചെയ്തിട്ടുണ്ടു്. ഇടവകയുടെ മദ്ധ്യസ്ഥയായ പ. കന്യകയുടെ ഒരു സ്വരൂപം പുഷ്പവൃത്തങ്ങളുടെ നടുവിലായി അതിന്മേൽ സ്ഥാപിച്ചിരിക്കുന്നു. അയൽപ്പള്ളികളിൽനിന്നും വരുന്ന പ്രദക്ഷിണങ്ങളെ ആശീർവ്വദിക്കുവാനായി സൂര്യപ്പൊന്നും, കാപ്പയും, മൂക്കോൺ തൊപ്പിയുംധരിച്ചു്, വിശുദ്ധജലപ്പാത്രവും പിടിച്ചു് ദേവാലയത്തിന്റെ മുൻ വാതുക്കൽ ഞാൻ നിലയുറപ്പിച്ചു.

മൂന്നു മൈൽ തെക്കുമാറിയുള്ള സ്റ്റോൽഷാഗൻ, രണ്ടു മൈൽ വടക്കായുള്ള വെർനെഗിട്ടൺ, രണ്ടു മൈലോളം പടിഞ്ഞാറുഭാഗത്തായുള്ള റയിക്കൻബർഗ്ഗ് എന്നിവയാണു് സൂസ്സെൻബർഗ്ഗിനു ഏറ്റം അടുത്തുള്ള ഗ്രാമങ്ങൾ. ഞങ്ങളുടെ തിരുനാളിൽ പങ്കുകൊള്ളുവാൻ പ്രസ്തുത ഗ്രാമങ്ങളിൽനിന്നു് ആ ജനത വന്ന വഴികൾ ആ ഗ്രാമങ്ങളുടെ പേരിലല്ല അറിയപ്പെട്ടിരുന്നതു്; സമീപസ്ഥ ദേവാലയങ്ങളുടെ മദ്ധ്യസ്ഥന്മാരുടെ നാമത്തിലത്രേ. സെൻറ് ലോറൻസു് റോഡു്, സെൻറ് മാർഗരറ്റ് റോഡു്, സെൻറ് റോക്കു് റോഡു് എന്നിവയാണു് അവ.

ഒന്നിനുപുറകേ മറെറാന്നായി ആ മൂന്നു പ്രദക്ഷിണങ്ങളും സമയത്തിനുതന്നെ ദിവ്യബലിയ്ക്കുണഞ്ഞു. ഓരോ പ്രദക്ഷിണവും നയിച്ചിരുന്നതു് ക്രൂശിതരൂപമേന്തിയ ഒരു ബാലനായിരുന്നു; വളരെ നീളമുള്ള ഒരു കൊടിക്കാലിൽ ഉറപ്പിച്ചിരിക്കുന്ന ഒരു കുരിശുരൂപം. കൊടിക്കൂറകളേന്തുന്ന ബാലന്മാർ അതിനു് അകമ്പടിനിന്നിരുന്നു. അവരുടെ പുറകിലായി ബാൻറ്സെറ്. ജർമ്മൻകാരിൽ മാത്രം കാണാവുള്ള കുറവറ കർത്തവ്യ ബോധത്തോടെ അവർ സങ്കീർത്തനങ്ങൾ ആലപിക്കയാണു്. അല്പം അകലെയായി പള്ളിക്കൈക്കാരന്മാർ വാദ്യസമൂഹത്തെ അനുയാനം ചെയ്യുകൊണ്ടിരുന്നു. തങ്ങൾ ചെയ്യു തിരുനാൾ സംഭാവനയുടെ പ്രതീകമായ ഓരോ വലിയ നേർച്ചത്തിരിയും അവർ വഹിക്കുന്നുണ്ടു്. അവരുടെ പുറകിലായി കുട്ടികളും, സൈന്യസേവനത്തിനടിപ്പെട്ടിട്ടില്ലാത്ത ഏതാനും ചെറുപ്പക്കാരും. മനോഹരമായ തുന്നൽപ്പണികളോടുകൂടിയ ബ്ളൗസും പാവാടയും ധരിച്ച ബാലികമാരും, കുറെ പുരുഷന്മാരും, മറെറല്ലാ ഗ്രൂപ്പുകളെയുംകാൾ കൂടുതലായി സ്ത്രീജനങ്ങളും നീങ്ങിക്കൊണ്ടിരുന്നു. ഓരോ പ്രദക്ഷിണത്തിന്റേയും ഏറ്റവും അവസാനഭാഗത്തായി ആ പള്ളിയുടെ വികാരിയും.

അവർ ദേവാലയത്തിന്റെ പുരോഭാഗത്തുകൂടി കടന്നു പോയപ്പോൾ ഞാൻ അവരെ വിശുദ്ധജലം തളിച്ച് ആശീർവ്വദിച്ചു. കടന്നു പോകുന്ന ഓരോ വികാരിയച്ചനേയും, ക്രിസ്തുവിന്റെ സമാധാനാലിംഗനം കൊണ്ട് അഭിവാദനം ചെയ്തും, തിരുശേഷിപ്പുകൾ നിറച്ച പേടകം ചുംബിക്കാൻ കൊടുക്കുകയും ചെയ്തു. അനന്തരം ഞങ്ങളും അവരോടു ചേരുകയും ദേവാലയത്തിനു ഒരു പ്രദക്ഷിണം വച്ചുശേഷം 'രാജകന്യകെ' ആലപിച്ചുകൊണ്ട് ദേവാലയത്തിലേക്ക് പ്രവേശിക്കയും ചെയ്തു. ദേവാലയത്തിൽ ജനങ്ങൾ ഇരുന്നാശ്വസിച്ചു. അത്തരം തിരുനാളുകളിലും ഉയിർപ്പുതിരുനാളുകളിലും പതിവുള്ളതുപോലെ ഞങ്ങൾ വൈദികർ പാപസങ്കീർത്തനം കേൾക്കുവാൻ തുടങ്ങി.

ദേവാലയത്തിനു പുറത്തു് തുറന്ന അന്തരീക്ഷത്തിൽ നടത്താവുള്ള ദിവ്യബലിയിൽ ആ നാലു ഇടവകകളിലേയും ജനങ്ങൾ പങ്കെടുത്തു. പുൽത്തകിടികളിലും അവയ്ക്ക് അരികു പിടിപ്പിച്ചിരിക്കുന്ന മാപ്പിളമരങ്ങളുടെ ഇടയ്ക്കുമായിട്ടാണ് വിശ്വാസികൾ മുട്ടുകുത്തുകയും ഇരിക്കുകയും മറ്റും ചെയ്തതു്. 35 കൊല്ലക്കാലം വെർനെഗിട്ടൻ ഇടവകയിൽ വികാരിയായിരുന്ന ടെസ്സ്ക്കർ വല്യച്ചനാണ് അന്നു് തിരുനാൾ പ്രസംഗം നടത്തിയതു്. പള്ളിചുറ്റി നടത്തിയ അന്നത്തെ അവസാനത്തെ പ്രദക്ഷിണത്തിൽ ദിവ്യകാരുണ്യനാഥനെ സംവഹിക്കുവാനും, അവസാന ആശീർവ്വാദം നൽകുവാനുമുള്ള അവകാശം എന്റേതായിരുന്നു.

ഞങ്ങൾ വൈദികർ നാലുപേരും തിരുനാൾ വിരുന്നിനായി വൈദികഗൃഹത്തിലേക്കു പോയി. സൂസ്സെൻബർഗ്ഗ്, അയൽപ്പട്ടണങ്ങളേക്കാൾ ഒട്ടും പുറകിലല്ലെന്നു മാത്രമല്ല, അല്പം മെച്ചമാണെന്നുകൂടി സൂചിപ്പിക്കത്തക്ക ഒരു വെല്ലുവിളിയുടെ ഭാവത്തിലാണ്, ഞങ്ങളുടെ തറവാട്ടിലെ വൃദ്ധകന്യകയായ ബെർത്ത പോഷ്മാൻ പക്ഷികളെ കൊണ്ടുവന്നതും അവസരത്തിനു യോജിച്ചതെല്ലാം ഒരുക്കിയതും.

കുട്ടിത്തരക്കാരെ കാണുമ്പോൾ പഴമക്കാർ നടത്താവുള്ള കളിയാക്കലും, മറ്റു പതിവുകളും മാറ്റി നടന്നു.

എന്റെ അനുഭവജ്ഞാനരാഹിത്യം, സെൻറ് ക്രിസോസ്റ്റോമിന്റെ ശ്രീകൃസ്തമതങ്ങളെപ്പറ്റി കൂടുതൽ പഠിക്കുവാനുള്ള എന്റെ അഭിനിവേശം, ആരംഭക്കാർക്കു സാധാരണയുണ്ടാകാവുള്ള പ്രവർത്തന വ്യഗ്രത, എന്നിവയെല്ലാം സാമാന്യസാഹചര്യങ്ങളിൽപോലും ഈ പഴമക്കാരുടെ കളിവിനോദനത്തിനു വിഷയമാകുമായിരുന്നു. ഞാൻ ഗ്രാമർ സ്കൂളിൽ പഠിക്കുന്നകാലത്തു് ഇവരിൽ ഏറ്റവും ചെറുപ്പക്കാരൻകൂടി ആത്മപരിപാലനത്തിൽ ഉദ്ദ്യുക്തനായിരുന്നതാണ്.

എന്നാൽ ഇതു് സാമാന്യകാലമല്ല. ആ കളിയാക്കൽ പോലും മുഴുവൻ സ്വാഭാവികമായിരുന്നില്ല. അകസ്മികമെന്നു കാണപ്പെട്ടിരുന്ന

ആ അന്തരീക്ഷത്തിൽപ്പോലും ഏതോ ഒരു അസ്വാഭാവികതയും സംഘർഷവും കൂടിയിരുന്നിരുന്നു. നാസ്സി പാർട്ടിയും ഗെസ്റ്റാപ്പോയും സൃഷ്ടിച്ച പീഡനങ്ങളിലൂടെ വളരെക്കൊല്ലങ്ങൾ കടന്നു പോന്നിട്ടുള്ളവരാണീ വൈദികർ. ഇപ്പോൾ ഈ ബുദ്ധിമുട്ടുകൾ അവസാനിക്കുമെന്നു് ആശിക്കുന്നുണ്ടെങ്കിലും, ക്രൂരതയും അക്രമങ്ങളും നിറഞ്ഞ റഷ്യൻ ആധിപത്യം വിദൂരമല്ല എന്നുകൂടി അവർ അറിഞ്ഞിരുന്നു.

തങ്ങളുടെ സഹവൈദികരിൽ ചിലരെ ഗെസ്റ്റാപ്പോ പിടിച്ചുകൊണ്ടുപോയി അടിമവേലക്കാരുടെ സേവകരാക്കി, അല്ലെങ്കിൽ പ്രസംഗപീഠം 'ഉരുപയോഗി'ച്ചതിന്റെ ശിക്ഷയായി ചിലർ അപ്രത്യക്ഷരായി എന്നിങ്ങനെയുള്ള പേടിപ്പെടുത്തുന്ന വാർത്തകളാണു് ഓരോ പ്രഭാതത്തിലും അവരെ വിളിച്ചുണർത്തിയിരുന്നതു്. ഇവ വളരെ സാധാരണമായിരുന്നു. വേദപാഠക്ലാസുകൾ നടത്തുന്നതിൽ ഉറച്ചു നിന്നതിന്റെ ഫലമായി അയൽപ്പള്ളിയായ ഫ്രോയിഡൻബെർഗിലെ വികാരി ബാർട്ടെൻസ്റ്റെയിൽ കാരാഗൃഹത്തിലടക്കപ്പെട്ട കാര്യം അവക്കറിവുണ്ടു്. അതേ ജയിലിൽത്തന്നെ എന്റെ മൻഗാമി അട്ടോഹത്തിന്റെ വിസ്താരം പ്രതീക്ഷിച്ചു കിടക്കയാണു്.

അവരെല്ലാംതന്നെ സാമാന്യവൈദികരാണു്. 'വീരപരാക്രമം' എന്ന വാക്കു് അവരെക്കുറിച്ചു് പ്രയോഗിച്ചിരുന്നുവെങ്കിൽ അവർ അതേപ്പറ്റി കൈകൊട്ടി ചിരിക്കുമായിരുന്നു. നാസിഭരണം അവശേഷിപ്പിച്ച എന്റെ ശുപതക്കാരായ 350 വൈദികരിൽ ഒരുത്തൻപോലും റഷ്യൻ പട്ടാളത്തിന്റെ മുമ്പിൽനിന്നും ഓടി രക്ഷപ്പെടുവാൻ കൂട്ടാക്കിയില്ല. മാത്രമല്ല 125–ഓളം വൈദികർ തങ്ങളുടെ വിശ്വസ്തതയ്ക്കുവേണ്ടി ജീവൻ ബലികൊടുക്കുകയും ചെയ്തിട്ടുണ്ടു്.

വർഷങ്ങൾക്കപ്പുറമുള്ള ആ ദിവസങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ സൂസ്സെൻബർഗ്ഗിലെ ഈ ഉദ്ഘാടനദിനം ഒരുതരം സ്വപ്നമായിട്ടാണു് എനിക്കു തോന്നുക. ആ ദുരിതഷ്ടങ്ങളൊക്കെ ചുറവപാട്ടം നടക്കുകൊണ്ടിരിക്കെത്തന്നെ അതു് ഇവിടെ എങ്ങും സംഭവിക്കയില്ല എന്ന കാല്പനിക മനോഭാവമാണു് ഞങ്ങൾ പുലർത്തിക്കൊണ്ടിരുന്നതെന്നു വിശ്വസിക്കാൻതന്നെ പ്രയാസം തോന്നുന്നു. ഞങ്ങൾ സ്വപ്നദർശകരായിരുന്നില്ല തീർച്ച; മറിച്ചു് പ്രായോഗിക ബുദ്ധികളും സത്യബോധമുള്ളവരുമാണു്. എന്നിരിക്കിലും ഏഴു നൂറ്റാണ്ടു പഴക്കമുള്ള ആ എർമ്ലാണ്ടു് ചാരസ്ത്രീയുടെ ചാലിലൂടെത്തന്നെയാണു് ഞങ്ങൾ ചലിച്ചുകൊണ്ടിരുന്നതു്. ഈ എർമ്ലാണ്ടു് വഴക്കങ്ങളാണു് യഥാർത്ഥങ്ങളെന്നും, ഉണർന്നെഴുന്നേല്ക്കുമ്പോൾ അപ്രത്യക്ഷമാകുന്ന പേടിസ്വപ്നങ്ങൾ മാത്രമാണു് ചുറവം നടക്കുന്ന യഥാർത്ഥ വസ്തുതകളെന്നും ഞങ്ങൾ വിശ്വസിച്ചതുപോലെ തോന്നി.

ഈ സത്യബോധവും ഭാവിഷ്യദാപത്തുകളെപ്പറ്റിയുള്ള ജാഗ്രതയും

തികച്ചും ആകസ്മികമായ ഞങ്ങളുടെ സംഭാഷണത്തിൽപോലും പല പ്രാവശ്യം മുഖംകാണിച്ചു. ഞാൻ വളരെ വിലമതിച്ചിരുന്ന ക്രിസോസ്തോമിന്റെ ഗ്രന്ഥസഞ്ചയം കാണിച്ചുകൊടുത്തപ്പോൾ, ആ വൃദ്ധപുരോഹിതരിൽ ഒരാൾ വളരെ കാര്യമായിട്ടെന്നപോലെ അതിന്റെ ഏട്ടുകൾ മറിച്ചുനോക്കിയിട്ട് ഇങ്ങനെ അഭിപ്രായപ്പെട്ടു: "റഷ്യക്കാർ ഗ്രീക്കു ഭാഷ മുഴുവൻ മറന്നിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു." കൈയ്യെഴുത്തുപ്രതികളുടെ മുഴുപ്പ് കണ്ടപ്പോളുണ്ടായ അഭിപ്രായം ഇതാണ്: "സൈബീരിയായിൽ കടലാസിനു് ക്ഷാമമാണെന്നാണു് അവർ എന്നോടുപറഞ്ഞതു്." പണിതീർന്നിട്ടില്ലാത്ത എന്റെ പുസ്തക അലമാരകൾ കാണിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: ഇനി ഞാൻ തന്നെ ആശാരിപ്പണി ചെയ്യേണ്ടതായിട്ടാണു് ഇരിക്കുന്നതു്. പണിപകുതിയായപ്പോഴേക്കു് ആ ജർമ്മൻകാരൻ വൃദ്ധൻ ഒരു കിംവദന്തി കേട്ടു: "റഷ്യക്കാർ വരുന്നു." അതോടെ തങ്ങളുടെ സ്വദേശമായ ബെർലിനിൽ ആയിരിക്കും ബോംബുപകടത്തിൽ താൻ കൂടുതൽ സുരക്ഷിതനായിരിക്കുക എന്നു പറഞ്ഞു് അവൻ സ്ഥലം വിട്ടു. ഇതിനു് എനിക്കു കിട്ടിയ ആശ്വാസവചനം "ആ ജർമ്മൻകാർ ആണു് ഈ എർമ്മിനാൻവകാരേക്കാൾ സമർത്ഥന്മാർ" എന്നതാണു്. എന്റെ സന്ദർശകരിൽ ഒരാൾ അല്പം വിളർച്ചയോടെ എന്റെ ടൈപ്പ്റൈറ്ററിൽ നോക്കിയിട്ടു് പറഞ്ഞു "ഇതു് നമ്മുടെ നാടിന്റെ ഒരു പുതിയ ശത്രുവല്ലെന്നു് ഞാൻ വിചാരിക്കുന്നു."

ഞാൻ മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്നുവെന്ന കാര്യം ഈ വൃദ്ധവൈദികർക്കു് അറിയാമെന്നതിന്റെ ഒരു സൂചനമാത്രമായിരുന്നു ഈ അവസാനത്തെ അഭിപ്രായം. കോനിഗ്സ്ബർഗ്ഗിൽവച്ചു്, ഗിബെൽസ്സു് നടത്തിയ നിശിതവും അവിനീതവുമായ ഒരു പ്രസംഗത്തെ തുടർന്നു് സ്വീകരിച്ച മതവിരുദ്ധസമരപരിപാടികളെ മെത്രാനച്ചൻ ധീരതയോടെ എതിർത്തുകൊണ്ടിരുന്ന കാലത്താണു് ഞാൻ ആ ജോലി നോക്കിയിരുന്നതു്. മാപ്പ്രാപ്പാമാരുടേയും മെത്രാന്മാരുടേയും നിർദ്ദേശങ്ങൾ അടിച്ചു് വിതരണം ചെയ്യുക, രാഷ്ട്രനിയമങ്ങളെ അവഗണിച്ചു് ബിഷപ്പു് കല്പ്പന തുടർച്ചയായി പുറപ്പെടുവിച്ചുകൊണ്ടിരുന്ന ഉപദേശങ്ങൾ പള്ളികളിൽ എത്തിച്ചു കൊടുക്കുക എന്നിതെല്ലാം എന്റെ ഉദ്യോഗപരിധിയിൽ പെട്ടിരുന്നു. പ്രസ്തുത സന്ദേശങ്ങളുടെ സ്റ്റെൻസിൽ കോപ്പികൾ തയ്യാർ ചെയ്തശേഷം, വളരെ വിഷമം പിടിച്ചതും 500 മൈലോളം ദീർഘമുള്ളതുമായ മാർഗ്ഗത്തിൽ അവിടവിടെയായി നിലയുറപ്പിച്ചിരിക്കുന്ന വിശ്വസ്തരായ അവൈദികരെ എല്പ്പിക്കുകയാണു് ഞാൻ ചെയ്തിരുന്നതു്. നിശ്ചിത ഞായറാഴ്ച പരസ്യമായി വായിക്കുവാനുള്ള ഒരു ഇടയലേഖനത്തെപ്പറ്റി കമ്പ്യൂട്ടർ മുമ്പു് അതു് കൈയ്യിൽ കിട്ടും വരെ വികാരിയച്ചനുപോലും യാതൊരറിവും ഉണ്ടായിരിക്കയില്ല. ഈ പ്രവർത്തനപദ്ധതി ശൈസ്റ്റപ്പായുമായി പല സംഘട്ടനങ്ങൾക്കും എ

നിയ്ക്കിടനല്കി. മെത്രാനച്ചന്റെ അസാന്നിദ്ധ്യത്തിൽ, മെത്രാസനമന്ദിരത്തിന്മേൽ നടത്തിയ മിന്നലാക്രമണമായിരുന്നു അവയിൽ ഒന്നു്. ഒരുവക അസഹായതാബോധവും, ഭയവും സൃഷ്ടിക്കുവാൻ അതു പര്യാപ്തമായിരുന്നു. അതുകൊണ്ടും അവസാനിച്ചില്ല. ഏതാനും ദിവസങ്ങൾക്കുശേഷം മൂന്നുമണിക്കൂർ നീണ്ടു നിന്ന ഒരു വിസ്താരത്തിനു് ഞാൻ ഇരയായി. സ്റ്റെൻസിൽ അടിക്കാൻ ഉപയോഗിച്ച ടൈപ്പ്റൈറ്റർ കണ്ടുകെട്ടുമെന്ന ഭീഷണി ഉൾക്കൊള്ളുന്ന രേഖാമൂലമായ താക്കീതോടു കൂടിയാണു് ആ സംഭവം അവസാനിച്ചതു്. "നാടിന്റെ ശത്രുവാണതു്."

ഭക്ഷണം കഴിയുന്നതിനു മുമ്പായി ഞങ്ങൾ നാലുപേരും പരമ്പരാഗതമായുള്ള ആ തിരുനാളിനെപ്പറ്റിയും സംസാരിക്കയുണ്ടായി. 1944-ലെ ഈ വസന്തകാലത്തു് ഹിറ്റ്ലറിനും, ഹിമ്മ്ലറിനും, ഗീബ്ബെൽസിനും വേറെ കാര്യങ്ങളെക്കുറിച്ചു് പര്യാലോചിക്കുവാനുണ്ടായിരുന്നു. വളരെക്കാലമായി, സോവിയറ്റ് യൂണിയൻ ഞങ്ങളുടെ അതിർത്തികളിൽ കടിയിരിപ്പു തുടങ്ങിയിട്ടു്. ഞങ്ങൾ അതുമായി പരിചയപ്പെട്ടു കഴിഞ്ഞിരുന്നു. സ്വഭരണീയരുടെ ആത്മകാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടു് തങ്ങളുടെ ജീവിതം സഫലമാക്കുമെന്നു് ആ മൂന്നു വൈദികർക്കും ഉറപ്പുണ്ടായിരുന്നു. എന്റെ പഠനവും, ജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനവും എങ്ങിനെ ഒത്തിണക്കി കൊണ്ടു പോകും എന്നതിലായിരുന്നു എന്റെ ശ്രദ്ധ.

അതിഥികൾ മൂന്നു പേരും തങ്ങളുടെ ഭവനങ്ങളിലേക്കു് യാത്രയായപ്പോൾ ഏതോ ഒരു അത്ഭുതപ്രതീതിയുളവായി. ഫാദർ ടെസ്സ്ക്കനർ ബഹിർഭാഗത്തുള്ള പൂജാപീഠത്തിലേക്കും, അതിന്റെ മുൻ വശത്തുള്ള മൈതാനപ്രദേശത്തേയ്ക്കും ഒന്നു കണ്ണോടിച്ചു. സാധാരണഗതിയിൽ അവിടമെല്ലാം ഈ സായാഹ്നത്തിൽ സജീവമായിരിക്കേണ്ടതാണു്. ചുണക്കുട്ടന്മാരുടെ ഓടിക്കളിയും, നാണം കുണുങ്ങികളായ ബാലികമാരുടെ ലജ്ജാനാട്യങ്ങളും, യുവാക്കന്മാരുടെ സുന്ദരവേഷംകെട്ടലും, സ്ത്രീകളുടെ നിലയ്ക്കാത്ത സംസാരവും, മറവു തിരുനാളുകളെപ്പറ്റിയുള്ള പുകവലിക്കാരായ വൃദ്ധന്മാരുടെ അതിഭാഷണങ്ങളും മറ്റും ആ രംഗത്തെ ആകപ്പാടെ ശബ്ദായമാനവും തിക്കും തിരക്കുമുള്ളതും ആക്കുക പതിവായിരുന്നു. എന്നാൽ ഇന്നു് എല്ലാവരും തിരുകർമ്മങ്ങൾ കഴിഞ്ഞതോടെ വീട്ടിലേക്കു് പൊയ്ക്കഴിഞ്ഞിരിക്കുന്നു. ഫാദർ ടെസ്സ്ക്കനർ ആ ശൂന്യരംഗത്തേക്കു് നോക്കിക്കൊണ്ടു് പറഞ്ഞു "വേറൊരു ഇടവകത്തിരുനാൾ കാണുവാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു". പക്ഷേ ഈ ആശയം മനസ്സിൽ പ്രവേശിക്കുവാൻപോലും ഞങ്ങൾ സമ്മതിച്ചില്ല.

തുടർന്നുള്ള വാരങ്ങൾ കൊയ്ത്തുകാലമായിരുന്നു. ഞങ്ങളുടെ ജനങ്ങൾ വലിയ ജോലിത്തിരക്കിലായി. ഞാനും അങ്ങനെ തന്നെ. അതുകൊണ്ടു് കിംവദന്തികളെന്നല്ല, കാര്യപ്പെട്ട വാർത്തകൾ പോലും ഞങ്ങ

ളെ അലട്ടിയില്ല. ഒക്ടോബർ മാസത്തിൽതന്നെ റഷ്യക്കാർ പൂവ്വപ്രഷ്യയിലേക്കു് കടന്നിരുന്നു. അതുകൊണ്ടു് ഞങ്ങൾക്കെന്താണു്? ജീവിതം പതിവുപോലെ പൊയ്ക്കൊള്ളും. വയലുകളിൽ വിളവെടുപ്പു നടത്തിയില്ലെങ്കിൽ ശിശിരകാലത്തു് കന്നുകാലികളും, കുതിരകളും, പന്നികളുമെല്ലാം പട്ടിണികിടക്കേണ്ടി വരും. കലവറയിൽ ഉരുളക്കിഴങ്ങോ ധാന്യമോ കാണുകയില്ല. ഇതു് സംശയമറ്റ കഠിനനിയമമാണു്; ജീവിതത്തിന്റെ ഒഴിക്കാനാവാത്ത പോക്കാണിതു്. അപരിചിതരുടെ സാന്നിദ്ധ്യാസാന്നിദ്ധ്യങ്ങൾ കൃഷിനാശമോ, മോശമായ കാലാവസ്ഥയോ മറ്റൊരു പോലെ ആകസ്മികങ്ങൾ മാത്രമാണു്. അതെല്ലാം വന്നുകൂടിയതു പോലെ സ്വീകരിക്കയേ നിവ്വാഹമുള്ളൂ.

അടുത്ത പരിപാടി അവിടെ ശേഷിച്ചിരുന്ന മനുഷ്യശക്തി മുഴുവനും ഹോംഗാർഡിൽ ചേർന്നു് സേവനമനുഷ്ഠിക്കുവാൻ ആഹ്വാനം ചെയ്യപ്പെടുക എന്നതായിരുന്നു. പുരുഷന്മാരും കുട്ടികളും ചുറ്റുപാടുള്ള മലമ്പ്രദേശങ്ങളിൽ ട്രാങ്കുകൾ കുഴിക്കുന്നതിൽ നിയുക്തരായി. പൂവ്വപ്രഷ്യയുടെ അത്യാശനിറഞ്ഞ നേതാവായ എരിക്കോച്ചിന്റെ പ്ലാൻ, ഹിറ്റ്ലറെപോലുംമറികടന്നു" പേരെടുക്കണം എന്നതായിരുന്നു. തങ്ങളുടെ വയലുകളിലേക്കുതിരിച്ചുപോകുവാൻ ആളുകൾ നിബ്ബന്ധം കാണിച്ചപ്പോൾ, തോക്കു ചൂണ്ടിഅവരെ ആ ജോലിയിൽത്തന്നെ പിടിച്ചുനിറുത്തുവാൻ പറ്റിയ കുറെ നാസിമുട്ടാളന്മാരെ അയാൾ ഇറക്കുമതിചെയ്തു.

വയലിലെ പണി മുഴുവൻ നടത്തിയിരുന്നതു് സ്ത്രീകളും, ജയിൽവാസികളായ വേലക്കാരും, അഭയാർത്ഥികളും, ബോംബ്വീണു് നശിച്ച പട്ടണങ്ങളിൽ നിന്നു കുടിപാർപ്പുമാറ്റിയിരുന്നവരും ആണു്. അക്കൂട്ടത്തിൽ ഫ്രാൻസുകാരും, പോളൻഡുകാരും, ഇറ്റലിക്കാരും, വെള്ളറഷ്യക്കാരും, ലിത്വാനിയക്കാരും, യൂക്രേനിക്കാരും ഉണ്ടായിരുന്നു. അവരിൽ അധികംപേരും തങ്ങൾക്കേൽപ്പിക്കപ്പെട്ട വയലുകളിൽ സചകുടുംബാംഗങ്ങളെപ്പോലെ പറ്റിക്കൂടി. അതേസമയം കഠിനഹൃദയരായ യജമാനന്മാക്കിടപ്പെട്ട അടിമകളെപ്പോലെ കഷ്ടപ്പെട്ടവരും ചുരുക്കമല്ല. തങ്ങളുടെ വീട്ടുകളിൽ പാർക്കുന്ന ആ അപരിചിതരോടു കാണിക്കേണ്ട സാഹോദര്യത്തെപ്പറ്റി ഞായറാഴ്ചതോറും അവരോടു ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നു.

ആരാധനാവർഷത്തിന്റെ ആരംഭമായ ആഗമനകാലം വന്നു. ആരാധനാക്രമത്തിൽനിന്നു് എനിക്കുവേണ്ട പ്രമാണവാക്യങ്ങളും ലഭിച്ചുകൊണ്ടിരുന്നു. ഒന്നാം ഞായറാഴ്ച ദിവ്യബലിയിൽ ഞങ്ങൾ പ്രാർത്ഥിച്ചു: "അവിടുത്തെ സംരക്ഷണയാൽ ഞങ്ങളുടെ പാപങ്ങളാകുന്ന ഭീകരാപത്തുകളിൽനിന്നും ഞങ്ങൾ രക്ഷിതരാകട്ടെ!" രണ്ടാംഞായറാഴ്ചയുടെ ലേഖനം റോമാക്കാർക്കുള്ള വി. പൗലോസിന്റെ ലേഖനത്തിൽനിന്നുള്ളതായിരുന്നു. "മിശിഹായെപ്പോലെ നിങ്ങൾതമ്മിൽ ഒരേരുചി മനസ്സുണ്ടാകേ

ണ്ടതിനു വേണ്ട അനുഗ്രഹം ക്ഷമയുടെയും ആശ്വാസത്തിന്റെയും ദൈവം നിങ്ങൾക്കു തരുമാറാകട്ടെ. ക്രിസ്തുതന്നെയും നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങളും പരസ്പരം സ്വീകരിക്കുവിൻ."

ഞങ്ങൾ സന്തോഷത്തോടെ ക്രിസ്മസ് ഘോഷിച്ചു. ഈ 'ആഗമനം' വേറൊരു വരവിനുള്ള ഒരുക്കമാണെന്ന ചിന്ത ഞങ്ങളുടെ ഭീതിയെല്ലാം മാറ്റിക്കളഞ്ഞു. അതു് സൗഭാഗ്യംനിറഞ്ഞ ഒരു ഒഴിവുകാലമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം; ഒരു കൂട്ടംബക്രിസ്മസ്ക്കാലം! എന്റെ സഹോദരി ഇറംഗാർഡ് വീട്ടുകാര്യവിചാരിപ്പുകാരിയായി നവംബറിൽതന്നെ വന്നിട്ടുണ്ടായിരുന്നു. സാമൂഹ്യസേവനത്തിൽ നിന്നു് അവളെ അകറ്റിനിറുത്തിയ ഒരു രോഗത്തിൽനിന്നു് വിമുക്തിപ്രാപിച്ചുകൊണ്ടിരിക്കയായിരുന്നു അവൾ. കോനിസ് ബെർഗിൽ അവളുടെ സംരക്ഷണയിലിരുന്ന ഒരു അനാഥക്കുഞ്ഞിനെ—റെനാഥയെ—കൂടെ കൊണ്ടുവരുമെന്നുള്ള വ്യവസ്ഥയിന്മേലാണു് അവൾ വീട്ടിലേക്കു് വന്നതു്. മാസത്തിൽ പല ദിവസങ്ങൾ കോനിസ് ബർഗ്ഗിലേക്കു് തിരിച്ചുപോകണമെന്നും അവിടെ ബോംബാക്രമണത്തിൽ പെട്ട കുട്ടികൾക്കായി അവൾ സ്ഥാപിച്ച ഒരു താല്ക്കാലിക ഭവനത്തിൽച്ചെന്നു് കാര്യങ്ങൾ അന്വേഷിക്കണമെന്നും ആയിരുന്നു വേറൊരു വ്യവസ്ഥ.

അങ്ങനെയിരിക്കെ അമ്മയും എന്നെ സന്ദർശിച്ചു. എനിക്കു് ഒരിക്കൽ കൈവരുമെന്നു് അമ്മ പലപ്പോഴും സ്വപ്നം കണ്ടിട്ടുള്ള എന്റെ പഠനമുറിയിൽതന്നെ കണ്ണു നട്ടുകൊണ്ടു് അമ്മ വളരെനേരം കഴിച്ചുകൂട്ടി. അതു് അമ്മയെ വളരെ സന്തോഷിപ്പിക്കയും ചെയ്തു. പഠനമുറിയിലെ മനോഹരമായ ആ പരവതാനിയുണ്ടാക്കുവാൻ അമ്മയ്ക്കു് 6 വർഷം വേണ്ടിവന്നു. ബെർലിനിലെ "കൈസർ ഫ്രെഡ്രിക്ക്—കാഴ്ചബംഗ്ലാവി"ൽ തൂക്കിയിട്ടിരിക്കുന്ന ഒരു വിരിപ്പിന്റെ മാതൃകയിലാണു് അതു് നിർമ്മിതമായിരിക്കുന്നതു്. കസേരകളും മൂലയിലെ ബഞ്ചും അലങ്കരിച്ചിരിക്കുന്നതു് എന്റെ സഹോദരിയുടെ നെയ്ത്തുവേലയും തുന്നൽപ്പണിയുംകൊണ്ടാണു്. മരംകൊണ്ടുള്ള പുസ്തകഅലമാരികൾ തിക്കിതിരക്കി വച്ചിരിക്കുന്നതിനിടയ്ക്കു് അല്പം ഒഴിഞ്ഞസ്ഥലം കണ്ടുപിടിച്ചു് ഞാൻ ഒരു ചെറിയ അലംത്താര ഉണ്ടാക്കി. അതിന്മേൽ ഒരു ചെറിയ ക്രിസ്മസ്ക്രിബ്ബ് സ്ഥാപിച്ചു. തേനീച്ചമെഴുകുകൊണ്ടു് ഇറംഗാർഡ് നിർമ്മിച്ചതായിരുന്നു അതു്. ക്രിബ്ബിന്റെ പുറകിലായി ഒരു മരത്തട്ടം സ്ഥാപിച്ചിരുന്നു. ഒരു സൈനികൻകൂടിയായ എന്റെ പിതൃവ്യപുത്രൻ ഹാർഡ് ഫിലിപ്പ് കടഞ്ഞുണ്ടാക്കിയതാണു് അതു്. ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളുടെ ഒരു പ്രതീകമായിട്ടാണു് അതു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. ഡൂറെറിന്റെ 'അപ്പോസ്തോലന്മാർ' എന്ന ചിത്രത്തിന്റെ ഒരു പകർപ്പു് മുകളിൽ തൂക്കിയിട്ടിരുന്നു. ഇരുപാർശ്വങ്ങളിലും ഓരോ മുഴുത്ത മുള്ളൻകള്ളിയും വച്ചിരുന്നു. കാൾമേരിയുടെ അമേരിക്കൻ ഇൻഡ്യൻ കഥകൾ വായിച്ചതിന്റെ ഫ

ലമായി എന്റെ സഹോദരനായ ഹാൻസിൽ വളർന്നുവന്ന ഒരു ഹോബി യുടെ ഫലമാണു് ആ കള്ളിച്ചെടികൾ.

ഒരുവശത്തെ ഭിത്തിയിൽ റെംബ്രാൻറ് വരച്ച "കാരാഗൃഹത്തിലെ വി. പൗലോസ്" എന്ന ചിത്രത്തിന്റെ ഒരു പ്രതിയും മറുവശത്തെതിൽ കാർഡിനൽ ന്യൂമാന്റെ ഒരു ഛായാപടവും സ്ഥലംപിടിച്ചിരുന്നു. എ ന്നാൽ എന്റെ ഹൃദയത്തെ കവർന്ന ഏറ്റവും വിശിഷ്ടമായ കലാവസ്തു ബവേറിയൻ മാതൃകയിലുള്ള ഒരു പഴയ കുരിശുരൂപമാണു്.

അടുത്തു് ഒഴിഞ്ഞുകിടന്ന രണ്ടു വലിയ മുറികൾചൂണ്ടിക്കാണിച്ചു കൊണ്ടു് ഒരു ദിവസം ഉച്ചതിരിഞ്ഞു് അമ്മ പറഞ്ഞു. "ഇതു് എന്റെ ഒരു സ്വപ്നം മാത്രമായിരിക്കാം! പക്ഷേ, കുറെ കൊല്ലങ്ങൾക്കുശേഷം ഇവിടെ വന്നു നിന്റെകൂടെ താമസിക്കുന്നതിനേക്കാൾ ഇഷ്ടം വേറെ ഒന്നുണ്ടാകു മെന്നു തോന്നുന്നില്ല. എത്ര മനോഹരമായ പൂന്തോട്ടം! പള്ളിയാണെ ങ്കിൽ തൊട്ടടുത്തു്! ചുരുങ്ങിയതു് മൂന്നു മൈലെങ്കിലും നടന്നേ ഞാൻ ഇതുവരെ പള്ളിയിൽ പോയിട്ടുള്ളൂ." ഒരു ദീർഘശ്വാസം വിട്ടിട്ടു് അമ്മ തുടർന്നു "ഒരുവർഷംകൂടി ജീവിക്കുമെന്നു് എനിക്കു് ആശയില്ല"

പെട്ടെന്നു്, ഒരു കൂട്ടിസഞ്ചി നിറച്ചു് സമ്മാനങ്ങളുമായി ഓടിവന്നു് റെനാഥ പറഞ്ഞു "നോക്കിക്കേ! ഉണ്ണിക്കുത്താവു് ക്രിസ്മസ് പ്രമാണിച്ചു് കൊണ്ടുവന്നിരിക്കുന്നതു്!"

അവിടം വളരെ സന്തോഷത്തോടെ അതു് തുറന്നു് അതിലെ സാ ധനങ്ങളും മുഴുവൻ പുറത്തിട്ടു; ഉടുപ്പുവസ്ത്രങ്ങളും, കാലുറ, ഭക്ഷണം നിറച്ച ടിന്നുകളും മുതലായവ. പതിവുള്ള അത്ഭുത സന്തോഷങ്ങളോടെ ഞങ്ങളും അതു നോക്കിക്കണ്ടു. അതു് വാസ്തവത്തിൽ സൂചിപ്പിച്ചതിനെ ഓർത്തു് വിഷാദപ്പെടാതിരിപ്പാൻ ഞങ്ങൾ ശ്രമിച്ചു.

ഇറംഗാർഡു് പഴയ കർട്ടൻതുണികൊണ്ടു് ഇതുപോലെ പല കൂട്ടി സഞ്ചികളും ഉണ്ടാക്കുകയും, റഷ്യൻ ആക്രമണസമയത്തെ ഓടിരക്ഷപ്പെ ടലിനുവേണ്ടി സൂക്ഷിച്ചിരുന്ന വസ്ത്രങ്ങൾക്കൊണ്ടു് നിറക്കുകയും ചെയ്തിരുന്നു.

റെനാഥ പോയപ്പോൾ റഷ്യൻ ആക്രമണത്തിനെതിരായുള്ള പദ്ധ തികളെപ്പറ്റി ഞങ്ങൾ സംസാരിച്ചു. ജർമ്മനിയിലുള്ള ഞങ്ങളുടെ ചി ല ബന്ധുക്കൾക്കു് ചില ഭാണ്ഡക്കെട്ടുകളൊക്കെ അയച്ചു കൊടുത്തിരു ന്നു; ഓടി രക്ഷപ്പെടുമ്പോൾ സഹായിക്കാൻ വല്ലവരും വേണമല്ലൊ. എന്നാൽ പലായനത്തിന്റെ പ്രശ്നംതന്നെ അസ്ഥാനത്താണെന്നാണു് ഇ പ്പോൾ അമ്മയുടെ ബോദ്ധ്യം. 60–ാംവയസ്സിൽ അദ്ധ്യാപകജോലിയിൽ നിന്നു വിരമിക്കുന്ന അപ്പനെപ്പോലും പൊതുനിബ്ധിത സേവനത്തിൽ നിന്നു് അവർ ഒഴിവാക്കിയില്ല!

മാത്രമല്ല എന്റെ സഹോദരി ബ്രിജീത്ത ഏതാനും ആഴ്ചകൾക്കു ള്ളിലായി അവളുടെ ആദ്യശിശുവിനെ കാത്തിരിക്കയാണു്. ഇവരൊ

ക്കെ എങ്ങനെ ഓടിരക്ഷപ്പെട്ടും എന്നതിനെപ്പറ്റി അമ്മയ്ക്കൊരു രൂപവുമില്ല. ഇവരെക്കൂടാതെ പോവാൻ അമ്മയൊട്ട് ഒരുക്കവുമില്ല.

അമ്മയെ സംബന്ധിച്ചിടത്തോളം റഷ്യക്കാരിൽനിന്നും ഓടി രക്ഷപ്പെടുക എന്നതു് ഒരു പുതിയ അനുഭവമായിരുന്നില്ല. 1914–അവർ ഇപ്പോഴും ഓർക്കുന്നുണ്ടു്. അവരുടെ മൂന്നാമത്തെ കുഞ്ഞിനെ പ്രസവിച്ചു് പത്താം ദിവസം, അപ്പനെ സൈന്യത്തിൽ ചേർത്തതിന്റെ രണ്ടാംദിവസം, മൂത്തമകനായ എനിക്കു് രണ്ടരവയസ്സുള്ളപ്പോൾ, ഞങ്ങളെയെല്ലാം എടുത്തുകൊണ്ടു് പാഞ്ഞുവരുന്ന റഷ്യൻ സൈന്യത്തിന്റെ മുമ്പിൽനിന്നു് അമ്മയ്ക്കു് ഓടിപ്പോകേണ്ടിവന്നു. വേറെ 11 കുടുംബങ്ങളോടും ഒരാടിനോടും കൂടി 4 പകലും 5 രാവും ഒരു പെട്ടിവണ്ടിയിൽ ഞങ്ങൾക്കു കഴിച്ചുകൂട്ടേണ്ടിയിരുന്നു. ആ ഭീകരയാത്രയ്ക്കുശേഷം അമ്മയുടെ മുടി പെട്ടെന്നു നരയ്ക്കുവാൻതുടങ്ങി. എന്റെ കുഞ്ഞനുജനായ ഹ്യൂഗോ ആ യാത്രയുടെ ഫലമായി തീരെ ആരോഗ്യമില്ലാത്തവനായി കാണപ്പെട്ടു. വളരെക്കൊല്ലത്തേക്കു് അവനു് പ്രത്യേക ശുശ്രൂഷ ആവശ്യമായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ ജീവൻ വെടിയുവാനെന്നപോലെ ഒന്നാം ലോകയുദ്ധത്തിൽ അവൻ ജീവൻ രക്ഷിച്ചു!

എന്നാൽ ഈ ചിന്തകളോ, അവയൊക്കെ വീണ്ടും വന്നുകൂടും എന്ന വിചാരമോ ഞങ്ങളുടെ കൂടിക്കാഴ്ചയെ അലങ്കോലപ്പെടുത്തിയില്ല. അമ്മൂമ്മ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു പഴയ കളപ്പുരയിലേക്കു് ഞങ്ങളും പോയി. അമ്മാവൻ ഫ്രാൻസു്, അമ്മായിമാരായ എലിസബത്തു്, അന്ന എന്നീ എഴുപതുകാർ അമ്മയുമായി വളരെനേരം കഴിഞ്ഞ കാലങ്ങളെക്കുറിച്ചു് സംസാരിച്ചുകൊണ്ടിരുന്നു.

ആ ക്രിസ്മസ്സിന്റെ വേറൊരു പ്രത്യേകത, ഞങ്ങളുടെ ഇടയിലുണ്ടായിരുന്ന തടങ്കൽ പുള്ളികളും അഭയാർത്ഥികളുമായി കൂടുതൽ സമ്പർക്കം പുലർത്തുവാൻ സാധിച്ചുവെന്നതാണു്.

കാലൊടിഞ്ഞ 400–ഓളം കുതിരകളുമായി ഒരു സംഘം സൈനിക മൃഗഡോക്ടർമാർ ആയിടെ ആ ഗ്രാമത്തിൽ വന്നുചേർന്നു. 4–കോഴിപ്പിടകളെമാത്രം ഇട്ടിരുന്ന രണ്ടുവലിയ കളപ്പുരകളിലായി 45 കുതിരകളെ അവർ കെട്ടി. ഇതൊരു അസൗകര്യം എന്നതിനേക്കാൾ ഒരനുഗ്രഹമായിരുന്നു. എന്റെ തോട്ടത്തിനാവശ്യമായ വളം മുഴുവൻ അതുകൊണ്ടു കിട്ടി. കോഴികളും അതിൽനിന്നു് മുതലെടുത്തു. അവയുടെ തുവലുകളൊക്കെചെമന്നു. എനിക്കൊന്നും തന്നെ കിട്ടിയിരുന്നില്ലെങ്കിലും അവ കൂടുതൽ മുട്ട ഇട്ടുനൽകുമെന്നു് ഞാൻ അറിഞ്ഞിരുന്നു.

ഈ ജർമ്മൻ ഡോക്ടർമാർക്കു് സഹായികളായി ഒരു സംഘം ആളുകളുണ്ടായിരുന്നു. തോൽവിപറ്റിയ ഇറ്റാലിയൻ സൈന്യത്തിന്റെ അംഗങ്ങളാണു് അവർ. കൽത്തുറുങ്കിനേക്കാൾ ജർമ്മൻ സൈന്യവുമായി ഒത്തു പ്രവർത്തിക്കുവാനാണു് അവർ ഇഷ്ടപ്പെട്ടതു്. വളരെ മോശമായ

ഭക്ഷണ വസ്തുക്കളാണ് അവർക്കു ലഭിച്ചിരുന്നതു്. റോമിലെ എന്റെ പഠനകാലത്തു് ഞാൻ ഇറ്റാലിയൻഭാഷ വശമാക്കിയിട്ടുണ്ടെന്ന വസ്തുത അവരെ വളരെ സന്തോഷിപ്പിച്ചു; അവരുമായി സന്തോഷമായി കഴിഞ്ഞുകൂടുവാൻ എനിക്കിതുകൊണ്ടു സാധിച്ചു.

കഴിവിൽപ്പെട്ടതെല്ലാം എന്റെ ഇടവകയിൽപ്പെട്ട ഈ ഇറ്റലിക്കാക്കു് ചെയ്തുകൊടുക്കുവാൻ ഞാൻ നിശ്ചയിച്ചു. എന്റെ ഇടവകക്കാരും അതുതന്നെ ചെയ്യണമെന്നു" എനിക്കാഗ്രഹമുണ്ടായിരുന്നു. ക്രിസ്തുസ്സിന്റെ പിറന്നാൾദിവസം ഇവക്കുവേണ്ടി ഒരു പ്രത്യേക 'ദേവാലയത്തുശുശ്രൂഷ' നടത്തുവാൻ വേണ്ട അനുവാദം പട്ടാളമേധാവികളിൽനിന്നു് ഞാൻ സമ്പാദിച്ചിരുന്നു. ഞങ്ങളുടെ ഈ അതിഥികൾക്കുവേണ്ടി അപ്പവും മിഠായിയും മറ്റും സംഭാവന നല്കുവാൻ തലേ ഞായറാഴ്ച, ഞാൻ അപേക്ഷിച്ചിട്ടുണ്ടായിരുന്നു. പാതിരാക്കുർബാനയ്ക്കു് ഇടവകക്കാർ തിക്കിത്തിരക്കി വന്നുകൊണ്ടിരുന്നു. പക്ഷേ അവർ എന്റെ ആഹ്വാനത്തെ എങ്ങനെ പ്രാവർത്തികമാക്കും എന്നതിനെപ്പറ്റി എനിക്കാശങ്കയുണ്ടായിരുന്നു. പ്രസംഗസമയത്തു് ഞാൻ ഓർമ്മിപ്പിച്ചു: "ഉണ്ണിമിശിഹായുടെ തിരുനാൾ വെറും മനോഹര ചിന്തകളുടെ ഒരു തിരുനാളല്ല. വിശ്വാസത്തിന്റെയും വിശ്വാസപരമായ ജീവിതത്തിന്റേയും ഒരു ദിനമാണതു്. ഇറ്റലിക്കാരോടും പോളണ്ടുകാരോടും കൂടി ദിവ്യകാരുണ്യ സ്വീകരണത്തിന്നണയുന്നവൻ ഭക്ഷണശാലയിലും, ക്രിസ്മസ്ഡിന്നറിനും ഒരുമിച്ചിരിക്കുവാൻ തയ്യാറാവണം."

പിറന്നാൾദിവസം, ജർമ്മൻ ഉദ്യോഗസ്ഥന്മാരാൽ ആവൃതരായ ആ ഇറ്റലിക്കാർ സ്കൂൾവിട്ട കുട്ടികളെപ്പോലെ സന്തുഷ്ടരായി കാണപ്പെട്ട. ഇത്ര സംതൃപ്തിനിറഞ്ഞ ഒരു സമൂഹത്തെ സുസ്സെൻബർഗ്ഗിൽ വന്നതിൽപ്പിന്നെ ഞാൻ കണ്ടിട്ടില്ല. ദേവാലയത്തിൽ പ്രവേശിച്ചതോടെ എല്ലാവരും വളരെ ഏകാഗ്രത പാലിക്കയും, അവരുടെ മാതൃഭാഷയിൽ സ്വാഗതം ചെയ്യപ്പെട്ടപ്പോൾ വളരെ സന്തോഷം പ്രകടിപ്പിക്കയുംചെയ്തു.

ദിവ്യബലിക്കുമുമ്പായി ഞാൻ പീഠത്തിനു മുമ്പിൽ മുട്ടുകുത്തി. അനന്തരം തിരിഞ്ഞുനിന്നു്, അവരുടെ പ്രിയതമാരുടേയും കുടുംബത്തിന്റെയും നേർക്കു് അവരുടെ ശ്രദ്ധ തിരിച്ചുവിട്ടുകൊണ്ടു് പറഞ്ഞു "നിങ്ങൾ ദൈവവുമായി സമാധാനം പുനസ്ഥാപിക്കുന്ന ഇത്തരം ഒരവസരം ഉദയംകൊള്ളുവാൻവേണ്ടി വളരെ കാലമായി അവർ പ്രാർത്ഥിക്കയായിരുന്നിരിക്കണം. യുദ്ധത്തെ നിങ്ങൾ എപ്രകാരം വെറുക്കുന്നുവെന്നു് എനിക്കറിയാം. അതുകൊണ്ടു മാത്രമായില്ല. യുദ്ധകാരണമായ പാപത്തെയും നിങ്ങൾ വെറുക്കണം."

അവർ 65–പേരും പാപസങ്കീർത്തനത്തിനണഞ്ഞു.

ഈ സംഭവം എനിക്കു വളരെ ആനന്ദം നല്കി. എന്നാൽ ഇറംഗാർഡ്നെയോ, ഓർഗൻ വായിച്ചിരുന്ന ഉർസുലാ വെറിനെയോ സന്തോഷി

പ്പിക്കുവാൻ ഞാൻ ഒന്നും ചെയ്തില്ല. കുമ്പസാരം കഴിയുന്നതുവരെ, ഏതാണ്ട് ഒരു മണിക്കൂറിലധികം നേരം മരംകോച്ചുന്ന തണുപ്പത്തു് അവർക്കു് കാത്തുനില്ക്കേണ്ടിവന്നു.

ആ ദീർഘസമയത്തിനുശേഷം ഉർസുലായുടെ മരവിച്ച കൈവിരലുകളേറെ അ പഴയ ഓർഗൻ ശബ്ദം പുറപ്പെടുത്താൻ തുടങ്ങി. ആ സ്വരം ക്രമത്തിലേറെ ഉയർന്നതും ഒരു ചലമ്പൻധ്വനി കലർത്തുന്നതുമായിരുന്നു. ആ സ്വരത്തിനൊത്തു പാടുവാൻ സൂസെൻബർഗ്ഗു് ഇടവകക്കാരെപ്പോലെ ഈ ഇറവലിക്കാക്കും സാധിക്കുമോ എന്നു് എനിക്കു് സംശയമുണ്ടായിരുന്നു. ഉർസുലായുടെ കരങ്ങളുടെ മാർദ്ദവരാഹിത്യത്തിനു് സാധൂകരണമുണ്ടു്. ഒരു ഒത്തമനുഷ്യൻ ചെയ്യുന്ന കഠിനജോലി മുഴുവൻ വയലിൽ അവൾ ചെയ്യുമായിരുന്നു. എന്റെ ഏറ്റവും നല്ല ഇടവകക്കാരൻ കൂടിയായ അവളുടെ പിതാവിന്റെ വലത്തുകൈ ഒന്നാംലോകമഹായുദ്ധത്തിൽ നഷ്ടപ്പെട്ടു. അവളുടെ സഹോദരൻ രണ്ടാംലോകമഹായുദ്ധത്തിൽ മൃതിപ്പെടുകയും ചെയ്തു.

ഞങ്ങളുടെ ആ സംഘം, ഇറവലിക്കാക്കു സഹജമായ സംഗീതപ്രേമം കാണിച്ചു. മാത്രമല്ല ആ പ്രഭാതത്തിൽ പാടുന്നതിൽ അവർ ഉത്സുകരുമായിരുന്നു. ഏടയംതുറന്നു് അവർ പാടിക്കൊണ്ടിരുന്നു; ഓരോരുത്തനും തന്റെ രാഗമനുസരിച്ചു്. ഉർസുലായെ അവർ അധികമൊന്നും ശ്രദ്ധിച്ചിരുന്നില്ല. "കർത്താവു് നിങ്ങളോടുകൂടെ" എന്ന ആശംസയ്ക്കു് ഞാൻ തിരിഞ്ഞപ്പോൾ അവരുടെ മുഖങ്ങളിൽ ഒരു പ്രഭാപൂരം ദൃശ്യമായിരുന്നു. തീക്ഷ്ണതനിറഞ്ഞ ഒരു മനുഷ്യൻ "പവിത്രീകരണ"ത്തിനു മുമ്പുകിട്ടിയ രണ്ടു മൂന്നു മിനിട്ടു് മൗനസമയം വെറുതെ കളഞ്ഞില്ല. അയാൾ മണ്ഡപത്തിൽ കയറിനിന്നു് ഒരുമാതിരി കറകറാസ്വരത്തിൽ "ആവെ മരിയാ" തട്ടിവിട്ടു.

ഞങ്ങളുടെ ആളുകൾ സംഭരിച്ചിരുന്ന സാധനങ്ങൾ ദിവ്യബലിക്കുശേഷം വിതരണം ചെയ്തു. അക്കൂട്ടത്തിൽ ഒരു ചെറുമേശയുടെ വലിപ്പമുള്ള ഒരു സിലേഷ്യൻ കേക്കും ഉണ്ടായിരുന്നു. വളരെ പാവപ്പെട്ട ഒരു കൃഷീവലന്റെ സമ്മാനമായിരുന്നു അതു്. ആ "ആവെമരിയാ"ക്കാരനു് ഒരു കഷണം കൂടുതൽകൊടുക്കാൻ ഞാൻ വിട്ടുപോയില്ല.

എപ്പിഫനിയുടെ തലേന്നാൾ, 35-മൈലകലെയുള്ള ഞങ്ങളുടെ ഗ്രാമത്തിലേക്കു് അമ്മ തിരിച്ചുപോയി. ഞങ്ങൾ ഭയപ്പെട്ടിരുന്ന സംഭവങ്ങളൊന്നും വന്നുകൂടുകയില്ലെന്നു് വിശ്വസിക്കാൻ ഞാൻ ശ്രമിച്ചിരുന്നെങ്കിലും അമ്മയെ വീണ്ടും കാണുകയില്ലെന്നൊരു ചിന്ത എന്നെ അടിപ്പെടുത്തിയിരുന്നു.

I പതിനൊന്നാം മണിക്കൂർ

1945 ജനുവരി ആദ്യവാരങ്ങളിൽ എന്തെന്നില്ലാത്ത ഒരരക്ഷിതബോധവും ഭീതിനിറഞ്ഞ ഒരു സംഘർഷാവസ്ഥയും സൂസ്സെൻബർഗ്ഗിൽ നിഴൽ വീശി. ഇതുവരെയും, അപരിഹാര്യമായവയെല്ലാം സ്വീകരിക്കുക എന്ന ഗ്രാമീണ മനസ്ഥിതിയാണു് അവിടത്തുകാർ പുലർത്തിപ്പോന്നതു്. തങ്ങളുടെ പ്രിയതമന്മാരെയും, സ്നേഹജാതന്മാരേയും വിഴുങ്ങിക്കളയുകയും, പകരം അഭയാർത്ഥികളെയും, പരിത്യക്തരേയും തങ്ങളുടെ വയലുകളിൽ പണിയെടുക്കുവാൻ അയച്ചുകൊണ്ടിരിക്കയും ചെയ്യുന്ന ഭീകരയുദ്ധവുമായി ഇണങ്ങിപ്പോകുവാൻ അവർ പഠിച്ചുകഴിഞ്ഞിരുന്നു. റഷ്യൻ പാരച്യൂട്ടുകാരെ പിടിച്ചു കൊണ്ടുവന്നു് കൂന്തത്തിന്റെ മുനയിൽ നിർത്തി ഗ്രാമങ്ങളിലൂടെ കൊണ്ടുനടക്കുന്ന കാഴ്ചപോലും അവരെ പേടിപ്പെടുത്തുന്നില്ല. പക്ഷെ ഇപ്പോൾ കഥ മാറിയിരിക്കുന്നു. റഷ്യക്കാർ അതിർത്തി കടന്നിരിക്കുന്നു!

"റഷ്യക്കാർ മുന്നേറുന്നു" എന്ന വാക്കുകൾ മാത്രം മതി ഓരോരുത്തന്റെയും രക്തത്തെ മരവിപ്പിക്കുവാൻ. റഷ്യൻ വിപ്ലവത്തോടെ റഷ്യക്കാരുടെ ക്രൂരതയുടെ ഭീകരചിത്രങ്ങൾകൊണ്ടു് അവരുടെ മനസ്സു് നിറഞ്ഞിരുന്നു. വെറും രാഷ്ട്രീയകാരണങ്ങളുടെ പേരിൽ ലക്ഷക്കണക്കിനു സ്വജാതീയരെ ബോൾഷേവിക്കുകാർ പട്ടിണിയിട്ടു് കൊന്നിട്ടുണ്ടു്. ആയിരമായിരം ആളുകളെ വധിക്കയും അതിലുമധികം പേരെ സൈബേരിയൻ അടിമപ്പാളയങ്ങളിലിട്ടു് മരണത്തിന്നിരയാക്കയും ചെയ്തിട്ടുണ്ടു്. കൊള്ളയും കൊള്ളിവെയ്പും, ബലാൽസംഗവും വധവും അവരുടെ പട്ടാളത്തിന്റെ അനുദിന പരിപാടിയായിരുന്നു. റഷ്യൻ അധികാരത്തിനു കീഴ്പ്പെടുക എന്നതു് മരണത്തേക്കാൾ കഷ്ടമായിട്ടത്രെ അവർ കണക്കാക്കിയിരുന്നതു്.

റഷ്യൻ അതിർത്തികൾക്ക് അടുത്തുള്ള പട്ടണങ്ങളിൽനിന്നുള്ള അഭയാർത്ഥികളുടെ ഒഴുക്ക് റഷ്യൻ ആക്രമണഭീതി ഇരട്ടിയാക്കി. റഷ്യൻ ആക്രമണം എത്തരത്തിലുള്ളതാണെന്ന് ഈ അഭയാർത്ഥികൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ഒന്നാം റഷ്യൻ മുന്നേറ്റത്തിൽ അവരുടെ ഇരുമ്പുമുഷ്ടികളിൽ അമർന്നിട്ടുള്ളവരാണിവർ. ജർമ്മൻ പട്ടാളമാണ് അവരെ അതിൽനിന്നു വിടുവിച്ചതു്. ആ കെണിയിൽ വീണ്ടും ചെന്നുചാടുവാൻ അവർ ആഗ്രഹിക്കുന്നില്ല. ബാക്കിയുള്ള ആളുകൾ കൂടിയും ചുറ്റുമുള്ള കാടുകളിലും ഗ്രാമപ്രദേശങ്ങളിലും കിടങ്ങുകളും ടാങ്ക് കെണികളും കുഴിക്കണമെന്ന" കല്പിക്കപ്പെട്ടതോടെ ഗ്രാമവാസികളുടെ ഭയം ഒന്നുകൂടി കൂട്ടപിടിച്ചു.

ഈ സാഹചര്യത്തിൽ, സാധാരണ ഔദ്യോഗിക കൃത്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഞാൻ നിശ്ചയിച്ചു. പക്ഷേ ഈ കൃത്യങ്ങൾപോലും ഓരോ ചുവിട്ടടിയിലും ആക്രമണഭീതി കലർന്നതായിരുന്നു. സന്ദർശനങ്ങൾക്ക് മറ്റു ദിവസങ്ങളിലെന്നപോലെ ഞായറാഴ്ചകളിലും കാടുകളിലേക്ക് പോകേണ്ടതുണ്ടായിരുന്നു. അവരുടെ നേതാവു വന്ന് ജോലിക്കുമ്പായി രാവിലെ 4 മണിക്ക് ഒരു ദിവ്യബലി അർപ്പിച്ചുകൊടുക്കാമോ എന്ന് എന്നോടു ചോദിച്ചു. അവരിൽ ഒരുത്തൻപോലും ക്രൂദാശാസ്വീകരണത്തിനുള്ള അവസരം നഷ്ടപ്പെടുത്തിയില്ലെന്ന വസ്തുത എന്നെ വളരെ ആനന്ദിപ്പിച്ചു.

ആദ്യദിവ്യകാരുണ്യസ്വീകരണത്തിനു് ഒരുക്കുന്നതിനുള്ള ക്ലാസ്സുകളുടെ തീയതി നിശ്ചയിച്ചു് പ്രഖ്യാപിക്കുവാൻ ഞാനേറ്റു. അങ്ങനെ ഇടവകകളിലെ ഒരു പഴയ സമ്പ്രദായം പുനർജ്ജീവിപ്പിക്കുവാനും കുട്ടികളെ ഒരുമിച്ചു കൂട്ടുവാനും സാധിക്കുമല്ലോ. ജനുവരി 6–ാം തീയതി വരുന്ന എപ്പിഫനി തിരുനാളിനുശേഷം, മൂന്നു രാജാക്കന്മാരെപ്പോലെ ഉദ്ദേശിച്ചുകൊണ്ടുവന്ന മൂന്നു കുട്ടികളാൽ പരിസേവിതനായി വികാരിയച്ചൻ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കും; ഓരോ ഭവനവും കുളപ്പുരകളും, മറ്റു കെട്ടിടങ്ങളും ആശീർവ്വദിക്കും. അനന്തരം കുടുംബനാഥൻ, മൂന്നു രാജാക്കന്മാരുടെ പേരുകളുടെ–കാസ്പർ, മെൽക്കിയോർ, ബൽത്താസർ–ആദ്യാക്ഷരങ്ങൾ മൂന്നു കുരിശുകളോടും ആ വർഷത്തിന്റെ സംഖ്യയോടുംകൂടി വാതിൽപ്പടിയിൽ ഇങ്ങനെ '19 C–M–B 45' സ്ഥാപിക്കുന്നതു് അദ്ദേഹം നിരീക്ഷിക്കുന്നു. അതിനുശേഷം കുടുംബാംഗങ്ങളെല്ലാം പ്രാർത്ഥനയ്ക്കായി വന്നുകൂടുന്നു. എല്ലാവരുംകൂടി "മാഗ്നിഫിക്കാത്ത്" പാടുന്നു. വൈദികൻ പാട്ടുപ്രദക്ഷിണത്തെ നയിച്ചുകൊണ്ട് ഓരോ മുറിയിലും വിശുദ്ധജലം തളിക്കുന്നു. ഈ ഭവനസന്ദർശനം പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനു് ഏതേതു കുട്ടികളാണ് ഒരുങ്ങിയിരിക്കുന്നതു് എന്നു് മനസ്സിലാക്കിയതിനും പുറമേ മറ്റു പല കാര്യങ്ങളും നേടിത്തരുന്നു. ഇതിനുവേണ്ടി ചെലവഴിച്ച 14 ദിവസങ്ങൾക്കുള്ളിൽ എന്റെ എല്ലാ

ഭരണീയരേയും അവരവരുടെ ഭവനങ്ങളിൽ വച്ചുതന്നെ കാണുവാൻ എനിക്കു കഴിഞ്ഞു. തൽഫലമായി റഷ്യക്കാർ വന്നപ്പോൾ ഓരോ വീട്ടും എവിടെയെല്ലാമാണെന്നു് എനിക്കു് അറിയാമായിരുന്നു. വേണ്ടവിധം സംരക്ഷിക്കപ്പെടാതിരുന്ന അകത്തോലിക്കരെ എന്നിൽനിന്നു മറച്ചുവെയ്ക്കുവാൻ ചിലർ പരിശ്രമിച്ചിരുന്നു. അതു കണ്ടുപിടിക്കുവാനും എനിക്കു സാധിച്ചു.

എന്റെ അധികാരത്തിൽ പെട്ട ചില നല്ല കത്തോലിക്കർപോലും അതിഥികൾക്കു് തങ്ങൾ കൊടുത്തിരുന്ന ലജ്ജാകരമായ താമസസ്ഥലങ്ങൾ എന്നിൽനിന്നും മറച്ചുവെക്കുവാൻ കഴിവതു ശ്രമിച്ചു. "അച്ചാ ഈ മുറി ആശീർവ്വദിക്കേണമേ; അതിനകത്തു് പ്രോട്ടസ്റ്റൻറുകാരാണു്" അവർ പറയും. പുഞ്ചിരിയോടുകൂടി ഞാൻ പറയും, "അങ്ങനെയെങ്കിൽ നിങ്ങൾക്കു വേണ്ടതിന്റെ മൂന്നിരട്ടി തീർത്ഥജലം അവക്കു് ആവശ്യമാണു്." അപ്പോൾ ആ മുറികൾ സന്ദർശിക്കാൻ അവരെന്നെ അനുവദിക്കും.

ആ ദിവസങ്ങളിൽ ധ്യാനിക്കാൻ ഏറ്റവും പറ്റിയ വിഷയങ്ങൾ തിരുസ്സഭയുടെ ആരാധനാവൃത്തം ഞങ്ങൾക്കു് തന്നുകൊണ്ടിരുന്നു. എപ്പിഫനി കഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ചയിലെ ലേഖനം വി. പൗലോസു് റോമാക്കാർക്കയച്ച സന്ദേശഭാഗമായിരുന്നു. "സാധ്യമെങ്കിൽ നിങ്ങൾക്കു കഴിയുന്നിടത്തോളം എല്ലാമനുഷ്യരോടും സമാധാനമായിരിക്കുക....നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ അവനു ഭക്ഷിപ്പാൻ കൊടുക്കുക. അവൻ ദാഹാർത്തനെങ്കിൽ അവനു കുടിക്കാൻ കൊടുക്കുക. നിങ്ങൾ തിന്മക്കു് അടിപ്പെടരുതു്; മറിച്ചു് നന്മകൊണ്ടു് തിന്മയെ ജയിക്കുവിൻ"

ആ ദിവ്യബലിയുടെ സുവിശേഷം നല്ല ശമരായിപനെക്കുറിച്ചു് ക്രിസ്തു ചെയ്ത പ്രഭാഷണമാണു്. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ഇസ്രായേലിൽപോലും ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല; കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വളരെപേർ വന്നു് അബ്രാഹത്തോടും, ഇസഹാക്കിനോടും, യാക്കോബിനോടുംകൂടി സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും. എന്നാൽ ദൈവരാജ്യത്തിന്റെ മക്കൾ പുറത്തുള്ള അന്ധകാരത്തിലേക്കു് തള്ളപ്പെടും. അവിടെ കരച്ചിലും പല്ലിറുമ്മലും ഉണ്ടായിരിക്കും."

പ്രസംഗം പകുതിയായപ്പോൾ പള്ളിവാതിലുകൾ പതുക്കെ തുറക്കുന്നതായി ഞാൻ കണ്ടു. പ്രസംഗത്തെ അലോസരപ്പെടുത്തിക്കൊണ്ടു് താമസിച്ചു കയറിവരാവുള്ളവർ കാണിക്കുന്നതിലും കൂടുതൽ അശ്രദ്ധയോടെ അവർ പള്ളിക്കകത്തു പ്രവേശിച്ചു. അവരുടെ ആവിർഭാവം ശ്രദ്ധാഭേദകമായിരുന്നു. ഒരാഴ്ചമുമ്പു് വടക്കൻ 'മൻനിരയി'ലേക്കു് പൊതുസേവനത്തിനായി പറഞ്ഞയച്ചിരുന്ന നാടൻതൊഴിലാളികളായിരുന്നു അവർ. അവശേഷിച്ചിരുന്ന മനുഷ്യശക്തി!

കൂർബ്ബാന കഴിഞ്ഞു് സ്വന്തക്കാരെ സ്വാഗതം ചെയ്യുകൊണ്ടും, അവിചാരിതമായ ഈ തിരിച്ചുവരവിനുള്ള കാരണങ്ങൾ ആരാഞ്ഞുകൊണ്ടും എല്ലാവരും അവരെ വട്ടമിട്ടു. വടക്കൻ സൈന്യനിര മുഴുവൻ തകർക്കപ്പെട്ടിരിക്കയാണു്. ജർമ്മൻ സൈന്യത്തിനു് അന്തംവിട്ടു് തിരിച്ചോടേണ്ടിവന്നു. റഷ്യക്കാർ കോണിസ്ബർഗ്ഗിനെ ലക്ഷ്യമാക്കിക്കൊണ്ടു് പടിഞ്ഞാറോട്ടു് കുതിച്ചുകയറുകയാണു്. സുശക്തമായ റഷ്യൻടാങ്കുകളോടു് എതിരിടുവാൻ ഏതാനും തുരുമ്പുപിടിച്ച ഇറാലിയൻ റൈഫിളുകളും അഞ്ചുചുറവെടിക്കുള്ള കുതുക്കളും മാത്രമേ ഈ കിഴവന്മാരുടെ കൈവശമുണ്ടായിരുന്നുള്ളൂ. ജീവനുംകൊണ്ടു് വീട്ടിലേക്കു് തിരിച്ചോടുകയല്ലാതെ അവരെന്തു ചെയ്യാനാണു്? തങ്ങളുടെ കുടുംബങ്ങൾക്കെങ്കിലും കുറച്ചു സംരക്ഷണം അരുളാമല്ലൊ!

ജർമ്മൻറേഡിയോകളും ഗവർമ്മെൻറുവക്താക്കളും നടത്തിയിരുന്ന പ്രചാരണങ്ങളെ അതിജീവിക്കുന്നവയായിരുന്നു നേരിട്ടുകിട്ടിയിരുന്ന അറിവുകൾ. പെട്ടെന്നു് അപകടമൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നും, സോവ്യറുഭീഷണിയെ നേരിടാൻ കെല്പുള്ള രഹസ്യായുധങ്ങൾ ഒരുക്കിക്കഴിഞ്ഞിരിക്കുന്നെന്നും, ഒരു പുത്തൻ മുന്നേറ്റത്തിനു ജർമ്മനി തയ്യാറാവുകയാണെന്നും മറവുള്ള വാർത്തകളിലുള്ള വിശ്വാസത്തെ കടപുഴക്കുന്നവയായിരുന്നു ഈ അറിവുകൾ.

ഞങ്ങളുടെ ആൾക്കാർ വടക്കുനിന്നും കൊണ്ടുവന്ന ഈ വാർത്ത കേട്ടതോടെ തെക്കുനിന്നും ഞങ്ങൾ കേട്ടിരുന്ന താളശവാർത്തകളും സത്യമാണെന്നതിനെപ്പറ്റി ഒട്ടും സംശയമില്ലാതായി. അവിടെയും ജർമ്മൻസൈന്യം തകർന്നു തരിപ്പണമായിരുന്നു. റഷ്യൻപട്ടാളം അല്ലൻസ്റ്റെയിൽ, എൽബിംഗ്, ഡാൻസിങ് എന്നിവിടങ്ങളിലേക്കു് കുതിച്ചുകയറുകയാണു്. ബാൾട്ടിക്കു് തീരത്തേക്കു പായുന്ന രണ്ടു റഷ്യൻ സൈന്യനിരകൾക്കിടയിൽപ്പെട്ടു് ഞങ്ങളുടെ കൊച്ചുഗ്രാമം ഞെരിഞ്ഞുപോയി. കുത്തിരിപ്പൂട്ടു് മുറുകിക്കൊണ്ടിരിക്കയാണു്. "റഷ്യക്കാർ വന്നാൽ?" എന്ന പ്രശ്നം ഇനി അസ്ഥാനത്താണു്. എപ്പോൾ? എന്ന പ്രശ്നമേ ഇനി ശേഷിച്ചിട്ടുള്ളൂ.

ഞങ്ങളുടെ അദ്ധ്യപ്രതീകരണങ്ങൾ തികച്ചും സ്വാഭാവികമായിരുന്നു. റയിക്കിൽപോയി ഒളിക്കുക; എല്ലാം ശാന്തമാകുന്നതുവരെ അവിടെ കാത്തിരിക്കുക; അനന്തരം മടങ്ങിവരുക, അത്രതന്നെ. ഈ വിധത്തിലുള്ള ഉത്തരവാദിത്വബോധം എന്നെ അസ്വസ്ഥനാക്കി. എന്റെ ഇടവക; എന്റെ കുടുംബം! ഇനിയും രോഗവിമുക്തരായിട്ടില്ലാത്ത സഹോദരി ഇറമ്ട്ഗാർഡു്, അവരെ പരിചരിച്ചുകൊണ്ടിരിക്കുന്ന ആ കുഞ്ഞു്—ഇവരൊക്കെ ഇപ്പോഴും വീട്ടിലുണ്ടു്. അവരൊക്കെ ഉടനെ എന്റെ പിതൃഭവനത്തിലേക്കു് പോകണമെന്നു ഞാൻ തീർച്ചയാക്കി. ഇറമ്ഗാർഡു് കുട്ടിസഞ്ചികളും മറവും എടുത്തു് ഭാണ്ഡം മുറുക്കുവാൻ തുടങ്ങി.

യാത്രക്കു വേണ്ടതെല്ലാം ശരിപ്പെടുത്തുവാൻ സാധിക്കുമോ എന്നറിയാനായി, ഞങ്ങളുടെ ഗ്രാമത്തിന്റെയും റെയിൽപാളത്തിന്റെയും കേന്ദ്രസ്ഥലമായ ഫെയിൽഡ്ബർഗ്ഗിലേക്കു് ഞാൻ പുറപ്പെട്ടു. ടൗണിനപ്പുറത്തു് നാടൻതൊഴിലാളികൾ അനേകഗ്രൂപ്പുകളായി ടാങ്കു് നിർമ്മാണത്തിനാവശ്യമായ മരം അറുത്തുകൊണ്ടിരിക്കുന്നു. കുറെ അകലെ പട്ടാളുടക്കുകൾ അല്ലെൻസ്റ്റയിൽനിന്നും മസൂറിയായുടെ സമീപപ്രദേശങ്ങളിൽനിന്നുമുള്ള അഭയാർത്ഥികളെ ഇറക്കിക്കൊണ്ടിരിക്കുന്നു. റയിക്കിലേക്കു പോകുന്ന ഇക്കൂട്ടർ തങ്ങളെ എൽബിംഗു് വരെയെങ്കിലും കൊണ്ടുചെന്നാക്കിയിരുന്നെങ്കിൽ എന്നു് ആശിച്ചിരുന്നു. പക്ഷേ എന്തു ചെയ്യാനാണു്? എൽബിംഗു് റഷ്യക്കാർ പണ്ടേ കൈവശമാക്കിയിരുന്നു. ബോംബാക്രമണത്താൽ റയിൽപാളങ്ങളെയൊക്കെ മരവിപ്പിച്ചുകളഞ്ഞിരുന്നു. റയിക്കുമായുള്ള എല്ലാ വാർത്താവിനിമയബന്ധങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണു്.

ഇനി തീവണ്ടിയാത്രയുടെ പ്രശ്നമേ ഇല്ല. ഇറമ്ഗാർഡിനു് 35–മൈൽ റോഡിലൂടെത്തന്നെ യാത്ര ചെയ്യുകയേ നിവ്വാഹമുള്ളൂ. ഞാൻ എന്റെ ഒരു സ്നേഹിതനെ സമീപിച്ചു. അദ്ദേഹം ശേഷിച്ചിരുന്ന തന്റെ ഏക മഞ്ഞുവണ്ടി ഔദാര്യപൂർവ്വം എനിക്കു തന്നു. ഭാരം കയറ്റി മഞ്ഞിൻ പുറത്തുകൂടി സഹോദരിക്കു തനിയേ വലിച്ചുകൊണ്ടുപോകത്തക്കവിധം അതിനു ചെറുതായിരുന്നു.

ആ വണ്ടിയും വലിച്ചുകൊണ്ടു് ഞാൻ ഫെയിൽസ്ബർഗ്ഗു് പള്ളിയിലേക്കു പോയി. അവിടത്തെ ഡീനും വികാരിയച്ചനും എന്തെടുക്കുന്നുവെന്നു് അറിയണമെന്നുണ്ടായിരുന്നു. അദ്ദേഹവുമായി അല്പം സംസാരിക്കാമല്ലൊ എന്ന ചിന്ത എന്നെ കുറെ ആശ്വസിപ്പിച്ചു; അതു് സംഘർഷാവസ്ഥയെ അല്പം മയപ്പെടുത്തുകയും ചെയ്തു.

നീണ്ടുനിവർന്നു്, നല്ല ഭാരമുള്ള ശരീരം, ഒരു ചെറിയ ശിരസ്സു് ഇതു് ആ ഡീനിന്റെ ലക്ഷണമായിരുന്നു. ഇതിനു ഒരു പ്രതിവിധി എന്നോണം അദ്ദേഹം എപ്പോഴും നല്ല പകിട്ടുള്ള തൊപ്പി ധരിച്ചിരുന്നു. ഒന്നാം ലോകയുദ്ധത്തിൽ അദ്ദേഹം പ്രഷ്യൻ സൈന്യത്തിലെ ഒരുദ്യോഗസ്ഥനായിരുന്നു. തീക്ഷ്ണതയും കാര്യക്ഷമതയുമുള്ള ഒരു നല്ല ഭരണാധിപൻ. ജ്ഞാബുദ്ധിയും, ഐശ്വര്യകാംക്ഷയും, സാഹസികതയും അദ്ദേഹത്തിൽ തോളോടുതോൾ ചേർന്നു് ലസിച്ചിരുന്നു. തന്റെ മെത്രാനെ സ്വാധീനപ്പെടുത്തി ഉയർന്ന പള്ളിഉദ്യോഗങ്ങൾ കൈക്കലാക്കുമ്പോഴും നിഷ്കളങ്കത അദ്ദേഹത്തെ വിട്ടുപിരിയാറില്ല. ഡീൻസ്ഥാനത്തുനിന്നു് കാനൻസ്ഥാനത്തേക്കു് കയറാം കിട്ടും എന്ന തന്റെ പ്രതീക്ഷയെപ്പറ്റി അദ്ദേഹത്തിനു് തെല്ലും സംശയമില്ലായിരുന്നു.

അദ്ദേഹത്തോടു് അത്ര മതിപ്പില്ലാത്ത സഹായികളും ചെറുപ്പക്കാരായ സഹപ്രവർത്തകരും ഇടംവലം നോക്കാത്ത അദ്ദേഹത്തിന്റെ ഈ

സ്ഥാലനഞ്ചികളെപ്പറ്റി കണക്കിനു കളിയാക്കുമായിരുന്നു. അതുകൊണ്ടൊന്നും അദ്ദേഹത്തിനൊരു കൂസലുമുണ്ടായിരുന്നില്ല. ചീട്ടുകളിയിൽ പോലും ജയം നേടണമെന്നു് അദ്ദേഹത്തിനു് നിർബ്ബന്ധമുണ്ടു്. ജയം കിട്ടികഴിഞ്ഞാൽ ആകെ ആകപ്പാടെ ഒന്നു വിശാലമനസ്കനും ഉദാരനും ആയിത്തീരുമായിരുന്നു. തോൽവി സമ്മതിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്. അദ്ദേഹത്തിന്റെ ഡിസ്ട്രിക്ടിലുള്ള പള്ളികളുടെ വാർഷികസന്ദർശനാവസരത്തിൽ അദ്ദേഹം മെത്രാനെ അനുഗമിക്കുന്നതു് ഒരു കൗതുകപ്രദമായിരുന്നു. പണ്ടേ കഷ്ടപ്പെട്ടുകഴിയുന്ന നാടൻ വികാരിമാരെ തന്റെ സ്വന്തം കല്പനകൾകൊണ്ടു് അദ്ദേഹം ഭാരപ്പെടുത്തും. ഇതിനു് അവർ ഒരു പരിഹാരം കണ്ടുപിടിച്ചു. മെത്രാന്റെ അംശവടിയുടെ മുമ്പല അദ്ദേഹത്തെ ഏല്പിക്കുക. ഇതു് അദ്ദേഹത്തിനും വളരെ ഇഷ്ടപ്പെട്ടു.

ഒരു മന്ദഹാസത്തോടുകൂടി ഞാൻ വാതിലിൽ മുട്ടി. "റഷ്യക്കാർ വരുമ്പോൾ എന്തു ചെയ്യുവാനാണു് ഉദ്ദേശിക്കുന്നതു്?" ഞാൻ ചോദിച്ചു. ഇതിന്റെ മറുപടി എന്തായിരിക്കും എന്നതിനെപ്പറ്റി ഞാൻ എന്നോടുതന്നെ ഒരു ചെറുപന്തായം വച്ചിട്ടുണ്ടായിരുന്നു.

പന്തായത്തിൽ ഞാൻ ജയിച്ചു. അദ്ദേഹം അല്പം ഗൗരവഭാവത്തിൽ ഒന്നു നീണ്ടുനിവന്നിട്ടു്, കപ്പൽ മുങ്ങുമ്പോൾ എല്ലാവരും രക്ഷപ്പെടുന്നതുവരെ കപ്പൽ വിട്ടുപോകാത്ത ധീരമതികളായ കപ്പിത്താന്മാരെപ്പറ്റി ഒരു പ്രഭാഷണം നടത്തി.

ഞാൻ പന്തായത്തിൽ ജയിച്ചു, പക്ഷേ മന്ദഹസിക്കേണ്ടിയില്ലായിരുന്നു. അതു വെറും മേന്മ പറച്ചിലായിരുന്നില്ല. ഞങ്ങളുടെ ഡീനിനു് 'കാനൻ' ആകാൻ കഴിഞ്ഞില്ല, അദ്ദേഹത്തിന്റെ ചില ഇടവകാംഗങ്ങളോടൊത്തു് ഒരു സൈബീരിയൻ അടിമപ്പാളയത്തിൽ വച്ചു് ഇഷ്ടികപ്പണിക്കാരനായി അദ്ദേഹം ചരമഗതിയടഞ്ഞു!

സൂസ്സെൻബർഗ്ഗിലേക്കു് തിരിച്ചുപോകുമ്പോൾ ഗ്രാമത്തിൽനിന്നുവരുന്ന ഒരു മഞ്ഞുവണ്ടി ഞാൻ കണ്ടു. അതിന്റെ തേരാളി എന്റെ ഇടവകക്കാരനായ മിസ്റ്റർ പോഷ്ക്കമാൻ ആയിരുന്നു. അതിന്റെ ഉള്ളിൽ ഉണ്ടായിരുന്നതു് ഇറ്റ്മഗാർഡും റെനാഥയും ആണു". ദീർഘിച്ച യാത്രപറച്ചിലിനൊന്നും സമയമുണ്ടായിരുന്നില്ല. എന്റെ ചെറുമഞ്ഞുവണ്ടി മറേറതിന്റെ പുറകിൽ കൂട്ടിക്കെട്ടി; തന്മധ്യേ കുതിരപ്പുറത്തു് ആ രണ്ടു ബാലികമാരുടെയും നെറ്റിയിൽ കുരിശു് വരച്ചു് വേഗം വീട്ടിലേക്കു പൊയ്ക്കോളുവാൻ പറഞ്ഞു.

പിറേറദിവസം, ചുറുചുറുക്കു പറന്നുകൊണ്ടിരുന്ന കിംവദന്തികളും വാർത്തകളും പഠിക്കുന്നതിനു് ഞാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നു. എന്റെ പിതൃഭവനത്തിലേക്കുള്ള വഴി ബന്ധിക്കപ്പെട്ടുകയും, റഷ്യക്കാർ അതു" അടച്ചുകളയുകയും ചെയ്യുമെന്ന വാർത്ത വിശ്വാസ്യമാണെന്നു് എനിക്കു്

തോന്നി. ഇറ്റ്മ്ഗാഡിനെപ്പറ്റി വ്യാകുലപ്പെട്ടിട്ട് എന്തു കാര്യം. ജോലിയെടുക്കുക, പ്രാർത്ഥിക്കുക, ശരണപ്പെടുക അതു മാത്രമേ കരണീയമായി ഉണ്ടായിരുന്നുള്ളൂ.

എനിക്ക് പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് കുട്ടികളെ ഒരുക്കുവാനുണ്ടായിരുന്നു. ബാക്കി സമയം മുഴുവൻ ഭവനസന്ദർശനത്തിനും, വൃദ്ധരേയും രോഗികളെയും കണ്ട് ആശ്വസിപ്പിക്കുന്നതിനും, ഓരോരുത്തനും കഴിവുള്ള പ്രോത്സാഹനം നല്കുന്നതിനുമായി ചെലവഴിക്കും. റെക്ടറിയിലേക്ക് തിരിച്ചുവരുമ്പോൾ കിടക്കയിലേക്ക് ഇഴഞ്ഞുകയറി പെട്ടെന്ന് ഗാഢനിദ്രയിൽ ലയിക്കുമായിരുന്നു.

പുറത്തുനിന്ന് എന്നെ വിളിക്കുന്ന ഒരു സ്വരം കേൾക്കുന്നതുപോലെ തോന്നി; കിടക്കയിൽനിന്ന് ഞാൻ വലിഞ്ഞെഴുന്നേറ്റു. ആ സ്വരം ഒരു സ്ത്രീയുടെ കരച്ചിൽപോലെ കേട്ടുതുടങ്ങി. "റംഷ്യക്കാർ വന്നുകഴിഞ്ഞു! കുറെ സ്ത്രീകൾ ആക്രമിക്കപ്പെട്ടിരിക്കുന്നു!" അവർ സഹായത്തിനായി ഓടിവന്നതാണ്. "ഭാണ്ഡം മുറുക്കുക; എല്ലാം പാക്ക് ചെയ്യുക" വിളിച്ചു പറയുന്നതു കേട്ടു. മുറിയുടെ നടുവേ ഓടിച്ചെന്ന് 2-ാംനിലയിലുള്ള ജനൽ തുറക്കുവാൻ ഞാൻ ശ്രമിച്ചു. അതു മുറുകി അടഞ്ഞിരിക്കയാണ്; അനങ്ങുന്നുപോലുമില്ല. കൈചുരുട്ടി ജനാലച്ചില്ലിൽ ഇടിച്ചു. ഈ പ്രവൃത്തിയും, അതിനെത്തുടർന്ന് എന്റെ നിശ്വാസസ്പർശത്തിലൂടെ തുളച്ചുകയറിയ തണുപ്പൻ കാറ്റും ഉറക്കപ്പിച്ചെല്ലാം മാറ്റി; പൂർണ്ണബോധമുണ്ടായി.

പുറത്തേക്കു നോക്കിയപ്പോൾ മനസ്സിലായി ആ സ്ത്രീ ഞങ്ങളുടെ മുൻമേയ്ത്തരുടെ തൻറേടക്കാരി സഹോദരി ബെർത്തയാണെന്ന്. അവളുടെ അടുക്കൽ ആരും ഉണ്ടായിരുന്നില്ല. എന്റെ ഇടവകയെക്കുറിച്ച് എനിക്കു പഠിക്കാൻ സാധിച്ച പല കാര്യങ്ങളിൽ ഒന്ന് ആ വൃദ്ധൻ നാലു സ്ത്രീകളുടെ ആജ്ഞയനുസരിച്ച് ജീവിച്ചിരുന്ന എന്നതാണ്; ഭാര്യ, മൂന്നു സഹോദരിമാർ! അവരുടെ മേധാവി ബർത്തായാണ്. ബർത്താ വിളിച്ചുപറഞ്ഞു: "നാമെല്ലാവരും ഇവിടെനിന്ന് റാവോനയിലേക്ക് ഓടി രക്ഷപ്പെടണം. ഇവിടെ ആരും ശേഷിക്കരുത്" ഇതു സാമാന്യം ഔദ്യോഗികമായ ഒരു വിജ്ഞാപനം തന്നെയായിരുന്നു.

ഞാൻ ഒരു വലിയ സൂട്ട്കേസ് വലിച്ചെടുത്ത് പാക്ക്ചെയ്യാൻ തുടങ്ങി. ബൈബിളും, കാനൻജപപുസ്തകവും, മിസ്സാളും ഉള്ളിലാക്കി. പിന്നെ അഞ്ചുവർഷത്തെ പഠനത്തിന്റെയും നോട്ടുകുറിക്കലിന്റെയും ആകെത്തുകയായ കൈയെഴുത്തുപ്രതികളും. അവയെ ഉപേക്ഷിക്കുവാൻ എനിക്കു മനസ്സുവന്നില്ല. പുത്തൻ കുർബാനയ്ക്ക് പാരിതോഷികമായി ലഭിച്ച കാസ നല്ല കട്ടിയുള്ള ഉൾവസ്ത്രം, കാലുറ, പുതപ്പ് എന്നിവകൊണ്ട് പൊതിഞ്ഞുകെട്ടി. ഈ നിമിഷത്തേക്കുവേണ്ടി ഇർമ്ഗാർഡ് ഒരുക്കിയിരുന്ന

ഭക്ഷണംകൂടി അതിനകത്താക്കിയതിനുശേഷവും ഒരുഡസൻ പുസ്തകം കൂടി അകത്തു് കുത്തിച്ചെലുത്താമെന്നു തോന്നി. അനന്തരം സൂട്ട്കേസിന്മേൽ ഇരുന്നു് ഒതുക്കി അടച്ചു്, കൊളുത്തു് ഇടാൻ വിഷമമായതുകൊണ്ടു് ഒരു വാറിട്ടു് കെട്ടി ഭദ്രമാക്കി.

കഴിയുന്നിടത്തോളം വസ്ത്രങ്ങൾ ശരീരത്തിൽ തല്ലിക്കേറ്റാനാണു് പിന്നീടു് ഞാൻ ശ്രമിച്ചതു്. രണ്ടു സെറ്റു് ഉള്ളങ്കികൾ, രണ്ടുജോടി പാൻറു്, മൂന്നു് ഷർട്ടു്, രണ്ടുജോടി കാലുറകൾ, ഏറ്റവും ഭാരംകൂടിയ ബൂട്ട്സു്, ഒരു ഓവർക്കോട്ടു്, അതിന്റെ മീതെ വേറൊന്നു് എല്ലാത്തിന്റെയും മേലെയായി ഒരു രോമക്കുപ്പായം.

ഞാൻ സൂട്ട്കേസു് ഉരുട്ടി പുറത്തുകൊണ്ടുവന്നു് സൈക്കിളിന്റെ പുറകിലുള്ള "ഭാരവാഹി"യിൽവച്ചു് കെട്ടി.

പള്ളിവാതുക്കൽ ബർത്താ മറിയാമ്മ സ്ത്രീകളോടുകൂടി നില്പുണ്ടായിരുന്നു. ഈ കാഴ്ച ഒന്നുമാത്രം മതിയായിരുന്നു ആ രാത്രിയെ അവിസ്മരണീയമാക്കാൻ. ഞാൻ ആ ഇടവകയിൽ വരുന്നതിനുമുമ്പു് മുതലേ അവർ ബദ്ധവൈരികളായിരുന്നു. തമ്മിൽ സംസാരിക്കുകപോലും ഇല്ല. ഇപ്പോഴത്തെ അവരുടെ സ്നേഹസല്ലാപം കേട്ടാൽ തോന്നും അവർ ജീവിതകാലം മുഴുവൻ ഇഷ്ടസുഹൃത്തുക്കളായിരുന്നുവെന്നു്.

ആ നാലു സ്ത്രീകൾക്കും ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു കൊടുത്തു; ഞാൻ ചെയ്യുന്നതു് ആരാധനാക്രമത്തിനു് വിപരീതമാണെന്നു് അറിഞ്ഞുകൊണ്ടു് തന്നെ.

ശേഷിച്ചിരുന്ന തിരുവോസ്തികൾ രോഗികൾക്കായി ഉപയോഗിച്ചിരുന്ന അരുളിക്കായിൽ വച്ചു് എന്റെ ഹൃദയത്തിനടുത്തു് സൂക്ഷിച്ചു. ഇത്തരം വിപദ്ഘട്ടങ്ങളെ മുൻകൂട്ടിക്കണ്ടുകൊണ്ടു്, സക്രാരിയിൽ കൂദാശചെയ്ത തിരുവോസ്തികൾ അധികം ഇല്ലാതിരിക്കുവാൻ ഞാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഒരു കുസ്തോദി ഒഴിച്ചു് മറെറല്ലാ തിരുപ്പാത്രങ്ങളും മറച്ചുവച്ചു. എന്തെങ്കിലും തിരുവസ്തുക്കൾ കാണത്തക്കവിധത്തിൽ വയ്ക്കാത്തപക്ഷം പള്ളി കൊള്ളയിടുന്നവർ തിരുപ്പാത്രങ്ങൾ കിട്ടാൻവേണ്ടി ഇടവകക്കാരെ ഞെരുക്കുമെന്നു് എനിക്കറിയാമായിരുന്നു.

യാത്ര പറയാനായി പള്ളിയിൽ ചുറ്റും ഒന്നു കണ്ണോടിച്ചശേഷം അവസാനപ്രാർത്ഥനയ്ക്കായി മുട്ടുകുത്തി. പിന്നെ സംഘംകൂടുന്ന സ്ഥലത്തേക്കു പോയി. കിഴക്കാംതൂക്കായ ഒരു കുന്നിന്റെ അടിവാരത്തിലാണു് ഈ സ്ഥലം. അവിടെ അപ്പോഴും മഞ്ഞു് കട്ടകൂടിക്കിടക്കുന്നുണ്ടായിരുന്നു. വേറെ ഒരു അരഡസൻ പുസ്തകംകൂടി ഒരു ബാഗിലാക്കി സൈക്കിളിന്റെ വലത്തെ ഹാൻഡ്ബാറിൽ തൂക്കിയിട്ടു. ടൈപ്പ്റൈറർ ഇടത്തേതിലും. ഈ സാധനങ്ങളുടേയും പുറകിലിരിക്കുന്ന സൂട്ട്കേസിന്റേയും ഇടയ്ക്കിരുന്നു് മഞ്ഞിലൂടെ ഉന്തിക്കിലും ഓടിച്ചുപോവുക അത്ര എളുപ്പമുള്ള പണിയല്ലായിരുന്നു.

ACHARYA PALACKAL JEEVASSRAM LIBRARY 10959 ALUVA

അഞ്ചാറു മിനിട്ട് നേരത്തേക്ക് കൂഴപ്പമൊന്നുമുണ്ടായില്ല; 'കച്ചകളാൽ' ചുറ്റപ്പെട്ട ഞാൻ വിയർത്തുകുളിച്ചുതൊഴികെ. കുന്നിന്റെ അടിവാരത്തു് എത്തിയപ്പോൾ അതിഭാരംകൊണ്ടു് തൊരുങ്ങിയ പുറകിലെ 'ഭാരവാഹി' തെറിച്ചുപോയി; കൂടെ സൂട്ട്കേസും. ഞാൻ ഒരു കാനയിൽ ചെന്നു വീണു.

അവിടെ ആ മണ്ണിൽ കുറെസമയം ഞാനിരുന്നു. ചുറവും സൈക്കിളും, സൂട്ട്കേസും, പുസ്തകങ്ങളും, ടൈപ്പ്റൈറ്ററും ചിതറിക്കിടക്കുന്നു. എന്തൊരു ചിത്രം! രണ്ടുദിവസങ്ങൾക്കുമുമ്പു് ഞാൻ പറഞ്ഞ ധീരോദാത്തമായ ആ പ്രസംഗത്തെക്കുറിച്ചു് എനിക്കു് ലജ്ജതോന്നി.

റഷ്യക്കാരിൽനിന്നുമുള്ള എന്റെ പലായനം അങ്ങനെ കലാശിച്ചു. ഞാൻ ആ കുഴിയിൽ നിന്നെഴുന്നേറ്റു് എല്ലാ സാധനങ്ങളും അവിടവിടെത്തന്നെ ഉപേക്ഷിച്ചിട്ടു് മുന്നോട്ടു നടന്നു. വളരെ സ്വാതന്ത്ര്യം എനിക്കനുഭവപ്പെട്ടു. ഗ്രാമക്കാർ കൂടിയിരിക്കുന്നിടത്തു് എത്തിയപ്പോൾ, തങ്ങളുടെ ഇടയന്റെ ചിതമില്ലാത്ത ആ വീഴ്ച ഇരുട്ടുകൊണ്ടു് അവർ കാണാനിടയായില്ലല്ലോ എന്നോത്തു് എനിക്കാശ്വാസം തോന്നി. ഇനിയും ഏതോ ചില അധികാരങ്ങളെല്ലാം എന്നിൽ അവശേഷിച്ചിട്ടുണ്ടെന്ന ഒരു ബോധത്തോടെ ഞാൻ അവരോടുകൂടിച്ചേർന്നു.

അഭയാർത്ഥികളും, പരിതൃക്തരുമായ കുടുംബക്കാരുടെ ഇടയിൽ വലിയ ഭയവും ആശങ്കയുമെല്ലാം നിഴൽ വീശിയിരുന്നു. സ്വസ്സെൻബെർഗ്കാർ സ്വന്തംകാര്യം മാത്രമേ നോക്കുകയുള്ളുവെന്നും തങ്ങളെ റഷ്യക്കാരുടെ കരുണയ്ക്കു് വിട്ടിട്ടു് പോകുമെന്നും അവർ വിശ്വസിച്ചിരുന്നു. ഒരുത്തൻ വിളിച്ചുപറഞ്ഞു "കുറെ വിമാനങ്ങൾ വന്നു് ഇവിടെവച്ചു് തന്നെ ഞങ്ങളെ കൊന്നുകളയാത്തതെന്താണു"? ബോൾഷെവിക്കുകാരുടെ കൈയിൽ പെടുന്നതിനേക്കാൾ മെച്ചം അതായിരിക്കും!"

അവരെ ആശ്വസിപ്പിക്കുന്നതു അസാധ്യമായിത്തോന്നി. പക്ഷേ ബത്തപോഷ്ക്കുമാൻ രംഗത്തു പ്രത്യക്ഷപ്പെട്ടതോടെ കാര്യങ്ങളെല്ലാം പാടേ മാറി. അവർ വളരെ ധീരമതിയായി കാണപ്പെട്ടു; മറവുള്ളവർ അവരിൽനിന്നും ധൈര്യം പകർന്നെടുത്തു. അവർ അഭയാർത്ഥികളെ അഭിസംബോധനം ചെയ്തുകൊണ്ടു് വളരെ റൃക്ഷവും, ദൃഢവുമായ ഭാഷയിൽ പറഞ്ഞു: "നിങ്ങളുടെ ഒരു കുടുംബത്തെയെങ്കിലും കൂടെക്കൊണ്ടുപോകാതെ ഞങ്ങളുടെ ഒരു കുടുംബംപോലും ഇവിടെനിന്നും പുറപ്പെടുകയില്ല. നിങ്ങളുടെ ഭാണ്ഡങ്ങൾ മുറുക്കുക—അത്യാവശ്യമുള്ളതുമാത്രമേ എടുക്കാവൂ. ഞങ്ങളുടെ മൂന്നു വൈക്കോൽവണ്ടികൾ വരുന്നുണ്ടു്. 400—മൈൽനീളമുള്ള നമ്മുടെ ബെർലിൻയാത്രയ്ക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ അതിൽ സംഭരിച്ചിട്ടുണ്ടു്. ആവശ്യമുള്ളിടത്തോളം വണ്ടിക്കുതിരകൾ വന്നു ചേർന്നിട്ടില്ല. അവ വന്നു ചേരുന്നതുവരെ നമുക്കു് ഇവിടെ കാത്തുനില്ക്കും

ണ്ടിവരും. നമുക്ക് എല്ലാവക്കും ഒരുമിച്ച് പുറപ്പെടുവാൻ സാധ്യമല്ലെങ്കിൽ ആരും ഇവിടം വിട്ടുകയില്ല."

മറെറ വനിതകളും ഇതിനോട് യോജിച്ചു. എന്തൊരു ധീരത! കാട്ടുകളിൽ കൂടി കൂഴിക്കുന്ന തങ്ങളുടെ ആണുങ്ങളെ കൂടാതെ സ്ഥലംവിടുവാൻ പലരും ഇഷ്ടപ്പെട്ടില്ല. ഒരുമണിക്കൂർ നേരത്തേ യാത്ര പുറപ്പെട്ടിരുന്ന രണ്ടു മഞ്ഞുവണ്ടികളും പോയ വഴിയേതന്നെ തിരിച്ചുവന്നതു കണ്ടപ്പോൾ ഞങ്ങളുടെ യാത്ര താമസിപ്പിക്കുവാൻ തന്നെ ഞങ്ങളും നിശ്ചയിച്ചു. ഞങ്ങൾക്കു പോകാനുള്ള പ്രധാന റോഡുവരെ അവർ എത്തിയിരുന്നു. ആ വഴി ബോൾഷേവിക്കുകൾ ചെയ്തിരിക്കയാണു്. ചത്ത കുതിരകളും അവിടെയെങ്ങും ചിതറിക്കിടക്കുന്നു. "ഞങ്ങൾ വീട്ടിലേക്കു തിരിച്ചുപോകയാണു്; മഞ്ഞുകട്ടയിൽ കിടന്നു മരിക്കുന്നതിനേക്കാൾ നല്ലതു് അവിടെക്കിടന്നു് മരിക്കയാണു്" അവർ പറഞ്ഞു.

അപ്പോൾ അഞ്ചുമണിയായിരുന്നു. ഞാൻ ആളുകളോടു പറഞ്ഞു. "എല്ലാവരും അവരവരുടെ സാധനസാമഗ്രികളും എടുത്തുകൊണ്ടു് വീടുകളിലേക്കു് പോയി 6-മണിയോടുകൂടി പള്ളിയിൽ ദിവ്യബലിക്കു വരിക."

പള്ളിനിറച്ചു് ആളുകളുണ്ടായിരുന്നു. അന്നു് വി. പോലിക്കാർപ്പിന്റെ തിരുനാളായതുകൊണ്ടു് ഞാൻ പാട്ടുകുബ്ബാന അർപ്പിച്ചു, രക്തസാക്ഷിത്വത്തിന്റെ പ്രതീകമായ ചെമപ്പുവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു്. സാധാരണ ഇടദിവസങ്ങളിലെ ദിവ്യബലിക്കു് പ്രസംഗം പതിവില്ല. എന്നാൽ അന്നു് സുവിശേഷം പാടിയപ്പോൾ എനിക്കു് ഒരുവിധം ലജ്ജതോന്നിയതുകൊണ്ടു് കുറച്ചു് സംസാരിക്കണമെന്നു കരുതി. വി. മത്തായിയുടെ ഈ വാക്കുകളോടു് അധികം ചേർക്കേണ്ടതില്ലായിരുന്നു.

"നിങ്ങളുടെ ശരീരത്തെ കൊല്ലുകയും, എന്നാൽ ആത്മാവിനെ കൊല്ലാൻ കഴിയാതിരിക്കയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ ആത്മാവിനെയും ശരീരത്തെയും നരകത്തിലിട്ടു് നശിപ്പിക്കാൻ കഴിയുന്നവരെ ഭയപ്പെടുവിൻ. ഒരു ദനാര്യസ്സു് രണ്ടു കുരുവികൾ വില്ക്കപ്പെടുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവിന്റെ അനുവാദം കൂടാതെ നിലംപതിക്കുന്നില്ല. നിങ്ങളുടെ ശിരസ്സിലെ മുടികൾപോലും എണ്ണപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഭയപ്പെടാതിരിക്കുവിൻ; നിങ്ങൾ വളരെ കുരുവികളെക്കാൾ കൂടുതൽ വിലയുള്ളവരാകുന്നു."

കുബ്ബാനയുടെ അവസാനത്തിൽ ഞാൻ രണ്ടു വിജ്ഞാപനങ്ങൾ നടത്തി: "നമുക്കു ശേഷിച്ചിരിക്കുന്ന എല്ലാ ദിവസവും ഒരു പാട്ടുപൂജയും പ്രസംഗവും ഉണ്ടായിരിക്കും. ഏപ്രിൽമാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം അടുത്ത ഞായറാഴ്ചയായിരിക്കും—രണ്ടുദിവസങ്ങൾക്കുശേഷം."

ഞങ്ങളുടെ ആളുകൾക്ക് സ്വന്തം കഷ്ടാവസ്ഥയെപ്പറ്റിമാത്രം ചിന്തിച്ചുകൊണ്ടിരിക്കുവാൻ അധികം അവസരം ഇല്ലായിരുന്നു. റോഡുകളെല്ലാം ബന്ധിക്കപ്പെട്ടിരുന്നതുകൊണ്ട് മുമ്പോട്ടുപോകാൻ കഴിയാത്ത വളരെയേറെ അഭയാർത്ഥികളെക്കൊണ്ട് അവരുടെ ഭവനങ്ങൾ നിറഞ്ഞിരുന്നു. ഭാഗ്യമെന്നു പറയട്ടെ, ഞങ്ങളുടെ ആ ഭാഗത്തുള്ള ഉദ്യോഗസ്ഥന്മാരെല്ലാം തങ്ങളുടെ തൊലിയുംകൊണ്ട് പണ്ടേ ഓടിഒളിച്ചിരുന്നു. അതുകൊണ്ട് അവിടത്തുകാർക്ക് തങ്ങളുടെ കന്നുകാലികളെ കൊല്ലുന്നതിന് പ്രത്യേക ലൈസൻസൊന്നും അന്വേഷിക്കേണ്ടിയിരുന്നില്ല; അങ്ങനെ വർഷിച്ചുകൊണ്ടിരുന്ന തങ്ങളുടെ കൂട്ടംബോംബുകളുടെ ഭാരത്തെ തീറ്റിപ്പോറ്റുവാൻ അവർക്ക് കഴിഞ്ഞു.

ദിവ്യസംസ്ക്കാരങ്ങൾ പരിചരണം ചെയ്യുവാനായി ഞാൻ ഗ്രാമങ്ങൾതോറും ഓടിനടന്നു. രോഗികളേയും വൃദ്ധന്മാരേയും സംബന്ധിച്ചിടത്തോളം ഒരുപക്ഷേ അതു് അവസാനത്തേതായിരിക്കാം. ആ ഗ്രാമത്തിലെ ഏറ്റവും കിഴവനായ ഗ്രാൻറ്റ്പ്പാഷെൻക്കിന്റെ വീട്ടിലേക്ക് പോകുന്നവഴി രണ്ടു ബാലികമാരെ എനിക്ക് കടന്നുപോകേണ്ടിവന്നു. റഷ്യാക്കാരിയായ താത്ജനയും, പോളണ്ടുകാരിയായ മരുസ്ജയും. മഞ്ഞിൽക്കൂടി കടന്നുപോയപ്പോൾ 14 വയസ്സുകാരിയായ താത്ജന വിറക്കുന്നുണ്ടായിരുന്നു. കുറെ കീറത്തുണികളാണ് അവൾ ധരിച്ചിരുന്നതു്. ഒരു ജീവിതകാലം മുഴുവനും സഹിക്കാവുന്നത്ര കഷ്ടപ്പാടുകൾ അവൾ സഹിച്ചുകഴിഞ്ഞിട്ടുണ്ടു്. അമ്മയോടും, പിതാമഹനോടും, സഹോദരിമാരോടുംകൂടിയാണു് അവൾ ആ ഗ്രാമത്തിലെത്തിയതു്. ലെനിൻഗ്രാഡിനടുത്തുള്ള തങ്ങളുടെ ഭവനത്തിൽനിന്നും രണ്ടുവർഷംമുമ്പു് സോവ്യറ്റ പട്ടാളക്കാരാൽ അവർ ഓടിക്കപ്പെട്ടു. മസ്കൂരിയായിലുള്ള ഒരു വൻപാളയത്തിലേക്കു് അവരെ അയച്ചു. ഇപ്പോൾ അവർ വീണ്ടും ഓടിഒളിക്കയാണു്; ഇത്തവണ റഷ്യാക്കാരിൽനിന്നു് ആണെന്നുമാത്രം.

ഞാൻ ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു കൊണ്ടുപോകയാണെന്നു് ആ കുട്ടികൾ മനസ്സിലാക്കിയ, ആ നിമിഷം ഞങ്ങളുടെ ഹൃദയം തകർത്ത ഒന്നായിരുന്നു. താത്ജാനയെ വളർത്തിക്കൊണ്ടുവന്നതു് നല്ല ഭക്തിയുള്ള റഷ്യൻ ഓർത്തഡോക്സായിട്ടാണു്. അതുകൊണ്ട് തിരുസ്സഭയുടെ സമാശ്വാസനങ്ങൾ അവൾക്കു് ലഭിച്ചിരുന്നില്ല. അവൾ മരുസ്ജയോടു് പറഞ്ഞു നമുക്കു് അച്ചന്റെകൂടെ പോയി ആ വല്യുപ്പനുവേണ്ടിപ്രാർത്ഥിക്കാം. ആ വൃദ്ധനും പോളിഷ് ബാലികയ്ക്കും ദിവ്യകാരുണ്യം കൊടുത്തപ്പോൾ കൂദാശാസ്വീകരണത്തിനായി അവരിരുവരേക്കാളുംകൂടുതൽ ആഗ്രഹിച്ചിരുന്ന താത്ജാന തികഞ്ഞ ഭക്തിവിനയങ്ങളോടെ മുട്ടുകുത്തി തലകുനിച്ചു. ദിവ്യകാരുണ്യത്തിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചു് അവൾക്കു ഒരു സംശയവുമുണ്ടായിരുന്നില്ല. ശീശ്മയുടെ കയ്പുനിറഞ്ഞ ഫലങ്ങൾ

അന്നത്തെപ്പോലെ ഒരിക്കലും എന്നെ സ്പർശിച്ചിട്ടില്ല.

തിരിച്ചുപോരുമ്പോൾ അവരെ ഞാൻ വീട്ടിലേക്കു് ക്ഷണിച്ചു. എന്റെ സഹോദരി ഉപേക്ഷിച്ചിട്ടു പോയിരുന്ന വസ്ത്രങ്ങൾ കൊടുക്കാമെന്നു് പറകയും ചെയ്തു. മൊബൈൽ വരുമ്പോൾ ഉപയോഗപ്പെടുമായിരുന്ന കുറെ റഷ്യൻ വാക്കുകൾ താത്പ്രാന എന്നെ പഠിപ്പിച്ചു.

സമാധാനത്തിന്റെ തിരശ്ശീല എന്നപോലെ രാത്രികാലം വന്നു. വെർണിംഗ്ട്ടണിലെ വികാരി അച്ചന്റെ അടുക്കൽപോകുവാൻ ഞാൻ നിശ്ചയിച്ചു; എന്റെ ആത്മാവിനെ ക്രമപ്പെടുത്താൻ. മൂന്നുമൈൽ നടക്കണം അവിടേക്കു്. ഫാദർ ടെസ്സ്കനിനു് എന്നെ കാണുന്നതു് സന്തോഷമായിരുന്നു. ഒരു വൈദിക സഹോദരൻ വരുന്ന അവസരത്തിൽ മാത്രമേ അദ്ദേഹത്തിന്റെ വേലക്കാരൻ നല്ല കാപ്പിപ്പൊടി ഉപയോഗിക്കുമായിരുന്നുള്ളു.

പാളയം അന്വേഷിക്കുന്ന ജർമ്മൻപട്ടാളക്കാരെക്കൊണ്ടു് ഫാദർ ടെസ്കനറിന്റെ വസതിക്കു ചുറ്റുമുള്ള തെരുവുകളും നിറഞ്ഞിരുന്നു. ഒരു കപ്പൽനിറയെ പുതിയ സാധനസാമഗ്രികളും അപ്പോൾ വന്നടുത്തിട്ടുണ്ടായിരുന്നു. അതുകൊണ്ടു് അവരെല്ലാം വളരെ സന്തുഷ്ടരായി കാണപ്പെട്ടു.

വികാരിയച്ചൻ അദ്ദേഹത്തിന്റെ ഓഫീസിൽ ഉണ്ടായിരുന്നില്ല. തൽസ്ഥാനത്തു് തങ്ങളുടെ അടുത്ത പ്രവർത്തനങ്ങൾക്കുള്ള സ്ഥാനം നിശ്ചയിച്ചിരുന്ന ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരെയാണു് ഞാൻ കണ്ടതു്. ഭ്രപടങ്ങളുമായിട്ടാണു് അവരുടെ ഇരിപ്പു്. ഏകാഗ്രചിത്തരായതുകൊണ്ടും, മുറി മുഴുവൻ ഇരുട്ടും പുകയുമായിരുന്നതുകൊണ്ടും അവരെന്നെ കണ്ടില്ല. ഫാദർ ടെസ്കനറിനെ അദ്ദേഹത്തിന്റെ ഭക്ഷണമുറിയിൽവച്ചു് ഞാൻ കണ്ടു. റഷ്യക്കാരോ, പട്ടാളമോ അദ്ദേഹത്തെ ഒട്ടുംതന്നെ അസ്വാസ്ഥ്യപ്പെടുത്തിയില്ലെന്നു തോന്നുന്നു. "എന്നെപ്പോലുള്ള ഒരു മുതുകരങ്ങിനെക്കുറിച്ചു് അക്കണം ബുദ്ധപ്പാടു്? ഞാൻ ഇവിടെ വന്നിട്ടു് 35കൊല്ലമായി. ഇനി ഈ മരിക്കാൻകാലത്തു് ഇവിടെനിന്നു് പോകാൻ നിശ്ചയിച്ചിട്ടില്ല. വേണമെന്നവച്ചാൽതന്നെ ഈ വയസ്സുകാലത്തു് ഓടാൻ സാധിക്കുമെന്നും തോന്നുന്നില്ല" അദ്ദേഹം പറഞ്ഞു. അദ്ദേഹം സ്ഥലത്തെ മറ്റു വികാരിമാരുമായി ബന്ധം പുലർത്തുന്നുണ്ടെന്നും അവർ എല്ലാംതന്നെ അവിടെ നില്ക്കാൻ ഒരുങ്ങിയിരിക്കയാണെന്നും എനിക്കു് മനസ്സിലായി. എന്നാൽ അടുത്തതായി എന്താണു് സംഭവിക്കുവാൻ പോകുന്നതെന്ന ചോദ്യത്തിനു് ഞങ്ങളാരുക്കെ കൊടുത്തിരുന്ന മറുപടിയേ അദ്ദേഹത്തിനുമുണ്ടായിരുന്നുള്ളു. "നിങ്ങളുടെ ഊഹാപോഹവും എന്റേതുപോലെ ശരിയാണു്." പാപസങ്കീർത്തനാനന്തരമുള്ള ആശീർവ്വാദം എനിക്കുതന്നുകൊണ്ടിരിക്കെ ഒരു ലഫ്റ്റനന്റു് മുറിയിലേക്കു് ചാടിക്കടന്നുവ

ന്നു് ചോദിച്ചു: "സൂസ്സെൻബെർഗിലേക്കുള്ള ഏറ്റവംനല്ല റോഡ് ഏതാണു്?"

ഞാൻ ആരെന്നും, യാത്രയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകാമെന്നും ഞാൻ പറഞ്ഞു. ഞങ്ങൾ വണ്ടിയിൽ കയറി പിന്നെയുള്ള സംസാരം മുഴുവനും ആ രാത്രിയിൽതന്നെ ഞങ്ങളുടെ ഗ്രാമത്തിൽ സ്ഥാപിക്കാനിരുന്ന മൂന്നു വൻപീരങ്കികളെപ്പറ്റിയായിരുന്നു. ആ വലിയ യന്ത്രത്തോക്കുകൾ അസംബ്ളി ലൈനിനു അടുത്തു് സ്ഥാപിക്കാനാണുദ്ദേശം. 50 പീരങ്കിപ്പട്ടാളക്കാരേയും, വേറെ കുറെ ആളുകളേയുംകൂടി ഞങ്ങൾക്കു് കിട്ടുമായിരുന്നു. ആ വേറെ ആളുകളിൽപ്പെട്ട ഒരാൾ ചെറുപ്പക്കാരനായ ഒരു ക്യാപ്റ്റന്റെകൂടെ പുറകിൽ ഇരിക്കുന്നുണ്ടായിരുന്നു; അതിൽനിന്നു പ്രദേശത്തുനിന്നുമുള്ള ഒരു അഭയാർത്ഥിനിയാണതു് അവൾ. ഒരു വിഭാഗം പട്ടാളത്തിനുവേണ്ട വാസസ്ഥലം ബെർത്ത അവളുടെ വീട്ടിൽ ശരിപ്പെടുത്തിക്കൊടുത്തു. ക്യാപ്റ്റൻ, ലഫ്റ്റനന്റ്, ആ അഭയാർത്ഥിനി എന്നിവർക്കു് താമസസൗകര്യം കൊടുത്തതു് ഞാനാണു്.

അത്താഴം വച്ചു് വിളമ്പിയതിനുശേഷം ഇതേപ്പറ്റി എനിക്കു് പശ്ചാത്തപിക്കേണ്ടിവന്നു. ആ യുവതി ഭക്ഷണം അവസാനിപ്പിക്കാതെ ആ ചെറുപ്പക്കാരുടെകൂടെ ഇരുന്നു് വെടിപറയാനും പുകവലിക്കാനും നിശ്ചയിച്ചിരിക്കയാണു്. അതു് അവസാനിപ്പിക്കുന്നതിനുവേണ്ടി ഉറക്കത്തിനു് നേരമായി എന്നുപറഞ്ഞു് ഞാൻ രണ്ടാംനില കാണിച്ചുകൊടുത്തു. ആ യുവതിയെ ഒരു മുറിയിലും ഉദ്യോഗസ്ഥന്മാരെ വേറൊരു മുറിയിലുമാക്കി. എന്റേതു് ഇവയ്ക്കിടയിലായിരുന്നു. എന്റെ വിരുന്നുകാരിക്കു് ഇതു് അത്ര ഇഷ്ടപ്പെട്ടില്ല. എങ്കിലും അവൾക്കതു് സ്വീകരിക്കാതെ നിവൃത്തിയില്ലായിരുന്നു.

അടുത്ത പ്രഭാതത്തിൽ ആ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ പാചകരെ വിളിച്ചു 4 പന്നികളെ പിടിച്ചു് കൊല്ലാൻ കല്പിച്ചു. ഭാവിയിലെ ആ വശ്യത്തിനുവേണ്ടിയാണത്രേ അതു്. പ്രാതൽ ഉണ്ടാക്കാനും നിർദ്ദേശം കൊടുത്തു. ഞാൻ പാട്ടപൂജ കഴിഞ്ഞു് മടങ്ങിവന്നപ്പോൾ വൃത്തികെട്ട ബൂട്ട്സ് ധരിച്ച ഒരു മാസ്റ്റർ സർജന്റ് എന്റെ കട്ടിലിൽ കയറി നീണ്ടുനിവർന്നുകിടക്കുന്നതു കണ്ടു. എന്റെ സഹോദരി വളരെപണിപ്പെട്ടു തുന്നൽവേലചെയ്തു് ഉണ്ടാക്കിയതാണു് അതിന്റെ വിരിപ്പു്. അയാൾ നല്ലവണ്ണം കുടിച്ചിട്ടുണ്ടായിരുന്നു. രാക്ഷസീയമായി അലറുന്നുമുണ്ടായിരുന്നു.

"ആ തൊല്ല അവസാനിച്ചു. ഞങ്ങൾ ചെയ്തിരുന്നതുപോലെ ഈ പിള്ളേരെക്കൊണ്ടു് ഡ്രിൽ ചെയ്യിക്കാൻ അവർ സമ്മതിക്കുന്നില്ല. അവക്കതിനുള്ള ചൊണ ഇല്ലന്നേ..... ആ നശിച്ച തടസ്സക്കാരൻ ബെക്കു് ട്ടെസ്ഗാഡനെ തട്ടിക്കളഞ്ഞിരുന്നെങ്കിൽ..... ഈ മനംമറിച്ചിലെല്ലാം

തീരുമായിരുന്നു. അതു് ചെയ്തിരുന്നെങ്കിൽ"

അയാൾക്കു് മുപ്പതു വയസ്സോളം പ്രായമുണ്ടു്. ഇരുപത്തിമൂന്നുകാരനായ ക്യാപ്റ്റൻ ഒരു ചൂട്ടുകളിയുംകഴിഞ്ഞു അന്തസ്സിലങ്ങുവന്നു നെയ്യിൽകിടന്നു് നീന്തിത്തുടിക്കുന്ന പൊരിച്ച മാംസക്ഷണങ്ങൾ ശാപ്പിട്ടുതുടങ്ങി. ഒരു കുപ്പി സ്പിരിട്ടു് അടിച്ചു് വീഞ്ഞും വരുത്തി.

ആ അഭയാർത്ഥിനിക്കു് ഇതു് നന്നാ ഇഷ്ടപ്പെട്ടു. അവൾക്കു് ഞങ്ങളുടെ മനോഹരമായ ഗ്രാമത്തിൽ കുറെക്കൂടെ താമസിക്കണമെന്നുണ്ടെന്നും കുറെനേരം മഞ്ഞിൽ തെന്നിക്കളി നടത്തണമെന്നും എന്നോടു് പറഞ്ഞു.

ഒരു കായ്യംമാത്രമെ എനിക്കു് ചെയ്യാനുണ്ടായിരുന്നുള്ളു. "ആ സ്ത്രീ ആരുമായിക്കൊള്ളട്ടെ, ഇവിടെ അവൾ അസ്ഥാനത്താണു്. ഒരു മണിക്കൂറിനുള്ളിൽ ഈ ഗ്രാമത്തിൽനിന്നും അവളെ പുറത്തു വിടാത്തപക്ഷം നിങ്ങളുടെ മേധാവിയെ ഞാൻ വിവരമറിയിക്കും" ഞാൻ ആ ക്യാപ്റ്റനോടു പറഞ്ഞു.

മേലുദ്യോഗസ്ഥനെപ്പറ്റിഞ്ഞുള്ള ഈ ഭീഷണി കുറിക്കുകൊണ്ടു. ഉടനെ ഒരു മഞ്ഞുവണ്ടി കൊണ്ടുവരുന്നതിനും അവളെ ഹെയിൻസ്ബർഗ്ഗിലേക്കു് കൊണ്ടുപോകുന്നതിനും അയാൾ ഏർപ്പാടു ചെയ്തു.

അരമണിക്കൂറിനുശേഷം ആ ഉദ്യോഗസ്ഥന്റെ പിതാവാകാൻമാത്രം പ്രായമുള്ള ഒരു പട്ടാളക്കാരൻ വന്നു് മഞ്ഞുവണ്ടി എത്തിയ വിവരം അറിയിച്ചു. ആ പട്ടാളക്കാരനെ നോക്കുകപോലും ചെയ്യാതെ ലഫ്റ്റനന്റു് അലറി. "പുറത്തു പോകുക"

പുറത്തുപോയി സ്ഥിതിഗതികൾ ഒന്നു മനസ്സിലാക്കണമെന്നെനിക്കു തോന്നി. ആ പോക്കു് ജർമ്മൻ സൈന്യത്തിന്റെ നില മനസ്സിലാക്കാൻ സഹായിച്ചു.

എഴുപതാം ഞായറാഴ്ചയായിരുന്നു പ്രഥമദിവ്യകാരുണ്യ സ്വീകരണദിനം. തങ്ങളുടെ ശുഭ്രവസ്ത്രധാരികളായ കുഞ്ഞുങ്ങൾ ആദ്യമായി അൾത്താരയെ സമീപിക്കുന്ന കാഴ്ച കത്തോലിക്കരുടെ ഹൃദയത്തിൽ "കുളിർകോരിയിടുന്ന ഒന്നാണു്. ഈ കുഞ്ഞുങ്ങളുടെ ഭാവി എങ്ങനെയിരിക്കും? തങ്ങളുടെതന്നെ ഹൃദയകളങ്കം എത്ര മനംമറിപ്പു് ഉണ്ടാക്കുന്നതാണു്? ....സമയംകൊണ്ടു് കൂട്ടത്തുപോയ ഹൃദയങ്ങളേപ്പോലും മുറിപ്പെടുത്താൻ അന്നു സാധിക്കുമെന്നു് ഒരു വികാരിയച്ചനറിയാം. അന്നത്തെ അജ്ഞേഹത്തിന്റെ പ്രസംഗം കുട്ടികളെ എന്നതിനേക്കാൾ കൂടുതലായി മാതാപിതാക്കന്മാരെ ഉദ്ദേശിച്ചായിരിക്കും.

അന്നത്തെ ദിവ്യബലിയിലെ സുവിശേഷമായ മുന്തിരിത്തോപ്പിലെ വേലക്കാരുടെ ഉപമയേക്കാൾ മെച്ചപ്പെട്ടതും ആ അവസരത്തിനു് കൂട്ട

തൽ യോജിച്ചതുമായ ഒരു പ്രസംഗം എഴുതിയുണ്ടാക്കുവാൻ എനിക്കു് കഴിയുമായിരുന്നില്ല. തീർത്തും സമയോചിതമായിരുന്ന അന്നത്തെ സുവിശേഷഭാഗം. ആ പ്രഥമ ദിവ്യകാരുണ്യ സ്വീകർത്താക്കളുടെ സാന്നിധ്യത്തിൽ ആ സുവിശേഷത്തിലെ അന്ത്യോപദേശത്തിന്റെ സന്ദേശമായ കരുണയെ എന്റെ ജനങ്ങൾക്കു് ചൂണ്ടിക്കാണിച്ചുകൊടുക്കുക എളുപ്പമായിരുന്നു. പതിനൊന്നാം മണിക്കൂറിന്റെ ആ താരതമ്യം കൂടുതൽ വ്യക്തമാക്കേണ്ട ആവശ്യവും ഉണ്ടായിരുന്നില്ല. മരണത്തിന്റെ ദീനസ്വരങ്ങളാൽ ആവൃതരായ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളുടെ നീതിപൂർവ്വമായ കഷ്ടപ്പാടുകളിൽനിന്നു് രക്ഷിക്കുവാൻ തീഷ്ണതയോടെ പ്രാർത്ഥിച്ചു.

II മരണത്തിന്റെ പൊടിയിൽ

യുദ്ധം മൂന്നേറിക്കൊണ്ടിരിക്കുമ്പോൾ ഏതുവഴിക്കാണു് രക്ഷപ്പെടുന്നതു് എന്നു് ഏറ്റവും അവസാനമായിരിക്കും സാധാരണക്കാർ മനസ്സിലാക്കുക. എന്നാൽ അതിന്റെ കെടുതികൾ ആദ്യമായി അനുഭവിക്കേണ്ടവർ അവരാണുതാനും. എഴുപതാം ഞായർ കഴിഞ്ഞുവന്ന തിങ്കളാഴ്ച എതിർവശങ്ങളിലേക്കു് കൈചൂണ്ടുന്ന രണ്ടുതരത്തിലും വ്യാഖ്യാനിക്കാവുന്ന രണ്ടു അടയാളങ്ങൾ സൂസ്സെൻബെർഗ്ഗ്കാരായ ഞങ്ങൾക്കു കാണാൻ കഴിഞ്ഞു.

അന്നു പ്രഭാതത്തിൽ ഞങ്ങളുടെ പക്കൽവന്ന ഒരു ഗണം അഭയാർത്ഥികൾ മങ്ങിയ ഒരു ആശാദീപം ഞങ്ങളിൽ കൊളുത്തി. അവർ പോന്ന ആ ഡിസ്ട്രിക്ടിൽ റഷ്യാക്കാർ 20 മൈലോളം പിൻതള്ളപ്പെട്ടിരുന്നു. സുരക്ഷിതരാണെന്നു് ഞങ്ങളെ വിശ്വസിപ്പിക്കാൻ ഞങ്ങളുടെ പക്കൽ പാർത്തിരുന്ന പട്ടാളക്കാർ ആവതു ശ്രമിച്ചു. ജർമ്മൻ മുന്നേറ്റത്തെക്കുറിച്ചുള്ള വാർത്ത അവർക്കു നവചൈതന്യം പകർന്നു. ഭീമൻ യന്ത്രത്തോക്കുകളെ യഥാസ്ഥാനം ഉറപ്പിക്കുന്നതിനാവശ്യമായ 20 ഗ്യാലൻ ഗാസൊലിൻ അവർക്കുലഭിച്ചിരുന്നു. മഞ്ഞുകാറു് അവർക്കു് ഒരുക്കത്തിനു വേണ്ട സമയം നൽകി. അവർ റഷ്യാക്കാരെ പിടികൂടിതകർത്തുകളയും. ഞങ്ങൾക്കു് ഒന്നും ഭയപ്പെടാനില്ലത്രെ!

എന്നാൽ എതിരടയാളങ്ങൾ ഇവയെ വെല്ലുവിളിക്കുന്നവയായിരുന്നു. ഈ വീമ്പുപറച്ചിലൊക്കെ വെറും ഇരുട്ടിലെ ചൂളം വിളികൾ പോലെ തോന്നിച്ചു. തങ്ങളുടെ സഖാക്കളുടെ ആദ്യ ആവിർഭാവത്തിൽ തന്നെ ഞങ്ങളുടെമേൽ ചാടിവീണു് ആക്രമണം നടത്താൻ കാടുകളിലും, കുളപ്പുരകളിലും ഒരുങ്ങിയിരിക്കുന്ന കമ്മ്യൂണിസ്റ്റുകളെപ്പറ്റിയുള്ള വാർത്ത നാടുമുഴുവൻ പരന്നിരുന്നു. ബഹളത്തിൽ പട്ടാളക്കാരിൽനിന്നും

രക്ഷപെട്ട തടങ്കൽ പുള്ളികളാണത്രെ അവർ. ക്ഷീണിതരും നിരാശരും വൃദ്ധരുമായ ജർമ്മൻ പട്ടാളക്കാരെ ഗ്രാമത്തിൽ അങ്ങുമിങ്ങും കാണാമായിരുന്നു. ഒരുതരം സൈനികാനുകരണങ്ങൾ! അവരിൽ ചിലർ 8–10 ദിവസങ്ങളായി വെടിമരുന്നുശാല കാക്കുക, വിമാനസങ്കേതങ്ങൾ രക്ഷിക്കുക തുടങ്ങിയ പിന്നണിവേലകളിൽനിന്നും മാറി അലഞ്ഞുതിരിയുകയായിരുന്നു. ഉദ്ദേശം ഏഴരമൈൽ തെക്കുകിഴക്കുള്ള ഫ്രോയിഡെൻബർഗ്ഗിലേക്കു് അവരിപ്പോൾ വിളിക്കപ്പെട്ടിരിക്കയാണു്. ഗാസൊലിനും, എണ്ണയും തീർന്നുപോയതുകൊണ്ടു് അവരുടെ മുന്നണിയും യുദ്ധക്കരുക്കളും നിർജ്ജീവമായിത്തീർന്നിരിക്കയാണു്. എങ്ങും തുളച്ചുകയറുന്ന ഒരു സൈന്യത്തിനെതിരെ മുന്നണി നിരക്കുവാനാണു് ഈ വൃദ്ധന്മാർക്കു് വിളിവന്നിരിക്കുന്നതു്. ഞങ്ങളുടെ മുന്നണിയെസംബന്ധിച്ചിടത്തോളം വളരെ നിസ്സായകമായ ഒരു സ്ഥലമായിരുന്നു ഫ്രോയിഡൻബർഗ്ഗ്. എന്തു വിലകൊടുത്തും അവിടെ പിടിച്ചുനിൽക്കേണ്ടതു് അവശ്യാവശ്യമായിരുന്നു.

കൃതിച്ചയരുന്ന ഭീതി മനുഷ്യനെ മരണചിന്തയിലാഴ്ത്തി. വളരെ വളരെക്കാലമായി ദേവാലയത്തിൽ കടക്കുകപോലും ചെയ്യാതിരുന്നവർ ഇപ്പോൾ ദൈവത്തിലും പുരോഹിതരിലും ദിവ്യ സംസ്ക്കാരങ്ങളിലും ആശ നട്ടിരിക്കയാണു്. ഞാൻ പോയെടത്തെല്ലാം മരണാസന്നരേയോ, രോഗികളേയോ സന്ദർശിക്കുമ്പോളെന്നപോലെ ദിവ്യകാരുണ്യവും സംവഹിച്ചുകൊണ്ടിരുന്നു.

ഞങ്ങൾ യുദ്ധരംഗത്തോടു് എന്തുമാത്രം അടുത്തിരിക്കുന്നുവെന്നതിനു ഉദാഹരണങ്ങളിൽ തുങ്ങിനില്ക്കേണ്ട ആവശ്യമില്ലായിരുന്നു. പുത്തൻ പുത്തൻ മുറിവുകളുമായി ഗ്രാമത്തിലേക്കു് പിൻവാങ്ങുന്ന അനേകം സൈനികരെ ഞാൻ കണ്ടുമുട്ടി. ഞങ്ങളുടെ വൃദ്ധന്മാരുടേയും, രോഗികളുടേയും വൈക്കോൽ മെത്തയിൽ ഓഹരിപറ്റിയാണു് അവർ കഴിഞ്ഞുകൂടിയതു".

എന്റെ തെക്കുവശത്തെ അയൽക്കാരനും സ്റ്റോൽഷാഗെനിലെ വികാരിയുമായ ഫാദർ ലാൻഗ്വാൽഡുമായി ചില പ്രശ്നങ്ങളെപ്പറ്റി സംസാരിക്കണമെന്നുണ്ടായിരുന്നു എനിക്കു്. ഞാൻ ബിഷപ്പിന്റെ സെക്രട്ടറിയായിരുന്നകാലം മുതൽക്കേ ഞങ്ങൾ സുഹൃത്തുക്കളായിരുന്നു. ഒരു ഭരണാധിപൻ എന്ന നിലയിൽ ഹെയിൽസ്ബർഗ്ഗിലെ ആ നല്ല ഡീനിന്റെനേരേ എതിരായിരുന്ന ഇദ്ദേഹം. ചാൻസലറിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലുദ്ദേഹം എപ്പോഴും അവസാനത്തവനായിരുന്നു; മാത്രമല്ല അതെല്ലാം കിട്ടണമെങ്കിൽ പലപ്രാവശ്യം നിബ്ബന്ധിക്കേണ്ടിവരികയും ചെയ്യുമായിരുന്നു. എന്നാൽ അനുശാസനങ്ങൾ സ്വീകരിക്കുന്നതിലെപ്പോഴും നല്ലമനസ്സുകാണിച്ചിരുന്നു. തന്നെത്തന്നെയും മെത്രാനെയും ക്ലേശിപ്പിക്കുന്നതെന്നഭിപ്രായപ്പെടുമ്പോൾ അതു ഫലിച്ചു. ഞാൻ സൂസ്സൻബർഗ്ഗിൽ വന്നപ്പോൾതുടങ്ങി എന്റെ പ്രേഷിതസുഹൃത്തും സന്തതസന്ദർശകനുമായിരുന്നു

അദ്ദേഹം. സാമൂഹ്യസമ്മേളനങ്ങളിൽ അദ്ദേഹം ഒരു രണ്ടാംകിട ചീട്ടുകളിക്കാരനായിരുന്നു. എല്ലാത്തരം പുസ്തകങ്ങളും വായിക്കുന്നതിൽ വലിയ ഔത്സുക്യമൊന്നും പ്രദർശിപ്പിച്ചിരുന്നതു്. പ്രത്യേകിച്ചു് സ്പാനിഷ് ഭാഷയിലുള്ളവ. ദൈവശാസ്ത്രത്തിലും എന്റെ ക്രിസോസ്തോം പഠനങ്ങളിലും അദ്ദേഹത്തിനു് പ്രത്യേക താല്പര്യമൊന്നുണ്ടായിരുന്നതു്.

ഗൗരവതരമായ ഭീനംബാധിച്ചുകിടക്കുന്ന ഫാദർ ഏർണെസ്റ്റ് ഹോപ്പിനെ അദ്ദേഹം പരിചരിക്കുന്നതായിട്ടാണു് ഞാൻ കണ്ടതു്. ഫാദർ ഹോപ്പിന്റെ ഇടവക നാമാവശേഷമാക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വേലക്കാരനാണു് ഒരു മഞ്ഞുവണ്ടിയിൽ 40മൈൽ അകലെയുള്ള ഫാ. ലാൻഗ്വാൽഡിന്റെ അടുക്കൽ അദ്ദേഹത്തെ എത്തിച്ചതു്. എന്താണു് ചെയ്യേണ്ടതു്? എന്തു ചെയ്യാൻ കഴിയണം? എന്തൊക്കെ ചെയ്തേതീരൂ? എന്നീക്കാര്യങ്ങളെക്കുറിച്ചു് ഞങ്ങൾ മൂവരും ആശയവിനിമയം നടത്തി. ഞാൻ ഫാദർ ലാൻഗ്വാൽഡുമായി ഒരു കരാർ ചെയ്തു. "ആക്കെങ്കിലും ഒരാൾക്കു് എന്തെങ്കിലും സംഭവിച്ചാൽ മറ്റെയാൾ രണ്ടിടവകകളിലും കാര്യം നടത്തണം." തന്നെ ആരും ഉപദ്രവിക്കയില്ലെന്നു് ഫാ. ലാൻഗ്വാൽഡിനു് വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ഹൃദയംകൊണ്ടു് പോളണ്ടുകാരനായിരുന്നു. ഒരു പോളിഷ് ദേശീയസംഘടനയിൽ തനിക്കുള്ള അംഗത്വത്തെക്കുറിക്കുന്ന ഐഡൻറിറ്റി കാർഡ് അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. വലിയ വിശ്വാസമാണു് അദ്ദേഹത്തിനു് അതിലുണ്ടായിരുന്നതു്.

ഞാൻ വീട്ടിലേക്കു് തിരിച്ചുപോകുമ്പോൾ നേരം നന്നായി ഇരുട്ടിയിരുന്നു. ഹിമപാതവും നന്നായിട്ടുണ്ടായിരുന്നു. എട്ടുപത്തുമൈൽ അകലെയായി ഗ്രാമത്തിൽ അഗ്നി പടർന്നുപിടിച്ചതിന്റെ ഫലമായി ആകാശത്തിൽ ചെങ്കനൽപ്രഭ കലരുന്നതു് മൂടൽ മഞ്ഞിലൂടെ എനിക്കു് കാണാമായിരുന്നു. യന്ത്രത്തോക്കുകളുടേയും പീരങ്കികളുടേയും കടകടസ്വരം എന്റെ ചെവികളിൽ വന്നലച്ചുകൊണ്ടിരുന്നു. അതു് അടുത്തടുത്തു് വരികയാണെന്ന ആശങ്ക എന്നിൽ ഭീതി ജനിപ്പിച്ചു. ഞാൻ അസ്വസ്ഥനായി. ഓടിരക്ഷപ്പെടുവാനുള്ള പരീക്ഷ എന്നെ വട്ടമിട്ടു. ഞാൻ എന്തു ചെയ്യാനാണു്? വി. പൗലോസു് തിമോത്തിക്കയച്ച ഒന്നാം ലേഖനത്തിൽ പറയുന്ന "സമാധാനപൂർണ്ണവും ശാന്തവുമായ ജീവിതം" ആവശ്യപ്പെടുന്നതരത്തിലുള്ള സേവനത്തിനാണു് എന്റെ ദൈവവിളി. അത്തരത്തിലുള്ള ജീവിതമോ, ആ വിളിക്കുള്ള മറുപടിയോ ഇവിടെ എനിക്കു് കാണാൻ കഴിഞ്ഞിട്ടില്ല, തീർച്ച. എന്റെ വിളി പൂർത്തിയാക്കുവാൻ സാധിക്കുന്ന സ്ഥലമുള്ളപ്പോൾ എന്തുകൊണ്ടു് ഇവിടം വിട്ടു് അവിടേക്കു് പോയിക്കൂടാ? എന്റെ ചുറകം കാണുന്ന കുട്ടപിടിച്ച ഇരുട്ടുപോലെയും ഞാൻ ഉരുളയിട്ടുപോകുന്ന ഈ മരവിച്ച മഞ്ഞുപോലെയും ആയിത്തീർന്നിരുന്ന എന്റെ മനസ്സുപ്പോലും.

എതിർവശത്തേക്കു വേഗത്തിൽ മാർച്ചു ചെയ്യുന്ന രണ്ടു പട്ടാളക്കാരെ ഞാൻ കണ്ടുമുട്ടി. അവർ ചെറുപ്പക്കാരായിരുന്നില്ല; എന്നെപ്പോലെതന്നെ ക്ഷീണിതരും അവശരുമായിരുന്നു അവർ. ഒരുത്തന്റെ പത്തടി പുറകിലായി മറെറാരുത്തൻ എന്ന മുറയ്ക്കാണു് അവർ പൊയ്ക്കൊണ്ടിരുന്നതു്. അവരുടെ ഉചിതമറെറ ഔദ്യോഗിക വസ്ത്രത്തിന്റെ കോളർ പൊക്കിവച്ചിരുന്നു, മഞ്ഞിൻനിന്നും തുളച്ചുകയറുന്ന കാറിൽനിന്നും തങ്ങളുടെ കാതുകളെ രക്ഷിക്കുവാൻ. വൃത്തിഹീനമായ മഫ്ളർകൊണ്ടു് കഴുത്തും താടിയും ചുറിക്കെട്ടിയിരുന്നു. കോട്ടും മഫ്ളറും ശീതവാത മേറെറ് നനഞ്ഞിരുന്നു. പുതപ്പും ഭാണ്ഡങ്ങളും ഭാരമുള്ള തോക്കുകളും അവരെ വല്ലാതെ ക്ലേശിപ്പിക്കുന്നതായി തോന്നി.

"ഫ്രോയിഡൻബർഗിലേക്കുള്ള ശരിയായ വഴി ഇതുതന്നെയോ?" ഒന്നാമൻ ചോദിച്ചു.

"ഇതുതന്നെ" ഞാൻ മറുപടി പറഞ്ഞു. "പക്ഷെ അങ്ങോട്ടപോവാൻ പററിയ സമയമാണിതെന്നു തോന്നുന്നില്ല. നിങ്ങൾക്കു മുമ്പായി ഈവാൻ അവിടെ എത്തിക്കാണും."

"ഞങ്ങൾ 18–ാം തീയതി പുറപ്പെട്ടതാണു്, മുഴുവൻ വിഭാഗത്തോടും അവിടെ എത്താൻ ഓർഡറുണ്ടു്" റൈൻലാൻഡുകാരുടെ സ്വരവിശേഷത്തോടെ ആ മനുഷ്യൻ മറുപടി പറഞ്ഞു.

"നിങ്ങൾ എവിടെ നിന്നാണു്" രണ്ടാമനോടു് ഞാൻ ചോദിച്ചു.

"അപ്പർ സൈലേഷ്യായിൽ നിന്നു്"

"അപ്പോൾ നിങ്ങൾ രണ്ടുപേരും കത്തോലിക്കരാണു് അല്ലേ? ഞാൻ ആരാഞ്ഞു.

അത്ഭുതസ്തിമിതരായ ആ മനുഷ്യർ എന്നെ അടിമുടി ഒന്നുനോക്കി.

"നിങ്ങളാരാണു്? ഒരു പാസ്റ്റർ ആയിരിക്കും?"

"ഞാനൊരു പുരോഹിതനാണു്. ദിവ്യകാരുണ്യവും സംവഹിച്ചുകൊണ്ടുപോകയാണു്."

ഒരു നിമിഷത്തേക്കു് ഇരുവരും മൗനംപൂണ്ടു; അന്യോന്യം ഒന്നുനോക്കി.

"ഞങ്ങൾക്കൊന്നു് പാപസങ്കീർത്തനംചെയ്യാൽ കൊള്ളാമെന്നുണ്ടു്" റെയിൻലാൻഡുകാരൻ പറഞ്ഞു.

ഞങ്ങൾ നടന്നുകൊണ്ടേ ഇരുന്നു. റോഡരികിലുള്ള ഒന്നാമത്തേയും രണ്ടാമത്തേയും മരങ്ങൾക്കിടക്കുവച്ചു് റെയിൻലാൻഡുകാരൻ പാപസങ്കീർത്തനം ചെയ്തു. രണ്ടാമത്തേയും മൂന്നാമത്തേയും മരങ്ങൾക്കിടക്കുവച്ചു് അപരനും. മൂന്നാമത്തെ വൃക്ഷച്ചുവട്ടിൽ കുഷിക്കാർ കേവുകേറുന്ന ഒരു തട്ടുണ്ടായിരുന്നു. അതു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ പറഞ്ഞു "അവിടെ ദിവ്യകാരുണ്യസ്വീകരണം നടത്താം."

തണുത്തുമരവിച്ച കൈകൾകൊണ്ടു് അരുളിക്കാ തുറക്കുവാൻ കുറെ

ബുദ്ധിമുട്ടേണ്ടിവന്നു. കുറെനേരംഉറക്കി ചൂടുപിടിപ്പിച്ചതിനുശേഷമേ അതു തുറന്നു് തിരുവോസ്തി എടുക്കുവാൻ എനിക്കു കഴിഞ്ഞുള്ളു.

ആ മനുഷ്യർ ആ കേവുതട്ടിൽ കൈ ഉയന്നിക്കൊണ്ടു് ഒരു മഞ്ഞുകട്ടയിന്മേൽത്തന്നെ മുട്ടുകുത്തി. എന്റെ പുറകിലായി കത്തിക്കാളുന്ന ക്രാമങ്ങളുടെ ചെങ്കതിർപരന്ന ആകാശം അപ്പോഴും ഭൂമ്യമായിരുന്നു. കൂടാശാസ്ത്രീകരണത്തിനു വഴിപ്പെടാതിരുന്ന ഒരു വൃദ്ധകൃഷീവലന്റെ വീടു് മൻവശത്തും. ഉയർപ്പിനു് ഇനിയും രണ്ടുമാസംകൂടി ഉണ്ടെന്നു് പറഞ്ഞാണു് അയാൾ ഇന്നു് അതിനു് സമ്മതിക്കാതിരുന്നതു്! ഈ സാഹചര്യത്തിൽ—മരണം ഒഴിച്ചു് വേറെ ഒന്നിനെക്കുറിച്ചും നിശ്ചയമില്ലായിരുന്ന ഈ അവസരത്തിൽ—ആണു് ഈ രണ്ടു പട്ടാളക്കാർ 'ജീവന്റെ അപ്പം' സ്വീകരിച്ചതു്.

വികാരങ്ങളെ കിക്കിളിയിട്ട ഒരു നിമിഷമായിരുന്നു അതു്. തന്റെ ഹൃദയത്തിന്റെ ഉള്ളറകളിൽ പൊട്ടിവിടർന്ന വികാരങ്ങളെ പ്രകാശിപ്പിക്കാതിരിക്കുക എന്നതു് ആ റെയിൽലാൻഡുകാരന്റെ സഭാശീലത്തിനു് യോജിച്ചതായിരുന്നില്ല. അയാൾ നിലത്തു് താണുവീണുകൊണ്ടു് എന്റെ കൈകളും പിടിച്ചു് അയാളുടേതിനോടു് ചേർത്തപ്പോൾ, ഞങ്ങളുടെ കണ്ണുകളിൽ അശ്രുകണങ്ങളും പൊടിഞ്ഞുവെന്നാണു് എനിക്കു് തോന്നുന്നതു്. അയാൾ പറഞ്ഞു "അച്ചാ എനിക്കീഭാഗ്യം എങ്ങനെ ഉണ്ടായി.... ഇത്രയേറേ കൊല്ലങ്ങൾക്കു് ശേഷം?"

മറെയാളും ഒരു വാക്കുപോലും പറഞ്ഞില്ല. അയാൾ പോക്കറ്റിൽ തപ്പിക്കൊണ്ടിരുന്നു. അവസാനം അയാൾ അന്വേഷിച്ച സാധനം ഒരു ജപമാലയുടെ ഒരു കഷണം—പുറത്തേയ്ക്കിട്ടുതന്നു.

"ഇതു് കേടുവന്നുപോകാത്തവിധം അത്രമാത്രം നിങ്ങൾ ജപിച്ചുവോ?" ഞാൻ ചോദിച്ചു.

"ഇല്ല അച്ചാ, ഞാൻ ജപിക്കാറില്ല. ഒരിക്കൽപോലുമില്ല. എന്റെ ഭാര്യയും 6 മക്കളും എല്ലാ ദിവസവും ചൊല്ലാറുണ്ടു്."

ഞങ്ങൾ മൂന്നുപേരും ആ ജപമാലക്കഷണത്തിൽ നോക്കിക്കൊണ്ടു് കുറെനേരം നിന്നുപോയി. അതുപിടിച്ചുകൊണ്ടു നില്ക്കുന്ന ആ മനുഷ്യൻ അയാളുടെ മൗനത്തിലൂടെ പ്രകാശിപ്പിക്കുവാൻ ആഗ്രഹിക്കുന്നതെന്തെന്നു ഞങ്ങൾക്കു് വ്യക്തമായി. തന്റെ കുടുംബത്തിന്റെ പ്രാർത്ഥനയാണു് അവിചാരിതമായ ഈ അന്ത്യനിമിഷത്തിൽ ദൈവവുമായി രമ്യപ്പെടുവാൻ ഈ രണ്ടു പട്ടാളക്കാർക്കു് ഇടവരുത്തിയതെന്നു് ഏറ്റവുപറയുകയായിരുന്നു അയാൾ.

അവർ തിരിഞ്ഞു് ഫ്രോയിഡൻബർഗ്ഗിലേക്കു് മാർച്ചു ചെയ്യുമ്പോഴും കാഴ്ചയിൽനിന്നും മറയുന്നതുവരെ ഞാൻ നോക്കി നിന്നു. ഇരുട്ടുണ്ടായിരുന്നു; എങ്കിലും ആകാശത്തിലെ ആ ചെങ്കനൽ വെളിച്ചത്തിൽ അവരുടെ രൂപം ഒരു നിഴൽപോലെ ഭൂമ്യമായിരുന്നു.

ആ രാത്രി റഷ്യാക്കാർ ഫ്രോയിഡൻബർഗ്ഗ് കൈവശപ്പെടുത്തിയിരുന്നു.

ആ കൂടിക്കാഴ്ചയിൽനിന്നും ആ വൃദ്ധസൈനികരാണോ, അതോ പുരോഹിതനാണോ കൂടുതൽ നന്മ സ്വീകരിച്ചതെന്നു് എനിക്കു് ഇന്നും നിശ്ചയമില്ല. അവർ വരുന്നതിനുമുമ്പു് നിരുത്സാഹതയുടെ നെല്ലിപ്പലക വരെ ഞാൻ എത്തിയിരുന്നു. ഞാൻ വല്ലാതെ ഭീതിപ്പെട്ടിരുന്നു. എല്ലാം ഉപേക്ഷിക്കുവാൻതന്നെ നിശ്ചയിച്ചിരുന്നു. ഇപ്പോൾ ആ ആശാഭംഗമെല്ലാം നാടുകടന്നിരിക്കയാണു്. ആ വഴിയിൽവച്ചുതന്നെ ഉച്ചത്തിൽ ഞാൻ ആലപിച്ചുപോയി "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എനിക്കു് അത്രയേറെ ആനന്ദം തോന്നിപ്പോയി.

അകത്തും പുറത്തും ഞാനൊരു പുതിയ മനുഷ്യനായിത്തീർന്നെന്നു് എനിക്കു തോന്നി. എന്തും വരട്ടെ പിടിച്ചു നില്ക്കുകതന്നെ എന്നു ഞാനുറച്ചു. ഈ രണ്ടു മനുഷ്യർക്കു് എന്റെ വാക്കുകളും കൈകളുംകൊണ്ടു് ചെയ്യുകൊടുക്കുവാൻ ദൈവം തിരുമനസ്സായ ആ മഹാദാനത്തിനു് എന്തു കൊടുത്താലാണു് കൂടുതലാവുക? പ്രസംഗിക്കുക, കൂടാശകളും പരികർമ്മം ചെയ്യുക എന്നീ പുരോഹിതകൃത്യങ്ങളും എന്നിൽനിന്നും പൂർണ്ണമായി എടുത്തുകളഞ്ഞാലും പിന്നെയും ചെയ്യാവുന്നതായി ഒന്നുണ്ടു് എന്റെ ആടുകളോടൊത്തു് സഹിക്കുക.

സായാഹ്നപ്രാർത്ഥനകൾക്കു് താമസിച്ചാണു് ഞാൻ പള്ളിമേടയിലെത്തിയതു്. വന്നവഴിയേതന്നെ പള്ളിയിൽ കൂടിയിരുന്ന ആളുകളുടെ മദ്ധ്യത്തിൽചെന്നുനിന്നു് ആ രണ്ടു പട്ടാളക്കാരുടെ കാര്യം അവരോടു പറഞ്ഞു. ഞങ്ങളുടെ ഉടപ്പിറപ്പുകളും മറെറല്ലാവരും മരണഭീതിയിൽപ്പെട്ടിരിക്കുന്നതു് ഓർത്തുകൊണ്ടു് 'ദുഃഖരഹസ്യങ്ങൾ' ചൊല്ലി ഞങ്ങൾ പ്രാർത്ഥിച്ചു. എല്ലാവക്കും ദൈവസ്നേഹവുമായി പുനരൈക്യം പ്രാപിക്കുന്നതിനുള്ള വരം ലഭിക്കണേ എന്നു ഞങ്ങൾ തുടർന്നപേക്ഷിച്ചു.

ആ രാത്രി ഹിമപാതം നിലച്ചു. അടുത്ത പ്രഭാതത്തിൽ ആകാശത്തിൽ മേഘശകലങ്ങൾപോലും ഇല്ലായിരുന്നു. അതിന്റെ ഫലമോ? പ്രതിരോധം വർദ്ധിപ്പിക്കാൻ ചുഴലിക്കാറ്റു് തന്നുകൊണ്ടിരുന്ന അവസരംപോലും നഷ്ടപ്പെട്ട. മുമ്പാരിക്കലുംകണ്ടിട്ടില്ലാത്ത തിടുക്കത്തോടും ഊർജ്ജസ്വലതയോടുംകൂടി എന്റെ പട്ടാളഅതിഥികൾ പ്രവർത്തിച്ചുതുടങ്ങി. പോഷണപ്രിയനായ ക്യാപ്റ്റൻ തന്റെ ചൂടുകുപ്പിയുടെ കാര്യംപോലും മറന്നുകളഞ്ഞു. പൊരിച്ച 10 മാംസക്ഷണങ്ങളിൽ 8-ം പാത്രത്തിൽ ഉപേക്ഷിച്ചിട്ടു് ലഫ്റ്റനൻറു് പോയി. സാധനസാമഗ്രികളെല്ലാം ഭാണ്ഡം കെട്ടുവാൻ പട്ടാളക്കാർക്കു് ആജ്ഞ നല്കി. തങ്ങളോടൊക്കെ കൊണ്ടുപോകാൻ സാധിക്കാത്ത സാധനങ്ങൾ കൂട്ടിയിട്ടു് തീവെക്കുവാനാണു് അവർ നിശ്ചയിച്ചതു്. പീരങ്കികൾ വെടിമുഴക്കുകളഞ്ഞു. യന്ത്രത്തോക്കുകൾ പ്രവർത്തിപ്പിക്കുവാനുള്ള ഗാസൊലിൻ യാത്രാവാഹനങ്ങളിലേക്കു്

മാറ്റി. 'ചിത'ക്കുട്ടിയിരുന്ന സാധനങ്ങൾക്ക് തീവെച്ചശേഷം അവർ വണ്ടിയോടിച്ചുപോയി. തങ്ങൾ പെറുക്കിയെടുത്തിരുന്ന കുറെ പെണ്ണുങ്ങളും അവരുടെകൂടെ ഉണ്ടായിരുന്നു. സംരക്ഷണത്തിനുവന്ന ഓക്സ്ഫർ ഏതാനും നാശനഷ്ടങ്ങളുടെ ഇടയിൽ ഞങ്ങളെ ആക്കിയിട്ട് സ്ഥലംവിട്ടു. പിന്തിരിഞ്ഞോടുന്ന സൈന്യങ്ങളും, പൗരന്മാരും, മഞ്ഞുവണ്ടികളും, ട്രക്കുകളും, കർഷകവണ്ടികളും മറവും ഞങ്ങളുടെ റോഡിലൂടെ ഒഴുകിക്കൊണ്ടിരുന്നു; നല്ല ഒരു ഘോഷയാത്ര. കുട്ടിയുള്ളതും തെന്നുന്നതുമായ മഞ്ഞു് വാഹനങ്ങളുടെ വേഗത ഒന്നിനൊന്നു കുറച്ചുകൊണ്ടിരുന്നു.

റഷ്യൻവിമാനങ്ങൾ തുടർച്ചയായി ബോമ്പുവർഷം നടത്തിക്കൊണ്ടിരിക്കയാണു് പിൻവാങ്ങുന്ന ഈ പരാജിതരുടെമേൽ. ജനങ്ങൾ സാധിക്കുന്നിടത്തെല്ലാം പ്രാണരക്ഷാർത്ഥം ഓടിഒളിച്ചു. ക്ഷീണിതർക്കും, അംഗവൈകല്യം ഭവിച്ചവർക്കും, ദീനക്കാർക്കും മറവും വേണ്ടത്രകിടക്കകൾ കിട്ടാനില്ല. അഭയാർത്ഥികൾ അധികപങ്കും സ്ത്രീകളും കുട്ടികളുമായിരുന്നു. അവരുടെ കഷ്ടപ്പാടു് നോക്കി നില്ക്കുകതന്നെ പ്രയാസം. "ആ ദിനങ്ങളിൽ ഗർഭിണികൾക്കും, സ്തന്യപാനം ചെയ്യിപ്പിക്കുന്നവർക്കും ഉദിതം. അതിനാൽ നിങ്ങളുടെ പലായനം വർഷകാലത്താകാതിരിപ്പാൻ പ്രാർത്ഥിക്കുവിൻ" (മത്തായി 24. 19–20).

മനുഷ്യരെ അത്യന്തം പേടിപ്പെടുത്തിയിരുന്ന പല രംഗങ്ങൾക്കും ഞാൻ മാപ്പുസാക്ഷിയായിത്തീർന്നു. അഞ്ചുമൈൽ അകലെവച്ചു് മഞ്ഞുവണ്ടികളിൽ ഓടിരക്ഷപെട്ടിരുന്ന രണ്ടു കുടുംബങ്ങളെ വിമാനങ്ങൾ തകർത്തുകളഞ്ഞു. അതിൽ 4പേർ മരിച്ചുതെങ്ങനെയെന്നു് രക്ഷപെട്ടവർ പറഞ്ഞുകേൾപ്പിച്ചു. വേറൊരു സ്ത്രീ മൂന്നുമൈൽ അകലെയുള്ള ഒരു ഗ്രാമത്തിൽനിന്നും വരികയായിരുന്നു. മഞ്ഞുവണ്ടിയുടെ മൂടി മാറ്റിയാണു് തന്റെ മൂന്നു കുഞ്ഞുങ്ങളേയും അവൾ അതിൽ കയറ്റിയതു്. ആ കുട്ടികൾക്കു് ഭക്ഷണംകൊടുക്കാൻ നോക്കിയപ്പോൾ മൂന്നുപേരും മരിച്ചുമരവിച്ചിരിക്കുന്നതാണു് കണ്ടതു്. അവരെ റോഡരികിലുള്ള മഞ്ഞിൽതന്നെ മറവുചെയ്വേണ്ടിയിരുന്നു. കുടുംബത്തിന്റെ മറ്റംഗങ്ങൾ വേറൊരു ഹിമരഥത്തിൽ ഉദ്ദേശം നൂറുവാര മുമ്പിലായി പോകുന്നുണ്ടായിരുന്നു. അതിന്റെ കൂടെ എന്തുണ്ടെന്നായിരുന്നു അവളുടെ ആശ്ചര്യം. വേറൊരു വണ്ടിയിൽ തണുപ്പുകൊണ്ടു മരവിച്ച ഒരു കിഴവൻ. മൃതദേഹം ഒരു വിരിപ്പിൽ പൊതിഞ്ഞു് പെട്ടിയിൽവച്ചു് കെട്ടി. കെട്ടു് അപ്രത്യക്ഷമാകുന്നതുവരെ പ്രഭാതമാകുവോളം അവർ കാത്തുനിന്നു. അതുകണ്ട വല്ല കള്ളനും ഇതു് ഉടനെ കൊല്ലപ്പെട്ട വല്ല മുതലാണെന്നും, ഒരു നേരത്തേക്കു് പറിക്കാമെന്നും വിചാരിച്ചിരിക്കും.

എന്റെ താമസസ്ഥലത്തു് 50–ഓളംപേർക്കു് അഭയം നല്കി. ക്ഷീണിച്ചു് തളർന്ന ഒരു ഡസൻ പട്ടാളക്കാർ കുശിനിയുടെ തറയിൽകിടന്നു ക്ഷീണംവലിക്കുന്നു. ആ സായാഹ്നത്തിൽ ഡിന്നർസമയത്തു് ഒരു സൈനി

കോദ്യോഗസ്ഥൻ വന്നു് വളരെ തിടുക്കത്തോടും ഗൗരവത്തോടുംകൂടി പറഞ്ഞു ഇരുവശത്തുനിന്നും സൈനികമുന്നേറ്റം അടുത്തടുത്തുവരുന്നു, താമസിയാതെ നിങ്ങളേയുമതു വിഴുങ്ങിക്കളയും, തീർച്ച. നിങ്ങൾ സ്ഥലംവിട്ടുപോകതന്നെ വേണം. ഉടനെ വേണം. ഒരു പുരോഹിതൻ ഇവിടെ കഴിച്ചുകൂട്ടുന്നതു് ഉപയോഗശൂന്യം എന്നുമാത്രമല്ല ആത്മഹത്യാപരവുമാണു്. മറവുള്ളവർ ഒരുപക്ഷേ രക്ഷപെട്ടേക്കാം. എന്നാൽ ഒരു വൈദികനെ സംബന്ധിച്ചിടത്തോളം അതുമില്ല. ഒന്നുകിൽ വെടിയുണ്ട അല്ലെങ്കിൽ സൈബേരിയായിലേക്കു് സ്ഥലംമാറ്റം. നേരത്തേ കൊല്ലപ്പെട്ട 6 വൈദികരുടെ പേരും അയാൾ പറഞ്ഞു. അയാൾക്കൊരു നല്ല ഹിമരഥവും ഒരു ജോഡി കരുത്തൻ കുതിരകളും ഉണ്ടായിരുന്നു. അതിൽ എനിക്കു സ്ഥലം തരാമെന്നും അയാൾ പറഞ്ഞു.

"ഞങ്ങളുടെ 4 വൃദ്ധന്മാക്കും കൂടികൊള്ളുംകൂടി അതിൽ ഇടമുണ്ടാകുമോ" ഞാൻ ചോദിച്ചു.

"ഞങ്ങളുടെ മുറിവേറ്റ ആളുകൾക്കുപോലും സ്ഥലം തികയുകയില്ല" അയാൾ പ്രതിവചിച്ചു.

ഞാൻ മാതാപിതാക്കന്മാർക്കൊരു കത്തെഴുതി അയാളെ ഏല്പിച്ചു. കെണിയിൽ വീഴാതെ രക്ഷപെടുകയാണെങ്കിൽ അതു് അവരെ ഏല്പിക്കാമെന്നു് ആ നല്ല മനുഷ്യൻ ഏറ്റു. എഴുത്തിൽ ഒപ്പുവയ്ക്കുകയും, രക്ഷപെടുന്നതിനുള്ള അവസാന പ്രയത്നശക്തി അസ്തമിക്കുകയും ചെയ്തപ്പോൾ ഞാൻ ഒരു അവസാനതീരുമാനം എടുക്കേണ്ടതായിരുന്നു. പക്ഷെ ഞാനതു ചെയ്തില്ല. വഴിയിൽവച്ചു് ആ രണ്ടു് സൈനികരെ കണ്ടുമുട്ടിയതിൽപിന്നെ ആ പ്രശ്നം മനസ്സിൽ ഉദിച്ചിട്ടേ ഇല്ല. മാതാപിതാക്കന്മാർക്കെഴുതിയതു് അവരെ ആശ്വസിപ്പിക്കാൻവേണ്ടി മാത്രമായിരുന്നു. ഇതു് എന്റെ പ്രത്യേക മദ്ധ്യസ്ഥനായ വി. ക്രിസോസ്തോമിന്റെ തിരുനാളാണെന്നും, 407–മാണ്ടു് അദ്ദേഹവും കിഴക്കൻ നാടുകളിലേക്കു് ബഹിഷ്ക്കരിക്കപ്പെടുകയാണുണ്ടായതെന്നുമുള്ള വസ്തുതകളും അവരെ അനുസ്മരിപ്പിച്ചു. അദ്ദേഹത്തിനേക്കാൾ കൂടുതൽ എനിക്കു് സഹിക്കേണ്ടതായി വരികയില്ല. ഇതു് ഒരുപക്ഷേ കാൽവരിയിലെ ഓഖോവെള്ളിയാഴ്ചയുടെ അന്ധകാരമായിരിക്കാം. എന്നാൽ എന്തു്? അങ്ങനെയെങ്കിൽ ഉയർപ്പിന്റെ പ്രകാശധോരണി വിദൂരത്തായിരിക്കയില്ല. "ദൈവം എല്ലാത്തിലും വാഴ്ത്തപ്പെടട്ടെ!" എന്നുള്ള വി. ക്രിസോസ്തോമിന്റെ അന്ത്യശാസനം ഉരുവിച്ചുകൊണ്ടാണു് ഞാൻ ആ ലേഖനം അവതരിപ്പിച്ചതു".

ഞങ്ങളുടെ ഗ്രാമം ആവശ്യങ്ങളുടേയും, ആശങ്കകളുടേയും കൂഴഞ്ഞ സങ്കേതമായിത്തീർന്നിരുന്നു. അതുകൊണ്ടു് അതന്റെ പാസ്റ്ററായ എനിക്കു് ദിവാസ്വപ്നങ്ങൾക്കോ ധീരോദ്ദാത്തചിന്തകൾക്കോ ഒന്നും സമയമുണ്ടായിരുന്നില്ല. അവിടത്തെ സഭയ്ക്കുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കാൻ തന്നെ ഞാൻ കച്ചകെട്ടി. ധീരയും പ്രവർത്തനോൽസുകയു

മായ ഒരു യോഷാമണിയെ എന്റെ സഹായത്തിനു കിട്ടി. ഒരു വീരയുവതി. സെൻറ് എലിസബത്തിന്റെ സന്ന്യാസസഭയിലെ ഒരു സഹോദരി; സിസ്റ്റർ ഇമെൽഡാ. ഒരു വണ്ടിനിറയെ വൃദ്ധകളുമായിട്ടാണ് അവർ വന്നതു്, കത്തിയെരിയുന്ന നോസ്ബഗ്ഗ്പട്ടണത്തിൽനിന്നു്. അവരുടെ ലക്ഷ്യം ഹെയിൽസ്ബഗ്ഗ് ആയിരുന്നു. പക്ഷെ ആ റോഡുകളെല്ലാം ബന്ധിക്കപ്പെട്ടുകഴിഞ്ഞു. യുദ്ധം പട്ടണത്തിൽതന്നെ എത്തിയിരിക്കയാണു്. ഞാൻ അവരെ സ്വാഗതം ചെയ്തു. പള്ളിമേട അവർക്കു വിട്ടുകൊടുത്തു. ആ ഭവനത്തിലുള്ളവർക്കു് ഭക്ഷണവും കിടപ്പാടവും അന്വേഷിച്ചു് ഒരു തേനീച്ചയെപ്പോലെ ആ സഹോദരി ചുറ്റിനടക്കുന്നതു് കാണേണ്ടതുതന്നെയാണു്.

കഴിവുറ്റ ഈ വീട്ടമ്മ എനിക്കു് ഏറ്റം പ്രിയകരമായ ഭക്ഷണം പാകംചെയ്തു് എന്റെ മുമ്പിൽ വച്ചു. അപ്പോൾ അതാ വാതിൽക്കൽ ഒരു മുട്ടു്. അവിചാരിതമായി ഒരതിഥി. ആവിപറക്കുന്ന ആ ഭക്ഷ്യപേയങ്ങൾ അവിടെ വെച്ചിട്ടു് ഞാൻ പുറത്തേക്കു് ഒളിഞ്ഞുനോക്കി. ഒരു കറുത്തരൂപം. ഒറ്റക്കയ്യനായ ഒരു മനുഷ്യനാണതെന്നു് എനിക്കു മനസ്സിലായി "അച്ചാ അങ്ങു് എന്നെ സഹായിക്കണം. ഇനിയും മുമ്പോട്ടുപോകുക സാദ്ധ്യമല്ല. എന്റെ അവസാനം ഇവിടെത്തന്നെ" ആ മനുഷ്യൻ ഞരങ്ങി, സ്വരം ഞാൻ തിരിച്ചറിഞ്ഞില്ല.

സ്വാഗതം പറഞ്ഞുകൊണ്ടു് ഞാൻ വാതിൽ തള്ളിത്തുറന്നു. ഓട്ടു് ധാന്യമുണ്ടോ? കുതിരകളെ ഒന്നു തീറ്റട്ടെ. പിന്നെ റഷ്യാക്കാർ വന്നാലെന്നാൽ എന്നെ കൊന്നുകൊള്ളട്ടെ!" ആഗതൻ പറഞ്ഞു. "ഓട്ടു് സ് ധാരാളമുണ്ടു്. മരിക്കുന്നതിനുമുമ്പു് ഈ പാചകശാലയിൽവന്നു് ഒന്നു ചൂടേക്കരുതോ?" ഞാൻ പ്രതിവചിച്ചു.

പ്രകാശം മുഖത്തു വീണപ്പോഴാണു് എനിക്കു് മനസ്സിലായതു് അദ്ദേഹം എന്റെ കെയിക്കൽ അമ്മാവനാണെന്നു്. ഞാൻ സൂസ്സെൻബഗ്ഗിലേക്കു് നിയമിതനായ വിവരം അദ്ദേഹം അറിഞ്ഞിരുന്നില്ല. തന്റെ കൃഷിസ്ഥലത്തും ഇഷ്ടികക്കമ്പനിയിലും അദ്ദേഹം സുരക്ഷിതനായിരിക്കുമെന്നാണു് ഞാനും കരുതിയിരുന്നതു്.

അത്ഭുതത്തോടുകൂടെ അദ്ദേഹം എന്നെ ഒന്നു തുറിച്ചുനോക്കി. ശേഷിച്ച കൈകൊണ്ടു, എന്നെ കെട്ടിപ്പുണർന്നുകൊണ്ടു പറഞ്ഞു "ഇനി ഇവിടം വിടാൻ നിശ്ചയിച്ചിട്ടില്ല. തീർച്ച"

മിച്ചമുണ്ടായിരുന്ന രണ്ടുമൂന്നു കവിൾ സൂപ്പു് കുടിച്ചു് ചൂടാക്കിയ ശേഷം അദ്ദേഹം കുതിരകളെ തീറ്റുവാൻ തുടങ്ങി. പിന്നെ സുഖമായി കുറച്ചാൽസൂപ്പും, ഉരുളക്കിഴങ്ങപ്പവും, ചന്നിയിറച്ചി മൊരിച്ചതും കഴിച്ചുകഴിഞ്ഞപ്പോൾ ആകെ ആകപ്പാടെ ഒന്നുമാറി. സിസ്റ്റർ ഇമെൽഡായുടെസഹായത്തോടുകൂടി പഠനമുറിയിലെ കിടക്കയിൽ കിടത്തി.

ദിവ്യകാരുണ്യം പള്ളിയിൽനിന്നും കൊണ്ടുവന്നു് നിലവറയിൽ

നിക്ഷേപിച്ചു. വിലപ്പെട്ട ചില ഇടവകകണക്കുകളും, മനോഹരമായ ബൈബിൾ കുരിശുരൂപവും കുറെ നല്ല പുസ്തകങ്ങളും കൈയെഴുത്തു പ്രതികളും അവിടെ ഒളിച്ചുവച്ചു. അന്നു് രണ്ടുമണിക്കാണു് ഞാൻ കിടക്കാൻ പോയതു്..

അന്നത്തെ അത്യാഹിതങ്ങളെക്കുറിച്ചു് ചിന്തിച്ചു് മനസ്സുഴലുകയായിരുന്നു. കിടന്നിട്ടു് സമയം അധികമായില്ല, അതാ ഒരു ബോമ്പുവർഷം. ജനാലകളെല്ലാം തകർന്തരിപ്പണമായി. ഞാൻ കിടക്കയിൽനിന്നു് ചാടിഎണീറ്റു്, നിശാവസ്ത്രങ്ങളോടുകൂടിത്തന്നെ നിലവറയിലേക്കോടി. ഒരു നിമിഷംകൊണ്ടു് ഭവനത്തിലുള്ള എല്ലാവരും അവിടെ എത്തിക്കഴിഞ്ഞു. അടുത്ത ഷെൽ വീഴുമെന്നുള്ള ഭീതിയോടെ കാത്തുനില്ക്കുയാണവർ. എന്നാൽ കെയിക്കൽ അമ്മാവൻ മാത്രം അവിടെ എത്തിയിരുന്നില്ല.

അദ്ദേഹത്തിനു എന്തു പിണഞ്ഞു എന്നറിയാൻ ഇമെൽഡാ സഹോദരി തട്ടിൻമുകളിലേയ്ക്കോടി. ആപത്സമയങ്ങളിൽ ഒരു പുഞ്ചിരിയോടുകൂടി അവൾ തിരിച്ചുവന്നു. അദ്ദേഹം അപ്പോഴും ക്ലാക്കംവലിച്ചുറങ്ങുകയായിരുന്നു. ഈ ശബ്ദകോലാഹലങ്ങളൊന്നും അദ്ദേഹം അറിഞ്ഞിരുന്നില്ല.

അദ്ദേഹത്തെ ഉണർത്തി താഴെക്കൊണ്ടുവരാൻ രണ്ടു സൈനികർ ശ്രമിച്ചപ്പോൾ ആ വൃദ്ധൻ മുറുമുറുത്തു "ഏതായാലും ജീവിതം അവസാനിക്കാറായി, ഏതു സമയത്തും കർത്താവിനു് എന്നെ എടുക്കാം. പിന്നെ എപ്പോഴായാലെന്താണു്?" ഈ മുറുമുറുക്കൽ എത്രമാത്രം ആത്മാർത്ഥമാണെന്നു് അടുത്ത വാക്കുകൾ വ്യക്തമാക്കി. "ജീവിതത്തിന്റെ ഒരു മുഴുവൻ പാപസങ്കീർത്തനം—അവസാന കുമ്പസാരം നടത്തണം എനിക്കു്." ഒരുവക ഭീതിയും അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. മാത്രമല്ല മറ്റുള്ളവരോടൊത്തു് നിലവറയിൽവച്ചു് ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുത്തപ്പോൾ വളരെ സന്തുഷ്ടനായും കാണപ്പെട്ടു.

അതിൽപ്പിന്നെ അത്ര അടുത്തെങ്ങും ഷെൽ പതിച്ചില്ല. പക്ഷെ ഒരു കാര്യം വ്യക്തമായിരുന്നു; നിറതോക്കിനു മുമ്പിലാണു് ഞങ്ങൾ കഴിച്ചുകൂട്ടിയിരുന്നതു്. ഗ്രാമത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കർഷകഭവനത്തിലേക്കു് താമസം മാറ്റുവാൻ ഞാൻ ഉറച്ചു. എന്റെ അമ്മാമ്മ ജനിച്ച വീടു് അതായിരുന്നു. കെയിക്കൽ അമ്മാവൻ ഇപ്പോഴത്തെ സ്ഥലത്തുതന്നെ താമസിച്ചുകൊള്ളാമെന്നും പള്ളിയും പള്ളിമേടയും സൂക്ഷിച്ചുകൊള്ളാമെന്നും നിർബന്ധിച്ചു പറഞ്ഞു.

ഫ്രാൻസു് അമ്മാവനേറെയും എലിസബത്തു്, അന്ന എന്നീ രണ്ടു് അമ്മാവിമാരുടേയുംകൂടെ ആ പഴയ വീടിന്റെ പങ്കുപറ്റാൻ വേറെയും ബന്ധുക്കൾ വന്നിട്ടുണ്ടായിരുന്നു. അതിലൊരുത്തൻ എന്റെ ഒരു ജ്ഞാതിയായ ജോസഫ് ആയിരുന്നു. അദ്ദേഹം കൊണ്ടുവന്ന വർത്തമാനം എന്റെ അടുത്ത പ്രവർത്തനപരിപാടി നിശ്ചയിച്ചുതന്നു. തങ്ങളുടെ കുഞ്ഞു

കുട്ടികളെ ഒരു നോക്കു കാണുന്നതിനുവേണ്ടി കള്ളന്മാരെപ്പോലെ ആ രാത്രിയിൽ ഭവനങ്ങളിലേക്കു് ഓടിയ പല കുടുംബനാഥന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം കൊണ്ടുവന്ന വാർത്തയിതാണു്: "ഞങ്ങളുടെ പൊതുതൊഴിലാളികൾ അവരുടെ ചെറുപ്പകാരനായ സൂപ്രവൈസറെ പിടിച്ചു ഒരു ഉപഗ്രഹത്തിൽ ബന്ധിച്ചു; തങ്ങളെ കാട്ടിൽനിന്നും നാട്ടിലേക്കു് കൊണ്ടുപോകുന്നതിനായി രണ്ടു ഹിമരഥങ്ങൾ കൊണ്ടുവരാനും ഏർപ്പാടുചെയ്തു." ആ ഭവനത്തിൽവച്ചുതന്നെ ജോസഫ് ക്ലാരാമകൾ സ്വീകരിച്ചു. തന്റെ ഭാര്യയേയും രണ്ടു കുഞ്ഞുകുട്ടികളേയും സംരക്ഷിക്കണമെന്നപേക്ഷിച്ചിട്ടു് ഉടൻതന്നെ ജോലിസ്ഥലത്തേക്കു് പോകയും ചെയ്തു.

തിരിച്ചുവന്ന ആളുകളെ അന്വേഷിച്ചു് കണ്ടുപിടിക്കേണ്ടതു് എന്റെ കടമയായിരുന്നു. ഞങ്ങളുടെ ഇടവക ട്രസ്റ്റിസംഘത്തിന്റെ അദ്ധ്യക്ഷനായ മി. പോസ്സ്ക്കുമാന്റെ ഭവനം പല കുടുംബങ്ങൾക്കും പറ്റിയ സമ്മേളനസങ്കേതമായിരിക്കുമെന്നു് എനിക്കുതോന്നി. ഏകദേശം രണ്ടുമൈൽ അകലെയാണതു്. അതിന്റെ എതിർവശത്തായി കുറെ പുറമ്പോക്കു് ഭൂമിയുണ്ടായിരുന്നു. ഞാൻ ദിവ്യബലിക്കുള്ള സാധനങ്ങളുമായി അവിടേക്കു് തിരിച്ചു. ആ രാത്രിയിൽ അവിടെ കുമ്പാനച്ചൊല്ലുക, അതായിരുന്നു ഉന്നം. 30 വയസ്സുപ്രായമുള്ള ഒരഭയാർത്ഥിനി എനിക്കു് കൂട്ടുപോരാമെന്നു് ഏറ്റു. അപരിചിതവും നിർജ്ജനവുമായ ആ ഗ്രാമത്തിലൂടെയുള്ള യാത്ര വളരെ വിഷമമേറിയതായിരുന്നു.

ആ കർഷകഭവനത്തിന്റെ പാചകശാലയിൽ 4 വീട്ടമ്മമാർ ഒരുമിച്ചിരുന്നു് ഒരേരുട്ടപ്പിൽ ഭക്ഷണം പാകംചെയ്യുകൊണ്ടിരുന്നു. മറവുമൂന്നുമുറികളിലും നിറച്ചു് കിടക്കകൾ വിരിച്ചിരിക്കുന്നു. പൂമുഖം കെട്ടും ഭാണ്ഡവുംകൊണ്ടു് നിറഞ്ഞുകഴിഞ്ഞിരുന്നു. ഉദ്ദേശം എഴുപതോളം ആളുകൾക്കു് അവിടെ ഭക്ഷണവും കിടപ്പിടവും ലഭിച്ചിരുന്നു.

മിസ്റ്റർ പോസ്സ്ക്കുമാൻ കുട്ടിക്കടലാസുകൊണ്ടു് ഐഡന്റിഫിക്കേഷൻ പ്ലാക്കാർഡുകൾ ഉണ്ടാക്കുകയായിരുന്നു. മൂന്നിനും ഇരുപതിനും മദ്ധ്യേ പ്രായമുള്ള മക്കൾക്കുവേണ്ടിയാണവ. ഒരു ചരടു് ഉപയോഗിച്ചു് അതു് കഴുത്തിൽ കെട്ടിയിടും; വസ്ത്രത്തിനടിയിൽ കാർഡ് കിടക്കത്തക്കവണ്ണം. 7 തുണിസഞ്ചിയും അദ്ദേഹം ഉണ്ടാക്കി. ഓരോന്നിലും ഒരെഴുത്തും, കുറെ പ്രാർത്ഥനക്കടലാസുകളും, ഒരു കുടുംബഫോട്ടോയും നിക്ഷേപിച്ചിരുന്നു. കുട്ടികൾ മാതാപിതാക്കളെ മറന്നുപോകരുതല്ലോ!

5 മൈൽ അകലെ ഹെയിൽസ്ബർഗ്ഗു് പട്ടണം കത്തിയെരിയുന്നതു് ജനാലയിൽക്കൂടി കാണാമായിരുന്നു. 2 മൈൽ അകലെയുള്ള വെർണൊഗിട്ടണിൽ നിന്നു് ചെമന്നതും പച്ചയുമായ റോക്കറ്റുകൾ റഷ്യക്കാർ അയച്ചുകൊണ്ടിരുന്നു. 4 മൈലകലെയുള്ള റെയിക്കൻബർഗ്ഗിൽനിന്നു് അതിനു മറുപടിയും. ചുറ്റുമുള്ള കുന്നിൻപുറങ്ങളിലും ഇടയ്ക്കിടയ്ക്കു് തീ കത്തിക്കാളു

ന്നതു കാണാമായിരുന്നു. ഞങ്ങളുടെ നില വളരെ വ്യക്തമാണു്.

പൊതുസേവനത്തിനു പോയിരുന്നവരെല്ലാം മടങ്ങി വന്നു. അവരെ കാത്തിരുന്ന കുടുംബങ്ങൾക്കു് ഇനി ഓടി രക്ഷപ്പെടാൻ നിവൃത്തിയില്ലെന്നുള്ള സമയമായിട്ടുണ്ടു്.

ഫെബ്രുവരി 1. മെത്രാനും വേദസാക്ഷിയുമായ അന്ത്യോക്യായിലേവി. ഇഗ്നേഷ്യസിന്റെ തിരുനാളാണന്നു്. ആ രാത്രിയിൽ പോഷ്ക്കു്മാന്റെ ഭവനത്തിൽ ഞാനുപ്പിച്ച ദിവ്യബലിയുടെ ലേഖനം വളരെ അർത്ഥവത്തായിരുന്നു. റോമാക്കാർ ആദ്യം ശ്രവിച്ച ആ ലേഖനം.

"സഹോദരന്മാരെ, മിശിഹായുടെ സ്നേഹത്തിൽനിന്നു് ആരാണു് നമ്മെ വേർപെടുത്തുക? ഞെരുക്കമോ? ബന്ധനമോ? പീഡനമോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? നിനക്കുവേണ്ടിച്ചു് ഞങ്ങൾ പ്രതിദിനം മരിക്കുന്നു; അറക്കുവാനുള്ള ആടുകളെപ്പോലെ ഞങ്ങൾ എണ്ണപ്പെടുകയും ചെയ്യുന്നു എന്നു് എഴുതിയിരിക്കുന്നതുപോലെ തന്നെ. എന്നാൽ നമ്മെ സ്നേഹിക്കുന്നവൻമൂലം ഇവയിലെല്ലാം നാം വിജയം പ്രാപിക്കുന്നു. എന്തുകൊണ്ടെന്നാൽ മരണത്തിനാകട്ടെ, ജീവനാകട്ടെ ദൈവദൂതർക്കാകട്ടെ, അധികാരങ്ങൾക്കാകട്ടെ, ശക്തികൾക്കാകട്ടെ, ഇപ്പോൾ ഉള്ളവയ്ക്കാകട്ടെ, ഉണ്ടാകുവാനിരിക്കുന്നവയ്ക്കാകട്ടെ, ഉയരത്തിനാകട്ടെ, ആഴത്തിനാകട്ടെ, മറ്റു ഏതെങ്കിലും സൃഷ്ടവസ്തുവിനാകട്ടെ, നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽ നിന്നു് നമ്മെ വേർതിരിക്കുവാൻ സാധിക്കുകയില്ലെന്നു് എനിക്കു പൂർണ്ണ ബോദ്ധ്യമുണ്ടു്." (റോമ. 8. 35–39)

ഞാൻ തിരിച്ചു് അമ്മാവന്റെ വീട്ടിൽ എത്തിയപ്പോഴേക്കും സൈനികരുന്നണി ഞങ്ങളുടെ തൊട്ടടുത്തു് എത്തിയിരിക്കുന്നതായി കണ്ടു. ഒരു ജർമ്മൻ ഭടൻ പൂമുഖത്തുനിന്നു്, ചെങ്കനൽപ്രഭ കലർന്ന ചക്രവാളത്തിൽ കണ്ണു് നട്ടുകൊണ്ടു് പറഞ്ഞു "നാളെ ഐവാൻ ഇവിടെ എത്തും. ഇന്നു് അദ്ദേഹത്തിനു് എടുപ്പതു ജോലിയുണ്ടു്. ഒരു രാത്രികൂടി നിങ്ങൾക്കു് സുഖമായി ഉറങ്ങാം."

താമസമൂറിയുടെ തറ നിറച്ചു് പട്ടാളക്കാർ കിടന്നുറങ്ങുന്നുണ്ടായിരുന്നു. പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരു മണ്ണെണ്ണവിളക്കിനു ചുറ്റുമായി മൂന്നു് ഉദ്യോഗസ്ഥന്മാർ ഇരിക്കുന്നു. രണ്ടുപേർ ഭൂപടം നോക്കി ഏതോ ചിലതെല്ലാം കുറിച്ചെടുക്കുന്നുണ്ടു്. മൂന്നാമൻ–ഒരു ക്യാപ്റ്റനാണു്–ആ മങ്ങുന്ന വെളിച്ചത്തിരുന്നു് ഒരു കൊച്ചു പുസ്തകം വായിക്കാൻ ശ്രമിക്കയാണു്.

ഞാൻ അടുക്കളയുടെ ഭാഗത്തേയ്ക്കു കടന്നു ചെന്നു. അപ്പോളതാ അന്ന അമ്മാവി അരിശപ്പെട്ടുകൊണ്ടു് കലവറയിൽനിന്നു പുറത്തുവരുന്നു. അവരോടു് അരിശപ്പെട്ടു് ആക്രോശിക്കുന്ന ഒരു സർജൻറ് പിന്നാലെയും. "എന്താണു് വ്യത്യാസം? ഞങ്ങൾ എന്തെങ്കിലും ഇവിടെ ഇട്ടേച്ചുപോ

യാൽ നാളെ റഷ്യക്കാർ വന്ന് അതെല്ലാം കൈക്കലാക്കും. അവരെ നിങ്ങൾ എതിർത്താൽ ആവശ്യത്തിലധികം അവർ തിന്നൊട്ടക്കും. ഒരു പക്ഷേ നിങ്ങളെയും" അയാൾ അലറി.

പക്ഷെ ഇതൊന്നും അമ്മായി കൂട്ടാക്കിയില്ല. അവർ തലയൊന്നു കുലുക്കിക്കൊണ്ട് അലറി: "ഞങ്ങളുടെ ധാന്യം മുഴുവൻ നിങ്ങൾ എടുക്കുയാണെങ്കിൽ, നിങ്ങളും റഷ്യാക്കാരെപ്പോലെ കൊള്ളക്കാരാണല്ലൊ?"

ഫ്രാൻസ് അമ്മാവന്റെ ശയനമുറിയിൽ നിന്നുള്ള ഒരു സ്വരം എന്നെ അങ്ങോട്ട നയിച്ചു. പല ദിവസങ്ങളായി അദ്ദേഹം തീരെ സുഖമില്ലാതെ കിടക്കുകയാകുന്നു. ക്ഷീണിച്ചു തളർന്ന രണ്ടു പട്ടാളക്കാർ അദ്ദേഹത്തെ എഴുന്നേല്പിച്ചിട്ട് അവിടെ കിടക്കുവാൻ ഉദ്യമിക്കുയാണ്. ഞാൻ ചെന്നപ്പോൾ അമ്മാവൻ അവരെ എതിർക്കുകയായിരുന്നു. "നിങ്ങൾ ക്ഷീണിച്ചിരിക്കുകയാണെന്നെനിക്കറിയാം. എന്നാലും വൃദ്ധന്മാരോട് കുറച്ച് പരിഗണന കാണിച്ചുകൂടേ?" ഞാൻ ആ സർജിൻറിനോട് യുക്തിവാദം ചെയ്തു.

എന്റെ ശാന്തമായ വാക്കുകൾ ആ സർജൻറിനെ ദ്വേഷ്യപ്പെടുത്തി. ഈ സമയത്തു് ക്യാപ്റ്റൻ അകത്തേക്കു വന്നു. കണ്ണടധാരിയായ ഒരു യന്ത്ര മനുഷ്യൻ. അയാളുടെ നല്ല മുഖഭാവവും, നിയന്ത്രിതചേഷ്ടകളും ആളൊരു മര്യാദക്കാരനാണെന്നു വ്യക്തമാക്കി. ഞങ്ങളിരുവരും കഥയെല്ലാം അദ്ദേഹത്തെ അറിയിച്ചു. അയാൾ രോമപ്പുതപ്പ് പൊക്കി, വിയർപ്പുകൊണ്ട് നനഞ്ഞിരിക്കുന്ന കിടക്ക വിരിപ്പ് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു "ഇതൊരു രോഗിയാണു"; അദ്ദേഹമിവിടെ കിടന്നുകൊള്ളട്ടെ!" അങ്ങനെ ഫ്രാൻസ് അമ്മാവൻ കിടക്കയിലും പട്ടാളക്കാർ തറയിലും കിടപ്പുറപ്പിച്ചു.

ആ രാത്രി അധികമാരും ഉറങ്ങുകയാകട്ടെ സംസാരിക്കയാകട്ടെ ചെയ്തില്ല, ആ ക്യാപ്റ്റൻ മാത്രം എന്നോട് കുറച്ചു സംസാരിച്ചു.

"നിങ്ങൾ ഇവിടത്തെ കത്തോലിക്കാവൈദികനാണോ" അദ്ദേഹം ചോദിച്ചു.

"അതെ" ഞാൻ പറഞ്ഞു. "ഞാൻ ഫാദർ ഫിറ്റ്സ്ക്കോവാണു"

"നിങ്ങൾ ഇവിടെത്തന്നെ നില്ക്കുമാണോ ഉദ്ദേശം?"

"അതെ. എന്റെ ആളുകളുടെകൂടെ നില്ക്കുണമെന്നാണാഗ്രഹം"

"മനസ്സിലായി. ദൈവം നിങ്ങളെ കാക്കട്ടെ!"

അദ്ദേഹം ഒരു കൊച്ചു പുസ്തകം വായിച്ചുകൊണ്ടിരുന്നു. അതു് ബൈബിളാണെന്ന് എനിക്കു മനസ്സിലായി. രാവിലെ അവർ സ്ഥലം വിട്ടപ്പോൾ അവസാനത്തെ പട്ടാളക്കാരൻ തിരിഞ്ഞുനിന്ന് എന്നോട പറഞ്ഞു: "ഞങ്ങൾക്കുള്ളതിൽ ഒരു നല്ല ക്യാപ്റ്റനാണു അദ്ദേഹം; അദ്ദേഹം ഒരു പ്രൊട്ടസ്റ്റൻറ മിനിസ്റ്റർ ആണ്."

പട്ടാളക്കാർ സ്ഥലംവിട്ട കഴിയുന്നതിനുമുമ്പുതന്നെ അന്ന അമ്മാവി ഒരു ചൂലെടുത്തു് അവർ കിടന്നുറങ്ങിയ കച്ചിയെല്ലാം അടിച്ചുകൂട്ടിയാൻ തുടങ്ങി. അവർ ഒരുക്കിയ ഭക്ഷണവിഭവങ്ങളെ ഓർത്തു് അമ്മാവി മുഖം വീർത്തുകൊണ്ടിരുന്നു. കലവറ കണ്ടതോടെ അവർ മുൻവാതിലൂടെയ്ക്കു് ഓടിവന്നു്, പൊയ്ക്കൊണ്ടിരുന്ന സൈന്യങ്ങളുടെനേരെ അരിശപ്പെട്ടു് അലറുവാൻ തുടങ്ങി.

ഫ്രാൻസമ്മാവൻ കിടക്കയിൽത്തന്നെ കിടന്നുകൊണ്ടു് ശാന്തമായി പറഞ്ഞു: "നീ വെറുതെകിടന്നു് അലറിക്കോ. അവർ നിന്നെക്കൂടി പണയംവെച്ചു. അവരാ നിലവറയുടെ കൊച്ചു വാതിലിലൂടെ എല്ലാം പുറത്തുകടത്തി. മുയ്യാദയ്ക്കു നിന്നിരുന്നെങ്കിൽ അവർ കുറച്ചെങ്കിലും അവിടെ ഇട്ടിട്ടു പോയേനെ".

അന്നു് ഫെബ്രുവരി 2–ാം തീയതി ആയിരുന്നു. ആ മാസത്തെ ആദ്യവെള്ളിയാഴ്ചയും, ദുഃഖീകരണത്തിരുനാളുമാണന്നു്. അവിടെ കുർബ്ബാനയുണ്ടാകുമെന്നു് അടുത്ത 3 വീടുകളിൽ അറിവുകൊടുത്തു. എലിസബത്തു് അമ്മാവി വാതരോഗിയായിരുന്നു. നടക്കാൻ പാടില്ലാത്തതുമൂലം അവർ പള്ളിയിൽപോകാതായിട്ടു് 10 കൊല്ലം കഴിഞ്ഞിരുന്നു. ഇപ്പോൾ അവക്കും ദിവ്യബലിയിൽ സംബന്ധിക്കാറായി; അതും സ്വന്തഭവനത്തിൽത്തന്നെ; കുമ്പാന ചൊല്ലുന്നതോ സ്വന്തകുടുംബത്തിൽപ്പെട്ട ഒരു വൈദികൻ. ആ കുർബ്ബാനയ്ക്കുപയോഗിക്കുന്ന കാസയോ? താനും തന്റെ കുടുംബവുംകൂടി തുരുപ്പുച്ചീട്ടാവസരത്തിൽ ആ കൊച്ചച്ചനു സമ്മാനിച്ചതാണതു്. എന്തൊരു ഭാഗ്യം! അവർ ഏറ്റം മനോഹരമായ വെൽവറുവസ്ത്രങ്ങൾ ധരിച്ചു് കസേരയിൽ ഇരുപ്പായി, കുർബ്ബാന ആരംഭിക്കുന്നതും കാത്തുകൊണ്ടു്.

അവിടെ കൂടിയിരുന്ന 40 പേരുടേയും ഹൃദയത്തെ മഥിക്കയും ഭയഭക്തികളുജ്ജിക്കയും ചെയ്ത ഒരു ദിവ്യബലി! അന്നു് റഷ്യക്കാർ വരുമെന്നു് തീച്ചയാണു്. ഇനി എന്നു്, എവിടെവച്ചാണു് ഞങ്ങളിതുപോലെ ഒന്നിച്ചു കൂടുക? എന്നെങ്കിലും ഒന്നിക്കുമോ? ഒരു തീച്ചയുമില്ല. ഞങ്ങൾ അനുഭവിക്കേണ്ടിവരുമായിരുന്നവയെല്ലാം ഞങ്ങളുടെ പാപങ്ങളുടെയും അവിടെ നടക്കുവാനിരുന്ന ക്രൂരതകളുടെയും പരിഹാരത്തിനായി 'സമർപ്പണ'സമയത്തു് ഞാൻ കാഴ്ചവച്ചു. അവിടെ ഉണ്ടായിരുന്നവരെല്ലാംതന്നെ ദിവ്യകാരുണ്യനാഥനെ സ്വീകരിക്കയും ചെയ്തു.

കുർബ്ബാനകഴിഞ്ഞു് കാസ വിറകുപുരയുടെ ഒരു മൂലയിൽ കുറെ വിറകുപൂളകളുടെ അടിയിൽ ഒളിച്ചുവച്ചു. ബാക്കിയുള്ള സമയം മുഴുവനും റഷ്യക്കാരുടെ വരവു പ്രതീക്ഷിച്ചും, ഒഴിവാക്കാനാവാത്ത ആ വരവിനെ എങ്ങനെ എതിരിടാമെന്നാലോചിച്ചും കഴിച്ചുകൂട്ടി.

സ്ത്രീകളെ കയ്യേറ്റം ചെയ്യുന്നുവെന്നുള്ള വാർത്ത തുടരെത്തുടരെ വന്നുകൊണ്ടിരുന്നു. അവഗണിക്കാനാവാത്തവിധം വാസ്തവികവുമായിരു

ന്നു അതു്. ഭീതിപൂണ്ട ആ കാത്തിരിപ്പിലെ ഏറ്റവും വേദനാജനകമായ ഒരു ഘടകം! ഇതേപ്പറ്റി നേരിട്ടു് അനുഭവമുള്ളവർ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. ലിഡിയാ അതിൽ ഒരാളാണു്. വളരെക്കൊല്ലങ്ങളായി, ദരിദ്രയായ എഫിസബത്തു് വല്യമ്മാവിയുടെ സൂഹൃത്തും സഹായിയുമായ ഒരു വെള്ള റഷ്യൻവേലക്കാരിയായിരുന്നു അവർ. 1939–ലെ മോസ്കോ സന്ധിയ്ക്കുശേഷം പൗരസ്ത്യപോളണ്ടു് സ്റ്റലിൻ പിടിച്ചെടുത്തപ്പോൾ ലിഡിയാ ആക്രമണവിധേയയായിട്ടുണ്ടു്. വയ്യോൽത്തുവിന്റെ അകത്തു് ഒരു രഹസ്യസ്ഥലം അവർ കണ്ടുപിടിച്ചു. രണ്ടുദിവസം മുമ്പുതന്നെ കുറെ പാലും അപ്പക്ഷണങ്ങളും അവർ അതിന്റെ ഉള്ളിൽ ഒളിച്ചു. റഷ്യക്കാർ എത്തിയിട്ടില്ല എന്നു ഞങ്ങൾ ഉറപ്പുകൊടുക്കുമ്പോൾ മാത്രമേ ദിവ്യബലിക്കുപോലും അവർ വന്നിരുന്നുള്ളൂ. കുമ്പാനകഴിയുമ്പോൾതന്നെ അവളുടെ രഹസ്യസങ്കേതത്തിലേയ്ക്കു് ഓടിപ്പോകുമായിരുന്നു.

സിസ്റ്റർ ഇമെൽഡായ്ക്കും, തെരേസായ്ക്കും, അയൽപക്കത്തുള്ള മൂന്നു യുവതികൾക്കും പറഞ്ഞിരുന്ന സങ്കേതം ഉരുളക്കിഴങ്ങു് നിലവറതന്നെയാണെന്നു് ഞങ്ങൾ നിശ്ചയിച്ചു. അതു് അടുക്കളയുടെ നേരെ കീഴെയായിരുന്നു. തറയിലുള്ള ഒരു സൂത്രവാതിലിലൂടെ മാത്രമേ അകത്തു പ്രവേശിക്കാൻ സാധിക്കൂ. ഞങ്ങൾ ഉരുളക്കിഴങ്ങു് നിരത്തി, അതിന്മേൽ കിടക്കകളും പുതപ്പുകളും വിരിച്ചു. ആ വനിതകൾ അതിന്റെ ഉള്ളിൽ പ്രവേശിച്ചു. കുറെ നിറച്ച കുട്ടിസഞ്ചികളും, ഭാണ്ഡങ്ങളും, ഒരു മെഴുകുതിരിയും ഞങ്ങൾ എത്തിച്ചുകൊടുത്തു. ശേഷിച്ചവർ എന്താണു സംഭവിക്കാൻ പോകുന്നതു് എന്നു് അറിയാൻ മുകളിൽ കാത്തിരിപ്പായി.

III റഷ്യക്കാർ വരുന്നു

അന്നു മുഴുവൻ ഞങ്ങൾ കാത്തിരുന്നു. ഞങ്ങളുടെ ചുറ്റുപാടും ഷെല്ലുകൾ വർഷിച്ചുകൊണ്ടിരുന്നു; വെടിയുണ്ടകൾ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. മുന്നേറ്റത്തിന്റെ സ്വഭാവമോ, പ്രതിരോധക സൈന്യവിഭാഗത്തിന്റെ നിലയോ ഒന്നും ഈ ശബ്ദകോലാഹലങ്ങളിൽനിന്നു് മനസ്സിലാക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല. സോവ്യറ്റ് ടെന്മാർ ഞങ്ങളുടെ മേൽ ചാടിവീഴുന്ന ആ നിമിഷം പ്രതീക്ഷിച്ചു ഞങ്ങൾ കഴിച്ചുകൂട്ടുകയാണു്.

നേരം ഇരുട്ടായതോടെ തോക്കുകളുടെ തീതുപ്പൽ ഒന്നു നിലച്ചു. ഞങ്ങളുടെ കൃഷിസ്ഥലം മലഞ്ചരിവിലുള്ള ഒരു താഴ്വരയായ പ്രദേശമാണു്. സന്ധ്യമയക്കത്തിൽ കൊച്ചുകൊച്ചു സേനാവിഭാഗങ്ങൾ പുറകുവശത്തുള്ള വയലുകളിലൂടെ ചുറ്റിത്തിരിയുന്നതു കാണാമായിരുന്നു. നേരം പാതിരാവായി. മഞ്ഞിൽകുളിച്ച ഒരു വിഭാഗം പട്ടാളക്കാർ വളരെ കരുതലോടെ വന്നു് കതകിൽ മുട്ടി; ഭക്ഷണമാവശ്യപ്പെട്ടു. റഷ്യൻ യന്ത്രത്തോക്കുകൾ ഞങ്ങളിൽനിന്നു് 100 വാര അകലെയല്ലാത്ത ഒരു കുന്നിൻ പുറത്തു" എത്തിയിട്ടുണ്ടെന്നു് അവർ പറഞ്ഞു. അടുത്തുള്ള ഒരു കുന്നിന്മേൽ നിലയുറപ്പിച്ചിരിക്കുന്ന അവസാനത്തെ ജർമ്മൻ സൈനികനിരയായിരുന്നു റഷ്യക്കാരുടെ ലക്ഷ്യം.

ആ പട്ടാളക്കാർ സ്ഥലം വിട്ടപ്പോൾ ഞങ്ങൾ എല്ലാം നിലവറയിൽ ഒളിച്ചു. സ്ഥിതിഗതികൾ നിരീക്ഷണം ചെയ്യാനായി ഞാൻ മുകളിൽ വന്നപ്പോഴെല്ലാം ജർമ്മൻസൈന്യങ്ങൾ പിന്തിരിഞ്ഞോടുന്നതു കാണാമായിരുന്നു. ഏതു നിമിഷത്തിലും അതു സംഭവിക്കാം.

പ്രഭാതത്തിലെ ആദ്യവാഹന റഷ്യക്കാർ ഗ്രാമത്തിൽ പ്രവേശിച്ച എന്നതായിരുന്നു. അയൽപക്കത്തുള്ള ഫങ്ഷ്ഭവനത്തിൽ നിന്നു് രണ്ടു് ബാലികമാർ കുന്നിൻമുകളിലൂടെ ഓടിവരുന്നതു കണ്ടു. അവരുടെ ശ്വാസം അടങ്ങിയിരുന്നു; പേടികൊണ്ടു് മുഖം വിളറിയിരുന്നു. തലേ രാത്രിയിൽ തങ്ങളുടെ കൊച്ചു അൾത്താരയുടെ മുമ്പിൽ നിന്നുകൊണ്ടു് അവർ ജപമാല ജപിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംഘം സോവ്യറ്റുകാർ അവിടെ കയറിച്ചെന്നു. ആഗതർ അസഭ്യം പുലമ്പി; ചിലതൊക്കെ ചോദിച്ചു. ആ വീട്ടുകാർക്കു് റഷ്യൻഭാഷ അറിഞ്ഞുകൂടാഞ്ഞതിനാൽ അവക്കു് ഒന്നും തിരിഞ്ഞില്ല. അവർ പ്രാർത്ഥനയിൽ ഏകാഗ്രരായി നിന്നു; അൾത്താരയിൽ ഉറ്റുനോക്കി; ജപമാലക്കുരുക്കളിൽ ഭീതികൊണ്ടു് വിറപൂണ്ട വിരലുകൾ അമർത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "പരി. മറിയമെ ദൈവത്തിന്റെ അമ്മേ, പാപിയായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും....."

തങ്ങൾ അവഗണിക്കപ്പെട്ടതിൽ കലിതുള്ളിയ ഭടന്മാർ 84 വയസ്സും പ്രായമുള്ള വല്യപ്പന്റെ മേൽ ചാടി വീണു. അവർ അദ്ദേഹത്തിന്റെ തോളുകളിൽ പിടിച്ചുപറിച്ചു, അദ്ദേഹത്തെ തൂക്കി എറിഞ്ഞുകൊണ്ടു് അലറി. എന്നിട്ടും മറുപടി കിട്ടുന്നില്ലെന്നു കണ്ടപ്പോൾ, കവിഴ്ന്നു് നിലംപതിക്കുന്നതുവരെ അദ്ദേഹത്തെ അവർ മർദ്ദിച്ചു. പിന്നെ അവർ 60 വയസ്സിനു മേൽ പ്രായമുള്ള കുടുംബനാഥന്റെ നേരെ തിരിഞ്ഞു; അവർ ആ മനുഷ്യനെ രക്തം വമിക്കുന്നതുവരെ മർദ്ദിച്ചു. അപ്പോഴതാ ഒരു റഷ്യൻ സൈനിക മേധാവി അവിടെ കയറിച്ചെന്നു. അദ്ദേഹം ആ സൈനികരുടെ നേരെ അലറി. ഈ അലച്ചിൽ, തങ്ങളുടെ നേരെയാണെന്നോർത്തു് ആ വീട്ടിലുള്ളവർ പേടിച്ചു വിരണ്ടുപോയി. ആ മേധാവി ഓരോ ഭടനെയും ആ ഭവനത്തിനു വെളിയിലേക്കു് തൂക്കി എറിഞ്ഞു. അദ്ദേഹം ആ വീട്ടിലുള്ളവരുടെ നേരേ തിരിഞ്ഞു ഒന്നു പുഞ്ചിരി തൂകി. പേടിക്കേണ്ടതില്ല എന്നതിന്റെ ഉറപ്പായിരുന്നു അതു്. ആശയവിനിമയത്തിനു പറ്റിയ ഒരു പൊതുഭാഷ അയാൾ കണ്ടുപിടിച്ചു. അയാൾ തിരുക്കുടുംബത്തിന്റെ ചിത്രത്തിന്റെ മുമ്പിൽനിന്നു കിഴക്കൻ രീതിയിൽ മൂന്നു പ്രാവശ്യം കുരിശുവരച്ചു. ചിത്രത്തിന്റെ നേരെ കൈ ചൂണ്ടിക്കൊണ്ടു് "ഈശോ, മറിയം, യൗസേപ്പേ" എന്നുച്ചരിച്ചു. പൗരസ്ത്യ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനവേളയിൽ സ്വീകരിക്ക പതിവുള്ള ഒരു ലോഹക്കുരിശു് കീശയിൽനിന്നു് എടുത്തു അവരെ കാണിച്ചു. അയാൾ ഒരിക്കൽക്കൂടി പുഞ്ചിരി തൂകി, തല കുനിച്ചു്, പുറത്തേക്കു് പോകയും ചെയ്തു.

നേരം വെളുത്തു്, ഞങ്ങളുടെ അടുക്കലേക്കു് പോരുന്നതുവരെ ആ ബാലികമാർ രണ്ടുപേരും വൈക്കോൽ തുറുവിനുള്ളിലാണു് കഴിച്ചുകൂട്ടിയതു്. റഷ്യക്കാരിൽനിന്നു് അവരെ രക്ഷിക്കാനുള്ള കഴിവു് എനിക്കുണ്ടെന്നു് അവർ വിശ്വസിച്ചിരുന്നതുപോലെ തോന്നി.

റഷ്യൻ ആക്രമണത്തെക്കുറിച്ചുള്ള ഈ ആദ്യ വാർത്ത ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതിനു വിരുദ്ധമായിരുന്നു. 'എല്ലാ റഷ്യൻ പട്ടാളക്കാരും മൂരങ്ങൾ അല്ല' എന്ന ധാരണ ഏറ്റവും ഭീതരായവരിൽപ്പോലും വളർത്താൻ പറ്റിയതായിരുന്നു ഈ സംഭവം.

ഞാൻ എന്റെ മനോഹരമായ റോമക്കുപ്പായവും രോമത്തൊപ്പിയും ധരിച്ചു. ഗൊ"സെമ"നി തോട്ടത്തിലെ മരംകൊണ്ടുണ്ടാക്കിയ ഒരു ചെറുകുരിശു് നെഞ്ചിൽ ധരിച്ചു. ഞാൻ സെമിനാരിയിൽ പ്രവേശിച്ചപ്പോൾ കിട്ടിയതായിരുന്നു ആ കുരിശു്. വെള്ള റഷ്യക്കാരനായ വ"ലാഡിമിറുമായി ഞാൻ കുറച്ചു് സംസാരിച്ചു. അദ്ദേഹം എന്റെ ഭാവിഭാഷിയായിരിക്കുമെന്നാണു് പ്രതീക്ഷ. എന്നെ സൂറിച്ചിലേക്കു് വണ്ടിയിൽ കൊണ്ടുപോന്നതും അദ്ദേഹമാണു്. അയാൾ ഫ്രാൻസമ്മാവന്റെയും വല്യമ്മാവിമാരുടേയും ഉറ്റ മിത്രമായിരുന്നു. ചെമ്പട വരുമ്പോൾ എന്താണു് സംഭവിക്കുക എന്നതിനെപ്പറ്റി പുള്ളിക്കു് വലിയ ഭയമായിരുന്നു.

ഫ്രാൻസമ്മാവനു് ഇപ്പോഴും പൊള്ളുന്ന പനിയാണു്. എങ്കിലും അദ്ദേഹം ഒരു കൃഷിക്കാരനാണു്; ഒരു പത്തു പ്രസവിക്കാറായി നില്ക്കുന്ന. പനിയായാലും കൊള്ളാം, റഷ്യക്കാർ വന്നാലും കൊള്ളാം, കുളപ്പുരയിൽച്ചെന്നു് അതിനെ കണ്ടിട്ടേ പുള്ളി അടങ്ങൂ. പതിവില്ലാത്തമട്ടിൽ തവിട്ടുനിറമുള്ള യൂണിഫോറം ധരിച്ച ഒരു ഡസൻ പട്ടാളക്കാർ ഒരു ഇടുക്കുവഴിയിലൂടെ കുളപ്പുരയിലേക്കു് തള്ളിക്കയറുന്നതു് അദ്ദേഹം കണ്ടു.

ഞാൻ കുരിശുരൂപം അതിന്റെ സ്ഥാനത്തു് ഉറപ്പിച്ചു; കാവൽ ദൂതന്മാരെ സഹായത്തിനു വിളിച്ചു; അവരെ കാണുവാനായി പ്രവേശനദ്വാരത്തിലേക്കു പോയി. മറവുള്ളവരുടെ മുന്നിലായി നിന്ന ഒരു ഭടൻ തന്റെ നിറതോക്കു് ഉയർത്തിപ്പിടിച്ചു് അല്പം കുനിഞ്ഞു്, വിരണ്ടു് ഓടുന്ന പൂച്ചയെപ്പോലെ ഒന്നു് മുന്നോട്ടു കുതിച്ചു. വളരെ കരുതലോടെയാണു് അയാൾ മുന്നോട്ടു വച്ചതു്. എന്നെ കണ്ട മാത്രയിൽ അയാൾ ഒരു ചാട്ടം വച്ചുകൊടുത്തു. എന്റെ നേരെ നിറതോക്കു് ചൂണ്ടി അങ്ങനെ നിന്നു.

മൂലധനവികാരങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു തടിയൻ സർജൻറായിരുന്നു അയാൾ. അയാളുടെ കണ്ണുകൾ വികസിച്ചിരുന്നു; ഭീതിയും അത്യാഗ്രഹവും കൂടിക്കലർന്ന ഒരു ഭാവം. കുറെ ദൂരെയായി അയാളെ അനുഗമിച്ചിരുന്ന ആളുകളും ആ തരക്കാർ തന്നെ.

അവരുടെ ആ ഭയം കണ്ടപ്പോൾ എന്റെ ഭീതി കുറെയൊക്കെ എന്നെ വിട്ടകന്നു. അപരിചിതമായ എന്റെ വസ്ത്രധാരണരീതി ആ നേതാവിനെ നിശ്ചേഷ്ടനാക്കിയതുപോലെ തോന്നി. പക്ഷേ അതു് അധികം നീണ്ടുനിന്നില്ല. അധികാരപൂർവ്വം അയാൾ തോക്കു് മുകളിലേക്കും താഴത്തേക്കും വലിയ 'ശമ'യിൽ ഒന്നു കുലുക്കി. വികാരനിർഭരമായ ഒരു 'ഓപ്പെര'യിലെപ്പോലെ, ഞങ്ങൾ പല പ്രാവശ്യം കേൾക്കേണ്ടിവരുമാ

യിരുന്ന കുറെ വാക്കുകളും അയാളിങ്ങനെ പുലമ്പി: "വാച്ച്", ചാരായം, ജർമ്മൻ സൈന്യം."

ഈ സൈന്യവിഭാഗം അവിടെയുണ്ടായിരുന്ന ജർമ്മൻസൈന്യങ്ങളെ വിരട്ടിയോടിക്കുവാൻ നിയുക്തമായിരുന്നതാണു്. പക്ഷേ ഇതു് കൊള്ളയ്ക്കുള്ള ഒരവസരമായിക്കൂടി അവരെടുത്തു. അവക്കു് സമയം വളരെ കുറവായിരുന്നതുകൊണ്ടും, എന്തൊക്കെയാണു് തങ്ങൾക്കു് ആവശ്യമെന്നു് അറിഞ്ഞിരുന്നതുകൊണ്ടും നേരെ കാര്യത്തിലേക്കു കടന്നു. അവരുടെ മനസ്സിൽ കുന്നുകൂടി കിടന്നിരുന്ന ആഗ്രഹങ്ങൾ ആദ്യം വാച്ചുകൾ, രണ്ടാമതു് ലഹരിസാധനങ്ങൾ അവസാനം ജർമ്മൻ സൈനികർ എന്ന ക്രമത്തിലായിരുന്നെന്നു വ്യക്തമായി.

സ്വിറ്റ്സർലണ്ടിൽ വച്ചു് സുഹൃത്തുക്കൾ എനിക്കു സമ്മാനിച്ച ലോൻജിൻവാച്ചു് "സ്വിസ്സ്വാച്ച്", നല്ല വാച്ച്" എന്നു പറഞ്ഞുകൊണ്ടു് ഞാൻ അയാൾക്കു കൊടുത്തു. അയാൾ അതു ചെവിയിലടുപ്പിച്ചുവച്ചു നോക്കി. അത്ഭുതമെ അതു കല്ല മനുഷ്യൻ ഒരു കുട്ടിയെപ്പോലെ ശാന്തനായി. അയാൾ തോക്കു് ഉറയിലിട്ടു് ഒരു വശത്തേക്കു് മാറ്റി വച്ചു. രണ്ടു കൈയ്യും നീട്ടി, ചുംബനങ്ങളോടെ എന്നെ ആശ്ലേഷിച്ചു.

"റഷ്യൻഭടൻ സംസ്കാരമുള്ള ഭടൻ" റഷ്യൻ ഭാഷയിൽ അയാൾ വിളിച്ചുപറഞ്ഞു. ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു് കേൾക്കേണ്ടിവന്ന ഒരു 'രാഗാലാപ'മായിരുന്നു ഇതു്.

അയാൾ സംശയം കൂടാതെതന്നെ ആ വാക്കുകൾ വിശ്വസിച്ചിരുന്നു. ലോകത്തിലേക്കു് ഏറ്റവും നാഗരികതയും ഉല്പതിഷ്ണുതയുമുള്ള സേനകളാണു് റഷ്യൻ സേനകളെന്നു് അയാളെ പറഞ്ഞു് ധരിപ്പിച്ചിട്ടുണ്ടു്. തങ്ങളുടെ മേൽ മറവുള്ളവർ നടത്തിയിരുന്ന കാടൻ അക്രമങ്ങളെ എതിർക്കുവാൻവേണ്ടി മാത്രമാണത്രെ അവർ യുദ്ധം ചെയ്തിരുന്നതു്! ലോകത്തിനു് സ്വാതന്ത്ര്യവും സംസ്കാരവും പ്രദാനം ചെയ്യുക, അതാണവരുടെ ധർമ്മം.

ഒരു സംസ്കാരമുള്ള റഷ്യൻ സൈനികനു കൊള്ളാവുന്ന വേറെ പലതും എന്റെ ദേഹത്തു് ആ മനുഷ്യൻ കണ്ടെത്തി. ഒരു ഫൌണ്ടൻപേന, പേനാക്കത്തി, അലാറമുള്ള ഒരു ചെറിയ ക്ലോക്കു്. എന്റെ പോക്കറ്റിലുണ്ടായിരുന്ന ഒരു കഷണം ചോക്കളേറും അയാൾക്കു് നന്നാ ഇഷ്ടപ്പെട്ടു. സ്നേഹപൂർവ്വകമായ ഈ കൊള്ള എന്നെ അത്രപിയിലും, സമ്പാദ്യത്തിലും ഘനം കുറഞ്ഞവനാക്കിത്തീർത്തു. അയാളെ ഞാൻ അകത്തേക്കു ക്ഷണിച്ചു. തങ്ങളും സംസ്കാരമുള്ള ഭടന്മാരാ'ണെന്നു കാണിക്കാനുള്ള അവസരം മറ്റു സൈനികർക്കു് ഇയാൾ നിഷേധിച്ചപ്പോൾ അവർ വല്ലാതെ നിരാശരായി കാണപ്പെട്ടു. അവരോടു പുറത്തു നില്ക്കുവാൻ ആജ്ഞാപിച്ചിട്ടു് അയാൾ മുറിയിലേക്കു വന്നു.

വാതരോഗിണിയായ എലിസബത്തു് അമ്മാവിക്കു് കസേരയിൽ നിന്നെഴുന്നേൽക്കാൻ കഴിഞ്ഞില്ല. അവർ ഇരുന്നുകൊണ്ടുതന്നെ തല കുനിച്ചു് അതിഥനെ സ്വാഗതം ചെയ്തു. ഒരു പൂപ്പെട്ടിയും സമ്മാനിച്ചു. അതിഥൻ അതിനു നല്കിയ മറുപടി രണ്ടു നാടകം ചുംബനങ്ങളായിരുന്നു. ഈ ചുംബനം അതിന്റെ സൗന്ദര്യത്താൽ ആകൃഷ്ടനായിട്ടല്ല എന്നു കാണിക്കുവാനോ എന്നു തോന്നുമാറു് പല്ലു് പൊങ്ങി വിരൂപയായ അന്നാ വല്യമ്മായിക്കും ഒരു നാടകം ചുംബനം അയാൾ സമ്മാനിച്ചു. നരച്ച താടി മീശയുള്ള ഫ്രാൻസമ്മാവനും ഒന്നു കിട്ടി.

"ഇവിടെ ജർമ്മൻ പട്ടാളക്കാർ ആരുമില്ല" വൺലാഡ് മോർ പറഞ്ഞു. "ഞങ്ങളും പാവപ്പെട്ട, ഗ്രാമീണരായ കൃഷിക്കാരാണു"; മുതലാളികളോ നാസികളോ ഒന്നുമല്ല." അയാൾ കൂട്ടിച്ചേർത്തു. "വീടു് ഞാൻതന്നെ ഒന്നു പരിശോധിച്ചു കൊള്ളാം." ആ ഉദ്യോഗസ്ഥൻ പറഞ്ഞു. അടുക്കളയിൽ ആദ്യമായി അയാളുടെ ശ്രദ്ധയിൽപ്പെട്ടതു" ആ സൂത്രവാരിലാണു". ഞങ്ങളും അതു തിരഞ്ഞു. സിസ്റ്റർ ഇമെൽഡയാണു് ആദ്യം പുറത്തുവന്നതു". അവരുടെ മുഖം ആ തലമുണ്ടുപോലെതന്നെ വിളറിയിരുന്നു. അവർ ശാന്തമായി ആ ഉദ്യോഗസ്ഥനെ അഭിവാദ്യം ചെയ്തു. വിരണ്ടു് മരുനിയായിപ്പോയ ഇവാൻ അല്പം പുറകോട്ടു മാറിനിന്നു് ഒന്നു തല കുനിഞ്ഞു. മറ്റു യുവതികളും പുറത്തേക്കു വന്നപ്പോൾ പേടിക്കുവാനൊന്നുമില്ലെന്നമട്ടിൽ ആ റഷ്യക്കാരൻ ആവർത്തിച്ചുകൊണ്ടിരുന്നു. "റഷ്യൻ പട്ടാളം സംസ്കാരമുള്ള പട്ടാളം"

അയാൾ ആ സ്ത്രീകളെ പൂമുഖത്തേക്കു മാറ്റി നിറുത്തി. മുറികളും മുഴുവൻ പരിശോധിച്ചു് ജർമ്മൻ പട്ടാളമില്ലെന്ന ബോധ്യം വരുത്തി. അനന്തരം തന്റെ സഖാക്കൾക്കു് അകത്തേക്കു വരാൻ അടയാളം കൊടുത്തു. സോവ്യറ്റുയൂണിയനിൽപ്പെട്ട എല്ലാത്തരക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു: ഒരു ലെനിൻഗ്രാഡുകാരൻ ജൂതൻ, രണ്ടു മംഗോളിയന്മാർ, മൂന്നു സൈബേരിയാക്കാർ, ഒരു കാൽമുക്കുകാരൻ രണ്ടു ജോർജ്ജിയൻ റഷ്യക്കാർ. ഓരോരുത്തരും പരുപരുത്തു് കുട്ടിയുള്ള ഓവർകോട്ടു് ധരിച്ചിരുന്നു. ഓരോ ചെറിയ യന്ത്രതോക്കും കയ്യിലുണ്ടു്.

അന്നാ അമ്മാവി അവർക്കു കുറെ ഭക്ഷണം കൊടുക്കാമെന്നു് പറഞ്ഞു് അടുക്കളയിലേക്കു പോയി. ആ സൈനിക മേധാവിതന്നെ അതിഥേയന്റെ ജോലി നിർവ്വഹിച്ചു. പട്ടാളക്കാരോടും, ഞങ്ങളുടെ പെണ്ണുങ്ങളോടും ഒന്നിടയിട്ടു് മേശയ്ക്കു ചുറ്റുമിരിക്കാൻ അയാൾ നിർദ്ദേശം കൊടുത്തു. സ്ഥലക്കുറവുമൂലം കുറെ പട്ടാളക്കാർക്കു് ചുറ്റും നില്ക്കേണ്ടതായി വന്നു.

ഒരുപക്ഷേ ആ ചുംബനം കൊണ്ടായിരിക്കും, അന്നാ അമ്മാവി ഞങ്ങളുടെ മുൻ അതിഥികളായിരുന്ന ജർമ്മൻ പട്ടാളത്തെക്കാൾ കൂട്ടരായി ഇവരെ ഇഷ്ടപ്പെട്ടതു. അവർ നേരെ അടുപ്പിന്റെ അടുക്കലേക്കാണു് പോയതു്. അവിടെനിന്നും ഒരു മുട്ടൻ പന്നിയുടെ പൊരിച്ച തുടയുമാ

യി പുറത്തു വന്നു. അത്യാവശ്യ സന്ദർഭങ്ങൾക്കുവേണ്ടി പൊരിച്ചുകൊണ്ടിരുന്നതാണതു്. അപ്പോഴും ചട്ടിയിൽ നെയ്യു് തിളച്ചു പൊങ്ങിക്കൊണ്ടിരുന്നു.

ഒട്ടും താമസിച്ചില്ല. ബയണറു് കയ്യിലെടുത്തു് ഓരോരുത്തരും ഓരോ നല്ല ഭാഗം കൈക്കലാക്കിത്തുടങ്ങി. ബയണറിന്റെ അറ്റംകൊണ്ടു് ഒരു കഷണം കുത്തിയെടുത്തു് നെയ്യിൽ മുക്കി വായിലാക്കും. ചക്രത്തിന്റെ ആരക്കാലുകൾപോലെ, മേശയിലും അവരുടെ വസ്ത്രങ്ങളിലും നെയ്യു് വീണു് പാടുണ്ടായി.

ഒരു വലിയ കുടുംബത്തിന്റെ നാഥനെപ്പോലെ വലിയ ശമയിലാണു് ആ സർജൻ തലമേശയിലിരുന്നിരുന്നതു്. തിന്നു നിറഞ്ഞപ്പോൾ അയാൾ തെല്ലൊരഭിമാനത്തോടെ ഒന്നു നിവന്നിരുന്നു്, കോട്ടു് വലിച്ചിട്ടു്, അഞ്ചാറു് "ചെങ്കൊടിയുടെ മെഡലുകൾ" പുറത്തു കാണിച്ചു. അനന്തരം അയാൾ അകത്തേ കീശയിലേക്കു് കൈയിട്ടു് ഒരു മുഷിഞ്ഞ കടലാസുചുരുൾ പുറത്തേയ്ക്കെടുത്തു. അതിനകത്തുനിന്നു് ഒരു ചെറു ഫോട്ടോ തിരഞ്ഞെടുത്തു് ഞങ്ങൾക്കു കാണാൻ തന്നു. കമ്പ: യൂണിഫോറം ധരിച്ചു തടിച്ചുകൊഴുത്ത അയാളുടെ ഭാര്യ, അവരുടെ അരികത്തായി മൂന്നു മക്കൾ—ഇതായിരുന്നു ആ ഫോട്ടോ.

ഈ ഫോട്ടോ ആ സൈനികരെ വളരെ പ്രകോപിപ്പിച്ചതായി ഞങ്ങൾക്കു തോന്നി. വ്ലാഡിമീറിന്റെ സഹായത്തോടുകൂടി, അവരുടെ സംസാരവിഷയമെന്തെന്നു് ഞങ്ങൾ മനസ്സിലാക്കി. അവരുടെ കുടുംബങ്ങളുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടിട്ടു് വളരെക്കാലമായി. ഹിറ്റ്ലർ അവരുടെ കുടുംബങ്ങളെയെല്ലാം കൊന്നൊടുക്കി എന്നുള്ള സോവ്യറ്റു പ്രചാരണം അവർ അപ്പാടെ വിഴുങ്ങിയിരിക്കയാണു്! അതിനു പ്രകികാരം ചെയ്യുവാനാണു് അവരിപ്പോൾ ജർമ്മനിക്കു മാർച്ചു ചെയ്തിരിക്കുന്നതു്. ഹിറ്റ്ലറെ നശിപ്പിച്ചേ അവരടങ്ങു. നാടകീയമായി അവരൊന്നു നിവന്നിരുന്നു; താടിക്കു് കയ്യൂന്നി തല പുറകോട്ടൊന്നു വെട്ടിച്ചു. ഹിറ്റ്ലറെ പിടികിട്ടിയാൽ അയാളെ എങ്ങനെ തൂക്കിക്കൊല്ലും എന്നതിന്റെ സൂചനയായിരുന്നു അതു്.

ബെർലിൻ വളരെ ദൂരത്താണെന്നും അയാളെ പിടിക്കണമെന്നുണ്ടെങ്കിൽ വേഗം പോകുകയാണു് നല്ലതെന്നും സൂചിപ്പിക്കുവാൻ ഞാൻ ആ അവസരം ഉപയോഗിച്ചു. വധിക്കപ്പെട്ട ജർമ്മൻ സൈനികരിൽ നിന്നും അവർ കൈവശപ്പെടുത്തിയ ഒരു നോട്ടുബുക്കു് അതിലൊരാൾ എടുത്തു. അതിലെ ജർമ്മനിയുടെ ഭൂപടം അയാൾ കാണിച്ചു. അതിനകത്തു് ബർലിനിലേക്കുള്ള വഴി ഞാൻ ചൂണ്ടിക്കാണിച്ചു. ഇനി 400 മൈലിലധികമുണ്ടു് അവിടേക്കു്. അങ്ങോട്ടു പോകാനുള്ള ഉത്തരവാദിത്തം ഈ സേനാവിഭാഗത്തിൽ മാത്രം നിക്ഷിപ്തമായിരുന്നാലെന്നപോലെ, അങ്ങോട്ടു പുറപ്പെടുവാൻ തന്നെ അവർ നിശ്ചയിച്ചുറച്ചു.

അരമണിക്കൂറിലധികം അവർ അവിടെ നിന്നില്ല. ഞങ്ങളുടെ ആ തിഥ്യത്തിനു് അവർ ഹൃദയംഗമായി നന്ദി പറഞ്ഞു. വീണ്ടും വന്നു കണ്ടു കൊള്ളാമെന്നുള്ള പ്രതിജ്ഞയോടുകൂടി അവർ സ്ഥലം വിടുകയും ചെയ്തു.

സോവ്യറ്റ് സൈന്യത്തിന്റെ ഈ ആദ്യ സന്ദർശനവും, അവിചാരിതമായി സംഭവിച്ച ആ ഭാവപ്പകർച്ചകളും ഞങ്ങളെ അത്ഭുതസ്തബ്ധരാക്കി. എലിസബത്തു് അമ്മായിക്കു് ആകപ്പാടെ സമാധാനമായി. അവർ ചിന്താഭാവത്തിൽ, ഏതോ ഭ്രതകാലസംഭവത്തെ അണഞ്ഞിറക്കിക്കൊണ്ടു് പറഞ്ഞു: "അതു കഴിഞ്ഞു് 45 കൊല്ലമായിക്കാണും ഇല്ലേ അന്നാ? റോബർട്ടു്....., ഏ .....?" വികൃതിത്തം നിറഞ്ഞ ഒരുമാതിരി ഇമവെട്ടിക്കൽ ഈ ചോദ്യത്തിനു കൂട്ടുനിന്നു. പക്ഷേ അന്ന അമ്മായിക്കു് അതത്ര ഇഷ്ടപ്പെട്ടില്ല. സൈനികമേധാവിയുടെ ആ ഹൃദ്യമായ ചുംബനം ഒരു ഇര ഇടലായി മാത്രമേ അവർ കരുതിയുള്ളൂ. പരാജയത്തിലവസാനിച്ച തന്റെ ഭ്രതകാല വിവാഹകാര്യത്തെപ്പറ്റി മുറുമുറുത്തുകൊണ്ടു്, അവർ കുറിപ്പാത്രങ്ങളെല്ലാം തുടച്ചു വൃത്തിയാക്കി.

ആദ്യത്തെ ഈ സോവ്യറ്റ് ഇരച്ചുകയറ്റം വളരെ ചെറിയ ഒരു പ്രഹരമേ ഞങ്ങളുടെമേൽ ഏല്പിച്ചുള്ളൂ. എന്നാൽ അതിന്റെ ഭീകരത അനുസ്യൂതം വളർന്നുകൊണ്ടേയിരുന്നു. അധിവാസ സൈന്യങ്ങൾക്കു് കൊള്ളയ്ക്കും കവർച്ചയ്ക്കുമായി 100 മണിക്കൂർനേരത്തെ പരിപൂർണ്ണ സ്വാതന്ത്ര്യം നൽകിയിരിക്കയാണു്. യുദ്ധത്തിന്റെ ഹീനമായ മുഖത്തുനിന്നും സൈനികവൃത്തിയുടെ മനോഹാരിതയാകുന്ന മൂടുപടത്തെ ചിന്തിക്കീറുന്ന ഭോഗാസക്തി അഴിച്ചുവിടപ്പെട്ടതു് കടിഞ്ഞാണില്ലാത്ത ഈ മണിക്കൂറുകളിൽ ആണു്.

ഞങ്ങളുടെ ബാലികമാർ വീണ്ടും ഉരുളക്കിഴങ്ങു് നിലവറയെ ശരണംഗമിച്ചു. അസ്വസ്ഥരായിട്ടാണെങ്കിലും പിടികൊടുക്കാതെ 18 മണിക്കൂർ അതിൽ കഴിച്ചുകൂട്ടി. ആ അപരാഹ്നം മുഴുവനും വിവിധ സോവ്യറ്റ് സൈനികവിഭാഗങ്ങൾ ചെളിനിറഞ്ഞ ആ വയൽ പ്രദേശങ്ങളിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്നു. അവരിൽ പലരും ഞങ്ങളെ സമീപിച്ചു. എന്റെ വസ്ത്രത്തെയും കുരിശുരൂപത്തെയുംപറ്റി വ്ലാഡ്മിർ നൽകിയ വിശദീകരണം പലരെയും സമാധാനപ്പെടുത്തി. എല്ലാവരും തിരിച്ചുപോകയും ചെയ്തു. പ്രഭുക്കന്മാർ ഉപയോഗിക്കുന്ന ഒരു വിഭാഗം മാത്രമേ ഞങ്ങൾക്കു കുറെ ബുദ്ധിമുട്ടു വരുത്തിയുള്ളൂ. ആ പ്രഭുക്കന്മാർ സ്വയം അനധികൃതമായി സൈന്യത്തിൽ ചേർന്നവരാണെന്നു തോന്നുന്നു.

രണ്ടു യുവാക്കന്മാർ വാതിലിലൂടെ അകത്തേയ്ക്കു തള്ളിക്കയറി. വ്ലാഡിമിറിനെ എടുത്തുമാറ്റി; എന്റെ നെഞ്ചിനുനേരെ റൈഫിൾ ചൂണ്ടി.

"ചായം ചായം" അവർ അലറി. "ഞങ്ങൾക്കു ചായം വേണം. വേഗം വേഗം".

സാധാരണ വസ്ത്രത്തിന്റെ മീതെ ധരിച്ചിരുന്ന ഒരു പട്ടാളച്ചട്ട മാത്രമായിരുന്ന അവരുടെ യൂണിഫോം. അവർ മിക്കവാറും ഒരു ജർമ്മൻ പാളയത്തിൽനിന്നോ, അടിമ ക്യാമ്പിൽനിന്നോ സ്വതന്ത്രരാക്കിയതിനു ശേഷം പട്ടാളത്തിൽ ചേർക്കപ്പെട്ടതായിരിക്കണം. അവർ തികച്ചും നിരുത്തരവാദികളായിരുന്നു. ഏതു നിമിഷത്തിലും കടുത്ത കാടൻ പണികൾ അവരിൽനിന്നു പ്രതീക്ഷിക്കാം.

മറവുള്ളവരെ പറഞ്ഞുവിടാൻ ഉപയോഗിച്ചിരുന്ന തന്ത്രങ്ങളും സാന്ത്വനങ്ങളുമായി വ്ലാഡിമർ ഇവരെയും സമീപിച്ചു. പക്ഷേ ഫലമുണ്ടായില്ല, അവർ വീണ്ടും തോക്കു ചൂണ്ടി. വ്ലാഡിമോറിനു വേഗതകൂടി. അവർ വെള്ള റഷ്യക്കാരാണെന്നുള്ള വസ്തുത അവരോടു ചോദിച്ചു മനസ്സിലാക്കി. അയാളും ആ വംശക്കാരനാണല്ലോ. അയാളുടെ സംസാരം ആ പിള്ളേരെ ശാന്തമാക്കി, സമാധാനപ്പെടുത്തി. അവർ പെട്ടെന്നു തിരിഞ്ഞു നടന്നു കളഞ്ഞു.

ഇത്തരം കുടിയന്മാർ പിള്ളേർ എത്രമാത്രം ആളുകളെയാണു കൊന്നൊടുക്കിയതു് എന്നു പിന്നീടു് എനിക്കു മനസ്സിലായി. അതിലൊരാൾ വിശ്രുതനും പണ്ഡിതനുമായ ഫ്രൂവെൻബർഗ്ഗിലെ കാനൻ ആയിരുന്നു. ഒപ്പാഫസ്സർ സിറിറാൽസ്കി—പോളീഷ് വംശജനായ ഒരു വൈദികനായിരുന്ന അദ്ദേഹം. തന്റെ തോട്ടത്തിലുള്ള ഒരു ഷെഡ്ഡിൽ നില്ക്കുമ്പോൾ ഈ കുടിയന്മാർ വെടിവച്ചുകളഞ്ഞു അദ്ദേഹത്തെ.

സമയം സായം സന്ധ്യയായി. ഞങ്ങൾക്കല്പം ആശ്വാസം തോന്നി. നിലവറയിലെ പെണ്ണുങ്ങൾ പുറത്തുവരാൻ തിരക്കു കൂട്ടിത്തുടങ്ങി. തെരേസ വാതിൽ തുറന്നു് വിളിച്ചുചോദിച്ചു "ഇനിയും എത്രനേരം ഞങ്ങൾ ഇവിടെ ഇരിക്കണം?"

ഞങ്ങൾ ഒന്നും പറയാതെതന്നെ അവൾക്കു മറുപടികിട്ടി. വാച്ചുപണിക്കാരന്റെ 14 വയസ്സുള്ള മകൾ ചുരുളൻ മുടിക്കാരി ട്രോട്ടെബ്രൗൺ ഓടിക്കിതച്ചുവന്നു് എന്റെ ഉടുപ്പിൽ തുങ്ങി. അവളുടെ ഉപസഹോദരിമാരായ മാർഗരറ്റും റോസയും കൂടി സാന്ത്വനപ്പെടുത്തി നിലവറക്കകത്താക്കിയപ്പോൾ അവൾ കഥപറയുവാൻ തുടങ്ങി. ഞങ്ങൾ ഭീതിയോടെ കാത്തിരുന്ന സംഭവങ്ങളിൽ ഒന്നു്. പലതിൽ ഒന്നുമാത്രം.

അവളുടെ അമ്മയും സഹോദരിമാരും നില്ക്കേ പന്ത്രണ്ടു ഭടന്മാർ മാറിമാറി അവളെ ബലാൽസംഗം ചെയ്തു. അനന്തരം അവളുടെ പന്ത്രണ്ടു വയസ്സുള്ള അനുജത്തിയെയും അവർ കടന്നുപിടിച്ചു. ആശയറ്റ അമ്മ ഭടന്മാരുടെ മുമ്പിൽ ചാടിവീണു. ഈ ബഹളത്തിനിടയ്ക്കു് ട്രോട്ട് ജനാലയിൽക്കൂടി പുറത്തേയ്ക്കു ചാടി. അവർ അമ്മയെ തറയോടുചേർത്തു ബന്ധിച്ചു മകളോടു ചെയ്തതൊക്കെ അമ്മയോടും ചെയ്തു.

സൂത്രവാതിൽ കണ്ടുപിടിച്ചേക്കുമോ എന്നുള്ള ഭീതി കൂടിക്കൂടിവന്നു. എലിസബത്തു് അമ്മായിയുടെ കിടക്ക അതിന്മേൽ വിരിച്ചു. അമ്മായി

യെ അവിടെ കിടത്താൻ ഞങ്ങൾ നിശ്ചയിച്ചു. വാതിലിന്റെ 10 ഇഞ്ചോളം പിന്നെയും ദുർഗ്ഗമായിരുന്നു. അവിടെ എന്റെ ദോഹവിരിച്ചിട്ട് മറച്ചുകളഞ്ഞു. സിമൻറു തറയെക്കാളും ഒരിഞ്ചോളം ഉയരത്തിലാണ് വാതിൽ നിന്നിരുന്നത്. ആ ഒരു കഴപ്പും മാത്രമേ ശേഷിച്ചിരുന്നുള്ളൂ. ദോഹയുടെ കട്ടികൊണ്ട് എന്റെ വിശ്രമസ്ഥലം സാമാന്യം മെച്ചമായി തോന്നി. അതു് ഉറക്കത്തിനു പറ്റിയതല്ലെന്ന വസ്തുത ഞാൻ അത്ര കൂട്ടാക്കിയില്ല. ഞങ്ങൾ കൂട്ടുകാരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു.

മണിക്കൂറുകൾ കടന്നിവിട്ടു. കാത്തിരുന്നു് മടുത്തു. ഈ നിരന്തരചിന്തയും, അതിന്റെ പ്രതികരണങ്ങളും തള്ളിക്കേറുന്ന ഭയത്തെക്കാൾ കഷ്ടതരമായിരുന്നു. ആ മൂന്നു് 70–കാരും ഞാനും ഉറക്കം നടിച്ചു കിടന്നു. ചെറുപ്പക്കാരികൾ അവരുടെ സങ്കേതത്തിലും കഴിച്ചുകൂട്ടി.

11–മണിയായതോടുകൂടി പുറത്തുപാട്ടും അട്ടഹാസങ്ങളും കാൽപ്പെരുമാറ്റങ്ങളും കേട്ടുതുടങ്ങി. അതൊരുവിധത്തിൽ ആശ്വാസമായിരുന്നു. ഞാൻ എഴുന്നേറ്റു് വാതിൽപ്പഴുതിലേയ്ക്കു പോയി. ഒരു പ്രകാശം വന്നു് എന്റെ കണ്ണിൽ അടിച്ചു.

വൃദ്ധന്മാരും കുട്ടികളും മാത്രമുള്ള ഈ ഗ്രാമത്തിൽ ഒരു ചെറുപ്പക്കാരനെ കണ്ടുമുട്ടിയതിൽ അവർ അത്ഭുതപ്പെട്ടതുപോലെ തോന്നി. എനിക്കു പല പ്രാവശ്യം നേരിടേണ്ടിവന്നിട്ടുള്ള ആ നിശ്ശബ്ദതയിൽ തന്നെ അവരെത്തി. "നിങ്ങളൊരു ജർമ്മൻ ഓഫീസറാണോ?" അവർ ചോദിച്ചു. "അല്ല" ഞാൻ മറുപടി നല്കി. "ഒരു കത്തോലിക്കാവൈദികൻ" എന്റെ നെഞ്ഞത്തുണ്ടായിരുന്ന കുരിശുരൂപം ചൂണ്ടിക്കൊണ്ടു് ഞാൻ പറഞ്ഞു. അവർ ലൈറ്റടിച്ചു് എന്നെ അടിമുടി ഒന്നു നോക്കി. ഒന്നും മിണ്ടിയില്ല.

തോളുകളിൽ രണ്ടു സുവർണ്ണ നക്ഷത്രങ്ങൾ അണിഞ്ഞിട്ടുള്ള ആ മേധാവി മുന്നോട്ടു വന്നു. ഞാൻ അദ്ദേഹത്തെ പൂമുഖത്തിലേക്കു നയിച്ചു. അയാൾക്കു് അഞ്ചടിയിൽ കൂടുതൽ ഉയരമില്ല, നല്ല ചൊണയും തന്റേടവുമുള്ള മനുഷ്യൻ. നീണ്ടു് നിവർന്നു് ക്രമീകൃതമായ ശരീരം. നീലിമ പൂണ്ടു് തിളങ്ങുന്ന കണ്ണുകൾ, സൈനിക വീര്യത്തിന്റെയും കാര്യമാത്രപ്രസക്തിയുടേയും പ്രതീകങ്ങളായിരുന്നു.

അയാൾ ഒരു മണ്ണെണ്ണവിളക്കു തെളിച്ചു തലേദിവസം അപ്പോത്താരയായി ഉപയോഗിച്ചിരുന്ന ആ മേശപ്പുറത്തു് ഒരു ഭൂപടം വിടർത്തിവച്ചു. എന്നെ വിളിച്ചു് ഞങ്ങളുടെ സ്ഥലം അതിൽ കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടു. ഇത്ര വിശദമായ ഒരു ഭൂപടം ഞാനതിനു മുമ്പു് കണ്ടിട്ടില്ല. നല്ല വണ്ണം ചിത്രങ്ങൾ. ഞങ്ങളുടെ കൊച്ചു ഗ്രാമംപോലും വ്യക്തമായി അതിൽ കണ്ടു. സ്ഥലനാമങ്ങളെല്ലാം റഷ്യനിലാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. ഞങ്ങളുടെ സ്ഥാനം കാണിച്ചു കൊടുത്തു കഴി

ഞാപ്പോൾ, അല്പം അപമര്യാദയായി അയാൾ പറഞ്ഞു "പുറത്തു പോകുക." ഞാൻ ഉടനെ അടുക്കളയുടെ തറയിൽ സൂത്രവാതിലിനടുത്തുള്ള എന്റെ സ്ഥാനത്തേക്കു പോയി.

പുറത്തെ ബഹളം വർദ്ധിച്ചു വന്നു: ചവിട്ടിത്തകർക്കുന്ന കാലൊച്ച; സാധനസാമഗ്രികൾ വലിച്ചുകൊണ്ടുപോകുന്ന സ്വരം മുതലായവ. പൂമുഖത്തിന്റെ സമീപത്തുള്ള മുറിയിൽ നിറച്ചു് ആളുകളുള്ളതായി തോന്നി. ടെലഗ്രാഫിന്റെ ക്ലിക്കു് ക്ലിക്കു് സ്വരം കേൾക്കാമായിരുന്നു. രാത്രി മുഴുവനും ആ സ്വരം ഉണ്ടായിരുന്നു. മേൽമാടത്തിലേക്കുള്ള കോവണിപ്പടിയിൽ ബൂട്സിന്റെ ചവിട്ടു് ശക്തിയായുണ്ടായിരുന്നു. തലയ്ക്കു മീതെയുള്ള ഈ തട്ടം മുട്ടം തുടർന്നുകൊണ്ടേയിരുന്നു.

അന്നു അമ്മാവിക്കു് ഇതു് സഹിക്കാൻ കഴിഞ്ഞില്ല. ശേഷിച്ച പന്നിഇറച്ചി മൊരിച്ചതും, നല്ല വസ്ത്രങ്ങളും, ധാന്യപ്പൊടിയും, ഓട്സും, തയ്യൽ യന്ത്രവും മറ്റും അവിടെയാണു് സൂക്ഷിച്ചിരിക്കുന്നതു്. അതെല്ലാം അവർ കടത്തുകയാണെന്നു് അമ്മാവി നിശ്ചയിച്ചു. ഞങ്ങൾ എത്ര പറഞ്ഞിട്ടും പിന്നെയും അവർ മുറുമുറുത്തുകൊണ്ടിരുന്നു.

അടുക്കളയിലെ ആദ്യ സന്ദർശകർ അവിടെ എത്തിയപ്പോൾ അന്നു അമ്മാവി അടുപ്പിന്റെ അടുത്തുണ്ടായിരുന്നു.

സോവ്യറ്റ് സ്പീസേനയുടെ സർജൻറന്മാരായ രണ്ടു വനിതകളായിരുന്നു ആ സന്ദർശകർ. ഇളംപച്ച യൂണിഫോറം ധരിച്ച, 20 വയസ്സിനടുത്തു പ്രായമുള്ള രണ്ടു സുന്ദരികൾ. ഒരാൾ പൊക്കംകൂടി ശേഷിച്ചവളും, മറ്റയാൾ ഉയരം കുറഞ്ഞു കൊഴുത്ത തനിഗ്രാമീണയും ആയിരുന്നു. അഴകുള്ള വേണീഭാരം ഒരു മകുടംപോലെ മിടഞ്ഞു വച്ചിരുന്നു. അവരുടെ യൂണിഫോം നന്നായി തച്ചതും, തേച്ചു് മിനുക്കിയതുമായിരുന്നു. ഇടതു തോളിൽ നിന്നു് നെഞ്ചിനു വിലങ്ങനെ പുതിയ ചെറിയ യന്ത്രതോക്കുകൾ തൂക്കിയിട്ടിരിക്കുന്നു.

മുട്ടറാഞ്ചിക്കൊണ്ടിരുന്ന അവക്കു് വഴിമാറിക്കൊടുക്കേണ്ടിവന്നതുകൊണ്ടു് അന്നു അമ്മാവി മുറുമുറുത്തു. ഇടയ്ക്കിടയ്ക്കു് ഒരു ഭടൻ വാതിലേക്കു് തല നീട്ടിക്കൊണ്ടിരുന്നു. ആ തടിച്ചിപ്പെണ്ണു് എന്നെ കളിയാക്കി ഏതോ ചിലതു് അയാളോടു് പറയുന്നുണ്ടായിരുന്നു. അവൾ പറയുന്നതു് എനിക്കു് തിരിഞ്ഞില്ല. എങ്കിലും ആ ചിരിയുടെ പൊരുൾ വ്യക്തമായിരുന്നു. വേറൊരു തരത്തിലും ആ പെണ്ണുങ്ങൾ ഞങ്ങളെ ഉപദ്രവിച്ചില്ല. മാത്രമല്ല അവർ സാധാരണ സൈനികരുടെ ബഹുമാനത്തിനു പാത്രമായിരുന്നതാനും.

രാവിലെ 3-മണിയോടടുത്തു് രണ്ടു മുട്ടാളന്മാരായ പട്ടാളക്കാർ വാതിലിൽ വന്നു് "ഉരുളക്കിഴങ്ങു് ഉരുളക്കിഴങ്ങു്" എന്നാർത്തുവിളിച്ചു. ഉരുളക്കിഴങ്ങു മുഴുവനും ഞങ്ങൾ തീഷ്ണതയോടെ മറച്ചുവച്ചുകൊണ്ടിരുന്നു. സൂത്രവാതിലിനു കീഴിലാണു്. ഇവിടെ മാത്രം ഉരുളക്കിഴങ്ങില്ലായെന്നു

പറയുന്നതു് അസാധ്യമായി തോന്നി. ആ മനുഷ്യർ പേടിപ്പെടുത്തുന്ന ചില ശോഷ്ടികളും കാണിച്ചു. അവരുടെ കയ്യിൽ രണ്ടു കത്തിച്ചു തിരി ഉണ്ടായിരുന്നു. ഫ്ളാഷ്ലൈറ്റു് പോലെ അതൊന്നാടിച്ചു. പിന്നെ ആ ക്രൂരമുഖങ്ങളും എതിരെ കൊണ്ടുവന്നു് ഒന്നു ചലിപ്പിച്ചു. ഒന്നും മനസ്സിലാകുന്നില്ലെന്നു നടിച്ചുകൊണ്ടു് ഞങ്ങളും മിണ്ടാതെ നിന്നു. തിരിയിൽ നിന്നു് ഒലിച്ചുകൊണ്ടിരുന്ന മെഴുകു് എന്റെയും എലിസബത്തു് അമ്മായിയുടേയും വസ്ത്രങ്ങളിൽ വീണു.

മൂന്നാമത്തെ അട്ടഹാസത്തിനുശേഷവും മറുപടിയൊന്നും കിട്ടുന്നില്ലെന്നു കണ്ടപ്പോൾ അവർ അകത്തേക്കു കടന്നു. എലിസബത്തു് അമ്മായിയെ കവച്ചാണവർ കടന്നതു". ഫ്രാൻസമ്മാവനെയും അന്ന അമ്മായിയെയും അട്ടക്കളയിൽനിന്നു ഓടിച്ചു ഒരു പരിശോധനയ്ക്കു തന്നെ അവർ ഒരുങ്ങിയിരിക്കയാണു്. തിരി തറയിലേക്കു് ചരിച്ചുപിടിച്ചു് സൂത്രവഴി കണ്ടുപിടിക്കാൻ തന്നെ എന്ന മട്ടിൽ അവർ അന്വേഷണം തുടങ്ങിപ്പോൾ ഞങ്ങളുടെ ശ്വാസം നിലച്ചു. ഞാൻ മിഖായേൽ ദൈവത്തനെ വിളിച്ചു് പ്രാർത്ഥിച്ചു, സന്ന്യാസിനികളും, മറ്റു സ്ത്രീകളും ഒളിച്ചിരിക്കുന്ന ആ രഹസ്യഗേഹത്തിന്റെ പ്രവേശനദ്വാരം കണ്ടുപിടിക്കപ്പെടരുതേ എന്നു്. അട്ടക്കളയിൽ ഉണ്ടാകുന്ന ഓരോ സ്വരവും താഴെ ഇരിക്കുന്നവർക്കു് കേൾക്കാമായിരുന്നു. വിയർപ്പുകൊണ്ടു കുതിർന്ന വിരലുകൾക്കിടയിലൂടെ ജപമാലയുടെ കുരിശും ആ സമയത്തു് ഓടിക്കൊണ്ടിരുന്നിരിക്കണം.

ഏകദേശം 10–മിനിട്ടു നുശേഷം ഭടന്മാർ അവരുടെ പരിശോധന നിറുത്തി. എലിസബത്തു് അമ്മായിയെയും എന്നെയും കവച്ചു് കടന്നു് അവർ പുറത്തേക്കു പോയി.

പ്രഭാതത്തിൽ അഞ്ചുമിനിട്ടു നേരത്തേക്കു് പുറത്തേക്കു പോകാൻ ഞങ്ങൾക്കു കഴിഞ്ഞു. മുറ്റം മുഴുവൻ ക്രമക്കേടായിരിക്കുന്നു. മിക്കവാറും എല്ലാ ഉദ്യാനവൃക്ഷങ്ങളും ആ രാത്രിയിൽ അറുത്തുകളഞ്ഞിരുന്നു. വയലിൽ ആറ് അഞ്ചു തോക്കുകൾ സ്ഥാപിച്ചിട്ടുണ്ടു്. കുതിരകളും, വണ്ടികളും, ഹിമരഥങ്ങളും ചിന്നിച്ചിതറി കിടക്കുന്നു. തുറന്നു റമ്പതു് പടയാളികൾ തങ്ങളുടെ കൊള്ളവസ്തുക്കളെ തരംതിരിക്കുന്നതിൽ ഉദ്യുക്തരായിരിക്കയാണു്.

പ്രഭാതം മുഴുവനും ടെലഗ്രാഫ് സിഗ്നലുകൾ കൊണ്ടും ഫോൺ വിളികൾകൊണ്ടും പൂമുഖം മുഖരിതമായിരുന്നു. ഉച്ചയായതോടുകൂടി വിവിധ ഘടകങ്ങൾ തമ്മിലുള്ള ഈ സന്ദേശവിനിമയത്തിന്റെ ശക്തി വർദ്ധിച്ചു. എല്ലായിടത്തും ഒരു പുതിയ ആവേശം ദൃശ്യമായിരുന്നു. പൂമുഖത്തിൻ പുറം ആളുകൾ ഓടിനടക്കുന്നു; സ്വരം ഉയരുന്നു. ഇതാ ഒരു ആജ്ഞാസ്വരം ഉയർന്നു കേൾക്കുന്നു "പുറപ്പെടുക, പുറപ്പെടുക". ഒരു നിമിഷംകൊണ്ടു് വണ്ടികളും, യന്ത്രതോക്കുകളും, മഞ്ഞു വണ്ടികളും

യഥാസ്ഥാനം നിരന്നു കഴിഞ്ഞു. അവർ പുറപ്പെട്ടുകയാണു്. വാതിലിന്റെ മുമ്പിൽക്കിടന്ന ഒരു മഞ്ഞുവണ്ടിയിൽ ഞാൻ നോക്കി. വളരെ സൂക്ഷിച്ചു് മറച്ചുവച്ചിരുന്ന എന്റെ മഞ്ഞ സൂട്ട്കേസു് അതിന്റെ മുകളിൽ ഇരിക്കുന്നു. അതോ പോകട്ടെ. അതിൽനിറച്ചുതായി കാസ വച്ചിരുന്ന ആ കറുത്ത പെട്ടിയും. വിറകുമുട്ടൻ കൂട്ടിയിട്ടിരുന്നതു അവർ നല്ലപോലെ ചികഞ്ഞു് പരിശോധിച്ചിരിക്കണം; ആ വണ്ടി അവിടെത്തന്നെ കിടക്കുകയാണു്. നിസ്സഹായനായ ഞാൻ നോക്കിനില്ക്കുകയാണു്. അവസാനം ഒരു വനിതാ സർജന്റ് വീട്ടിൽനിന്നും പുറത്തുവന്നു", ഒരു സൈനികമേധാവിയോടുകൂടി. അവർ അതിൽ കയറി ഓടിച്ചു പോയി.

അവർ ഓടിച്ചുപോയ ആ നിമിഷത്തിൽതന്നെ സൂത്രവാതിൽ തള്ളിത്തുറന്നു് തെരേസ പുറത്തേയ്ക്കു വന്നു. അവരുടെ ഈ സാഹസം എന്നെ പരിഭ്രാന്തനാക്കി. പക്ഷേ അകത്തേയ്ക്കു പോവാൻ അവർ കൂട്ടാക്കിയില്ല. അടുത്ത മുറിയിൽച്ചെന്നു"അവിടെ ഒളിച്ചുവച്ചിരിക്കുന്ന സാധനങ്ങളും സുരക്ഷിതമാണോ എന്നറിയാൻ പുള്ളിക്കാരത്തിക്കു തിടുക്കമായിരുന്നു.

സൂത്രവാതിൽ അടച്ചുകഴിയുന്നതിനുമുമ്പായിത്തന്നെ വെറിപിടിച്ച ഒരു പട്ടാളക്കാരൻ തോക്കു് ഉയർത്തിപ്പിടിച്ചുകൊണ്ടു് വാതലിനുനേരെ പാഞ്ഞുവന്നു. പശപുരണ്ട ഒരു തുണിക്ഷണം അയാൾ എന്റെ മുഖത്തിട്ടു. "കന്യാസ്ത്രീ കന്യാസ്ത്രീ" അയാൾ അട്ടഹസിച്ചു. "ആ കന്യാസ്ത്രീ എവിടെ?" അയാൾ വീണ്ടും ആക്രോശിച്ചു കാമാസക്തിയും കോപകാലുഷ്യവുംകൊണ്ടു് നീലിമ പൂണ്ടിരുന്ന ആ മുഖമാണു് അയാളുടെ വാക്കുകളെയും നടപടികളെയുംകാൾ കൂടുതലായി എന്നെ ഭയപ്പെടുത്തിയതു്. ഒരു വാക്കുപോലും മറുപടി പറയുവാൻ എനിക്കു കഴിഞ്ഞില്ല. ആ മുഖഭാവം ഞാൻ ഒരിക്കലും മറക്കില്ല. ആ സഹോദരിയുടെ ശിരോവസ്ത്രം അയാൾ വീശിക്കാണിച്ചു; ആ വായിൽനിന്നും അശ്ലീലത ഒഴുകിക്കൊണ്ടിരുന്നു. എന്റെ രോമകൂപങ്ങളെ തുളച്ചുകയറിയ ഭയാവേശത്തെ വളരെ പണിപ്പെട്ടാണു് ഞാൻ അയാളിൽ നിന്നു മറച്ചുവച്ചതു്. "ഭക്ഷണമായിരിക്കും നിങ്ങൾക്കു വേണ്ടതു്? അതോ പാനീയമോ? കുറെ പാലു് വേണമായിരിക്കും?" ഞാൻ നിഷ്കിഞ്ചനനായി പറഞ്ഞു. അടുത്ത വർഷത്തിൽ ആവർത്തിച്ചാവർത്തിച്ചു എനിക്കു കേൾക്കാനിടയായ കുറെ നിന്ദ്യപദങ്ങൾ—റഷ്യൻ ഭാഷയിൽ അയാൾ പറഞ്ഞുതീർത്തു. അനന്തരം അയാൾ ജനാലയിലൂടെ വെളിയിലേയ്ക്കു നോക്കി. അയാളുടെ കൂട്ടുകാർ അപ്രത്യക്ഷമായിരുന്നു. അവരുടെ കൂടെ എത്തുവാൻവേണ്ടി അയാൾ പാഞ്ഞു. മുറ്റത്തിറങ്ങിയപ്പോൾ അയാൾ വീണ്ടും നിന്നു; ഒരുവക പൈശാചിക വെറിയോടെ ആ മുറ്റത്തു് ഒന്നു ചുറ്റിക്കറങ്ങി. വശത്തെ ജനാലയിലൂടെ തെരേസയെ ഒരു നോക്കു് അയാൾ കണ്ടിരുന്നു. താൻ അന്വേഷിച്ച കന്യാസ്ത്രീ അതുതന്നെയെന്നു് അയാൾക്കു മനസ്സിലായി ഒരു നിമിഷനേരത്തേക്കു് ഞങ്ങളുടെ വിധി ആ മുട്ടാളന്റെ ഇഷ്ടാ

നിഷ്ക്രിയരായി തുടർന്നിരുന്നു. അയാൾ ഒരു കൈബോംബ് എടുത്തു് ജനാലയിൽ ലക്ഷ്യം നോക്കുന്നതു കണ്ടു. . . . എങ്ങനെയെന്നറിഞ്ഞില്ല, അടുത്തനിമിഷത്തിൽ അയാളുടെ കരങ്ങൾ ചലനരഹിതമായിത്തീർന്നു. അപ്രത്യക്ഷമായ ആ മഞ്ഞുവണ്ടിയെ ലക്ഷ്യമാക്കി അയാൾ ഓടി അകന്നു.

അടുക്കളയിലേയ്ക്കു തിരിച്ചുവന്ന തെരേസ വല്ലാതെ വിളറിയിരുന്നു. അവരെ നിലവറയിലേയ്ക്കു പറഞ്ഞുവിടാൻ എനിക്കൊട്ടും ബുദ്ധിമുട്ടേണ്ടി വന്നില്ല.

അന്ന അമ്മായിയെ പറഞ്ഞുനിർത്താനുണ്ടായിരുന്നു. ഒരു വീട്ടമ്മയുടെ ഉത്സാഹത്തോടെ അവർ തറയെല്ലാം അടിച്ചു വൃത്തിയാക്കാൻ തുടങ്ങിയിരിക്കയാണു". എല്ലാ വലിപ്പുകളും കൊള്ളചെയ്യപ്പെട്ടിരിക്കുന്നു. എന്തെങ്കിലും എടുക്കാതെയുണ്ടെങ്കിൽ അവയൊക്കെ നിലത്തു് വലിച്ചെറിഞ്ഞിരിക്കയാണു്. വലിച്ചുകീറിയ തലയിണകളിലെ തൂവൽ അവിടെയെങ്ങും കാറ്റത്തു പറക്കയാണു്. തറനിറച്ചു് വൈക്കോൽ ചിന്നിച്ചിതറി കിടക്കുന്നു.

ആപൽഘടികം തീർന്നപ്പോൾ ഞങ്ങൾ പുറത്തുകടന്നു നോക്കി. ലിഡിയ സുരക്ഷിതയായി വൈക്കോൽ തുറവിനുള്ളിലുണ്ടു്. പുള്ളിക്കാരത്തിയ്ക്കു് ഇനിയും പുറത്തുവരാൻ പേടിയാണു്. വല്ല ഓസ്തിയും വീഞ്ഞും കവച്ചുചെയ്യപ്പെടാതെ ശേഷിച്ചിരിപ്പുണ്ടോ എന്നു ഞാൻ അന്വേഷിച്ചു. ചവററ കൂമ്പാരത്തിന്റെ അടിയിൽനിന്നു് മൂന്നു മരുന്നു കുപ്പികൾ ഞാൻ കണ്ടെടുത്തു. തലയോട്ടിയുടെയും, കുരിശാകൃതിയിലുള്ള അസ്ഥികളുടെയും പടം വരച്ച കുപ്പികളിൽ ഒളിച്ചുവച്ചിരുന്ന വീഞ്ഞായിരുന്നു അതു്. കൂടാതെ ചെയ്യാത്ത കുറെ ഓസ്തികൾ വിതറിക്കിടക്കുന്നു. ഭാഗ്യമെന്നുപറയട്ടെ, കൂടാതെ ചെയ്ത തിരുവോസ്തികൾ സൂക്ഷിച്ചിരുന്ന കാർഡ്"ബോർഡുപെട്ടി ആരും തൊട്ടിട്ടില്ല. നേരം വെളുത്തുകഴിയുമ്പോൾ കുമ്പസാരമുണ്ടാകുമെന്നു് ചുറ്റുമുള്ള ഭവനങ്ങളിൽ ഞങ്ങൾ അറിവുകൊടുത്തു.

ഉദ്ദേശം 40 ആളുകൾ കുമ്പസാരത്തിൽ പങ്കുകൊണ്ടു. വന്നം പോയുംകൊണ്ടിരുന്ന സൈന്യത്തിനിടയിലൂടെ വേണമായിരുന്നു അവർക്കു വരാൻ. അവർ കൊണ്ടുവന്ന വാർത്തകളെല്ലാം കൂടി സഹനത്തിന്റെ ഒരു ലുത്തിനിയ ഉണ്ടാക്കാൻ മാതൃമുണ്ടായിരുന്നു.

പൊതുസേവന സേനയിലെ പാവപ്പെട്ട ആളുകൾ ഉൾപ്പെടെ എല്ലാവരെയും ചുറ്റിവളഞ്ഞു പിടിച്ചു് തടങ്കലിലാക്കിയിരുന്നു. ആ സാധുമനുഷ്യർ ശരിയായ പട്ടാളവിഭാഗത്തിൽ ചേർക്കപ്പെട്ടിരുന്നില്ല. പുരുഷന്മാരെന്ന നിലയ്ക്കുകിലും ഒരു ചുറ്റാ വെടിപോലും അവർ വെച്ചിട്ടില്ല. അവരുടെ പേരുവിവരപ്പട്ടിക റഷ്യക്കാരുടെ പക്കലുണ്ടായിരുന്നു. തെരുവുകളിലെ നഷ്ടശിഷ്ടങ്ങൾ മാറ്റി വൃത്തിയാക്കുക, എല്ലാം മുമ്പത്തെപ്പോലെ ക്രമപ്പെടുത്തുക എന്നിവയ്ക്കു് അവരുടെ ജോലി ആവശ്യമുണ്ടെന്നാണു് അവരോടു പറഞ്ഞിരുന്നതു്. പക്ഷേ അവർക്കു് അ

തിൽക്കൂടുതൽ അറിയാമായിരുന്നു. തങ്ങളുടെ മുമ്പിൽ നീണ്ടുകിടക്കുന്ന ആ റോഡ് കണ്ടുകൊണ്ട് ഓരോരുത്തരും ഭക്ഷണവും പുതപ്പുകളും കൂടെ എടുത്തു. അവരുടെ കാഴ്ച ശരിയുമായിരുന്നു. നാലുകൊല്ലങ്ങൾക്കു ശേഷം വേറൊരു തടങ്കൽപ്പാളയിൽനിന്നും മിസ്സിസ് ഹോപ്പ് മനസ്സിലാക്കിയതുപോലെ അവരുടെ ഭർത്താവ് ഈ സ്ഥലംമാറ്റം കഴിഞ്ഞ് 6-ാം മാസത്തിൽ സൈബീരിയായിലെ ഒരു കല്ക്കരിഖനിയിൽവച്ച് പട്ടിണിമൂലം മരിച്ചുപോയി എന്നും. ഇതുമെങ്കിലും കേൾക്കാൻ ഇടയായ ചുരുക്കം ചിലരിൽ ഒരാളാണ് ഇവർ.

ഫിഷ്ക്കർ വല്യപ്പനെ പത്തായത്തിൽനിന്നുമാണ് അവർ പിടിച്ചെടുത്തത്. അവർ അദ്ദേഹത്തെ തോക്കിൻ പാത്തികൊണ്ട് നിർദ്ദയം മർദ്ദിച്ചു. വീടുമുഴുവനുമിട്ടു വലിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽവച്ചുതന്നെ ഭാര്യയേയും മൂന്നു പെൺമക്കളേയും ബലാൽസംഗം ചെയ്തു. അംഗഭംഗം ഭവിച്ചുവന്നും, അടുത്തുതന്നെ നടന്ന ഒരു ശസ്ത്രക്രിയമൂലം നടക്കാൻ നിവൃത്തിയില്ലാത്തവനുമായ കൊച്ചു ഹാൻസിനെ അവർ കൊന്നുകളഞ്ഞു! അനന്തരം അവർ ആ പ്രദേശത്തുള്ള സ്ത്രീകളെയെല്ലാം നിരയായി നിറുത്തി. ഒരു മുന്നറിയിപ്പും കൂടാതെ ഒരു പട്ടാളക്കാരൻ 14 വയസ്സുള്ള മാർഗോട്ട് എന്ന ബാലികയുടെ നേർക്ക് നാലു പ്രാവശ്യം ഉണ്ടകൾ ഒഴിച്ചു. അവൾ നിലംപതിച്ചപ്പോൾ ഒരുത്തൻ ഒരു ചാക്കുതുണി അവളുടെമേൽ ഇട്ടു. അവൾ അനങ്ങുന്നതുകണ്ടു വേറൊരു ഭടൻ ബൂട്ട്സുകൊണ്ടു അവളെ ചവുട്ടിമെതിച്ചു.

സൂക്ഷ്മപരിശോധനയ്ക്കുശേഷം ഫിഷ്ക്കറിന്റെ മൂന്നു മക്കളെ അവർ തെരഞ്ഞെടുത്തു. "ഉരുളക്കിഴങ്ങിന്റെ തൊണ്ടുകളയാൻ" അവരെ ആവശ്യമുണ്ടത്രേ. അവരുടെ അമ്മ കേണപേക്ഷിച്ചു മൂത്ത മകളെയെങ്കിലും വിട്ടിട്ടു പോകണമെന്നു്. അവളുടെ ഭർത്താവു് കൊല്ലപ്പെട്ടുപോയി. രണ്ടു കൊച്ചു കുട്ടികളുണ്ടു് അവൾക്കു്. തെളിവിനായി ആ രണ്ടു കുട്ടികളെ ആ അമ്മാമ മുമ്പോട്ടു നീക്കിനിറുത്തി. ഒരു പട്ടാളക്കാരൻ അടുത്തുവന്നു് ആ കുട്ടികളെ മാറി മാറി ചുംബിച്ചു; സ്നേഹപൂർവ്വകമായി ആ കവിളുകളിൽ ഒന്നടിച്ചു; മന്ദഹാസത്തോടെ കുറച്നേരം അവരോടു സംസാരിച്ചു. അവരുടെ അമ്മയെ അവിടെ വിട്ടിട്ടുപോകാൻ കല്പന കൊടുക്കുകയും ചെയ്തു. റഷ്യക്കാർ സ്ഥലം വിട്ടപ്പോഴും ആ ചാക്കുസഞ്ചി കിടന്നു് വിറക്കുന്നുണ്ടായിരുന്നു. മാർഗോട്ടിന്റെ അമ്മ അതു പൊക്കിനോക്കി. അവൾ മരിച്ചിട്ടില്ല; മുറിവുകളിൽനിന്നു് അപ്പോഴും രക്തം ഒഴുകുന്നുണ്ടായിരുന്നു.

ഒരു ഇടയക്കുന്നിന്റെ മദ്ധ്യത്തിലാണ് നീസ്വാൻഡ്റർ ഭവനം ഇരുന്നിരുന്നതു്. അവിടെ 9 കുട്ടികളുണ്ടായിരുന്നു. അതിൽ 4 പേർ ഒരുവക കണ്ണുരോഗത്തിൽ നിന്നും മുക്തിപ്രാപിച്ചു വരുന്നതേയുള്ളു. പതിവുള്ള അപേക്ഷകളുമായി കുറെ പട്ടാളക്കാർ അവിടെ കയറിവന്നു. മി

സ്സിസ്സ് നീസ്വാൻഡ്റ്റ് കയ്യിൽ പിടിച്ചിരുന്ന പ്രാർത്ഥനപ്പുസ്തകം ഒരുത്തൻ തട്ടിപ്പറിച്ചു്, അവരുടെ തലയ്ക്കിട്ടെറിഞ്ഞു. അനന്തരം അയാൾ പേടിച്ചു് വിളറിയിരുന്ന മരിയയുടെ അടുക്കലേക്കു ചെന്നു. അവൾ ഓടിച്ചെന്നു് അമ്മയെ കെട്ടിപ്പിടിച്ചു. ആ നിഷ്ക്കണ്ടകൻ ഉടനെ തോക്കെടുത്തു് നിറയൊഴിച്ചു. രണ്ടുപേരും മരണം പ്രാപിച്ചു.

കൈക്കരുത്തും, തടിമിടുക്കുമുള്ള എന്റെ ഉർസുലയെ ഒരു ഭടൻ നിഷ്ക്കരുണം വധിച്ചുകളഞ്ഞു. അവളെ മേൽമാടത്തിലേയ്ക്കു കയറിക്കൊണ്ടു പോയപ്പോൾ എതിർത്തതാണു കാരണം. ഭാര്യയുടെയും മക്കളുടെയും ഇടയ്ക്കു് ശാന്തനായി നിന്നിരുന്ന അവളുടെ ഒറ്റക്കയ്യനായ അപ്പനേയും അവർ വെടിവച്ചുകൊന്നു.

പീഡനത്തിനു വിധേയരായ സ്ത്രീകൾ ആവർത്തിച്ചാവർത്തിച്ചു് എന്നോടു ചോദിച്ചിരുന്ന ആ വാക്കുകൾ എന്റെ മനസ്സിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. "അച്ചാ എന്തുകൊണ്ടാണു് ദൈവം ഇതു് അനുവദിക്കുന്നതു്? എന്തുകൊണ്ടാണു് ഞങ്ങൾക്കിതു വന്നതു്?"

ഒരു ചീനക്കപ്പു് ആയിരുന്നു എന്റെ കാസ. ഒരിക്കൽ അതിനകത്തു് വയലറ്റു് പുഷ്പങ്ങൾ ഞാൻ വച്ചിട്ടുള്ളതാണു്. ഇപ്പോളതിൽ ക്രിസ്റ്റവിന്റെ തിരുരക്തമാണു്. അന്നു അമ്മായിയുടെ ഒരു നല്ല കറിപ്പാത്രമാണു് ഇപ്പോഴത്തെ പീലാസ. ഒരു മരുന്നുകുപ്പിയാണു് വീഞ്ഞുപാത്രമായി ഉപയോഗിക്കുന്നതു്. വെള്ളമെടുക്കുന്നതു് ഒരു ചായക്കോപ്പയിലാണു്. വീട്ടിൽ ശേഷിച്ചിരുന്ന ഏക ഉപകരണമായ എലിസബത്തമ്മായിയുടെ മേശയാണു് അൾത്താര. ഒരു മെഴുകുതിരിയുണ്ടായിരുന്നു. കാർഡുബോർഡുകൊണ്ടു് അതിനൊരു 'ഷെയിഡു്' ഉണ്ടാക്കിവച്ചു. ഈ നന്നത്തെ കുഞ്ഞാനയ്ക്കു് അതു മതിയായിരുന്നു.

അന്നു് 60–ാം ഞായറാഴ്ചയായിരുന്നു; രക്തസാക്ഷിണിയും കന്യകയുമായ വി. അഗത്തായുടെ തിരുനാൾ. അന്നത്തെ ലേഖനം വി. പൗലോസു് കൊറിന്തിയാക്കാർക്കയച്ചതായിരുന്നു. ".....അദ്ധ്വാനത്തിൽ അവരെക്കാൾ അധികം. കാരാഗൃഹങ്ങളിൽ അവരെക്കാൾ അധികം. മരണാപകടങ്ങളിൽ പലപ്രാവശ്യം. യൂദന്മാരിൽനിന്നു് അഞ്ചുപ്രാവശ്യം ഒന്നു കുറയെ 40 വീതം അടികൊണ്ടു.....അവൻ എന്നോടുപറഞ്ഞു. നിനക്കു് എന്റെ കൃപമതി. എന്തുകൊണ്ടെന്നാൽ ശക്തി ബലഹീനതയിലാകുന്നു പൂർണ്ണമാകുന്നതു്. അതിനാൽ മിശിഹായുടെ ശക്തി എന്നിൽ പൂർണ്ണമാകേണ്ടുന്നതിനു് എന്റെ ബലഹീനതകളിൽ ഞാൻ പ്രശംസിക്കും" (II കോറ. 11/19—12/9).

മുമ്പു് പലപ്പോഴും അവരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകൾ ഞാൻ ആവർത്തിച്ചു. നമ്മുടെ ഇടവക കാൽവരിയിലേക്കുള്ള കുരിശിന്റെ പാതയിൽ നയിക്കപ്പെടുകയാണു്. മനുഷ്യബുദ്ധികൊണ്ടു് നോക്കുമ്പോൾ ഇരുൾമാത്രമുള്ള ഒരു സ്ഥലം. അവിടെ മാനുഷികാശ്വാസങ്ങളൊന്നും

അന്വേഷിക്കേണ്ടതില്ല. ഒന്നും കണ്ടെത്തപ്പെടുകയുമില്ല. ഈ ദിവസങ്ങൾക്കുള്ള മറുപടി തരുവാൻ മിശിഹായ്ക്കു മാത്രമേ സാധിക്കൂ. ഇപ്പോൾ നമ്മുടെ ജീവിതമാത്രം അവിടുത്തെ നോക്കിക്കണ്ടുകൊണ്ട് ഇരുട്ടിൽ സഹിക്കുക എന്നതാണ്; വിശ്വാസത്തോടെ സഹിക്കുക. അവിടുത്തെ പ്രാഭവത്തിന്റെ ശക്തിയാൽ നമ്മുടെ സഹനങ്ങളെ മിശിഹായുടെ സഹനങ്ങളോട് യോജിപ്പിക്കുവാൻ നാം പഠിക്കും. ഈ സഹനസമർപ്പണം കൂടിയാണ്മാരും വെറിയന്മാരുമായ പട്ടാളക്കാരുടെ പാപങ്ങളുടെ പൊറുതിക്കുവേണ്ടി മാത്രമല്ല നമ്മുടെ ഓരോരുത്തരുടേയും പാപങ്ങൾക്കുവേണ്ടിക്കൂടിയത്രേ. ആ 40 പേരും ദിവ്യകാരുണ്യം സ്വീകരിച്ചു.

ആ ചെറുസമൂഹം തങ്ങളുടെ ഭവനങ്ങളിലേയ്ക്കു പിരിഞ്ഞു പോയപ്പോൾ നന്നായി നേരം വെളുത്തിരുന്നു. ശേഷിച്ചിരിക്കുന്ന എന്റെ 'ആടുകളെ' തേടിപ്പിടിക്കുവാനായി പുറപ്പെടുവാൻ ഞാൻ ഒരുങ്ങി. എന്റെ പുതിയ "കുമ്പാനസെറ" എല്ലാം ഒരുക്കി—ചൈനക്കാസയും, മിസ്സാളിന്റെ കീശപ്പതിപ്പും മറ്റും. എവിടെയാണ് എത്തുക? എന്താണ് സംഭവിക്കുക എന്നൊന്നും നിശ്ചയമില്ലാതിരുന്നതുകൊണ്ട് സുവ്വിധ സട്ടിഫിക്കറുകളും ഞാൻ കൂട്ടിലെടുത്തു. അക്കൂട്ടത്തിൽ ബിരുദ ഡിപ്ലോമയും, മാമ്മോദീസ, കുമ്പാനപ്പട്ടം, എന്നിവയുടെ സട്ടിഫിക്കറും ഡ്രൈവറുടെ ലൈസൻസും ഉൾപ്പെട്ടിരുന്നു.

IV സൂസ്സെൻബർഗ്ഗിലെ അവസാനദിനങ്ങൾ

സിസ്റ്റർ ഇമെൽഡ ഒരു നഴ്സാണ്. അവർ എന്റെകൂടെ വരാനും രോഗാതുരർക്കും മുറിവേറ്റവർക്കും പാടുള്ള സഹായം ചെയ്യാനും ഉറച്ചു; രോഗാതുരരേയും മറ്റും കണ്ടുമുട്ടുമെന്നതുള്ളതീച്ചുയുമായിരുന്നു. "ഇതുകൊണ്ടാണ് ഞാൻ രക്ഷപെട്ടതു" അവർ പറഞ്ഞു. തന്റെ സന്ന്യാസവസ്ത്രം മാറിവച്ചു ഒരു അയഞ്ഞ വസ്ത്രം അവർ ധരിച്ചു. സാധാരണ കർഷകസ്ത്രീകൾ ധരിക്കാറുള്ള ഒരു ശിരോവസ്ത്രവും അണിഞ്ഞു. കഷ്ടതകൾ നിറഞ്ഞ ആ ഭവനസന്ദർശനത്തിൽ അവൾ എന്നെ അനുഗമിച്ചു.

ഗ്രാമത്തിലേയ്ക്കു പോകുന്ന സെൻറ്റോക്കു റോഡ് യുദ്ധത്തിന്റെ അവശിഷ്ടങ്ങൾകൊണ്ടു നിറഞ്ഞു കിടക്കയാണ്. പട്ടികൾ കടിച്ചുകീറിയ 3 കുതിരകൾ റോഡിന്റെ നടുവിൽത്തന്നെ കിടക്കുന്നു. ജർമ്മൻകാരുടേയും റഷ്യക്കാരുടേയും കത്തിയ ടാങ്കുകളും, സ്വയംപ്രവർത്തകയന്ത്രങ്ങളും റോഡിൽ നിരപ്പെ കാണാം.

വീടുകളിലെല്ലാം ഒരുവക പേടിപ്പെടുത്തുന്ന ശൂന്യതകൂടിയിരുന്നിരുന്നു. ഞങ്ങളുടെ സംരക്ഷകനും, ശവക്കുഴി വെട്ടുന്നവനും, മണിയടിക്കാരനും മറ്റുമായ റോബട്ടിന്റെ വീടിനു സമീപിച്ചപ്പോഴാണ് ആദ്യമായി ജീവന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതു്. റോബട്ടിനെയും ഭാര്യയെയും കാണാമെന്ന പ്രതീക്ഷയോടെ ഞങ്ങൾ വാതിൽ തള്ളിത്തുറന്നു് അകത്തു് പ്രവേശിച്ചു. അവിടെ കണ്ടതു് ഏക ജീവി മൂരണ്ടുകൊണ്ടിരുന്ന ഒരു കൊഴുത്ത പന്നി മാത്രമായിരുന്നു. അവിടെയാകട്ടെ അയൽ വീടുകളിലാകട്ടെ ജീവന്റെ ഒരടയാളവും ഉണ്ടായിരുന്നില്ല.

മേൽക്കൂരയിലൂടെയും, ഭിത്തികളിലൂടെയും ഏറാരണ്ടു ഷെല്ലുകളുടെ ഫലമായി സ്ഥൂലംകെട്ടിടം മുഴുവൻ ഛിന്നഭിന്നമായിരുന്നു.

പള്ളിയുടെ അടുത്തുള്ള കുന്നു കാണാമായിരുന്നു. അപ്പോഴതാ കുതിരപ്പുറത്തുകയറിയ മൂന്നു കൊസ്സാക്കുകൾ (റഷ്യൻ അധീനതയിലുള്ള തുർക്കിപ്പട്ടാളം) ഞങ്ങളുടെ നേരെ പാഞ്ഞുവരുന്നു. കടിഞ്ഞാൺ പിടിച്ചു് ഞങ്ങളുടെ മുമ്പിൽ നിന്നു. ഭയപ്പെടാതിരിക്കുക എന്ന എന്റെ തത്വം ഞാൻ ഓർത്തു. അവരെ സമീപിച്ചു പറഞ്ഞു "ഞാൻ ഇവിടുത്തെ പാസ്റ്റർ ആണു്. പള്ളിയിലേക്കു പോകുന്നു." അവർ ഒന്നും സംസാരിച്ചില്ല. എങ്കിലും സൗഹാർദ്ദതാരാഹിത്യമൊന്നും കാണിച്ചുമില്ല. പൊയ്ക്കൊള്ളുവാൻ അവർ കൈകാണിച്ചു. നഷ്ടധൈര്യരായിരുന്നെങ്കിൽ ഇതു കാണുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നില്ല. ഒരു പൊതുപ്രമാണമാണിതു്.

ഞങ്ങൾ മുമ്പോട്ടു നടന്നു. തെരുവിന്റെ എതിർഭാഗത്തായി രണ്ടു 'രൂപങ്ങൾ' ഞങ്ങളെത്തന്നെ തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നു. ഒന്നു് ഒരു മംഗോളിയൻ വനിതയാണു്. പേടിപ്പെടുത്തുന്ന മഞ്ഞ നിറം. ഒരു തോക്കു കയ്യിലുണ്ടു്. നിശ്ചലയായി ഒരു വേലിയിൽച്ചാരി നില്ക്കുയാണവൾ. ഒരു ഭാവഭേദവുമില്ലാത്ത മരവിച്ച മുഖം. ആയുധധാരികളായ കൊസാക്കുകളെക്കാളും ഭീതിയുണ്ടാക്കുന്ന മുഖഭാവം. അഞ്ചാറടി പുറകിലായി തോക്കുധരിച്ച വേറൊരു ഉദ്യോഗസ്ഥൻ ഒരു വീടിന്റെ മുൻവാതിൽക്കൽ ചാരിനില്ക്കുന്നു. അടുത്തു ചെന്നാലും ശരി ഓടിപ്പോയാലും ശരി വെടിയുണ്ട പുറത്തുവന്നുവീഴും എന്നൊരു അത്യുച്ചിന്ത എന്നെ കീഴടക്കി. ധൈര്യമായിരിക്കുകതന്നെ, ഞാൻ നിശ്ചയിച്ചു. സിസ്റ്റർ ഇമെൽഡായൊടുകൂടി ഞാൻ ആ സ്ത്രീയെ സമീപിച്ചു.

ഒരു മുഴം അകലെ നിന്നുകൊണ്ടു് ഞാൻ അവരോടു സംസാരിച്ചു. അപ്പോഴും അവർ നിന്നനിലയിൽനിന്നു അനങ്ങിയില്ല. മുഖവും ശരീരവും കൊത്തുരൂപംപോലെ ചലനരഹിതമായിരുന്നു. കൈകൾമാത്രം ചലിച്ചുകൊണ്ടിരുന്നു. ആ ഉദ്യോഗസ്ഥൻകൂടി കേൾക്കത്തക്ക ഉച്ചസ്വരത്തിൽ, കൊസ്സാക്കുകളോടു പറഞ്ഞവതന്നെ ഇവിടെയും ഞാൻ പറഞ്ഞു. മറുപടിയൊന്നും ഉണ്ടായില്ല. ഞാൻ പറഞ്ഞതു കേട്ടതിന്റെ ഒരടയാളവും ആരും കാണിച്ചുമില്ല. കുറവാളികളെപ്പോലെ തുറിച്ചുനോക്കിക്കൊണ്ടതന്നെ അവർ അവിടെ നിന്നു. ഒരു നിമിഷനേരത്തേയ്ക്കു് ഞങ്ങൾ കാത്തുനിന്നു. പിന്നെ എന്തും വരട്ടെ എന്നു കരുതി തിരിച്ചു നടന്നു. പത്തമ്പതടി നടന്നു കഴിഞ്ഞപ്പോൾ കൊള്ളചെയ്തു ശൂന്യമായിക്കിടന്നിരുന്ന ഗ്രാമീണസംഭരണശാലയിൽ ഞങ്ങൾ എത്തി. ഉടൻ ഉള്ളിൽ കടക്കുകയും ചെയ്തു.

തിരുനാൾദിവസം കുമ്പാനച്ചൊല്ലിയ പുൽത്തകിടിയുടെ എതിർവശത്തായിരുന്ന പള്ളിയും പള്ളിമേടയും. പുൽത്തകിടി ആകപ്പാടെ വ്യത്യാസപ്പെട്ടിരിക്കുന്നു. അതിപ്പോൾ പഴംകയറിൻമുറികൾ നിറഞ്ഞുകിടക്കുകയാണു്. കൂട്ടത്തിൽ, ഏതാനും ദിവസം മുമ്പുവരെ ഞങ്ങളുടെ ഏറ്റം

ഇഷ്ടപ്പെട്ട സമ്പാദ്യമായിരുന്ന ചില സാധനങ്ങളും. അതാ ഭേഷ്ടാരു വിൽനിന്നും കടഞ്ഞെടുത്ത ഒരു പേടകം. അതും അതിൻറകത്തെ നിക്ഷേപങ്ങളും എൻെറ സഹോദരി എത്രമാത്രം വിലമതിച്ചിരുന്നെന്നോ! അവളുടെ തുന്നൽപ്പണിയുടെയും നെയ്ത്തിൻെറയും ഫലങ്ങൾ അതിലാണ് നിക്ഷേപിച്ചിരുന്നതു്. പള്ളിമേടയുടെ ഓരോ ജനലിൻെറയും അടിയിൽ ഓരോ ചവറുകൂന കാണാമായിരുന്നു. അതിൽ ഏറ്റവും വലിയ കൂനയുടെ മുകളിൽ ഇടവക ബാൻഡുസെറ്റിൻെറ ഉപകരണങ്ങൾ തകത്തിട്ടിരിക്കുന്നു!

ഉദാസീനമായി ഞാൻ ആ കൂനയെ നോക്കിനിന്നു. ഈ ചപ്പുചവറു മുഴുവൻ എവിടെനിന്നു വന്നുകൂടി എന്നോർത്തു് ഞാൻ അത്ഭുതപ്പെട്ടു. പ്രത്യേക വികാരങ്ങളൊന്നും കൂടാതെ ഒരു ചെറു പുസ്തകം അവിടെനിന്നും ഞാനെടുത്തു. അതു് എൻെറ സഹോദരിയുടെ 'പുതിയ നിയമ'മായിരുന്നു. ഞാൻ അറിയാതെതന്നെ അതെൻെറ പോക്കറ്റിലിട്ടു.

ഭവനത്തിൻെറ ഉൾഭാഗത്തെ നില വേദനാജനകമായിരുന്നു. കണ്ണുനീർ വറ്റിപ്പോയിരുന്നില്ലെങ്കിൽ ഞാൻ അതേപ്പറ്റി കരയുമായിരുന്നു. വളരെ കായ്മയായി ചുരുങ്ങിയകാലംകൊണ്ടു് ഞാൻ ഒപ്പിച്ചുകൂട്ടിയിരുന്ന എൻെറ ആ താമസസ്ഥലം റോബർട്ടിൻെറ ഭവനത്തിൻെറ വിധിക്കുതന്നെ വിഷയമായി. സംഭരണശാലയുടെ കഷ്ടകാലംതന്നെ ഇതിനും വന്നുപിണഞ്ഞു. എൻെറ പ്പാനുകളും, ആശകളും, സ്വപ്നങ്ങളുമെല്ലാം നിലംപരിശായിക്കഴിഞ്ഞിരിക്കുന്നു. തൽസ്ഥാനത്തു് ക്രമരാഹിത്യവും ചവറുകുമ്പാരവും ആധിപത്യം നടത്തുകയാണു്. അചേതനവസ്തുക്കളുടെ ഈ ദുരുപയോഗം, കടതല തിരിയാതുള്ള നശിപ്പിക്കലിൻെറ തിന്മയെപ്പറ്റി ഭയജനകമായ ഒരു ശൂന്യതാബോധം എന്നിലുളവാക്കി.

അത്ഭുതമെന്നു പറയട്ടെ, മിക്കവാറും എല്ലാ ഭക്തചിത്രങ്ങളും കീറിത്രുപങ്ങൾ കൂടിയും ഭിത്തികളിൽത്തന്നെ തൂങ്ങിക്കിടന്നിരുന്നു. കൂട്ടത്തിൽ ഞാൻ വളരെ വിലമതിച്ചിരുന്ന ഒരു ചിത്രത്തിൻെറ—മൂലപ്രതിയാണതു്—ഒരുഭാഗം എൻെറ ശ്രദ്ധയിൽപ്പെട്ടു. എൻെറ സുഹൃത്തായ ഒരു കലാകാരൻ 95–വയസ്സുള്ള എൻെറ പിതാമഹൻെറ ഞൊള്ളിച്ച കൈകളും, വെളുത്ത മനോഹരമായ മുഖവും കാൻവാസ്സിൽ പകർത്തിയതാണതു്. പിതാമഹൻെറ അറിവുകൂടാതെയാണു് വരച്ചതെങ്കിലും ജീവസ്സായ ഒരു കലാസൃഷ്ടിയായിരുന്നു അതു്. കണ്ണിൽപ്പെട്ട കഷണത്തിൽ ശ്രദ്ധിലമായ ഒരു വിരൽ മാത്രമേ ഉണ്ടായിരുന്നുള്ളു. മരത്തിൻെറ വേരാണെന്നു തോന്നും അതു കണ്ടാൽ. നന്നായി അലോസനിച്ചിട്ടുള്ള കൈകളാണവ; "മുതലാളിത്തം" തീണ്ടിയിട്ടു കൂടിയില്ല.

പുസ്തകങ്ങളുടെ കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. ജനാലയിലൂടെ വലിച്ചെറിയാത്തവ പാചകക്കൊഴുപ്പു് പുരണ്ടു് തറയിൽ കിടപ്പുണ്ടായിരുന്നു. അതിലൊരെണ്ണം പൊരിച്ചകോഴിക്കുഞ്ഞുപോലിരുന്നു.

അതു് നെസ്ലെ (Nestle) യുടെ ലത്തീനിലും ഗ്രീക്കിലുമുള്ള "പുതിയ നിയമ"മായിരുന്നു. അവ നല്ലൊരുസംഖ്യ ദഹനബലിയായി അർപ്പിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. അതിന്റെ പേജുകൾ സിഗററ്റു് ഉണ്ടാക്കാൻപററിയ വലിപ്പത്തിലും കട്ടിയിലുമുള്ളതാണല്ലോ.

ഞങ്ങളുടെ സന്ദർശകർ ഭക്ഷണം പാകം ചെയ്യുകയും ഉണ്ണുകയും ഉറങ്ങുകയും എന്നുവേണ്ട ശരീരത്തിനുവേണ്ടതൊക്കെ നിർവ്വഹിക്കയും ചെയ്തതിന്റെ അടയാളങ്ങൾ കാണാനുണ്ടു്. അതാതു നിമിഷത്തിൽ ഏവിടെയായിരുന്നുവോ അവിടെത്തന്നെയാണു് ഇതൊക്കെ ചെയ്തിട്ടുള്ളതു്. നാറ്റം അസഹ്യമായിരുന്നു അവിടെ. ഞങ്ങൾ പുറത്തുപോയി അല്പം നല്ലവായു ശ്വസിച്ചു.

വേലിക്കിടയിലുള്ള ഒരു ഓവിലൂടെ ഞങ്ങൾ പള്ളിയെ സമീപിക്കയായിരുന്നു. സി. ഇമെൽഡായാണതു് ആദ്യം കണ്ടതു്. അവർ ഓടിഅടുത്തു. അതാ മൻവാതിലിനടുത്തു് ഒരു മൃതദേഹം. കൈരണ്ടും കുരിശാകൃതിയിൽ. രോമക്കുപ്പായം പിച്ചിക്കീറിയിരിക്കുന്നു. ശിരസ്സു് പിളന്നിരിക്കുന്നു. കെയിക്കൽ അമ്മാവനായിരുന്നു അതു്. താൻ മരിക്കാനാണു് വന്നതെന്നു് അദ്ദേഹം പറഞ്ഞിരുന്നല്ലോ!

ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ മണ്ണിൽത്തന്നെ മുട്ടുകുത്തി വി. ജലം തളിച്ചു പ്രാർത്ഥിച്ചു. സി. ഇമെൽഡാ ഇടയ്ക്കുകയറിപ്പറഞ്ഞു: "ആ തോക്കുകാരി അവളുടെ കൂട്ടുകാരനോടൊത്തു് വരുന്നുണ്ടു്."

ഞങ്ങൾ ഉടൻ പള്ളിയിലേയ്ക്കുപോയി. ദേവാലയത്തിന്റെ നടഭാഗത്തായി എന്റെ ഏറ്റവും മനോഹരമായ കർബ്ബാനക്കുപ്പായവും ഊറാറയും പിച്ചിക്കീറിയിട്ടിരിക്കുന്നു. വിശുദ്ധ സ്ഥലത്തു് തിരികളും തിരിക്കാലുകളും തറയിൽ തൂകിയിട്ടിരിക്കുന്നു. സക്രാരി തുറന്നാണു കിടന്നതു്. കർബ്ബാനക്കല്ലു് രണ്ടുകഷണമാക്കിയിരിക്കുന്നു. അതിന്റെ സമീപത്തായി കുസ്തോദി ഒടിച്ചുഞെരിച്ചു് വികൃതമാക്കിയിട്ടിരിക്കുന്നു. മേൽക്കുട്ടി ചുരുങ്ങിയതു് അരഡസൻ കഷണങ്ങളാക്കിയിരിക്കയാണു്. അൾത്താര മുഴുവനും വെട്ടിപ്പൊളിച്ചു് വിരൂപമാക്കിയിരിക്കുന്നു. 200 കൊല്ലത്തിലധികം പഴക്കമുള്ള വി. യൗസേപ്പിന്റെ തിരുസ്വരൂപം മുഖംകുത്തി നിലത്തു കിടക്കുന്നു. മരംകൊണ്ടു് കൊത്തിയെടുത്ത ആ കൈകളെല്ലാം ഒടിഞ്ഞു നാശമായിരിക്കുന്നു.

ശാന്തിദായകമായി ആ ദേവാലയത്തിലുണ്ടായിരുന്ന ഏകകാഴ്ച, പ. കന്യകയുടെ അൾത്താരയാണു്. അവിടത്തെ തിരുസ്വരൂപം ഒരു കോട്ടവും കൂടാതെ ഈ രംഗം വീക്ഷിച്ചുകൊണ്ടു് നില്ക്കുന്നുണ്ടായിരുന്നു. "ദേവാലയത്തിൽ നാശത്തിന്റെ ശർഹണീയത നിഴൽ വിരിക്കും" (Daniel 9/26) എന്ന ദാനിയേൽ ദീർഘദർശിയുടെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന രംഗം.

ചിന്താഭാരംകൊണ്ട് മൂകരായ ഞങ്ങൾ പുറംവാതിലിലൂടെ കടന്നു കുന്നിറങ്ങി. ഒരു കോഴിപ്പിട ഒറ്റയ്ക്ക് അവിടെനിന്നു് കൊക്കുന്നുണ്ടായിരുന്നു. ഈ പിടക്കോഴി എപ്പോഴും കൂട്ടംവിട്ട് തനിച്ചായിരുന്നു കണ്ടിരുന്നതു്. അവളുടെ സഹജീവികളെല്ലാം ഒന്നുകിൽ ഭക്ഷണമായി; അല്ലെങ്കിൽ വെടിവെപ്പു പരിശീലനത്തിനു് ലക്ഷ്യമായി. അവൾമാത്രം രക്ഷപെട്ടു. ഈ സംഭവിച്ചതൊന്നുംതന്നെ അവളുടെ തലയെടുപ്പുള്ള നടത്തയ്ക്ക് ഒരു കുറവും വരുത്തിയില്ല. അവളെ നോക്കിനില്ക്കുന്നതു് ഞങ്ങൾക്കൊരു പുതിയ ജീവനം ഉണർവ്വും നൽകി.

ഞങ്ങൾ സെൻറ് ലോറൻസു് റോഡിൽഎത്തി. സെന്റ്ടോംഷാഗൻ ഭാഗത്തുനിന്നു് വരുന്ന കുതിരപ്പട്ടാളത്തിന്റെ കൂട്ടമണികളുടെ ഇരമ്പലും ഞങ്ങൾക്കു കേൾക്കാമായിരുന്നു. ആദ്യമായി എന്റെ കണ്ണിൽ പെട്ടതു് ഒരു സോവ്യറ്റ് കമ്മിസാർ ആയിരുന്നു. അതാ ആ മുൻസീറ്റിൽ മൂന്നുപേർ ഞെങ്ങിയിരിക്കുന്നു. അവരുടെ വീതിയുള്ള കോടിയിരിക്കുന്ന മുഖം ഭയപ്പെടുത്തുന്നതായിരുന്നു. കഴിഞ്ഞരാത്രിയിൽ നടന്ന മദ്യപാനവും ബലാൽസംഗവും കൊണ്ടു് വിവർണ്ണമായ മുഖഭാവം. എന്തുകൊണ്ടാണു് ഞങ്ങൾ ഈ ഗ്രാമത്തിൽനിന്നു പോകുന്നതെന്ന ചോദ്യം വരുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ വിളിച്ചുപറഞ്ഞു: "ഞങ്ങൾ സെന്റ്ടോംഷാഗെനിലേയ്ക്കു് പോകയാണു്; ഫാദർ ലാംഗ്വാൽഡിന്റെ സുഖവിവരം ഒന്നറിയണമെന്നുണ്ടു്." കുതിച്ചു ചാടുന്ന കുതിരകളുടെ വേഗത കുറയ്ക്കുകപോലും ചെയ്യാതെ അവർ കൈവീശി.

സെന്റ്ടോംഷാഗൻ റോഡു് മലംചെരിവിൽ മറഞ്ഞപ്പോൾ ഞങ്ങൾ വെറിന്റെ കളപ്പുരയ്ക്കൽനിന്നു; ഉർസുലായുടെ വീടാണതു്. ഫാദർ ലാംഗ്വാൽഡിനെപ്പറ്റിയുള്ള വാർത്തകൾ അവിടെനിന്നു കിട്ടുമെന്നു് ഞാൻ പ്രതീക്ഷിച്ചു.

മിസ്സിസ്സു് വെർ എന്നെ കോഴിക്കൂടിന്റെ അടുക്കലേയ്ക്കു് കൊണ്ടുപോയി. കുറച്ചകലെയായി പതുമണ്ണു് ഉള്ളസ്ഥലം ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അച്ചാ ഒന്നാശീർവ്വദിക്കണേ. ഞങ്ങൾക്കവരെ അവിടെ സംസ്കരിക്കേണ്ടതായി വന്നു."

ഉർസുലയേയും അവളുടെ അപ്പനേയും ഉടൻതന്നെ സംസ്കരിക്കുവാൻ പട്ടാളക്കാർ നിർബന്ധിച്ചിരുന്നു. മഞ്ഞുവീണു് കട്ടപിടിക്കാത്ത സ്ഥലം അതുമാത്രമേ ഉണ്ടായിരുന്നുള്ളൂതാനും.

"ചുറ്റുമുള്ള വീടുകളിലെല്ലാം കുറെപ്പേർ മരിച്ചിട്ടുണ്ടു് അച്ചാ" മിസ്സിസ്സു് വെർ പറഞ്ഞു. "അങ്ങേയ്ക്കു് കുറേദിവസത്തേയ്ക്കുള്ള ജോലിയുണ്ടിവിടെ. അതു ചെയ്യു തീർക്കുന്നതുവരെ അച്ചനു് ഇവിടെ താമസിക്കരുതോ?"

ഞങ്ങൾ വീടിന്റെ പുറകുവശത്തേയ്ക്കുപോയി. ഒരു പത്തുവിനേയും രണ്ടു പന്നികളേയും കൊന്നിട്ടിരിപ്പുണ്ടായവിടെ. ഓരോന്നിൽ

നിന്നും ഏതാനും മാംസക്ഷണങ്ങൾ മാത്രമേ അവർ എടുത്തിട്ടുള്ളൂ. വിസ്മരിക്കാനാവാത്ത പാഴ്ച്ചെലവ്! അക്ഷന്തവ്യമായ അപരാധം! ആ വീട്ടുകാക്കാണെങ്കിൽ ഒരു വർഷത്തെ ഭക്ഷണത്തിനുണ്ടായേ. മറ്റു ഭവനങ്ങൾക്കു വന്നുകൂടിയ പരിതാപകര സ്ഥിതിതന്നെയാണു് ഇതിനും വന്നുകൂടിയിരിക്കുന്നതു്. വെർ കൂട്ടംബക്കാർ അതു് ആ സ്ഥിതിയിൽത്തന്നെ ഇട്ടുവാൻ നിശ്ചയിച്ചിരിക്കയാണു്. തുടർന്നുവരുന്ന കൊള്ളക്കാരെങ്കിലും അവരെ ഉപദ്രവിക്കയില്ലല്ലോ?

വെർ കൂട്ടംബത്തിലെ ഏറ്റവും ധിഷണാശാലിയും ഉന്മേഷവതിയുമായ മോനിക്കാ റഷ്യക്കാരുമായി ഉണ്ടായ അവരുടെ വേറൊരനുഭവത്തെ എന്നെ വിവരിച്ചു കേൾപ്പിച്ചു.

ഉർസുലായേയും അവളുടെ പിതാവിനെയും സംസ്കരിച്ചുകഴിഞ്ഞുടനെ മൂന്നാറോളം വരുന്ന ഒരു സംഘം പട്ടാളക്കാർ അവിടെ ചെന്നു. സംഘമേധാവി വാതിക്കൽചെന്നു് വീട്ടുകാരു് യാതൊരുപദ്രവങ്ങളും തങ്ങളിൽനിന്നുണ്ടാവുകയില്ലെന്നു് വാക്കുകൊടുത്തു. അനന്തരമായാൾ ഒരു ചെറുമറി ആ സ്ത്രീകൾക്കു് താമസത്തിനുകൊടുത്തു. അവരുടെ കാവലിനായി മൂന്നു പട്ടാളക്കാരെ നിശ്ചയിച്ചു. ആ രാത്രിയിൽ ഒരു ക്രമക്കേടും അവിടെ നടന്നില്ല. ആ ഗ്രാമത്തിലെ കൊള്ളചെയ്യപ്പെടാത്ത ഏകമറി അതുമാത്രമായിരുന്നു.

അടുത്ത പ്രഭാതത്തിൽ ദിവ്യബലികഴിഞ്ഞുടനെ സി. ഇമെൽഡായും ഞാനുംകൂടി മുതിരായവരെ സംസ്കരിക്കുവാനായി പുറപ്പെട്ടു. ജീവിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുക, ചൂടുങ്ങിയതു് അതിനായി ശ്രമിക്കുക എന്നതും ഞങ്ങളുടെ പരിപാടിയിൽ പെട്ടിരുന്നു. കൊള്ളയും കൊള്ളിവെപ്പും, ബലാൽസംഗവും, വധവും സംബന്ധിച്ച കഥകൾ അല്പാല്പവൃത്താന്തങ്ങളോടുകൂടി എല്ലാ വീടുകളിൽനിന്നും ഞങ്ങൾ കേട്ടു.

ഞങ്ങളുടെ പ്രഥമാധിവാസം സംബന്ധിച്ചു നിർദ്ദേശങ്ങൾ പരസ്യപ്പെടുത്തിയതായി ഞങ്ങൾക്കറിവുകിട്ടി. ഞങ്ങളുടെ വിമോചന ദിനങ്ങൾ സമീപിച്ചിരിക്കുന്നു എന്ന സന്തോഷകരമായ ഒരു മുഖവുരയോടെയാണു് അതു് ആരംഭിച്ചിരിക്കുന്നതു്; പ്രകാശമാനമായ ഒരു പുതുലോകത്തിന്റെ വാതിൽ എത്തിയിരിക്കയാണത്രെ ഞങ്ങൾ. തുടർന്നു "ആരും ഗ്രാമം വിട്ടുപോകരുതു്; ആരും റോഡിലൂടെ സഞ്ചരിക്കരുതു്; ആരും തങ്ങളുടെ വീടുവിട്ടു പോകരുതു്", എന്നീ നിരോധനങ്ങളും ഉണ്ടായിരുന്നു. അനന്തര നിർദ്ദേശങ്ങൾ കാത്തിരിക്കണമത്രെ ഞങ്ങൾ. ഈ കല്പനകളൊന്നും ഭവനസന്ദർശനത്തിൽനിന്നു് എന്നെ പ്രതിനിവർത്തിപ്പിച്ചില്ല. വെർ കൂട്ടംബത്തിലേയ്ക്കു് സുരക്ഷിതരായി ആ രാത്രി തിരിച്ചുപോയപ്പോൾ സി. ഇമെൽഡായോടു ഞാൻ പറഞ്ഞു: "സിസ്റ്റർ ഇനിയും എന്റെ കൂടെ പോരരുതു്." അടുത്തഏതാനും ദിവസങ്ങളിലും എന്റെ പോക്കുവരവു് പതിവുപോലെ നടന്നു. 3 റഷ്യൻ ഉദ്യോഗസ്ഥ

ന്മാരടങ്ങിയ ഒരു സംഘത്തിൽനിന്നു് എനിക്കു് കുറച്ചൊക്കെ ബുദ്ധിമുട്ടുകളുണ്ടായി. ഒരു സായംസന്ധ്യയിൽ വെർ കൂട്ടംബെത്തിലേയ്ക്കു് മടങ്ങിപ്പോകവെയാണു് അതാരംഭിച്ചതു്.

ഒരു ക്യാപ്റ്റനും രണ്ടു സൈനികരുമുൾപ്പെട്ട ആ സംഘം ചവിട്ടിത്തകർത്തുകൊണ്ടു്, എന്നെ പിന്നിട്ടു് മുറിയിൽ പ്രവേശിച്ചു. വിസിലൂതിക്കൊണ്ടു് ആ മുറികളിലെ നഷ്ടശിഷ്ടങ്ങളിലൂടെ അവർ ചുറ്റിത്തിരിഞ്ഞു. താമസമുറിയിൽ കിടന്ന പിയാനോയിൽ വിരലുകളോടി സ്വരം പുറപ്പെടുത്തി. മിസ്സിസ്സു് വേർ കൊടുത്ത കാപ്പിയും റൊട്ടിയും വെണ്ണയും അവരെ കുറെ സമാധാനപ്പെടുത്തിയതായി തോന്നി. എന്നിട്ടും ആ ക്യാപ്റ്റന്റെ കണ്ണുകൾ മുറിയിലെങ്ങും പരന്നു നടന്നിരുന്നു. ഉണങ്ങാനിട്ടിരുന്ന എന്റെ ളോഹയും പോക്കറ്റിൽ തൂക്കിയിട്ടിരുന്ന കുരിശുരൂപവും ആണു് അയാളെ കൂടുതൽ അസ്വസ്ഥനാക്കിയതെന്നു തോന്നുന്നു. ഞാനൊരു വൈദികനാണെന്ന വസ്തുത അയാളെ ധരിപ്പിക്കാൻ ഞാൻ കുറെ പണിപ്പെട്ടു. ഏതാനും ആരാധനാപുസ്തകങ്ങളും അതിനു് തെളിവായി ഹാജരാക്കി. ഏതായാലും നേരിട്ടു് അന്വേഷിക്കുവാൻ തന്നെ തീർച്ചയാക്കിയിരിക്കയാണയാൾ. അയാൾ എന്റെ പോക്കറ്റിൽ കൈയിട്ടു നോക്കി. ശേഷിച്ചിരുന്ന ഒരു മുറിപെൻസിലും രണ്ടു തുവാലകളും അയാൾ കൈക്കലാക്കി. ഒരു ചെറുപുസ്തകവും അയാളുടെ ശ്രദ്ധയിൽപ്പെട്ടു. ജർമ്മനിയിലെ റഷ്യൻ വേലക്കാർക്കുവേണ്ടി നിർമ്മിച്ചിരുന്ന ഒരു സചിത്ര ശബ്ദകോശമായിരുന്നു അതു്. റഷ്യൻ–ജർമ്മൻ ശബ്ദങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രായോഗിക നിഘണ്ടു. ഉടനെതന്നെ കൗതുകത്തോടെ അയാളതു പഠിക്കുവാൻ തുടങ്ങി.

അയാൾ വീണ്ടും പരിശോധന നടത്തിയതിന്റെ ഫലമായി എന്റെ ബി. എ. ഡിപ്ലോമയും, തുടുപ്പുള്ള സ്ത്രീകരണ സർട്ടിഫിക്കറ്റും കണ്ടെടുത്തു; കൂട്ടത്തിൽ ഡോക്ടർ ഡിപ്ലോമയും. ഈ അവസാനത്തേതായിരുന്നു ഏറ്റവും അപകടം പിടിച്ചതു്. അയാളതു വിടർത്തി; 'ഡോക്ടർ' എന്ന പദം അമ്പരപ്പിച്ചതുപോലെ തോന്നി. ദൈവശാസ്ത്രത്തിലെ ഡോക്ടർ ബിരുദത്തിനു് വൈദ്യവുമായി ഒരു ബന്ധവുമില്ലെന്നു അയാളെ ഗ്രഹിപ്പിക്കാൻ എനിക്കു നന്നാ വിഷമിക്കേണ്ടിവന്നു. അയാൾ ആ ഭാഗത്തെത്തു രണ്ടും എറിഞ്ഞു കളഞ്ഞു. ഡോക്ടർ ഡിപ്ലോമ ചുരുട്ടി പോക്കറ്റിലിട്ടു് പോവാൻ ഭാവിച്ചു. അടുത്ത നിമിഷത്തിൽ ഒരു വീണ്ടുവിചാരത്തോടുകൂടി ബി. എ. സർട്ടിഫിക്കറ്റെടുത്തു് മൂന്നായി കീറി ഓരോ കഷ്ണം തന്റെ സുഹൃത്തുക്കൾക്കു് കൊടുത്തു. ആ കടലാസിന്റെ മനോഹാരിത അയാളെ ആകർഷിച്ചു കളഞ്ഞു! ഉടനെ തന്നെ പുകയിലച്ചെപ്പെടുത്തു് ആ കടലാസിലിട്ടു് ചുരുട്ടി കത്തിച്ചു് വലി തുടങ്ങി. അഭിമാനത്തോടെ ഞാൻ കരുതിവച്ചിരുന്ന ആ കടലാസു് പുകയായി ഉയരുന്നതു കണ്ടപ്പോൾ, പുതിയ പാപ്പായുടെ അഭിഷേകത്തോടനുബ

CHANGANACHERRY ST. ANTONY'S MONASTERY ALWAYE 719

സ്ഥിച്ച് നടത്താനുള്ള ഒരു ചടങ്ങാണ് എന്റെ ഓർമ്മയിൽ പെട്ടത്. "ലോകത്തിന്റെ മഹത്വങ്ങൾ ഇങ്ങനെ കടന്നു പോകുന്നു" എന്നുച്ചരിച്ചുകൊണ്ട് പഞ്ഞി കത്തിക്കുന്ന ആ കർമ്മം.

അടുത്ത പ്രഭാതത്തിൽ ഈ വിശുദ്ധന്മാരെക്കുറിച്ച് ഞങ്ങൾക്കു കൂടുതൽ അറിവു കിട്ടി. ആ പ്രഭാതത്തിൽ ഞങ്ങൾക്കു ചെയ്യാനുണ്ടായിരുന്ന ആദ്യകൃത്യം ഒരയൽക്കാരിയായ മിസ്സിസ്സ് കാസ്റ്റെല്ലനെ സംസ്കരിക്കുവാൻ ഇടം കണ്ടെത്തുക എന്നതായിരുന്നു. അതു ചെയ്യുന്നതിനുമുമ്പായി വേറൊരു അയൽക്കാരിയായ മിസ്സിസ്സ് നെവുവാൾഡ് ഓടിക്കിതച്ച് വാതിൽക്കലെത്തി. ആ മൂന്നു ഉദ്യോഗസ്ഥന്മാരും ഞങ്ങളെ വിട്ടുപോയ ശേഷം നെവുവാൾഡ് ഭവനം സന്ദർശിക്കയുണ്ടായി. ഉദ്യോഗസ്ഥന്മാർക്ക് പിടി കൊടുക്കാതിരിക്കുവാനായി ജനാലയിലൂടെ പുറത്തു കടന്ന് ആ രാത്രിമുഴുവൻ ഒരു നിലക്കരിഖനിയിൽ അവർക്ക് ഒളിച്ചിരിക്കേണ്ടിവന്നു.

രണ്ടുമൂന്നു നിമിഷങ്ങൾ കഴിഞ്ഞു. അതാ പൂമുഖത്ത് ഒരട്ടഹാസം. ഞാൻ അങ്ങോട്ടു ചെന്നു. തല പുറത്തേക്കു കാണിച്ചതും തുകൽവാറുകൊണ്ടുള്ള ഒരുക്കൻ അടിയേറ്റതും ഒന്നിച്ചു കഴിഞ്ഞു. ഞാൻ അമ്പേ പരിഭ്രമിച്ചു പോയി. ഈ അക്രമികൾ ഞങ്ങളുടെ മുമ്പിലത്തേ സന്ദർശകർ തന്നെയാണെന്നു മനസ്സിലാക്കുവാൻ കുറെ സമയം വേണ്ടിവന്നു. "കൈകൾ ഉയർത്തുക, കൈകൾ ഉയർത്തുക" അവർ അട്ടഹസിച്ചുകൊണ്ടിരുന്നു.

ആ ക്യാപ്റ്റന്റെ മുഖം കോപംകൊണ്ട് അപ്പാടെ മാറിയിരിക്കുന്നു. ഒരു കൈത്തോക്ക് അപ്പോഴും ചുഴറ്റുന്നുണ്ടായിരുന്നു അയാൾ. പുറത്തു്, അഭയാർത്ഥികളുടെയെല്ലാം സമീപപ്രദേശത്തുള്ള എല്ലാ സ്ത്രീകളെയും അവർ ലൈൻ നിർത്തി. അനന്തരം ആ ക്യാപ്റ്റൻ എന്റെ അടുക്കൽ വന്നു. തോക്ക് എന്റെ ചങ്കിനു നേരേ ചൂണ്ടിക്കൊണ്ട് അയാൾ ഏതാണ്ടൊക്കെ പുലമ്പിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ, നെവുവാൾഡ് ഭവനത്തിന്റെ നേരെ ചൂണ്ടിക്കൊണ്ടിരുന്ന ഒരു തുകൽവാറുകൊണ്ട് അയാൾ എന്നെ കുനുത്തു് കഠിനമായി പ്രഹരിച്ചുകൊണ്ടിരുന്നു. മിസ്സിസ്സ് നെവുവാൾഡിനെയാണ് അയാൾ ആവശ്യപ്പെടുന്നതെന്ന് എനിക്ക് മനസ്സിലായി. ലൈൻ നില്ക്കുന്ന സ്ത്രീകളുടെ കൂട്ടത്തിലുള്ള അവരെ അയാൾ തിരിച്ചറിഞ്ഞില്ല. തനിക്കു വരാനിരിക്കുന്ന ആപത്തിനെപ്പറ്റി അവരും മനസ്സിലാക്കിയിരിക്കയില്ല. ഞാൻ ഉടനെ ഒരു തന്ത്രം പ്രയോഗിച്ചു.

മിസ്സിസ്സ് കാസ്റ്റലനന്റെ മൃതദേഹം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു "ഈ മരിച്ച സ്ത്രീ നിങ്ങൾ ചൂണ്ടിക്കാണിക്കുന്ന ആ വീട്ടിലേതല്ല, ഇവർ വേറെയാണ്."

ഒരു നിമിഷത്തേക്ക് അയാൾ ഒന്നു അമ്പരന്നതുപോലെ തോന്നി. വീണ്ടും അല്പമൊന്നു ചിന്തിച്ചശേഷം അയാൾ കൈയുറ ധരിച്ച കൈ

കൊണ്ട് എന്നെ പല പ്രാവശ്യം പ്രഹരിച്ചു; തോക്കിൻപാത്തികൊണ്ട് തലയ്ക്കുമീതെ തൊഴിച്ചു. അയാൾ വീണ്ടും നെവുവാൾഡ് ഭവനത്തിന്റെ നേർക്ക് കൈ ചൂണ്ടിക്കൊണ്ട് ജനൽ ചാടിപ്പോന്ന ആ സ്ത്രീ എവിടെയെന്നു ചോദിച്ചു. "ജീവിക്കുന്ന ഒരു സ്ത്രീയെയാണു് ഞാൻ അന്വേഷിക്കുന്നതു്; ഈ മൃതദേഹത്തെയല്ല" അയാൾ വ്യക്തമാക്കി.

കൂടുതൽ ശക്തിയോടെ എന്റെ മുൻ മറപടി തന്നെ ഞാൻ ആവർത്തിച്ചു.

അയാൾ കലിതുള്ളി. തോക്കിൽ മുറുകെ പിടിച്ചുകൊണ്ട് എന്റെ പുറകിലൂടെ ഒന്നു വലത്തു വച്ചു. ആ കാടൻ ബൂട്ട്സ്കൊണ്ട് എന്നെ ചവിട്ടിത്തള്ളി, വിറകുപുരയ്ക്കും കോഴിക്കൂടിനുമിടയ്ക്കുള്ള വൈയ്ക്കോൽ കൂനയിൽ കൊണ്ടു് നിറുത്തി.

ഞങ്ങളുടെ ആളുകളുടെയെല്ലാം മുഖം ഭീതികൊണ്ടു് കുമ്പാളപോലെ വിളറി. ഞാനവർക്ക് ആശീർവ്വാദം നല്കി. എല്ലാവരെയും "നല്ല ഇടയനെ" ഭരമേല്പിച്ചു. വൈയ്ക്കോൽ കൂനയിലേക്കു് പോകുംവഴി മിസ്സിസ്സ് വെറിനെ ഞാൻ കണ്ടു. അവർ "ഈശോ മറിയമേ ഒടുക്കമേപ്പോ" എന്നു് ഉരുവിടുന്നതു" എനിക്കു കേൾക്കാമായിരുന്നു. അരമണിക്കൂർ മുമ്പു് ഞാൻ അർപ്പിച്ച ദിവ്യബലിയെ ഓർക്കുകയും എന്നെ മുഴുവൻ ദൈവത്തിന്റെ പരിശുദ്ധോഷ്ടത്തിനു് സമർപ്പിക്കയും ചെയ്തു. സത്യം പറയട്ടെ, എനിക്കു് അത്ര വലിയ ഭയമൊന്നും തോന്നിയില്ല. സമാധാനം എന്നെ കൈവെടിഞ്ഞുമില്ല. പക്ഷേ ഒരു കാര്യം; വേദപാഠത്തിലെ പ്രാഥമിക തത്വങ്ങൾ ഞാൻ വിസ്മരിച്ചുപോയോ? ഒരു ഉത്തമ മനസ്താപ പ്രകരണം ചെയ്യാൻ ഞാൻ വിട്ടുപോയി. എന്റെ അവസാന നിമിഷം വന്നു എന്നു തോന്നിയതുകൊണ്ടു് കുറെ ഉച്ചത്തിൽ ഞാൻ വിളിച്ചു പറഞ്ഞു "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയുണ്ടായിരിക്കട്ടെ; ഇപ്പോഴും എന്നെന്നേക്കും ആമ്മേൻ."

വൈക്കോൽ കൂനയ്ക്കൽ വച്ചു് ആ ക്യാപ്റ്റൻ എന്നെ ഒന്നു് വട്ടം കറക്കി അയാൾക്കഭിമുഖമായി നിറുത്തി. ശാന്തവും അതേസമയം ദൃഢവുമായ സ്വരത്തിൽ അയാൾ മുൻചോദ്യം തന്നെ ആവർത്തിച്ചു. ഇതെന്റെ അവസാന അവസരമാണെന്നു് അയാൾ ഭീഷണിപ്പെടുത്തി. "വേണമെങ്കിൽ വെടിവെച്ചുകൊള്ളുക" ഞാൻ പറഞ്ഞു. "പക്ഷേ ആ കിടക്കുന്നതു് നിങ്ങൾ ചൂണ്ടിക്കാണിച്ച വീട്ടിലെ സ്ത്രീയല്ല. അവർ കുന്നിന്പുറത്തുള്ള ഒരു ഭവനത്തിലേതാണു്."

അയാൾ വീണ്ടും എതിർത്തു നിന്നു. അടുത്ത നിമിഷത്തിൽ അവിടെ വന്ന ഒരു പട്ടാളവണ്ടിയുടെ സ്വരമാണു് മരവിപ്പിക്കുന്ന ആ സംഘർഷാവസ്ഥക്കു് വിരാമമിട്ടതു്. ഒരുയർന്ന സൈനികമേധാവിയുംപ്പെടെ രണ്ടു ഉദ്യോഗസ്ഥന്മാർ അതിൽനിന്നു പുറത്തു ചാടി. ഒരു നിമിഷംകൊ

ണ്ട്' ആ മേധാവി ക്യാപ്റ്റനെ സമീപിച്ചു: "നിങ്ങൾ ഇവിടെ എന്തെടുക്കുകയാണ്?" അയാൾ ചോദിച്ചു. "അഴിഞ്ഞാ"ട്ടത്തിനുള്ള ആദ്യത്തെ ആറുമണിക്കൂർ കഴിഞ്ഞിരുന്നതുകൊണ്ടും സൈനിക മര്യാദകൾ പാലിക്കപ്പെടേണ്ടതായതുകൊണ്ടും സത്യം വെളിപ്പെടുത്തുവാൻ അയാൾ വിസമ്മതിച്ചു. ഞാൻ ഒരു പട്ടാളഡോക്ടർ ആണെന്നു് അത്ഭുതം വരത്തക്കവിധം അയാൾ മറുപടി കൊടുത്തു.

ക്യാപ്റ്റന്റെ തോക്കിനു മുമ്പിൽനിന്നു് രക്ഷപ്പെടാനായി ഞാൻ മുന്നോട്ടു കുതിച്ചു. ആ മേധാവിയോടു പറഞ്ഞു. "ഞാൻ ഒരു ഡോക്ടറല്ല; ഒരു വൈദികനാണു്, അതിനു് എന്റെ പക്കൽ തെളിവുകളുണ്ടു്". എന്റെ ഡ്രൈവിംഗ് ലൈസൻസു് നിവർത്തു പിടിച്ചുകൊണ്ടു് ഞാൻ ആ സൈനികമേധാവിയെ സമീപിച്ചു.

അദ്ദേഹം അതുവാങ്ങി വായിക്കുന്നതായി നടിച്ചു. അനന്തരം വലിയ 'ശമ'യിൽ ആ ക്യാപ്റ്റനോടു പറഞ്ഞു "അയാൾ പൊയ്ക്കോള്ളട്ടെ. പൊടിപോലും വിലയില്ലാത്ത ഒരു പാവം കത്തനാർ."

അവരെല്ലാം പോയപ്പോൾ ഞങ്ങൾ വീട്ടിൽ കയറി. 'തെദേവും' എന്ന സ്തോത്രഗീതമാലപിക്കുവാൻ ഞാൻ എല്ലാവരേയും ക്ഷണിച്ചു.

അപ്പത്തിനു് മാവില്ലായിരുന്നതുകൊണ്ടു്, ധാന്യങ്ങൾ പൊടിക്കുവാൻ അന്നുമുഴുവൻ മാറാമ്മളവരെ ഞാൻ സഹായിച്ചു. ആക്കും എപ്പോൾ വേണമെങ്കിലും ചാടിക്കയറിവന്നു് വെടിവയ്ക്കാമായിരുന്ന ഒരു സാഹചര്യത്തിൽ ഇത്തരം സാധാരണ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുക ഒരുതരത്തിൽ പറഞ്ഞാൽ വിചിത്രമാണു്. എല്ലാവക്കും ഇതു സാധിക്കുമില്ല. എന്റെ അവിടത്തെ സാന്നിദ്ധ്യം കൂടുതൽ ആപത്തു വരുത്തിവെയ്ക്കുമെന്ന ചിന്ത മറാറരെക്കാളും കൂടുതലുണ്ടായിരുന്നതു് നെവുവാർഡ് കുടുംബക്കാർക്കാണു്. ഞാൻ ആ വീടുവിട്ടുപോകണമെന്നു് അവർ നിഷ്ക്കർഷിച്ചു. മറിച്ചു് ചൂടുങ്ങിയതു് ഒരു ദിവസംകൂടി ഞാൻ അവിടെത്തന്നെ കഴിച്ചുകൂട്ടണമെന്നു് മിസ്സിസ് വെർ നിർബ്ബന്ധംപിടിച്ചു. എന്റെ പെട്ടെന്നുള്ള തിരോഭാവം കൂടുതൽ വിനകൾ വരുത്തിവെയ്ക്കുമെന്നാണു് അവരുടെ മതം. കുറെക്കൂടി ആലോചിച്ചശേഷം ആ സ്ഥലം വിട്ടുപോകുവാൻ നെവുവാർഡ്കാർ നിശ്ചയിച്ചു. അതിനെ ആരും എതിർത്തില്ല.

അന്നുച്ചതിരിഞ്ഞു് ഞങ്ങൾ കളപ്പുരയിലുള്ള കുറെ ധാന്യം മെതിച്ചുകൊണ്ടിരുന്നപ്പോൾ മോനിക്ക നേരമ്പോക്കിനു് ഒരവസരം തന്നു. അവൾ പൊടിച്ചിരിച്ചുകൊണ്ടു് അടുത്തുണ്ടായിരുന്ന കച്ചിത്തുറുവിലേക്കു് വീണു. തന്റെ പൊട്ടിച്ചിരിയുടെ കാരണം കാണിച്ചുതരാൻപോലും അവൾക്കു സാധിച്ചില്ല. തിമിർത്തു് ചിരിക്കയാണവൾ. നീളമുള്ള കൈപ്പിടിയോടുകൂടിയ ഒരു വിസർജ്ജനപാത്രം അവളുടെ കാൽക്കൽ കിടപ്പുണ്ടായിരുന്നു. അനേകവർഷം രോഗശാലയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള

ആ പാത്രത്തിനു് ഒരു വലിയ ഉദ്യോഗക്കയറ്റം കിട്ടിയിരിക്കയാണു്. റഷ്യക്കാർ അതു് വറചട്ടിയായി ഉപയോഗിച്ചിരിക്കുന്നു!

അന്നു വൈകുന്നേരം ആ സോവ്യറ്റ കൃാപ്റ്റൻ തന്റെ ഉദ്യോഗസ്ഥ സുഹൃത്തുക്കളുമൊന്നിച്ചു് ഒന്നും സംഭവിക്കാത്തതുപോലെ അവിടെ തിരിച്ചുവന്നു. ആദ്യസന്ദർശനത്തിലേതുപോലെതന്നെ വിസിലൂതിക്കൊണ്ടു് വീട്ടിലെങ്ങും ചുറ്റിനടന്നു; പൊട്ടിപ്പൊളിഞ്ഞ പിയാനോയിൽ വിരലുകൾ അമർത്തി; അനന്തരം കുറെ പാലും അപ്പവും കഴിക്കാനായി മേശയ്ക്കിരുന്നു. പക്ഷേ, അവക്കു് വിശപ്പുണ്ടായിരുന്നില്ല. ഉടനെ എഴുന്നേറ്റു് വന്നതുപോലെതന്നെ വേഗത്തിൽ തിരിച്ചുപോയി.

വളരെ കൂടുതൽ ആളുകളെ പിടിച്ചുകൊണ്ടു പോയിട്ടുള്ളതായി പിറേറ ദിവസം ഞങ്ങൾക്കറിവുകിട്ടി. 75–വയസ്സു പ്രായമുള്ള ബർഗോമാസ്റ്ററും, കൊല്ലപ്പണിക്കാരനായ മി. ഗോർഗ്സും, 60കാരനായ മി. ഗ്രീഫും അക്കൂട്ടത്തിൽ പെട്ടിരുന്നു. രോഗിയായ ഗ്രീഫിനെ 5–മൈലകലെയുള്ള ഒരു കുഴിയിൽ അവർ എറിഞ്ഞുകളഞ്ഞു.

അമ്പതാം ഞായറാഴ്ചയിലെ ദിവ്യബലിയുടെ സുവിശേഷത്തിന്റെ ഈ വാചകങ്ങൾ ഞങ്ങളുടെ ധ്യാനവിഷയമായി. "ഇതാ നാം ജരുസലേത്തേക്കു പോകുന്നു. . . . .ഈ കാര്യങ്ങളൊന്നും അവർ ഗ്രഹിച്ചില്ല; ഇവയെല്ലാം അവരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു; തങ്ങളോടു പറയപ്പെട്ടവ അവർ മനസ്സിലാക്കിയതുമില്ല" (ലൂക്ക. 18/31—34).

അടുത്ത വാരത്തിലും ഏതാണ്ടുശങ്ങളായ അനുഭവങ്ങളൊക്കെത്തന്നെ ഞങ്ങൾക്കുണ്ടായി. അതിനുംപുറമെ എടുത്തു പറയത്തക്ക രണ്ടു സംഭവങ്ങൾകൂടി. "കൂടുതൽ നിർദ്ദേശങ്ങൾ" എന്ന ശീർഷകത്തിൽ പുറത്തുവന്ന ഒരു പരസ്യ കല്പനയായിരുന്നു ഒന്നാമത്തേതു്. മറേറതു് ഒരു ഡോക്ടർ ഞങ്ങളുടെ ഗ്രാമത്തിൽ എത്തിയതാണു്.

കഷ്ടിച്ചു വായിക്കാമായിരുന്ന ആ പരസ്യത്തിൽനിന്നു് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1) ഗ്രാമത്തിലുള്ള എല്ലാ ആളുകളും വെർണഗിട്ടനിലുള്ള *കൊമെൻറാറേയിൽ ചെന്നു് പേർ രജിസ്റ്റർ ചെയ്യിക്കണം. ഇതു ചെയ്യാത്തവർ മരണശിക്ഷയ്ക്കോ, കുറഞ്ഞതു് ദീർഘകാല തടങ്കലിനോ അർഹരാകും. രണ്ടാമത്തെ വൈറു് റഷ്യൻ സൈന്യത്തിന്റെ കമാൻറർ ജനറലിന്റെ ഉത്തരവാണിതു്.

2) 17–നും 50–നുമിടക്കു പ്രായമുള്ള എല്ലാ പുരുഷന്മാരും പ്രസ്തുത സൈനികവിഭാഗത്തിൽ ചേർന്നുകൊള്ളണം. തങ്ങളോടുകൂടി ഒരു ജോഡി ശരത്ക്കാല വസ്ത്രങ്ങളും, ഒരു ജോഡി വേനൽക്കാല വസ്ത്രങ്ങളും

* കൊമെൻറാറേ (Komendatura)–സൈനിക കച്ചേരി

ഒരു കിടക്കയും 14 ദിവസത്തേയ്ക്കുള്ള ഭക്ഷണസാധനങ്ങളും കൊണ്ടുചെല്ലുകയും വേണം.

ഞങ്ങളുടെ ഗ്രാമത്തിൽ ആദ്യമായിട്ടാണ് ഒരു ഡോക്ടറെ കിട്ടുന്നതു്. ബെർത്ത പോഷ്ക്ക്മാന്റെ വീട്ടിൽ അദ്ദേഹം വൈദ്യശാല തുറന്നു. ജോലിത്തിരക്കും സ്നേഹവും നിറഞ്ഞ ഒരു മനുഷ്യനാണെന്നാണ് അയാളെക്കുറിച്ചു് ആളുകൾ പറഞ്ഞിരുന്നതു്. പക്ഷേ, ഒരു കൂഴപ്പം മാത്രം! ആദ്യവാരത്തിൽത്തന്നെ 35 രോഗികളോളം മരണമടഞ്ഞു.

ആ മനുഷ്യനെ ഒന്നു സന്ദർശിക്കാനും അയാളുടെ പരസ്യത്തിന്റെ ഉദ്ദേശമെന്തെന്നു മനസ്സിലാക്കാനും ഞാൻ നിശ്ചയിച്ചു. കുട്ടികളും, സ്ത്രീകളും, വൃദ്ധന്മാരും, രോഗികളുമെല്ലാം ഓഫീസിൽ ചെന്നതന്നെ രജിസ്റ്റർ ചെയ്യിക്കണമെന്നാണോ അതിന്റെ അർത്ഥം?

പോഷ്ക്ക്മാന്റെ വീട്ടുവാതിൽക്കൽ ഒരു വൃദ്ധസൈനികൻ ഒരു മോട്ടോർ സൈക്കിൾ കേടുപോക്കിക്കൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. എനിക്കു് അടുത്തു പരിചയമുള്ള ഒരു സൈക്കിൾ. ബെർത്ത പോഷ്ക്ക്മാൻ ആപത്സൂചന നല്കിയ ആ രാത്രിയിൽ ഞാൻ ഉരുണ്ടുവീണതു് അതിൽ നിന്നുമാണു്. ഒരു ഗാർഡു് എന്നെ 'ഓപ്പറേഷൻമുറി'യിലേക്കു കടത്തിവിട്ടു. ഭക്ഷണമേശ മുഴുവനായി വിടർത്തിയിട്ടിട്ടുണ്ടു്. അതിന്റെ ഒരു കോണിലായി രണ്ടു വെള്ളത്തൊട്ടികൾ വച്ചിരിക്കുന്നു. കുറെ ശാസ്ത്രീയോപകരണങ്ങളും ഒന്നുരണ്ടു കൂപ്പികളും അടുത്തു് ഒരു കസേരയിൽ ഇരിപ്പുണ്ടു്. അരികെത്തന്നെ ഒരു കൂപ്പി അണുക നാശിനിയും.

ആ മേശയിൽ നഗ്നനായ ഒരു മങ്ങോളിയൻ ഭടൻ കിടക്കുന്നു. അയാൾ ഉദരസംബന്ധമായ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനാവുകയാണു്. വേദനകൊണ്ടു് പുളയുന്നുണ്ടു് അയാൾ. തടിച്ചുകൊഴുത്ത വേറൊരു സൈനികനാണു് അയാളെ യഥാസ്ഥാനം പിടിച്ചുവച്ചുകൊണ്ടിരിക്കുന്നതു്. ഡോക്ടർ എന്നെ കണ്ടപ്പോൾ കയ്യിലിരുന്ന ഉപകരണം ചലിപ്പിച്ചുകൊണ്ടു് അടുത്ത മുറിയിലേക്കു പോകാൻ അടയാളം കാണിച്ചു.

ശസ്ത്രക്രിയ കഴിഞ്ഞ ഉടനെ അയാൾ എന്റെ അടുക്കലേയ്ക്കു വന്നു. എന്നോടു് ഇരിക്കുവാൻ പറഞ്ഞിട്ടു് ഒരു വലിയ വർത്തമാനപ്പുസ്തകക്ഷണവും കുറേ പുകയിലയും സമ്മാനിച്ചു. ഒന്നു പുകയ്ക്കാനുള്ള സാധനമാണിതു്.

അദ്ദേഹമാണു് സ്ഥലത്തെ ഉയർന്ന അധികാരിയെന്നു ഞാൻ വിശ്വസിക്കുന്നുവെന്നും അങ്ങനെ ഒരു അധികാരിയെ കിട്ടിയതിൽ സന്തോഷമുണ്ടെന്നും ഞാൻ പറഞ്ഞപ്പോൾ അയാൾ സമ്മതസൂചകമായി പുഞ്ചിരിച്ചു. അടുത്തതായി മൃതരായവരെ സംസ്കരിക്കാനുള്ള അനുവാദം ഞാൻ ആവശ്യപ്പെട്ടു.

"ഇഷ്ടമുള്ളവരെയൊക്കെ സംസ്കരിച്ചുകൊള്ളുക" അദ്ദേഹം പറഞ്ഞു. ആരെങ്കിലും ആ ഭാരമേറ്റെടുക്കുന്നതിൽ എനിക്കു് സന്തോഷമേയുള്ളൂ.

അല്ലെങ്കിൽ അതു് പകർച്ചവ്യാധിയുണ്ടാക്കും."

തീപിടിച്ച ഒരു കെട്ടിടത്തിന്റെ നാശനഷ്ടങ്ങൾക്കിടയിൽ കിടന്ന ഒരു റഷ്യൻ ഭടനെ ചൂണ്ടിക്കാട്ടിക്കൊണ്ടു് അദ്ദേഹം ചോദിച്ചു "അയാളെക്കൂടി നിങ്ങൾ മറവുചെയ്യുമോ" ഞാൻ സമ്മതിച്ചപ്പോൾ അയാൾ തുടർന്നു: "മാന്യമായ ഒരു സംസ്കാരം അയാൾക്കു നല്കരുതു്. അയാൾ ഒരു ക്രിമിനൽ പുള്ളിയാണു".

ഞങ്ങൾ വളരെനേരം സംസാരിച്ചു. തിന്മയെ തിന്മകൊണ്ടു് എതിരിടുക എന്ന തത്വത്തിനു് ധാരാളം തെളിവുകൾ തന്ന ആ സംസാരം എന്നെ കൂടെ വിമ്മിട്ടപ്പെടുത്തി. ആ തത്വത്തിന്റെ ഒരു പ്രതീകമാണൊ ചോരകൊണ്ടു് കട്ടപിടിച്ച അയാളുടെ കൈകളും കോട്ടും എന്നെനിക്കു് തോന്നിപ്പോയി. ഹിറ്റ്ലർ, യൂദന്മാരുടേയും, സ്ലാവു്ജനതയുടേയും നേരെ കാണിക്കുന്ന അക്രമപരമായ നയത്തിനെതിരായി റഷ്യ സ്വീകരിച്ചിരിക്കുന്ന പരിപാടിയെപ്പറ്റി അയാൾ തീക്ഷ്ണതയോടെ സംസാരിച്ചുകൊണ്ടിരുന്നു. ജർമ്മൻ പട്ടാളത്തിന്റെ മൃഗീയതകളെ കഥകൾ കൊണ്ടു് അയാൾ വിവരിച്ചുതന്നു; ഒരു കൂട്ടിയോട്ട സംസാരിക്കുന്നതുപോലെ. ഹിറ്റ്ലറിന്റെ മൃഗീയതകൾക്കു് ആദ്യം ഇരയായതു് ക്രിസ്ത്യാനികളും യൂദന്മാരുമടങ്ങിയ ജർമ്മൻ ജനത തന്നെയാണെന്ന വസ്തുത അയാൾക്കജ്ഞാതമാണെന്നു തോന്നുന്നു. ആ പൊതു കുറ്റാരോപണത്തിന്റെ വെള്ളപ്പാച്ചിലിനിടയ്ക്കു് എത്രമാത്രം ക്രിസ്ത്യാനികളാണു് പിടിക്കപ്പെട്ടിട്ടുള്ളതു്? ശിക്ഷയനുഭവിച്ചിട്ടുള്ളതു്? പേടിപ്പെടുത്തുന്ന വസ്തുതകൾ! കുറ്റവാളികളുടെ ഈ ശിക്ഷയനുഭവിക്കുന്ന ഞങ്ങൾക്കു് ഒരു കാര്യമേ ചെയ്യാനുണ്ടായിരുന്നുള്ളൂ. സഹനത്തെ സ്വീകരിക്കുക, അതിന്റെ കാരണങ്ങൾക്കു് പരിഹാരമർപ്പിക്കുക, അങ്ങനെ ഈ പാഞ്ഞുകയറ്റത്തിനു മതിവരുത്തുക.

എന്റെ ആതിഥേയൻ തുടർന്നു "നിങ്ങളുടെ പെണ്ണുങ്ങളാണു് റഷ്യൻ സൈന്യങ്ങൾക്കിരയാകുന്നതു്". സ്വന്തം കണ്ടുപിടിത്തമനുസരിച്ചുള്ള ഒരു വസ്തുത വാർത്തെടുക്കുവാൻ ഹിറ്റ്ലർ ആഗ്രഹിച്ചു. സ്റ്റാലിൻ അതു നശിപ്പിച്ചേ അടങ്ങൂ. ജർമ്മൻ സ്ത്രീകളും റഷ്യൻ പട്ടാളക്കാരുംകൂടി ഒരു നല്ല ജനതയെ സൃഷ്ടിക്കും".

എല്ലാവരും വെർണെഗിട്ടനിൽ പോകണമെന്ന ഉത്തരവിനെക്കുറിച്ചു് ഞാൻ ആരാഞ്ഞു. അതിനു് വിട്ടുവീഴ്ചയൊന്നുമില്ലെന്നായിരുന്നു മറുപടി.

"എന്റെ പള്ളി തുറന്നു കൊള്ളട്ടെ" ഞാൻ ചോദിച്ചു. "അതെന്റെ അധികാരപരിധിയിൽപ്പെട്ടതല്ല. വെർണെഗിട്ടനിലെ മേലുദ്യോഗസ്ഥനോടു ചോദിക്കണം'' അദ്ദേഹം മറുപടി നല്കി.

തിരിച്ചുപോരുമ്പോഴും ആ രോഗി ആ മേശപ്പുറത്തുതന്നെ നീണ്ടുനിവർന്നു കിടക്കുന്നതു കണ്ടു. നഗ്നങ്ങളായ അവയവങ്ങളിലെല്ലാം നീലി

മ പൂണ്ടിരുന്നു. വളരെ ക്ഷീണിച്ചു ഞരക്കവും കേൾക്കാമായിരുന്നു. നല്ല ആരോഗ്യമുള്ള ഒരാൾപോലും അത്ര തണുപ്പുള്ള ഒരു മുറിയിൽ നഗ്നനായി കിടന്നാൽ നീലച്ചുപോകുമായിരുന്നു. വിഭ്രതിബുദ്ധനായ കാലത്തു് ഞാൻ കരി ആശീർവ്വദിച്ചു. അരളിവൃക്ഷശാഖകൾ കത്തിച്ചെടുത്ത കരി. ഈ ഔഷധലോലയുടെ സ്ഥാനത്തു് ഞങ്ങൾ ഉപയോഗിക്കുന്നതു് അരളിശാഖകളാണു്. "മനുഷ്യാ നീ പൊടിയാകുന്നു പൊടിയിലേയ്ക്കു പിന്തിരിയുമെന്നോർക്ക" എന്നുച്ചരിച്ചുകൊണ്ടു് ജനങ്ങളുടെ നെറ്റിയിൽ ഭസ്മംകൊണ്ടു് ഞാൻ കുരിശുവരച്ചു. 'വിശ്വാസം' എപ്പോഴും ഭാവിയിലേയ്ക്കു" നോട്ടമുള്ളതാണെന്നു", വർത്തമാനകാല സംഭവങ്ങളിലൂടെ ഭാവിയെക്കാണേണ്ടതാണെന്നു" ഞാൻ അവരെ അനുസ്മരിപ്പിച്ചു; നൊയമ്പുകാലവും ഉഷ്ണവെള്ളിയും കഴിഞ്ഞാണല്ലോ ഉയിർപ്പുതിരുനാളിന്റെ സന്തോഷം ഉണ്ടാവുക.

വെർണെഗിട്ടനിൽ ഞാൻ ആദ്യംപോയിക്കണ്ടതു് ഫാദർ ടെസ്സെനറെയാണു്. ആ വൃദ്ധവൈദികൻ പള്ളിമേടയിൽത്തന്നെ ഇരിപ്പുണ്ടായിരുന്നു. തന്റെ നാടകീയമായ കഥപറഞ്ഞു കേൾപ്പിക്കാൻ ഒരാളെ കാത്തിരിക്കയായിരുന്ന അദ്ദേഹം.

"ആദ്യമായി വന്നതു് സൈബേരിയൻ ഗാർഡുകളാണു്", അദ്ദേഹം കഥ പറയുകയാണു്. "അവരുടെ ക്യാപ്റ്റൻ നരകത്തിൽനിന്നു ചാടിരക്ഷപെട്ട ഒരു ചെകുത്താൻ. ഞാനൊരു വൈദികനാണെന്നു മനസ്സിലാക്കിയ ക്ഷണനത്തിൽ കൈകൾ ഇളക്കിക്കൊണ്ടു് അടുത്തുനിന്ന ഭടന്റെ നേരെ അയാൾ അലറി: "ഈ കിഴവനെ കൊണ്ടുപോയി വെടിവെയ്ക്കുക".

"അയാൾ തോക്കു് പൂണ്ടിച്ചൂണ്ടി എന്നെ കോഴിക്കൂട്ടവരെ കൊണ്ടുപോയി. ഈ സമയം മുഴുവനും അയാൾ ഉരുവിട്ടുകൊണ്ടിരുന്നു. "കിഴവാ പേടിക്കാതെ എല്ലാം ശരിയാക്കിയേക്കാം ....." അനന്തരം അയാൾ തോക്കു് അയാളുടെ കഴുത്തിനു മീതെ ഉയർത്തി; എന്റെ തലയ്ക്കു മീതേക്കൂടി മൂന്നു വെടിവച്ചു. പിന്നെ എന്നോടു രഹസ്യമായിപ്പറഞ്ഞു: "വിഡ്ഢി, ഈ കോഴിക്കൂടിനകത്തു കയറി ഇരുന്നോ" ഞാൻ അകത്തു കയറി. എന്നെ വെടിവെച്ചിരിക്കുന്നു എന്നു കമാൻഡറോടു പറയാനായി അയാൾ വീട്ടിലേയ്ക്കുപോയി.

"നേരം ഇരുട്ടിയപ്പോൾ ഞാൻ അടുത്തുള്ള മരക്കൂട്ടത്തിലേക്കു കയറി. രാത്രി അവിടെയുള്ള ഒരു വീട്ടിൽ കഴിച്ചു. അടുത്ത കമാൻഡർവന്നു് പള്ളിമേടയിലേക്കു് പോകാൻ എന്നെ അനുവദിച്ചതുവരെ അവിടെയാണു് ഞാൻ പാർത്തതു്."

റഷ്യൻ സൈനികകച്ചേരിയിൽ ഞാൻ പോകേണ്ടതെന്നു് ആ സ്നേഹിതാവു് താക്കീതു നല്കി. അവിടെനിന്നും ഞാൻ ഒരിക്കലും തിരിച്ചു

വരികയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പേടി. പക്ഷേ ഞാൻ വെർ ണെഗിട്ടനിലേയ്ക്ക് വന്നതുതന്നെ ഈ ഉദ്ദേശത്തോടുകൂടിയായിരുന്നു.

ഓഫീസിനെ ലക്ഷ്യമാക്കി ഞാൻ നടന്നു. ഞാൻ ആദ്യമായി പ്രാ മാണികനായ ഒരു സോവ്യറവ അധികാരിയെ കാണുവാൻ പോകയാ ണു്. ഇതുവരെ ഉണ്ടായിട്ടുള്ള കാര്യകളൊക്കെ അനധികൃതമായി സംഭ വിച്ചിട്ടുള്ളവയാണു്. ഞങ്ങളുടെ ഭാവി നിശ്ചയിക്കാനുള്ളവരെയാണു് ഇപ്പോൾ കാണുന്നതു്. പ്രവേശനദ്വാരത്തിങ്കലെത്തിയപ്പോൾ ഒരു വീ ണാഗാനം എന്റെ കാതുകളിൽ പതിച്ചു. ആ സ്വരത്തെ പിന്തുടർന്നു് ഞാൻ നടന്നു. രക്തഹരിത വസ്ത്രങ്ങളോടുകൂടിയ അധികാരവസ്ത്രങ്ങൾ അണിഞ്ഞ ഒരു ഉദ്യോഗസ്ഥനിരിപ്പുണ്ടു് അവിടെ. 'എം. വി. ഡി.' എ ന്ന പേരിലറിയപ്പെടുന്ന സോവ്യറവ രഹസ്യപ്പോലീസിന്റെ ഒരു സർജ ൻറ് ആണദ്ദേഹം. അയാളുടെ തൊട്ടടുത്തു് ഒരു പോളീഷ് യുവതിയുമു ണ്ടു്. അവരാണു് വീണവായിക്കുന്നതു്. അവിടെ നിയമത്തിന്റെയോ അച്ചടക്കത്തിന്റേയോ ലക്ഷണം അധികമൊന്നും ഉണ്ടായിരുന്നില്ല.

വാസ്തവത്തിൽ, ആ യുവതിക്കു് പറയത്തക്ക ഔദ്യോഗിക നിലവാ രമൊന്നുമുണ്ടായിരുന്നില്ല; എവിടെനിന്നോ പിടിച്ചെടുത്ത ഒരു ദ്വിഭാ ഷിണിമാത്രം. എങ്കിലും അവിടത്തെ കാര്യങ്ങളൊക്കെ നടത്തിയിരുന്ന തു് അവളാണെന്നു തോന്നുന്നു. ആ നോട്ടീസിൽ പറഞ്ഞിരുന്നവ അക്ഷ രംപ്രതി പാലിക്കപ്പെടണമെന്നു് ആ സർജൻറ് എന്നോടു പറഞ്ഞു. എ ല്ലാ പുരുഷന്മാരും പട്ടാളത്തിൽ ചേർക്കപ്പെടും; എല്ലാവരും പേരെഴുതിക്കു വാൻ വെർണെഗിട്ടനിൽ വരികയും വേണം. കുറെ സമയത്താമസം നേരിട്ടുമായിരിക്കും; കാരണം രജിസ്ട്രാർ കൂടിച്ചു ലക്കില്ലാതിരിക്കയാണു്. എന്നുവരികിലും എല്ലാവരും പറഞ്ഞ തീയതിക്കുതന്നെ വന്നു് കണക്കു കൊടുക്കണം. അല്ലാത്തപക്ഷം പട്ടാളക്കാർ അവരെ പിടിച്ചുകൊണ്ടു പോരും എന്നുകൂടി അയാൾ വ്യക്തമാക്കി. എന്നെ സംബന്ധിച്ചു ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ടെന്നു് എനിക്കു തോന്നി. റെഡ്ക്രോസ് നിയമങ്ങൾ അനുസരിച്ചു് രണ്ടു കാരണങ്ങളാൽ എന്നെ പട്ടാളത്തിൽ ചേർക്കുക നിഷിദ്ധമായിരുന്നു. ഒന്നു്, ഞാൻ പ്രവൃത്തിയിലിരിക്കുന്ന ഒരു പാസ്റ്റർ ആണു്. മറെറാന്നു് എനിക്കു് ഒരു ശ്വാസകോശമേ ഉണ്ടാ യിരുന്നുള്ളു ആരോഗ്യമുള്ളതായിട്ടു്. ഫിറ്റ്ലർ പോലും അക്കാരണത്താൽ എന്നെ സൈന്യത്തിൽ ചേർത്തിരുന്നില്ല.

"റഷ്യയിൽ ഞങ്ങൾക്കു് പാപ്പാമാരെ ആവശ്യമില്ല. അവിടെ ദീ നക്കാരുമില്ല. നിങ്ങൾ അവിടെ ചെല്ലുമ്പോൾ അവർ ഒരു പുതിയ ശ്വാ സകോശം നിങ്ങൾക്കുണ്ടാക്കിത്തരും." സംഗീതോപകരണത്തിന്റെ പു റകിലിരുന്ന ആ യുവതി മറുപടി പറഞ്ഞു. ഞങ്ങളെ തീർച്ചയായും സ്ഥ ലം മാറുമെന്നു് എനിക്കു ബോധ്യമായി; ഏതാനും ദിവസങ്ങളേ ശേഷി ച്ചിട്ടുള്ളൂ.

അടുത്ത ദിവസങ്ങൾ മുൻദിനങ്ങളെക്കാൾ ഭയജനകമായിരുന്നു. മരണത്തിന്റെ ഗന്ധം എങ്ങും വ്യാപിച്ചിരുന്നു.

പകൽ അധികസമയവും ശവസംസ്കാരത്തിനായി ഞാൻ ചെലവഴിച്ചു. രാത്രി സഖാക്കളുള്ള ഒരു സ്ഥലത്തുകൂടി ഞങ്ങൾ ദിവ്യബലിയർപ്പിക്കും. സോപ്പുറവ പട്ടാളം ഞങ്ങളെ വീർപ്പുമുട്ടിച്ചുകൊണ്ടിരുന്നു. അതിടെ നടന്ന ഒരു ദുരന്തസംഭവം ഓർക്കുന്നു,—നാടകീയമായ ആ വിരോധാഭാസം. അഭയാർത്ഥികളെ കഷ്ടപ്പെടുത്തുന്നതിൽ കൃപ്പസിഡിയാർജ്ജിച്ചിരുന്ന ഒരു ധനികന്റെ വീട്ടിലാണതുണ്ടായത്. അനേകം കവർച്ച സംഘങ്ങൾ കടന്നുപോയതിനുശേഷമാണ് ഞങ്ങളവിടെ ചെന്നതു്. ആ ഭവനത്തിന്റെ പൂമുഖത്തു് ഒരു പന്നി അതിന്റെ കുഞ്ഞു സഹിതം വാസമാക്കിയിരിക്കയാണു്. രക്തപങ്കിലങ്ങളും കൂടംബഹരായാപടങ്ങളും ചോരം ചെളിയും പുരണ്ടു" വൃത്തിഹീനമായിക്കിടക്കുന്നു. അക്കൂട്ടത്തിൽ കുറെ കറൻസിനോട്ടുകളും, കൈസർ വിൽഹെമിന്റെ കാലം മുതലുള്ള പണച്ചില്ലകളും ഉണ്ടായിരുന്നു. പൂമുഖത്തിനും അടുത്ത മുറിയ്ക്കുമിടയിലായി കുടുംബനാഥനും, ഭാര്യയും, ജ്യേഷ്ഠസഹോദരനും മരിച്ചു കിടപ്പുണ്ടു്. ആ ജന്തുക്കൾ അവരെ ചവുട്ടി മെതിക്കുകയും കടിച്ചു കീറുകയും ചെയ്യുന്ന കാഴ്ച ഭയാനകം തന്നെ. രോമക്കുപ്പായങ്ങളും പതിച്ച അൽമാരകളും തുറന്നു കിടക്കുന്നു. കൊള്ളക്കാർ അതെല്ലാം വെട്ടിപ്പൊളിച്ചു് നാശമാക്കിയിരിക്കയാണു്. മാർദ്ദവമേറിയ രോമക്കുപ്പായങ്ങൾ കാറ്റത്തുരുണ്ടു ചെന്നു് ആ ശവശരീരങ്ങളിൽ പറ്റിപ്പിടിച്ചു കിടന്നിരുന്നു. അതേ, അഭയാർത്ഥികൾക്കു നിരസിച്ച ആ വസ്തുക്കൾ മരണത്തിലും ആ ലുബ്ധനെ വിട്ടുമാറിയില്ല!

കുറെ വൃദ്ധന്മാരോടുകൂടി സ്വരമുണ്ടാക്കാതെ ഞാൻ സീഗൻബർഗ്ഗ് കുന്നിലേക്കു പോയി. ഞങ്ങളുടെ ഗ്രാമത്തിന്റെ പ്രവേശനദ്വാരമാണിതു്. ജർമ്മൻ പട്ടാളം അവസാനമായി നിലയുറപ്പിച്ചിരുന്നതും അവിടെയാണു്. മറവു ചെയ്തിട്ടില്ലാത്ത അരഡസനോളം ശവശരീരങ്ങൾ അവിടെ കിടപ്പുണ്ടായിരുന്നു. അവരെ തിരിച്ചറിയാൻ ഞങ്ങൾ നടത്തിയ ശ്രമത്തിനിടയിൽ ഒരു കാര്യം വ്യക്തമായി; അവരും കൊള്ളചെയ്യപ്പെട്ടിരുന്നു. ആ നഗ്നശരീരത്തിൽ ചില 'കുറിപ്പുകൾ' കെട്ടിയിട്ടിരുന്നു. അതിൽനിന്നു ഞങ്ങൾക്കു മനസ്സിലായി, അവരിൽ പലരും യുദ്ധത്തിന്റെ ആരംഭം മുതൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരാണു്; അവരുടെ കുടുംബാംഗങ്ങൾ അവരുടെ തിരിച്ചുവരവു കാത്തു് കഴിച്ചു കൂട്ടുകയാണു് എന്നു്.

മനുഷ്യവംശത്തിന്റെ വലിപ്പവും ചെറുപ്പവും ആ കുന്നിൽ കൂടിക്കിടന്നതുപോലെ തോന്നി. രണ്ടിന്റെയും പ്രതീകങ്ങളായിരുന്നു ആ ചെറിയ പ്രേതസമൂഹം. ഓരോരുത്തനും താന്താങ്ങളുടെ സമ്പാദ്യംകൊണ്ടു് അവരുടെ വ്യക്തിത്വം വെളിപ്പെടുത്തി. ചിലരുടെ സമ്പാദ്യം മെഡലുകളും ജപമാലകളുമായിരുന്നു. മറ്റു ചിലരുടേതു് രോഗനിവാരണ മരു

ന്നുകളും ഭോഗോല്പാദകങ്ങളും. വെള്ള ഉണ്ണിമരം കൊണ്ടുണ്ടാക്കിയ ഒരു കുരിശിന്റെ കീഴിൽ, ഒരു പൊതു ശവക്കുഴിയിൽ അവരെല്ലാം സംസ്കരിക്കപ്പെട്ടു.

റഷ്യൻ ടാങ്കുകളിൽ മൃതിപ്പെട്ട ഒരു റഷ്യൻ ഭടനെ തിരിച്ചു പോരുമ്പോൾ ഞങ്ങൾ കണ്ടു. മൃതദേഹം മണ്ണിനടിയിൽ പൂണ്ടുപോയതുകൊണ്ടാണ് ഇതുവരെ കണ്ണിൽ പെടാതിരുന്നതു്. സുരക്ഷിതത്വത്തിനുവേണ്ടി ഞാൻ സോവ്യറ്റ് ഡോക്ടറെ സമീപിച്ചു് ഒരുദ്യോഗസ്ഥനെക്കൂടി വിടാൻ ആവശ്യപ്പെട്ടു. എനിക്കു് മുമ്പേ പരിചയമുള്ള ഒരു സൈബീരിയൻ ഗാർഡാണു് എന്നെ അനുഗമിച്ചതു്. ഞാൻ ദിവ്യകാരുണ്യം എഴുന്നള്ളിച്ചു കൊടുത്തുകൊണ്ടിരിക്കുമ്പോൾ അയാൾ മിസ്സിസ്സ് ഹിർഷ് ബർഗിന്റെ പാചകശാലയിൽ വന്നു് ഭയാശങ്കകളോടുകൂടി ഒരു മൂല അവശ്യപ്പെട്ടതോർക്കുന്നു. ഞങ്ങൾ നടന്നു പോകുമ്പോൾ, മോസ്കോയിൽ, തന്നെക്കാത്തു് കണ്ണുനീർ പൊഴിച്ചുകൊണ്ടിരിക്കുന്ന സ്നേഹഭാജനത്തിന്റെ കഥ അയാൾ എന്നെ പറഞ്ഞു കേൾപ്പിച്ചു.

മൃതദേഹത്തിന്റെ അടുക്കൽ വന്നപ്പോൾ ആ വൃദ്ധൻ ആദ്യം അതു കണ്ടതേയില്ല. അടുത്തു കിടന്ന ഒരു ജർമ്മൻ റൈഫിൾ അയാളുടെ കണ്ണിൽപ്പെട്ടു. അയാളതെടുത്തു് ഒരു വിദഗ്ധനെപ്പോലെ പരിശോധന തുടങ്ങി; ഒന്നു വെടിവച്ചു നോക്കി. അനന്തരം അയാൾ തന്റെ റഷ്യൻ റൈഫിൾ എറിഞ്ഞു കളഞ്ഞു് പുതിയതെടുത്തു. ബയനറ്റുകൊണ്ടു് അയാൾ മൃതദേഹം കുത്തിപ്പൊക്കി.

റഷ്യൻ ടാങ്കു കയറി അയാൾ മരിച്ചതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അയാളെ ഒരു റഷ്യനായി മനസ്സിലാക്കാൻ വിഷമമുണ്ടായിരുന്നു. റഷ്യൻ യൂണിഫോറത്തിന്റെ മീതെ രണ്ടു സിവിലിയൻ സൂട്ടുകൾ അയാൾ അണിഞ്ഞിരുന്നു. അതിന്റെ പുറമെ ഒരു ജർമ്മൻ തപാൽശിപായിയുടെ രോമച്ചട്ടയും. എല്ലാ പോക്കറ്റും നിറയെ രണ്ടു വിഭവങ്ങൾ ശേഖരിച്ചിരുന്നു—ഭക്ഷണസാധനങ്ങളും, ക്ഷൗരക്കത്തികളും. സംശയമില്ല, അയാൾ ഒരു കൊള്ളവിദഗ്ധനായിരുന്നു. ആ ഗാർഡു് അയാളെ തിരിച്ചറിയാനൊന്നും മിനക്കെട്ടില്ല. ബയനറ്റുകൊണ്ടു് തട്ടിനോക്കിയിട്ടു് അയാൾ പറഞ്ഞു "യുദ്ധം തുണമില്ല; പാവം; അയാളുടെ അമ്മ ചങ്കു പൊട്ടിച്ചാകും."

ചേറ 13 റഷ്യൻ ഭടന്മാരെ സംസ്കരിച്ചിരുന്ന ഒരു കുഴിയിൽ ഈ മൃതദേഹവും സ്ഥലം പിടിച്ചു. ക്ലെയോപാട്രായുടെ സൂചിപോലിരിക്കുന്ന ഒരു ചൂണ്ടുപലകയുണ്ടായിരുന്ന ആ ശവക്കുഴിയുടെ മുകളിൽ. 3—അടി ഉയരവും, 6—ചതുരശ്ര ഇഞ്ചു് വിസ്താരമുള്ള അടിഭാഗത്തോടുകൂടിയതുമായ ഒരു മരക്കഷണം. നിലച്ചായമടിച്ചതും ഉച്ചിയിൽ പിംഗളവർണ്ണമായ നക്ഷത്രചിഹ്നത്തോടുകൂടിയതുമായ ആ സ്തംഭത്തിൽ പല പേരുകളും എഴുതപ്പെട്ടിരുന്നു. അകലെ നിന്നുകൊണ്ടു് തന്നെ നമ്മുടെ സൈ

ബീരിയാക്കാരൻ വളരെ കൌതുകപൂർവ്വം അതു ഞങ്ങളെ വായിച്ചു് കേൾപ്പിച്ചു. എല്ലാ റഷ്യൻ ശവക്കുഴികൾക്കും മീതെ അത്തരമോരോ സ്തംഭം കാണാമായിരുന്നു.

നോമ്പിലെ ഒന്നാം ഞായർ സൂസ്സെൻബർഗ്ഗിലെ ഞങ്ങളുടെ അവസാന ഞായർ ആയിരുന്നു. അന്നത്തെ ആരാധനക്രമം ദൈവസ്വരത്തിൽ ഞങ്ങളുടെ ആത്മാവിൽ സംസാരിച്ചു. "ഞങ്ങൾ ദൈവത്തിന്റെ ശ്രേഷ്ഠ കുമാരാകുന്നുവെന്നു് വളരെ ക്ഷമയാലും, ഞെരുക്കങ്ങളാലും, മുട്ടുപാടുകളാലും, കാരാഗൃഹങ്ങളാലും, അടികളാലും, ബന്ധനങ്ങളാലും, കലഹങ്ങളാലും, അദ്ധ്വാനത്താലും, ഉറക്കൊഴിവിനാലും, ഉപവാസത്താലും, ശുദ്ധതയാലും, ജ്ഞാനത്താലും, ദീർഘശാന്തതയാലും, സൗമ്യതയാലും, പരിശുദ്ധാത്മാവിനാലും ചതിയില്ലാത്ത സ്നേഹത്താലും, സത്യത്തിന്റെ വചനത്താലും; ദൈവത്തിന്റെ ശക്തിയാലും വലത്തുമിടത്തുമുള്ള നീതിയുടെ ആയുധത്താലും, ബഹുമാനത്താലും, അപമാനത്താലും, സ്തുതിയാലും, നിന്ദയാലും സകലത്തിലും ഞങ്ങളെത്തന്നെ പ്രദർശിപ്പിക്കട്ടെ! വഞ്ചകന്മാരെപ്പോലെ കരുതപ്പെട്ടുന്നവരെങ്കിലും സത്യവാന്മാർ ആകുന്നു... ....ഒന്നും ഇല്ലാത്തവരെപ്പോലെ എങ്കിലും എല്ലാം കൈയടക്കിയിരിക്കുന്നു"(1 കോറ. 6. 4–10). ആ കൂട്ടുനയിലെത്തന്നെ പേരൊരു പ്രാർത്ഥന ഈ വാശാനംകൂടി നല്കിയിരിക്കുന്നു. "നിന്റെ വഴികളിൽ നിന്നെ കാത്തു സംരക്ഷിക്കാൻ അവിടുന്നു് തന്റെ മാലാഖമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. നിന്റെ കാലുകൾ കല്ലുകളിൽ ഉതയ്ക്കാതിരിക്കുവാൻ അവരുടെ കൈകളിൽ അവർ നിന്നെ താങ്ങിക്കൊള്ളും..... രാത്രിയുടെ ഭയാനകത നിന്നെ ആകുലപ്പെടുത്താതിരിക്കട്ടെ! (സങ്കീ. 90. 11–5).

"രാത്രിയുടെ ഭയാനകത" ഞങ്ങളുടെ മേൽ പതിച്ചതുപോലെ തോന്നി. ആത്മാവിലാണെങ്കിൽ നിരാശയും ഭീതിയും; ശരീരത്തിലാണെങ്കിൽ എല്ലാവിധത്തിലുള്ള ദുരിതങ്ങളും; ചുറവപാടും നാശനഷ്ടങ്ങളും! ഞങ്ങളിൽ ഓരോരുത്തന്റെയും സ്നേഹഭാജനങ്ങൾ ഒന്നുകിൽ മരിച്ചു, അല്ലെങ്കിൽ ദീനശയ്യയിൽ. അതുമല്ലെങ്കിൽ ഏതെങ്കിലും വലിയ ആപത്തിൽ. പക്ഷേ ഈ മരണത്തിനിടയിലും ഞങ്ങൾക്കു് അതിസ്വാഭാവികജീവിതവും, വിശ്വാസവും ഉണ്ടായിരുന്നു. പുനരുത്ഥാനത്തെപ്പറ്റിയുള്ള പ്രതീക്ഷ ഞങ്ങൾക്കു് ഉത്തേജനം നല്കി. സഹനത്തിനു് അതിൽത്തന്നെ ഒരന്ത്യമുണ്ടെന്നും, ആ അന്ത്യം ഉറച്ച വിശ്വാസമാണെന്നും ഞങ്ങൾ ഓർത്തു. ദൈവത്തിനധീനപ്പെട്ടിരിക്കുന്നവരെ, മറ്റു സഹനങ്ങൾ സമീപിക്കയില്ല; ദൈവത്തിനാത്മാർപ്പണം ചെയ്യുകയെന്നതു് സന്തോഷമാണു്, സമാധാനമാണു്, സംതൃപ്തിയുമാണു്. അതു് സ്വാഭാവികമായ ആത്മശക്തിയെയും, ശരീരബലത്തെയും വർദ്ധിപ്പിക്കതന്നെ ചെയ്യും.

അടുത്ത പ്രഭാതത്തിൽ സീബാൽഹാമിൽ ഞാൻ ദിവ്യബലിയർപ്പിച്ചു. വേറൊരു കൂട്ടക്കൊലയുടെ സാക്ഷ്യം വഹിച്ച ഗ്രാമം. ഭയാനകമായ

റഷ്യൻ "കരുണാർദ്രത"യുടെ ഉദാഹരണം. റഷ്യൻ പട്ടാളക്കാർക്കു് പതിവുള്ള "വാച്ചു്, ചാരായം; സംസ്കാരമുള്ള പട്ടാളക്കാർ" എന്നീ ആഭ്യവിളികളോടുകൂടി രണ്ടു ഭടന്മാർ ആ വീട്ടിലേയ്ക്കു് കയറിവന്നു. ഇതു കണ്ടു് ഭയന്ന ഒരു വൃദ്ധൻ, പറഞ്ഞതെന്തെന്നു് മനസ്സിലാകാതെ കുരിശുവരയ്ക്കാൻതുടങ്ങി. അതു് അവസാനിപ്പിക്കുന്നതിനു മുമ്പുതന്നെ അയാൾ വെടിയേറ്റു് നിലം പതിച്ചു. അനന്തരം അവർ മിസ്റ്റർ സീബാളിനോടും അവിടെയുണ്ടായിരുന്ന ക്രാവ്സു് എന്നു പേരുള്ള അഭയാർത്ഥിയോടും ആ മൃതശരീരത്തെ കളപ്പുരയിലേയ്ക്കു് കൊണ്ടുപോകാൻ കല്പിച്ചു. അവർ ആ കൃത്യം നിർവ്വഹിച്ചുതീരുന്നതും വെടിയേറ്റു് നിലംപതിച്ചുതും ഒന്നിച്ചുകഴിഞ്ഞു. നിർഭാഗ്യമെന്നു പറയട്ടെ, ആ സൈനികർ അതിലേ കടന്നുപോകവേ ഗ്രാൻവു് പാഹിപ്പെല്ലും, 80 വയസ്സു് പ്രായമുള്ള ഒരു മനുഷ്യനും കൂടി ആ വഴിക്കുവന്നു. കളപ്പുരയിൽ മൃതദേഹങ്ങൾക്കടുത്തു് ചെന്നു നില്ക്കുവാൻ ആജ്ഞാപിച്ചു. അവരും വധിക്കപ്പെട്ടു. ശേഷിച്ചിരുന്ന ഷെ'ളഗെലിനെയും അവർ അവിടെ കൊണ്ടുപോയി വധിച്ചുകളഞ്ഞു.

കുറച്ചുകഴിഞ്ഞു് ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ഒരുസംഘം സോവ്യറ്റു് പട്ടാളം ആ വഴിക്കുവന്നു. അവർ മിസ്സസ്സു് സീബാളിനോടു് സീബാൾ എവിടെ എന്നു ചോദിച്ചു. ആ സ്ത്രീ അയാളെ കളപ്പുരയിലേയ്ക്കുകൊണ്ടുപോയി മൃതദേഹങ്ങൾ കാണിച്ചുകൊടുത്തു. അയാൾ തല കുലുക്കിക്കൊണ്ടു് പറഞ്ഞു "ഇതു് എസ്. എസ്. SS_ പട്ടാളത്തിന്റെ പണിയാണു്" "എസ്. എസ്. ഇവിടെയുണ്ടായിരുന്നില്ല; റഷ്യൻ പട്ടാളമാണു് ഈ കൊല നടത്തിയതു്".

ആ ഓഫീസർ പ്രതിഷേധസൂചകമായി തല കുലുക്കിക്കൊണ്ടു പറഞ്ഞു "റഷ്യൻ പട്ടാളം ഇതു ചെയ്കയില്ല." ഒരു മഞ്ഞുവണ്ടിയിൽ മൂന്നുചാക്കു് മാവും, രണ്ടുചാക്കു് പഞ്ചസാരയും പന്നിയുടെ ഒരുകുറവുമായി അയാൾ മടങ്ങിവന്നു. ആ സാധനങ്ങൾ മിസ്സിസ്സു് സീബാളിനെ ഏല്പിച്ചിട്ടു് പറഞ്ഞു "സങ്കടപ്പെടേണ്ട, നിങ്ങൾക്കും കുഞ്ഞുങ്ങൾക്കും ഇതാവേണ്ടതു ഭക്ഷണം.....".

പിറേറ ദിവസംതന്നെ പട്ടാളത്തിൽ ചേർന്നിരുന്ന എല്ലാ പുരുഷന്മാരും വെർണെഗിട്ടനിൽ ചെന്നെത്തണമെന്നു് ആ രാത്രി ഞങ്ങൾക്കു് അവസാന നിർദ്ദേശം കിട്ടി. പിറേറന്നു കാലത്തു് 9 മണിക്കു് എല്ലാവരും ഒരിടത്തു് ഒരുമിച്ചുകൂടാൻ ഞങ്ങളേല്പാടുചെയ്തു. ഓരോരുത്തനും വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനായിപ്പോയി. ഫ്രാൻസമ്മാവനും എലിസബത്തു അമ്മായിയുംകൂടി സാധിക്കുന്നിടത്തോളം ഭക്ഷണസാധനവും വസ്ത്രങ്ങളും എനിക്കുവേണ്ടി തയ്യാർ ചെയ്തിരുന്നു. അന്ന അമ്മാവിയും എന്റെ ജ്ഞാതിയായ ജോസഫിന്റെ ഭാര്യയും കൂടെ അധികം ടിൻചെയ്ത ഭക്ഷണസാധനങ്ങൾ ഒരുക്കിവച്ചിരുന്നു. വാച്ചുനിർമ്മാതാവായ ബ്രൗ

ണിന്റെ വക 10 റാത്തലോളം വരുന്ന ഒരു പന്നിത്തുടയുംകൂടി ഉണ്ടായിരുന്നു. പക്ഷേ അതുകൊണ്ടുപോകാൻ എനിക്കു കഴിഞ്ഞില്ല.

അടുത്ത പ്രഭാതത്തിൽ ഞാൻ എല്ലാവർക്കും ആശീർവ്വാദം നല്കി. അമ്മാവനും എലിസബത്തു അമ്മായിക്കും ഒരോരുത്തർക്കും സന്തോഷമേ നല്കാൻ ഉണ്ടായിരുന്നുള്ളൂ. "ഇനി നമുക്കു" സ്വർഗ്ഗത്തിൽവച്ചു കാണാം."

"അന്ന അമ്മായിയുടെ കാര്യം എങ്ങനെ?" ഞാൻ ചോദിച്ചു.

"ഓ! ഞാൻ ഈ ലോകത്തിൽവച്ചുതന്നെ നിന്നെ കണ്ടുകൊള്ളാം. ഞാൻ ഇവിടെ ഇരിക്കാൻതന്നെ നിശ്ചയിച്ചിരിക്കയാണു"" അമ്മായി പ്രതിവചിച്ചു.

വളരെയേറെ പ്രതീക്ഷയോടെ 5 മാസം മുമ്പു് ഞാൻ വന്നുകയറിയ ആ 'എന്റെ' പള്ളിയിലേയ്ക്കു് ഞാൻ ഒരു 'തീർത്ഥാടനം' നടത്തി. പീഠത്തിന്റെ പടവികളിൽ മുട്ടുകുത്തിനിന്നുകൊണ്ടു് എന്റെ ചിന്നിച്ചിതറിയ ആടുകളെ നല്ല ഇടയനെ ഭരമേല്പിച്ചു. അവിടത്തെ ഭവനമായ ഈ ദേവാലയത്തിൽ അവിടന്നു് ഇനി സന്നിധി ചെയ്കയില്ല. അതുകൊണ്ടു് ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസവും സ്നേഹവും വഴിയായി കൂടിയിരിക്കുവാൻ ഞാൻ അഭ്യർത്ഥിച്ചു. ഞങ്ങൾ എവിടെയെല്ലാം ചിന്നിച്ചിതറിപ്പോയാലും ഒരു ദിവസം ഈ സ്ഥലത്തുതന്നെ ഒരുമിച്ചു കൂടാൻ ഇടയാക്കണമെന്നും അവിടത്തെ കരുണയുടെ മുമ്പിൽ ഞാൻ പ്രാർത്ഥിച്ചു.

ആ ഗ്രാമീണ ദേവാലയത്തോടു് ഞാൻ അവസാന യാത്രപറഞ്ഞു. നാശനഷ്ടങ്ങൾ സംഭവിച്ച ആ ദേവാലയത്തോടും ചുറുചുറുക്കുകളോടും എന്തെന്നില്ലാത്ത ഒരു മമത എനിക്കപ്പോഴുണ്ടായിരുന്നു.

വെർണൊഗിട്ടെണിലേയ്ക്കുള്ള വഴിയിൽവച്ചു് "ഒരനുഗ്രഹീതയാത്ര" എനിക്കനുഭവപ്പെടാൻ തുടങ്ങി. ഞാൻ ഇനിയും കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന ഒരു കൊച്ചിടവകയുടെ ഇടയനല്ല; മറിച്ചു് അലഞ്ഞുതിരിഞ്ഞുനടക്കുന്ന ഒരു പള്ളിയുടെ – സഞ്ചാര ഇടയനാണു്. ആ പള്ളിക്കു് "നിലനില്ക്കുന്ന ഒരു പട്ടണ"മില്ല.

V അഗാധത്തിലേക്ക്

വെർണൊഗിട്ടനിലേക്കുള്ള മൂന്നു മൈൽ വഴി ഞങ്ങൾ നടന്നു. അപ്പോഴും ഞങ്ങൾ വിശ്വസിച്ചിരുന്നതു് രജിസ്ട്രേഷൻ, ആളുകളെ എണ്ണാനുള്ള ഒരു കൗശലം മാത്രമാണെന്നാണു്. ഞങ്ങളോടു പറഞ്ഞിരുന്നതുപോലെ നാട്ടിൽത്തന്നെ എന്തെങ്കിലും വേലയ്ക്കു് ഞങ്ങളെ നിയോഗിക്കുമെന്നും ഞങ്ങൾ സ്വപ്നം കണ്ടിരുന്നു. ഇതൊക്കെ വെറും ദിവാസ്വപ്നമാണെന്നു വിചാരിച്ചിരുന്ന ഒരു ചെറുവിഭാഗം ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. പക്ഷെ ഒരു കാര്യത്തിൽ ഞങ്ങൾ എല്ലാം ഏക ആശയക്കാരായിരുന്നു. അതായതു്, ഞങ്ങളുടെ ഗ്രൂപ്പിൽപ്പെട്ട ഒരു നല്ല ഭാഗം ആളുകളെക്കൊണ്ടു് യാതൊരുപകാരവും റഷ്യക്കാക്കുണ്ടാകയില്ല എന്നതിൽ. ചെറുപ്പക്കാരനായ എന്റെ കൂടെ നടന്നിരുന്ന ഹെയിൻറിച്ചു് ഷ്മിഡ്ടു് അതിനൊരു ഉദാഹരണമാണു്. രണ്ടാം ലോകമഹായുദ്ധത്തിൽവച്ചു് അദ്ദേഹത്തിന്റെ ഒരു കാലും കാഴ്ചയും നഷ്ടപ്പെട്ടിരുന്നു. അയാളെ തിരിച്ചുവിടാതിരിക്കയില്ല.

വളരെ ശാന്തമായിത്തന്നെ ഞങ്ങളുടെ തടങ്കൽ ആരംഭിച്ചു. സുസ്സെൻബർഗ്ഗുകാർ എല്ലാം ഒരു ഒഴിഞ്ഞ വീട്ടിലേക്കു് ആനീതരായി. വീണ്ടും കോമെൻറാറന്റ സ്ക്കൂൾകെട്ടിടത്തിലേക്കു് വിളിക്കപ്പെട്ടതുവരെ ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. അവിടെ അദ്ധ്യാപക വസതിയിലാണു് രജിസ്ട്രേഷൻ നടന്നതു്. ഞങ്ങളെയെല്ലാം ക്യൂനിറുത്തി. ഹെയിൻറിച്ചിനെ രജിസ്ട്രാരുടെ പക്കലേക്കു നയിച്ചതു് ഞാനാണു്. അദ്ധ്യാപകന്റെ മേശയ്ക്കരികിലായി രജിസ്ട്രാർ ഇരിക്കുന്നു. അയാളുടെ പുറകിൽ കമാണ്ടറും, പാർശ്വത്തിങ്കൽ വീണവായിക്കുന്ന ആ യുവതിയും. അവരുടെ

തലയ്ക്കുമുകളിലായി ഹോഫ്മാൻ വരച്ച "ദേവാലയത്തിന്റെ ഉണ്ണിക്രിസ്തു"വിന്റെ ഒരു വലിയ ചിത്രം തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു.

ചുറകുപാടുകളെപ്പറ്റി ഒരു ചിന്തയുംകൂടാതെ ആ യുവതി അപ്പോഴും തുന്നൽവേല ചെയ്തുകൊണ്ടിരുന്നു! അവിടത്തെ നടപടികളൊന്നും വിശ്വാസയോഗ്യമായി തോന്നിയില്ല. രജിസ്റ്റാർ ഓരോന്നു ചോദിക്കും. കമാണ്ടർ വലിയ ശരീരഭാവത്തിൽ, വിശേഷവിധിയായ യൂണിഫോറമണിഞ്ഞു് അയാളുടെ പുറകെ നില്ക്കും. ചോദ്യങ്ങൾ അവസാനിച്ചു. ഈ കിഴവനെ എടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതിനായി അയാൾ ഒന്നു പുറംതിരിഞ്ഞു നോക്കി. കമാണ്ടറുടെ നേരെയല്ല; ആ സ്ത്രീയുടെ നേരെ. അവൾ കയ്യിലിരുന്ന തുന്നൽസൂചി താഴ്ത്തി അടയാളം കൊടുത്തു. സ്വീകരിക്കണമെന്നു സാരം. അവൾ പിന്നെ ഒന്നും ചെയ്തില്ല.

ഞാൻ ഫെയിൻറിച്ചിനെ മേശയ്ക്കരികിലേയ്ക്കു് നീക്കിനിറുത്തി യുക്തിവാദം നടത്തി. "അയാൾ കൺകുരുടനാണു്; ഒരു കാലില്ല," രജിസ്റ്റാർ പ്രത്യാശപൂവ്വം ആ സ്ത്രീയെ നോക്കി. അവൾ അതേ ആംഗ്യംതന്നെ ആവർത്തിച്ചു. ഞാൻ വീണ്ടും എതിർത്തു "അയാൾ ഏറെ ശതമാനവും രോഗിയാണു്." "റഷ്യയിൽ രോഗികളൊന്നുമില്ല" യന്ത്രംപോലെ അവൾ പ്രവചിച്ചു.

അടുത്തതു് ഞാനായിരുന്നു. എനിക്കു് രണ്ടുകാലും കാഴ്ചയുമുണ്ടായിരുന്നതുകൊണ്ടു്, എന്റെ ശ്വാസകോശത്തെപ്പറ്റിയൊന്നും പറയുവാൻ ഞാൻ മിനക്കെട്ടില്ല.

വെർണെഗിട്ടന്റെ കീഴിലുള്ള വില്ലേജുകളിലെ എല്ലാ പുരുഷന്മാരുടേയും പേരും വയസ്സും കുറിച്ചെടുക്കുകമാത്രമായിരുന്നു രജിസ്ട്രേഷന്റെ ഉദ്ദേശം. അതുകഴിഞ്ഞപ്പോൾ ഞങ്ങളെ തൊഴിൽ സംഘങ്ങളായി തിരിച്ചു. അധികഭാഗം ആളുകളെയും കൊള്ളസംഘങ്ങളിലാണു് പെടുത്തിയിരുന്നതു്. കണക്കുകൊടുക്കാൻ വന്നിരിക്കുന്ന ആളുകളുടെ വീടുകളിൽപോയി കൊള്ളചെയ്യുക. ഓരോ സംഘത്തിനും പരിധി നിശ്ചയിച്ചുകൊടുത്തു", വണ്ടികളിൽ അയച്ചു. സന്ധിക്കരാറുകളിൽ കാണാവുള്ള "പരിഹാരങ്ങൾ" (reparations) എന്ന ഔദ്യോഗിക സങ്കേതത്തിന്റെ ഏതാണ്ടൊരു രൂപം നേരിട്ടു കാണുവാൻ ഇവിടെവച്ചു് ഞങ്ങൾക്കു സാധിച്ചു.

സ്റ്റോർഷാഗനിൽനിന്നു് ഫാദർ ലാംഗ്വാൽഡു് തന്റെ ആളുകളോടൊത്തു് വന്നിട്ടുണ്ടായിരുന്നു. കൊള്ളചെയ്തുകൊണ്ടുവരുന്ന വസ്തുക്കൾ വണ്ടിയിൽനിന്നു് ഇറക്കുന്ന ജോലിയാണു് ഞങ്ങൾക്കു രണ്ടുപേർക്കും കിട്ടിയതു്. പെരുമാറ്റവസ്തുക്കൾ, പിയാനോകൾ, അലക്കു യന്ത്രങ്ങൾ, ക്ലോക്കുകൾ, തയ്യൽ യന്ത്രങ്ങൾ, കൃഷിയുപകരണങ്ങൾ, കിടക്ക തുടങ്ങിയവ നിറച്ച കൂതിരവണ്ടികൾ വന്നുകൊണ്ടിരുന്നു. വിജാകിരി വിട്ടുവിച്ചെടുത്ത വാതിൽപ്പാളികൾ പോലും കൊള്ളവസ്തുക്കളിൽ ഉൾപ്പെട്ടിരുന്നു.

ഓട്സ്, ബാർളി തുടങ്ങിയ ധാന്യങ്ങളും നിറച്ച ചാക്കുകളും ഞങ്ങളും സ്ലൂപ്പുകൊട്ടിടത്തിലേയ്ക്ക് ചുമന്നുകൊണ്ടിരുന്നു. എനിക്കു പരിചയമുള്ള പല പേരുകളും ആ ചാക്കുകളിൽ എഴുതിയിരിക്കുന്നതു കാണാമായിരുന്നു. സീബാർ, വെർ, ഫ്രഞ്ച്, ഫിഷർ; വസന്തത്തിലേക്ക് വിത്തിനുവേണ്ടി അവർ സൂക്ഷിച്ചിരുന്ന ധാന്യമാണിതു്.

ഞങ്ങളുടെ അടുത്ത പരിപാടി വഴിയിൽ അവിടവിടെയായി കൂട്ടിയിട്ടിരിക്കുന്ന കാരകളും, വണ്ടികളും, ട്രാക്ടറുകളും എന്നിവമാറ്റി ഇട്ടുകയായിരുന്നു. പുതുതായി കൊള്ള നടത്താൻ വഴികളും തുറന്നുകിട്ടണമല്ലോ. കിഴക്കാംതൂക്കായ ഒരു ചെരിവിലൂടെ തള്ളി താഴെയുള്ള പുൽത്തകിടിയിൽകൊണ്ടുവന്നു് നിക്ഷേപിക്കണമായിരുന്നു. ചിലതെല്ലാം ശക്തിയിൽ ഉരുണ്ടതിന്റെ ഫലമായി മൈതാനത്തിന്റെ അകത്തുള്ള അരുവിയിൽ ചെന്നേ നിന്നുള്ളൂ. സൂര്യോസ്തമനത്തോടെ മൈതാനം കേടുപാടുകളും പറ്റിയ ഈ വാഹനങ്ങളുംകൊണ്ടു നിറഞ്ഞു.

കഠിനമായ ദേഹാധ്വാനം മാനസികാസ്വാസ്ഥ്യത്തെ ലഘൂകരിച്ചു; ചുരുങ്ങിയതു് അതു് മറക്കാൻ എങ്കിലും സഹായിച്ചു. ഹെയിൻറിച്ചിന്റെ പിതാവായ ഷിമിഡ് വല്യപ്പൻ—ഇയാളും സ്വിസ്സെൻബർഗിലെ തയ്യൽക്കാരനാണു്—തയ്യൽ യന്ത്രങ്ങളും കൂടിക്കിടന്ന ഒരിടത്തേക്കു് എന്നെ കൂട്ടിക്കൊണ്ടുപോയി. അയാളുടെ പഴയ 'സിംഗർ' ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു "നോക്കച്ചാ അതു് എന്റേതാണു്." 52 കൊല്ലം ഞാൻ അതിലിരുന്നു് ജോലിചെയ്തിട്ടുണ്ടു്; എന്റെ 9 കുട്ടികളെ വളർത്തുവാൻ...'' ഏതാണ്ടു ദിവസങ്ങളും ആ മണ്ണിൽ ഇട്ടിരുന്നശേഷം അവയെല്ലാം അടുത്ത ചിറയിലേക്കു് എറിഞ്ഞുകളയും എന്നെനിക്കു തോന്നി. പക്ഷേ ഞാനതു് അയാളോടു പറഞ്ഞില്ല.

ഫാദർ ലാംഗ്വാൽഡിനും എനിക്കും ഉദ്യോഗക്കയറ്റം കിട്ടി; ശവസംസ്കാര വകുപ്പിലേക്കു്. മൃതദേഹങ്ങളെല്ലാം ശേഖരിച്ചു് കൂട്ടമായി ഒരു കുഴിയിലിട്ടു മൂടുക. സ്ലൂപ്പൂന്തോട്ടത്തിന്റെ പുറകിലുള്ള പുൽത്തകിടിയിൽനിന്നു് 6 പുരുഷന്മാരുടെ മൃതദേഹങ്ങളും ഞങ്ങൾക്കു കിട്ടി. 4 ബാലികമാർ, ഒരു വൃദ്ധ, ഒരു വൃദ്ധൻ. വൃദ്ധന്റെ മൃതദേഹം പന്നിക്കൂട്ടിലാണു് കിടന്നിരുന്നതു്. വെർണെഗിട്ടണിലെ ക്രാമർകുടുംബത്തിലെ കനിഷ്ഠസന്താനമായ മത്തിൽഡായുടെ മൃതദേഹവും അവിടെയുണ്ടായിരുന്നു. ഒരു വയലിലെ ഉഴവുചാലിലാണു് അതുകിടന്നിരുന്നതു്. വലത്തെ കൈ ഉയർത്തിപ്പിടിച്ച നിലയിൽ മരവിച്ചിരുന്നു. മരവിച്ച ഇടതു കൈവിരലുകൾക്കിടയിൽ ഒരു ജപമാല പിടിച്ചിരുന്നു.

50 മൃതദേഹങ്ങളും ഞങ്ങളും ഒരു കുഴിയിൽ നിക്ഷേപിച്ചു. അതിൽ 14 പേർ മാത്രമേ പട്ടാളക്കാരായി ഉണ്ടായിരുന്നുള്ളൂ.

ഒരു പ്രഭാതത്തിൽ ഉയർത്തിപ്പിടിച്ച കൈത്തോക്കുകളുമായി രണ്ടു ഗാർഡുകൾ ഞങ്ങളുടെ വസതിയിൽ വന്നു. പുറത്തുപോകുവാൻ അ

വർ ആജ്ഞാപിച്ചു. എന്റെ കുട്ടിസ്സഞ്ചിയും തൂകൽ ബാഗും കയ്യിലെടുത്തു് ഞാനും ആ ഘോഷയാത്രയോടു ചേർന്നു. ഇരുപതുപേരായി റോഡിന്റെ നടുവിൽ ഞങ്ങളെ അവർ ലൈൻ നിരത്തി. എട്ടുപത്തു് എം. വി. ഡി. ഓഫീസർന്മാർ തൂകൽവാറു് പൊട്ടിച്ചുകൊണ്ടു് ഞങ്ങളുടെ ചുറ്റുംനടന്നു. സാർവാഴ്ചയുടെ അവശേഷങ്ങളിൽ ഒന്നായിരുന്ന കൂപ്രസിദ്ധിയാർജ്ജിച്ച ആ തൂകൽവാറുകൾ. അവർ പരസ്പരം എന്തൊ ചിലതൊക്കെ യുക്തിവാദം ചെയ്തുകൊണ്ടിരുന്നു. ഞങ്ങൾക്കതൊന്നും മനസ്സിലായില്ല. ഒരുത്തൻ ഗണനോപകരണം ഉപയോഗിച്ചു് ഞങ്ങളെ എണ്ണുന്നുണ്ടായിരുന്നു. അയാൾ വീണ്ടും വീണ്ടും പരിശോധന നടത്തിയിട്ടു് 22 എന്നമറപടി തന്നെ കൊട്ടത്തുകൊണ്ടിരുന്നു.

എന്താണു് സംഭവിക്കാൻ പോകുന്നതു് എന്നതിനെപ്പറ്റി ഞങ്ങൾക്കൊരു രൂപവും ഉണ്ടായിരുന്നില്ല. ഒരു കളപ്പുരയുടെ പുറകിലൂടെ മാർച്ചുചെയ്യുമ്പോൾ ഞങ്ങളുടെ ഭീതി വർദ്ധിച്ചു. ഒരു ചെറുമോഷണം നടത്താൻ മേലുദ്യോഗസ്ഥന്മാരുടെ മുമ്പിൽനിന്നു മറയാൻവേണ്ടി മാത്രമാണു് അവർ അങ്ങോട്ടുപോയതു്. അവരുടെ യുക്തിവാദങ്ങൾ 2 മണിക്കൂറോളംദീർഘിച്ചു. അനന്തരം അരധസേനാളം സൈക്കിൾ കേറിയിട്ടുള്ള ഒരു കുതിരവണ്ടി അവർ പുറത്തേയ്ക്കുവലിച്ചിട്ടു. കുറെ ഗാർഡുകൾ അതിൽകയറിപ്പറ്റി. ആ വണ്ടിയെ പിന്തുടരാൻ അവർ ഞങ്ങൾക്കു കല്പന തന്നു. എവിടേയ്ക്കു് എന്തിനു പോകുന്നു എന്നൊന്നും ഞങ്ങളോടു പറഞ്ഞില്ല.

ഞങ്ങൾ സ്റ്റേഷൻ കെട്ടിടത്തിന്റെ മുൻവശത്തുകൂടി കടന്നു പോയപ്പോൾ മിസ്സിസ്സു് ലൈംക് കരഞ്ഞുകൊണ്ടു് കൈകളിട്ടു് ചലിപ്പിച്ചുകൊണ്ടുംകൊണ്ടു ഓടി മുമ്പിൽ വന്നു. നേതാവായ സർജൻറിന്റെ അടുക്കൽച്ചെന്നു് തന്റെ ഭർത്താവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് 69 കാരനായ അദ്ദേഹത്തെ അവർക്കു വിട്ടുകൊടുക്കണമെന്നപേക്ഷിച്ചു. അയാൾ ഒരുവാക്കുപോലും മറുപടി പറഞ്ഞില്ല. മറ്റു ഗാർഡുകളുടെ ശ്രദ്ധയിൽപ്പെടാതെ തന്നെ അദ്ദേഹത്തെ വിളിച്ചു് ഭാര്യയുടെകൂടെ വീട്ടിൽ പോയ്ക്കൊള്ളാൻ പറഞ്ഞു.

ഹെയിൽസ്ബറ്റിലേയ്ക്കുള്ള വഴിയേയാണു് ഞങ്ങൾ മാർച്ചുചെയ്തുകൊണ്ടിരുന്നതു് നല്ല വേഗത്തിൽത്തന്നെ. ഒരു മൈൽ കഴിഞ്ഞപ്പോഴെക്കും ഞാൻ വിയർപ്പിൽ കുളിച്ചുകഴിഞ്ഞു. ചില വയസ്സന്മാർ ക്ഷീണവും വേദനയുംകൊണ്ടു് തെരുതെരുത്തുടങ്ങിയിരുന്നു. പക്ഷേ മാർച്ചുചെയ്യാതെ നിർവ്വാഹമില്ല. മാച്ചിംഗു് എവിടേയ്ക്കായിരുന്നാലും പുരോഹിതന്റെ കടമകൾ നിർവ്വഹിക്കുവാനുള്ള അവസരം എനിക്കു കിട്ടിയെങ്കിൽ മതിയെന്നായിരുന്നു എന്റെ പ്രാർത്ഥന. സൂസ്സൻബറ്റിലെ അവസാനദിനങ്ങളിൽ ഞാൻ ചെയ്തുകൊണ്ടിരുന്ന ആ വൈദികകൃത്യങ്ങൾ തന്നെ.

ഫെയിൽസ്ബർഗിന്റെ സമീപത്തുകൂടി ഞങ്ങൾ കടന്നുപോയി. ദേവാലയ ഗോപുരത്തിങ്കൽ നില്ക്കുന്ന സെൻറ് മൈക്കിളിന്റെ സ്വർണ്ണ പ്രതിമ അപരാഹ്നസൂര്യന്റെ പ്രകാശം തട്ടി മിന്നിത്തിളങ്ങുന്നു. അതിന്റെ പുറകിലുള്ള മെത്രാസനമന്ദിരത്തിന്റെ മേൽക്കൂര അഗ്നിസമാനം ജാജ്വല്യമാനമായിരുന്നു. ചുറ്റുപാടുമുള്ള ഹിമപാളികൾ വെയിലേറ്റ് വെട്ടിത്തിളങ്ങുന്നു. ഉപേക്ഷിച്ചുകളഞ്ഞ മഞ്ഞുവണ്ടികളും, വാഹനങ്ങളും, കിടക്കകളും, ചിത്രകൃതിരകളുംകൊണ്ട് വഴികളെല്ലാം വികൃതമായിരിക്കുന്നു.

ഫെയിൽസ്ബർഗിൽ ചെന്നപ്പോൾ ഗാർഡുകൾ വണ്ടി നിറുത്തി; ഞങ്ങളുടെ ലഗ്ഗേജ് കയറിക്കൊള്ളുവാൻ പറഞ്ഞു. രണ്ടുമണിക്കൂർ കൂടി വളരെവേഗം മാർച്ചുചെയ്തതിന്റെ ഫലമായി ഞങ്ങൾ ഗ്രോസ്സൻ ഡോർഫിലെത്തി. ഒരു എം. വി. ഡി. കേന്ദ്ര ഓഫീസിന്റെ മുമ്പിൽ ഞങ്ങളെ നിറുത്തി. സൂര്യാസ്തമനത്തിലുള്ള ശീതവാതം അസഹ്യമായിരുന്നു. രൂക്ഷമായ തണുപ്പും, വിയപ്പിൽ കുളിച്ച വസ്ത്രങ്ങളുംകൂടി ചേർന്നപ്പോൾ ഞങ്ങളുടെ പല്ല് കൂട്ടിയടിച്ചുതുടങ്ങി.

ലക്കില്ലാതെ പലപ്രാവശ്യം ഞങ്ങളെ ആ ഗ്രാമത്തിലങ്ങോട്ടുമിങ്ങോട്ടും മാർച്ചുചെയ്യിച്ചു. വീണ്ടും എം. വി. ഡി. ഓഫീസിന്റെ മുമ്പിൽനിറുത്തി. ആ രാത്രി ആരോ ഞങ്ങളെ വിസ്തരിക്കാൻ ഉദ്ദേശിക്കുന്നുണ്ടായിരുന്നു. പക്ഷേ ആരാണെന്നു് ആർക്കും അറിവില്ലെന്നു തോന്നി. ഞങ്ങൾ പീലാത്തോസിന്റെ അടുത്തുനിന്നു് ഹേറോദേശിന്റെ അടുക്കലേയ്ക്കും അന്നാസിന്റെ പക്കൽനിന്നു് കയ്യഫാസിന്റെ പക്കലേയ്ക്കും പൊയ്ക്കൊണ്ടിരുന്നു. ഒരു പുതിയഗണം ഗാർഡുകൾ വന്നു. അവരുടെ ജോലി ഞങ്ങളെ കളിയാക്കുകയായിരുന്നു. റഷ്യൻ ചാരായത്തിൽ അവരുടെ നാക്കു് വഴുതിപ്പോയി. അങ്ങനെ അതേവരെ ഞങ്ങൾക്കറിവുകിട്ടിയിട്ടില്ലാത്ത ഒരു സംഗതി പുറത്തുവന്നു: "റഷ്യയിൽ ചെല്ലുമ്പോൾ തൊഴിൽ എന്താണെന്നു് നിങ്ങൾക്കു മനസ്സിലാകും." ഞങ്ങൾക്കു നാട്ടിൽത്തന്നെ ജോലികിട്ടുമെന്നാണു് അതുവരെ എല്ലാ റഷ്യാക്കാരും ഞങ്ങളോടു് പറഞ്ഞിരുന്നതു്.

രാത്രി വളരെ വൈകിയശേഷമാണു് അവർ ഞങ്ങളെ രണ്ടു കൊച്ചു മുറികളിലാക്കിയതു്. ബോമ്പു വീണതുകൊണ്ട് ഒരു ഓട്ടു് ഹൗസിന്റെ രണ്ടു മുറികൾ. അപ്പോൾ തന്നെ ആ മുറികളിൽ 30 ജർമ്മൻ പൗരന്മാരും കൂടെ ലിത്വാനിയക്കാരും, പോളണ്ടുകാരും ഉണ്ടായിരുന്നു. സിമൻറു തറ വൃത്തികെട്ട വൈക്കോൽകൊണ്ടു് ഏറെക്കുറെ മൂടിയിരുന്നു. ഞങ്ങളെ അകത്താക്കി പൂട്ടിയിരുന്നതുകൊണ്ടും പുറത്തുപോകാൻ അനുവാദമില്ലാത്തതുകൊണ്ടും മുറിയുടെ ഒരു മൂല വിസർജ്ജനത്തിനായി മാറ്റിവയ്പ്പെട്ടിരിക്കയാണു്. ഒട്ടുസ്ഥം അസഹ്യമായിരുന്നു.

ഇങ്ങനെയെല്ലാമായിരുന്നിട്ടും ആ ഹതഭാഗ്യനായ മനുഷ്യനോട് എനിക്ക് ഒരു സഹതാപം തോന്നി. ഫാദർ ലാംഗ്‌വാൽഡ് അവിടെ ഇരിക്കുന്നു. അദ്ദേഹത്തിന്റെ പുറത്തുമാത്രം, തോളിൽ തലവച്ചുകൊണ്ട് റയിക്കൻബർഗ്ഗിന്റെ പാസ്റ്ററായ ഫാദർ പോഡൽക്കു് ക്ലേശം വലിച്ചു് ഉറങ്ങുന്നു. സെമിനാരിക്കാലം മുതലേ ഫാദർ പോഡൽക്കു് തന്റെ തൊണ്ണൂറുകളുടെ കുരുത്തിനു് പ്രസിദ്ധിയാർജ്ജിച്ചവനാണു്. എവിടെയിരുന്നും അദ്ദേഹത്തിനു് ഉറങ്ങാൻ കഴിയും. ഇതു ശാന്തമായ ആ ഗാഢനിദ്ര കണ്ടാൽ അദ്ദേഹം ഇപ്പോഴും സ്വഭവനത്തിലാണെന്നേ ആർക്കും തോന്നൂ.

ഈ ഉരുക്കുമനുഷ്യനെ സംബന്ധിച്ച ചില രസകരമായ സംഭവങ്ങൾ അദ്ദേഹത്തിന്റെ ഒരു ഇടവകക്കാരൻ എന്നോടു പറഞ്ഞു. അദ്ദേഹത്തിന്റെ ഇടവകയിൽപ്പെട്ട കുറെ സ്ത്രീകളും കുട്ടികളും ഒളിച്ചിരിക്കുന്നതു് എവിടെയെന്നു പറയുവാൻ റഷ്യക്കാർ അദ്ദേഹത്തെ നിർബന്ധിച്ചു. അദ്ദേഹം പറയാൻ കൂട്ടാക്കിയില്ല. അവർ അദ്ദേഹത്തെ ഒരു ഭിത്തിയോടു ചേർത്തുനിർത്തി തലയ്ക്കു ചുറ്റും ഒരു ഡസൻ വെടിവച്ചു. എന്നിട്ടും അദ്ദേഹം കൂസുന്തിയില്ല. അവർ അദ്ദേഹത്തെ നിർദ്ദയം മർദ്ദിച്ചു. ഇത്രവണയും റഷ്യക്കാർ തന്നെ തോറ്റു. ഉയർത്തിപ്പിടിച്ച തോക്കുമായി അവർ അദ്ദേഹത്തെ ആ ഗ്രാമത്തിലിട്ടു് പലപ്രാവശ്യം ഓടിച്ചു. അവസാനം ഭക്ഷണം കൊടുക്കാതെ തണുപ്പുള്ള ഒരു പത്തായത്തിലിട്ടു പൂട്ടി. 4 ദിവസം അങ്ങനെ കിടന്നു. ഒടുവിൽ പുറത്തുകൊണ്ടുവന്നു വീണ്ടും ചോദിച്ചപ്പോൾ അദ്ദേഹം മറുപടി കൊടുത്തു. "ഉറക്കം വളരെ ആവശ്യമായിരുന്നു. വളരെ ഉപകാരം." നിരാശരായ റഷ്യക്കാർ അദ്ദേഹത്തെ വെറുതെ വിട്ടു. ഇത്രവണ ഞങ്ങളോടൊത്തു് ഈ കെണിയിൽ വീഴുന്നതുവരെ അദ്ദേഹം തന്റെ ഇടവകയിൽ ജോലിചെയ്തുകൊണ്ടിരുന്നു. തടങ്കലിലെ ആ ക്ലേശംവലി എനിക്കു് വലിയ ഉപകാരമായിരുന്നു. അവിടെ നടന്ന രഹസ്യ പാപസങ്കീർത്തനങ്ങൾക്കു് ഒരു മറവായിരുന്നതു്. ദൈവം എന്നെ ആവശ്യപ്പെട്ടിടത്തുതന്നെയാണു് ഞാനിപ്പോൾ എന്ന ആശ്വാസം ആ പാപസങ്കീർത്തനവേളയിൽ എനിക്കുണ്ടായി.

രാവിലെ 2 മണിയോടുകൂടി ഒരു ഗാർഡു് ഞങ്ങളുടെ മുറിയിൽ കടന്നുവന്നു. ഞങ്ങളോടു പുറത്തുപോകുവാൻ അയാളാവശ്യപ്പെട്ടു. ഗ്രാമത്തിന്റെ അകത്തുള്ള ഒരു മേൽമാടത്തിലേയ്ക്കാണു് ഞങ്ങളെ അയച്ചതു്. അതു വെടിയേറു് തകർന്നതും നല്ല തണുപ്പുള്ളതുമായിരുന്നു. അതിന്റെ അകത്തായി ഒരു മുറിയുണ്ടു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ മുറിയുടെ പ്രാധാന്യമെന്തെന്നു് അറിയാൻ ഞങ്ങൾ കാത്തുനിന്നു. ആ സമയത്തുണ്ടായ നിശ്ശബ്ദതയെ ഭേദിക്കാൻ ഒരു 16 കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയാൾ ഞങ്ങളെപ്പോലെതന്നെ ഒരു തടങ്കൽ പുള്ളി

യാണെന്ന് നടിച്ചുകൊണ്ട് ചില നിർദ്ദേശങ്ങൾ നല്കികൊണ്ട് ചുറ്റി നടന്നു: "താഴത്തെ മുറിയിൽ കൊമ്മിസ്സർ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ കയ്യിൽ സകലവിധ റിക്കാർഡുകളുമുണ്ട്. ആരൊക്കെ ഏതെല്ലാം പാർട്ടികളിലാണ്? അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? എന്നെല്ലാം. പട്ടാളലിസ്റ്റും അദ്ദേഹത്തിന്റെ പക്കലുണ്ട്. എല്ലാവരുടേയും കുടുംബങ്ങളെപ്പറ്റിയും അദ്ദേഹത്തിന് വ്യക്തമായറിവുണ്ട്. നാം ആരെല്ലാമാണ്, ജോലി എന്ത്, സമ്പത്ത് എത്രമാത്രം മുതലായവയെല്ലാം. എന്തെങ്കിലും അസത്യം പറഞ്ഞുപോയാൽ അവിടെ നമ്മെ പിടികൂടുവാനാണ് അദ്ദേഹത്തിന്റെ ശ്രമം. ഉള്ളത് ഉള്ളതുപോലെ പറഞ്ഞാൽ കുഴപ്പമൊന്നും കൂടാതെ കഴിക്കാം."

ഒരു പേരുവിളിച്ചു; ഞങ്ങളുടെ കൂട്ടത്തിലെ ആദ്യത്തെ ആൾ ചോദ്യം ചെയ്യപ്പെടുവാൻ പോകയാണ്. ആ ചെറുപ്പക്കാരൻ പറഞ്ഞുകൊണ്ടു നടന്നതു് അതേപടി വിഴുങ്ങിയവർ എത്രപേരായിരുന്നെന്നോ? ബോംബാക്രമണത്തിനിരയായ ഒരു വൻപട്ടണമാണ് തന്റെ സ്വദേശമെന്നു് അവൻ അവകാശപ്പെട്ടു. പക്ഷേ അവന്റെ സംസാരത്തിൽ നിന്നും എനിക്കു മനസ്സിലായി, അവൻ ഞങ്ങളുടെ അടുത്തുള്ള ഗ്രാമപ്രദേശത്തുനിന്നു് വന്നവനാണെന്നു്. ഗാർഡുകൾ തങ്ങളുടെ നെയ്സൂപ്പിൽ പങ്കുകൊള്ളാൻ അവനെ ക്ഷണിച്ചപ്പോൾ, വളരെ സൂക്ഷ്മത്തോടെ ഞാൻ അവനെതിരായി പ്രചരണം നടത്തി.

ഈ ചോദ്യം ചെയ്യലിനെപ്പറ്റി തികഞ്ഞ ശുഭാപ്തിവിശ്വാസമുള്ള ഒരാൾ ഞങ്ങളുടെ ഇടയിലുണ്ടായിരുന്നു. ഫാദർ ലാംഗ്വാൽഡ്: പോളിഷ് നാഷണലിസ്റ്റ് ലീഗിൽ അംഗത്വമുണ്ടെന്നു തെളിയിക്കുന്ന ഒരു സാക്ഷിപത്രം അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. നാസികൾക്കു വേണ്ടി അദ്ദേഹം പ്രവർത്തനം നടത്തിയിട്ടില്ലെന്നതിനും, ജർമ്മനിയിലെ പോളീഷുകാർക്കുവേണ്ടിയാണ് താൻ പ്രവർത്തിച്ചിട്ടുള്ളതെന്നും പ്രസ്തുത പത്രിക തെളിയിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. ഗെസ്റ്റപ്പോയുമായുണ്ടായ എന്റെ അനുഭവം ഒരു കാര്യം എന്നെ പഠിപ്പിച്ചിരുന്നു. ആവശ്യപ്പെടാത്ത തെളിവുകൾ ഹാജരാക്കുന്നതു് എപ്പോഴും ആപൽക്കരമാണ്. അതു് സംശയം ജനിപ്പിക്കും. നമ്മെ കെണിയിൽ വീഴിക്കയും ചെയ്യും. ഈ വസ്തുത അദ്ദേഹത്തോടു് ഞാൻ തുറന്നു പറഞ്ഞു. "അച്ഛന്റെ വിധിയെഴുതിക്കഴിഞ്ഞു. ഇതുകൊണ്ടൊന്നും ഒരു ഉപകാരവും ഉണ്ടാകാൻ പോകുന്നില്ല" ഞാൻ അവസാനിപ്പിച്ചു.

എന്റെ പേരുവിളിച്ചു. ഞാൻ മുറിയിലേക്കു ചെന്നു. വാതിൽ തുറന്നപ്പോൾ നല്ല ചൂടുള്ള കാറ്റ് എന്നെ സ്വാഗതം ചെയ്തു. ചൂടുപറ്റിയ ഒരു സ്റ്റൗവ്വിനടുത്താണ് അവിടെ ഇരിപ്പുണ്ടായിരുന്നു. അതിന്റെ അടുത്തുള്ള കസാലയിൽ ഇരിക്കാൻ അവർ കൈകാണിച്ചു. മുറിയിലെ ചൂ

ട്ടും മേൽമാടത്തിലെ തണുപ്പുംകൂടി ചേർന്നപ്പോൾ എന്റെ തല കറങ്ങുന്നതുപോലെ തോന്നി.

മേശയുടെ എതിർവശത്തിരിക്കുന്ന കൊമ്മിസാറിന്റെ മുഖത്തേയ്ക്ക് ഞാൻ നോക്കി. ബുദ്ധിചാതുര്യവും ഗ്രഹണശക്തിയും സ്ഫുരിക്കുന്ന രണ്ടു നീല നയനങ്ങൾ എന്നെ അടിമുടി ഒന്നു പരിശോധിച്ചു. ജോലിതുടങ്ങുന്നതിനുമുമ്പായി അയാൾ കുറെ വ്യകയിലയെടുത്തു് ഒരു വത്തമാനപ്പത്രക്കടലാസിൽവച്ചു് ചുരുട്ടി. ഉടുപ്പും മുടിയും മറവും ഒന്നു നേരെയാക്കി. 4 വലിയ കടലാസ് എടുത്തു് മുന്നിൽ നിവർത്തിവച്ചു. ചോദ്യമാരംഭിക്കുവാൻ ദ്വിഭാഷിക്കു് അടയാളം കാണിച്ചു.

ദ്വിഭാഷി ഞങ്ങളുടെ മദ്ധ്യത്തിലായി മേശയുടെ വലത്തുഭാഗത്തിരുന്നു. അയാൾ ജർമ്മൻഭാഷയാണു് സംസാരിച്ചതു്; പോളിഷ് ഉച്ചാരണത്തോടെ. എന്റെ പ്രതീക്ഷ എന്താണെന്നും, ഞാൻ എന്തിനാണു് തയാർ എടുത്തിരിക്കുന്നതെന്നും ചോദിച്ചുകൊണ്ടാണു് അയാൾ ആരംഭിച്ചതു്.

"നിങ്ങളാണു് ഗെർഹാർഡ് ഫിറ്റ്ക്കോ അല്ലെ?"

"അതേ".

എന്നെ സംബന്ധിച്ച എല്ലാ വിവരങ്ങളും വ്യക്തമായും വിശദമായും തന്നെ പറയുവാൻ ഞാനാരച്ചു. ക്രോസ് വിസ്താരത്തിൽനിന്നും അതെന്നെ രക്ഷിക്കുമെന്നു് എനിക്കറിയാമായിരുന്നു. ഞാൻ പഠിച്ച സ്ഥലങ്ങളും, വൈദികനായശേഷം പരിചയപ്പെട്ട ആളും സ്ഥലവുമെല്ലാം വ്യക്തമായിപ്പറഞ്ഞു.

ദ്വിഭാഷി ആകപ്പാടെ കുഴങ്ങി. ഇതുപോലൊരനുഭവം അയാൾക്കിതുവരെ ഉണ്ടായിട്ടില്ല. ഒരു വൈദികൻ ആരു് എന്നതിനെക്കുറിച്ചു് എകദേശ ജ്ഞാനം അയാൾക്കുണ്ടായിരുന്നു. എന്റെ വ്യത്യസ്തങ്ങളായ പഠനസ്ഥലങ്ങൾ അയാൾക്കു് അമ്പരപ്പുണ്ടാക്കി. ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദത്തിനുവേണ്ടി പ്രബന്ധം എഴുതിയതിനു ചെലവഴിച്ച സമയത്തെപ്പറ്റി പറഞ്ഞപ്പോൾ അയാൾക്കു് ഒരു പിടിയും കിട്ടിയില്ല.

വൈദികനാകുന്നതിനുമുമ്പു് ജർമ്മനിക്കു വെളിയിൽ പഠനത്തിനായി ചെലവഴിച്ച കാലങ്ങളെക്കുറിച്ചു് അവർ കൂടുതൽ അന്വേഷിച്ചു. ആസ്ത്രിയായിൽ ഞാൻ എന്തു ചെയ്തു? ഇറ്റലിയിൽ? സ്വിറ്റ്സർലണ്ടിൽ? ഞാൻ എല്ലാം വിശദമാക്കി. അവക്കൊരു എതും പിടിയും കിട്ടിയില്ല. അവർ അതേ ചോദ്യങ്ങൾതന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. വേറൊരു കാര്യം അവരെ കൂടുതൽ അസ്വസ്ഥരാക്കിയിരുന്നു. വൈദിക പട്ടത്തിനുശേഷം ബ്രെസ്ലാവിൽ ഞാൻ നടത്തിയ ബിരുദാനന്തര പഠനം എങ്ങനെയായിരുന്നു?

അവസാനം അവർ ഒരു നിഗമനത്തിലെത്തിച്ചേർന്നു! "അക്കാലത്തു് ഞാൻ ഏതോ തരത്തിൽ നാസി ഗവമ്മെണ്ടിനുവേണ്ടി സേവനമനുഷ്ഠി

ച്ചിട്ടുണ്ട്. അതു് നടന്നതു് ബ്രൈസ്ലാവിലെ പഠനകാലത്തായിരിക്കണം."

സെൻറ്ജോൺ ക്രിസോസ്റ്റോമിൻെറ വേദശാസ്ത്രത്തിൽ നാസികൾക്കു് എന്തെങ്കിലും അഭിനിവേശമുണ്ടായിരിക്കാൻ ഇടയില്ലെന്നു് ഞാൻ ശാന്തമായി വിശദീകരിച്ചു. നെരിപ്പോടിൻെറ ചൂടേറ്റു് ഞാൻ അപ്പോഴും വിയർക്കുന്നുണ്ടായിരുന്നു.

പിന്നെ താങ്കൾ അവിടെ എന്താണു് പഠിച്ചതു്? "യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കാനുള്ള ബിരുദത്തിനുവേണ്ടി 'ആധുനിക ആരാധനാപദ്ധതികളെപ്പറ്റി പിതാക്കന്മാരുടെ ചിന്താഗതിയിലൂടെ' പഠിക്കുകയായിരുന്നു. ഞാൻ ആ ബിരുദം നേടുകയും ചെയ്തു. ഹിറ്റ്ലർക്കു് ഇതു കൊണ്ടു് എന്തെങ്കിലും നേട്ടമുണ്ടായതായി ഞാൻ വിചാരിക്കുന്നില്ല."

എൻെറ പ്രബന്ധത്തിൻെറ പ്രസിദ്ധീകരണം നാസികൾ നിഷേധിച്ചു എന്നുകൂടി ഞാൻ സൂചിപ്പിച്ചു. അതിൽപ്പിന്നെ അവരൊന്നും അതേപ്പറ്റി പറഞ്ഞില്ല.

അവരുടെ എൻെറ കുടുംബചരിത്രത്തിലേയ്ക്കു തിരിഞ്ഞു. സൈന്യത്തിൽ എൻെറ സഹോദരന്മാർ വഹിക്കുന്ന ഉദ്യോഗങ്ങൾ ഉൾപ്പെടെ പേരും ഊരും എല്ലാം ഞാൻ വ്യക്തമായി പറഞ്ഞു. അവരുടെ ഭോഷ്ക്കു് എൻെറ പിതൃവ്യന്മാർവരെ നീണ്ടുപോയി. അവർക്കു് എത്രമാത്രം കൃഷിസ്ഥലമുണ്ടു്? എന്നൊക്കെ. ഞങ്ങൾ മുതലാളികളോ അല്ലയോ എന്ന വസ്തുതയിലാണു് എന്നെ സംബന്ധിച്ച സംശയങ്ങൾക്കെല്ലാം അവർ സമാധാനം കണ്ടെത്തിയതെന്നു തോന്നുന്നു. എൻെറ പിതാവിൻെറ കുടുംബകാലിസമ്പത്തു് ഒരു പശുവും ഏതാനും കോഴികളും മാത്രമാണെന്നു പറഞ്ഞുകേട്ടപ്പോൾ അവരുടെ മുഖത്തു് സംതൃപ്തി നിഴലിക്കുന്നതു കാണാമായിരുന്നു. വീട്ടിലെ ഒരു പശു അടുത്തു ചത്തുപോകയും, ഞാൻ ആവശ്യപ്പെട്ട ആടു് അതുവരെയും വന്നുചേരാതിരിക്കയും ചെയ്തതിൽ എനിക്കു് സന്തോഷം തോന്നി. അവകൂടി ഉണ്ടായിരുന്നെങ്കിൽ എന്നെ വേറൊരു ഗണത്തിൽ അവരെണ്ണുമായിരുന്നു.

കൊമ്മിസാക്കു തൃപ്തിയായി. എന്നെ സോവ്യറ്റു യൂണിയനിലെ ഉപകാരമുള്ള ഒരംഗമാക്കുന്നതിലാണു് അടുത്തതായി അദ്ദേഹത്തിൻെറ ശ്രദ്ധതിരിഞ്ഞതു്. എനിക്കു കിട്ടിയ ഈ നല്ല ശിക്ഷണങ്ങളൊക്കെ ഉപകരിപ്പിക്കണമല്ലൊ.

"താങ്കൾക്കു് ഈ വൈദികവൃത്തിയൊക്കെ ഉപേക്ഷിച്ചു് സോവ്യറ്റു ഭരണത്തിൽ ഉപകാരപ്രദമായി വല്ലതും ചെയ്തുകൂടെ?" വളരെ സന്തോഷപൂർവ്വം അദ്ദേഹം ചോദിച്ചു.

പുതിയ ചുറ്റുപാടിൽ ഒരു വൈദികനു് ഇണങ്ങിച്ചേരുവാൻ കഴിയുകയില്ലെന്നും അയാൾ വിശദമാക്കി. വൈദികരെ അവിടെ ആവശ്യമില്ലെന്നു സാരം. ഈ സംഭാഷണം സൈസ്റ്റാപ്പോയുമായുണ്ടായ എൻെറ ഒരു അനുഭവത്തെ അനുസ്മരിപ്പിച്ചു. ഭേശീയസോഷ്യലിസവും കമ്മ്യൂണി

സവും തമ്മിലുള്ള അടിസ്ഥാനപരമായ സാദൃശ്യത്തെ വ്യക്തമാക്കുവാൻ ഇതിലധികം എന്തുവേണം.

വിക്കിപ്പറയുന്ന ഒരു ദ്വിഭാഷിയിലൂടെ എന്റെ വാദമുഖങ്ങൾ കൊമ്മിസാറിനെ ഗ്രഹിപ്പിക്കുവാൻ സാധിക്കയില്ലെന്നെനിക്കറിയാം. അവയുടെ ഒരു ഭാഗീയ ഗ്രഹണംപോലും അദ്ദേഹത്തിനുണ്ടാകയുമില്ല.

എന്നെ ചില "സത്യ"ങ്ങളെല്ലാം പഠിപ്പിച്ചാൽ കൊള്ളാമെന്ന ഒരു നല്ല ഉദ്ദേശ്യം അദ്ദേഹത്തിനുണ്ടായി. 'ആധുനികശാസ്ത്രം ക്രിസ്തുമതത്തിന്റെ പൊള്ളത്തരങ്ങളെ തുറന്നു കാണിച്ചിട്ടുണ്ട്'. ക്രിസ്തു എന്നൊരു വ്യക്തി ഒരിക്കലും ഉണ്ടായിരുന്നിട്ടേ ഇല്ല' അദ്ദേഹം തുടർന്നു. "ക്രിസ്തുമതത്തിന്റെ അടിസ്ഥാന തത്വങ്ങൾപോലും പരസ്പരവിരുദ്ധങ്ങളാണു". നിങ്ങൾക്കു രണ്ടു ബൈബിൾ ഉണ്ടു്. ഒന്നു് മറ്റൊന്നിനെ എതിർക്കുന്നു."

പഴയ നിയമഗ്രന്ഥവും, പുതിയ നിയമഗ്രന്ഥവുമാണു് രണ്ടു ബൈബിളുകൾ എന്നതുകൊണ്ടു് അദ്ദേഹം ഉദ്ദേശിച്ചതെന്നു് ഞാൻ മനസ്സിലാക്കി. "രണ്ടും ഏകദേശം പത്തുവർഷത്തോളം ഞാൻ ശ്രദ്ധിച്ചു പഠിച്ചിട്ടുണ്ടു്" ഞാൻ പറഞ്ഞു. "രണ്ടു ബൈബിളുകളുള്ളതായി ഞാൻ കണ്ടിട്ടില്ല. ഭവനത്തിന്റെ മറ്റേ ഭാഗങ്ങൾക്കെതിരായോ നിലവറ അതുതന്നെയാണു് 'പഴയ നിയമം' പുതിയ നിയമത്തിനു്.' ഒന്നുപോലും ശ്രദ്ധിച്ചു വായിച്ചിട്ടില്ലാത്ത ഒരാൾക്കു മാത്രമേ ഇങ്ങനെ സംസാരിക്കാൻ പറയൂ.

താൻ ഒന്നുപോലും വായിച്ചിട്ടില്ലെന്നു് അദ്ദേഹം സമ്മതിച്ചു. ഞാൻ രണ്ടും വായിച്ചിട്ടുള്ളതുകൊണ്ടാണു് എന്റെ വൈദികവൃത്തി തുടരണമെന്നു് ഞാൻ ഉറച്ചതു്, എന്നു ഞാൻ സൂചിപ്പിച്ചു. ഞാൻ തുടർന്നു "ക്രിസ്തു ചരിത്രം കണ്ടിട്ടുള്ളതിലേക്കു് വച്ചു് ഏറ്റവും വലിയ വ്യക്തിയാണു്. മാത്രമല്ല അദ്ദേഹം ഇന്നും ജീവിക്കുന്നു. റഷ്യക്കാരായ നിങ്ങൾതന്നെ ഈസ്റ്റർ അഭിവാദനത്തിൽ "ക്രിസ്തു ഉത്ഥാനം ചെയ്തിരിക്കുന്നു" എന്നു് ഈ സത്യത്തിനു് സാക്ഷ്യം വഹിക്കുന്നുണ്ടല്ലൊ."

"ഓ ശരി" അയാൾ മറുപടി പറഞ്ഞു. "അതുപോലെ ഉത്ഥാനത്തെക്കുറിച്ചു് ഒരു കിംവദന്തി തുടങ്ങിവച്ചതായി കേട്ടിട്ടുണ്ടു്. പക്ഷേ യൂദന്മാർ 30 റൂബിൾ നല്കി അതു് ഇല്ലാതാക്കി ഇല്ലേ?"

വളരെ സംതൃപ്തിയോടെയാണു് അയാൾ ഇതു് പറഞ്ഞവസാനിപ്പിച്ചതു്. "താങ്കൾക്കൊന്നും ഭയപ്പെടുവാനില്ല. അടുത്ത കൊമെൻറാത്തുരയിൽ വച്ചു് അവർ നിങ്ങളെ മോചിപ്പിക്കും" അയാൾ സൂചിപ്പിച്ചു.

"പിന്നെ എന്തുകൊണ്ടു് എനിക്കിപ്പോൾ പോയിക്കൂടാ?"

"അതെന്റെ അധികാരപരിധിയിൽ പെട്ടതല്ല. അടുത്ത കൊമെൻറാത്തുരയിൽ പരിശോധനയ്ക്കു് ഒരു മെഡിക്കൽ കമ്മീഷനുണ്ടു്. അവരുദ്ദേശിച്ച ജോലിക്കു് നിങ്ങളുടെ ദേഹസ്ഥിതി തൃപ്തികരമല്ലെന്നു കാണുമ്പോൾ അവർ നിങ്ങളെ പറഞ്ഞുവിടും."

ഞാൻ വീണ്ടും എർമ്"ലാൻറിലാണെന്ന് തോന്നിപ്പോയി ആ മറുപടി കേട്ടപ്പോൾ. ഒരു നേരിയ പ്രത്യാശ വെളിച്ചം വീശി. പക്ഷേ "അവരുദ്ദേശിച്ച ജോലി" എന്ന വാക്യം വളരെ അശുഭസൂചകമായി തോന്നി.

എന്റെ ചോദ്യോത്തരങ്ങളുടെ 4—പേജുള്ള ഒരു കൈയെഴുത്തുപ്രതി കൊണ്ടുവന്നപ്പോൾ ഞാൻ അതിന്റെ തജ്ജിമ ആവശ്യപ്പെട്ടു. അതു് നിരുപദ്രവം എന്നു തോന്നിയതുകൊണ്ടു് മടുപ്പോന്നും പറയാതെ ഞാൻ അതിൽ ഒപ്പിട്ടു.

തടങ്കൽസ്ഥലത്തേക്കു് തിരിച്ചുകൊണ്ടുപോകാനായി ഞങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടിയ നേരത്തായിരുന്നു, ഫാദർ ലാംഗ്"വാൽഡിന്റെ വിസ്താരം നടന്നതു". ഞങ്ങൾ തിരിച്ചു പോരുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ കാൽ വഴുതുന്നതു കാണാമായിരുന്നു. പുകക്കുഴലിന്റെ പുറകിൽ വച്ചു് അദ്ദേഹം മുഖം കുത്തി നിലംപതിച്ചു. അദ്ദേഹത്തിന്റെ മുഖത്തേക്കു് ഒന്നു നോക്കിയതോടെ എനിക്കു മനസ്സിലായി എന്റെ വിസ്താരം വളരെ എളുപ്പമായിരുന്നെന്നു്. അദ്ദേഹത്തിന്റെ ഇടവകയുടെ സമ്പത്തിൽ 300 ഏക്ര സ്ഥലമുണ്ടെന്നു് സമ്മതിച്ചതോടെയാണു് വിഷമമനുഭവപ്പെട്ടതു്. വെറും മണൽഭ്രമിയായിരുന്നു അതു്. അതു് നടന്നിരുന്ന കുടിയാന്മാരിൽനിന്നു നഷ്ടമല്ലാതെ അദ്ദേഹത്തിനൊരു ഉപകാരവും ഉണ്ടായിരുന്നില്ല. പക്ഷേ എന്തു ചെയ്യാം! ആ ഭ്രമി അദ്ദേഹത്തിന്റെ മുതലാളന്മാരുടെ ചേരിയിൽ പെട്ടുത്തി. അദ്ദേഹത്തിന്റെ അനർഘമായ ആ പോളിഷ് നാഷണൽലീഗ് കാർഡ് ഉണ്ടല്ലോ അതും അദ്ദേഹത്തെ കൈവിട്ടു. പോളിഷ്"ദിഭാഷി അതു കണ്ടപ്പോൾ കലിതുള്ളി. ഫാദർ ലാംഗ്"വാൽഡ്" നാസികളുടെയും "ലണ്ടനിലെ എതിരാളി"കളുടെയും ചാരനാണെന്നു് കുറ്റാരോപണം ചെയ്തു. നാസികൾപോലും ഉണ്ടാകുന്നതിനും, പോളിഷ്"ഗവൺമെണ്ടിന്റെ ബഹിഷ്കരണത്തിനും മുമ്പാണു് ഈ കാർഡിന്റെ തീയതി എന്ന വസ്തുത ആരും ശ്രദ്ധിച്ചതേയില്ല. മുതലാളിയും ചാരനുമാണെന്നു് സ്വയം ഏറ്റു പറയുവാൻ അദ്ദേഹത്തെ അവർ നിർബ്ബന്ധിച്ചു.

പാളയത്തിൽവച്ചു് ആദ്യത്തെ റഷ്യൻ ഭക്ഷണം ഞങ്ങൾക്കു കിട്ടി. അഞ്ചു ഗാലൻ കൊള്ളുന്ന ഒരു പാൽപ്പാട്ട നിറച്ചു് കലങ്ങിയ വെള്ളം. അടുത്തുള്ള കുളത്തിൽ നിന്നുമെടുത്തതായിരുന്നു അതു്. അപ്പോഴും മഞ്ഞുകട്ടകൾ അതിൽ സവാരി ചെയ്തുകൊണ്ടിരുന്നു. കുട്ടിസഞ്ചിയായി ഉപയോഗിച്ച തലയിണ ഉറയിൽ കുറെ അപ്പക്കഷ്ണങ്ങളുണ്ടായിരുന്നു ഫാദർ പോഡ്"ലേക്കിന്റെ വക്കൽ. അദ്ദേഹം അതു വിതരണം ചെയ്തു. ഞാൻ കുറെ തണുത്ത പന്നിയിറച്ചിയും. അസംതൃപ്തമായ ഈ ഭക്ഷണത്തിന്റെ ഫലമോ? ക്ഷീണിയും അതിസാരവും. മൂലയ്ക്കൽ മാറിയിട്ടിരുന്ന ആ സ്ഥലത്തിനു് സന്ദർശകർ കൂടിക്കൊണ്ടിരുന്നു.

പാളയത്തിലേക്ക് പുതിയ ഗ്രൂപ്പുകൾ വന്നുകൊണ്ടിരുന്നു. അകത്തു് നില്ക്കാൻപോലും സ്ഥലമില്ലാതായി. അധികം താമസിയാതെ പുറത്തിറങ്ങി. ഈരണ്ടുപേരായി ലൈൻ നില്ക്കാൻ ആജ്ഞ കിട്ടി. ഫെയിൽസ്ബെഡ്ഡിലേക്കു് തിരിച്ചു പോകാനായിരുന്നു അതു്. വിയപ്പിൽ കുളിച്ചു് ഞങ്ങൾ ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്തി. മുമ്പിലത്തെപ്പോലെ ഇപ്പോഴും ആ മരംകോച്ചുന്ന മണ്ണിൽ രണ്ടു മണിക്കൂർ നില്ക്കേണ്ടിവന്നു.

മറവുള്ളവരുടെ വേദനയിൽ അകമഴിഞ്ഞു് സന്തോഷിക്കുന്നവരുടെ കരുണയ്ക്കു് ഇരയാവുക; വേറെയാരും സഹായിക്കാനില്ലാതാവുക; ഇവ അനുഭവിച്ചിട്ടില്ലാത്തവക്കു് എന്തു മനസ്സിലാവാനാണു്? തണുപ്പും, ക്ഷീണവും, വിശപ്പും, രോഗവും ഞങ്ങളെ കാൻതിന്നുകൊണ്ടിരുന്നു. ക്ലനിൽ കരുവെന്നപോലെ രണ്ടു വായാടിച്ചെറുപ്പക്കാരുടെ അധികപ്രസംഗവും. ഒരുത്തൻ 16-കാരൻ. അപരൻ 12-കാരൻ. എട്ടുക്കാനാവാത്ത ഒരു റൈഫിൾ അവൻ പിടിച്ചിരുന്നു. ഫാദർ പോഡ്ലെക്കു് തന്റെ കൂട്ടിസഞ്ചിയിൽ—തലയിണക്കവിയറിൽ ഒന്നിരുന്നു. നമ്മുടെ 12 കാരൻ ഓടിവന്നു് അദ്ദേഹത്തിന്റെ കാലിന്നിട്ടു് ഒരു തൊഴി കൊടുത്തു.

അനന്തരം ഞങ്ങളെ ഒരു മൈതാനത്തിലേക്കു് കൊണ്ടുപോയി. അവിടെ അതാ ഞങ്ങളെക്കാൾ അവശരായ ഇരുനൂറു ഇരുന്നൂറമ്പതു പേർ. വൃദ്ധന്മാരും, അംഗഭംഗമുള്ളവരും, 16-ൽ താഴെയുള്ള കുട്ടികളും, കീറത്തുണിയുടുത്തു് ക്ഷീണിതരായി, ആശയറ്റു നില്ക്കുന്നു. കുറെപ്പേർക്കു് മരച്ചെരിപ്പുണ്ടായിരുന്നു. അധികംപേരും കാലിൽ കീറത്തുണി ചുറ്റിക്കെട്ടിയിരിക്കയാണു്. കുറെക്കൂടി മെച്ചപ്പെട്ട വസ്ത്രം ധരിച്ചിരിക്കുന്ന കുറെയാളുകൾക്കു് ഓരോ പുതപ്പുമുണ്ടായിരുന്നു.

ഇരുട്ടായപ്പോൾ ഞങ്ങളെയെല്ലാം ഒരു ക്യാമ്പിന്റെ വാതില്ക്കൽ കൊണ്ടുവന്നു നിറുത്തി. ക്ഷീണംകൊണ്ടു് പിന്നിലായിപ്പോയ കിഴവന്മാർക്കു് തുണൽവാരുകൊണ്ടുള്ള സേവനം മുറയ്ക്കു കിട്ടി. ഗാർഡ് വന്നു് വാതിൽ തുറന്നു. മുമ്പിൽ കണ്ട സ്ഥലം മുഴുവൻ മനുഷ്യരെക്കൊണ്ടു് നിറഞ്ഞിരുന്നതുകൊണ്ടു് ഒരടിപോലും മുന്നോട്ടു വെയ്ക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല. പുറകിൽ നിന്നിരുന്നവർക്കു് തുകൽവാരുകൊണ്ടുള്ള അടി കണക്കിനു കിട്ടി. ശക്തിമുട്ടിയ അവർ സർവ്വശക്തിയുമുപയോഗിച്ചു് മുന്നോട്ടു തള്ളിക്കേറി. അതിന്റെ ഫലമോ? അകത്തുണ്ടായിരുന്നവരുടെ എല്ലു നുറുങ്ങിയതുതന്നെ. കിഴക്കാംതൂക്കായ ഒരു കൽപ്പടവു് ഞങ്ങൾക്കിറങ്ങേണ്ടതുണ്ടായിരുന്നു. ഭാഗ്യമെന്നു പറയട്ടെ, തിക്കലിന്റെ ശക്തികൊണ്ടു് അതിറങ്ങിയതു് ഞങ്ങൾ അറിഞ്ഞേയില്ല. തൊട്ടടുത്തു് നിന്നവരെപ്പോലും തിരിച്ചറിയാൻ കഴിയാത്തവിധം അവിടെ മുഴുവൻ ഇരുട്ടായിരുന്നു. പരസ്പര സമ്മർദ്ദം എപ്പോഴും അനുഭവപ്പെട്ടുകൊണ്ടേ ഇരുന്നു. ചുറ്റും ദീനരോദനങ്ങളും, ഞരക്കവും കേൾക്കാമായിരുന്നു. താ

ഴത്തെ നിലയിൽ എത്തിയപ്പോൾ, അവിടെയുണ്ടായിരുന്നവരിൽ നിന്നു മനസ്സിലായി അതൊരു എം. വി. ഡി. കേന്ദ്രമാണെന്നു്.

ശരീരോഷ്ണം ആ സങ്കേതത്തെ വളരെ ചൂടുപിടിപ്പിച്ചു. എന്നിട്ടും ഒരു പക്ഷേ ചൂടുകൊണ്ടായിരിക്കാം, ഞാൻ വളരെ മണിക്കൂറുകൾ ഉറങ്ങി. രണ്ടുമൂന്നു ദിവസം കഴിഞ്ഞിരുന്നു ഇത്ര സുഖമായി ഉറങ്ങിയിട്ടു്. പക്ഷേ അതും തുടർച്ചയായി കിട്ടിയില്ല. ഒരു പ്രത്യേക പദ്ധതിയനുസരിച്ചുള്ള സ്ഥലംമാറ്റം ആ രാത്രി പല പ്രാവശ്യം നടന്നു. ഒരു ഗ്രൂപ്പു് ആളുകളുടെ പേർ വിളിക്കും. അവർ ഒരു മുറിയിലേക്കു പോകും. പിന്നെ വേറൊരു ഗ്രൂപ്പു്. മുമ്പുണ്ടായിരുന്ന ഗ്രൂപ്പുകൾ ഇല്ലാതാക്കി അപരിചിതരെ കൂടി ഇട്ടുവാനായിരുന്നു ഈ പ്ലാൻ. എന്റെ മൂന്നാമത്തെ മാറ്റത്തിനു ശേഷം ഞാൻ ഒരു വിശ്രമസ്ഥലം കണ്ടുപിടിച്ചു; ഒരു കൽക്കരിക്കുനയുടെ മുകളിൽ. വീണ്ടും എന്റെ പേർ വിളിച്ചു. ഇത്തവണ ആ മുറിയിൽ എനിക്കു പരിചയമുള്ള ഒരേഒരു മുഖമേ ഞാൻ കണ്ടുള്ളൂ. ഭാഗ്യംകൊണ്ടു് അതു് ഹാദർ ലാംഗ്വാൽഡ് ആയിരുന്നു.

ചുമരിൽ പുറംചാരി തറയിൽ ഇരിക്കുന്ന രണ്ടു അപരിചിതരെ അദ്ദേഹമെനിക്കു് പരിചയപ്പെടുത്തിത്തന്നു. ഒന്നാമൻ, ഒരു 65–കാരൻ. നരച്ചു മുടി, സ്നേഹോദ്യോതകമായ കണ്ണുകൾ, ചുളിവുറ നെറ്റി, വെള്ള ത്താടിമീശ, കൈകൾ മടിയിൽ പിണച്ചുവച്ചു്, ക്ഷീണംകൊണ്ടു് തലകുനിച്ചു് ശാന്തമായി ഇരിക്കുകയാണു്. അദ്ദേഹം സ്നേഹപൂർവ്വം എന്റെ കൈയ്യുപിടിച്ചു്, ഒരു സങ്കീർത്തനവാക്യം ഉദ്ധരിച്ചുകൊണ്ടു് എന്നെ അഭിവാദ്യം ചെയ്തു. അദ്ദേഹം റോസെലിലെ ലൂഥറൻ മിനിസ്റ്റർ ആയ റവ. പാസ്റ്റർ ഏബെൽ ആണെന്നു് പിന്നീടെനിക്കു മനസ്സിലായി.

മൂന്നാം ജർമ്മൻ സാമ്രാജ്യത്തിന്റെ ഉപജ്ഞാതാവായ ഹിറ്റ്ലറിന്റെ മുമ്പിൽ തലകുനിക്കുവാൻ അദ്ദേഹം കൂട്ടാക്കാത്ത കഥ സുപ്രസിദ്ധമാണു്. "ഏറ്റുപറച്ചിൽ സഭ" (Confessing Church)യുടെ അംഗമാണദ്ദേഹം. ഹിറ്റ്ലറിന്റെ "ജർമ്മൻ ക്രിസ്ത്യാനി"കളുടെആജ്ഞയനുസരിച്ചു് കുരിശിന്റെ സ്ഥാനത്തു് സ്വസ്തികച്ചിഹ്നം സ്ഥാപിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഈ ജർമ്മൻ ക്രിസ്ത്യാനികൾക്കു് പ്രോട്ടസ്റ്റന്റു സഭയുടെ ഭരണകേന്ദ്രങ്ങളിൽ സ്വാധീനമുണ്ടായിരുന്നു. ക്രിസ്തീയത സംരക്ഷിക്കുവാൻവേണ്ടി തന്റെ സ്ഥാനമാനങ്ങളും, സമ്പത്തും ബലികഴിക്കുവാൻ അദ്ദേഹം ഒരുക്കമായിരുന്നു. തടങ്കലിൽകിടന്ന കത്തോലിക്കർക്കുവേണ്ടി അദ്ദേഹം ഒരു പ്രാർത്ഥനാദിനം സംഘടിപ്പിച്ചിരുന്നു. ഇതു് സ്ഥലത്തെ അധികാരികളെ അദ്ദേഹത്തിന്റെ ശത്രുക്കളാക്കിത്തീർത്തു. ഇപ്പോൾ ഈ എം. വി. ഡി. ക്യാമ്പിൽ കിടന്നുകൊണ്ടുപോലും തന്റെ സഹവാസികളെ അദ്ദേഹം പ്രാർത്ഥനകൾ പ്രേരിപ്പിക്കയാണു്; ദൈവതിരുമനസ്സിനു് കീഴടങ്ങിക്കൊണ്ടു് അങ്ങേ പരിപാലനയെ വാഴ്ത്തിസ്തുതിക്കുവാൻ.

അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നതു് സ്പ്രിങ്ഫോണിലെ ഫ്രാൻസിസ്കൻ ആശ്രമത്തിലെ ബ്രദർ ബേസിൽ ആണു്. തന്റെ പൊടിക്കുപ്പിയെടുത്തു് കൂട്ടത്തിൽ കൈമാറിക്കൊണ്ടു് അദ്ദേഹം ഞങ്ങളെ സൽക്കരിച്ചു. ഞാൻ നന്ദിപറഞ്ഞുകൊണ്ടു് അതു് നിഷേധിച്ചു. അപ്പോൾത്തന്നെ മുറിയിലെ പൊടിയേറു് ഞാൻ നന്നായി തുമ്മുന്നുണ്ടായിരുന്നു. സഹോദരി ഉണ്ടാക്കി ടിന്നിൽ സൂക്ഷിച്ചിരുന്ന ക്രിസ്മസ്കേക്കു് വിതരണം ചെയ്തുകൊണ്ടു് ഞാനാ കൊച്ചുത്സവത്തിനു് മോടികൂട്ടി. റവ. ഏബൽ വെറുതെയിരുന്നില്ല. ഞങ്ങളുടെയെല്ലാം ചിന്താവിഷയമായിരുന്ന ആ കാര്യം അദ്ദേഹം ശബ്ദരൂപത്തിൽ അവതരിപ്പിച്ചു. "ഈ കൃഷ്ണയുടെ ആറാണ്ടുകർമ്മം കഴിഞ്ഞതിനുശേഷവും നാം ഒത്തൊരുമിച്ചു് പ്രാർത്ഥിക്കേണ്ടതു് എങ്ങനെയെന്നു പഠിപ്പിക്കുവാൻ റഷ്യക്കാർ വരേണ്ട ആവശ്യമുണ്ടായിരുന്നോ? പ്രിയപ്പെട്ട അച്ചന്മാരേ, എത്രമാത്രം ആനന്ദാശ്രുസങ്കടങ്ങളാണെന്നോ ബ്രു. ബേസിലിനോടൊത്തു് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്കു കിട്ടിയതു്."

"ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിലൂടെ നാം ഒരു പുതിയ പാഠം പഠിക്കുകയാണെന്നെനിക്കു തോന്നുന്നു. ഒരുമിച്ചു സഹിക്കുക; അങ്ങനെ ഒരു പൊതു ശത്രുവിനോടു് ഒരുമിച്ചു് നിന്നു് എതിർക്കേണ്ടതു് എങ്ങനെയെന്നു ഗ്രഹിക്കുക! പ്രസ്തുത പദ്ധതി നമ്മെ പഠിപ്പിക്കാൻ വേണ്ടി ദൈവം നാരകീയ ശക്തികളെപ്പോലും ഉപയോഗപ്പെടുത്തുന്നു എന്നാണു് എന്റെ തോന്നൽ."

പ്രശാന്തഗംഭീരമായ ആ വാക്കുകളും ഞങ്ങളെ ഇളക്കുകതന്നെയുണ്ടായി. ചവറുകൂനയിൽ നിന്നെടുത്തു് ഞാൻ സൂക്ഷിച്ചിരുന്ന പുതിയ നിയമത്തിന്റെ ആ കീശപ്പതിപ്പു് കയ്യിലെടുത്തു് ഞങ്ങൾ വായിച്ചു: വി. യോഹന്നാന്റെ സുവിശേഷത്തിലെ 17-ാം അദ്ധ്യായം; തന്നിൽ വിശ്വസിക്കുന്നവർക്കുണ്ടായിരിക്കേണ്ട ഐക്യത്തിനുവേണ്ടിയുള്ള അവസാന പ്രാർത്ഥന.

വൈമാനികരുടെ തുകൽതൊപ്പി ധരിച്ച പോളണ്ടുകാരനായ ഒരു ചെറുപ്പക്കാരൻ പതുങ്ങിപ്പതുങ്ങി ഞങ്ങളുടെ അടുത്തു വന്നു. അയാൾ ഗാർഡുകളുടെ പ്രത്യേക സ്നേഹിതനായിരുന്നതുകൊണ്ടും എപ്പോഴും മണത്തു ചുറ്റിനടന്നിരുന്നതുകൊണ്ടും അയാളെ സൂക്ഷിച്ചു് വിട്ടുകളയുകയാണു് എല്ലാവരും ചെയ്തിരുന്നതു്. അയാൾ കുറെ നേരം ഞങ്ങളെ നോക്കിനിന്നതിനുശേഷം പറഞ്ഞു: "മി. ഫിറ്റ്സ്ക്കോവ്, എന്റെ കൂടെ വരിക."

ഞാൻ എന്റെ സഹോദരിയുടെ ചെറു പുതിയ നിയമം റവ. ഏബെലിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം കൃതജ്ഞതാപൂർവ്വം അതു സ്വീകരിച്ചു. അക്കാലങ്ങളിൽ അറിയാതെ തന്നെ ചെയ്തുപോകുന്ന കാര്യങ്ങളാണു് ഇവ. കാരണം, ആ വിളിച്ചതിന്റെ ഉദ്ദേശ്യമെന്തെന്നു് ആർക്കും അറിവില്ല; എന്തും സംഭവിക്കാം.

ഞാൻ അയാളെ അനുഗമിച്ചു പുറത്തു നിന്നിരുന്ന ഒരു സംഘം തൊഴിലാളികളുടെ കൂട്ടത്തിലെത്തി. ആ തൊഴിൽ വകുപ്പിലാണു് എന്നെ ചേർത്തിരിക്കുന്നതു്. ശ്വാസോച്ഛ്വാസം ചെയ്യാമെല്ലാ എന്ന ആശ്വാസമാണു് ആദ്യമേതന്നെ എനിക്കുണ്ടായതു്.

ഗാർഡു് മാന്യമര്യാദയുള്ള ഒരു ചെറുപ്പക്കാരനാണെന്ന വസ്തുത ഞങ്ങളെ ആശ്വസിപ്പിച്ചു. 100 വാര അകലെയുള്ള ഒരു സ്ഥലത്തേയ്ക്കു് അയാൾ ഞങ്ങളെ കൊണ്ടുപോയി. ഒരു മനോഹര ഭവനത്തിന്റെ അസ്ഥാനമായിരുന്ന അവിടം. വിറകുപുരയിൽനിന്നു് കൈനിറയെ വിറകുവാരി ആ ഭവനത്തിലേയ്ക്കു് കൊണ്ടുപോവാൻ അയാൾ ആജ്ഞാപിച്ചു.

ആദ്യമായിട്ടാണു് ഞാൻ ഒരു റഷ്യൻ കുടിൽ കാണുന്നതു്. മുറിയിലെ പെരുമാറ്റസാധനങ്ങളൊക്കെ പുറത്തെറിഞ്ഞിരുന്നു. കുളിറമ്പുകളോടുകൂടിയ 3 ഭിത്തികളും നിരയായി നില്ക്കുന്നു. ഓരോ റമ്പും പൊക്കം കുറഞ്ഞ ബഞ്ചുകളിലാണു് ഉറപ്പിച്ചിരിക്കുന്നതു്. നാലാം ഭിത്തിയിൽ ഒരു വലുക്കുഴിയുടെ മുകളിലായി ഇഷ്ടികകൊണ്ടു് നിർമ്മിച്ച ഒരടുപ്പുണ്ടു്. മുറിയുടെ നടുവിൽ വെള്ളം പോകാനായി തറതുറന്നു് ദ്വാരമുണ്ടാക്കിയിരിക്കുന്നു.

എന്റെ കൂട്ടുതൊഴിലാളി സംസാരപ്രിയനായിരുന്നു. അയാളുടെ ജീവിത പശ്ചാത്തലം ക്ഷോഭജനകമായ ഒന്നായിരുന്നു.

"ഏഴുവർഷം കമ്മ്യൂണിസ്റ്റു പാർട്ടി അംഗമായിരുന്ന ഞാൻ. ഡോർട്ടുമണ്ടിലെ തൊഴിലാളിയായ എന്റെ പിതാവും ഒരു കമ്മ്യൂണിസ്റ്റുമെമ്പറായിരുന്നു. നാസികൾ ഞങ്ങളെ നിയമംമൂലം നിരോധിച്ചുകൊണ്ടു് ഞങ്ങൾക്കു് അണ്ടർഗ്രൗണ്ടിൽ പോകേണ്ടിവന്നു. എന്നെ അഞ്ചുകൊല്ലത്തേയ്ക്കു് ശിക്ഷിച്ചു സൈന്യത്തിൽനിന്നു് പുറംതള്ളി. അനന്തരം കിഴക്കെ പ്രുഷ്യയിലുള്ള ഒരു കൃഷിസ്ഥലത്തേയ്ക്കു വിട്ടു."

"ഈ റിക്കാർഡു് നിങ്ങളെ പക്ഷേ ഒരു നിലയിലാക്കിയേക്കും." ഞാൻ സൂചിപ്പിച്ചു. ഒരുപക്ഷേ ഹെയിൽസ്ബർഗിലെ കമ്മ്യൂ: മേയർ തന്നെ ആക്കാൻ പാടില്ലാതില്ല."

"ഇതു കണ്ടിട്ടു് അങ്ങനെ തോന്നുന്നുണ്ടോ?" രക്തംപുരണ്ടു് ചടപിടിച്ച തലമുടി ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ ചോദിച്ചു. "ഏഴുകൊല്ലം എനിക്കുണ്ടായിരുന്നതെല്ലാം കൊടുത്തു് പാർട്ടിയെ സേവിച്ചതിനു് എനിക്കു കിട്ടാൻ പോകുന്നതു് ഇതൊക്കെത്തന്നെയാണു്."

ഞാൻ നിഷേധാർത്ഥത്തിൽ തല കുലുക്കി. "അവർ പറഞ്ഞതെന്താണെന്നറിയാമോ?" അയാൾ തിടുക്കത്തിൽ ചോദിച്ചു. ആ ചോദ്യത്തിൽ മനോവേദന തളംകെട്ടിനില്ക്കുന്നുണ്ടായിരുന്നു. "ഞാനൊരു വിശ്വാസവഞ്ചകനാണെന്നവർ കുറ്റപ്പെടുത്തി. ആ ഏഴുവർഷം വേണ്ടത്ര വിധ്വംസക പ്രവർത്തനങ്ങളിൽ ഞാൻ പങ്കെടുത്തിട്ടില്ലത്രെ. എന്നെ കൃഷി

പ്പണിക്കു നിയോഗിക്കുവാൻ അവരെ ഞാൻ അനുവദിച്ചപ്പോൾ ഞാൻ ഓടി രക്ഷപെടുകയാണു് ചെയ്തതെന്നായിരുന്നു അവരുടെ വ്യാഖ്യാനം. അണ്ടർഗ്രൗണ്ടിൽപോയി ഞാൻ ജോലി ചെയ്യേണ്ടിയിരുന്നപോലും.!

അതൊരു കബളിപ്പിക്കലാണു്; നാസികൾ വഞ്ചകരാണു്! കമ്മ്യൂണിസ്റ്റുകളും അത്തരക്കാർതന്നെ! എല്ലാം വഞ്ചനതന്നെ. എന്തിനേറെ ഞാൻ വളർന്നുതന്നെ വഞ്ചനകൊണ്ടാണു്."

കാരാഗൃഹത്തിലെ എന്റെ സഹവാസികളിൽ പുരോഹിതന്മാരും, പാസ്റ്റർമാരും, എർമ്ലാണ്ടിലെ ക്രൂശീവലന്മാരും മാത്രമല്ല ഉണ്ടായിരുന്നതെന്നു് ഞാൻ മനസ്സിലാക്കി വരികയായിരുന്നു.

എന്റെ അടുത്തജോലി ത്രുചീകരണ വകുപ്പിലായിരുന്നു. ഒരു നാലുനിലക്കെട്ടിടം ത്രുചിയാക്കുക. പട്ടാളത്തിന്റെ താൽക്കാലിക വസതിയായിരുന്നു അതു്. ഓരോ നിലയിലും കിടന്ന ഭക്ഷണസാധനങ്ങൾ വീട്ടിൽവച്ചു് കണ്ട സംഗതികളെ എന്നെ അനുസ്മരിപ്പിച്ചു. അടുക്കളയിലുണ്ടായിരുന്ന മൺപാത്രങ്ങളെല്ലാം പുറത്തുകളഞ്ഞു് അവിടം വൃത്തിയാക്കി. അനന്തരം ഒരു ചൂടു് തുവൽക്കിടക്കകളോടുകൂടി അവരെന്നെ മേൽമാടത്തിലേയ്ക്കയച്ചു. പുറം ഒന്നു കണ്ണോടിച്ചപ്പോൾ ഒരു ചെറിയ കുരിത്രുരൂപം കാഴ്ചയിൽപ്പെട്ടു. അതു് കീശയിൽ നിക്ഷേപിച്ചു. സാമ്പത്തികവും വലിപ്പമുള്ള ഒരു "ജർമ്മനിയുടെ ചരിത്രം" അവിടെ കിടക്കുന്നു. ഞാനതെടുത്തു" അവസാനത്തെ പുറം വായിച്ചു: "ഫ്യൂഹ്റർ ജർമ്മൻ രാഷ്ട്രത്തെ വീണ്ടെടുക്കും. ലോകത്തിൽ അതിനു കിട്ടേണ്ടുന്ന നിലയും വിലയും കൈവരുവാൻ അധികം താമസമില്ല; മുഴുവൻ ജർമ്മൻ ജനതയേയും പരിപൂർണ്ണ സൗഭാഗ്യത്തിനേറ്റായ ഒരു കാലഘട്ടം കാത്തിരിപ്പുണ്ടു്.... ....."

വെട്ടിത്തിളങ്ങുന്ന സിൽക്കുകൊണ്ടുള്ള ഒരു സായംകാലവസ്ത്രം അവരുടെ കുനയുടെ മുകളിൽ കിടന്നു. ഒരു സ്റ്റഡികക്ഷണംകൊണ്ടു് അതിൽനിന്നു് ഒരുവാര വലിപ്പം വരുന്ന ഒരു മുഴുത്ത കെർച്ചീഫ് ഞാൻ കീറിയെടുത്തു.

കോവണിപ്പടി കയറിയപ്പോൾ ഞാൻ ആ വസ്ത്രം താഴേക്കിട്ടു; പുസ്തകത്തിന്റെ മുകളിൽ. അവ രണ്ടും ഒന്നിച്ചുകിടക്കുന്നതുകണ്ടപ്പോൾ എന്റെ ഉള്ളിൽ ഒരു അന്യോപദേശം രൂപംകൊണ്ടു: തിളങ്ങുന്ന ആ വസ്ത്രം, ഹിറ്റ്ലർ ജർമ്മനിയെ അണിയിക്കുമെന്നു് വാഗ്ദാനം ചെയ്ത മഹത്വത്തിന്റെ പ്രതീകമാണു്. അതിപ്പോൾ തുണ്ടുതുണ്ടായി കീറിക്കളഞ്ഞിരിക്കുകയാണു്. അതിന്റെ ഫലമോ? കന്യകയായ ജർമ്മനിക്കു് നാണം മറയ്ക്കുവാൻപോലും വസ്ത്രമില്ല. കാണുന്നവരെല്ലാം അവളെ അപഹസിക്കയാണിന്നു്.

എന്റെ അടുത്ത ജോലി ജലവിതരണമായിരുന്നു. എന്നുവെച്ചാൽ അവിടെ കിടന്ന ഒരു പഴയ കൂളിടമ്പ് വെള്ളംകോരി നിറയ്ക്കുക എന്നതു്. അഴുക്കുവെള്ളം നിറഞ്ഞ ഒരു കൂളുമുണ്ടു് സമീപത്തു്. അതിൽനിന്നു വെള്ളംകോരി ഒരു മഞ്ഞുവണ്ടിയിൽ കയറ്റി, മാറത്തുവച്ചിരിക്കുന്ന വൃത്തികെട്ട വീപ്പയിൽ കൊണ്ടുവന്നു സംഭരിക്കുക. തലേദിവസം വീപ്പയിൽ വീണിരുന്ന കരി ഈ അഴുക്കുവെള്ളത്തിൽ കലങ്ങിക്കിടി. അതിന്റെകൂടെ കുറെ ഉരുളക്കിഴങ്ങു നുറുക്കിയിട്ടു് തിളപ്പിച്ചാൽ ഞങ്ങളുടെ ഒരു ദിവസത്തെ ഭക്ഷണമായി!

അടുത്തുള്ള ഒരു തടങ്കൽ ഗൃഹത്തിലെ ആളുകൾ ജാലകത്തിലൂടെ പാത്രങ്ങൾ പുറത്തു കാണിച്ചുകൊണ്ടിരുന്നു. തരം നോക്കി ഓരോ പാട്ടവെള്ളം ഞങ്ങൾ ഒഴിച്ചുകൊടുക്കും. ഞാൻ ഒരു പാത്രം വെള്ളം ഒഴിച്ചുകൊടുക്കയായിരുന്നു. പെട്ടെന്നു് ഒരു ഗാർഡ്വന്നു് കൈകാണിച്ചു തടഞ്ഞു. വാസ്തവംപറയട്ടെ, ഞാൻ കൈവലിച്ചുകളഞ്ഞു, പേടിച്ചുണ്ടെ ഒരു കുഞ്ഞിനെപ്പോലെ. എന്നാൽ ആ ഗാർഡ് ഒരു നല്ല മനുഷ്യനാണു്. സ്നേഹമുള്ള ഹൃദയവും വൃത്താകാരമായ റഷ്യൻ മുഖവുമുള്ള ഒരു ചെറുപ്പക്കാരൻ. തടങ്കൽ പുള്ളികളെ മർദ്ദിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്ന ഒരു സഖാവു് അടുത്തുവരുന്നതു കാണിക്കുക മാത്രമാണയാൾ ചെയ്തതു്.

ആപൽഘട്ടം മാറിയപ്പോൾ ഞാൻ ജനലിനടുത്തേയ്ക്കു ചെന്നു. അകത്തുനിന്നു ചെമ്പിച്ച താടിയുള്ള പ്രസന്നമായ ഒരു മുഖം എന്നെ നോക്കി പുഞ്ചിരിതൂകുന്നു. ജീവസ്സുള്ള രണ്ടു കണ്ണുകൾ എന്റെമേൽ പറന്നു കളിക്കുന്നുണ്ടായിരുന്നു. "എന്താ എന്നെ അറിയില്ലേ? കേൾക്കട്ടെ, ആരാണെന്നു് പറയാമോ? ആ മനുഷ്യൻ എന്നോടു ചോദിച്ചു. കുറെഞ്ഞൊരു അമ്പരപ്പോടെ ഞാൻ പറഞ്ഞു: "കണ്ണടയില്ല, അകത്താണെങ്കിൽ വെളിച്ചവും കമ്മി." കഷ്ടം! ഫാദർ ഫിറ്റ്സ്ക്കോവു്, ഫ്രൂഡെൻബർഗിലെ പാസ്റ്ററെ കണ്ടാലറിയാതായല്ലെ?" പൊട്ടിച്ചിരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു.

റെഡംപ്റ്റോറിസ്റ്റു് സന്ന്യാസസഭാംഗമായ ഫാദർ ജോസഫ് കോൾഫെൻബാക്കു് ആണദ്ദേഹം. സന്തോഷപ്രകൃതിയും അദ്ധ്വാനശീലവും അദ്ദേഹത്തിന്റെ തറവാട്ടുമുതലാണു്. സഹവൈദിക്കർക്കെല്ലാം വലിയ കാര്യമായിരുന്ന അദ്ദേഹത്തെ, ആ കൂടിക്കാഴ്ചക്കുശേഷം കൂടുതൽ ഹൃദയലാഘവത്തോടെയാണു് ഞാൻ ജോലിക്കുപോയതു്.

ഞങ്ങൾ പിന്നെയും വെള്ളം ചുമന്നു. കണ്ണാടിച്ചില്ല് കഷണങ്ങൾ വാരിമാറ്റി. നിർദ്ദയരായ ഗാർഡുകളെ ഒഴിഞ്ഞുമാറി. അവസാനം പാളയത്തിലേയ്ക്കു തിരിച്ചു. പേടിപ്പെടുത്തുന്ന രാവിന്റെ ഭീതിപൂണ്ടമായ തുടക്കം ഇതാ ഞങ്ങളെ കാത്തു നില്ക്കുന്നു.

മുറിയിൽ ആളുകളെ തിക്കിത്തള്ളിയിട്ടിരിക്കുകയാണു്. ഗാർഡുകൾ വന്നു് തോൾവച്ചു് തള്ളിനീക്കി കുറെസ്ഥലം ഞങ്ങൾക്കുണ്ടാക്കിത്തന്നു.

അക്ഷരാർത്ഥത്തിൽ തിരിയാൻപോലും സ്ഥലമില്ല. ഗാർഡു നിറുത്തിയ ആ നിലയിൽത്തന്നെ 4 മണിക്കൂർ അനങ്ങാതെ എനിക്കു നില്ക്കേണ്ടി വന്നു. ഭിത്തിയോടുചേർന്നു് പതിഞ്ഞിരിക്കുന്ന ഒരു പാവപ്പെട്ട മനുഷ്യന്റെ മേലാണു് ഞാൻ ചെന്നു് ഞെങ്ങിക്കൂടിയിരിക്കുന്നതു്. ആ മനുഷ്യനെ അതിസാരം പിടികൂടിയിരിക്കുകയാണു്; തന്നത്താൻ നിയന്ത്രിക്കാൻ സാധിക്കാത്ത ഘട്ടം, രാത്രി മുഴുവനും അയാൾ ഏതൊ ചില തൊക്കെ അനുഭവിച്ചു. ഞങ്ങൾക്കൊന്നും തിരിഞ്ഞില്ല. മനസ്സിലായാൽത്തന്നെ എങ്ങനെ സഹായിക്കാനാണു്.

ഞങ്ങളിലെല്ലാവരിലും സംഭവിച്ചുകൊണ്ടിരുന്ന തളർച്ചയുടേയും തകർച്ചയുടേയും ഒരു പ്രതീകമായിരുന്നു ആ സാധുമനുഷ്യൻ. തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്ന കഠിനാനുഭവങ്ങൾ ദേഹിദേഹങ്ങളിൽനിന്നു് അവരുടെ കുപ്പം വാങ്ങിക്കൊണ്ടിരുന്നു. എല്ലാം എല്ലാം എന്നെ വിട്ടകലുന്ന ഒരു തോന്നൽ എനിക്കുണ്ടായി. 'സമനില' തകരാറിലാവുമോ എന്നുപോലും ഞാൻ സംശയിച്ചു. ഇത്തരം സാഹചര്യങ്ങളിൽ അനുഭവപ്പെടാവുന്ന വെറും ശാരീരികാസ്വാസ്ഥ്യം മാത്രമാണിതെന്നു് യുക്തിവാദം ചെയ്തുറപ്പിക്കാൻ ഞാനൊരു ശ്രമം നടത്തി. ക്രമപ്രകാരമുള്ള നീഹാരാദികർമ്മം നടന്നിട്ടു് എട്ടുദിവസം കഴിഞ്ഞിരിക്കുന്നു. പതിവുള്ള ശാരീരിക വ്യാപാരങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ നടക്കുക അസാദ്ധ്യമാണു്. ദിവസം മുഴുവൻ ചാട്ടപ്പുയോഗവും, കുത്തുവാക്കുകളും, ഭീഷണിയും, കൂട്ടികളുടെ കരച്ചിലും, നിരന്തരസംഘർഷവും, തുടർച്ചയായ സ്ഥലംമാറ്റവും, വേദനയും, വിശപ്പും, സംശയവും, ലജ്ജയും എന്നുവേണ്ട മനുഷ്യനെ മരവിപ്പിക്കാനും, മരിപ്പിക്കാനും പറ്റിയ എല്ലാം ഉണ്ടായിരുന്ന അവിടെ. അസാധാരണ മനശ്ശക്തിയുള്ളവരെപ്പോലും ശാരീരികമായും മാനസികമായും തളർത്തിക്കളയുന്ന ചുറ്റുപാടുകൾ.

നേരം പുലർന്നതോടെ കട്ടപിടിച്ച ഉറിതം നിരാശവരെ ഞങ്ങളെ എത്തിച്ചു. ഫാദർ ലാംഗ്വാൽഡിനു് തൊട്ടടുത്താണു് ഞാനിരുന്നിരുന്നതു്. കൂടാശ്രമം ചെയ്ത മൂന്നു തിരുവോസ്തികൾ ഞാൻ ഒളിച്ചുവച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വിവരം ഞാൻ അദ്ദേഹത്തെ അറിയിച്ചു. ആ അതിസ്വാഭാവിക ഭക്ഷണം ഉശിരും ഉണർവും പ്രദാനം ചെയ്യുമെന്നും, സർവ്വതോമുഖമായ ഈ തകർച്ചയിൽനിന്നു് ഞങ്ങളെ രക്ഷിക്കുമെന്നും ഞങ്ങൾക്കുറപ്പുണ്ടായിരുന്നു. ഓരോസ്തിയെടുത്തു് രണ്ടായി ഭാഗിച്ചു്, ഞങ്ങൾ പരസ്പരം ദിവ്യകാരുണ്യം നല്കി.

അന്നുമുഴുവനും പുതിയ പുതിയ പേരുകൾ വിളിക്കലും ശ്രുപ്പുകൾ രൂപീകരിക്കലുംനടന്നു. ക്യാമ്പിലുണ്ടായിരുന്നവെന്നു് അങ്ങനെ അറിഞ്ഞിട്ടില്ലാതിരുന്ന ചില സുഹൃത്തുക്കളുടെ പേരുകളും ഇടയ്ക്കിടെ വിളിക്കുന്നതു കേൾക്കാമായിരുന്നു.

റവ. ഏബെലും വിളിക്കപ്പെട്ട. ഞെങ്ങിഞെരുങ്ങി പുറത്തുകടക്കുന്നതിനിടയിൽ ആ പുതിയ നിയമം അദ്ദേഹം എന്റെ കൈയ്യിൽ കൊണ്ടുവച്ചു. "കത്താവ് നിങ്ങളോടുകൂടെ" അദ്ദേഹം അഭിവാദ്യം ചെയ്തു. ആ പുസ്തകം എടുത്തുകൊള്ളുവാൻ പറയുന്നതിനുമുമ്പായി അദ്ദേഹം സ്ഥലം വിട്ടുകഴിഞ്ഞു. പ്രസന്നവും പ്രൗഢവുമായ മുഖഭാവം! അതുപക്ഷിയുടെ ലാഞ്ഛനപോലും അദ്ദേഹത്തെ തീണ്ടിയിട്ടില്ല! സമരങ്ങളെയെല്ലാം അതിജീവിച്ച ഒരു "മനുഷ്യൻ" അദ്ദേഹത്തിൽ കുടികൊണ്ടിരുന്നുവെന്നതു് തീർച്ചയാണു്. അദ്ദേഹത്തിന്റെ അവസാനത്തെ ആ സ്നേഹകടാക്ഷം ക്ഷീണാൽത്തനായ എന്നെ ലജ്ജിപ്പിക്കതന്നെ ചെയ്തു. അതുകണ്ടു് സംതൃപ്തവും സമചിത്തതയെ പ്രദ്യോതിപ്പിക്കുന്നതുമായിരുന്ന ആ കണ്ണുകൾ.

ഗ്രൂപ്പു് രൂപീകരണങ്ങളുടെ ഫലമായി മുറിയിലുണ്ടായിരുന്ന ഞങ്ങൾക്കു് ഒന്നിരിക്കുവാൻ ഇടം കിട്ടി; ഒന്നു മയങ്ങുവാനും സാധിച്ചു.

മുറിയിലേക്കു് തള്ളിവിട്ട അടുത്ത ഗ്രൂപ്പിൽ പരിഭ്രാന്തരായ മൂന്നു ബാലന്മാരും ഉൾപ്പെട്ടിരുന്നു; മൂന്നു പതിനാലുകാർ. അവരുടെ പരിഭ്രമകാരണം ഞങ്ങൾക്കു മനസ്സിലായി.

ഗെർഹാഡ്, ജോസഫ്, ഫ്രാൻസു്—ഇവർ മൂവരുംകൂടി, ജോസഫിന്റെ അമ്മക്കു് വെള്ളംകൊണ്ടു കൊടുക്കുവാൻ പുറപ്പെട്ടതാണു്. ബിഷപ്പിക്കോസ്റ്റെയിൻകാരായ ഈ കുട്ടികൾ വഴിക്കുവച്ചു് ഒരു കൂട്ടം റഷ്യൻ ഗാർഡുകളുടെ പിടിയിൽപ്പെട്ട. തങ്ങൾ മാർച്ചുചെയ്യിച്ചു് കൊണ്ടുപോയിരുന്ന തടങ്കൽ പുള്ളികളുടെ കൂട്ടത്തിൽ ഈ കുട്ടികളെയും അവർ തടുത്തുനിർത്തി. ഇപ്പോൾ 15—മൈലോളം യാത്ര ചെയ്തു് ഇവിടെ വന്നെത്തിയിരിക്കയാണവർ.

വെള്ളമെടുക്കാനുള്ള ഒരു ചെറിയ പാൽപ്പാത്രം അപ്പോഴും ജോസഫിന്റെ കൈവശമുണ്ടായിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു നിധിയായിരുന്നു അതു്. ഞങ്ങളിൽ കുറച്ചുപേർക്കുമാത്രമേ ഏതെങ്കിലും തരത്തിലുള്ള വെള്ളപ്പാത്രമുണ്ടായിരുന്നുള്ളൂ. പുറത്തുനിന്നു് വെള്ളം കിട്ടാനുള്ള സാധ്യതയുണ്ടായിരുന്നു, പാത്രമുണ്ടെങ്കിൽ. അവർ ജോസഫിനെ ജനാലയ്ക്കൽ നിർത്തി, വെള്ളം വാങ്ങി വിതരണം ചെയ്യുവാൻ. വെള്ളത്തിനു പ്രതിനന്ദിയായി തങ്ങളുടെ കുട്ടിസഞ്ചികളിൽ നിന്നു് ചില്ലറ സാധനങ്ങൾ അവനു് അവർ കൊടുക്കുമായിരുന്നു.

അങ്ങനെ, തടങ്കൽപ്പാളയ ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നിന്റെ പ്രയോഗം മൂലം തന്റെ സഹജീവികളെ സഹായിക്കുവാൻ ജോസഫിനു കഴിഞ്ഞു. മറ്റുള്ളവർക്കുകൂടി ഉപകാരമുള്ള ഏതെങ്കിലും വസ്തു ഒരുവനുണ്ടെങ്കിൽ അതു് അയാളുടെ മൂലധനം പോലാണു്. അതിൽ നിന്നുള്ള ആദായം അയാൾക്കു ലഭിക്കും. കത്തിയുള്ളവനു് അതു് ഉപയോഗിച്ചു് മുറിക്കുന്ന അപ്പത്തിന്റെ ഒരു ഭാഗം കിട്ടും. സൂചി

കടം വാങ്ങി ഉപയോഗിക്കുന്നവൻപോലും അതിന്റെ ഉടമസ്ഥനു് എ ന്തെങ്കിലും പ്രതിഫലം നല്കും.

ആ കുട്ടിയുടെ ആനുകൂല്യംകൊണ്ടു് എനിക്കും ജനലിന്നടുക്കൽ കുറെ സ്ഥലം കിട്ടി. ശുദ്ധവായുവിൽ നിന്നുകൊണ്ടു് ഞാൻ വെള്ളം കുടിച്ചു കൊണ്ടിരിക്കയാണു്. പെട്ടെന്നു് ഫാദർ കോൾഫെൻബാക്കു് എന്റെ കണ്ണിൽപ്പെട്ടു. തുകൽ തൊപ്പി ധരിച്ച ആ വിദ്വാനെ പിന്തുടരുകയാ യിരുന്ന അദ്ദേഹം. മഞ്ഞുകട്ടയും വാതിൽപ്പടികളും മറവു നാശനഷ്ടങ്ങ ളും തുകിക്കിടന്ന വഴിയിലൂടെയാണു് യാത്ര. വേച്ചുവേച്ചുള്ള നടപ്പു കണ്ടാൽ കഷ്ടം തോന്നും. ചെളിയിൽ വീണുപോകാതിരിപ്പാൻ അദ്ദേ ഹം വളരെ ശ്രമിക്കുന്നുണ്ടായിരുന്നു. ആ ചെന്നിച്ച താടിപോലും ക്ഷീ ണിച്ചതായി തോന്നി. ഇങ്ങനെയെല്ലാമാണെങ്കിലും, ആ തടിച്ച രോമ ത്തൊപ്പിയും, റോമൻ കോളറും, കവത്ത ഓവർക്കോട്ടും മറവും കണ്ടാൽ അദ്ദേഹം വൈദികനാണെന്നു് ആരും പറയുമായിരുന്നു; പ്രത്യേകിച്ചും അതു കുറവൊന്നുമില്ല. ഞാൻ അറിയാതെ തന്നെ എന്റെ കൈ പൊക്ക ത്തിലേക്കു പോയി, ജപമാലയെടുക്കാൻ. കാരണം മറെറാന്നുമല്ല. എം. വി. ഡി. വിസ്താരസ്ഥലത്തേക്കാണു് അദ്ദേഹത്തെ കൊണ്ടുപോയതു്.

വിസ്താരം 3–മണിക്കൂർ നീണ്ടുനിന്നു. അദ്ദേഹത്തിന്റെ കൂടെ മുറി യിലുണ്ടായിരുന്ന കുട്ടികളും അദ്ദേഹത്തിന്റെ തിരിച്ചുവരവിൽ ആനന്ദി ച്ചു. ഉടുപ്പിന്റെ കൈകൊണ്ടു് നെറ്റിയിലെ വിയർപ്പുതുള്ളികളും തുട ച്ചുകൊണ്ടാണദ്ദേഹം മുറിയിലേക്കു വന്നതു്. "ഇവിടെനിന്നു് നാം ആരും ജീവനോടെ രക്ഷപ്പെടുമെന്നു തോന്നുന്നില്ല" ക്ഷീണിച്ചു തളർന്ന അദ്ദേഹത്തിനു് ഞങ്ങളോടു പറയാനുണ്ടായിരുന്നതു് ഇത്രമാത്രമാണു്.

ആ മൂന്നു കുട്ടികളുംകൂടി തിക്കി തെരുക്കി അദ്ദേഹത്തിനു് ഇരി ക്കാൻ ഇടമുണ്ടാക്കിക്കൊടുത്തു. എന്റെ രണ്ടു സഞ്ചികളിൽ ഒന്നു വലി ച്ചെടുത്തു് ഒരു കഷ്ണവും ഒപ്പിച്ചു. ജോസഫ് അവന്റെ പാൽപ്പാട്ട യിൽ നിന്നു് ഒരു "ശീതളപാനീയം", സമർപ്പിച്ചു. എല്ലാവരും പാട്ട പോലെ അദ്ദേഹത്തെ സഹായിച്ചു. ഫാദർ ലാംഗ്വാൽഡു് സഞ്ചിമു ഴുവൻ തപ്പി മൊരിച്ച ഒരു മാംസക്കഷ്ണം കൊണ്ടുവന്നു. ഉണങ്ങിയ ആ മാംസം കൈയിൽ കൊടുത്തപ്പോൾ അദ്ദേഹം വേദനയോടെ ചോദിച്ചു. "എങ്ങനെയാണു് പങ്കിടേണ്ടതു്? 6–വായും ഒരു ചെറിയ മാംസക്ക ഷ്ണവും."

"ഞങ്ങൾക്കു് വേണ്ടാ. ഞങ്ങൾക്കാവശ്യമുള്ളതൊക്കെ ഈ മാജി ക്കു് പാൽപ്പാട്ടകൊണ്ടു് ഞങ്ങൾ നേടിക്കൊള്ളാം" ആ കുട്ടികൾ പറഞ്ഞു.

ഫാദർ ലാംഗ്വാൽഡ് ആഘോഷപൂർവ്വം ആ മാംസക്കഷ്ണം മൂന്നാ യി ഭാഗിച്ചു. അങ്ങനെ ഞങ്ങൾക്കൊരു കൊച്ചുസദ്യയുണ്ടായി.

"നിങ്ങൾക്കു രണ്ടുപേർക്കും എനിക്കൊരു സന്ദേശം നല്കുവാനുണ്ടു്", ഫാ. ജോസഫാണിതു പറഞ്ഞതു്. "ദിവ്യഭാഷിയുടെ ഒരു സന്ദേശം. എ

ല്ലാ പുരോഹിതന്മാരെയും ഉടനെ വിമോചിപ്പിക്കുന്നതാണു്.'' അവിശ്വാസ്യമായ ഒരു സ്വരഭേദത്തിൽ അയാൾ ഇതുകൂടിപ്പറഞ്ഞു: ''ഈ കത്തനാരന്മാർ ഞങ്ങളോടു് എലിയും പൂച്ചയും കളിക്കാൻ തുടങ്ങിയിരിക്കയാണു്.''

ആ തുകൽത്തൊപ്പിക്കാരൻ ഗാർഡ് വീണ്ടും വന്നു. ഇത്തവണ അയാൾക്കു വേണ്ടതു് എന്നെയാണു്.

അയാൾ എന്നെ ഒരു പോളിഷ് ദ്വിഭാഷിയുടെ അടുക്കലേക്കു കൊണ്ടുപോയി. ശിരോരക്ഷ ധരിച്ച ആ പയ്യൻ കൈ നീട്ടിക്കൊണ്ടു് എന്റെ അടുക്കലുള്ള എല്ലാ സാക്ഷിപത്രങ്ങളും ആവശ്യപ്പെട്ടു. ഡ്രൈവരുടെ സർട്ടിഫിക്കറ്റു്, വൈദികപട്ട സാക്ഷിപത്രം, എർമ്ലാണ്ടിലെ വൈദികർക്കു് വികാരിജനറാൾ നല്കിയിരുന്ന ഐഡൻറിഫിക്കേഷൻ കാർഡ് തുടങ്ങിയവ.

അയാൾ ആ കടലാസ്സെല്ലാം മറ്റെ ദ്വിഭാഷിയുടെ കയ്യിൽ കൊടുത്തശേഷം പിന്മാറി. ഈ ഉദ്യോഗസ്ഥൻ സൗഹൃദത്തോടും ബഹുമാനത്തോടും കൂടി എന്നെ നോക്കി.

''നിങ്ങളൊരു കത്തോലിക്കാ പുരോഹിതനാണല്ലേ?'' അദ്ദേഹം ആരാഞ്ഞു.

''അതെ. എന്റെ ഇടവക സൂസ്സെൻബർഗ്ഗാണു്.''

''കൊള്ളാം. നിങ്ങൾ ഞങ്ങളുടെ കൂടെ വരുന്നതിൽ സന്തോഷമേയുള്ളൂ. ഞങ്ങൾക്കൊരു വൈദികനെ ആവശ്യമുണ്ടു്.''

''എവിടേക്കാണു് പോകുന്നതു്?''

''നിങ്ങൾക്കിനിയും അതു മനസ്സിലായിട്ടില്ല എന്നു കാണുന്നതിൽ എനിക്കു് അത്ഭുതം തോന്നുന്നു. അവർ ഒരുത്തനെപ്പോലും ഇവിടെ മോചിപ്പിക്കുമെന്നു് ഞാൻ കരുതുന്നില്ല.'' അദ്ദേഹം താഴ്ന്നസ്വരത്തിൽ ഇതു കൂടി ചേർത്തു ''5 കൊല്ലമായി ഞാൻ കമ്മ്യൂ: പാർട്ടിയിലായിട്ടു്: ഇപ്പോൾ നിങ്ങൾ ചെയ്തതുപോലെ, ഈ അപരാധത്തിൽ എല്ലാ സാക്ഷിപത്രങ്ങളും എനിക്കും സമർപ്പിക്കേണ്ടിവന്നു.''

ആ ഒളിച്ചുകളിക്കാരൻ ദ്വിഭാഷി തിരിച്ചു വന്നു. മേലധികാരിയുടെ എതിർവശത്തേക്കു് കറെ കടലാസ് വച്ചു് നീട്ടി. ഉടൻ അയാളെ അനുഗമിക്കാൻ എനിക്കാജ്ഞ നല്കി.

തല കറങ്ങുന്നതുപോലെ എനിക്കു തോന്നി. രക്തം കട്ടപിടിക്കുകയാണോ? ശക്തി വീണ്ടെടുക്കാൻ ഞാൻ ശ്രമിച്ചു. ''ദൈവമെ എന്റെ ജീവനെ അങ്ങേ കരങ്ങളിൽ കാത്തുകൊള്ളണമെ. അങ്ങേക്കിഷ്ടമുള്ളതു് എന്നോടു പ്രവർത്തിച്ചാലും'' ഞാൻ അകമഴിഞ്ഞു് പ്രാർത്ഥിച്ചു.

ചൂടുപിടിച്ച വേറൊരു മുറിയിൽ ഞാൻ എത്തി. അവിടെയും എന്റെ ഇരിപ്പിടം നെരുപ്പോടിന്റെ അടുത്തുതന്നെ. മദ്ധ്യനിയായ ഒരു ഉദ്യോഗസ്ഥൻ അവിടെയുമുണ്ടു്; ഒരു ദ്വിഭാഷിയും. വളരെ താഴ്ന്നു കിടക്കുന്നതും നല്ല പ്രകാശമുള്ളതുമായ ഒരു ബൾബിന്റെ കീഴിൽ ഒരു സ്റ്റൂ

ളിൽ ഞാൻ ഇരുന്നു. ഒട്ടും താമസിച്ചില്ല ഇതാ ചോദ്യങ്ങൾ എന്നെ വീർപ്പുമുട്ടിച്ചുതുടങ്ങി. മുമ്പിലത്തെ ചോദ്യങ്ങൾ തന്നെ. ഞാൻ അവയെല്ലാം മയത്തിൽ കൈകാര്യം ചെയ്തു; പള്ളി പ്രസംഗങ്ങളുടെ വിഷയത്തിലേക്കു കടന്നതുവരെ. പ്രസംഗത്തിന്റെ വിശദാംശങ്ങൾ ഞാൻ ഓർക്കുന്നില്ലെന്നും, പള്ളിമുറിയിലിരിക്കുന്ന പ്രസംഗപ്പുസ്തകത്തിൽ അവയൊക്കെ കാണുമെന്നും ഞാൻ പറഞ്ഞു. നമ്മുടെ ദ്വിഭാഷിക്കിതൊട്ടും പിടിച്ചില്ല. "ഛീ എന്തു പറഞ്ഞു? പിടലി കട്ടത്ത വിഡ്ഢി! കള്ളം പറയുന്നോ? ഓർമ്മിക്കാൻ വേണമെങ്കിൽ ഞാനൊന്നു സഹായിക്കാം! താൻ പ്രസംഗിച്ചുകൊണ്ടിരുന്നതു് എന്തൊക്കെയാണു് എന്നു് വേണമെങ്കിൽ പറയാം. ചെമ്പടയ്ക്കുതിരായി ജനങ്ങളെ ഇളക്കിവിടുകയായിരുന്നു, സോവിറ്റുയൂണിയനെതിരായി. പുരോഹിതന്മാരുടെ പണിയിതാണു്" അയാൾ കലിതുള്ളുകയാണു്.

മൗനിയായ ആ ഉദ്യോഗസ്ഥൻ ഒരു കൂലുക്കവും കൂടാതെ അയാളുടെ ജോലി തുടർന്നുകൊണ്ടിരുന്നു. കിറുക്കു പിടിച്ച ആ ദ്വിഭാഷിയെ ഒന്നു മയപ്പെടുത്തണമെന്നെനിക്കു തോന്നി. "നിങ്ങൾക്കതിൽ കൂടുതലായറിയാം. നിങ്ങളുടെ ജർമ്മൻഭാഷാശൈലികേട്ടിട്ടു് നിങ്ങൾ ഇവിടെ താമസിച്ചിട്ടുള്ളതുപോലെ തോന്നുന്നല്ലോ" വിഷയം മാറ്റാൻ ശ്രമിക്കയായിരുന്ന ഞാൻ. "അറിയാം. അയാളൊന്നു മയപ്പെട്ടു. "ഞാൻ ഇവിടെ താമസിച്ചിട്ടുണ്ടു്. പുരോഹിതരായ നിങ്ങളെപ്പറ്റി മനസ്സിലാക്കിയിട്ടുള്ളതു് അങ്ങനെതന്നെയാണു്. റോസെലിലുള്ള ആ കത്തനാരുടെ പ്രസംഗം കേൾക്കുക എന്റെ പതിവായിരുന്നു. ഞാൻ സംസാരിക്കുന്നതെന്തെന്നു് എനിക്കറിയാം.

റോസെൽ! ഫാദർ ഏബെലിന്റെ പട്ടണം! നാസികളെ എതിർത്തതിനു രണ്ടു കത്തോലിക്കാവൈദികരെ ജയിലിലടച്ച സ്ഥലമല്ലേ? "റോസെലിലെ ഒരു ദേവാലയത്തിൽപോലും റഷ്യക്കെതിരായി ഒറ്റ വാക്കു പോലും നിങ്ങൾ കേട്ടിരിക്കയില്ല." ഞാൻ തിരിച്ചടിച്ചു.

"മിണ്ടിപ്പോകരുതു്!" അയാൾ അലറി. "ഞാനാണു് ചോദ്യം ചോദിക്കുന്നതു്. താനല്ല." ദീർഘമായൊന്നു നിശ്വസിച്ചുകൊണ്ടു് അയാൾ തുടർന്നു: "കൊള്ളാം. ഒരവസരംകൂടി തരുന്നു. ചെമ്പടയ്ക്കും സോവ്യറ്റുയൂണിയനുമെതിരായി എന്താണു് പ്രസംഗിച്ചതെന്നു പറയൂ."

"ഞാൻ പള്ളിയിൽ ചെയ്തതു് സുവിശേഷം പ്രസംഗിക്കുക മാത്രമാണു്" ശാന്തമായി പ്രതിവചിച്ചു. "ചെമ്പടയ്ക്കോ സോവ്യറ്റുയൂണിയനോ എതിരായി ഒന്നുംതന്നെ പറഞ്ഞതായി ഞാൻ ഓർക്കുന്നില്ല."

അയാൾ എന്നെ തുറിച്ചുനോക്കിക്കൊണ്ടു് അലറി. "ശരി. "തന്നെ ഓർമ്മിപ്പിക്കാമോ എന്നു നോക്കട്ടെ" അയാൾ ചാടിപ്പുറത്തുപോയി, ഒരു എം. വി. ഡി. ക്യാപ്റ്റനൊരുമിച്ചു് തിരിച്ചുവന്നു. ഒരു നിമിഷത്തിനുള്ളിൽ ആ ക്യാപ്റ്റൻ എന്റെ നേരെ തിരിഞ്ഞു് ഒരു ശക്തിപ്രകടനം

നടത്തി. എന്റെ തോന്ന്യാസങ്ങളൊന്നും അയാൾ വകവച്ച തരികയില്ല തെ! ഒരുവാര നീളമുള്ള ഒരു മരക്കഷണമെടുത്ത് എന്റെ തലക്കുമുകളിൽ ചുഴറ്റിക്കൊണ്ട് ഗർജ്ജിച്ചു "ഉം. സത്യം പറയൂ. അല്ലെങ്കിൽ തന്നെ ഞാൻ ചതച്ച് ചമ്മന്തിയാക്കിക്കളയും."

"ഞാൻ ഒരൊറ്റക്കള്ളമെങ്കിലും പറഞ്ഞിട്ടുള്ളതായി തെളിയിക്കാമെങ്കിൽ അടിച്ചുകൊള്ളൂ. ഇഷ്ടംപോലെ അടിച്ചുകൊള്ളൂ" എന്റെ ആ വാക്കുകളിൽ വിവേകത്തെക്കാൾ അധികമായി ധൈര്യവും ആത്മശക്തിയുമാണ് നിഴലിച്ചുനിന്നത്.

ഉയരം കുറഞ്ഞ് ശോഷിച്ച ഒരു മനുഷ്യനാണയാൾ. രണ്ടുമൂന്നു കവിത കുറിപ്പുകൾ മാത്രമേ ശേഷിച്ചിരുന്നുള്ളൂ. എന്നിൽനിന്ന് കഷ്ടിച്ച് രണ്ടിഞ്ച് അകലെ നിന്നാണ് സംസാരം. കണ്ണിമയ്ക്കാതെയുള്ള നോട്ടം.

വിക്കിവിക്കിത്തുടങ്ങിയ ആ സംസാരം അരമണിക്കൂർ നീണ്ടുനിന്ന ഒരു പ്രഭാഷണത്തിലാണ് അവസാനിച്ചത്. സോവ്യറ്റ് സൈന്യത്തിന്റെ മഹത്വങ്ങളെക്കുറിച്ചാണ് പ്രസംഗം. ഏതെങ്കിലും ഒരു സംഗതി ഉന്നിപ്പറയേണ്ടിവരുമ്പോൾ കയ്യിലിരിക്കുന്ന തടിക്കഷ്ണം എന്റെ തലയ്ക്കു മീതെ ചുഴറ്റുമായിരുന്നു. അയാളുടെ ആ ശോഷിച്ചകൈ എന്റെ ദിക്കുമുട്ടലുംകൂടി മേന്പോൾ, സത്യം പറയട്ടെ, എനിയ്ക്കൊന്നും തിരിഞ്ഞില്ല. ഇടയ്ക്കിടയ്ക്ക് ആലങ്കാരികമായി അയാൾ ഒന്നു നിർത്തും. വലത്തുകൈ ഒന്നു വെട്ടിക്കും. അനന്തരം പ്രഖ്യാപിക്കും: "മഹത്തായ ചെമ്പട ഹിറ്റ്ലറുടെ പന്നിക്കുട്ടങ്ങളെയെല്ലാം നശിപ്പിച്ചുകഴിഞ്ഞു. എല്ലാ പുരോഹിതന്മാരേയും, ശേഷിച്ച പന്നികളെയുംകൂടി അവർ ഭൂമുഖത്തുനിന്നും തുടച്ചുകളയും!"

"നിങ്ങൾക്കിതേപ്പറ്റി എന്താണ് പറയാനുള്ളത്?" ചുണ്ടു കോട്ടിക്കൊണ്ട് അയാൾ ഉരുവിട്ടു. ആ മനുഷ്യൻ പറഞ്ഞതെന്താണെന്ന് ഞാൻ ദ്വിഭാഷിയോടു ചോദിച്ചു. "ഹിറ്റ്ലറെയും അയാളുടെ പന്നികളെയും നശിപ്പിക്കുവാൻ ചെമ്പടയ്ക്ക്—ചെമ്പടയ്ക്കു മാത്രമേ—കഴിഞ്ഞുള്ളുവെന്ന് നിങ്ങളെ ധരിപ്പിക്കാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്" ദ്വിഭാഷി ചുരുക്കത്തിൽ വ്യക്തമാക്കി. "ഹിറ്റ്ലറെ എതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുള്ളവരെക്കൂടി നശിപ്പിക്കാൻ തങ്ങൾക്കു പ്ലാനുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി."

ക്യാപ്റ്റൻ ഒന്നുകൂടി ചൊടിച്ചു: വേറൊരു ശബ്ദജാലം കൂട്ടി! അമേരിക്കക്കാർ എന്തോ ചെയ്തിട്ടുണ്ട്" എന്നുമാത്രമേ എനിക്കതിൽനിന്നു മനസ്സിലായുള്ളൂ.

അയാൾ പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ ഞാൻ നിസ്സഹായനായി ആ ദ്വിഭാഷിയെ നോക്കി. അയാൾ ആചാരപൂർവ്വം ആ ക്യാപ്റ്റന്റെ നേരെ കുനിഞ്ഞശേഷം ശാന്തമായി പറഞ്ഞു. "ചെമ്പടയു

ടെ അവസാന വിജയത്തെ തടസ്സപ്പെടുത്തുവാൻ അമേരിക്കയ്ക്ക് സാധിക്കുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ എന്നറിയാൻ മി. ക്യാപ്റ്റൻ ആഗ്രഹമുണ്ടു്.''

ഈ മോദ്യം എന്റെ സമചിത്തതയെ നശിപ്പിച്ചുകളഞ്ഞു. അല്പം അസ്വസ്ഥതയോടെ ഞാൻ പറഞ്ഞു "നിങ്ങളുടെ ആശയം എനിക്കു മനസ്സിലാകുന്നില്ല. അമേരിക്കക്കാർ നിങ്ങളുടെ സുഹൃത്തുക്കളല്ലെ? നിങ്ങളുടെ സഹായികൾ? അവരുടെ ടാങ്കുകളല്ലെ നിങ്ങൾ തെരുവുകളിലൂടെ ഓടിച്ചുകൊണ്ടുപോയതു്? അവരെന്തിനു് നിങ്ങളുടെ വിജയത്തിനു് വിലങ്ങുതടികളാകണം?

ഈ മറുപടി ആ ട്രിഭാഷിയെ കലികൊള്ളിച്ചു. ഒന്നു ചരിഞ്ഞുനിന്നുകൊണ്ടു് വിരോധാഭാസദ്യോതകമായി അയാൾ പിറുപിറുത്തു. "ഓ! ഒരു നയതന്ത്രജ്ഞൻ!"

അതിനു മറുപടിയൊന്നും കിട്ടിയില്ല. അതുകൊണ്ടു് തെല്ലൊരു പരാജയബോധത്തോടെ അയാൾ പിറുപിറുത്തു: "ഞങ്ങളൊക്കെ മര്യാദക്കാരായതു നിങ്ങളുടെ ഭാഗ്യം. അല്ലെങ്കിലിപ്പോൾ നിങ്ങൾ ചമ്മന്തിയായേനെ!"

തന്റെ വെട്ടിത്തിളങ്ങുന്ന ബൂട്ട്സ്— അതൊരു ജന്മനുദ്യോഗസ്ഥന്റേതുപോലിരുന്നു — വെളിയിൽ കാണിച്ചുകൊണ്ടു് ആ ക്യാപ്റ്റൻ മുറിയിലങ്ങുമിങ്ങും ഒന്നു ഉലാത്തി. കഷണ്ടിത്തല കോപംകൊണ്ടു് രക്തവർണ്ണമായിരുന്നെങ്കിലും, തന്റെ പ്രഭാഷണത്തെക്കുറിച്ചു് അയാൾക്കു വലിയ സംതൃപ്തിയുണ്ടായിരുന്നു. അങ്ങേ അറ്റത്തു നിന്നുകൊണ്ടു് ആ തടിക്കഷണം അയാൾ വിറകുപുരയിലേയ്ക്കു് എറിഞ്ഞു. അതെന്റെ കാല്ക്കലാണു് വന്നുവീണതു്. കൈപ്പത്തികൊണ്ടു് നെറ്റിയിലെ വിയർപ്പു് തുടച്ചുകളഞ്ഞശേഷം അയാൾ സ്ഥലം വിട്ടു.

കുടിക്കാഴ്ച കഴിഞ്ഞെന്നാണു് ഞാൻ കരുതിയതു്. അപ്പോഴുണ്ടു് ആ ട്രിഭാഷി നാടകീയമായി ഒന്നു വട്ടം കറങ്ങിയിട്ടു പറയുന്നു: "നിങ്ങളൊരു നാസിപ്പാർട്ടി മെമ്പറാണു്. എസ്. എസ്സുമായി നിങ്ങളൊന്നു ബന്ധം പുലർത്തിയിരുന്നു. ചാരവൃത്തിക്കുവേണ്ടിയാണവർ നിങ്ങളെ ജന്മനിക്കു വെളിയിൽ വിട്ടതു്.''

കണ്ണഞ്ചിക്കുന്ന പ്രകാശമേറ്റു് എന്റെ കണ്ണിൽ ഇരുട്ടുവന്നു. അടുത്തിരിക്കുന്ന നെരിപ്പോടു് എന്നെ വല്ലാതെ ചൂടുപിടിപ്പിച്ചു. എന്റെ കപോലങ്ങളിലും, കണ്ണിമകളിലും എന്തെന്നില്ലാത്ത ഒരു ഭാരം അനുഭവപ്പെട്ടു. പഴയ ചോദ്യങ്ങൾതന്നെയാണു് ഇപ്പോഴും കാഞ്ചിവലിച്ചു വിടുന്നതെന്നു് എനിക്കു മനസ്സിലായി; തോന്നിയെന്നു പറയുകയായിരിക്കും കൂടുതൽ ശരി. വ്യത്യസ്തങ്ങളായ മറുപടികൾ ലഭിക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു അതു്. "എന്റെ ദൈവമെ, നേരെ ചിന്തിക്കുവാനും സംസാരിക്കാനും എന്നെ സഹായിക്കേണമെ!" ഞാൻ പ്രാർത്ഥിച്ചു.

മുൻ മറപടികൾതന്നെ ഞാൻ ഉരുവിട്ടുകൊണ്ടിരുന്നു; ഒരുവിധ അസ്വസ്ഥയോടെ.

ദിഭാഷിക്ക് ഒട്ടുംതന്നെ തൃപ്തിവന്നില്ല. ചാരവൃത്തിക്കുവേണ്ടിയാണ് നാസികൾ എന്നെ ജർമ്മനിക്കുവെളിയിൽ വിട്ടതെന്ന ആരോപണം അയാൾ തുടർന്നുകൊണ്ടിരുന്നു.

അവസാനം യുക്തിവാദത്തിനുതന്നെ ഞാൻ മുതിർന്നു. "പറയുന്നതു കേൾക്കൂ! നാസിഗവൺമെൻറുമായി എനിക്കൊരു ബന്ധവുമില്ലെന്നു് ഞാൻ തെളിയിക്കാം. 1930-ൽ ഞാൻ റോമിനുപോയപ്പോൾ ഒരു സ്വതന്ത്രജനകീയ ഭരണമാണു് ജർമ്മനിയിൽ നിലവിലിരുന്നതു്. അതു് നാസികൾ ഭരണം ഏറെറടുക്കുന്നതിനുമുമ്പാണു്. ഹിറ്റ്ലർ വന്നപ്പോൾ ഞാൻ സ്വിറ്റ്സർലണ്ടിലെ ഒരു സാനിറേറാറിയത്തിലായിരുന്നു. പിന്നെ എങ്ങനെയാണവർ ചാരവൃത്തിക്കൊ മറേറാ പുറത്തുവിടുന്നതു്?"

"ശരിതന്നെ" അയാൾ അലറി. "നിങ്ങൾ നാസിയല്ല. ഇതുകൊണ്ടൊന്നും ഞങ്ങളെ കളിപ്പിക്കാനാവില്ല. നിങ്ങളെപ്പററി അറിയേണ്ടതൊക്കെ സൂസ്സൻബെർഗ്ഗിലെ ആളുകൾ ഞങ്ങളോടു് പറഞ്ഞിട്ടുണ്ടു്" അയാൾ കലിതുള്ളുന്നുണ്ടായിരുന്നു. നാടകീയമായി വിരൽചൂണ്ടിക്കൊണ്ടു് ചോദിച്ചു, "ചെമ്പടയെക്കുറിച്ചു് മുഴുവൻ അസത്യം എഴുതിപ്പിടിപ്പിച്ച ഒരു പുസ്തകം നിങ്ങൾ മറച്ചുവച്ചിട്ടില്ലേ?"

ഒന്നു ചിരിക്കാൻപോലും എനിക്കു കഴിഞ്ഞില്ല. "അതെഴുതുന്നതിനുമുമ്പായി, സെൻറു് ജോൺ ക്രിസോസ്റ്റോമിൻെറ കൃതികളായ 8 വാല്യങ്ങൾ ഞാൻ പഠനവിഷയമാക്കി അഞ്ചു മീണ്ടവർഷത്തോളം്. ചെമ്പടയെപ്പററി ഒററപരാമർശമെങ്കിലും ആ പുസ്തകങ്ങളിൽ ഒരിടത്തും ഞാൻ കണ്ടിട്ടില്ല. ജോൺ ക്രിസോസ്റ്റോം മരണമടഞ്ഞതു് 407-ലാണു്. 1538 വർഷങ്ങൾക്കുമുമ്പു്" ഞാൻ വ്യക്തമാക്കി.

ആ മനുഷ്യൻ കലികയറിത്തുള്ളി. മുഷ്ടിചുരുട്ടി എൻെറ മുഖത്തിനുനേരെ ചൂണ്ടി ഭയപ്പെടുത്തിക്കൊണ്ടു് ആക്രോശിച്ചു "എങ്കിലും നിങ്ങൾ കമ്മ്യൂണിസത്തിനു് എതിരല്ലേ?"

"അതെ, ഞാൻ എതിരാണു്. കാരണം അതു് ഞങ്ങളുടെ ക്രൈസ്തവ മതത്തിനെതിരാണു്. ഇപ്പോഴത്തെ യുദ്ധപരമായ നയതന്ത്രങ്ങളെപ്പററി വിധിപറയാൻ ഞാനാളല്ല. അതേപ്പററി ഞാൻ പഠിച്ചിട്ടില്ല."

അടുത്തിരുന്ന ഉദ്യോഗസ്ഥൻ ആംഗ്യം കാണിച്ചു. എൻെറ മൂന്നമണിക്കൂർ വിഹിതം അവസാനിച്ചെന്നു് എനിക്കു മനസ്സിലായി.

അപ്പോളെനിക്കു ചിന്തിക്കാൻ കെല്പില്ലായിരുന്നെങ്കിലും ഒരു കാര്യം വ്യക്തമായി; മനുഷ്യനും മാനംമര്യാദയുള്ള ആ ഉദ്യോഗസ്ഥനും, ചോദ്യം ചെയ്തുകൊണ്ടിരുന്ന ഈ കാട്ടുമനുഷ്യനും തമ്മിലുള്ള വ്യത്യാസം! ഇത്തരം കാടൻ ഉപകരണങ്ങളെ അവർ നിയോഗിക്കുന്നതു് മനഃപൂർവ്വമാണു്. മാ

നസികമായി ദണ്ഡമേല്പിക്കുക; അതാണവരുടെ പ്ലാൻ. ആധുനികരീതിയിലുള്ള പീഡനയന്ത്രം കൊല്ലാക്കൊലതന്നെ.

എന്റെ കഴുത്തും മുഖവുമെല്ലാം വിയർപ്പിൽ കുളിച്ചിരുന്നു. മി. വെറിന്റെ ഓവർക്കോട്ടിന്റെ കഴുത്തു് വിയർപ്പിൽ കുതിർന്നു. എഴുന്നേല്ക്കാനുള്ള അടയാളം കിട്ടിയപ്പോൾ മരവിച്ച കാലുകൾ പ്രതിഷേധിച്ചതുപോലെ തോന്നി.

4 പേജു് ദൈർഘ്യം വരുന്ന വിവരണത്തിന്റെ കീഴിൽ കയ്യൊപ്പിടാൻ അവർ ആവശ്യപ്പെട്ടു. അതു് റഷ്യനിലായിരുന്നതുകൊണ്ടു് ഞാൻ തർജ്ജമചെയ്യാൻ ആവശ്യപ്പെട്ടു. ദ്വിഭാഷി നിരുപദ്രവമായ ഒരു രത്നച്ചുരുക്കം എന്നെ പറഞ്ഞുകേൾപ്പിച്ചു. "ഇതുയുമേ എനിക്കെതിരായി ഉള്ളുവെങ്കിൽ പിന്നെ എന്തുകൊണ്ടാണു് നിങ്ങളെന്നെ വിമോചിപ്പിക്കാത്തതു്?" എന്റെ ആകുലം.

"മിണ്ടിപ്പോകരുതു്" അയാൾ കയർത്തു. "തന്റെ ഈ പിടിവാദത്തിനു് തന്നെ ഇടിച്ചുകൊല്ലാഞ്ഞതുതന്നെ ഭാഗ്യം. ആ വിസ്തിപ്പണിക്കു് തന്നെ ആക്കം ആവശ്യമില്ല. എന്തെങ്കിലും ഉപകാമുള്ള കുറെ ജോലി ചെയ്യാൻ ഒരവസരം ഞങ്ങൾ തരാം."

ഈ മറുപടി എന്നെ വല്ലാതെ തളർത്തിക്കളഞ്ഞു. ഒരുവക നിരാശ പിടിപെട്ടതുപോലെ. അവർ വിധിയെഴുതിയിരുന്നെങ്കിൽ! നേരിടേണ്ടതെന്തെന്നെങ്കിലും മനസ്സിലാക്കാമായിരുന്നു.

എന്നെ മുറിയിൽ തിരിച്ചെത്തിക്കാൻ ഗാർഡു് വളരെ പണിപ്പെടേണ്ടിവന്നു. തെന്നിയും തെറിച്ചുമായിരുന്നു പോക്കു്. "നിന്റെ വഴികളിൽ നിന്നെ കാക്കുവാൻ ദൈവം തന്റെ ദൂതന്മാരെ ഭരമേല്പിച്ചിരിക്കുന്നു" എന്ന 90–ാം സങ്കീർത്തനവാക്യം മുറുത്തുമുറുകി കടന്നുപോയപ്പോൾ എന്റെ തലയിൽകൂടി പാഞ്ഞുകൊണ്ടിരുന്നു. ഇവരെവിടെയെങ്കിലും എന്നെ കൊണ്ടുപോയ്ക്കൊള്ളട്ടെ; അവിടെയെല്ലാം എന്റെ സഹായത്തിനു് ദൈവമുണ്ടു്; ഞാൻ സമാശ്വസിച്ചു.

ഞങ്ങൾ നല്കിയതുപോലൊരു സമാശ്വാസം എനിക്കു തിരിച്ചുതരുവാൻ ഫാ. കോൾഹൻബ്രോക്കിനുകഴിഞ്ഞില്ല. അതിനുമുമ്പുതന്നെ അദ്ദേഹത്തെ അവർ വിളിച്ചു, വീണ്ടും വിസ്തരിക്കാൻ. ഞാൻ ഏല്പിച്ചിരുന്ന ബാഗുകൾ അദ്ദേഹം തിരിച്ചുതന്നു. അദ്ദേഹം ഇരുന്നിരുന്ന സ്ഥലത്തു ഞാൻ എത്തുന്നതിനുമുമ്പുതന്നെ വേറൊരാൾ ആ സ്ഥലം കൈയ്യേറി. അതുകൊണ്ടു് ഒന്നിരുന്നു് ആശ്വസിക്കുവാൻ വേറൊരു ഇടം തേടേണ്ടിവന്നു എനിക്കു്.

അല്പം ആശ്വാസം തോന്നിയപ്പോൾ, വിസ്താരം കഴിഞ്ഞുവന്നവരെ ഞാനൊന്നോടിച്ചുനോക്കി. സാധാരണ സ്വീകരിച്ചിരുന്ന മാർഗ്ഗമിതാണു്: ആദ്യത്തെ ചോദ്യത്തിനുശേഷം തലയുടെ പിൻഭാഗത്തു് മുറുക്കു പ്രഹരി

ക്കുക. ഇതോടുകൂടി സാമാന്യക്കാരെല്ലാം ചോദിച്ചതൊക്കെ സമ്മതിക്കും; തങ്ങൾ നാസികളാണ്' അല്ലെങ്കിൽ മൂഢലാളികളാണെന്ന് ഏറെപറകയും ചെയ്യും. രക്തം വമിക്കുന്ന ആ മുറിവുകൾ കണ്ടപ്പോൾ എന്റെ വിസ്മയം വളരെ 'കുറഞ്ഞാമസ്സണ്' ആയിരുന്നെന്ന് എനിയ്ക്കു തോന്നി.

സ്വന്തം രക്തത്തിൽ കുളിച്ചുവരുന്ന ഈ ഹതഭാഗ്യരെ കണ്ടപ്പോൾ ഫാ. ലാംഗ്വാൽഡ് അമ്പേ ഇളകിപ്പോയി. പരസ്യ പ്രാർത്ഥനകൾ നടത്തുന്നതിൽ നിരുത്സാഹനും ലജ്ജാലുവുമായിരുന്ന അദ്ദേഹം ഉച്ചസ്വരത്തിൽ പ്രാർത്ഥിക്കാൻ തുടങ്ങി; പരസ്യമായിത്തന്നെ. വിശ്വാസപ്രമാണം, ആകാശങ്ങളിലിരിക്കുന്ന, നന്മ നിറഞ്ഞ മറിയം എന്നീ ജപങ്ങൾ, ആ. രാത്രിയിൽ ചോദ്യം ചെയ്യപ്പെടാനിരുന്നവർക്കുവേണ്ടി അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു.

നേരം പുലരുന്നതിനുമുമ്പുതന്നെ ടക്കുകൾ അവരുടെ മോട്ടോർ ചൂടുപിടിപ്പിക്കുന്ന സ്വരം ഞങ്ങൾ കേട്ടു. ഒരു ഗാർഡ് കയറിവന്ന് കുറെ പേരുകൾ വിളിച്ചു. ഫാ. ലാംഗ്വാൽഡും അതിലുൾപ്പെട്ടിരുന്നു. സ്ഥലം വിടുന്നതിനുമുമ്പായി അദ്ദേഹം എന്റെ കൈപിടിച്ചു കുലുക്കിയുടുത്തിൽ ഒരു ചെറിയ ആവണക്കെണ്ണക്കുപ്പി കൈയിൽ വച്ചുതന്നു. "അടുത്ത ഭക്ഷണത്തിനു ഒരു മണിക്കൂർ മുമ്പായി ഇതു കഴിക്കുക" അദ്ദേഹം മന്ത്രിച്ചു. അദ്ദേഹം ഒന്നുമന്ദഹസിക്കുവാൻ ശ്രമിച്ചു, പതിവുള്ള ആ ശാന്തതയോടെ. പക്ഷേ ഭയചകിതമായ ആ നീലക്കണ്ണുകൾ ഭാവിയെ പ്രവചിക്കുന്നുണ്ടായിരുന്നു. "ദൈവം നിങ്ങളോടുകൂടെ" അദ്ദേഹം നടന്നകന്നു.

പാളയത്തിന്റെ ജാലകങ്ങളുടെ അടുത്തുകൂടി അദ്ദേഹത്തെ അവർ ടക്കിലേക്കു കൊണ്ടുപോയി. മന്ദം മന്ദം ചലിക്കുന്ന പാദങ്ങളും ഭാഗ്യഹീനരായ ആ പാവങ്ങൾ കൊണ്ടുപോയിരുന്ന സഞ്ചികളും മാത്രമേ ഞങ്ങൾക്കു കാണാമായിരുന്നുള്ളൂ. അകത്തിരുന്നവരിൽ ആരും ഒന്നും മിണ്ടിയില്ല. പുറത്തേയ്ക്കു തുറിച്ചുനോക്കിക്കൊണ്ട്, കാൽപ്പെരുമാറ്റ ശബ്ദത്തെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഒരു നിശ്ശബ്ദത അവിടെയെങ്ങും പരന്നു; ഒന്നരണ്ടു നിമിഷത്തേയ്ക്ക്. അതാ വാഹനങ്ങൾ ഇരമ്പിപ്പായുന്നു. ടക്കുകൾ ഉരുളുന്ന സ്വരം. വീണ്ടും നിശ്ശബ്ദം, അകത്തും പുറത്തും.

വേർപാടിനേരത്ത് ഫാ. ലാംഗ്വാൽഡ് തന്ന സമ്മാനം ഞാൻ വേണ്ടപോലെ ഉപയോഗിച്ചു. അത്ഭുതസിദ്ധികളുള്ള സാധനം! ഇതെല്ലാം നടന്നതിനുശേഷവും, നിലത്ത് ചമ്രം പടിഞ്ഞിരുന്ന് ഞാൻ സുഖമായൊന്നുറങ്ങി. വിസ്മയത്തിനുശേഷം വന്ന ഒരു മനുഷ്യനെ ഞാൻ എന്റെ സ്ഥലം വിട്ടുകൊടുത്തു. നിന്നുകൊണ്ടു ഉറങ്ങുന്നതുപോലെ വിധം ഞാൻ സ്വാസ്ഥ്യം പ്രാപിച്ചു കഴിഞ്ഞിരുന്നു.

VI ബലിയാടുകൾ

പിറേറന്ന കാലത്തു് കൂടുതൽ ട്രക്കുകൾ വന്നു പേരുവിളിതുടങ്ങി. ആരംഭത്തിലേതന്നെ "കോൾഫൻബാക്ക് ജോസഫ്" വിളിക്കപ്പെട്ടു. ഫാദർ ജോസഫിന്റെ കൂടെ എന്നെയും കൊണ്ടുപോകണേ എന്നു ഞാൻ അകമഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അകാരാദിക്രമത്തിലാണു് ലിസ്റ്റ് തയ്യാറാക്കിയിരുന്നതു്. റഷ്യൻ അക്ഷരമാലയിൽ 'എഫ്' വരുന്നതു് സാമാന്യം ഒടുവിലാണു്. എന്നെ ഇട്ടിട്ടു പോയേക്കുമോ എന്ന ഭയം കൊണ്ടു് ഞാൻ വിയർത്തുപോയി. അവസാനം "ഫിറ്റ്ക്കോവ് ഗർ ഹാർഡ്" എന്നു കേട്ടപ്പോൾ എനിക്കാശ്വാസമായി. സഞ്ചികളും മറവും പെറുക്കിയെടുത്തു് ഞാൻ സഹവൈദികന്റെ അടുക്കലേക്കു പോയി.

ഞങ്ങൾ 150–ഓളം പേരുണ്ടായിരുന്നു. പുത്തൻ മഞ്ഞിൽ ഞങ്ങൾ ലൈൻ നിന്നു. കാൻവാസ് കവറിട്ട ട്രക്കുകൾ ഞങ്ങളെ കാത്തു നില്ക്കുകയാണു്. ഞങ്ങളുടെ ഡ്രൈവർ ഫെയിൽസ്ബർഗ് തെരുവുകളിലൂടെ ഓടിച്ചുപോയി. ട്രക്കിന്റെ തുറന്ന പുറംവാതിലിലൂടെ ചിലതൊക്കെ ഞങ്ങളുടെ കണ്ണിൽ പെട്ടു. റഷ്യൻ ഗാർഡുകൾ, വണ്ടി ഉന്തിക്കൊണ്ടു പോകുന്ന രണ്ടു മിടുക്കന്മാർ, സെൻറ് മൈക്കിളിന്റെ സുവർണ്ണപ്രതിമ, കൂനകൂടിക്കിടക്കുന്ന നഷ്ടശിഷ്ടങ്ങൾ, അവയ്ക്കിടയിൽ ഏതാനും അർദ്ധപ്രാണർ. ഞങ്ങൾ സ്പ്രിംഗ്ബോണിലൂടെ കടന്നുപോയപ്പോൾ ഫ്രാൻസിസ്കൻ സന്ന്യാസമന്ദിരം– ബ്ര. ബേസിലിന്റെ ഭവനം–കണ്ടു. പിന്നെ വഴിയിലൊരിടത്തും കപ്പേളകളോ, കുരിശുരൂപങ്ങളോ കാണുകയുണ്ടായില്ല. അതുകൊണ്ടു് കത്തോലിക്കാ എർമ്ലാൻറിന്റെ അതിർത്തി കഴിഞ്ഞെന്നു് ഞങ്ങൾ ഊഹിച്ചു.

ഇഷ്ടികകൊണ്ട് നിർമ്മിതമായ ഒരു കെട്ടിടത്തിന്റെ മുമ്പിൽ ഞങ്ങളെ അവർ കൊണ്ടുവന്നിറക്കി. ബാട്ടേൻസ്റ്റെയിൻ പട്ടണമാണത്. ചുറ്റും വൻമതിലുകളുള്ള ആ ചെമപ്പൻ കെട്ടിടം ഞങ്ങളിൽ ചിലക്കെല്ലാം പരിചിതമായിരുന്നു. സംസ്ഥാന ജയിലാണത്. എന്റെ മുൻഗാമിയും എർമ്‌ലാൻറിലെ മറ്റു വൈദികരും ഹിറ്റ്‌ലരുടെ 'നീതിവിധി'ക്കിരയായതു് അവിടെ വെച്ചാണു്.

മുകളിലെ കപ്പേളയിലേക്കു് ഞങ്ങളെ കൊണ്ടുപോയി. തികച്ചും ഒഴിഞ്ഞ ഒരു സ്ഥലം. അടുത്തുള്ള 'കൊച്ചുമുറി'യിലേക്കു് പോകാനുള്ള ഞങ്ങളുടെ മുറ കാക്കുന്നതിനിടക്കു് ഒന്നിരുന്നു ആശ്വസിക്കാൻ അനുവാദം കിട്ടി. ചാരുള്ള ഒരു ബഞ്ചിലിരിക്കുക ചില്ലറക്കാര്യമൊന്നുമല്ല അപ്പോൾ. ഒരു ദീർഘനിശ്വാസത്തോടുകൂടി ഇരുന്നപ്പോൾ ഫാ. ജോസഫും ഞാനും അറിയാതെതന്നെ ചിരിച്ചുപോയി. ഫ്രോയിഡൻ ബർഗ് കത്തീഡ്രലിലെ 'കോന'ന്മാർ പ്രാർത്ഥനയ്ക്കിടയ്ക്കു് നടത്താറുള്ള ഇമ്മാതിരി ചേഷ്ടകളും ഞങ്ങളും പല പ്രാവശ്യം കണ്ടിട്ടുള്ളതു് ഓർത്തുപോയതാണു് ചിരിയുടെ കാരണം.

'കൊച്ചു'മുറിയിൽനിന്ന തിരിച്ചുവന്നിരുന്നവരുടെയെല്ലാം കുട്ടിസഞ്ചികളും ഒഴിഞ്ഞതായിക്കണ്ടു. മാത്രമല്ല എല്ലാവരുംതന്നെ തങ്ങളുടെ 'പാൻറു'കൈകൊണ്ടു് കൂട്ടിപ്പിടിച്ചിരിക്കുന്നു. ഏതാനും 'സംസ്കാരമുള്ള പട്ടാളക്കാ'രുടെ കൈയിൽ ഞങ്ങളും പെട്ടിരിക്കയാണു്! സംഗതികളുടെ ശീഘ്രത്തിൽ കഴിക്കുന്നതിനുവേണ്ടി ഒരു ഗാർഡു് പുറത്തുവന്നു് കല്പനകൊടുത്തു. "എല്ലാവരും ബൽറ്റു് അഴിച്ചു് ഒരുങ്ങിനിന്നിട്ടുണം അടുത്തുവരുമ്പോൾ ഉടനെ കൊടുക്കയും വേണം."

എന്നെ സംബന്ധിച്ചിടത്തോളം ഇതു് ഇരട്ടി ലജ്ജാകരമായിരുന്നു. എന്റെ മൂന്നുനിര 'അണ്ടർവെയറും' 2 നിര പാൻറും എങ്ങനെയാണു് കൂട്ടിപ്പിടിക്കുക? പക്ഷേ ഇതു ചിന്തിക്കുന്നതിനുമുമ്പായി എന്റെ കൈകളും ബൽട്ടിന്റെ മുകളിലായി ചങ്കിനുനേരെ ചെന്നു. ക്ലോശെയ്ത രണ്ടോസ്സികളും ഇരിപ്പുണ്ടവിടെ! ഒരു പോസ്റ്റ്സ്റ്റാമ്പിലധികം വലിപ്പമില്ലാത്ത ഒരു ലിനൻ കഷണത്തിലാണതു് സൂക്ഷിച്ചിരുന്നതു്. ആ സ്ഥലം ഇതേവരെ ആരും കണ്ടുപിടിച്ചിട്ടില്ല. വളരെ സുരക്ഷിതമായ ഒരു ഒളിവു സ്ഥലമായി അതെനിക്കുതോന്നി. സമയം ഒട്ടും കളയാനില്ലായിരുന്നു. ഫാ. ജോസഫും ഞാനും അതിൽ പങ്കുകൊണ്ടു; ദിവ്യകാരുണ്യ സ്വീകരണം നടത്തി, ആ പഴയകപ്പേളയിൽവച്ചുതന്നെ. ഫാ. ജോസഫിന്റെ തുപ്പാഥേയംകൂടി ആയിരുന്നു അതു്.

ഞങ്ങളുടെ കൃതജ്ഞതാപ്രകടനം അവസാനിക്കുന്നതിനു മുമ്പുതന്നെ ഒരു ഗാർഡു് വന്നു് ലൈൻ നില്ക്കാൻ ഞങ്ങളോടു് ആവശ്യപ്പെട്ടു. മിശിഹായുടെ പുറകെ കുരിശിന്റെ വഴിയിൽ! ഫാ. ജോസഫിനു് കായ്മായിട്ടൊന്നും എടുക്കാനുണ്ടായിരുന്നില്ല. എന്റെ രണ്ടു സഞ്ചികളിലൊന്നു്

അദ്ദേഹമെടുത്തു; ഞാൻ 'മുതലാളി'യായി കാണപ്പെടരുതല്ലോ. അദ്ദേഹം മുമ്പിൽ നടന്നു.

കൊള്ളക്കാരനുദ്യോഗസ്ഥൻ എന്റെ അടുക്കൽ വന്നപ്പോൾ ആത്തിയോട്ടക്കുടി എന്റെ 'സസ്പെൻഡറെ'സ്' വാങ്ങി ഒരു വലിയ മരപ്പെട്ടിയിൽ നിക്ഷേപിച്ചു; ഫാദർ ജോസഫിന്റെ ബെൽട്ടിന്റെ മുകളിലായി അയാളതു സൂക്ഷിച്ചുവച്ചു. അനന്തരം അയാളെന്റെ തുക്കുസഞ്ചിവാങ്ങി അതിനുള്ളിലുള്ള വസ്തുക്കൾ തരംതിരിക്കാൻ ആരംഭിച്ചു. ചരടു്, സൂചി, ബട്ടൺ, കത്രിക, മുതലായവ ഒരിടത്തു വച്ചു. അപ്പക്ഷണങ്ങൾ നിറച്ച കൊച്ചുപേടകം വേറൊരിടത്തു്. പുതപ്പു് മൂന്നാമതൊരിടത്തു്. വിശുദ്ധതൈലത്തിൽ കുതിർത്തിയ പഞ്ഞിനിറച്ച ഭരണിയെടുത്തു് "കൈയിൽ പിടിച്ചുകൊണ്ടു് അയാൾ ചോദിച്ചു: "എന്താണിതു്? "

"മരുന്നു്" ഞാൻ പ്രത്യുത്തരിച്ചു.

അയാൾ ഭരണി തുറന്നു", ഒന്നു മണത്തുനോക്കിയശേഷം എറിഞ്ഞുകളഞ്ഞു. സഞ്ചി തുറന്നുപിടിക്കാൻ അയാളെന്നോടു് ആജ്ഞാപിച്ചു. ഞാൻ തുറന്നുപിടിച്ചു. അയാൾ രണ്ടുവശത്തും അതു് നീളത്തിൽ പിളർന്നു. വാമൂടിക്കെട്ടിയിരുന്ന ചരടും കണ്ടിച്ചു കളഞ്ഞു.

എനിക്കതു സഹിച്ചില്ല. "ഇതിന്റെ അർത്ഥമെന്താണു്? " അല്പം കോപത്തോടെ ഞാൻ ചോദിച്ചു. ഒരു വികാരവും കൂടാതെ അയാൾ പ്രതിവചിച്ചു. "ജർമ്മൻ മുതലാളി."

വി. തൈലപ്പാത്രം എടുത്തുകൊള്ളുവാൻ അയാളനുവദിച്ചു. എന്നാൽ എത്രയപേക്ഷിച്ചിട്ടും കുബ്ബാനവീഞ്ഞോ, ഓസ്തിപ്പാത്രമോ തിരിച്ചുതരാൻ അയാൾ കൂട്ടാക്കിയില്ല. ഒരു ചുവന്ന കൈത്തുവാലയും, കുറെ ഉണങ്ങിയ മാംസവും, അരടിൻ കൊഴുപ്പും, അല്പം മൊരിച്ച പന്നിയിറച്ചിയും, ഒരു ജോഡികൈയുറയും എനിക്കു തിരിച്ചു കിട്ടി. എന്റെ ഭംഗിയുള്ള രോമപ്പുതപ്പിനു പകരമായി വൃത്തിഹീനമായ ഒരു കുതിരപ്പുതപ്പു് എനിക്കു തന്നു. എന്റെ മിസ്സാളും, കൊച്ചു പ്രാർത്ഥനപുസ്തകവും, ഒരു ജോഡി കാലുറയും, ഒരു തുവാലയും അയാൾക്കു കൊടുക്കാതെ സൂക്ഷിക്കാൻ ഫാ. ജോസഫിനു കഴിഞ്ഞു.

കയ്യിൽകിട്ടിയ കമ്പിളിക്കഷണംകൊണ്ടു് ഞാനൊരു ബെൽട്ടുണ്ടാക്കി അരയിൽ ചുറ്റി. എന്റെ പാൻറിനു് ബെൽട്ടിടാനുള്ള ദ്വാരമുണ്ടായിരുന്നില്ല. അതുകൊണ്ടു് നടക്കുന്നതിനിടയ്ക്കു് വലിച്ചുമുകുക്കുക എന്റെ ജോലിയായിത്തീർന്നു. നടക്കുന്നതു് വളരെ സൂക്ഷിച്ചു് വേണമായിരുന്നതാനും.

സുവ്യാസ്ഥമനത്തോടുകൂടി ഞങ്ങളുടെ 'ടക്കി'ലേക്കു് മാർച്ചു് ചെയ്തു. ആടിത്തിരക്കു് മുമ്പിലത്തേതിലും കൂടുതലായിരുന്നു. മാത്രമല്ല, ഇത്തവണ സ്ത്രീകളും, കുട്ടികളുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. ഇതു്

അതുല്യാനുഭവമാണു്. കയറിയപ്പോൾ കിട്ടിയ സ്ഥാനങ്ങളിൽത്തന്നെ 3– 4– മണിക്കൂർ തുടച്ചയായിനിന്നു് യാത്രചെയ്യേണ്ടിയിരുന്നു.

ലക്ഷ്യത്തിൽ ട്രക്കു് ചെന്നു നിന്നപ്പോൾ ഒരു ഗാർഡു വന്നു് പുറം വാതിൽ തുറന്നു. ഞാൻ പുറത്തുചാടി പക്ഷേ കാൽ മരവിച്ചിരുന്നതുകൊണ്ടു് മഞ്ഞിലൂടെ ഇഴഞ്ഞു നീങ്ങേണ്ടിവന്നു.

കിഴക്കൻ പ്രഷ്യയുടേയും ലിത്വാനിയയുടെയും അതിർത്തികളിലുള്ള ഇൻസ്റ്റൻബർഗ്ഗിലാണു് ഞങ്ങൾ അപ്പോൾ എന്നു് അന്തരീക്ഷനിലകൊണ്ടു് ഞാൻ ഊഹിച്ചു. രാത്രിയുടെ നിതാന്തമൂകതയും മന്ദമായ ഹിമപാതവും കൂടി സമാധാനപൂർണ്ണമായ ഒരു രംഗം സൃഷ്ടിച്ചിരുന്നു. പക്ഷേ ആ സമാധാനം നീണ്ടുനിന്നില്ല. കുറേനേരിയുടെ കുവൽപോലുള്ള ഒരു പരുക്കൻ സ്വരം അവിടെ തെളിഞ്ഞുകേട്ടു. ഒരു റഷ്യൻ വാഹനത്തിന്റെ വിസിൽ. ഒരുക്കൻ കെട്ടിടവും റെയിൽപ്പാതവരെ നീണ്ടുകിടക്കുന്ന ഒരു പാതയും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അതേത്തുടർന്നു് പട്ടിയുടെ കുരയും, മനുഷ്യരുടെ അട്ടഹാസവും കാതിലുതിച്ചു. അതാ ഒരു മനുഷ്യസമൂഹം നീങ്ങുന്നു; ആ നടപ്പാതയിലൂടെ. സിംഹഭാഗവും സ്ത്രീകളാണു്. അടുത്തുചെന്നപ്പോൾ, തങ്ങളുടെ ബന്ധുക്കളുടെ പേർ വിളിച്ചുകരയുന്ന സ്ത്രീകളുടെ ആർത്തനാദം ഞങ്ങളുടെ കാതുകളിൽ വന്നലച്ചു. മുരട്ടിക്കൊണ്ടിരുന്ന ആ വാഹനത്തെ ലക്ഷ്യമാക്കി അവർ നീങ്ങുകയാണു്!

ഞങ്ങൾ എവിടെപ്പോകുന്നു എന്നതിനെപ്പറ്റി ഒരേകദേശജ്ഞാനവും, എങ്ങിനെ പോകുന്നു എന്നതിനെപ്പറ്റി വ്യക്തമായ ധാരണയും അതു ഞങ്ങൾക്കു നൽകി. ആ പ്രദക്ഷിണം അവസാനിച്ചപ്പോൾ അതേ വഴിയിലൂടെ അവർ ഞങ്ങളെ കൊണ്ടുപോയി. ഞങ്ങളെ ലൈൻ നിറുത്തി എണ്ണി; ആ ഉയക്കൻ കെട്ടിടത്തിലടച്ചു. ആ വൻ കെട്ടിടം ഒരു കാരാഗൃഹമായി മാറുകയാണു്.

ഇഴഞ്ഞുവലിഞ്ഞു് ഞങ്ങൾ ഒരു യോഗശാലയിൽ എത്തി. ആ ശാല മതകർമ്മങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായിരിക്കണം, ഒരു കാലത്തു്. പ്രസംഗപീഠത്തിന്റെയും ബലിപീഠത്തിന്റെയും അവശിഷ്ടങ്ങൾ അപ്പോഴും കാണാനുണ്ടായിരുന്നു. ഓർഗൻ ഇട്ടിരുന്ന സ്ഥലത്തു് ഇപ്പോൾ ഏതാനും വീപ്പക്കുറ്റികളാണു് ഉള്ളതു്. വിസർജ്ജനാദികർമ്മങ്ങൾക്കായി ഉദ്ദേശിച്ചിരുന്ന അവ, അതിസാരത്തിന്റെ ഫലമായി പണ്ടേ നിറഞ്ഞുകഴിഞ്ഞിരുന്നു.

ബലിപീഠമിട്ടിരുന്ന മണ്ഡപത്തിൽ കുറെ റഷ്യൻദ്യോഗസ്ഥന്മാർ ഇടയ്ക്കിടെ വന്നുംപോയുമിരുന്നു. അവരിലധികവും സ്ത്രീകളാണു്. ശാലയിലേയ്ക്കുള്ള അവരുടെ വരവുകണ്ടപ്പോൾ ഞങ്ങൾക്കു മനസ്സിലായി ഇതൊരു വിഭജനകേന്ദ്രമാണെന്നു്. ഗതാഗതസൗകര്യത്തിനായി ഗ്രൂപ്പുകളായി തിരിക്കുന്ന സ്ഥലം.

'എങ്ങോട്ട്?' എന്ന പ്രശ്നമേ ഇനി അവശേഷിച്ചിട്ടുള്ളൂ. പുനരധിവാസ'ത്തൊഴിലുകളായിരിക്കാം ഞങ്ങൾക്കു തരിക. അങ്ങനെയെങ്കിൽ അവ സാമാന്യം സ്വദേശത്തുതന്നെയായിരിക്കും. അല്ലെങ്കിൽ സോവ്യറ്റുയൂണിയന്റെ കിഴക്കൻതിത്തികളിൽ ഫാക്ടറിത്തൊഴിലോ, കൃഷിപ്പണിയോ ആയിരിക്കാം. ഒരു പക്ഷേ സൈബീരിയൻ പാളയങ്ങളിലെ മരണമായിരിക്കാം. ഏതായാലും കാത്തിരിക്കുകതന്നെ.

പരിചയമുള്ള മുഖങ്ങൾ അവിടെയെങ്ങാനുമുണ്ടോ എന്നറിയാൻ ഹാ. ജോസഫും ഞാനും അവിടെ ചുറ്റിനടന്നു. ആദ്യം ഞങ്ങൾ കണ്ടതു് ഫ്രോയിഡൻബർഗിലെ വികാരി ജനറാളിന്റെ വീട്ടുകാര്യസ്ഥയായ ജർത്രൂദിനെയാണു്. ഞാൻ അവരെ അഭിവാദനം ചെയ്തപ്പോൾ, അവർ കൈകൾ മുകളിലേക്കു് എറിഞ്ഞുകൊണ്ടു് പറഞ്ഞു: എന്റെ ദൈവമേ, ഇതു ഫാദർ ഫിറ്റ്സ്ക്കോവ് തന്നെയോ? ആ സ്വരത്തിൽ വിസ്മയം കലർന്നിരുന്നു.

"ഉം. എന്തുപറ്റി?" അവരുടെ ഈ പ്രതികരണത്തിൽ എനിക്കത്ഭുതം തോന്നി.

"പൊടി പറ്റിയ താടിമീശയും, ചെമ്പിച്ച അരക്കെട്ടും, മുഖഭാവവുമെല്ലാംകൂടി കണ്ടിട്ട് ഒരു റഷ്യൻ യൂദനാണെന്നു് ഞാൻ വിചാരിച്ചുപോയി."

ജെൽത്രൂദിന്റെ അടുത്തുനിന്നിരുന്ന സ്ത്രീ, അവരുടെ സഹോദരിയായ ലീനയാണു്. ഞങ്ങളുടെ മെത്രാസനപ്പട്ടണത്തെപ്പറ്റി കുറെ വിവരങ്ങൾ അവരിൽനിന്നെനിക്കുകിട്ടി. "റഷ്യക്കാർ വരുന്നതിനുമുമ്പുതന്നെ എസ്". എസ് കാർ ബിഷപ്പ് കാല്ലറിനെ പിടിച്ചുകൊണ്ടു് പോയിരുന്നു. അദ്ദേഹം മരിച്ചിരിക്കുന്നുവെന്നും വാർത്തയുണ്ടു്. വികാരി ജനറാളും അരാധസനാളം വൈദികരും ഇപ്പോഴും എം. വി. ഡി. പാളയങ്ങളിലാണു്." ഉയരംകൂടിയ വസ്ത്രം സ്നേഹശീലനുമായ ഒരു റഷ്യൻദ്യോഗസ്ഥൻ മണ്ഡപത്തിൽ കയറിനിന്നു് ഞങ്ങളുടെ ശ്രദ്ധയാകർഷിച്ചു. അയാളുടെ കൈയ്യിൽ ഒരു കെട്ടു് ലിസ്റ്റുണ്ടായിരുന്നു. പേരു വിളിക്കുന്നവർ സ്റ്റേജിലേയ്ക്കു് കയറിച്ചെല്ലുണമെന്നും, അവിടെവച്ചു് ഗ്രൂപ്പുവിഭജനം നടത്തുന്നതാണെന്നും അയാൾ അറിയിച്ചു. പേരുകളുടെ തെറ്റായ ഉച്ചാരണം തമാശക്കു വകനല്കി. വളഞ്ഞുകൂനിയ ആളുകൾ സ്റ്റേജിലേയ്ക്കു് നിരങ്ങിച്ചെല്ലുന്നതു കാണുമ്പോൾ അവരെ മറ്റുള്ളവരുടെകൂടെ ഗ്രൂപ്പിലിടാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ഞങ്ങളെ മുറ്റത്തേയ്ക്കു കൊണ്ടുപോയി. 12 പേരെവീതം മുഖത്തോടുമുഖമായി ലൈൻ നിരത്തി. മുരളുന്ന വാഹനത്തിന്റെ അടുക്കലേയ്ക്കു് ഞങ്ങളെ വിളിച്ചു. ഞങ്ങൾ കുറച്ചൊന്നു ഭയാക്രാന്തരായി. ഏതോ ഒരു ക്ലിപ്തസ്ഥാനത്തേയ്ക്കു് ഞങ്ങൾ പോകുമെന്നും തീർച്ചയായി. അങ്ങനെയെങ്കിലും ഈ അനിശ്ചിതാവസ്ഥ ഒന്നു മാറുമല്ലൊ.

പക്ഷേ വീണ്ടും ഞങ്ങളെ പാളയത്തിലേയ്ക്കു തിരിച്ചുകൊണ്ടു പോകയാണുണ്ടായതു്. കാലത്തും വൈകിട്ടുംപന്ന ഹാജർ വിളിക്കും. അങ്ങനെ 3 ദിവസം കഴിഞ്ഞു.

പേടിപ്പെടുത്തുന്ന ദിവസങ്ങളായിരുന്ന അവ. രാത്രി മുഴുവനും സ്ത്രീകളുടെ കരച്ചിൽ കേൾക്കാം. ഗാർഡുകൾ വന്ന ഇരുട്ടേടന്ന നേരമാണിതു്! ഞങ്ങളുടെ ചുമരിലിടിച്ചു് ഇടിച്ചുകൊണ്ടു് അവർ വിളിച്ചുകരയും "ജോസഫ്", ജോസഫ്", എറിക്കു്", എറിക്കു്", ഹാൻസ്", ഹാൻസ്" തങ്ങളുടെ പുരുഷന്മാരെ സഹായത്തിനു് വിളിക്കുന്നതാണിതു്. പക്ഷേ എങ്ങനെ സഹായിക്കാനാണു്?

ഞങ്ങളുടെ മുറികളിലെ നില ഒട്ടുംതന്നെ മെച്ചമായിരുന്നില്ല. കൂട്ടിക്കലത്തലിന്റെ ഫലമായി ഒരു പുതിയ ഗണം തടവുകാർ ഞങ്ങളുടെ ഇടയിൽ വന്നുകൂടി—കൂടെ അക്രമികളും കലഹക്കാരും—ഇവരിൽ അധിക ഭാഗവും റഷ്യൻ കുറ്റപ്പുള്ളികളും, മറവരാഷ്ട്രങ്ങളിലെ 'വിമോചിത' തടവുകാരുമായിരുന്നു. കണ്ടതൊക്കെ കട്ടുമുടിച്ചും, കണ്ടവരെയൊക്കെ തല്ലിയും തങ്ങളുടെ ഭരണം അടിച്ചേല്പിക്കുവാൻ ഇക്കൂട്ടർ തുടങ്ങി. നേതൃത്വത്തിനുള്ള വടംവലി അവരുടെ ഇടയിൽത്തന്നെയുണ്ടായിരുന്നു. അങ്ങനെ കൊച്ചു കൊച്ചു സംഘങ്ങൾ രൂപംകൊണ്ടു. നിരാശ്രയരും, അശക്തരുമായവരുടെമേൽ അവരുടെ ഭരണം ശക്തിപ്പെട്ടു. അവരെ തടയേണ്ടതിനുപകരം കൊള്ളവസ്തുക്കളുടെ പങ്കുപറ്റി കഴിയുകയാണു് ഗാർഡുകൾ ചെയ്തതു്. എന്റെ ശേഷിച്ചിരുന്ന ഭക്ഷണസാധനങ്ങൾ അവർ നക്കിച്ചുന്നു് കവർച്ചനടത്തി. ഒരു റഷ്യൻ യുവാവായിരുന്ന അതിന്റെ നായകൻ. ജർമ്മൻ ഭവനത്തിൽനിന്ന പിടിക്കപ്പെട്ടതായതുകൊണ്ടാണു് അയാളെ ഞങ്ങളുടെ കൂട്ടത്തിൽ പെടുത്തിയതു്".


ഞങ്ങളിൽ അധികം പേരും പൊടിപിടിച്ചു തറയിലിരുന്നു് ആശ്വസിക്കയായിരുന്നു. തന്റെ വിശേഷപ്പെട്ട വസ്ത്രങ്ങളിൽ പൊടിപറ്റുമെന്നു് കരുതിയിട്ടോ എന്തോ ഇരിക്കാൻ കൂട്ടാക്കാത്ത ഒരാൾ അവിടെ എഴുന്നേറ്റു നിന്നിരുന്നു; ഒരു പ്രഷ്യക്കാരൻ ഉദ്യോഗസ്ഥൻ. മൂകമായ അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു് അയാൾ വിളിച്ചുപറഞ്ഞു: "ആരെയാണു് ഇതിനൊക്കെ തെറിപറയേണ്ടതെന്നു് ഞങ്ങൾക്കറിയാം. മാർപ്പാപ്പായേയും യൂദന്മാരേയും."

മറവുള്ളവർ മറുപടി ഒന്നും പറയാഞ്ഞതുകൊണ്ടു് ഞാൻ പറഞ്ഞു: "നമ്മെ ഇവിടെ കൊണ്ടുവന്നതിന്റെ കാരണക്കാർ ആരെന്നു് അറിഞ്ഞുകൂടെങ്കിൽ മിണ്ടാതിരിക്കയാണു് നിങ്ങൾ ചെയ്യേണ്ടിയിരുന്നതു്. യൂദന്മാക്കും ക്രിസ്ത്യാനികൾക്കുംവേണ്ടി നിങ്ങളും നിങ്ങളുടെ മേലാളന്മാരും കൂത്തിയ കഴിയിൽത്തന്നെ നിങ്ങളും അയാൾതന്നെയും വീഴുവാൻ ഇടയായി. അതിനു നിങ്ങൾ കടപ്പെട്ടതു് നിങ്ങളുടെ നേതാവിനോടാണു്."

അയാളെ അത്ഭുതപ്പെടുത്തുമാറ് മറ്റു തടവുകാരും ആ അഭിപ്രായത്തോട് യോജിച്ചു.

ആ രാത്രിയിൽ ഒരു സ്വകാര്യക്കൊള്ളക്കുകൂടി ഞങ്ങൾ ഇരയായി. ഗാർഡുകളിൽ ഒരാൾ ഞാൻ ധരിച്ചിരുന്ന 6 ഇഞ്ചു വലിപ്പം വരുന്ന ഒരു കുരിശുരൂപത്തോട് വലിയ പ്രതിപത്തികാണിച്ചു. ഓവർക്കോട്ടിനുള്ളിലായി നെഞ്ചത്താണു് ഞാനതു് അണിഞ്ഞിരുന്നതു്. അയാളതു കഴുത്തിൽ നിന്നു എടുക്കാതെതന്നെ പുറത്തുകാണിച്ചു് മറ്റു ഗാർഡുകളുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് വിളിച്ചുപറഞ്ഞു: "അല്ലേലൂയ്യ". ആ സ്വരത്തിൽ പരിഹസിച്ചവരുണ്ടായിരുന്നു. ഞാൻ 'അല്ലേലൂയ്യ' എന്നുപറഞ്ഞു; ആരാധനക്രമമനുസരിച്ചു് നോമ്പുകാലത്തു് 'അല്ലേലൂയ്യ' അസ്ഥാനത്താണെന്നു് അറിഞ്ഞുകൊണ്ടുതന്നെ. അവിടത്തെ സാന്നിദ്ധ്യം നമ്മുടെയിടയിൽ പ്രഖ്യാപിക്കാൻ അവസരം നല്കിയതിനു് ഞാൻ ദൈവത്തോടു് നന്ദിപറഞ്ഞു. അയാൾ ആ കുരിശുരൂപമെടുത്തില്ല. പൂവ് സ്ഥാനത്തുതന്നെ അയാളതു തൂക്കിയിട്ടു.

പിറേന്നു് മൈകുന്നേരം നടത്തിയ ഹാജർവിളി ഉത്സൂചനകൾ ഉൾക്കൊള്ളുന്നതായിരുന്നു. പാതിരാവിനുശേഷം വീണ്ടും അവസാനത്തെ വിളിനടന്നു. മൂന്നുരാത്രിമുമ്പു് ഇൻസ്റ്റർബ്രൂക്കിൽവച്ചുണ്ടായ അതേ അനുഭവങ്ങൾ ഇവിടെയുമുണ്ടായി. ആ രംഗങ്ങൾ ഇവിടെ ആവർത്തിക്കപ്പെട്ടു. ട്രക്കിൽ കൊണ്ടുവന്നിറക്കിയ ഒരു പുതിയ ആൾക്കൂട്ടം ഇരുട്ടിലൂടെ കുത്തിഞ്ഞുകൂടി ഞങ്ങളുടെ നേർക്കുവന്നു. ഞങ്ങൾ അങ്ങോട്ടും. വേർപിരിയുന്ന കുടുംബാംഗങ്ങളിൽ നിന്നുയരുന്ന ദീനരോദനം എങ്ങും മാറ്റൊലിക്കൊണ്ടു. ഇത്തവണ അതു് ഞങ്ങളുടെ കൂട്ടത്തിൽനിന്നാണു്. ആരും ഓടിരക്ഷപെടാതിരിപ്പാൻവേണ്ടി ഫ്ളാഷ്ലൈറ്റുകളോടും പട്ടികളോടുംകൂടി ഗാർഡുകൾ എങ്ങും ചുറ്റിനടക്കുന്നുണ്ടായിരുന്നു. കൂടിക്കലർന്നു് ഇരുളിലൂടെ മുന്നേറുന്ന ആ ഘോഷയാത്രയിൽ ഞാനുംപെട്ടു. അങ്കലത്തിൽ നിരനിരയായിക്കിടക്കുന്ന പെട്ടിവണ്ടികളാണു് ഞങ്ങളുടെ ലക്ഷ്യം.



VII കുരിശിന്റെ വഴിയിൽ

ഒരു ഗാർഡ് ഫ്ളാഷ്ലൈറ്റ് പെട്ടിവണ്ടിയുടെ ഭിത്തികളിലടിച്ചു. അവസാന പരിശോധനയാണതു്. വണ്ടിയുടെ ഭാരമുള്ള വാതിലുകൾ അടഞ്ഞു. അകത്തിരുന്ന രണ്ടു മനുഷ്യർ തങ്ങളുടെ ശക്തി കടംകൊട്ടക്കേണ്ടിവന്നു. സ്വന്തം കാരാഗൃഹത്തിന്റെ ആ വാതിലുകൾ അടയ്ക്കുവാൻ. ശവക്കുഴി മൂടുന്ന നിമിഷത്തിലേതുപോലുള്ള ഭീകരമൂകത അവിടെ തളയുയർത്തി. ഓരോരുത്തനും ഇരുട്ടിനുള്ളിലൂടെ വാതിലുകളിലേക്കു് തുറിച്ചുനോക്കിക്കൊണ്ടിരുന്നു. പുറത്തുനിന്നു് കൊളുത്തിട്ടപ്പോൾ ലോഹം കൂട്ടിമുട്ടുന്ന ഒരു കടകടാ സ്വരം ഞങ്ങളെല്ലാവരും കേട്ടു. പിന്നാലെ ചങ്ങലകളും ഇരുമ്പു് കമ്പിയും കൂട്ടിമുട്ടുന്ന ശബ്ദവും. രണ്ടുവിധത്തിലും സുരക്ഷിതമാക്കുകയായിരുന്നു അവർ. 1945 മാർച്ചു് 6–ാംതീയതി ചൊവ്വാഴ്ച പ്രഭാതത്തിലാണിതു നടന്നതു്.

ഫാദർ ജോസഫും ഞാനും നിലത്തിരുന്നു് ഒന്നാശ്വസിക്കാൻ നിശ്ചയിച്ചു. തണുത്തു മരവിച്ച കാറിനുള്ളിൽ ഞാൻ കുതിരപ്പുതപ്പു് വിടർത്തി അദ്ദേഹത്തിന്റെയും എന്റെയും ശിരസ്സും തോളും മൂടി. സഹയാത്രികരെല്ലാം ഇരിക്കാൻ തുടങ്ങിയതോടെ ബഹളമുട്ടു വർദ്ധിച്ചു. കാറിന്റെ ഓരോ മൂക്കിലും മൂലയിലും വഴക്കും വക്കാണവുമായി. ഇതിന്റെ കാരണം, ആളുകൾ കൂടുതൽ സ്ഥലം കൈവശപ്പെടുത്തിയതല്ല, വണ്ടിയുടെ വലിപ്പക്കുറവാണെന്നു മനസ്സിലാക്കാൻ രണ്ടു മണിക്കൂർ വേണ്ടിവന്നു ഞങ്ങൾക്കു്. ഇരുട്ടു് അതുക്കും ഭയങ്കരമായിരുന്നു. കാറിന്റെ വലിപ്പവും ഞങ്ങളുടെ എണ്ണവും തമ്മിൽ യാതൊരനുപാതവുമുണ്ടായിരുന്നില്ല. മറ്റു റഷ്യൻ ചരക്കുവണ്ടികളെപ്പോലെ ഇതിനും സാധാരണ അമേരിക്കൻ

ഭാരവണ്ടികളുടെ മൂന്നിലൊന്ന് വലിപ്പമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ സംഖ്യ 49-ആയിരുന്നു.

ഞങ്ങളിൽ പലരും വല്ലാതെ ക്ഷീണിച്ചിരുന്നു. അരോഗദൃഢഗാത്രനായവനെപ്പോലും ശ്വാസംമുട്ടിക്കുന്ന സാഹചര്യങ്ങൾ. പിന്നെ ഞങ്ങളുടെ സ്ഥിതി എന്തു പറയട്ടെ! ടെയിൻ പുറപ്പെടുന്നതിനു മുമ്പ് വല്ലയിടത്തും ഒന്ന് ഉറച്ചിരിക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. അങ്ങനെയിരിക്കെ ഒരു സ്വരം ഉയരുന്നു കേട്ടു. "ഇതിൽ എല്ലാവർക്കും വേണ്ടത്ര സ്ഥലമുണ്ട്; എനിക്കൊരു പ്ലാനുണ്ട്" ആ സ്വരം ഞാൻ തിരിച്ചറിഞ്ഞു. നമ്മുടെ പണ്ടത്തെ ആ പ്രഭൃക്കാരനുദ്യോഗസ്ഥനേറെതാണതു്. പാളയത്തിൽവച്ച് പാപ്പായേയും യൂദനമ്മയേയും കുറെ പറഞ്ഞു മാന്യൻ. മനുഷ്യന്റെ മനശ്ശാസ്ത്രവും, സ്വയം രക്ഷയുടെ ധർമ്മശാസ്ത്രവും പഠിക്കാൻ കിട്ടിയ വേറൊരവസരമായിരുന്നു ഇതു്. ഒരു പ്രത്യേക വർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു അയാളുടെ സ്വഭാവം. കാര്യക്ഷമതയും പ്രവർത്തനതൽപരതയും, കടംപിടുത്തവും, ഭാവനാരാഹിത്യവും അവരുടെ ലക്ഷണങ്ങളാണു്. കല്പിക്കുന്നതിലെന്നപോലെ അനുസരിക്കുന്നതിലും അവർ വിരുതന്മാരാണു്. റിപ്പബ്ലിക്കൻ ഗവർമ്മെൻറിനെയും കൈസറേയും സേവിച്ചതുപോലെ തന്നെ ഹിറ്റ്ലറെയും സേവിക്കുവാൻ അവരെ ശക്തരാക്കിയതു് പ്രസ്തുത സ്വഭാവവിശേഷങ്ങളാണു്. അവർക്ക് എല്ലാറ്റിനും ഒരു പദ്ധതിയുണ്ടായിരിക്കും. പക്ഷേ ഒരു കാര്യം. അതു തന്നെ അനുസരണാമനോഭാവവും, കമ്മനിഷ്ടയുമില്ലാത്തവർ തങ്ങളുടെ നിർദ്ദേശങ്ങളെ തിരസ്കരിച്ചാൽ അവരതു സഹിക്കില്ല. അയാളുടെ നിർദ്ദേശമെന്തായിരിക്കും, അതിന്റെ നേരെ എന്റെ സഹജീവികൾ സ്വീകരിക്കുന്ന നയമെന്തായിരിക്കും എന്നിതുകളെക്കുറിച്ച് എനിക്ക് ഭയാശങ്കകളുണ്ടായിരുന്നു.

. അയാൾ വീണ്ടും ഉയർന്നു: "നാം എത്രമാത്രം സ്ഥലമാണു് ഉരുപയോഗപ്പെടുത്തിക്കളയുന്നതെന്നു നോക്കൂ! എത്ര കഷ്ടമാണിതു്? മൂലയിലിരിക്കുന്ന മനുഷ്യന്റെ മടിയിലാണു് അടുത്തിരിക്കുന്ന രണ്ടാളുകളുടെ കാലുകൾ. നടുവിലിരിക്കുന്നവർ വശങ്ങളിലിരിക്കുന്നവരെ കഷ്ടപ്പെടുത്തുന്നു. അവരുടെ കാൽ വേറെയാളുകളെ ബുദ്ധിമുട്ടിക്കുന്നു."

കൂട്ടത്തിൽ നിന്നു് മറുപടിയൊന്നും ഉയർന്നില്ല. അതുകൊണ്ടു് അയാൾ തുടർന്നു: "എന്റെ പ്ലാനിതാണു്. ആദ്യംതന്നെ നമ്മിൽ എത്ര പേരുണ്ടെന്നു നോക്കുക. അനന്തരം ഉള്ള സ്ഥലം സമമായി വിഭജിക്കുക. അപ്പോൾ ആർക്കും ബുദ്ധിമുട്ടുണ്ടാവില്ല. നമുക്ക് എണ്ണമെടുക്കാം. ഞാൻ ഒന്നു".....

നല്ല ബുദ്ധിപൂർവ്വകമായ പ്ലാൻ. പക്ഷേ അതു് അവിടെയെങ്ങും നടപ്പിൽ വന്നില്ല. വണ്ടിയുടെ ഭിത്തിയിൽ ചാരിയിരുന്നിരുന്ന മനുഷ്യൻ അതുപേക്ഷിച്ച് നടുവിലേക്ക് മാറിയിരിക്കാൻ കൂട്ടാക്കിയില്ല. തന്റെ

സഞ്ചിയുപയോഗിച്ചു് അയൽക്കാരന്റെ ഒരിഞ്ചു് സ്ഥലമെങ്കിലും നേടിയവൻ, അതു നഷ്ടപ്പെടുത്താൻ തയ്യാറില്ലായിരുന്നു. പലതി നടപ്പിൽ വരുമെന്നു് യുക്തിപൂർവ്വം ഞങ്ങൾ വാദിച്ചു. എന്നാൽ എന്തുകൊണ്ടോ അതു പ്രാവർത്തികമായില്ല. ആ ആലോചന ഉടൻ ഉപേക്ഷിക്കേണ്ടിവന്നു. പിന്നെ അതെപ്പറ്റി ഒന്നുംതന്നെ കേട്ടില്ല. ഓരോരുത്തനും അവനവന്റെ കാര്യം നോക്കി. അതുതന്നെ.

രാത്രി മുഴുവനും ഗാർഡുകൾ വണ്ടിയിലങ്ങോളമിങ്ങോളം റോന്തു ചുറ്റിക്കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു് തലയ്ക്കു മുകളിലൂടെ കേട്ടിരുന്ന ശക്തിയുള്ള കാൽപ്പെരുമാറ്റം കൊണ്ടു് ഞങ്ങൾക്കു മനസ്സിലായി റോന്തു ചുറ്റൽ വണ്ടിയുടെ മേൽക്കൂരയിലൂടെയും നടന്നിരുന്നുവെന്നു്.

വെളിച്ചവും വായുവും പ്രവേശിക്കുവാനുള്ള ഏക മാർഗ്ഗം കമ്പിവലയുടെ ഭിത്തിയിലുള്ള ഒരു ദ്വാരം മാത്രമായിരുന്നു. പ്രഭാതസൂര്യന്റെ ഒരു കിരണം അതിലൂടെ എത്തിനോക്കി. ഭിത്തികളിലെ ഇരുമ്പുപാളികളും, ജലകണങ്ങളണിഞ്ഞ മേൽഭാഗവും ഞങ്ങൾക്കു കാണാമായിരുന്നു. മേൽക്കൂരയിലെ ജലകണങ്ങൾ ഞങ്ങളുടെ ശ്വാസോച്ഛ്വാസത്തിന്റെ ഫലമായുണ്ടായതാണു്.

എന്റെ തല ചുമരിൽ ക്ലാട്ടിയടിച്ചു. ടെയിൻ പുറപ്പെട്ടതാണതു്. ഫാദർ ജോസഫിനെ അനുകരിച്ചു് ഞാൻ കരിഞ്ഞുവരച്ചു. എന്നെയും സഹയാത്രികരേയും യാത്രക്കാരുടെ രക്ഷാധികാരിയായ വി. റാഫേലിനെ ഞാൻ ഭരമേല്പിച്ചു. ചുറ്റുമിരുന്നിരുന്നവരെ കാണാൻമാത്രം വെളിച്ചമുണ്ടായിരുന്നു. വണ്ടിയുടെ നടുവിലായി ഏകദേശത്തിൽ എട്ടടിത്തമാറാവുന്ന തരത്തിലുള്ള ഒരു നെരിപ്പോടു് വച്ചിട്ടുണ്ടു്. കത്തിക്കാനൊന്നും ഇല്ലെന്നുമാത്രം.

ഞങ്ങളുടെ ആദ്യ ചർച്ചാവിഷയം ലക്ഷ്യസ്ഥാനമായിരുന്നു. വെള്ളത്താടിക്കാരനായ ഒരു വല്യപ്പനുണ്ടായിരുന്ന അക്കൂട്ടത്തിൽ. അദ്ദേഹം തന്റെ അഭിപ്രായം വെളിവാക്കി. താൻ കയറിയിരിക്കുന്ന ഞെരിപ്പോടു് കാണിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു: "ഇതിനകത്തിട്ടു് കത്തിക്കാൻ ഒന്നും ഇല്ലാത്തതിൽ നാം ഭാഗ്യവാന്മാരാണു്, വാസ്തവത്തിൽ. സൈബീരിയയിൽ ഇതിനെക്കാൾ തണുപ്പു കൂടുതലാണു്. അപ്പോൾ നേരത്തെകൂട്ടി ഒന്നു പരിശീലിച്ചിരിക്കുന്നതു നല്ലതല്ലേ?" 65-കാരനായ അദ്ദേഹം ഒന്നാം ലോകമഹായുദ്ധകാലത്തു് നാലു വർഷത്തോളം സൈബീരിയയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടെന്നു് പിന്നീടു മനസ്സിലായി.

പലർക്കും തങ്ങളുടെ കഴിഞ്ഞകാലത്തിന്റെ വെളിച്ചത്തിലേ ഭാവിയെ നോക്കിക്കാണുവാൻ സാധിച്ചിരുന്നുള്ളുവെന്നതു് രസകരമാണു്. ഒരു ഇഷ്ടികക്കമ്പനിയുടെ മാനേജരായ ഹെർമാൻ തന്റെ കണ്ണടയൊന്നു ശരിയാക്കിക്കൊണ്ടു് ആലോചനാപൂർവ്വം പറഞ്ഞു: "സൈബീരിയായിലേയ്ക്കൊന്നുമല്ല, സ്റ്റലിൻഗ്രാഡിലേക്കോ, അതുപോലുള്ള വേറെ ഏതെ

ങ്കിലും പട്ടണത്തിലേയ്ക്കോ ആണ്. നമ്മെക്കൊണ്ട് ഇഷ്ടികയുണ്ടാക്കിക്കാനാണ് അവരുടെ പ്ലാൻ. ബോംബുവീണു തകർന്നു കെട്ടിടങ്ങൾ കേട്ടുപോക്കാൻ വളരെ ഇഷ്ടിക ആവശ്യമുണ്ട്.

മസ്കുറിയക്കാരനും കൃഷീവലനുമായ കാൾ അതിനോട് യോജിച്ചില്ല. തന്റെ തൊപ്പിയൊന്നു ശരിപ്പെടുത്തിയിട്ട് അദ്ദേഹം പറഞ്ഞു: "അതാണെന്നു തോന്നുന്നില്ല. ബുദ്ധിയുള്ളവരാണെങ്കിൽ അവർ ചെയ്യേണ്ടതു് നമ്മെ യുക്രയിൻ വയലുകളിലേക്കു് വിടുകയാണ്. അവക്കിപ്പോൾ വളരെ ധാന്യം ആവശ്യമുണ്ട്, ഭക്ഷണത്തിനു്. റഷ്യക്കാരെക്കൊണ്ടും പോളണ്ടുകാരെക്കൊണ്ടും ഞങ്ങൾ ചെയ്യിച്ചതു് അതാണ്."

ഞങ്ങളുടെ ക്യൂവിൽ 4 ജർമ്മൻ പട്ടാളക്കാരുണ്ടായിരുന്നു. ഒരു പഴയ കമ്മ്യൂണിസ്റ്റായ 'ജാൻ' ആണ് അവരുടെ വക്താവു്. പട്ടാളത്തിൽ ചേരുന്നതിനുമുമ്പു് കിടങ്ങു കുഴിക്കലും തോട്ടപ്പണിയുമായിരുന്ന ആ 'എംഡൻ'കാരന്റെ പ്രധാന ജോലികൾ. വണ്ടിയിൽ ഏറ്റവും കൂടുതൽ സ്ഥലം കൈവശപ്പെടുത്തിയതു് അയാളാണ്. ഒരു മൂലയ്ക്കൽ തലവച്ചു് നടുവിലേക്കു് കാൽനീട്ടി സുഖമായി കിടക്കുകയാണയാൾ. ഒരു വികാരവും കൂടാതെ അങ്ങനെ കിടക്കത്തക്ക തൊലിക്കട്ടിയുണ്ടു് അയാൾക്കു്. ഒരു ചെറുപ്രഭാഷണം നടത്താനുണ്ടായിരുന്ന ആ നേതാവിനു്: "പാവങ്ങൾ എന്നും കഷ്ടപ്പെട്ടു് പണിയെടുക്കും. അവർ എന്തു ജോലിയാണു് തരുന്നതെന്നതു് ഞങ്ങൾക്കൊരു പ്രശ്നമേയല്ല. ഞങ്ങൾ അതു പരിചയപ്പെട്ടിട്ടുള്ളതാണു്. പക്ഷേ ചില വമ്പന്മാരുണ്ടു്. ഒരിക്കലും ഇറച്ചി അനങ്ങി വേലചെയ്തിട്ടില്ലാത്തവർ. അവക്കാണു് തട്ടു് കിട്ടാൻ പോകുന്നതു്. ജീവിതത്തിൽ ആദ്യമായി അദ്ധ്വാനത്തിന്റെ രുചിയെന്തെന്നറിയാൻ പോകയാണവർ. സോവ്യറ്റുയൂണിയനിൽ തൊഴിലില്ലെങ്കിൽ തീന്നുമില്ല."

ക്രീശരും ഒരു മാർക്സിസ്റ്റാണു്. എൽബിംഗിലുള്ള ഒരു കപ്പൽനിർമ്മാണ കേന്ദ്രത്തിലെ സബ്മറൈൻ വിഭാഗത്തിൽപ്പെട്ട ഒരു ഫോർമാൻ "അവർ നമ്മെ ലെനിൻഗ്രാഡിലുള്ള കപ്പൽനിർമ്മാണകേന്ദ്രത്തിലേക്കാണു് കൊണ്ടുപോകുന്നതു്." അയാളുടെ വിശ്വാസമതാണു്. "സബ്മറൈൻ ഉണ്ടാക്കുന്നതു് ലെനിൻഗ്രാഡിലായാലും എൽബിംഗിലായാലും നമുക്കു് തുല്യംതന്നെ. പണിയെടുക്കാൻ അറിയുന്നവനു് എവിടെയായാലും ചാരായം കിട്ടും. ചാരായവും ബ്രാണ്ടിയും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്....."

ജാനിന്റെ സുഹൃത്തായ ജോർജ്ജ്, ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഫ്രാൻസിൽ യുദ്ധത്തടവിലായിരുന്നു. കാല്പനികലോകത്തിൽനിന്നെല്ലാം മുക്തിപ്രാപിച്ച ഒരു മനുഷ്യൻ. "തീച്ചൂയായും നമ്മളൊക്കെ ഭയങ്കര പണിക്കാരാണു്. അവർ നമ്മെ കാത്തിരിക്കയായിരിക്കും" ജോർജ്ജ് പറഞ്ഞു. ഇനിയും നിങ്ങളുടെയൊക്കെ തലയിലെ എട്ടുകാലിവലയൊഴുകുളയാത്തതെന്താണു്? നമ്മളൊക്കെ എത്രമാത്രം കേമന്മാരാണെ

ന്നു് അവർ മനസ്സിലാക്കുന്നതിനുമുമ്പു് നാം ചത്തു മണ്ണടിയും. ഏതെങ്കിലും കൂട്ടകുഴിമിസ്ഥലത്തു് ഒരുമിച്ചുനിന്നു് വിയക്കാൻ ഇടയായാലതു് വലിയ ഭാഗ്യമായിരിക്കും. വല്ലപ്പോഴുമൊക്കെ കുറെ ധാന്യപ്പൊടിയോ മറ്റോ കിട്ടിയാൽ വല്ല പച്ചുപുല്ലും കൂട്ടി കഴിച്ചു് ചാകാതെ കിടക്കാം" ജോർജ്ജിന്റെ ഭാവി ഭർത്തമാണിതു്.

അക്കൂട്ടത്തിൽ പലരും റഷ്യയിൽ എത്തുന്നതുവരെ ജീവിച്ചിരിക്കയില്ലെന്നു് ഞങ്ങൾക്കു തീർച്ചയുണ്ടായിരുന്നു. ചിലർ ആ ആശപോലും കൈവെടിഞ്ഞിരുന്നു. ഈ അവ്യക്തതകൾക്കും ഭയാശങ്കകൾക്കുമെല്ലാം അടിയിൽ ഒരാശ്വാസമുണ്ടായിരുന്നു: വണ്ടി നീങ്ങുകയാണല്ലൊ! കോച്ചിവലിച്ചിരുന്ന ശരീരത്തിനു് വണ്ടിയുടെ ചലനംകൊണ്ടു് നല്ലൊരയവുകിട്ടി. പക്ഷേ കുറെക്കഴിഞ്ഞപ്പോളാണു് ബുദ്ധിമുട്ടനുഭവപ്പെട്ടതു്. ഒരാളുടെ ചലനം മറെയാൾക്കു് അത്രയും സ്ഥലം കൈവശപ്പെട്ടത്താനുള്ള ഒരവസരമായിത്തീർന്നു. അങ്ങനെ സ്ഥലത്തിനുവേണ്ടിയുള്ള ഒരു നിരന്തരസമരമായിത്തീർന്നു ഞങ്ങളുടെ യാത്ര. ഏതാനും മണിക്കൂറുകൊണ്ടു് ഞങ്ങളുടെ സമൂഹത്തിനു് ഒരു പുതിയ രൂപം കൈവന്നു. കൂടുതൽ സ്വാർത്ഥന്മാരും നിഷ്ക്കരുണരുമായവർ ലാഭമെടുത്തുകൊണ്ടിരുന്നു. അല്പാത്തവർ കൂടുതൽ കൂടുതൽ കഷ്ടപ്പാടിലേക്കും നിരാശയിലേക്കും വഴുതി വീഴുകയാണു്!

ഇഷ്ടികമാനേജരായ ഹെർമാൻ എപ്പോഴും സൈഡുക്കേട്ടുണ്ടാക്കിയിരുന്നു. ആ വായാടി എപ്പോഴും കൂടുതൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. മൂന്നു കുട്ടികളിൽ വച്ചു് ഏറ്റവും ക്ഷീണിതനായിരുന്ന ഫ്രാൻസിനെ അയാൾ ഒരു വശത്തേയ്ക്കു തള്ളിമാറ്റി. അവൻ ഒരു മൂലയിൽചെന്നു തെരുങ്ങി. എതിർവശത്തു കിടന്നിരുന്ന മെയിസ്റ്റർ ക്രെട്ഷ്മെറിന്റെ നേരെ അയാൾ അലറി. എൽബിംഗ്കാരനും ആരാച്ചാരുമായ ആ കിഴവനു് ഒന്നനങ്ങുവാൻപോലും ഇടമുണ്ടായിരുന്നില്ല. വെള്ളക്കുഴലിന്റെ അടുത്താണു് അയാൾ കിടന്നിരുന്നതു്. കിഴവൻ ഒരിഞ്ചു സ്ഥലംപോലും കൊടുക്കാൻ കൂട്ടാക്കിയില്ലെന്നു മാത്രമല്ല, കലിതുള്ളിക്കൊണ്ടു് അങ്ങോട്ടു തിരിഞ്ഞു. "ഈ പന്നിക്കൊഴുപ്പു് നീ കാണുന്നുണ്ടോ?" ഒരു ചെറിയപാത്രം കാണിച്ചുകൊണ്ടു് അയാൾ ചോദിച്ചു. ഈ പാത്രം എനിക്കു നഷ്ടപ്പെട്ടുപോയാൽ അധികം താമസിയാതെ ഞാനും അവസാനിക്കുന്നതാണു്. പക്ഷേ ഞാൻ ജീവിക്കുന്നിടത്തോളംകാലം, 250 റാത്തലിനുപകരം എല്ലും തോലും മാത്രമായാലും ശരി നിന്റെ പല്ലിടിച്ചു താഴത്തിടാൻ ഞാൻ മതി. വേഗം തിക്കൽ നിർത്തിക്കോ." ഹെർമാൻ അമ്പരന്നുപോയി. പിന്നെ തിക്കലൊന്നുണ്ടായില്ല.

ഫാദർ കോൾംഹൻബാക്കിന്റെ മുമ്പിലാണു് നമ്മുടെ മസ്സൂറിയക്കാരനായ കൃഷീവലൻ കിടന്നിരുന്നതു്. കിഴവനാണെന്നുവച്ചു് അയൽക്കാരുടെ സ്ഥലം തട്ടിയെടുക്കുന്നതിലും മറ്റും അയാളൊരു കുറവും വരു

ത്തിയില്ല. ഒരുപക്ഷേ കൂടുതൽ സ്ഥലം സമ്പാദിക്കുന്നതിൽ ഏറ്റവും വിരുതൻ അയാളായിരുന്നിരിക്കാം. ശാന്തമായിട്ടാണെന്നു മാത്രം. അടുത്തുകിടക്കുന്ന ആളിനോട് അല്പമൊന്നു നീങ്ങിക്കിടക്കുവാൻ ആവശ്യപ്പെടും; അതുതന്നെ. അതു നടപ്പില്ലെന്നു കണ്ടാൽ പിന്നെ മിണ്ടുകയില്ല. അയല്ക്കാരന്റെ ഓരോ ചലനത്തിലും നിന്നു നുള്ളുകയറിലാഭമെടുക്കും; മറ്റുള്ളവർ ഇതേപ്പറ്റി ആവലാതിപ്പെട്ടാൽ കാര്യം അമ്മാവൻ തന്റെ അതിഥിയിൽ അല്പം വിട്ടുകൊടുക്കും, മനസ്സില്ലാമനസ്സോടെ. ഒരു പ്രാവശ്യം ഫാ. കോർണർബാക്കിനെപ്പോലും ഇദ്ദേഹം ഞണ്ണിപിടിപ്പിച്ചുകളഞ്ഞു. ഒരു കൂസലുംകൂടാതെ പല മണിക്കൂറുകൾതന്നെ അയാൾ അദ്ദേഹത്തിന്റെ പുറത്തു ചാരിയിരുന്നു.

ഞങ്ങളുടെ ആ കൊച്ചു ലോകത്തിലെ ഏറ്റവും നിർഭാഗ്യനായ മനുഷ്യൻ ഹെർസ്ട്രാം ആയിരുന്നു. ടെയിനിൽ കയറിയപ്പോൾ അയാളുടെ തൊപ്പി നഷ്ടപ്പെട്ടു. കോട്ടിന്റെ കോളറിനാണെങ്കിൽ അയാളുടെ കഷണ്ടിത്തലയെ മൂടിപിടിപ്പിക്കത്തക്ക വലിപ്പമുണ്ടായിരുന്നില്ല. ഇതൊക്കെ അയാളെ വല്ലാതെ വേദനപ്പെടുത്തി. മാത്രമല്ല ഏറ്റവും മോശമായ ഒരു സ്ഥലമാണ് വണ്ടിയിൽ അയാൾക്കു കിട്ടിയതു്. തന്റെ ഭാര്യയോടും മൂന്നു കുട്ടികളോടുംകൂടി യഥാസമയം ഓടി രക്ഷപ്പെടാൻ സാധിക്കാതെപോയതിൽ അയാൾ സ്വയം സഹതപിച്ചു. അയാൾക്കുണ്ടായിരുന്ന ഏകാശ്വാസം തന്റെ "തെർമോഫ്ളാസ്കു്"—അതിപ്പോൾ കാലിയാണു്—കൈവിട്ടുപോയില്ല എന്നുള്ളതാണു്. അതെങ്ങാനും പൊട്ടിപ്പോയെങ്കിലോ എന്നു വിചാരിച്ചു് സഞ്ചിയിൽപ്പോലും അയാളതു് വയ്ക്കുമായിരുന്നില്ല. കുഞ്ഞിനെ എടുക്കുന്നതുപോലെ അയാൾ അതെപ്പോഴും കയ്യിൽ പിടിച്ചുകൊണ്ടിരിക്കും. ഈ സംഭവിച്ചതൊന്നും ക്ഷമയോടെ സ്വീകരിക്കാൻ അയാൾ തയ്യാറില്ല. "ഇതെന്താണിതു്? തനിക്കെന്തുപറ്റി?" ഒന്നാം ലോകമഹായുദ്ധത്തിൽ അംഗഭംഗം സംഭവിച്ച ഒരു വൃദ്ധസൈനികനായ അലോയിസ് സ്വാമിനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. "നിങ്ങൾ മാത്രമേ കഷ്ടപ്പെടുന്നുള്ളുവെന്നാണു് നിങ്ങളുടെ ചിന്ത. മറ്റുള്ളവരോ? 15 വയസ്സിനു താഴെയുള്ള എന്റെ ഏഴു കുട്ടികളെപ്പറ്റി എന്തുപറയുന്നു? കരച്ചിൽനിറുത്തി ആണുങ്ങളെപ്പോലെ പെരുമാറു. നിങ്ങളുടെ കുടുംബത്തിനു് എന്തെങ്കിലും നന്മചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഉള്ളതുകൊണ്ടു് തൃപ്തിപ്പെടു. പോയി ഒരു സ്ഥലം കണ്ടുപിടിച്ചു് സമാധാനമായിട്ടിരിക്കു." അലോയിസ് ഉപദേശിച്ചു.

ആ പാവം സ്ഥലമന്വേഷിച്ചു് കാറിലെങ്ങും ഇഴഞ്ഞുനടന്നു. പക്ഷേ ഒന്നും കണ്ടെത്തിയില്ല. അവസാനം ഫാദർ കോർണർബാക്കിന്റെയും എന്റെയും കാൽക്കൽ വന്നുകൂടി.

ഭക്ഷിക്കുന്നതിനു് ഒന്നുമില്ലാതായപ്പോൾ, അതേപ്പറ്റി സംസാരിച്ചു് തൃപ്തിയടയുവാനാണു് പലരും ഇഷ്ടപ്പെട്ടതു്. രുചികരങ്ങളായ വിഭവങ്ങളെ

ടെ ഗുണഗണങ്ങൾ, അവ പാകം ചെയ്യുന്നവിധം എന്നിവയെപ്പറ്റി പലരും പണ്ഡിതോചിതമായി സംസാരിച്ചു. അച്ചടി ജോലിക്കാരനായ ജോഷ്വാ ബ്രസ്സായിൽ സാമാന്യം സുഖമായി ജീവിച്ചിരുന്ന ഒരാളാണു്. ഉരുളക്കിഴങ്ങു പാകം ചെയ്യുമ്പോൾ ഉപയോഗിക്കേണ്ട വിവിധതരം ഉള്ളികളെപ്പറ്റി അയാൾ ഒരു പ്രഭാഷണം തന്നെ നടത്തി. ഉള്ളിയുടെ സുഗന്ധവും ഉരുളക്കിഴങ്ങിന്റെ രുചിയും ഞങ്ങൾ അനുഭവിച്ചതുപോലെ തോന്നി.

ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന വേറൊരു കോമാളി ലിത്വാനിയക്കാരനായ അന്റോണസ് ആണു്. ഒരു ഇഷ്ടികപ്പണിക്കാരൻ. ഇൻസ്റ്റൻബർഗ് ജയിലിൽനിന്നു് തട്ടിയെടുത്ത ഒരു വലിയകഷണം പന്നിയിറച്ചി അവൻ ശാപ്പിട്ടുകൊണ്ടിരുന്നു. സഹയാത്രികരിൽനിന്നുണ്ടായ അഭ്യർത്ഥനകളോ ഭീഷണികൾപോലുമോ അവനെ കുലുക്കിയില്ല. അല്പംപോലും ആക്കം അവൻ കൊടുത്തില്ല. എവിടെ നിന്നോ ചൂണ്ടിയെടുത്ത ഒരുപാട്ട കൊഴുപ്പുണ്ടു് അവന്റെ പക്കൽ. ആ പാട്ടയിന്മേൽ കയറിയിരുന്നു്, ഇറച്ചി ചവച്ചുകൊണ്ടു് അവൻ പറയും: "ആഴ്ചതോറും എത്രകൂപ്പി ചാരായംവീതം ഞാൻ വാങ്ങിച്ചിട്ടുള്ളതാണു്? ഇപ്പോൾ ദഹനത്തെ സഹായിക്കാൻപോലും അല്പം കിട്ടുന്നില്ല." ഈ മൊരട്ടസ്വഭാവത്തോടൊത്തുപോകാൻ ഞങ്ങളെല്ലാം നിർബന്ധിതരായിരുന്നു. എന്തുകൊണ്ടാണെന്നോ? ഞങ്ങളുടെ കയ്യിൽ ഒരേ ഒരു കത്തിയെ ഉണ്ടായിരുന്നുള്ളൂ. അതു് ജോഷ്വായുടേതാണു്. ശേഷിച്ചിരുന്ന സമ്പത്തിൽനിന്നു് ഓരോകഷണം മുറിച്ചെടുത്തു് ഭക്ഷിക്കുവാൻ ആ കത്തി എല്ലാവർക്കും ആവശ്യമായിരുന്നു; അതുകൊണ്ടു തന്നെ.

ശരിയായ ഭക്ഷണമോ, വെള്ളംപോലുമോ കഴിച്ചിട്ടു് 36 മണിക്കൂറ കഴിഞ്ഞിരുന്നു, ആദ്യസൂര്യരശ്മി ആ മുറിയിലേയ്ക്കു് തല കാണിച്ചപ്പോൾ. നിഴലിന്റെ സ്ഥാനം നോക്കിയിട്ടു് കാൾ പറഞ്ഞു: "നാം പായുന്നതു് കിഴക്കോട്ടേയ്ക്കാണു്."

ആ പ്രഭാതത്തിൽ എനിക്കു കിട്ടിയ ഭക്ഷണം അധികപങ്കും മാനസികമായിരുന്നു. നമ്മുടെ ആ പ്രഷ്യക്കാരൻ വനമൃഗ്യോത്സഥൻ പെട്ടെന്നൊരു കല്പനകൊണ്ടു് ഭക്ഷണത്തെ സംബന്ധിച്ച സംസാരത്തിനു് വിരാമമിട്ടു. "നിരുത്ത അസംബന്ധം" അയാൾ അലറി. "ഇതുകൊണ്ടൊന്നും വിശപ്പടങ്ങുകില്ല. എന്നു തന്നെയല്ല നാം ചിന്തിക്കേണ്ട കാര്യങ്ങളിൽനിന്നു് ഇതു് മനസ്സിനെ അകറ്റിക്കളകയും ചെയ്യും. ഭോഷന്മാരെ മനസ്സിലാക്കൂ, നമ്മളൊക്കെ 'ചെലവാകാൻ' പോകയാണു്. നമ്മൾ ....." അയാൾ താക്കീതു ചെയ്തു.

ഞാൻ തീയതി ഓർത്തു. 1945 മാർച്ചു് 7. എന്റെ പഴരോഹിത്യപദപ്രാപ്തിയുടെ വാർഷികം. എന്റെ സഹപാഠികളോടൊത്തു് 8 വർഷങ്ങൾക്കുമുമ്പു് ബിഷപ്പു് മാക്സിമിലിയൻ കാല്വറിന്റെകൂടെ ഞാൻ

പ്രഥമബലി അർപ്പിച്ച ആ സുപ്രഭാതം ഞാൻ ഓർക്കയായിരുന്നു. മെത്രാനച്ചന്റെ അന്നത്തെ പ്രസംഗം അപ്പോഴും കാതുകളിൽ മാറ്റൊലിക്കൊള്ളുന്നുണ്ടായിരുന്നു. "ഇയ്യോ തന്റെ ജനത്തെ സ്വരക്തംകൊണ്ടു് വിശുദ്ധീകരിക്കാനായി പട്ടണത്തിനു വെളിയിൽവച്ചു് പീഡസഹിച്ചു. അതുകൊണ്ടു് നാമും അവന്റെ അപമാനം വഹിച്ചുകൊണ്ടു് പാളയത്തിനു വെളിയിൽ അവന്റെ അടുക്കലേയ്ക്കു് പുറപ്പെടണം. ഇവിടെ നമുക്കു് നിലനില്ക്കുന്ന പട്ടണമില്ല. മറിച്ചു് വരുവാനിരിക്കുന്നതിനെയാകുന്നു നാം പ്രതീക്ഷിക്കുന്നതു്." (ഹീബ്രു. 13/12_14) ഈ വാക്യം ഉദ്ധരിച്ചുകൊണ്ടാണു് അദ്ദേഹം തന്റെ പ്രസംഗം ആരംഭിച്ചതു്.

വൈദിക വിരുദ്ധ പ്രചരണങ്ങൾ അന്നു് തുടങ്ങിയിട്ടുണ്ടു്. മാത്രമല്ല സഭയ്ക്കെതിരായി സമരപ്രഖ്യാപനം ചെയ്യാൻ ഗിബെൽസു് ഒരുങ്ങിയിരിക്കയായിരുന്നു. പിന്നീടു് ഞങ്ങളിൽ പലരും നേരിട്ടുകാണുകയും, ഞാനിപ്പോൾ അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ മെത്രാനച്ചൻ അന്നുതന്നെ മുൻകൂട്ടി കണ്ടിരുന്നു.

മെത്രാനച്ചന്റെ പ്രസംഗത്തെക്കുറിച്ചു് ധ്യാനിച്ചതിന്റെ ഫലമായി ഒരു സംശയം ബോദ്ധ്യം വന്നു. ഞാനിപ്പോൾ ആയിരിക്കുന്നിടത്തു് ആയിരിക്കുക എന്നതുതന്നെയാണു് എന്റെ ദൈവവിളിയുടെ പൂർത്തീകരണം. എനിക്കു സംഭവിച്ചതെല്ലാം ആ വെളിച്ചത്തിലാണു് ഞാൻ സ്വീകരിച്ചതു്. "ദൈവമേ, എന്റെ തൊലി തീരെ കുറഞ്ഞവിലക്കു് വിറ്റുകളയരുതേ, എന്റെ കൂടെയുള്ള തടവുകാക്കെങ്കിലും അതുകൊണ്ടു് എന്തെങ്കിലും ഉപകാരമുണ്ടാകണമെ" ഞാൻ സതീക്ഷ്ണം പ്രാർത്ഥിച്ചു.

എന്റെ പ്രാർത്ഥന പെട്ടെന്നു ഫലിച്ചു. നമ്മുടെ വനമദ്ധ്യോഗസ്ഥൻ കിരുകിറാ ശബ്ദത്തിൽ വിളിച്ചുപറഞ്ഞു: "ആ പൊക്കംകുറഞ്ഞ അച്ചനെ ഒന്നിങ്ങോട്ടു കടത്തിവിട്ടേ. എനിക്കദ്ദേഹത്തെ ആവശ്യമുണ്ടു്."

ഇതു് അവിചാരിതമായ വിധത്തിൽ ആ മനുഷ്യൻ ഒരു വൈദികനെ ആവശ്യപ്പെട്ടതിൽ എല്ലാവരും അത്ഭുതപ്പെട്ടു. ഞാൻ ഇഴഞ്ഞു അയാളുടെ അടുത്തെത്തി; അയാളുടെ കൈപിടിച്ചുനോക്കി. അയാൾ വല്ലാതെ ക്ഷീണിച്ചിരുന്നു. "നിങ്ങൾക്കു് എന്താണു് ഞാൻ ചെയ്യേണ്ടതു്" ഞാൻ ചോദിച്ചു.

"പാസ്റ്റർ ഞാൻ മരിക്കാറായിരിക്കുന്നു" അയാൾ പ്രതിവചിച്ചു. ഞാൻ അയാളെ സൂക്ഷിച്ചുനോക്കി. സമയം വളരെ കുറച്ചേയുള്ളൂ. അയാളോടു സംസാരിക്കേണ്ടമാതിരി സംസാരിക്കയുംവേണം. "നമ്മളെല്ലാം ഇങ്ങനെയാണു്" ഞാൻ ആശ്വസിപ്പിച്ചു. "ഇതിപ്പോൾ നിങ്ങളുടെ അവസരമാണു്, പക്ഷേ ഒരു കാര്യം. നിങ്ങൾ പട്ടിയെപ്പോലെ മരിക്കേണ്ട വനല്ല;– ഒരു മൂലയിലേയ്ക്കു ഇഴഞ്ഞുനീങ്ങുക; അതോടെ എല്ലാം അവസാനിക്കും. കഷ്ടപ്പാടു നിറഞ്ഞ ഈ ജീവിതത്തിനുശേഷം ഒന്നുമില്ലെന്നു്

നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിങ്ങളുടെ ഈ ജീവിതത്തിന്റെ അർത്ഥമെന്താണു"?"

"വല്ലതുമുണ്ടായിരിക്കാം. മനുഷ്യൻ അതൊക്കെ എങ്ങനെ അറിയാനാണു"?

നീണ്ട ഉപദേശത്തിനൊന്നും സമയമില്ലായിരുന്നു. "അധികം സംസാരിക്കാൻ നേരമില്ല. പക്ഷേ ഒരു കാര്യം നിങ്ങളെ വേദനിപ്പിക്കുന്ന ഒരു സംഗതിയുണ്ടെന്നു് ഞാൻ വിചാരിക്കുന്നു" ഞാൻ പറഞ്ഞു. "പല തെറ്റുകളും – ചെയ്യരുതാത്ത ചിലതൊക്കെ – നിങ്ങൾ പ്രവർത്തിച്ചിട്ടില്ലെ? ഏതയത്തിന്റെ അടിത്തട്ടിൽ നിങ്ങൾക്കതു് അനുഭവപ്പെടുന്നുണ്ടായിരിക്കണം. നിങ്ങളെ വീർപ്പുമുട്ടിക്കുന്ന ആ സ്വരത്തെയാണു് ഞങ്ങൾ 'മനസ്സാക്ഷി' എന്നു വിളിക്കുന്നതു്. അധികം താമസിയാതെ, ഒരു പക്ഷേ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരുതരം അടക്കലാണോ നിങ്ങൾക്കു് ഹാജരാകാനും കണക്കുകൊടുക്കാനുമുള്ളതു്, സൃഷ്ടാവും രക്ഷകനുമായ ആ ദൈവത്തിന്റെ സ്വരമാണിതു്."

ആ വൃദ്ധൻ തലകുലുക്കി. എല്ലാം നിശ്ശബ്ദമായിരുന്നു; വണ്ടിയുടെ കടകടാസ്വരമൊഴിച്ചു്. തന്റെ ഭൂതകാലജീവിതത്തെ സംബന്ധിച്ച ഏതാനും ചോദ്യങ്ങൾക്കു് അയാൾ വ്യക്തമായി മറുപടിതന്നു.

"നിങ്ങളിൽ ശ്വാസോച്ഛ്വാസമുള്ളിടത്തോളംകാലം ദൈവത്തിൽ നിന്നു് മാപ്പുചോദിച്ചുകൊണ്ടു് നിങ്ങൾക്കു് ഇതൊക്കെ നേരെയാക്കാം. ലോകത്തിലെ ഏറ്റവും നല്ല പുരോഹിതനേക്കാളും കൂടുതലായി അവിടത്തേയ്ക്കു് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നു് നിങ്ങൾക്കു് വിശ്വസിക്കാം, തീർച്ച."

അയാൾ പണിപ്പെട്ടു് ശ്വാസോച്ഛ്വാസം ചെയ്യുന്നതു കണ്ടുകൊണ്ടു് ഞാൻ പറഞ്ഞു: "ദൈവത്തെ അഭിമുഖീകരിക്കുമ്പോൾ ഇതൊന്നും അത്രലഞ്ജാവഹമായി തോന്നുകയില്ല. നിന്നെ സൃഷ്ടിക്കയും രക്ഷിക്കയും ചെയ്ത ദൈവത്തിനു് എത്രമാത്രം കൃതജ്ഞതയും സ്തുതിയും നീ അർപ്പിച്ചു, നിന്റെ ജീവിതകാലത്തു്?" എന്നു ദൈവം ചോദിച്ചാൽ നിങ്ങൾ എന്തുത്തരം പറയും?"

മരണാസന്നനായ ഈ മനുഷ്യന്റെ മനസ്സിനെ ഉയർത്തുവാൻവേണ്ടി ഞാൻ ചെയ്തിരുന്നതൊക്കെ മറവുള്ളവർ സശ്രദ്ധം കേൾക്കുന്നുണ്ടായിരുന്നു.

"നിങ്ങൾ മൃഗത്തെപ്പോലെ ജീവിക്കയും, ദൈവികകാര്യങ്ങളിൽ അനാസ്ഥ കാണിക്കയും ചെയ്തു എന്നിരിക്കട്ടെ; എന്നാൽത്തന്നെയും അതെല്ലാം ക്ഷമിക്കുവാൻ അവിടന്നു് ഒരുക്കമാണു്. അവിടത്തെക്കുറിച്ചു് എത്ര കുറച്ചുമാത്രമാണു് നിങ്ങളെ അറിയിച്ചിട്ടുള്ളതെന്നു് അങ്ങേയ്ക്കറിയാം. നിങ്ങൾ ചെയ്തിട്ടുള്ള ഒറ്റ സൽകൃത്യംപോലും അങ്ങുന്നു് വിസ്മരിച്ചിട്ടില്ല. "എന്റെ ദൈവമേ, ഞാൻ എത്രയോ മൃഗമായിരുന്നുവെ

ന്നു് അങ്ങേയ്ക്കറിയാം. അങ്ങു തിരുമനസ്സാകുന്നെങ്കിൽ എന്നെ ത്രജീക രിക്കാനും, വേറൊരു ധൂർത്തപുത്രനെപ്പോലെ എന്നെ അങ്ങേ ഭവനത്തി ലേയ്ക്കു് കൊണ്ടുപോകാനും അങ്ങേയ്ക്കു കഴിയും." ഇതുയും പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ഞാൻ സ്വീകരിക്കുമെന്നു് അവിടന്നു് വി. ഗ്രന്ഥത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ടു്. ദേവാലയത്തിന്റെ മുൻപന്തിയിലിരിക്കുന്ന 99 നീതിമാന്മാരുടെ വരവിൽ എന്നതിനേക്കാൾ നിങ്ങളെപ്പോലുള്ള ഒരു പാപിയുടെ തിരിച്ചുവരവിൽ കൂടുതൽ സന്തോഷമുണ്ടാകുമെന്നു് അവിടന്നതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. മാത്രമല്ല, നിങ്ങളെപ്പോലുള്ള ഒരു വനമദ്ധ്യോഗസ്ഥനെ അഭിവാദനങ്ങൾ ചെയ്യാൻവേണ്ടി വി. പത്രോസ് ഒരു പ്രത്യേക ദൈവദൂതഗണത്തെ നിയമിക്കുമെന്നു് എനിക്കുറപ്പുണ്ടു്."

അയാൾ എന്റെ കൈയിൽ കെട്ടിപ്പിടിച്ചാശ്ലേഷിച്ചു.

"ദൈവവുമായി രമ്യപ്പെടുവാൻ ഒരേഒരു മാർഗ്ഗമേ ഉള്ളൂ. അവിടത്തോടു ഹൃദയം തുറന്നു സംസാരിക്കുക." ഞാൻ പറഞ്ഞു. "അതേ, പ്രാർത്ഥിക്കുകതന്നെ." "നിങ്ങൾക്കു ആകാശങ്ങളിലിരിക്കുന്ന ജപം അറിയാമോ"?

ആ മുഴക്കമുള്ള സ്വരം വണ്ടിയിൽ പ്രതിധ്വനിച്ചു: "എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നന്നേയ്ക്കും നിന്റേതാകുന്നു. ആമ്മേൻ." ഇപ്പോഴും പ്രൊട്ടസ്റ്റൻറുകാർ ഉപയോഗിക്കുന്ന ആ പഴയ ക്രമത്തിലായിരുന്നു പ്രാർത്ഥന.

ഞാൻ വിശ്വാസത്തിന്റെയും, ശരണത്തിന്റെയും, ഉപവിയുടെയും പ്രകരണങ്ങളും ചെയ്തു. പാപങ്ങളെക്കുറിച്ചു് മനസ്താപത്തിന്റെ പ്രകരണവും. "ആ മാലാഖാമാർ നിങ്ങളെ അഭിവാദ്യം ചെയ്യേണ്ടതെങ്ങനെയെന്നു് ഇപ്പോൾ അഭ്യസിക്കുകയായിരിക്കും" ഞാൻ പ്രോത്സാഹിപ്പിച്ചു.

അയാൾ വീണ്ടും എന്റെ കൈയിൽ കെട്ടിപ്പിടിച്ചു.

"നിങ്ങൾ അവിടെ ചെല്ലുമ്പോൾ പ്രതിവന്ദനം ചെയ്യണമെന്നുണ്ടെങ്കിൽ അതിപ്പോഴെ പഠിച്ചിരിക്കയാണു് നല്ലതു്. ആ വന്ദനമിങ്ങനെയാണു്: "പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതിയുണ്ടായിരിക്കട്ടെ. ആദിയിലും, ഇപ്പോഴും, എല്ലായ്പോഴും എന്നന്നേയ്ക്കും ആമ്മേൻ."

ത്രിത്വസ്തുതി മൂന്നുപ്രാവശ്യം അയാൾ ആവർത്തിച്ചു. അയാൾ അവസാനത്തെ 'ആമ്മേൻ' തീരുന്നതിനുമുമ്പു് സ്വരം ഇടറി വളരെ പണിപ്പെട്ടാണു് 'ആമ്മേൻ' അവസാനിപ്പിച്ചതു്. ശിരസ്സു് ഉയർത്തി, നെടുതായൊന്നു നിശ്വസിച്ചു; കാൽമുട്ടുകളിൽ തല താങ്ങി നിന്നു.....

തിരുസ്സഭയുടെ മരിച്ചുവക്കുവേണ്ടിയുള്ള പ്രാർത്ഥന ഞാൻ നടത്തി. അവസാനത്തെ പ്രാർത്ഥനയിൽ ചേരുവാൻ വണ്ടിയിലുള്ള എല്ലാവരോടും ഞാനഭ്യർത്ഥിച്ചു. ആ പ്രാർത്ഥന അടുത്തു മരിക്കാനിരിക്കുന്ന ആത്മാക്കൾക്കുവേണ്ടിയുള്ളതായിരുന്നു.

ആ മൃതദേഹം സഹയാത്രികനെന്നപോലെ വണ്ടിയിൽത്തന്നെ കിടന്നു എന്നുവരികിലും എന്റെ ഹൃദയത്തിൽ സംതൃപ്തി നിഴലിച്ചിരുന്നു. എന്റെ പരോഹിത്യവരപ്രാപ്തിയുടെ ഈ വാർഷികത്തിൽ കർത്താവ് എനിക്ക് ഉറപ്പു തന്നിരിക്കുന്നു, യഥാസ്ഥാനമാണ് എന്റെ സാന്നിദ്ധ്യമെന്ന്.

ഭക്ഷണപാനീയങ്ങൾ ഇല്ലാത്ത ആ യാത്രയുടെ മൂന്നാം രാത്രിയിൽ വെള്ളപ്പാത്തിയുടെ അടുത്തുള്ള വാതിൽ ഒരിഞ്ചോളം തള്ളിത്തുറന്നു. കുറെ തുഷാരവായുവും നല്ല മഞ്ഞും അകത്തേക്കു പ്രവേശിച്ചു; എന്നു മാത്രമല്ല, സമീപ പ്രദേശങ്ങളുടെ ഒരു ഏകദേശവീക്ഷണവും അതുവഴി ഞങ്ങൾക്കു ലഭിച്ചു. ഈ രാത്രിയിൽത്തന്നെയാണ് നമ്മുടെ 'കത്തിക്കാരൻ' അന്റോണസ് വൃദ്ധനായ വനമുദ്യോഗസ്ഥനെ അവസാന വിശ്രമത്തിനു് ഒരുക്കിയതു്. അന്റോണസ് അയാളുടെ ഷൂസും, കോട്ടും, തൂക്കുസഞ്ചിയും കൈവശപ്പെടുത്തി. അടുത്ത പ്രഭാതത്തിൽ ഒരു വലിയ സ്റ്റേഷനിൽ എത്തിയപ്പോൾ ആ സ്ഥലം തിരിച്ചറിഞ്ഞതും ഈ അധികപ്രസംഗിച്ചെറുക്കൻതന്നെയാണ്. ഞങ്ങൾ 'കൗനസ്സി'ൽ എത്തിയിരിക്കുന്നു; അന്റോണസിന്റെ സ്വന്തം പട്ടണം.

വാതിലിന്റെ കൊളുത്തു് വലിച്ചൂരുന്ന സ്വരം കേട്ടു. തുടർന്ന് വാതിൽ തുറക്കുവാൻ സഹായമാവശ്യപ്പെടുന്ന ഒരു ശബ്ദവും. വാതിൽ പകുതി തുറന്നപ്പോഴേക്കും 'ബയനറു' നീട്ടിപ്പിടിച്ചുകൊണ്ടു് രണ്ടു ഗാർഡുകൾ എന്തോ അട്ടഹസിക്കുന്നതു കേട്ടു. എനിക്കൊന്നും തിരിഞ്ഞില്ല. അന്റോണസ് ഓടിച്ചെന്നു് ആ ഗാലൻ കൊള്ളുന്ന ഒരു തുരുമ്പുപിടിച്ച പാൽപ്പാട്ട നിറച്ചു് വെള്ളം ഉയർത്തിയെടുക്കുന്നതു കണ്ടു. അന്റോണസ് വിതരണാധികാരമേറ്റെടുക്കാൻ ശ്രമിച്ചു. പക്ഷേ മറവുള്ളവർ അതനുവദിച്ചില്ല. എല്ലാവർക്കും അരക്കുപ്പി വീതമെങ്കിലും കൊടുക്കാൻ ഞങ്ങൾ ശ്രമിച്ചു. പക്ഷേ തികഞ്ഞില്ല. രണ്ടാമതു് അല്പം കിട്ടാൻ വേണ്ടി ശ്രമിച്ച പതിനാറുകാരനായ ആട്ടിടയൻ ഫ്രിട്സിനെതിരായി ഒരു കലഹം തന്നെ ഉണ്ടായി.

എന്റെ പങ്കു് ഞാൻ ഒരലുമിനിയച്ചട്ടിയിൽ നിക്ഷേപിച്ചു. കുറച്ചെടുത്തു് ഒന്നു ചൂടുകേറാൻ വേണ്ടി കവിൾക്കൊണ്ടു. ഒന്നാന്തരം റൈൻവീഞ്ഞിന്റെ രുചിയുണ്ടായിരുന്ന ആ കലക്കൽവെള്ളത്തിനു്. ഒരു പുതപ്പു നിറച്ചു് ഉണക്കയപ്പുവും ഞങ്ങൾക്കു തന്നു. കല്ലുപോലെ കട്ടത്തു, ചതുരാകൃതിയിലുള്ള കുറെ സാധനം. റഷ്യക്കാർ തങ്ങളുടെ കാബേജു് സൂപ്പിലിടുന്ന അമൂല്യവസ്തുവാണത്രേ അതു്. സൂക്ഷ്മമായി കണക്കുകൂട്ടിയപ്പോൾ മനസ്സിലായി, രണ്ടു കഷണവും ഓരോ സ്പൂൺ പൊടിയും എല്ലാവർക്കും ലഭിക്കുമെന്ന്. ഞങ്ങൾ ഡിന്നറിനിരുന്നു. പക്ഷേ ദീർഘദൃഷ്ടിയോടെ വെള്ളം സൂക്ഷിച്ചുവച്ചിരുന്നവർക്കു മാത്രമേ അതു് അനുഭവിക്കാൻ സാധിച്ചുള്ളൂ.

വണ്ടി ഓടിക്കൊണ്ടിരുന്നു. ഹെർസ്റ്റ്റാമിനെപ്പോലെ അലോയിസും നിരാശനാവുന്നതു ഞാൻ ശ്രദ്ധിച്ചു. ഒന്നാം ലോകയുദ്ധത്തിൽ അംഗഭംഗം ഭവിച്ച ഒരു പഴമക്കാരനാണു് അലോയിസു്. "ഞാൻ എന്തിനാണവക്കു പിടികൊടുത്തതു്? ഒരു പന്നിയെയെങ്കിലും വെടിവെക്കാമായിരുന്നില്ലെ? അവരിപ്പോൾ വീടിന്റെ സമീപത്തു ചെല്ലുന്നുണ്ടെങ്കിൽ എന്റെ ഭാര്യ റൈഫിളുമായി അവരെ കാത്തിരിക്കുന്നുണ്ടാവും. ഒരുത്തനെയെങ്കിലും തട്ടട്ടെ! അവളതു ചെയ്യും!" അയാൾ നിരാശയിലേക്കു് ആഴ്ന്നിറങ്ങുകയാണു്. "നമ്മളൊക്കെ നശിക്കാൻ പോകയാണു്" അയാൾപറഞ്ഞു.

ഞാൻ അയാളെ കരകേറ്റുവാൻ ശ്രമിച്ചു.

"നിങ്ങളുടെ വെടിവെപ്പുകൊണ്ടു് എന്തുപകാരമാണു" ഉണ്ടാകുമായിരുന്നതു്?

ഒരാളെ കൊല്ലുക; അതിലധികംപേർ കയറിവരുക! വിദ്വേഷം കൊണ്ടു് എന്തു നന്മയാണുണ്ടാവുക? ഒരു പക്ഷേ നിങ്ങൾ വെടിവെച്ചു കൊല്ലുന്ന ആമനുഷ്യനു് നിങ്ങളെക്കാൾ കൂടുതൽ കുട്ടികളുണ്ടെങ്കിലോ? . ."

പക്ഷേ നിരാശ അയാളെ കാൺതിന്നുകയായിരുന്നു. "അസംബന്ധം" അയാൾ തിരിച്ചടിച്ചു. "ഇപ്പറഞ്ഞതൊക്കെ ഭ്രാന്താണു"....."

ഞാൻ അയാളെ അരക്കണ്ണിട്ടു നോക്കിക്കൊണ്ടിരുന്നു. എനിക്കയാളെ മനസ്സിലായതുപോലെ തോന്നി. ഏതായാലും ഒന്നു പരീക്ഷിക്കുകതന്നെ. തിരിച്ചടിക്കുമോയെന്നു ഭയമുണ്ടായിരുന്നു.

"നിങ്ങൾ ഇതിലൊന്നും അർത്ഥം കാണുകയില്ല" ഞാൻ അനുസ്മരിപ്പിച്ചു. "വിശ്വാസമില്ലാത്തവനു് അതു സാധ്യമല്ല."

ഞാൻ സൂക്ഷിച്ചു. അരിശപ്പെട്ടന്നില്ല. ചില ഭാവഭേദങ്ങളുണ്ടുതാനും.

എന്റെ അളവു് ശരിയാണെന്നെനിക്കു് ഉറപ്പായി. എങ്കിലും വിശ്വാസത്തെക്കുറിച്ചു് അധികം പ്രസംഗിക്കുന്നതു് അപകടമാണെന്നെനിക്കു തോന്നി. അയാൾ കുറച്ചുമുമ്പു് ഉള്ളതുകൊണ്ടു് തൃപ്തിയടയുവാൻ ഹെർസ്റ്റ്റാമിനെ ഉപദേശിച്ചതു് ഞാൻ അനുസ്മരിപ്പിച്ചു. കുറെ വെള്ളം കൊടുക്കയും ചെയ്തു.

അയാൾ ആ വെള്ളം സ്വീകരിച്ചതു് എന്നെ സന്തുഷ്ടനാക്കി.

ഞങ്ങൾ അധികം നീങ്ങിയില്ല. ഒടയിൻ വീണ്ടും നിന്നു. എവിടെനിന്നോവരുന്ന ഒരു അവ്യക്തസ്വരം ഞങ്ങളുടെ കാതുകളിൽ പതിച്ചു. ഒരു ഗാനം ആലപിക്കുന്നതുപോലെ. അതു് കൂടുതൽ വ്യക്തമായിവരികയാണു്. ഞങ്ങൾക്കു കാര്യം മനസ്സിലായി. അടുത്തുകിടക്കുന്ന വണ്ടികളിലെ സ്ത്രീകളുടെ സ്വരമാണതു്. അവർ ഒത്തുചേർന്നു് ഒരു പല്ലവി പാടുകയാണു് "വെള്ളം! വെള്ളം! വെള്ളം!"

ഞങ്ങളിൽ ചിലർ അതിനോട് യോജിച്ചു പാടി. ഫെർസ്സും പണ്ട് മിലിറ്ററി ബാൻഡ് മാസ്റ്ററായിരുന്നിട്ടുള്ളതാണ്. അയാൾ തന്റെ പ്രിയപ്പെട്ട തെർമോഫ്ളാസ്കെടുത്തു് ആട്ടി താളം ശരിപ്പെടുത്തിക്കൊണ്ടിരുന്നു. തടവുപുള്ളികളുടെ ഹൃദയം പിളുക്കുന്ന സംഗീതം! അരമണിക്കൂർ കഴിഞ്ഞു. വാതിലിൽ ഒരു മുട്ടൽ കേട്ടു. ഞങ്ങളുടെ നിലവിളിയുടെ മറുപടിയാണെന്ന പ്രതീക്ഷയോടെ ഓടിയടുത്തു. പക്ഷേ തലകാട്ടിയ ആ ഗാർഡിനു് ഒരു കാഴ്ചമാത്രമേ ചോദിക്കാനുണ്ടായിരുന്നുള്ളൂ. "ഇവിടെ മരിച്ചവർ വല്ലവരുമുണ്ടോ?" അന്റോണസ് തുടങ്ങിവച്ച കൊള്ളയടി ഈ സമയംകൊണ്ട് മറ്റുള്ളവർ മുഴുവനാക്കിയിരുന്നു. വാടിത്തളർന്ന മൃതദേഹം നഗ്നമായാണ് കിടന്നിരുന്നതു്. പൊടിപിടിച്ച ഒരു അണ്ടർ വെയർ മാത്രമേ ശേഷിച്ചിരുന്നുള്ളൂ.

ആ ഗാർഡിനു് ഇതൊന്നും ഒരു പുതുമയല്ലല്ലോ. അയാൾ അതൊന്നും ശ്രദ്ധിച്ചതേയില്ല. രണ്ടുമൂന്നാളുകളെ വിളിച്ചു് മൃതദേഹം ഒരു പുതപ്പിൽ പൊതിയെടുത്തു് തന്നെ അനുഗമിക്കാൻ അയാൾ ആജ്ഞാപിച്ചു. അവർ തിരിച്ചുവന്നപ്പോൾ അവർക്കു പറയാനുണ്ടായിരുന്നതു് ഇത്രമാത്രമാണു്: "ഇങ്ങനെയൊരു ജോലി ഇനിയൊരിക്കലും കിട്ടാതിരുന്നെങ്കിൽ!"

അന്നു രാത്രി ബാലനായ ഫ്രാൻസ് വല്ലാതെ ക്ഷീണിച്ചു തളർന്നു പോയി. ഇരിക്കാൻപോലും പരസഹായം വേണ്ടിവന്നു. അവൻ കിട്ടുകിടാവിനുണ്ടായിരുന്നു. "വെള്ളം, വെള്ളം ആരെങ്കിലും ഒരുതുള്ളി വെള്ളം തരണേ" അവൻ കരഞ്ഞുപക്ഷിച്ചു. ഞങ്ങൾ ആരുടേയും പക്കൽ വെള്ളമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽതന്നെയും ആ അവസ്ഥയിൽ കൊടുക്കുക അവനെ കൊല്ലുകയായിരിക്കും.

എന്റെ കടംവാങ്ങിയ റബർ ബൂട്സു് പാദങ്ങളെ വേദനിപ്പിച്ചു തുടങ്ങിയിരുന്നു. കാലു് നീക്കിക്കൊണ്ടതാണതിനു കാരണം. ഫ്രാൻസിന്റെ പാദം എന്റേതിനെക്കാൾ ചെറുതായിരുന്നു. അതുകൊണ്ടു് ആ ബൂട്സു് അവനു കൊടുത്തു.

പാതിരാത്രി കഴിഞ്ഞപ്പോൾ ട്രെയിൻ പുറപ്പെട്ടു. ഉടൻതന്നെ ഒരു ചാട്ടത്തോടുകൂടി നില്ക്കുകയും ചെയ്തു. മുറവും കാല്പെരുമാറ്റവും അട്ടഹാസവും കേട്ടു. തുടർന്നു് വെടിപൊട്ടലും. പിന്നീടു ഞങ്ങൾക്കു മനസ്സിലായി, ഓടി രക്ഷപ്പെടാൻ ശ്രമിച്ച 3 തടവുകാർ കൊല്ലപ്പെട്ട കാര്യം. ട്രെയിൻ പായുകയാണു്. വനപ്രദേശത്തുകൂടെയാണു് കടന്നുപോകുന്നതെന്നു് വിടവിലൂടെ നോക്കിയപ്പോൾ ഞങ്ങൾക്കു മനസ്സിലായി. പിറേറന്നു വൈകുന്നേരമാണു് പിന്നെ വാതിൽ തുറന്നതു്. ഞങ്ങൾ വെള്ളമിരന്നു. ഗാർഡു് രണ്ടുപേരെ ആവശ്യപ്പെട്ടു. അന്റോണസ് ഇതിനിടയിൽ വണ്ടിയിലെ അധികാരിയായി സ്വയം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. അയാൾ ഫാ. കോൾഹൻബാക്കിനോടും എന്നോടും പോകാൻ പറഞ്ഞു.

വണ്ടിയിൽനിന്നു പുറത്തുപോകുക, പുറകു നിന്നു കണ്ണോടിക്കുക ഇതൊക്കെ അപ്പോൾ വളരെ കൗതുകമുള്ള കാര്യമാണു്; പോരെങ്കിൽ ശരീരത്തിൽ ചോരയോടുകയും ചെയ്യും. പല പാളങ്ങളും പാതകളും കടന്നു് കുന്നിൻചരിവിലുള്ള ഒരു പട്ടണത്തിൽ ഞങ്ങൾ ചെന്നു ചേർന്നു. നശിപ്പിക്കപ്പെട്ട ആ പട്ടണത്തിന്റെ അടുത്തായി ഛിന്നഭിന്നമാക്കപ്പെട്ട ഒരു തീവണ്ടിസ്റ്റേഷനും. ഞങ്ങൾ ആ നാശനഷ്ടങ്ങളിലൂടെ നടന്നുപോയി. അക്കൂട്ടത്തിൽ മനോഹരമായ ഒരു ഭദ്രാസനദേവാലയത്തിന്റെതെന്നു തോന്നിച്ചു ചില അവശിഷ്ടങ്ങൾ ഞങ്ങൾ കണ്ടു. കൂട്ടത്തിൽ തനി സോവ്യറ്റുമാതൃകയിലുള്ള ഏതാനും കോൺക്രീറ്റു ഉരുപ്പടികളും.

ബോമ്പുവീണു തകർന്ന ഒരു കെട്ടിടത്തിന്റെ ഭിത്തിയിന്മേൽ അപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വെള്ളക്കുഴലുണ്ടായിരുന്നു. അതിന്റെ സമീപത്തു കുറെ തടകൽപ്പുള്ളികളും. ഗാർഡു് ഞങ്ങളെ അങ്ങോട്ടു നയിച്ചു. തുലോജലം അതിനുള്ളിൽനിന്നു് പ്രവഹിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ തവണ വന്നു. പുറകു മഞ്ഞുകട്ടയുണ്ടായിരുന്നതുകൊണ്ടു് ഒരാൾക്കേ കുഴലിൻറടുത്തു് നില്പാൻ ഇടമുണ്ടായിരുന്നുള്ളു. ഫാ. ജോസഫ് പാൽപ്പാട്ടയെടുത്തു് സമീപിച്ചു. ഞാൻ റെയിൽപ്പാതയുടെ വേലിക്കപ്പുറത്തേക്കു് കണ്ണോടിച്ചു.

വേലിക്കപ്പുറത്തു് ഒരു കിഴവൻ നടന്നുവരുന്നതു് ഞാൻ കണ്ടു. രോമച്ചെരുപ്പുധരിച്ച ആ മനുഷ്യൻ ഇഴഞ്ഞിഴഞ്ഞാണു് നടന്നിരുന്നതു്. അതു കണ്ടു് ക്ഷീണമുണ്ടായാൾക്കു്. അയാൾ കുഴലിൻറെയടുത്തു് വന്നു; ഞങ്ങളെ ഒന്നു സൂക്ഷിച്ചുനോക്കി. ഞാൻ അയാളെ അഭിവാദനം ചെയ്തശേഷം നമ്മളിപ്പോൾ എവിടെയാണെന്നു ചോദിച്ചു.

അയാൾ പതുക്കെ കൈപൊക്കി കേട്ടഭാവിച്ച ആ പട്ടണത്തെ ചൂണ്ടിക്കാട്ടി. ഉണങ്ങിയ മരക്കുറ്റിപോലെ(അയാൾ) നിശ്ചലമായി അവിടെനിന്നു. ആ രംഗത്തിനു പറ്റിയ കാഴ്ച! ആ മുഖത്തു് കോപത്തിന്റെ ഛായയില്ല. കട്ടപിടിച്ച ദുഃഖത്തിന്റെ കരിനിഴൽമാത്രം. കൂട്ടക്കൊടുതിയിലുള്ള ഖേദമാണതു്. 'സ്മോളെൻസ്കു്' എന്നാണു് ഈ സ്ഥലത്തിന്റെ പേരു്, കൈചൂണ്ടിക്കാട്ടിക്കൊണ്ടു് അയാൾ പറഞ്ഞു.

സ്മോളെൻസ്കു്! അതായതു് വെള്ളറഷ്യ കടന്നുപോന്നിരിക്കുന്നു; മോസ്കോയിലേക്കാണു് വച്ചുപിടിക്കുന്നതെന്നർത്ഥം. പക്ഷേ ഇതൊരു വലിയ റെയൽപ്പാതകേന്ദ്രമാണു്. എവിടേയ്ക്കു വേണമെങ്കിലും ഒരുപോലെ എളുപ്പം പോകാം. വടക്കുഭാഗത്തുള്ള ലെനിൻഗ്രാഡിലേയ്ക്കോ, അല്ലെങ്കിൽ സ്റ്റലിൻഗ്രാഡിലേയ്ക്കോ, അതുമല്ലെങ്കിൽ തെക്കുഭാഗത്തുള്ള യുക്രെയിൻ പ്രദേശത്തേയ്ക്കോ തിരിയാം.

ഫാ. ജോസഫിനു് എന്നെക്കാൾ പൊക്കം കൂടുതലുണ്ടായിരുന്നതുകൊണ്ടു് വളരെ വിലക്ഷണമായിട്ടാണു് ഞങ്ങളാ വെള്ളപ്പാട്ട എടുത്തുകൊണ്ടുപോയതു്. വഴിമുഴുവൻ നാശനഷ്ടങ്ങളും. പാളത്തിലെത്തിയ

പ്പോൾ ഒരു വലിയ ചരക്കുവണ്ടി കടന്നുപോകുന്നതുവരെ ഞങ്ങൾക്കു കാത്തുനിൽക്കേണ്ടിവന്നു. ഞങ്ങൾ പോകുന്ന ദിക്കിലേക്കാണു് അതും പോകുന്നതു്. ആ വണ്ടി നിറച്ചു് സ്ത്രീകളാണു്. മക്കൾ വട്ടമിട്ടിരിക്കുന്ന തള്ളമാർ! റഷ്യക്കാരെപ്പോലിരിക്കുന്ന കുറെ പ്രായമുള്ള പുരുഷന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ തങ്ങൾ എവിടെയ്ക്കാണു് പോകുന്നതു് എന്ന കാര്യത്തിൽ അവരും ഞങ്ങളെപ്പോലെ അജ്ഞരാണെന്നു തോന്നി.

വെള്ളം സ്ത്രീകളുടെ വണ്ടികളിലേക്കായിരുന്നു. 'വെള്ളം വെള്ളം' എന്നു് അവർ നിലവിളിക്കുന്നതു് അടുത്തു ചെന്നപ്പോൾ കേൾക്കാമായിരുന്നു. വാതിൽ തുറന്നു് വെള്ളപ്പാട്ട അകത്തേയ്ക്കു നീട്ടിയപ്പോൾ 50–ഓളം സ്ത്രീകൾ ചാടിഅടുത്തു. ദാഹംകൊണ്ടു് ഭ്രാന്തുപിടിച്ച ജീവികൾ! ഉന്തും, തള്ളും, പിച്ചിക്കീറലും, മുടിക്കുപിടിച്ചു വലിയും മറവും നടന്നു. താന്താങ്ങളുടെ പാത്രങ്ങൾ നിറയ്ക്കുവാനുള്ള ബദ്ധപ്പാടാണു്. മൺകോപ്പയും, അപ്പച്ചട്ടിയും, പാൽപ്പാട്ടയും, മരുന്നു കുപ്പികളും മറവു മാണു് പാത്രങ്ങൾ.

കുനിമ്മേൽ കുരുവെന്നപോലെ വേറൊന്നുകൂടി. ഈ ഭരന്തനാടകം കണ്ടുകൊണ്ടിരിക്കേ പരുക്കുപറ്റിയ കുറെ റഷ്യൻ പട്ടാളക്കാർ അങ്ങോട്ടു കയറിവന്നു, ആ പാവപ്പെട്ട സ്ത്രീകളുടെ നേരെ 'മല്ല്'കാണിക്കാൻ. അവർ കൂക്കിവിളിച്ചു; അട്ടഹസിച്ചു; കൊള്ളിവാക്കു പറഞ്ഞു: "ഉം. സംസ്കാരമുള്ള ജർമ്മൻകാരെ കണ്ടില്ലേ?" കുറെ കുട്ടികളും അവരുടെ കൂടെ കൂടി. അവക്കൊരു ചെറിയ ഉത്സവം തന്നെ! എന്നാൽ ഇതുകണ്ടുനിന്ന, കറുത്ത കോട്ടുധരിച്ച മൂന്നു റഷ്യൻ വനിതകൾ അവിടെയുണ്ടായിരുന്നു. അവർക്കു് ഇതു് ഒട്ടുംതന്നെ ഇഷ്ടപ്പെട്ടില്ല. അവരുടെ മുഖത്തു് സഹതാപവും, വേദനയും സ്ഫുരിക്കുന്നതു കാണാമായിരുന്നു. തങ്ങളുടെ സഹോദരിമാരുടെ അന്തസ്സു് സംരക്ഷിക്കുവാൻ തങ്ങൾക്കാഗ്രഹമുണ്ടെന്നവർ വെളിപ്പെടുത്തി. അവരിൽ ഒരാൾ ആ പട്ടാളക്കാരെ അവിടെ നിന്നു് ഓടിച്ചു കളയുവാൻ ഗാർഡിനോടാവശ്യപ്പെട്ടു. ഇതിനു കിട്ടിയ മറുപടി കുട്ടികളുടെ കൂക്കുവിളിയായിരുന്നു.

പരുക്കു പറ്റിയ ഒരു പട്ടാളക്കാരൻ പെട്ടെന്നു് മുന്നോട്ടുവന്നു് ഫാദർ ജോസഫിന്റെ കുന്തത്തു് കൈകൊണ്ടാഞ്ഞടിച്ചു. അതിന്റെ കൂടെ കുറെ ശാപവാക്കുകളും: "ഉം ഹിറ്റ്ലറിന്റെ പന്നികൾ." ഗാർഡിനു് ഇതു് സഹിച്ചില്ല. അയാൾ ആ കുടിയന്റെ കോളറിനുപിടിച്ചു് വലിച്ചുമാറ്റി; പുറത്തേയ്ക്കു് തള്ളിയിട്ടു. അയാൾക്കു് അതിനു സമ്മാനം കിട്ടി. കൂടെ പതിവുള്ള ആ ശാപവാക്കുകളും: "ഹിറ്റ്ലറിന്റെ പന്നി".

ഈ ബഹളത്തിനിടയ്ക്കു് കുറെ ശാന്തയായിക്കണ്ട ഒരു തടവുകാരിയോടു് ഞാൻ ചോദിച്ചു "നിങ്ങളിൽ എത്രപേർ മൃതിപ്പെട്ടു?"

'മൂന്നുപേർ' അവർ പ്രത്യുത്തരിച്ചു. "പിന്നാലെ മൂന്നുപേർകൂടി ഉടനെ ഉണ്ടാകും."

വെള്ളക്കുഴലിന്റെ അടുക്കലേക്ക് ഞങ്ങൾ മൂന്നുപ്രാവശ്യം കൂടി പോയി. അനന്തരം ഇഴഞ്ഞുവലിഞ്ഞു വണ്ടിയിൽ കയറി. വാതിലടഞ്ഞു; പൂട്ടുവീണു. എവിടെയെന്നില്ലാതെ ഞങ്ങളുടെ വണ്ടി കുതിച്ചുപാഞ്ഞു.

VIII ഒരു വണ്ടി ശവശരീരങ്ങൾ

പിറേറന്നു് പാതിനൊയമ്പായിരുന്നു. തപസ്സുകാലമായ നൊയമ്പിന്റെ മദ്ധ്യത്തിൽ തിരുസ്സഭ ആചരിക്കുന്ന സന്തോഷദിനമാണതു്. അന്നത്തെ കൂർബ്ബാനപ്രാർത്ഥനകൾ ഞങ്ങളൊരുമിച്ചു നടത്തി. കുർബ്ബാനയുടെ ആദ്യ ഭാഗത്തെ പ്രാർത്ഥനയെ ആസ്പദമാക്കി ഫാദർ ജോസഫും ഞാനും ഓരോ ചെറിയ പ്രസംഗം ചെയ്തു. ആ ഭാഗം ഇതാണു്: "ദുഃഖനിമഗ്നരായിരിക്കുന്ന നിങ്ങൾ ആനന്ദിച്ചു സന്തോഷിച്ചാലും.... നമുക്കു കർത്താവിന്റെ ഭവനത്തിലേക്കു പോകാം."

ഒരു മുൻ കമ്മ്യൂണിസ്റ്റായ ജാനായിരുന്ന ഞങ്ങളുടെ പ്രസംഗത്തിനു് ആദ്യമായി കൃതജ്ഞത പ്രകടിപ്പിച്ചതു്. "ഞാൻ ഈ സംഗതികൾ ആദ്യമായി കേൾക്കുകയാണു്" അയാൾ പറഞ്ഞു. "ഇനിയും ഞങ്ങളോടു് ഈ വക കാര്യങ്ങൾ സംസാരിക്കണമെന്നഭ്യർത്ഥിക്കുന്നു."

ഏതാനും മണിക്കൂറുകൾ കഴിഞ്ഞു് ഹെർസ്ലാം എന്റെ ചെവിയിൽ മന്ത്രിച്ചു: ഫ്രാൻസിൽ സോമ് എന്ന സ്ഥലത്തുവെച്ചു് 1918-ൽ സംബന്ധിച്ച തിരുക്കർമ്മങ്ങളുടെ ഓർമ്മയാണിപ്പോഴെനിക്കുണ്ടായതു്. 'പർവ്വതങ്ങളും കുന്നുകളും ഇളകിയാലും ദൈവവചനം നിലനില്ക്കും' എന്നു് കാമ്മികൻ പറഞ്ഞു. 'അവിടുത്തെ വരപ്രസാദം നിലനില്ക്കും' എന്നദ്ദേഹം പറഞ്ഞതിന്റെ അർത്ഥം ഇപ്പോഴാണു് ഞാൻ ഗ്രഹിച്ചതു്: അച്ചന്റെ പ്രസംഗാനന്തരം."

പെൻഷൻപറ്റി പിരിഞ്ഞ ഒരദ്ധ്യാപകനായ റെർ പീറ്റർഷിനു് പാട്ടുള്ള സഹായം ഞാൻ ചെയ്തുകൊടുത്തിരുന്നു. അയാൾ ഒരു പ്രത്യേക കാര്യത്തിൽമാത്രം ശ്രദ്ധചെലുത്തിയിരുന്നതിനാൽ താൻ മരിക്കുവാൻ പോകയാണെന്നോ വേദന സഹിക്കുന്നുണ്ടെന്നോ അറിഞ്ഞിരുന്നില്ല. ഉപ

യോഗിച്ചിരുന്ന കണ്ണടയിൽ മാത്രമായിരുന്ന അയാളുടെ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നതു്. രാത്രിയും പകലും കണ്ണട കൈയിൽനിന്നു വച്ചിരുന്നില്ല. പ്രകൃതിയുടെ ആവശ്യങ്ങൾ തനിയെ കഴിക്കുവാൻ അപ്രാപ്തനായിരുന്ന അയാൾ രാത്രിയിൽ എന്റെ സഹായം ആവശ്യപ്പെട്ടു. ഇരിക്കുവാനും നടക്കുവാനും ഞാനയാളെ സഹായിച്ചു. കണ്ണട കൈയിൽ ബലമായി പിടിച്ചുകൊണ്ടിരുന്നതിനു് അയാൾ പറഞ്ഞ കാരണമിതാണു്; "ഹേ മാന്യൻ! അതെന്റെ കണ്ണടയാണു്! എന്റെ കണ്ണട! അതു് പൊട്ടിപ്പോവുകയോ നഷ്ടമാവുകയോ ചെയ്താൽ ഞാനെങ്ങിനെ വായിക്കും? ഒന്നോർത്തുനോക്കൂ! വായിക്കുവാൻ എനിക്കു സാധിക്കുകയില്ല". അയാളെ സമാശ്വസിപ്പിക്കുക എളുപ്പമായിരുന്നില്ല. ഏതായാലും അയാൾ അധികനാൾ ജീവിച്ചില്ല.

ആ രാത്രിയിൽ വേറൊരാൾ മരിച്ചു.

പ്രഭാതത്തിൽ വണ്ടിനിന്നു; ഒരു ഗാർഡു് അകത്തേയ്ക്കു തലയിട്ടുകൊണ്ടു വിളിച്ചുചോദിച്ചു, "ഇവിടെ ആരെങ്കിലും സുഖക്കേടുകാരുണ്ടോ?"

ഞങ്ങളെല്ലാം രോഗികളായിരുന്നു. എന്നാൽ ഞങ്ങൾക്കറിയാമായിരുന്ന അയാൾ വിളിച്ചു ചോദിച്ചതിന്റെ അർത്ഥമെന്തെന്നു്. രോഗിയാണെന്നു് ഏറ്റവുംപറഞ്ഞു് സ്വയം വിഡ്ഢിയാകുവാൻ ഹെർ പീറർഷ് മാത്രമേ ഉണ്ടായുള്ളൂ.

കതകു് തുറക്കപ്പെട്ടു. അവർ അയാളെ പുറത്തേക്കിറക്കുമ്പോഴും അയാളുടെ പല്ലവി ഇതായിരുന്നു: "എന്റെ കണ്ണട, എന്റെ കണ്ണട. അതു പൊട്ടിക്കാതെ സൂക്ഷിക്കണേ."

അയാളെ ഒരു കാറിൽ "ആസ്പത്രി"യിലേക്കു കൊണ്ടുപോയി. കാറിന്റെ പുറത്തു തേഞ്ഞുമാഞ്ഞു തുടങ്ങിയ ഒരു ചെമപ്പു കുരിശുണ്ടു്; അതിനകത്തു ബഞ്ചോ കസേരയോ ഒന്നുമില്ല, കിടക്കയുടെ കാര്യം പറയേണ്ടല്ലോ. ഒരു പാത്രം വെള്ളം അതിനകത്തു് വച്ചിട്ടുണ്ടു്. മരണാസന്നരെ മറവുള്ളവരുടെ കൂട്ടത്തിൽനിന്നു് മാറിക്കിടത്തുവാനുള്ളതായിരുന്ന പ്രസ്തുത വണ്ടി.

വീണ്ടും കതകു പൂട്ടപ്പെട്ടു; അടുത്തപ്രാവശ്യം ആരെയാണു് കൊണ്ടുപോകുവാൻ ഇടയുള്ളതെന്നു ചിന്തിച്ചുകൊണ്ടു ഞങ്ങളുവിടെ കഴിഞ്ഞുകൂടി. ശാന്തശീലനും സ്വാർത്ഥപ്രിയനുമായ കാറൽ സംസാരത്തിൽനിന്നു് ഒഴിഞ്ഞുമാറി ഹെർ പീറർഷിന്റെ സ്ഥലവുംകൂടി കരസ്ഥമാക്കി. ഹെർ സ്ലൂം പ്രതിഷേധസ്വരമുയർത്തി. അയാളെ ഞാൻ സമാധാനപ്പെടുത്തി. കാറൽ പരസ്പരബന്ധമില്ലാതെ എന്തൊക്കെയോ പുലമ്പി: "കാറൽ! കാറൽ! നമ്മൾ വീട്ടിലേക്കു പോവുകയാണു്." നീണ്ട ഒരു നിശ്ശബ്ദത അവിടെ വ്യാപിച്ചു. ഞാൻ സൂക്ഷിച്ചുനോക്കി. കാറലിന്റെ അടുത്തിരുന്ന ഉയർബ്ബൻ കാറലിന്റെ കോട്ടു് ഉയരിയെടുക്കുന്നതു് വണ്ടിക്കു

ള്ളിലെ അന്ധകാരത്തിലൂടെ അവ്യക്തമായി ഞാൻ കണ്ടു. ഉർബൻ ഞങ്ങളോടു പറഞ്ഞു: "കാറൽ മരിച്ചുപോയി."

കുറെ ഗാർഡുമാർ വന്നു പറഞ്ഞു: "ശവങ്ങൾ വഹിക്കുന്നതിനു് അഞ്ചുപേരുടെ ആവശ്യമുണ്ടു്." പെട്ടിവണ്ടിയിൽനിന്നു പുറത്തിറങ്ങി അല്പ നേരം ശുദ്ധവായു ശ്വസിക്കാമല്ലോ എന്ന വിചാരം എന്നെ സന്തോഷിപ്പിച്ചു; പക്ഷേ എന്റെ സന്തോഷം അധികനേരം നീണ്ടുനിന്നില്ല.

സ്ത്രീകളുടെ വണ്ടിയിലേക്കു ഞങ്ങളെ കൊണ്ടുപോയി. പതിനാലു വയസ്സുപ്രായമുള്ള ഒരു പെൺകുട്ടിയുടെ ശരീരം ഒരു പുതപ്പിൽ പൊതിഞ്ഞു് ഞങ്ങളെക്കൊണ്ടു വഹിപ്പിച്ചു. ശരീരം വേണ്ടവിധത്തിൽ പൊതിയുന്നതിനു സമയം തരാതിരുന്നതിനാൽ തലയും കൈയും പുതപ്പിനു വെളിയിൽ കാണാമായിരുന്നു. ടെയിനിന്റെ ഏറ്റവും ഒടുവിലത്തെ വണ്ടിയിലേക്കു് അവർ ഞങ്ങളെ നയിച്ചു. ഞങ്ങൾ യാത്രചെയ്തിരുന്ന പെട്ടിവണ്ടിയുടെ മൂന്നിരട്ടി വലിപ്പമുള്ള ഒരു പെട്ടിവണ്ടിയായിരുന്നു അതു്. ശവം മഞ്ഞിൽ കിടത്തിയിട്ടു് ഞങ്ങൾ വാതിൽ തുറന്നു. അതിഭയാനകവും ബീഭത്സവുമായ ഒരു കാഴ്ചയായിരുന്നു അതു്.

വണ്ടിയിൽ ഏഴുനിര ശവശരീരങ്ങൾ സ്ത്രീപുരുഷ ഭേദമന്യേ, അരിച്ചാക്കുകൾ അട്ടിയിട്ടിരുന്നതുപോലെ അട്ടിയിട്ടിരിക്കുകയാണു്. ഏറ്റവും അടിയിലത്തെ നിരയിലുള്ള ശവങ്ങൾ മുകളിലത്തെ ശരീരങ്ങളുടെ ഭാരംനിമിത്തം അടപോലെ പതിഞ്ഞു കിടന്നിരുന്നു. കതകു് വളരെ ബലമായി ഞങ്ങൾ തള്ളിത്തുറന്നതിന്റെ ആഘാതമേറ്റതിനാൽ വാതുക്കൽ കിടന്നിരുന്ന ശവത്തിന്റെ എല്ലിയെല്ലു് മാംസംവിട്ട പുറത്തേയ്ക്കു് തള്ളിവന്നു.

"വേഗം, വേഗം." ഗാർഡുമാർ മുറവിളികൂട്ടിത്തുടങ്ങി. ശവം ചുമന്നുകൊണ്ടു് വേറെ പലരും ഞങ്ങളുടെ പിറകിലായി അണിനിരന്നു കഴിഞ്ഞു. ഞങ്ങളുടെ വിഭാഗത്തിൽപ്പെട്ട രണ്ടുപേർ രണ്ടു ശവങ്ങളുടെ മുകളിൽ കയറി. പെൺകുട്ടിയുടെ മൃതദേഹം വാങ്ങിച്ചു് മറ്റു ശവങ്ങൾ തള്ളിനീക്കി ഇടമുണ്ടാക്കി അവിടെ കിടത്തി. അവർ അവിടെത്തന്നെ നിന്നു. ഞങ്ങൾ രണ്ടു സ്ത്രീകളുടെ മൃതദേഹങ്ങൾകൂടികൊണ്ടുവന്നു. അവസാനത്തെ മൂന്നു പെട്ടിവണ്ടികളിലും ശവങ്ങൾ നിറച്ചിരിക്കയാണെന്നു് ഞങ്ങൾക്കു മനസ്സിലായി.

ഭീതിയാൽ നിശ്ചലരായി ഞങ്ങൾ നിന്നുപോയി. 'മുശട'പ്രകൃതിക്കാരനെന്നു തോന്നിക്കുന്ന ഒരു കൃഷീവലൻ പറഞ്ഞു, "എന്റെ ദൈവമെ! ഈ കാഴ്ചകാണുന്ന നീലോകത്തെ നശിപ്പിക്കാത്തതെന്തുകൊണ്ടു?" സംസാരിച്ചതിനു് തോക്കിന്റെ മരതലകൊണ്ടു് ഗാർഡു് അയാളെ കുത്തുകയുണ്ടായി.

വെറുപ്പിന്റെ അത്യുച്ചിയിൽ വേറൊരു വിചാരം എന്നിലുണ്ടായി. ഞങ്ങൾ എല്ലാവരുംതന്നെ മരണത്തിന്റെ വായിലാണു്. മനുഷ്യത്വം

തൊട്ടതേച്ചിട്ടില്ലാത്ത ഇക്കാര്യം മറവുള്ളവരോട് പറയുവാൻ ഇടംതരാതിരിക്കുവാൻ അവർ ഞങ്ങളെ കൊല്ലാതിരിക്കയില്ല.

ഗാർഡുമാരും ഞങ്ങളും തിരിച്ചു അവരവരുടെ സ്ഥലങ്ങളിലേക്കു് പോവുകയായിരുന്നു. ഒട്ടും നിനച്ചിരിയാത്ത ഒരു ശബ്ദംകേട്ട എല്ലാവരും നിന്നു. ഒരു സ്ത്രീയുടെ ശബ്ദമാണു്. വണ്ടി നിറുത്തിയിരുന്നപ്പോഴൊക്കെ വെള്ളത്തിനുവേണ്ടി വിളിച്ചുകൂവിയിരുന്ന അതേ സ്വരം. വാക്കുകൾ തിരിച്ചെടുക്കുക വിഷമമായിരുന്നു; അവരുടെ പാട്ടിന്റെ ആശയം ഇതായിരുന്നു: "പരിശുദ്ധനായ ദൈവമേ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു."

ഞങ്ങൾഭർത്താവു് ബീഭത്സകാര്യത്തിന്റെ സ്മരണ പ്രസ്തുതപാട്ടു് ഞങ്ങളിൽ ഇല്ലാതാക്കി. ചൂടുള്ളഭക്ഷണംലഭിച്ചതു് ഞങ്ങളെ സന്തോഷിപ്പിച്ചു. അതു കഴിഞ്ഞു് ഗാർഡുമാർ ഞങ്ങൾക്കു പ്രിയങ്കരമായ ഒരു സമ്മാനം കൊണ്ടുവന്നു. സ്റ്റവ് കത്തിക്കുവാൻ ആവശ്യമായ വിറകു്. അന്നേരാണാസ് വിറകുകത്തിക്കാനുള്ള ചുമതല ഏറ്റെടുത്തു. അയാൾ തന്റെ വെട്ടുകത്തി വിറകു ചെറുതായി കീറുന്നതിനു് ഞങ്ങൾക്കു കടംതന്നു. തീ പിടിപ്പിക്കുന്നതിനു് കടലാസു കഷണം കൈവശമുള്ളവർ കൊടുക്കണമെന്നു് അയാൾ അഭ്യർത്ഥിച്ചു. ഡിസെന്ററി ഗുളികകൾ പൊതിഞ്ഞ കടലാസ് ഞാൻ കൊടുത്തു. പലരും ബാങ്കുനോട്ടുകൾ നല്കുകയുണ്ടായി.

പിന്നീടു വണ്ടിനിന്ന സ്ഥലത്തു് ബിസ്മാർക്കോഫ്സ്റ്റെയിനിൽ നിന്നുള്ള മൂന്നു യുവാക്കന്മാരിൽ രണ്ടുപേർ—ഹെർമാർഡും ജോസഫും—എന്തോ പ്രത്യേക ഡ്യൂട്ടിക്കു് നിയുക്തരായതിനാൽ വണ്ടിയിൽ നിന്നിറങ്ങി. അവർ ഇറങ്ങിയ ഉടനെ അവിടെ അല്പം ഇട കൂടുതൽ കിട്ടിയതിനാൽ ഫാദർ കോൾഹൻബാക്കു് അവിടെ പോയി ഇരുന്നു് അവരുടെ കൂട്ടുകാരനായ ഫ്രാൻസിന്റെ കുമ്പസാരംകേട്ടു. ഉടനെതന്നെ ഫ്രാൻസിനു് അന്ത്യകൂദാശ കൊടുക്കുകയും ചെയ്തു. ഫ്രാൻസ് അനക്കമില്ലാതെ അവിടെ കിടന്നിരുന്നു.

ഒന്നു രണ്ടു മണിക്കൂറിനകം ഇറങ്ങിപ്പോയ യുവാക്കന്മാർ തിരിച്ചുവന്നു. ജോസഫിന്റെ വിലയേറിയ പാൽപ്പാത്രം അയാളുടെ കൈയിലുണ്ടായിരുന്നില്ല. പട്ടണത്തിൽ അവർ കണ്ട വിശേഷവാർത്ത എല്ലാവരേയും അറിയിക്കുവാൻ ആകാംക്ഷാഭരിതരായിരുന്നവർ പാത്രംനഷ്ടപ്പെട്ടതു് കണക്കാക്കിയതേയില്ല. റെഡ്ക്രോസ് കാറിലാണു് അവരെ പട്ടണത്തിലേയ്ക്കു് കൊണ്ടുപോയതു്. ഗാർഡുമാർ മരിച്ചവരിൽനിന്നു് എടുത്ത തുണിയും ചെരിപ്പുംകൊണ്ടു വണ്ടിനിറച്ചിരുന്നു. അവർ പ്രസ്തുത സാധനങ്ങൾ പട്ടണത്തിലെ ഒരു ചെറിയ ബിസിനസ് കേന്ദ്രത്തിലെത്തിച്ചു. അവിടെ ധാരാളംപേർ പ്രസ്തുത സാധനങ്ങൾ വാങ്ങുവാൻ ഉണ്ടായിരുന്നു. ടെയിൻ പതിവായിനിറുത്തുന്ന സ്ഥലമായിരുന്നു അതു്. പാൻറിനും ചെരിപ്പിനുമായിരുന്നു ഏറ്റം പ്രിയം. പ്രസ്തുത വസ്തുക്കൾ

ക്കുപകരം കച്ചവടക്കാർ ഭക്ഷണപദാർത്ഥങ്ങളും, പുകയിലയും മദ്യവും (വോഡ്കാ) ആണ് നല്കിയിരുന്നതു്.

ഗാർഡുമാർ കച്ചവടം നടത്തുന്നതിനിടയ്ക്കു് ജോസഫും തന്റെ പാത്രംകൊണ്ടു് ഒരു ചെറിയ കച്ചവടം നടത്തി. നാലു ചെറുമത്സ്യങ്ങൾക്കും ഏതാനും തീപ്പെട്ടികൾക്കുമായി ജോസഫ് പാത്രം കൈമാറി.

മത്സ്യങ്ങൾ അവർ രണ്ടുപേരുംകൂടി വിഴുങ്ങി; ഒരെണ്ണത്തിൽ വാലു് ഭാഗം ഫാദർ കോൾംഫൻബാക്കിനു് സമ്മാനിക്കുകയുണ്ടായി. അട്ട ത്ത പ്രാവശ്യം എനിക്കും വാലുഭാഗം തരാമെന്നു് അവർ വാഗ്ദാനം ചെയ്തു.

'തീപ്പെട്ടി' അന്നേരാണാസിനെ ഏല്പിച്ചു. പക്ഷേ തീപ്പെട്ടിക്കൊള്ളികൾമാത്രം പാക്കു് ചെയ്തിരുന്ന പാക്കറ്റായിരുന്നതു്. കത്തിക്കുവാൻ മാർഗ്ഗമെന്തെന്നു് ഞങ്ങൾ ആലോചിച്ചു. ഭാഗ്യത്തിനു് ആരുടേയോ പോക്കറ്റിൽ തീപ്പെട്ടിയുടെ കാന്തമുള്ള ഒരുവശം ഉണ്ടായിരുന്നു.

തീ പിടിപ്പിക്കുക വലിയ ധീരകൃത്യമായിരുന്നു. കടലാസിൽനിന്നു ഇരുമ്പിലിലേക്കു തീപിടിക്കുന്നതുവരെ എല്ലാവരും ശ്വാസമടക്കി നോക്കിനിന്നു. തീ കത്തുന്ന കാഴ്ച ഞങ്ങൾക്കു് ചൂടും സന്തോഷവും പ്രദാനം ചെയ്തു. തീ പിടിച്ചു കഴിഞ്ഞപ്പോൾ ജാൻ ഒരു പാത്രത്തിൽ വെള്ളവുമായിവന്നു് അതു് തിളപ്പിക്കുവാൻ ആരംഭിച്ചു. വെള്ളം അയാൾക്കു് എവിടെനിന്നു കിട്ടി എന്നുള്ളതു് ഒരു അത്ഭുതമായിരുന്നു. പോക്കറ്റിൽനിന്നു കുറേ ഉണക്കഅപ്പവും ഉണക്കമാംസവും അയാൾ വെള്ളത്തിലിട്ടു. വണ്ടിയിൽ കയറിയപ്പോൾ അയാളുടെ കൈവശം യാതൊരു ഭക്ഷണപദാർത്ഥവും ഉണ്ടായിരുന്നില്ല. പാത്രം അയാൾ ഇടക്കിടയ്ക്കു് ഇളക്കിക്കൊണ്ടിരുന്നു.

മറവുള്ളവർ അയാളെ അനുകരിച്ചു. ചെറിയ സഹകരണസംഘങ്ങൾ പെട്ടെന്നു് രൂപവൽകൃതമായി. ഒരംശം പാത്രവും വേറൊരംശം വെള്ളവും മൂന്നാമൻ അപ്പവും നാലാമൻ ഉപ്പും എടുത്തു. ഒരു പാക്കറ്റ് പഞ്ചസാരഗുളികകളും വസ്ത്രത്തിനടിയിൽവച്ചുകൊണ്ടു വന്നിരുന്ന മസൂറിയക്കാരനായ ജോവാക്കിം ആയിരുന്നു ഏറ്റവും വലിയ മുതലാളി. ആ പഞ്ചസാരഗുളികകൾകൊണ്ടു് "പാനീയത്തിന്റെ" നല്ലൊരുഭാഗം അയാൾ നേടി. എന്റെ കൈവശം കുറെ കൊകെയ്ൻ പൊടിയുണ്ടായിരുന്നു. അതിനുപകരമായി ഭാഹം തീർക്കുവാൻമാത്രം കുടിക്കുവാൻ എനിക്കും ഫാദർ കോൾംഫൻബാക്കിനും ലഭിച്ചു.

രാത്രിമുഴുവൻ തീ കത്തിക്കൊണ്ടിരുന്നു. തീ കെട്ടു പോകാതിരിക്കുവാൻ പലകച്ചാത്തിൽനിന്നും മച്ചിൽനിന്നും പലകക്ഷണങ്ങൾ അടർത്തിയെടുത്തു് തീയിൽ ഇട്ടുകൊണ്ടിരുന്നു. വണ്ടിയുടെ ഭിത്തികളും മഞ്ഞിൽ പൊതിഞ്ഞാണിരുന്നതു്. അതും ഒരു ഭാഗ്യമായിരുന്നു. വണ്ടിയിൽ ഉണ്ടായിരുന്നവർക്കു് അതു് ജോലി ഉണ്ടാക്കിക്കൊടുത്തു; ചിന്തിക്കു

വാനും അതൊരു വിഷയമായിരുന്നു. ഞങ്ങളുടെ ജീവിതത്തിനു് ആശ്വാസം പകർന്നുകൊണ്ടിരുന്ന മറെറാരു വസ്തുത തീ കെട്ടുപോകാതിരുന്നതാണു്.

തീയുടെ അടുത്തു് കഴിച്ചുകൂട്ടിയതിന്റെ ഫലം രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ അനുഭവിക്കുവാൻ തുടങ്ങി.

"ഈ നശിച്ച മൂട്ടകളെ ഇവിടെ കൊണ്ടുവന്നിട്ടതു് ആരാണു്?" എന്നലറിക്കൊണ്ടു് ജാൻ സ്റ്റവിന്റെ അടുക്കൽചെന്നു് വസ്ത്രങ്ങൾ അഴിച്ചുമാററി, ദേഹത്തുള്ള മൂട്ടകളെ പിടിക്കുവാൻ തുടങ്ങി. ജാൻ മൂട്ടപിടിത്തം അവസാനിപ്പിച്ചപ്പോൾ അലോയിസു് മുന്നോട്ടുവന്നു. അയാൾ "ഈ സഹയാത്രക്കാരെ" പേടുയാടേണ്ട വിധത്തെക്കുറിച്ചു വിസ്തരിച്ചു പറഞ്ഞശേഷം മൂട്ടവേട്ടയാരംഭിച്ചു. എല്ലാവരും അയാളോടു് സഹകരിച്ചു; ഞാൻ മൂട്ടപിടുത്തത്തിൽ വിദഗ്ധനായിത്തീർന്നു.

പിറേറദിവസം പ്രഭാതത്തിൽ വാതിലിന്റെ വിടവിൽക്കൂടി ഒരു വലിയ നഗരത്തിന്റെ ചില ഭാഗങ്ങളും ഞങ്ങളും കണ്ടു. അവിടെ ബോംബിട്ടതിന്റെ ലക്ഷണങ്ങളും ഒന്നും തന്നെ കാണുവാനുണ്ടായിരുന്നില്ല. തീവണ്ടിപ്പാളം നഗരത്തിലേയ്ക്കു് പ്രവേശിക്കുന്നിടത്തു് സാധാരണ കാണുന്ന വൃത്തിഹീനമായ കെട്ടിടങ്ങളും അവിടവിടെ ഉയർന്നു നിന്നിരുന്നു. ഗാർഡുമാരുടെയും ചെമപ്പൻ പട്ടാളത്തിന്റെയും അങ്ങോട്ടുമിങ്ങോട്ടുമുള്ള നടപ്പിന്റെ സ്വരം ഞങ്ങൾക്കു കേൾക്കാമായിരുന്നു. അതു് മോസ്കോ ആയിരിക്കാമെന്നു ഞങ്ങൾ ഊഹിച്ചു. ഹെർമാൻ കണ്ണട എടുത്തുവച്ചു് ചുറ്റും നോക്കിയശേഷം സ്ഥലം, ദൂരം ആദിയായവയെപ്പററി നല്ല നിശ്ചയമുള്ളയാളെപ്പോലെ വിശദീകരിച്ചുകൊണ്ടിരുന്നു. സ്വന്ത ഊഹാപോഹങ്ങൾ തീച്ചയാണെന്ന മട്ടിൽ പറയുകയാണെന്നു് വ്യക്തമായിരുന്നു. ഇവിടെ എന്തു സംഭവിക്കുമെന്നു് ഒരുത്തനുണ്ടോ ഏവരുടേയും മുഖത്തു് നിഴലിച്ചു.

മുഴുവൻ സമയവും വണ്ടികൾ ഷണ്ടു് ചെയ്തുകൊണ്ടിരുന്നു. ഒരിക്കൽ ഒരു ഗാർഡു് വന്നു വണ്ടിയിൽ ആരെങ്കിലും മരിച്ചുകിടപ്പുണ്ടോ എന്നന്വേഷിച്ചു. ശവങ്ങൾ നിറഞ്ഞ വണ്ടികൾ അഴിച്ചുമാററുകയാണെന്നു് ചിലർ വിചാരിച്ചു. തീവണ്ടിയിൽ കയറിയിടത്തോളംതന്നെ തടവുകാർ ഉണ്ടെന്നു് ബോദ്ധ്യം വരുത്താൻ ശവങ്ങൾ എണ്ണേണ്ട ആവശ്യം നേരിട്ടിരുന്നിരിക്കണം.

അന്നു രാത്രി തടവുകാർക്കു മുഴുപ്പുള്ള ഭക്ഷണം ലഭിച്ചു. ഇൻസ്റ്റർബർഗ്ഗിൽനിന്നു പുറപ്പെട്ടിട്ടു് മൂന്നാംപ്രാവശ്യം ലഭിക്കുന്ന മുഴുപ്പുള്ള ഭക്ഷണമാണിതു്. ബാർലിയോടുകൂടി പേരിനു് മത്സ്യവും ഉണ്ടായിരുന്നു. പിറേറദിവസം ഓരോവണ്ടിയിലും ഇരുപതു പാത്രം വെള്ളം കൊണ്ടുവന്നുവച്ചു.

രണ്ടുദിവസം വണ്ടി അവിടെ കിടന്നു. തീവണ്ടിപ്പാളത്തിൽനിന്നു അല്പം താഴെയായി വെള്ളമുണ്ടായിരുന്നു. ഭാഗ്യത്തിനു് എന്നെയും

വെള്ളം കോരുന്നവരുടെ കൂട്ടത്തിലയച്ചു. അങ്ങനെ ചുറ്റുപാടും നോക്കി കാണുന്നതിനു സാധിച്ചു. മറ്റൊരു തീവണ്ടിയിൽനിന്നു് വെള്ളം കോരുന്നതിനുവന്ന തടവുകാരുമായി ആശയവിനിമയം ചെയ്യുന്നതിനും അവസരം കിട്ടി. അവരെല്ലാം ദയനീയക്കാരായ കഷ്ടകരായിരുന്നു. അവർ 'മുറി' ജർമ്മൻഭാഷയിൽ അല്പനേരം സംസാരിച്ചു. ഗാർഡു് അതുകണ്ടു് അവരെ തല്ലി ഓടിച്ചു.

ക്ഷീണിതരായ ഒരു സംഘം സ്ത്രീകൾ ഞങ്ങളെ സമീപിച്ചു. കുത്ത, വൃത്തിഹീനമായ വേഷവിധാനമായിരുന്ന അവരുടേതു്. കാലുകളിൽ ഇറങ്ങിപ്പിടിച്ചിരിക്കുന്ന ഷൂസു് ധരിച്ചിരുന്നു. പിക്കാക്സും മറ്റു പണിയായുധങ്ങളും തോളിൽ വഹിച്ചുകൊണ്ടാണു് അവരുടെ യാത്ര. അവരിൽ ഒരാൾ ചുറ്റുപാടു നോക്കിയശേഷം ഞങ്ങളോടു ചോദിച്ചു: "നിങ്ങൾ ജർമ്മൻകാരാണോ?" ഞങ്ങൾ തലകുലുക്കി. അവർ "ഓ എന്റെ ദൈവമേ!" എന്നുമാത്രം പറഞ്ഞു.

ഈ സ്ത്രീകൾ ജർമ്മൻ കുടിയേറ്റസ്ഥലമായ കരിങ്കടൽ തീരപ്രദേശങ്ങളിൽ നിന്നുള്ളവരായിരുന്നു. ഇപ്പോൾ ആ പ്രദേശം സോവ്യറ്റു റഷ്യയുടെ കീഴിലാണു്. പ്രസ്തുത കുടിയേറ്റസ്ഥലത്തിനു നൂറിരട്ടിയത്തു കൊല്ലത്തെ പഴക്കമുണ്ടു്.

വെള്ളം കണ്ടപ്പോൾ മുഖവും മീശയും കഴുകണമെന്നു പ്രതീക്ഷയുണ്ടായി. നാലാഴ്ചയായി മുഖം കഴുകിയിട്ടു്. കുനിഞ്ഞു് കൈയിൽ വെള്ളം എടുത്തതും ഗാർഡു് ബൂട്ടുസിട്ട കാലുകൊണ്ടു് എന്നെ തട്ടി എഴുന്നേല്പിച്ചതും ഒന്നിച്ചായിരുന്നു. അയാളുടെ നോട്ടത്തിൽ എന്റെ മീശയിൽ കഴുകിക്കളയുവാൻമാത്രം പൊടി പറ്റിയിട്ടുണ്ടായിരുന്നില്ല! കൈയിൽ കിട്ടിയവെള്ളം കണ്ണിലൊഴിച്ചു, പുരികം നനച്ചു. അതു് ബാം പോലെ എനിക്കുതോന്നി; ഒരു തൊഴി കിട്ടിയതിൽ അതു കുണിതം തോന്നിയില്ല.

റെഡ്ക്രോസു് കാറിലുണ്ടായിരുന്ന പാൽപ്പാത്രത്തിൽപോലും വെള്ളം നിറച്ചു. ഏതാനും വൃത്തിഹീനമായ ചെറുകെട്ടിടങ്ങൾ ഒരു വലിയ ആവനില കോൺക്രീറു പ്ലാൻറിനു ചുറ്റുമുണ്ടായിരുന്നതൊഴികെ പാളത്തിനപ്പുറത്തു് വേറൊന്നും ഞങ്ങൾ കണ്ടില്ല. കോൺക്രീറു പ്ലാൻറിൽ "കോംബിനാറു്" എന്നെഴുതിയിരുന്നു. വെള്ളം നിറച്ച പാത്രം ഞങ്ങൾ പൊക്കിക്കൊടുത്തു; റെഡ്ക്രോസു് കാറിൽനിന്നു് കന്യാസ്ത്രീയുടെ വേഷം ധരിച്ച ഒരു സ്ത്രീയാണു് അതു് വാങ്ങിച്ചുവച്ചതു്.

ഗ്രേ സിസ്റ്റേഴ്സു് ഓഫ് സെൻറ് എലിസബത്തു് എന്ന സന്യാസിനീസമൂഹത്തിൽപ്പെട്ട സിസ്റ്റർ ഇമെൽഡായായിരുന്നു അതു്. സ്വിറ്റ്സർലണ്ടിലെ മഠത്തിലെന്നതുപോലെ ജീവകാരുണ്യപ്രവർത്തനത്തിലേർപ്പെട്ടിരിക്കയാണു് അവർ.

"എന്റെ ദൈവമേ! അച്ഛന്റെ കോലം" സിസ്റ്റർ പറഞ്ഞു.

"സോവ്യറ്റ് യൂണിയനു് ഏറ്റം ചേന്ന വേഷം. സിസ്റ്ററിന്റെ കാര്യങ്ങളെങ്ങനെയിരിക്കുന്നു?"

"അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു; മറ്റുള്ളവക്കു് സേവനം ചെയ്യുവാൻ ധാരാളം അവസരം ലഭിക്കുന്നുണ്ടു്. ഏതാണ്ടു് ഒരു ഡസൻ പേർ ദിവസവും മരിക്കുന്നുണ്ടു്. മരണത്തിനൊരുക്കുവാൻ ഒരാളെ കിട്ടിയതിൽ പലക്കും സന്തോഷമുണ്ടു്."

"മരുന്നു വല്ലതും കൈവശമുണ്ടോ?"

"അച്ചൻ കൊണ്ടുവന്ന വെള്ളമല്ലാതെ ഒന്നുമില്ല. ഈ ദിവസങ്ങളിൽ ഒരു കമ്മിസാർ എല്ലാം പരിശോധിച്ചു. അദ്ദേഹത്തിനു ഇവിടെ കണ്ട കാഴ്ചകളും പലതും ഇഷ്ടമായില്ല. മരണനിരക്കു് കൂടുതലാണത്രേ! സംഗതികളും അഭിവൃദ്ധിപ്പെടുത്താമെന്നു അദ്ദേഹം വാക്കുതന്നിട്ടുണ്ടു്."

സ്ത്രീകൾക്കു് പലക്കും സംഭവിച്ചതു് എന്റെ ഓർമ്മയിൽവന്നു. "സിസ്റ്റർ, നിങ്ങളെ വല്ലവരും ശല്യപ്പെടുത്തുന്നുണ്ടോ? ഞാൻ ചോദിച്ചു.

"ഇല്ല. അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കുവാൻ ഇവിടെയുള്ള ഗാർഡു് ശ്രദ്ധിക്കുന്നുണ്ടു്. അയാളൊരു നല്ലവനാണു്."

സിസ്റ്റർ ഇമെൽഡയെ കണ്ടതിൽ ഞാൻ സന്തോഷിച്ചു. പക്ഷേ സൂസ്സെൻബർഗ്ഗുകാർക്കു് ആ നല്ല കന്യാസ്ത്രീയുടെ സേവനം നഷ്ടപ്പെട്ടല്ലോ എന്ന വിചാരം എന്നെ ദുഃഖിപ്പിക്കുകയും ചെയ്തു. മറ്റു സ്ത്രീകൾക്കു് എന്തൊക്കെ സംഭവിച്ചു എന്നു ചോദിക്കുന്നതിനു് നേരം കിട്ടിയില്ല. ഗാർഡു് എന്നെ വലിച്ചിഴച്ചുകൊണ്ടുപോയി വണ്ടിയിൽ കയറ്റി. ദീർഘിച്ച യാത്രക്കിടയിൽ വീണ്ടും വീണ്ടും ഞാൻ സിസ്റ്റർ ഇമെൽഡയെ സ്മരിച്ചു. എത്ര പ്രതികൂല സാഹചര്യങ്ങളിലും സന്തോഷപൂർവ്വം സഹിക്കുവാൻ ദൈവം ശക്തി പ്രദാനം ചെയ്യുമെന്നതിന്റെ സജീവ സാക്ഷിയായിരുന്നു ആ നല്ല കന്യാസ്ത്രീയുടെ പുഞ്ചിരിതൂകുന്ന വദനം.

അധികം താമസിയാതെ വണ്ടി പുറപ്പെടുമെന്നു ഞങ്ങൾ വിചാരിച്ചു. എന്നാൽ പാതിരായ്ക്കു് അവിചാരിതമായി കെട്ടും ഭാണ്ഡവുമെടുത്തു് പുറത്തിറങ്ങുവാൻ ഞങ്ങൾക്കു കല്പനകിട്ടി. ഈ കല്പനയുടെ ഉദ്ദേശമെന്തായിരിക്കാം? ഉറക്കപ്പിച്ചോടുകൂടി വണ്ടിയിൽനിന്നിറങ്ങി ഞാൻ ലൈനിൽ വന്നുനിന്നു. എല്ലാവരും അടുത്ത കല്പനയുംകാത്തു നില്ക്കുകയാണു്. അവസാനം വണ്ടിയിൽനിന്നിറങ്ങിയ ആരോ വാതുക്കൽ മറിഞ്ഞുവീണു് അവിടെത്തന്നെ കിടക്കുകയാണു്. മറിഞ്ഞുവീണ ആൾ എന്നെ പേരുചൊല്ലി വിളിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. തുറിച്ച കണ്ണുകളും വേദനയനുഭവിക്കുന്ന മുഖഭാവവും ഇരുട്ടിലൂടെ അവ്യക്തമായി ഞാൻ കണ്ടു.

എന്തോ കൈയിൽ എടുത്തു എന്റെ നേക്കു് അയാൾ നീട്ടി.

"സഖാവു് സ്വാം, നിങ്ങൾക്കെന്തുവേണം?" അയാൾ ഏറ്റം കാര്യമായി കരുതിയിരുന്ന തെമ്മാസ്ഫ്ളാസ്കു് എനിക്കു തന്നുകൊണ്ടു്, പരു

പരുത്ത സ്വരത്തിൽ അയാൾ പറഞ്ഞു: "ഇതെടുത്തുകൊള്ളുക....എല്ലാത്തിനും നന്ദി....ഇതിന്റെ അർത്ഥം എനിക്കു മനസ്സിലായി...."നിന്റെ വരപ്രസാദം നിലനില്ക്കുന്നു"....എന്റെ ഭാഗ്യം, കുട്ടികളെ....അവരെ കാണുന്നെങ്കിൽ പ്രയുക "നിന്റെ വരപ്രസാദം നിലനില്ക്കുന്നു." ഇട്ടിരുന്ന പുറംകുപ്പായം ഊരിയെടുത്തുകൊള്ളുവാൻ അയാൾ ആംഗ്യം കാണിച്ചു. ഞങ്ങൾ മാച്ചുചെയ്യുന്നതു് തുറിച്ചു കണ്ണുകൾകൊണ്ടു് അയാൾ നോക്കി. താൻ മരിക്കുവാൻപോകയാണെന്നു് അയാൾക്കറിയാമായിരുന്നു.

ചെളിയിലും വെള്ളത്തിലുംകൂടി കടന്നു് ഒരു നീണ്ട ഹാളിൽ ഞങ്ങൾ പ്രവേശിച്ചു. നീലയും വെള്ളയുമായ യൂണിഫാറത്തിൽ സ്ത്രീപുരുഷന്മാർ ചുറുചുറുക്കായി നിന്നിരുന്നു. പൈപ്പുകൾ നിറച്ച ആറു നീണ്ട വണ്ടികൾ ഞങ്ങൾക്കായി ഒരുക്കിയിട്ടിരുന്നു.

യൂണിഫോറം ധരിച്ച ഒരു അസിസ്റ്റൻറ് വസ്ത്രങ്ങൾ കൊളുത്തിയിടുവാനുള്ള കൊളുത്തുമായി വന്നു് വസ്ത്രം മാറുവാൻ ഞങ്ങളോടാവശ്യപ്പെട്ടു. പുറംകോട്ടു്, രോമക്കോട്ടു്, രണ്ടു സ്വറ്ററുകൾ, ഒരു പുതപ്പു്, രണ്ടു ഷർട്ടു്, രണ്ടുജോഡി പാൻറ് ഇത്രയും വസ്ത്രങ്ങൾ പൈപ്പിൽ തൂക്കിയിട്ടിരുന്ന ഒരു കൊഴയിൽ ഞാൻ തൂക്കിയിട്ടു. വസ്ത്രങ്ങൾ ഉണക്കുവാൻ അവർ കൊണ്ടുപോയി.

നാമമാത്ര വസ്ത്രധാരികളായി ഞങ്ങൾ തറയിൽ കുത്തിയിരുന്നു. 'രാക്ഷസ'നായിരുന്ന ഫാദർ കോൾംഫൻബാക്കു് കേവലം ഒരു അസ്ഥിക്കൂടമായിത്തീർന്നിരുന്നു. കരളലിയിക്കുന്ന ഒരു കാഴ്ചയായിരുന്നു ചുറുചുറുക്കുള്ള മനുഷ്യക്കോലങ്ങൾ. ഒരു മണിക്കൂർ തടവുകാർ നഗ്നരായി അങ്ങനെയിരുന്നു വിറച്ചുകൊണ്ടിരുന്നു.

ഹാളിന്റെ മറേറ അറ്റത്തുള്ള വലിയ കതകുകൾ തുറന്നു് രണ്ടു സ്ത്രീകൾ പുറത്തുവന്നു. ഞങ്ങൾ സംശയിച്ചു സംശയിച്ചു് അടുത്തുചെന്നു. യാതൊരു വികാരങ്ങളുമില്ലാതെ നിർജ്ജീവമായി, യാന്ത്രികമായി അവർ തങ്ങളുടെ ജോലി ചെയ്യുകയാണെന്നു് സ്പഷ്ടമായിരുന്നു. അരശ്വാലൻ കൊള്ളുന്ന ഓരോ പാത്രം ഇരുവരുടേയും പക്കലുണ്ടു്. ദ്രാവകരൂപത്തിലുള്ള സോപ്പു് ഞങ്ങളുടെ കൈകളിൽ അവർ പകർന്നു തന്നു.

അടുത്ത മുറിയിൽ പല നിരയിലായി ഏതാണ്ടു് അഞ്ഞൂറു് ധാരായന്ത്രങ്ങൾ(showers)ഉണ്ടായിരുന്നു. ചെറു പൈപ്പുകൾ ഉണ്ടായിരുന്നില്ല. അരമണിക്കൂർ കാത്തിരുന്നതിനുശേഷമാണു് വെള്ളം വന്നുതുടങ്ങിയതു്. വെള്ളം കിട്ടുമെന്നു തീർച്ചയാകുന്നതുവരെ ഞാൻ സോപ്പു തേയ്ക്കാതിരുന്നു. കുറെനേരം കഴിഞ്ഞപ്പോൾ പൈപ്പിലൂടെ ചെറു ചൂടുള്ളവെള്ളം വന്നുതുടങ്ങി. വെള്ളം നിന്നപ്പോൾ കളിനിറുത്തി വസ്ത്രങ്ങൾ മാറുവാൻ എല്ലാവരും ഹാളിൽചെന്നു. ഒരു സ്ത്രീ വന്നു ഞങ്ങളെ നിരയായിനിറുത്തി. അരമണിക്കൂർ ഈറൻ വസ്ത്രംധരിച്ചു് വിറച്ചുകൊണ്ടു നിന്നശേഷമാണു് ഞങ്ങളുടെ വസ്ത്രങ്ങൾ അവർ ഉണക്കിക്കൊണ്ടുവന്നതു്. ക്യാമ്പുകളിയുടെ

ആദ്യത്തെ അനുഭവമായിരുന്നു. സോവ്യറ്റുയൂണിയനിൽ ഒരു കെട്ടിടത്തിനുള്ളിൽ ഞാൻ ആദ്യമായി കാലുകുത്തിയതു് ഇവിടെയാണു്. റഷ്യയുടെ തലസ്ഥാനനഗരിയിലായിരുന്നു അതെന്നു് ഒരു മഹത്വമുണ്ടു്!

വേറൊരുതരം പെട്ടിവണ്ടിയിലായിരുന്നു തുടർന്നുള്ള യാത്രു. അതേ വലിപ്പമുള്ള വണ്ടിയിൽ കൂട്ടത്തൽപേർക്കു കയറേണ്ടിയിരുന്നു. ഫാദർ കോൾഫൻബാക്കും മൂന്നു യുവാക്കന്മാരും അലോയിസും ഒഴിച്ചു മറ്റു തടവുകാരെല്ലാം പുതിയവരായിരുന്നു. ഫ്രാൻസു് പരിതാപകരാവസ്ഥയിലായിരുന്നു; കുളിക്കുവാൻപോലും വരുന്നതിനു് അയാൾക്കു ശക്തിയുണ്ടായിരുന്നില്ല. വണ്ടിയിൽ കയറുവാൻ നിവൃത്തിയില്ലാതെ നിന്നിരുന്ന ഫ്രാൻനെ ഗാർഡു് തള്ളി നിലത്തുവീഴിച്ചു. ഞങ്ങളുടെ കാല്ക്കൽ മുഖംകുത്തിവീണ ഫ്രാൻസു് ദയനീയമായി എന്നെ നോക്കി. ആ കണ്ണുകളിൽ മാനസികവും ശാരീരികവുമായ വേദന ദൃശ്യമായിരുന്നു. ആ നോട്ടം എന്നെ സ്പർശിച്ചു. ഇത്ര ദയനീയമായ ഒരു കാഴ്ച ഇതിനുമുമ്പു ഞാൻ കണ്ടിട്ടില്ല. ദുഃഖഭരിതങ്ങൾ മനുഷ്യരൂപം പ്രാപിച്ചു ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട പ്രതീതി ഫ്രാൻസു് ഞങ്ങളിലുളവാക്കി.

മദ്ധ്യാഹ്നത്തിൽ വണ്ടിമാറുവാൻ ഞങ്ങൾക്കു കല്പന ലഭിച്ചു. ബോധരഹിതനായി കിടന്നിരുന്ന ഫ്രാൻസിനെ രക്ഷിക്കുവാൻ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. ഞങ്ങൾ അയാളെ അവിടെ ഉപേക്ഷിച്ചു് കല്പന പ്രകാരം പുതിയ വണ്ടിയിലേയ്ക്കുപോയി.

ഫാദർ കോൾഫൻബാക്കിന്റെ ആലസ്യവും ആശങ്കാജനകമായിത്തീർന്നു. ശരീരം ഒന്നനങ്ങുന്നതുതന്നെ അതിഭയങ്കരവേദന ഉണ്ടാക്കിയിരുന്നു. ഇത്തവണത്തെ വണ്ടിമാറ്റത്തിൽ സ്നേഹിതന്മാരെല്ലാം നഷ്ടപ്പെട്ടു. മുട്ടാളന്മാരായ ഒരു സംഘം യുവാക്കളുണ്ടായിരുന്ന പുതിയവണ്ടിയിൽ; അവർ മറ്റു സകല തടവുകാർക്കും നാനാവിധത്തിൽ ഉപദ്രവം ഉണ്ടാക്കുന്നവരാണു്.

"ഇടയൻ" എന്നു കളിപ്പേരുള്ള ഒരു പതിനെട്ടുകാരനാണു് പത്തു പേരുള്ള അവരുടെ സംഘത്തിന്റെ നേതാവു്. ഏറ്റവും നല്ല സ്ഥലം കരസ്ഥമാക്കുവാനായിരുന്നു അവർ ആദ്യം തങ്ങളുടെ മുഷ്ടു് പ്രയോഗിച്ചതു്. തീവണ്ടി മോസ്കോയിൽനിന്നു പുറപ്പെട്ടതോടെ അവർ തങ്ങളുടെ അടവുകൾ പ്രയോഗിക്കുവാൻ തുടങ്ങി. അവരിൽ ഒരാളുടെ കൈയുറ ആരോ മോഷ്ടിച്ചെന്നു പറഞ്ഞു അവർ ബഹളം കൂട്ടിക്കൊണ്ടിരുന്നു. അപ്പോൾ അവരുടെ നേതാവു് അവരെ സമാധാനപ്പെടുത്തിയശേഷം പറഞ്ഞു, സകലരുടെയും ഭാണ്ഡം പരിശോധിക്കണമെന്നു്. അവർ പരിശോധന ആരംഭിച്ചു. അവസാനം, ഒരട്ടഹാസത്തോടെ അവരുടെ കൂട്ടത്തിലെ ഏറ്റവും നിരുപദ്രവിയും പ്രായംകുറഞ്ഞ ആളുമായ ഒരുത്തന്റെ ഭാണ്ഡത്തിൽനിന്നു് കൈയുറ കണ്ടുപിടിക്കപ്പെട്ടു.

കള്ളനായി മുദ്രയടിക്കപ്പെട്ടവന്റെ സംഭ്രമം അവിടെയുണ്ടായിരുന്ന ഒരു കൂനനെ അതിയായി സന്തോഷിപ്പിച്ചു. മറവുള്ളവക്കു ഒരു മാതൃകയാകുവാൻവേണ്ടി 'കള്ളനെ' തല്ലണമെന്നു് അയാൾക്കു നിർബ്ബന്ധമായിരുന്നു. 'കള്ളൻ' ഭയന്നു നിലവിളിയായി. അവരുടെ സംഘത്തിൽപ്പെടാത്ത ശാന്തശീലനായ ലോഥർ എന്നൊരു ചെറുപ്പക്കാരൻ ഇപ്രകാരം പറഞ്ഞു:

"അടിക്കേണ്ടതു് ആ പയ്യനെയല്ല, ഈ നില്ക്കുന്ന കൂനനെയാണു്. കൂനൻ ആ പയ്യന്റെ ഭാണ്ഡത്തിൽ കൈയുറ ഒളിച്ചുവയ്ക്കുന്നതു ഞാൻ കണ്ടതാണു്."

ഈ മുട്ടാളസംഘത്തിന്റെ കൂടെ കഴിച്ചുകൂട്ടിയ നാലു ദിവസം വളരെ പ്രയാസമുള്ള ദിവസങ്ങളായിരുന്നു. ഫാദർ കോൾഫൻബാക്കു് അവരുടെ പരിഹാസത്തിനും, നിന്ദനത്തിനും പാത്രമായി. വടക്കുകിഴക്കു് ലക്ഷ്യമാക്കി തീവണ്ടി ഓടിക്കൊണ്ടിരുന്നു. ഇതെന്നെ പരിഭ്രാന്തനാക്കി. ഞാൻ ഒരിക്കൽ ഒരു മാസികയിൽ ഒരു വിവരണം കാണുകയുണ്ടായി. ധ്രുവത്തിനടുത്തു് തുന്ദ്രാപ്രദേശങ്ങളിലുള്ള അതിഭയാനകമായ ശിക്ഷണ ക്യാമ്പുകളെക്കുറിച്ചായിരുന്ന പ്രസ്തുത വിവരണം. തീവണ്ടി അങ്ങോട്ടാണു് പോകുന്നതു്. അവിടത്തെ ക്യാമ്പുകളിലെ സ്ഥിതി ഏതൊരു സൈബീരിയൻ ക്യാമ്പിലേതലും കഷ്ടതരമായിരുന്നു. പെറു് കോറാ നദീതടത്തിനും വോർകുട്ടക്കുമിടയ്ക്കുള്ള കൊമി ഡിസ്ട്രിക്ടു് നിർബ്ബന്ധിത ജോലി വഴി വികസിപ്പിക്കുവാനാണു് സോവ്യറ്റു ശവമ്മെണ്ടിന്റെ പ്ലാൻ. പത്തുകൊല്ലംമുമ്പു് "വൈറ്റു് സീ കനാൽ" പണിയുന്നതിനു് അഞ്ചുലക്ഷം തടവുകാർ വേണ്ടിവന്നു. അതിനെക്കാൾ വൻതോതിലാണു് കൊമി വികസനം ആസൂത്രണം ചെയ്തിരിക്കുന്നതു്.

മാർച്ചു് ഇരുപതാം തീയതിയാണു് ഞങ്ങൾ മോസ്കോയിൽനിന്നു പുറപ്പെട്ടതു്. ഇരുപത്തിനാലാം തീയതി ഉയരമുള്ള, രണ്ടുവേലിയുടെ ഇടക്കുള്ളസ്ഥലത്തു് ഞങ്ങളെ ഇറക്കി.

നിലത്തുനിന്നു അധികം ഉയരമില്ലാത്ത, മഞ്ഞിൽ ആവൃതമായ അനേകം കെട്ടിടങ്ങൾ വേലിയുടെ വിടവിലൂടെ ഞാൻ കണ്ടു. വേലിയുടെ നടുവിലൂടെ ഞങ്ങളെ മാർച്ചുചെയ്യിച്ചുകൊണ്ടുപോയി. മരംകൊണ്ടുപണിതിട്ടുള്ള ഒരു കെട്ടിടത്തിൽ ഞങ്ങൾ ചെന്നുചേർന്നു. കുട്ടികളും വലിയവരുമടങ്ങിയ പല സംഘങ്ങൾ അവിടെയുണ്ടായിരുന്നു. കീറത്തുണിചുറ്റിയ ദരിദ്രന്മാരായിരുന്നു അവർ; എല്ലാവരും റഷ്യക്കാരാണു്, ഏതാണ്ടു് ആയിരം പേരോളമുണ്ടു്. അവർ അവിടെ താമസക്കാരാണെന്നു തോന്നുന്നു.

തടിച്ച ഒരു സ്ത്രീ ഞങ്ങളെ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ മൂന്നുപേർ ഇരുപ്പുണ്ടായിരുന്നു. വസ്ത്രങ്ങൾമാറി ഉണക്കുമുറിയിൽ ഇട്ടിട്ടുവരുവാൻ അവർ ആവശ്യപ്പെട്ടു. തിരിച്ചുവന്നപ്പോൾ ഞങ്ങളെ

ബഞ്ചിലിരുത്തി അവർ പണിയാരംഭിച്ചു. തലമുടിയും താടിമീശയും ഒരുവെട്ട വെട്ടിയശേഷം ഞങ്ങളുടെ കൈയിൽ വെള്ളമൊഴിച്ചുതന്നു. ശേഷിച്ചിരുന്ന രോമം വെള്ളംകൊണ്ട് നനക്കുവാൻ നിർദ്ദേശം തന്നു. മൂന്നാമൻ ഞങ്ങളുടെ ദേഹമാസകലം ഷേവുചെയ്തു.

തലമുടി വെട്ടിന്റെ ഒന്നാംഘട്ടം കഴിഞ്ഞപ്പോൾ ഒരു സ്ത്രീ ശ്രാവകശ്രേഷ്ഠത്തിലുള്ള സോപ്പുതന്നിട്ട് അടുത്തൊരു മുറിയിലേക്കു ഞങ്ങളെ കൊണ്ടുപോയി. പത്തുപന്ത്രണ്ടു മരത്തൊട്ടി നിരയെ ചേർത്തുള്ള വെള്ളം അവിടെ വച്ചിട്ടുണ്ടായിരുന്നു. വസ്ത്രം ധരിക്കുവാൻ വന്നപ്പോൾ ഓരോരുത്തർക്കും ഒന്നരണ്ടെണ്ണമെങ്കിലും കുറവുണ്ടായിരുന്നു. ഉണക്കലിന്റെ ശക്തിയിൽ നഷ്ടപ്പെട്ടതാവാം! ഒരു സെവറനും ഉപയോഗ്യവും എനിക്കു നഷ്ടപ്പെട്ടു. മോസ്കോയിലെ കുളിസ്ഥലത്തെക്കാൾ താണതരത്തിലുള്ള ഒന്നായിരുന്നു ഈ കുളിസ്ഥലം. ടൈഫോയിഡിനെതിരായുള്ള മുൻകരുതലായിരുന്നു ഈ കുളിപ്പിക്കൽ. തടവുകാരുടെ രോമം കത്രിച്ചുകളഞ്ഞതു് മൂട്ടകളെ വേട്ടയാടുക എളുപ്പമുള്ളതാക്കിത്തീർത്തു.

അമ്പതോളം പേരെ ഞങ്ങളുടെ പെട്ടിവണ്ടിയിൽ തിരുകിക്കയറ്റി; മിക്കവരും അപരിചിതരാണ്. മുട്ടാളന്മാരായ ചെറുപ്പക്കാർ വേറെ വണ്ടിയിലായിരുന്നതു് ഒരാശ്വാസമായിരുന്നു. പക്ഷേ ഈ ആശ്വാസം മിഥ്യയായിരുന്നു. അടുത്ത രണ്ടുദിവസത്തെ യാത്ര വളരെ ദുരിതംപിടിച്ച ഒന്നായിരുന്നു.

നിരന്തരമായ പീഡനവും സഹനവും തടവുകാരെ മൃഗതുല്യരാക്കിത്തീർത്തിരുന്നു. മാനുഷികമായ വികാരവിചാരങ്ങൾ അവരെ വിട്ടകന്നു കഴിഞ്ഞിരിക്കയാണ്. ഫാദർ കോൾഫൻബാക്കിന്റെ ദയനീയസ്ഥിതി ഏവർക്കും കാണാമായിരുന്നു. പക്ഷേ ആരും ഇരിക്കുവാൻ അദ്ദേഹത്തിനു സ്ഥലം കൊടുക്കുകയുണ്ടായില്ല. കക്കൂസിലെ വൃത്തിഹീനമായ തറയിൽ ഞങ്ങൾ ഇരുന്നു. കക്കൂസ് സാമാന്യം വലുതായിരുന്നതിനാൽ അവിടെ സ്ഥലമുണ്ടായിരുന്നു. തുറസ്സായ സ്ഥലമായിരുന്നതിനാൽ തണുപ്പു ശക്തിയായി അനുഭവപ്പെട്ടു. വി. പൗലോസിന്റെ വാക്കുകൾ ഞങ്ങൾ സ്മരിച്ചു. "ഞങ്ങൾ ലോകത്തിനും മാലാഖാമാർക്കും മനുഷ്യർക്കും (വിനോദ) കാഴ്ചയായിത്തീർന്നിരിക്കയാൽ ദൈവം ക്ലീഹന്മാരായ ഞങ്ങളെ മരണത്തിനു് എന്നപോലെ അവസാനത്തവരായിട്ടാണു നിയമിച്ചിരിക്കുന്നതു് എന്നു് എനിക്കു തോന്നുന്നു.....ഈ ക്ഷണംവരെയും ഞങ്ങൾക്കു വിശക്കുന്നു, ദാഹിക്കുന്നു; ഞങ്ങൾ നഗ്നരായിരിക്കുന്നു.....പാർപ്പിടംകൂടി ഞങ്ങൾക്കില്ല....ലോകത്തിന്റെ ചവറുപോലെയും സകല മനുഷ്യരുടെയും അഴുക്കുപോലെയും ഞങ്ങൾ ആയിത്തീർന്നിരിക്കുന്നു." (1 കോറ. 4 : 9 മുതൽ)

രാത്രിയിൽ മഞ്ഞുപെയ്തു് ഞങ്ങളുടെ ദേഹത്തുവീണുകൊണ്ടിരുന്നു. ഞങ്ങൾ തണുത്തു മരവിച്ചിരുന്നതിനാൽ ദേഹത്തുവീഴുന്ന മഞ്ഞു് ഉരുകിയിരുന്നില്ല. എന്റെ ഇടതുവശത്തിരുന്ന ലൂഥറൻ അദ്ധ്യാപകനോടു്

ഞാൻ ചേന്നിരുന്നു. ശണ്ഠകൂടുന്ന പ്രകൃതക്കാരനായിരുന്ന അയാൾ ശാന്തനായിത്തീന്നിട്ടുണ്ടു്; അയാൾ മരണത്തിനു് ഒരുങ്ങുകയായിരിക്കും.

ആ തണുത്ത രാത്രി കടന്നുപോയി; ആറുവൃദ്ധന്മാരെ മരണവണ്ടിയിലേക്കു മാറ്റിക്കിടത്തി. അങ്ങനെ ഫാദർ കോൾഫൻബാക്കിനും എനിക്കും ഇടംകിട്ടി. ഞങ്ങൾ കമ്പിളിപ്പുതപ്പു് ഒരുമിച്ചു പുതച്ചു. അധികദിവസം ജീവിക്കുവാൻ സാധിക്കുകയില്ലെന്നതന്നെ ഞങ്ങൾക്കു ബോദ്ധ്യമായി.

ഭക്ഷണം മിച്ചംവച്ചു സൂക്ഷിച്ചിരുന്ന പാത്രം ഞാൻ എടുത്തു. പാത്രത്തിൽ ലേബലൊട്ടിക്കാതിരുന്നതുകൊണ്ടായിരിക്കണം ആരും അതു് മോഷ്ടിക്കാതിരുന്നതു്. രണ്ടുപേർ പാത്രം തുറക്കുവാൻ കത്തി ചോദിക്കാതെതന്നെ തരികയുണ്ടായി. തന്മൂലം പാത്രത്തിന്റെ ഉള്ളടക്കത്തിൽ തങ്ങൾക്കും അവകാശമുണ്ടെന്നു മട്ടിലായിരുന്ന അവരുടെ ഇരുപ്പു്. ഉള്ളടക്കം എന്തെന്നു് എനിക്കറിഞ്ഞുകൂടായിരുന്നെങ്കിലും "അന്നാ അമ്മായി"യുടെ കലവറയിലെ നല്ല സാധനങ്ങൾ തന്നെയായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. പാത്രം തുറന്നപ്പോൾ സ്വാദുള്ള മണം വണ്ടിയിൽ വ്യാപിച്ചതിനാൽ പലർ എന്റെ ചുറകുകൂടി. പകുതിയോളം ഭക്ഷണം അങ്ങനെ നഷ്ടപ്പെട്ടു. വളരെ സ്വാദുള്ള പ്രസ്തുതഭക്ഷണം തടവുകാക്കു ചേന്നതായിരുന്നില്ല. സ്വാദുള്ള ഭക്ഷണത്തിന്റെ വില അടുത്ത മണിക്കൂർമുതൽ ഞങ്ങൾ അറിഞ്ഞുതുടങ്ങി.

പിറേറ രാത്രിയിലും ശക്തിയായി മഞ്ഞു പെയ്തുകൊണ്ടിരുന്നു. യാത്രതുടങ്ങിയിട്ടു് ഇരുപതു ദിവസമായി. തടവുവണ്ടിയിലെ അഞ്ചാമത്തേതും അവസാനത്തേതുമായ ഭക്ഷണം ആ രാത്രി ഞങ്ങൾക്കു ലഭിച്ചു. ഭക്ഷണം വിളമ്പുന്നതിലും മറവും ഗാർഡുമാർ ധൃതികൂട്ടിക്കൊണ്ടിരുന്നു.

മാർച്ചു് ഇരുപത്തഞ്ചാം തീയതിയായ അന്നു് ഓശാന ഞായറാഴ്ച ആയിരുന്നു. പെട്ടിവണ്ടിയിൽവച്ചുതന്നെ വിശുദ്ധവാരത്തിലേക്കു ഞങ്ങൾ പ്രവേശിക്കുകയാണു്. ദാഹിച്ചു തൊണ്ട വരണ്ടിരുന്നു. ആശ്വാസം കിട്ടുന്നതിനുവേണ്ടി തിരുമ്മിക്ക പുസ്തകത്തിൽനിന്നു ഓലവാർത്തുന്നഭാഗം ഞാൻ ഫാദർ കോൾഫൻബാക്കിനെ വായിച്ചുകേൾപ്പിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പള്ളികളിൽ പ്രസ്തുതഭാഗം വായിക്കുന്ന സമയമാണതെന്നു് ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു: "……കർത്താവു്" ഈജിപ്തിൽനിന്നു നിങ്ങളെ പുറപ്പെട്ടുത്തിയെന്നു വൈകുന്നേരം നിങ്ങളറിയും. പ്രഭാതത്തിൽ അവന്റെ മഹത്വം നിങ്ങൾ കാണും" (പുറപ്പാടു് 16 : 6–7).

തിരുമ്മിക്കഭാഗം മുഴുവൻ വായിക്കണമെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ കൈ തണുപ്പുമൂലം മരവിച്ചു തുടങ്ങിയിരുന്നു. കൈ ഉറക്കുപകരം ഒരു പഴയ കാലുറ കൈയിലിട്ടിരുന്നെങ്കിലും ഫലപ്രദമായില്ല.

പെട്ടിവണ്ടിയിൽ, ബാഹ്യലോകം കാണുന്നതിനുള്ള ജനൽ ഒരു വിടവുമാത്രമാണ്. ഒരു വിടവിലൂടെ മലയുടെ താഴ്വരയിലുള്ള ഒരു സെറിൽ മെൻറ് എനിക്കു കാണാമായിരുന്നു. റഷ്യൻ മാതൃകയിലുള്ള ഒരു പള്ളി, പള്ളിയുടെ ആകൃതിയിലുള്ള ഗോപുരത്തോടുകൂടി അവിടെ ഉയർന്നു നിന്നിരുന്നു. ഏതോ ശീതീ വിഭാഗത്തിൽപ്പെട്ടവരുടെ കൊവേന്തയാണതെന്നു തോന്നുന്നു. സാർ ചക്രവർത്തിമാർ അവരെ ഈ തരിശു ഭൂമിയിലേയ്ക്കു നാടുകടത്തിയതാവാം. നോക്കെത്താതെ വിസ്തീർണ്ണമായി കിടക്കുന്ന പ്രദേശങ്ങളിലെല്ലാം മഞ്ഞുകട്ടകളല്ലാതെ ഒന്നുമില്ല. അവിടെ ചില മരങ്ങൾ കാണ്മാനുണ്ട്. ആധുനികരീതിയിൽ പണിത ഒരു ചെറു കെട്ടിടം ഒരിടത്തു് കാണുകയുണ്ടായി. തീവണ്ടിപ്പാളം കാത്തു സൂക്ഷിക്കുന്നവർക്കു താമസിക്കുവാനുള്ളതാണ് അതു്.

ഞങ്ങളുടെ യാത്രക്കു ലക്ഷ്യമില്ലാത്തതുപോലെ കാണപ്പെട്ടു. തണുപ്പുകൊണ്ടും പട്ടിണികൊണ്ടും ഡിസൻറികൊണ്ടും മരിക്കാതെ പെട്ടിവണ്ടിയാകുന്ന ഗുഹയിൽ കഴിച്ചുകൂട്ടുകയാണ്, ജീവിക്കുക എന്നുപറഞ്ഞാൽ ഞങ്ങളെസംബന്ധിച്ചിടത്തോളം. ഒന്നിനെക്കുറിച്ചും ചിന്തിക്കുക സാദ്ധ്യമായിരുന്നില്ല.

IX ഏഴാം കോളം

ഇതിനുമുമ്പു പലപ്പോഴും നിന്നതുപോലെ അപ്രതീക്ഷിതമായി തീവണ്ടി വീണ്ടും നിന്നു. മറ്റു സ്ഥലങ്ങളിലെപ്പോലെ ഇവിടെയും അവ്യക്തവും പരുഷവുമായ സംസാരം ഞങ്ങളുടെ ചെവികളിൽ അലയടിച്ചു. വണ്ടി ഇവിടെ നിറുത്തിയതു് എന്തിനായിരിക്കാം? ഞങ്ങൾ ചിന്തിക്കുവാൻ തുടങ്ങി.

കതകുകൾ തുറക്കപ്പെട്ടു. "കെട്ടും ഭാണ്ഡവുമെടുത്തു പുറത്തിറങ്ങുക" അവർ കല്പിച്ചു. ചോദ്യം ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല എന്നു ഞങ്ങൾ പണ്ടേ ഗ്രഹിച്ചിരുന്നു. എല്ലാവരും സാമാനങ്ങളുമായി താഴെ ഇറങ്ങി. പലരും നന്നേ ക്ഷീണിച്ചിരുന്നു. ചിലർ ക്ഷീണാധിക്യത്താൽ വീഴുകയുണ്ടായി. വഴിയിൽ മഞ്ഞു വീണു കിടന്നിരുന്നു. വണ്ടി ഇവിടെ നിന്നതു, മറ്റു സ്ഥലങ്ങളിൽ നിന്നതുപോലെയല്ല എന്നു ഞങ്ങൾക്കു മനസ്സിലായി. എല്ലാ വാഗണുകളും വിജനമായി.

തണുപ്പുകൊണ്ടു പല്ലു കൂട്ടിയടിക്കുവാൻ തുടങ്ങി. ചുണ്ടുകൾ തമ്മിൽ ബലമായി കടിച്ചുപിടിച്ചുകൊണ്ടു അവർ കാണിച്ച വഴിയിലൂടെ ഞങ്ങൾ ഇഴഞ്ഞിഴഞ്ഞു് മുന്നോട്ടു നീങ്ങി. മഞ്ഞിൽതെറ്റി ഞാൻ മുഖംകുത്തി വീണു. ഫാദർ ജോസഫ് കോംഫർബാക്കു് എന്നെ പിടിച്ചെഴുന്നേല്പിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടെ ഞാൻ മന്ദംമന്ദം മുന്നോട്ടു നീങ്ങി. ഞങ്ങളുടെ പിറകിൽ വന്നിരുന്ന ഒരു വൃദ്ധൻ കാൽതെറ്റി വീണു. പാവം! അയാളെ സഹായിക്കുവാൻ ആരും ഉണ്ടായില്ല. ജീർണ്ണിച്ച ഒരു ഷെഡ്ഡു് കടന്നുകഴിഞ്ഞപ്പോൾ ഞങ്ങൾക്കുദ്ദേശിച്ച സ്ഥലം ദൃഷ്ടിയിൽപെട്ടു.

ചുറ്റും കാട്ടുകമ്പുകൾകൊണ്ട് പത്തടി ഉയരത്തിൽ വേലികെട്ടിയിട്ടുള്ള ഒരു പറമ്പ്; നാലുമൂലയിലും ഓരോ വാച്ച്ഹൗസ്: മതിലിന്റെ മുകളിൽ നീണ്ട ഒരു മേല്പുര. ഞങ്ങളുടെ നേരെമുമ്പിലുള്ള ഗെയിറ്റിൽ മരംകൊണ്ടുള്ള ആഴ്ചയിൽ റഷ്യൻ ഭാഷയിൽ എഴുതിയിരുന്നതു ഞങ്ങൾ വായിച്ചു: "ഏഴാം കോളം".

ഇതായിരുന്നു ഞങ്ങളുടെ പുതിയ വസതി. ഈ പുതിയ വാസസ്ഥലത്തെക്കുറിച്ച് അധികം ചിന്തിക്കാൻ നേരം കിട്ടിയില്ല. കാവല്ക്കാർ ചാട്ടചുഴറ്റുന്ന ശബ്ദം ഞങ്ങളുടെ ചെവിയിൽ മുഴങ്ങി. അവരുടെ ക്രൂരാട്ടഹാസങ്ങൾ ഞങ്ങളെ ഭയാകുലരാക്കി. "ചാട്ടയുടെ പ്രയോഗം കൂടാതെ ഇവറ്റകൾ നടക്കുകയില്ല." അവർ അലറുകയാണ്. വീണ്ടും ചാട്ടകൾ ചുഴറ്റുന്ന ശബ്ദം, അന്തരീക്ഷത്തെ ഭേദിച്ചു.

ഇടുങ്ങിയ, വൃത്തിഹീനമായ ഒരു ഹാളിലേക്ക് അവർ ഞങ്ങളെ നയിച്ചു. അതിനുചുറ്റും വളരെ ഉയരത്തിൽ മഞ്ഞുവീണ കിടന്നിരുന്നു. ഞങ്ങളുടെ പുതിയ വസതി മഞ്ഞിനകത്തു് പട്ടത്തുയത്തിയിരിക്കുന്നതായിതോന്നി. തറയിൽനിന്നു് അല്പം പൊക്കിനിറുത്തിയിരുന്ന പലകകളായിരുന്ന കിടക്കകൾ. നാലുവശത്തും ഉണ്ടായിരുന്ന ചെറിയ ഗ്ലാസ് ജനലുകൾ മാത്രമാണ് പ്രകാശം അകത്തുകടക്കുവാനുള്ള മാർഗ്ഗം. വായുകയറുവാനുള്ള ഏക മാർഗ്ഗം ഒരു വാതിലും. ഹാളിന്റെ നടുവിലായി ഒരു പഴയ സ്റ്റൗവും വച്ചിട്ടുണ്ട്; തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ.

ഞങ്ങൾക്ക് ഒരേ ഒരു വിചാരം മാത്രമാണുണ്ടായിരുന്നതു്: കഴിയുന്നതും നല്ല സ്ഥലം കരസ്ഥമാക്കുക. അല്പം ഇടം കിട്ടുവാൻവേണ്ടിയുള്ള ഈ രീതിയിലുള്ള ഉന്തിപിടിത്തം ഞങ്ങൾക്കു പുത്തരി ആയിരുന്നില്ല. അഞ്ചാഴ്ചയോളമായി ഇത്തരം മല്പിടുത്തം പലപ്പോഴും നടത്തേണ്ടതായിവന്നിട്ടുണ്ട്. രണ്ടാം നിരയിൽ അല്പം സൗകര്യപ്രദമായ സ്ഥലം ഞാൻ ഒരുവിധത്തിൽ സമ്പാദിച്ചു. ഫാദർ കോംഫൻബാക്ക് എന്റെ അടുത്തൊരു കിടപ്പിടം കിട്ടുവാൻ പരിശ്രമിച്ചു. അദ്ദേഹം നന്നേ തളർന്നിരുന്നതുകൊണ്ട്, അദ്ദേഹത്തിനുമുമ്പ് വേറെ മൂന്നുപേർ ആ സ്ഥലം കരസ്ഥമാക്കി. ഭാണ്ഡം പുറകിൽവച്ച് കാലുനീട്ടി ഞാൻ ഇരുന്നു. അനേകദിവസം തീവണ്ടിയിൽ മരുങ്ങുതിരിയുവാൻ ഇടമില്ലാതെ കഴിച്ചുകൂട്ടിയ എനിക്ക് പരുപരുത്ത പലക പട്ടുമെത്തപോലെ തോന്നി.

വിശ്രമിക്കുവാൻ തുടങ്ങിയില്ല, അതിനുമുമ്പ് കാവല്ക്കാർ ഞങ്ങളോട് കല്പിച്ചു; "വേഗം അവരവരുടെ ഭാണ്ഡവുമെടുത്തു് പുറത്തേയ്ക്കു വരിക." ഇൻസ്റ്റൻബുൾ മുതൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന പട്ടാളക്കാർ ആണ് അവർ. ഞങ്ങളുടെ ഭാണ്ഡവും വസ്ത്രവും അവർ അവസാനമായി ഒന്നുകൂടി പരിശോധിക്കുവാൻ പോകയാണ്. എനിക്കു എന്തെന്നില്ലാത്ത കോപം ഉണ്ടായി. കാഴ്ചയിൽ വിഡ്ഢിയെന്നു തോന്നിക്കുന്ന ഒരു പട്ടാളക്കാരൻ എന്റെ അടുത്തുനിന്നിരുന്ന ഒരാളുടെ പക്കൽനിന്നു് ഒരു ജപ

മാല പിടിച്ചുപറിക്കുന്നതു കണ്ടപ്പോൾ എന്റെ കോപം നിയന്ത്രണാതീതമായി. "സ്റ്റലിൻ പറയുന്ന മതസ്വാതന്ത്ര്യമുണ്ടെന്നു", ഞാൻ ഗർജ്ജിച്ചു. "ഭക്തസാധനമായ ജപമാല എടുത്തുമാറ്റുവാൻ നിങ്ങൾക്കധികാരമില്ല." ഞാൻ പറഞ്ഞതിൽ സ്റ്റലിൻ എന്ന ഒറ്റ വാക്കുമാത്രമേ അയാൾക്കു മനസ്സിലായുള്ളൂ എന്നു തോന്നുന്നു. എന്റെ കോപാവേശവും കൈ എടുപ്പും അയാളെ ഇതികർത്തവ്യതാമൂഢനാക്കി. ജപമാല എടുക്കുവാൻ അയാൾ ധൈര്യപ്പെട്ടില്ല.

കാവല്ക്കാർ പോയിക്കഴിഞ്ഞപ്പോൾ മറുവശത്തുനിന്നും ആരോ വളരെപ്പുരുഷമായി പറയുന്നതുകേട്ടു: "നിങ്ങളുടെ കടുത്ത അന്ധവിശ്വാസം. ആ നിസ്സാര സാധനത്തിനുവേണ്ടി കാവല്ക്കാരെ ഞങ്ങൾക്കെതിരായി പിണക്കിയതു വലിയ കഷ്ടമായിപ്പോയി!"

ഞാൻ മറുപടി പറയുന്നതിനുമുമ്പ് മുൻനിരയിൽനിന്ന ഒരാൾ സൗമ്യമായി പറഞ്ഞു: "ഒന്നു മിണ്ടാതിരിക്കൂ, ഫ്രിറ്റ്സ്. ഞാൻ കത്തോലിക്കനല്ല. എങ്കിലും മറുള്ളവരുടെ വിശ്വാസത്തെ മാനിക്കാതിരിക്കാൻ എനിക്കു വയ്യ. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

ഈ സാഹചര്യത്തിൽ തീരെ അപ്രതീക്ഷിതമായിരുന്ന പ്രസ്താവാക്കുകൾ. എനിക്കുവേണ്ടി വീറോടെ വാദിക്കുന്ന ആ മനുഷ്യനെ ഒന്നു കാണുവാൻ ഞാൻ എത്തിനോക്കി. കിളരം കൂടിയ അയാൾ പെട്ടിയിൽ സാമാനങ്ങൾ ക്രമപ്പെടുത്തിവയ്ക്കുകയാണ്. അയാളുടെ വലതു കണ്ണിന്റെ മുകളിൽ ഉണങ്ങിത്തുടങ്ങിയ ഒരു മുറിവുണ്ട്. കൈയിൽ പുറംചട്ടയില്ലാത്ത ഒരു പുസ്തകം പിടിച്ചിരിക്കുന്നു.

"ഓഹോ, നിങ്ങൾ അവരുടെ കണ്ണിൽ പൊടിയിട്ട് ഒരു പുസ്തകം കടത്തിയിട്ടുണ്ടല്ലോ?"

"എന്റെ ഏക നിധിയാണിതു" അയാൾ പറഞ്ഞു. "ഇതു ബൈബിളാണ്. പുറംചട്ട മോസ്കോയിലെ പരിശോധനയിൽ അവർ കീറികളഞ്ഞു. ഭാഗ്യംകൊണ്ട് പേജ് ഒന്നുപോലും നഷ്ടപ്പെട്ടില്ല. ആ പരിശോധനയിൽ എന്റെ പുതപ്പും, അപ്പം സൂക്ഷിക്കുന്ന സഞ്ചിയും, എന്റെ ഭാര്യയുടെയും മൂന്നു കുട്ടികളുടെയും ഫോട്ടോയും അവർ കണ്ടുകെട്ടുകയുണ്ടായി. ദൈവാധീനംകൊണ്ട് എന്റെ ബൈബിൾ തിരിച്ചുതന്നു."

"നിങ്ങളുടെ പേരു?"

"തെയഡോർ ഗോബെൽ, ഞാൻ സുവിശേഷസഭയിലെ ഒരു പാസ്റ്റർ ആണ്."

"അപ്പോൾ നാം മിശിഹായിൽ സഹോദരന്മാർ ആണ്. ഞാൻ ഏറമ്പ്ലാൻഡിൽ നിന്നുള്ള ഒരു കത്തോലിക്കാ വൈദികനാണ്. എന്റെ കൂടെ ജോസഫ് കോൾഹൻബാക്ക എന്നൊരു വൈദികൻ കൂടിയുണ്ട്."

'സുവിശേഷ'സഭയിലെ പാസ്റ്ററുമായുള്ള പരിചയം ഫാദർ ജോസ

ഹിന്ദു സന്തോഷപ്രദമായിരുന്നു. പിന്നീട് മനസ്സിലായി ഗോബലിന്റെ ഭാര്യയും ഫാദർ ജോസഫും ചെറുപ്പകാലത്തു് കളിത്തോഴന്മാരായിരുന്നു എന്നു്. റൈൻ നദിയുടെ തീരത്തുള്ള ഒരു ചെറു പട്ടണത്തിൽ ഫാദർ ജോസഫിന്റെ തൊട്ടയൽപക്കത്തായിരുന്നു ഗോബലിന്റെ ഭാര്യാവീടു്.

അവർ സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ പോയി എന്റെ അമൂല്യനിധി (മിസ്സാം) യുമായി തിരിച്ചുവന്നു. ബൈബിളും മിസ്സാളും മാറി മാറിയുപയോഗിക്കാമെന്നു ഞങ്ങൾ നിശ്ചയിച്ചു. പാസ്റ്റർ ഗോബലുമായി അന്നാരംഭിച്ച സുഹൃത്ബന്ധം ഇന്നും നിലനില്ക്കുന്നു. 'വലിയ ആഴ്ച' ക്രമങ്ങൾ എങ്ങനെ നടത്തണമെന്നു ഞങ്ങൾ ആലോചിച്ചു. ഓഖെ വെള്ളിയാഴ്ച രാത്രിയിൽ ഒരു പ്രസംഗം പാസ്റ്റർ ഗോബൽ പറയണം. ഈസ്റ്റർ ഞായറാഴ്ച പ്രസംഗം ഞാൻ പറഞ്ഞുകൊള്ളാം.

ഈ കൂടിക്കാഴ്ച ഞങ്ങളോരോരുത്തർക്കും നവോന്മേഷം പ്രദാനം ചെയ്തു. ഞങ്ങളോടു് പിരിഞ്ഞുപോകുവാൻ ഒരു പട്ടാളക്കാരൻ ആവശ്യപ്പെടുന്നതുവരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു.

പറമ്പിന്റെ നടുക്കുള്ള ബാരക്കിലേക്കു ഞങ്ങൾ നടന്നു. അങ്ങോട്ടു നയിക്കുന്ന പാത തീരെ ഇടുങ്ങിയതാണു്. ഇരുവശവും ഉരത്തോളം പൊക്കത്തിൽ മഞ്ഞുവീണുകിടക്കുന്നു. ഒരു മെല്ലിച്ച കുതിര എന്തോ ഭാരം വഹിച്ചുകൊണ്ടു ഞങ്ങൾക്കെതിരേ വരുന്നുണ്ടു്. മങ്ങിയ പ്രകാശത്തിൽ വിറകുകെട്ടുപോലെ അതു കാണപ്പെട്ടു. അര ഡസനോളം പേരുടെ വെറുങ്ങലിച്ച ശവശരീരങ്ങളാണ അതെന്നു ഞങ്ങൾക്കു മനസ്സിലായി. കുതിര പ്രസ്തുത ഭാരവും വഹിച്ചുകൊണ്ടു പ്രധാന ഗെയിറ്റു കടന്നു് പുറത്തേയ്ക്കു പോയി. ഞങ്ങൾ നീണ്ട ഒരു ശാലയിലേക്കു പ്രവേശിച്ചു; അവിടെ വെളിച്ചം കഷ്ടിയാണു്. മേശയും ബഞ്ചും നിരകളായി ഇട്ടിരിക്കുന്നു. ഭക്ഷണശാലയാണു്. കുരിനിയുടെ വാതുക്കൽ മൂന്നു ജർമ്മൻ പെൺകുട്ടികൾ നില്ക്കുന്നുണ്ടു്. അകത്തു് ഒരാൾ ഭക്ഷണസാധനങ്ങൾ പാകം ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരുന്നു.

ഞങ്ങളുടെ മേശയിലേയ്ക്കു് പെൺകുട്ടികൾ ട്രേയിൽ ചൂടുള്ള റൊട്ടി കൊണ്ടുവന്നു. റൊട്ടി വായിൽ വച്ചതോടെ ഞങ്ങളുടെ പ്രതീക്ഷ നശിച്ചു. വളരെ ആകർഷകമായി കാണപ്പെട്ട റൊട്ടി കയ്പ്പും പുളിയുമുള്ളതായി അനുഭവപ്പെട്ടു. പൂത്തുപഴകിയ മാവുകൊണ്ടാണു് അവയുണ്ടാക്കിയിരുന്നതു്. പിന്നീടു് സസ്യ സൂപ്പു വിളമ്പപ്പെട്ടു. അതിൽ വേരോടുകൂടിയ ക്യാരറും കഷ്ണങ്ങൾ ഉണ്ടായിരുന്നു. നല്ല ദാഹമുണ്ടായിരുന്നതുകൊണ്ടു് സൂപ്പു മുഴുവൻ ഞങ്ങൾ ഉള്ളിലാക്കി.

അവർ മൂന്നാമതും ട്രേയുംകൊണ്ടു വരുന്നതു കണ്ടപ്പോൾ ഞങ്ങൾക്കു ത്രുതമായി. മെയിസു് ഡിഷും കൊഴുപ്പും വിളമ്പപ്പെട്ടു. അക്കുറിയും അതു കഴിക്കുവാൻ കഴിഞ്ഞില്ല, കയ്പു നിമിത്തം. ഭക്ഷണം കഴിഞ്ഞു

ഞങ്ങൾ ദൈവത്തിനു ഹൃദയപൂർവ്വം നന്ദിപറഞ്ഞു. അടുത്ത നാലാഴ്ച ഇതുതന്നെയായിരുന്നു ഞങ്ങളുടെ ഭക്ഷണക്രമം.

ബാരക്കിലേക്കു തിരിച്ചുപോകുമ്പോൾ വേലിക്കു പുറത്തായി ഏഴു പേർ ഒരു കുടിലിനു ചുറ്റുമായി നില്ക്കുന്നതു ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടു. കിഴക്കൻ പോളണ്ടിൽനിന്നു തടവുകാരായി പിടിക്കപ്പെട്ട മുന്നൂറുപേരിൽ ശേഷിച്ചവരത്രെ അവർ. 1939-ൽ ഉണ്ടായ ഹിറ്റ്ലർ-സ്റ്റലിൻ ഉടമ്പടിയിൽ കിഴക്കൻ പോളണ്ടു് സോവ്യറ്റു യൂണിയനിന്റെ ഭാഗമായി. രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യപ്പെട്ടവരായിരുന്നു ആ സൈന്യവിഭാഗം.

അവർക്കു കാഴ്ചയിൽ 80-വയസ്സു തോന്നിക്കും. എന്നാൽ അവർ എല്ലാവരുംതന്നെ നാല്പതിൽ താഴെയുള്ളവരാണു്.

ഞങ്ങൾ ബാരക്കിൽ എത്തി. തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ നടുക്കു നെരിപ്പോടു കത്തിച്ചിരിക്കയാണു്. ശാല പുകകൊണ്ടു നിറഞ്ഞു. ആ രാത്രി വീണ്ടുമുട്ടി ചത്തുപോകുമോ എന്നു ഞങ്ങൾ ഭയപ്പെട്ടു.

കിളരംകൂടി, മെല്ലിച്ച ഒരുദ്യോഗസ്ഥൻ കാലത്തെ ഞങ്ങളെ ഉണർത്തി. അകാരണമായുള്ള അയാളുടെ കോപം കണ്ടപ്പോൾ ഞങ്ങൾ വിചാരിച്ചു അയാൾ ഒരു ഞരമ്പുരോഗിയാണെന്നു്. വാതലിനുസമീപം കിടന്നുറങ്ങിയിരുന്ന ആളിന്റെ ഭാണ്ഡവും വസ്ത്രങ്ങളും അയാൾ വലിച്ചു പുറത്തിട്ടു. ചുരുണ്ടുകൂടി ഉറങ്ങിയിരുന്ന ആ മനുഷ്യനെ അയാൾ ശകാരവർഷം ചെയ്തു. പ്രസ്തുത ഉദ്യോഗസ്ഥന്റെ വർത്തനം കണ്ടു ഞങ്ങൾ ഭയചകിതരായി. അയാളാണത്രേ ഞങ്ങളുടെ ഡോക്ടർ. അയാൾ ഒരു പൊതു നിർദ്ദേശം നല്കി: "നല്ലപോലെ രക്തചംക്രമണം ഉണ്ടാകണമെങ്കിൽ നീണ്ടുനിവർന്നു കിടന്നുറങ്ങണം. മേലിൽ ആരും പുതപ്പിനുള്ളിൽ ചുരുണ്ടുറങ്ങരുതു്." ശക്തിയായി അടിച്ചുകൊണ്ടിരുന്ന തണുത്ത കാറ്റിൽനിന്നു രക്ഷപ്പെടേണ്ടതെങ്ങിനെയെന്നു നിർദ്ദേശിക്കുക അയാളുടെ കടമയിൽപ്പെട്ടതായിരുന്നില്ല. ആരോഗ്യശാസ്ത്രത്തിലെ ചില തത്വങ്ങൾ മാത്രം അയാളുപദേശിച്ചുതന്നു!

അയാളുടെ കോലുപോലെ മെല്ലിച്ച കാലുകളും അലക്ഷ്യമായി വളർത്തിയിട്ടിരുന്ന തലമുടിയും കണ്ടപ്പോൾ ഞങ്ങൾ അയാൾക്കൊരു പേരു നല്കി; കരിംപൂതം.

ഡോക്ടർ മൂന്നാമതായി കിടന്നിരുന്ന ആളെ ഉണർത്താൻ ഒന്നു തൊഴിച്ചുനോക്കി, അയാൾക്കനക്കമില്ല. കോപാവേശത്തോടെ ഡോക്ടർ അയാളുടെ കോട്ട വലിച്ചുകീറി. അയാൾ മരിച്ചു വിറങ്ങലിച്ചു കിടക്കുന്നതു കണ്ടിട്ടു് 'കരിംപൂത'ക്കു വലിയ ഭാവഭേദമൊന്നും ഉണ്ടായില്ല. ഞങ്ങളുടെ ബാരക്കിൽ വേറെ മൂന്നുപേർകൂടി മരിച്ചു കിടന്നിരുന്നു. കൂടെ കിടന്നിരുന്ന ആരും അറിയാതെ അവർ മരിച്ചു. ഭക്ഷണശാലയിലേയ്ക്കു ഭക്ഷണം കൊണ്ടുവരുന്ന വണ്ടിയിൽ ശവശരീരങ്ങൾ പുറത്തേയ്ക്കു

സംവഹിക്കപ്പെട്ട. മറ്റു ബാരക്കുകളിൽ വേറെ ആറുപേർ അന്നുരാത്രി മരിച്ചിട്ടുണ്ടായിരുന്നു.

പ്രഭാത ഭക്ഷണത്തിനു ഭക്ഷണശാലയിലേയ്ക്കു പോകുവാൻ ബാരക്കു ഗാർഡ് കല്പിച്ചു. ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ആറു പേർക്ക്, കാലിലെ നീർക്കെട്ടുമൂലം അനങ്ങുവാൻ നിർവാഹമുണ്ടായിരുന്നില്ല. 'കരിംപൂതം' ഭണ്ഡചികിത്സ പ്രയോഗിച്ചു നോക്കി. അവരിൽ ചിലർക്ക് കാലു നിവർത്തുകതന്നെ സാദ്ധ്യമായിരുന്നില്ല. അവരെ മൃതദേഹങ്ങളുടെ കൂട്ടത്തിൽ വണ്ടിയിലാക്കി ഹോസ്പിറ്റൽ മുറിയിലേയ്ക്കു കൊണ്ടുപോയി.

പ്രഭാതഭക്ഷണസമയത്തു ഒരു കാര്യം ഞങ്ങൾക്കു മനസ്സിലായി. എല്ലാവരുടേയും കവിളുകൾ വീർത്തും കണ്ണുകൾ പകുതി അടഞ്ഞുമാണിരിക്കുന്നതെന്ന്; എല്ലാവരും ഏതെങ്കിലും തരത്തിൽ വൈരൂപ്യം പ്രാപിച്ചിരിക്കുകയാണ്. ഇതെങ്ങനെ സംഭവിച്ചു! നാലഞ്ചാഴ്ചകൾക്കിടയിൽ ഭാഹം രമിക്കാൻമാത്രം കൂടിക്കാൻ കിട്ടിയതു് ഇന്നലെ മാത്രമാണ്. ഇതും ദിവസത്തെ തണുപ്പിനശേഷം കഴിഞ്ഞരാത്രി ബാരക്കിലെ ചൂടു് അതിശക്തിയായിരുന്നു. ശരീരം പൂതിയ പരിതഃസ്ഥിതിയുമായി ഇണങ്ങിച്ചേരാൻ ശ്രമിക്കുന്നതിന്റെ ബാഹ്യാടയാളമാണ് ഇപ്പോൾ കാണുന്ന ഈ വൈരൂപ്യം.

തടവുപുള്ളികളെ നിരയായി ഇരുത്തി അല്പം വിളമ്പി. ക്യാമ്പിലെ രാഷ്ട്രീയ കമ്മിസാർ—ഒരു ജർമ്മൻകാരൻ—സൗമ്യമായി പറഞ്ഞു: അപ്പം മുഴുവൻതിന്നുക; വെള്ളം കുടിക്കാതിരിക്കുകയായിരിക്കും നല്ലതു്.” അപ്പം വെള്ളം കുടിച്ചു വീർത്താണിരിക്കുന്നതു്. അയാൾ എന്താണാവോ ഉദ്ദേശിച്ചതു്? മേശക്കിരിക്കുമ്പോൾ ചെയ്യേണ്ട ഉപചാരവിധികളെക്കുറിച്ചു് അയാൾ ഞങ്ങളെ പഠിപ്പിക്കാൻ തുടങ്ങി: “ഭക്ഷണത്തിനിരിക്കുമ്പോൾ തൊപ്പി മാറേണ്ടതാണ്” നല്ല തണുപ്പുണ്ടു്. എതിരൊന്നും പറയാതെ, അനുസരണയുള്ള സ്കൂൾകുട്ടികളെപ്പോലെ ഞങ്ങൾ തൊപ്പിമാറ്റി. കമ്മിസാർ സംതൃപ്തിയോടെ സ്ഥലം വിട്ടു. ഞങ്ങൾ തൊപ്പിയെടുത്തു തലയിൽ ഭംഗിയായി വച്ചുകൊണ്ടു് ഭക്ഷണം പൂർത്തിയാക്കി.

പ്രഭാതഭക്ഷണം കഴിഞ്ഞു ഒരാൾ മരിച്ചു ഒഴിഞ്ഞ സ്ഥലത്തേയ്ക്കു് കിടപ്പടംമാറ്റി. അതു് ഫാദർ ജോസഫിന്റെ അടുത്തായിരുന്നു.

ക്യാമ്പിലെ ആദ്യദിവസംതന്നെ ഞങ്ങൾ എവിടെയാണെന്നും, എന്താണ് ചെയ്യേണ്ടതെന്നും അവർ പറഞ്ഞുതന്നു. സീനിയർ ഉദ്യോഗസ്ഥൻ കല്പിച്ചു: “വഴിയിൽ രണ്ടു നിരയായി അണിനിരക്കുക” മൂന്നു ഉദ്യോഗസ്ഥന്മാർ അണിയുടെ ഇടയിലൂടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ നടന്നു പരിശോധിച്ചു. മിലിട്ടറി യൂണിഫോം ധരിച്ച നട്ടുവിൽ നില്ക്കുന്ന പൊക്കം കുറഞ്ഞ ഉദ്യോഗസ്ഥൻ പരിശോധന കഴിഞ്ഞപ്പോൾ ഞങ്ങൾക്കു മനസ്സിലാകാത്ത രീതിയിൽ എന്തൊക്കെയോ പറഞ്ഞു. ദ്വിഭാഷി ഞങ്ങളുടെ നേരെ തിരിഞ്ഞു പ്രസംഗമാരംഭിച്ചു. വിധിവാചകം

കേൾപ്പാൻ നില്ക്കുന്ന കൊലപ്പുള്ളിയെപ്പോലെ ഞങ്ങൾ ശ്വാസം അടക്കിനിന്നു.

"സോവ്യറ്റ് യൂണിയനിലെ ഒരു പ്രധാന പ്രോജക്ടിലെ സഹപ്രവർത്തകരായി ഹൈക്കമാൻഡർ നിങ്ങളെ സ്വാഗതം ചെയ്യുന്നു. രാജ്യരക്ഷയെ കാതലായി ബാധിക്കുന്ന ഈ പ്രോജക്ട് വളരെ പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്. പെറ്റ്കൊറ (Petchora)റെയിൽപാത കേട്പാടുകൾ പോക്കി പുതുക്കിപ്പണിയുകയാണ് നിങ്ങളുടെ ജോലി. വോർക്കട്ടയിൽ (Vorkuta) നിന്ന് ലെനിൻഗ്രാഡ്, ശോക്കി, മോസ്കോ എന്നിവിടങ്ങളിലേയ്ക്ക് കല്ക്കരിയും എണ്ണയും കൊണ്ടുവരുന്ന, പ്രാധാന്യമർഹിക്കുന്ന റെയിൽപാതയാണിതു." ടിഭോഷി ഹൈക്കമാൻഡറിന്റെ നേരെ തിരിഞ്ഞു ബഹുമാനസൂചകമായി തലകുനിഞ്ഞു. ഏഴാം കോളത്തിൽ വച്ചു ഞങ്ങൾ ഏതാണ്ടു ഹൃദിസ്ഥമാക്കിയ ഒരു കാര്യം അയാൾ വീണ്ടും ഞങ്ങളെ ഓർമ്മപ്പെടുത്തി. "ബൃഹത്തായ ഒരു സംരംഭമാണിതു്. അനേകായിരം പേർ ഈ ജോലിയിൽ തങ്ങളുടെ ജീവൻ ആഹുതി ചെയ്തിട്ടുണ്ട്. നിങ്ങളിൽ പലർക്കും അതുതന്നെ സംഭവിച്ചെന്നുവരും. ഒരു കാര്യം എപ്പോഴും ഓർമ്മയിൽ ഉണ്ടായിരിക്കണം. നിങ്ങൾ വന്നിരിക്കുന്നതു് ഒരു സുഖവാസസ്ഥലത്തല്ല; ഇതൊരു ലേബർ ക്യാമ്പാണ്. സോവ്യറ്റ് യൂണിയനിലെ നിയമങ്ങൾ കൃത്യമായി പാലിക്കാതെ ഇവിടെ ജീവിക്കുക സാദ്ധ്യമല്ല. ജോലിചെയ്യുന്നവർക്കു ഭക്ഷണം ലഭിക്കും; അല്ലാത്തവരുടെ ജീവിതം അധികം നീളുകയില്ല!

ഉദ്യോഗസ്ഥന്മാർ കാറിൽ കയറി പുറത്തേയ്ക്കുപോയി. പെറ്റ്കോറാക്കും വോർക്കട്ടക്കും ഇടക്കുള്ള കൊമി (Komi) ഡിസ്ട്രിക്ടിലെ നിർബന്ധിത ലേബർ ക്യാമ്പിലാണ് ഞങ്ങളെ അടച്ചിരിക്കുന്നതെന്നു് മനസ്സിലായി. ടെയിനിൽവച്ചു് ഞാൻ ഭയപ്പെട്ടതുതന്നെ സംഭവിച്ചു. സോവ്യറ്റ് യൂണിയനിൽ അഭ്യന്തരവകുപ്പിന്റെ കീഴിലുള്ള കൊമി നിർബന്ധിത ലേബർ ക്യാമ്പിനെക്കുറിച്ചു ഞാൻ വായിച്ചിട്ടുണ്ട്. കൊമി ഡിസ്ട്രിക്ടിനു ജർമ്മനിയുടെ ഇരട്ടിവലിപ്പമുണ്ട്. പെറ്റ്കോറ ബാരൻസ് കടലിലേക്കൊഴുകുന്ന ഒരു നദിയാണ്. ആർക്കെയിഞ്ചൽ പട്ടണത്തിൽ നിന്നു ഏതാണ്ടു് അഞ്ഞൂറുമൈൽ വടക്കുകിഴക്കാണ് ഈ ലേബർക്യാമ്പു്. സൈബീരിയൻ തടങ്കൽ പാളയത്തെക്കാൾ ഭയങ്കരമാണ് ഇവിടത്തെ നിർബന്ധിത ലേബർക്യാമ്പു്.

ഞങ്ങൾ ചിന്താമഗ്നരായിരിക്കയാണ്. ടിഭോഷി വീണ്ടും ഞങ്ങളെ സമീപിച്ചു. നേരത്തെ പറയാൻ വിട്ടുപോയ ചില കാര്യങ്ങൾ പറയുവൻ വന്നിരിക്കയാണ്. "നിങ്ങളോട് സംസാരിച്ച ഓഫീസർ കൊമിയിലെ ലേബർ ക്യാമ്പുകളുടെ സൂപ്രണ്ടിപതിയാണത്രെ. നിങ്ങളുടെ ജോലി ഇതാണ്. റെയിൽപ്പാളത്തിൽനിന്ന് കുറെ അകന്നു് ഒരു തോട്ടവെട്ടുക. ഇസ്മാ നദിയുടെ മുകളിലുള്ള റെയിൽപാലത്തിന്റെ സുര

719

ക്ഷിതത്വത്തിനു ഈ തോട്ടം ആവശ്യമാണു്. വേനൽക്കാലത്തു മഞ്ഞുരുകിയും, വർഷത്തിൽ വെള്ളപ്പൊക്കത്തിലും പാലം വെള്ളത്തിനടിയിൽ ആകാറുണ്ടു്. പെറ്റ്കോറായുടെ ഒരു പോഷകനദിയാണു് ഇസ്മാ.

"തോട്ടപണി കുറെ കഠിനമായിരിക്കും. പണിയാരംഭിക്കുന്നതിനു മുമ്പു് പത്തു ദിവസം നിങ്ങൾക്കു വിശ്രമം അനുവദിച്ചിരിക്കുന്നു. ഈ പത്തുദിവസംകൊണ്ടു് വേണ്ടശക്തി സംഭരിച്ചുകൊള്ളണം."

"എല്ലാവരും ബാരക്കിനു പുറത്തുപോകണം. ബാരക്കു വൃത്തിയാക്കാൻ പോകയാണു്."

ഞങ്ങൾ എവ്ടെയാണെന്നും ഞങ്ങളുടെ ഭാവിയെന്തെന്നും അറിഞ്ഞതിൽ ഞങ്ങൾക്കൊരുവിധത്തിൽ അല്പം സംതൃപ്തിതോന്നി. കഴിഞ്ഞ രാത്രിയിൽ മരിച്ചുവർ, അങ്ങപ്രാണരായി എഴുന്നേല്ക്കുവാൻ കഴിവില്ലാത്തവർ, ഞങ്ങളുടെതന്നെ ശക്തിമത്തായ ക്ഷീണം ഇവയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ 'വിശ്രമം' വിരോധാഭാസം തന്നെയാണു്. പോരാത്തതിനു ധ്രുവപ്രദേശത്തെ തണുപ്പിനെ വെല്ലുന്ന ഇവിടത്തെ കടിച്ചുതിന്നുന്ന തണുപ്പും.

പത്തുമണി സമയമായിരുന്നു. ശക്തിയായ വെയിലുണ്ടു്. വൃക്ഷക്കൊമ്പുകളിൽനിന്നും, ബാരക്കിന്റെ മേൽക്കൂരയിൽനിന്നും മഞ്ഞുരുകിത്തുള്ളിത്തുള്ളിയായി വീഴുന്നുണ്ടു്. ഇങ്ങനെ വീഴുന്ന മഞ്ഞിൽനിന്നു രക്ഷപ്പെടുവാൻ ഓരോരുത്തരും ശ്രമിച്ചു. തീരെ അവശത പ്രാപിച്ചവർ, മഞ്ഞുകൊണ്ടു നനഞ്ഞ സ്ഥലത്തുതന്നെ നിസ്സഹായരായി കുത്തിയിരുന്നു. ഫാദർ ജോസഫ് കോപ്ഫൻബാക്കു് ഈ നിസ്സഹായന്മാരുടെ കൂട്ടത്തിലാണു്; അദ്ദേഹം തണുപ്പുകൊണ്ടു വിറക്കുന്നുണ്ടു്. ബാക്കിയുള്ളവർ ഭിത്തിയോടുചാരി, ഇറ്റിറ്റു വീഴുന്ന മഞ്ഞുതുള്ളികളെ നോക്കിക്കൊണ്ടിരുന്നു.

എല്ലാവരും നിർജ്ജീവരായിരിക്കയാണു്. മാക്സ് അബ്രോമെയിറ്റ് എന്നു പേരുള്ള പ്രസരിപ്പുള്ള ഒരാൾ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. അയാളുടെ ഒരുകാൽ തണുപ്പുകൊണ്ടു മരവിച്ചിരിക്കയാണു്. അയാൾ ഞങ്ങൾക്കു ഉന്മേഷം നല്കിക്കൊണ്ടു പറഞ്ഞു: "എല്ലാവരും ഇങ്ങനെ മരിച്ചുരെപ്പോലെ ഇരിക്കുന്നതിന്റെ അർത്ഥമെന്തു്? അല്പം നടക്കുന്നതു് ഉന്മേഷദായകമാണു്. രക്തയോട്ടമുണ്ടാകുമ്പോൾ ഉന്മേഷം തോന്നാതിരിക്കയില്ല. ഇതാണു ജീവിതാനുഭവം എന്നു പറയുന്നതു്. രണ്ടു മഹായുദ്ധങ്ങളെ അതിജീവിച്ചവനാണു ഞാൻ. അവർ ഇവിടെവച്ചു എന്നെ ശരിപ്പെടുത്തിക്കളയുമെന്നു നിങ്ങൾ കരുതുന്നുവോ? വീട്ടിലെനിക്കൊരു പെമ്പിളയുണ്ടു്. ഞാൻ അവളുടെ അടുക്കലേയ്ക്കു പോകുകതന്നെ ചെയ്യും."

ഹോർസ്റ്റ് എന്നൊരു ചെറുപ്പക്കാരൻ ഭിത്തിയിൽ ഒരു കാൽ ചവുട്ടി നിന്നുകൊണ്ടു ഉന്മേഷപൂർവ്വം വിളിച്ചു പറഞ്ഞു. "നിങ്ങളുടെ ആശയം വളരെ നല്ലതു്; നിങ്ങളുടെ ടെക്നിക്കു് തെറ്റാണു്. കൂട്ടത്തൽ ജീവിക്കണമെങ്കിൽ കഴിയുന്നതുംകുറച്ചു് ജോലിചെയ്യുക. അനാവശ്യമായി

ജോലിചെയ്യുക ആത്മഹത്യാപരമാണ്. ഞാൻ ഉച്ചക്കിടക്കു പറയുകയല്ല. പട്ടാളത്തിൽനിന്നു ഒളിച്ചോടിപ്പോന്നതുകൊണ്ടാണ് ഇന്നു ഞാൻ ജീവിക്കുന്നതുതന്നെ. എന്റെ കൈവിരലുകൾ കണ്ടോ?" അയാളുടെ ചൂണ്ടുവിരലും നടുവിരലും തണുപ്പുമൂലം വളഞ്ഞു് പൊട്ടിയാണിരിക്കുന്നതു്. കൈ ഉയർത്തിപ്പിടിച്ചുകൊണ്ടു് അയാൾ തുടർന്നു: "ഈ വളഞ്ഞ വിരലുകൾ കൊണ്ടു് വേനല്ക്കാലം കഴിയുമ്പോഴേക്കു് ബർലിനിൽ എന്റെ വീട്ടിൽ ചെന്നുചേരാമെന്നാണ് എന്റെ പ്രതീക്ഷ."

ഹോർസ്റ്റ് കിടക്കുന്നതു് ഫാദർ ജോസഫിനു് എതിർവശത്തായിട്ടാണു്. ബാരക്കിൽ ചെന്നപ്പോൾ അയാൾ എന്റെ പക്കൽവന്നു പറഞ്ഞു. "നിങ്ങളുടെ സ്നേഹിതന്റെ പണി തീരാറായി. അല്പേഹത്തിന്റെ കോട്ടും ഷൂസും അവർ എടുക്കുന്നതിനുമുമ്പു് ഞാൻ എടുത്തുകൊള്ളട്ടെ?"

ഞാൻ പരുഷമായി ഒന്നു കാക്കിച്ചു. അയാളുടെ നേരെ തിരിഞ്ഞു ശാന്തമായി പറഞ്ഞു: "ധൃതികൂട്ടാതെനിയാ. നിങ്ങളിലാരാണു ആദ്യം വിടവാങ്ങാൻപോകുന്നതെന്നു തീർച്ചയില്ലല്ലോ."

അയാൾ പിരിഞ്ഞുപോയി. തീവണ്ടിയിൽവച്ചു് മിച്ചംവച്ചു സൂക്ഷിച്ചിരുന്ന അരപ്പാട്ട ഭക്ഷണസാധനം എനിക്കു് നഷ്ടപ്പെട്ടെന്നു് പിന്നീടു എനിക്കു മനസ്സിലായി.

എനിക്കു തീരെ സുഖമില്ലായിരുന്നു. അത്താഴത്തിനു റൊട്ടി ഒന്നു രുചിച്ചു നോക്കിയതല്ലാതെ ഒന്നും കഴിച്ചില്ല. ഭക്ഷണം കഴിഞ്ഞു പുറത്തേക്കിറങ്ങുമ്പോൾ, ഇൻസ്റ്റർബ്ഗ്ലിലെ വികാരി ജനറാളിന്റെ കലവറക്കാരിയായിരുന്ന ജർത്രൂദ് എന്ന പെൺകുട്ടിയെക്കണ്ടു. എനിക്കുണ്ടായ അത്ഭുതത്തിനു അതിരില്ല. അവൾ റൈൻലണ്ടുകാരിയാണു്.

അവളുടെ മുഖം ലജ്ജകൊണ്ടു വിവർണ്ണമായി. എന്നെ അഭിവാദ്യം ചെയ്തുകൊണ്ടു അവൾ പറഞ്ഞു: "ഞങ്ങൾക്കിവിടെ ഒരു വൈദികനെ കിട്ടിയതിൽ ഞാൻ സന്തോഷിക്കയാണു്. ഇവിടെ വന്നതിൽ പിന്നെ കിട്ടുന്ന ഏക സന്തോഷമാണു് അച്ചന്റെ ആഗമനം."

"നിന്നെ അവർ കൂലിനിപ്പണിയിലാക്കിയതു ഭാഗ്യമായി." എന്റെ വാക്കുകൾ അവളെ സന്തോഷിപ്പിച്ചില്ല.

"ഇവിടെ ഉള്ളവർ സ്ത്രീകളിൽനിന്നു ജോലിയെന്നതിനെക്കാൾ വേറെ ചിലതാണാഗ്രഹിക്കുന്നതു്. അവരുടെ ആഗ്രഹത്തിനു വഴങ്ങാത്തവരെ വച്ചു പൊറുപ്പിക്കയില്ല. അച്ചൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണം."

ഞാൻ അവളോടു സിസ്റ്റർ ലീനയെക്കുറിച്ചു ചോദിച്ചു.

"സിസ്റ്റർ ഞാനും ഒരുമിച്ചാണു്. സിസ്റ്ററിന്റെ ആരോഗ്യസ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കയാണു്."

ഒരു ഗാർഡു് വന്നതോടെ ഞങ്ങളുടെ സംഭാഷണം അവസാനിച്ചു.

പിറേറന്നു പൈസഹാര്യാഘാതയായിരുന്നു. മിശിഹാ തന്റെ പീഡാനുഭവത്തിന്റെ തലേദിവസം പരിശുദ്ധ കുമ്പാനാ സ്ഥാപിച്ചതിന്റെ

വാഷ്ടികടിനം. ഞങ്ങൾക്കന്നു ദിവ്യഭോജനമുണ്ടാകയില്ല. അതിനുപശ്ചാത്തിയായി ചില ക്രമാനുഷ്ഠാനങ്ങൾ നടത്താമെന്നു വച്ചു.

ഫാദർ കോൾംഫൻബാക്കു് പ്രാതഃഭക്ഷണം കഴിഞ്ഞു് ഒരുവിധത്തിൽ തന്റെ സ്ഥലത്തെത്തി, പലകപ്പുറത്തു് കയറിക്കിടന്നു. ഫാദർ കോൾംഫൻബാക്കിന്റെ അടുത്തു കിടന്നിരുന്ന വയസ്സനു ഭക്ഷണത്തിനു പോകാൻമാത്രം ശക്തിയുണ്ടായിരുന്നില്ല. അയാൾ എഴുന്നേല്ക്കാൻ ശക്തിയില്ലാതെ കിടക്കുകയാണു്. മിസ്സാളിൽനിന്നു ഫാദർ കോൾംഫൻബാക്കിനു ഞാൻ വായിച്ചുകൊടുത്തു. "രക്ഷയും, ജീവനും ഉയർപ്പുമായ നമ്മുടെ കർത്താവിന്റെ കുരിശിൽ ആനന്ദിക്കുക നമുക്കു യുക്തമാകുന്നു....." അന്നത്തെ ലേഖനം "ഏഴാം കോള"ത്തെ സംബന്ധിച്ചു തികച്ചും അർത്ഥവത്തായിരുന്നു. ".....ലോകത്തോടുകൂടി ശിക്ഷിക്കപ്പെടാതിരിക്കാൻ കർത്താവു നമ്മെ ശിക്ഷിക്കുന്നു....മിശിഹാ, മരണത്തോളം, കുരിശുമരണത്തോളം അനുസരണയുള്ളവനായിരുന്നു. അയതുകൊണ്ടു് സർവ്വേശ്വരൻ അയാളെ ഉയർത്തി....."

മരണം ഞങ്ങളെ വേർപെടുത്തുവാൻ പോകയാണെന്നു ഗ്രഹിച്ചുകൊണ്ടു ഞങ്ങൾ രണ്ടുപേരുംകൂടി 'കാഴ്ചവെപ്പു്" പ്രാർത്ഥന ഒരുമിച്ചു ചൊല്ലി. "ഞാൻ മരിക്കുകയല്ല, ജീവിക്കാൻ ആരംഭിക്കുകയാണു; കർത്താവിന്റെ മഹത്വം ഞാനെന്നെന്നും കീർത്തിക്കും".

അടുത്തു കിടക്കുന്ന വയസ്സൻ ഞങ്ങളെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരിക്കയാണു്. ഫാദർ ജോസഫ് പിറകിലേക്കു നോക്കുവാൻ എന്റെ നേരെ കണ്ണുകാട്ടി.

രാഷ്ട്രീയ കമ്മിസാർ പിറകിൽനിന്നു ഞങ്ങളെ നിരീക്ഷിക്കയാണു്. അയാൾ ഞങ്ങളുടെ നേരെ തട്ടിക്കയറുമെന്നു ഞാൻ ഭയപ്പെട്ടു. എന്നാൽ മര്യാദപൂർവ്വം അയാൾ ചോദിച്ചു: "ഞാൻ നിങ്ങളെ ശല്യപ്പെടുത്തിയോ? നിങ്ങൾ പ്രാർത്ഥിക്കുകയാണു്, അല്ലേ?"

"അതെ; ഞങ്ങൾ രണ്ടുപേരും വൈദികരാണു്. ഇന്നു ഞങ്ങൾക്കു വലിയ തിരുനാളാണു്. പ്രാർത്ഥിക്കുന്നതിൽ തടസ്സമില്ലെന്നു വിചാരിക്കുന്നു."

"യാതൊരു തടസ്സവുമില്ല. ഈ ദിവസങ്ങളിൽ നിങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യമാണു്. സോവ്യറ്റു് യൂണിയൻ എല്ലാവർക്കും മതസ്വാതന്ത്ര്യം അനുവദിക്കുന്നു."

"വളരെ സന്തോഷം. നിങ്ങൾ വന്നതു് വേറെ എന്തോ കാര്യത്തിനാണല്ലോ?"

"നിങ്ങളോടൊരു കാര്യം ചോദിക്കാനാണു് ഞാൻ വന്നതു്. നിങ്ങൾക്കു റഷ്യൻഭാഷ അറിയാമോ?"

"അക്ഷരമാല പഠിച്ചിട്ടുണ്ടു്. കഷ്ടിച്ചു കൂട്ടിവായിക്കാനറിയാം."

"കൊള്ളാം. ക്യാമ്പിൽ മരിക്കുന്നവരുടെ ലിസ്റ്റു് എടുക്കണമെന്നു

മോസ്കോയിൽനിന്ന കല്പനയുണ്ട്"; പേരും മരണത്തീയതിയും. നിങ്ങളുടെ കൂട്ടത്തിൽ വന്ന ഒമ്പതുപേർ മരിച്ചല്ലോ. അവരുടെ ലിസ്റ്റ് തയ്യാറാക്കിത്തരണം."

എന്റെ "ഇടവക"യുടെ സ്ഥിതിവിവരക്കണക്കെടുക്കാൻ അവസരം കിട്ടിയതിൽ ഞാൻ സന്തോഷിച്ചു.

"ഒരു വൈഷമ്യമുണ്ട്" ഞാൻ പറഞ്ഞു തുടങ്ങി. "എന്റെ തൊട്ടടുത്തു കിടക്കുന്നയാളിന്റെ പേരുപോലും എനിക്കറിഞ്ഞുകൂടാ. മരിച്ച ഒമ്പതുപേരുടെ കാര്യത്തെക്കുറിച്ച് പിന്നെ എന്തു പറയാനാണ്. ഞാൻ ചുറ്റി നടന്ന ശേഖരിച്ചുകൊണ്ടു വരാം. ഇവിടെയുള്ള എല്ലാവരുടെയും ഒരു ലിസ്റ്റ് എടുക്കുകയാണെങ്കിൽ, മരിക്കുന്നവരുടെ വിവരം എളുപ്പം സാധിക്കും."

അയാൾ അതു സമ്മതിച്ചു. ബാരക്കു മുഴുവൻ ചുറ്റി നടന്നു കാണുന്നതിനുള്ള അവസരമായി ഞാൻ ഇതു കണക്കാക്കി. ഡോക്ടറിന്റെ ഓഫീസിൽ ഇതെക്കുറിച്ചു ചൂടുപിടിച്ച വാദപ്രതിവാദം ഉണ്ടായി. അവസാനം കമ്മിസാർ 'കരിംപൂത'യോടുകൂടി എന്റെ അടുക്കൽവന്നു. കടലാസും പെൻസിലും നീട്ടിക്കൊണ്ടു കരിംപൂത പറഞ്ഞു: "രാത്രിയാകുന്നതിനു മുമ്പ് ഇതു പൂരിപ്പിച്ചുകൊണ്ടു വന്നില്ലെങ്കിൽ, നിങ്ങൾക്കു 'ദൈവസഹായ'മുണ്ടാകും. ഇതു നഷ്ടമാക്കിയാൽ എന്റെ കാര്യം കഷ്ടത്തിലാകും.

മരിച്ച ഏഴുപേരുടെ പേരു ശേഖരിക്കാൻ എനിക്കു കഴിഞ്ഞു. പിന്നീടു ജീവിച്ചിരിക്കുന്നവരുടെ വിവരം ശേഖരിച്ചുതുടങ്ങി. പേര്, ഇരട്ടപ്പേര്, ജനനസ്ഥലം, പഴയ ജോലി ഇതുമായ കാര്യങ്ങൾ ചോദിക്കാനുള്ള അനുവാദം കമ്മിസാർ തന്നു. വേറൊന്നും ചോദിച്ചുപോകരുതു്.

എനിക്കു് ഒരു ചോദ്യംകൂടി ചോദിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു, "മതം." എനിക്കു അനുവദിച്ചിരിക്കുന്ന ചോദ്യങ്ങളിൽനിന്നു മതം ഉൗഹിച്ചെടുക്കുക പ്രയാസമുള്ള കാര്യമായിരുന്നില്ല. ജർമ്മനി മതാടിസ്ഥാനത്തിൽ വിവിധ സോണുകളാണ്. ജനനസ്ഥലമറിഞ്ഞാൽ മിക്കവാറും മതവും ഉൗഹിക്കാം. അലോയിസ്, ഫ്രാൻസ്, ഓഗസ്റ്റ്, ജോസഫ്, ആൻറോൺ മുതലായ നാമങ്ങൾ കത്തോലിക്കർക്കുമാത്രമേ പതിവുള്ളൂ. പ്രോട്ടസ്റ്റൻറുകാർ വില്ലി, ഫ്രിറ്റ്സ് കട്ട്, ഹോർസ്റ്റ് തുടങ്ങിയ പേരുകളിഷ്ടപ്പെടുന്നു. അങ്ങനെ പേരുകളിൽനിന്നും മതം ഏറെക്കുറെ അറിയാൻ വിഷമമില്ല.

എന്റെ "ഇടവക" സന്ദർശനം ആരംഭിച്ചു. ഞാൻ ഒരു കത്തോലിക്കാ വൈദികനാണെന്നു അവരെ ഗ്രഹിപ്പിച്ചു. പൌരോഹിത്യകുമ്പസാരത്തിനു അവസരം കിട്ടിയതിൽ അവർ സന്തോഷിച്ചു. കളിമുറിയിലും മരച്ചുവട്ടിലുമൊക്കെയായി ഞാൻ കുമ്പസാരം കേട്ടു. കുറേപ്പേരുടെ കുമ്പസാരം കഴിഞ്ഞപ്പോൾ, കടലാസും പെൻസിലും 'കരിംപൂത'യെ ഏല്പിച്ചു. ദൈവത്തിന്റെ പരിപാലന നമുക്കുറപ്പുതന്നെ. മോസ്കോയിൽനി

ന്നുള്ള ഒരു കല്പനവഴി ക്യാമ്പുവാസികൾക്കു പൈസഹാ കുമ്പസാരത്തിനു അവസരമുണ്ടാക്കിയതിൽ ഞാൻ ദൈവത്തിനു സ്തോത്രം ചെയ്തു.

ആ രാത്രി ഫാദർ കോൾംഫൻബാക്കിന്റെ സ്ഥിതി ആശങ്കാജനകമായി. പൂത്ത മാവുകൊണ്ടുണ്ടാക്കിയ റൊട്ടി തിന്നുകകാരണം എല്ലാവർക്കുംതന്നെ 'ഡിസെൻറി' പിടിപെട്ടു. ഗാർഡിനെ ഉണർത്തി, അല്പം മരുന്നു തരുവാൻ ആവശ്യപ്പെട്ടു. അയാൾ ആക്രോശിച്ചു: "ചാവുമ്പോൾ ഞങ്ങൾ കഴിച്ചിട്ടുകൊള്ളാം". പാസ്റ്റർ ഗോബെലും ഞാനും മാറിമാറി രോഗിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. കുറെ "ഇല്ലെത്തിൻകരി"യല്ലാതെ വേറൊരു മരുന്നും കൊടുക്കാനുണ്ടായിരുന്നില്ല.

ഒരിക്കൽപോലും രോഗശയ്യയെ അഭയം പ്രാപിച്ചിട്ടില്ലാത്ത അരോഗദൃഢഗാത്രനായിരുന്ന ഫാദർ കോൾംഫൻബാക്കു്. അദ്ദേഹത്തിന്റെ പ്രായം നാല്പതിൽ താഴെയാണു്. വൈദ്യസഹായം പേരിനെങ്കിലും കിട്ടിയിരുന്നെങ്കിൽ അദ്ദേഹം രക്ഷപ്പെട്ടുമായിരുന്നു.

പാസ്റ്റർ ഗോബെൽ പെറന്മമയുടെ വാത്സല്യത്തോടെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. രാത്രിയിൽ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടു കഴിച്ചുകൂട്ടുന്നതിനിടയിൽ ഞാൻ ഒന്നുമയങ്ങിപ്പോയി. ഫാദർ കോൾംഫൻബാക്കു്, പുറത്തേക്കു പോകുവാൻ അത്യാവശ്യം നേരിട്ടുകയാൽ തന്നെത്താൻ ഇഴഞ്ഞു വലിഞ്ഞു വാതുക്കൽ എത്തി. പാസ്റ്റർ ഗോബെൽ അതുകണ്ടു് ഓടിവന്നു് അദ്ദേഹത്തെ താങ്ങുപിടിച്ചു പുറത്തേക്കു കൊണ്ടുപോയി.

ഉഷ്ണവെള്ളിയാഴ്ചയായി. ദിനചര്യ പഴയതുതന്നെ. ഫാദർ കോൾംഫൻബാക്കിനെപ്പോലെ മരണനിലയെ പ്രാപിച്ചവർ ഉൾപ്പെടെ എല്ലാവരും പുറത്തേക്കു മാറ്റുചെയ്യണമെന്നു ഒരു കല്പന ഞങ്ങൾക്കു കിട്ടി. 'കരിംപൂത' അവരെ തൊഴിച്ചു പുറത്തേക്കിട്ടു. ഫാദർ കോൾംഫൻബാക്കു് ബോധരഹിതനായി കിടക്കുകയായിരുന്നു. ഞങ്ങൾ തിരിച്ചു വന്നപ്പോൾ ബോധരഹിതനായി പുറത്തുകിടന്നിരുന്ന അദ്ദേഹത്തെ യഥാസ്ഥാനത്തു കൊണ്ടുപോയി കിടത്തി.

'വിശ്രമദിവസ'ത്തെ അടുത്ത പരിപാടി ഡോക്ടറിന്റെ അടുക്കലേക്കുള്ള യാത്രയാണു്. ഇരുപതുപേർവീതം അടങ്ങിയ ഗ്രൂപ്പുകളായി തിരിച്ചു് മുറിയിലിരുത്തിയാണു് പരിശോധന. മറവുള്ളവർ പുറവസ്ത്രങ്ങൾ മാറി അടുത്ത മുറിയിൽ ഒരുങ്ങിയിരിക്കുവാൻ കല്പനകിട്ടി. രോഗികളോടുള്ള ചോദ്യങ്ങൾ പുറത്തു കേൾക്കാം.

"ഡിസെൻറി! രക്തം പോകുന്നുണ്ടോ.....നാക്കു നീട്ടുക. പുറം തിരിയുക ....." വേറൊരാൾ രോഗികളെ തരംതിരിക്കുകയാണു്: ഗ്രൂപ്പു് ഒന്നു്, രണ്ടു്, മൂന്നു്. അവരോഹണക്രമത്തിലാണു തരം തിരിച്ചിരിക്കുന്നതു്. മൂന്നാം ഗ്രൂപ്പിൽപ്പെട്ടാൽ ലേബർ ക്യാമ്പിലെ ജോലിക്കു് ഒരു തരത്തിലും പറ്റാത്ത ആൾ എന്നാണു് അർത്ഥം

പാസ്റ്റർ ഗോബെലും ഞാനുംകൂടി താങ്ങിപിടിച്ചാണു് ഫാദർ ജോ

സഫിനെ മെഡിക്കൽ പരിശോധനക്കമ്മിറ്റിയുടെ പക്കൽ കൊണ്ടുപോയതു്. പരിശോധനക്കമ്മിറ്റിയിൽ നാലുപേരുണ്ടു്. ചെയർമാൻ, പ്രായം കൂടിയ ഒരു മനുഷ്യനാണു്; വഞ്ചന സ്ഫുരിക്കുന്ന മുഖഭാവം. സപ്ലൻഫ്രേയിമോടു കൂടിയ കണ്ണട വച്ചിട്ടുണ്ടു്. ഞങ്ങൾ അയാൾക്കു "പച്ചപ്പരിഷ്കാരി" എന്ന കളിപ്പേരു കൊടുത്തു. രണ്ടാമതിരിക്കുന്നതു യൂണിഫാറം ധരിച്ച ഒരു സ്ത്രീയാണു്. അവരുടെ പെരുമാറ്റം കണ്ടിട്ടു് മോസ്കോയിൽ നിന്നുള്ള പുതിയ ഇറക്കുമതിയാണെന്നു തോന്നുന്നു. മൂന്നാമൻ കരിംപൂത. രാഷ്ട്രീയ കമ്മിസാർ—ഞങ്ങൾക്കു് മതസ്വാതന്ത്ര്യം അനുവദിച്ച ഉദാരൻ—ആണു് അവസാനത്തെ ആൾ.

കമ്മിസാർ ഞങ്ങളുടെ നേരെ തിരിഞ്ഞു ഒരു പച്ചച്ചിരി ചിരിച്ചു. കൂട്ടുകാരുടെ പ്രശംസക്കുവേണ്ടി അവരുടെ നേരെ ഏറുകണ്ണിട്ടു നോക്കിയിട്ടു് ഞങ്ങളോടു് ചോദിച്ചു:

"നാസികളുടെ തോക്കു വെഞ്ചരിച്ചു കൊടുക്കുക നിങ്ങളുടെ തൊഴിലായിരുന്നു, അല്ലേ?"

പാസ്റ്റർ ഗോബെലാണു ഞങ്ങൾക്കുവേണ്ടി സംസാരിച്ചതു്. "ഞാനൊരിക്കലും ആയുധം വെഞ്ചരിച്ചിട്ടില്ല. നാസി പതാക വന്ദിക്കാതിരുന്നതിനു ഞാൻ ജയിലിൽ പോയിട്ടുണ്ടു്. എന്റെ കത്തോലിക്കാസ്നേഹിതന്മാരുടെ കഥ ഇതിൽനിന്നു ഭിന്നമല്ല."

പതിവുപോലെ ചോദ്യങ്ങളും പരിശോധനയും നടന്നു. ലേഡി ഡോക്ടർ എന്നോടു ചോദിച്ചു: "നിങ്ങളുടെ കരളിനു വല്ല കുഴപ്പവും ഉണ്ടായിട്ടുണ്ടോ?"

"എനിക്കു ക്ഷയരോഗം ഉണ്ടായിട്ടുണ്ടു്."

ഞങ്ങളെ മൂന്നുപേരെയും മൂന്നാം ഗ്രൂപ്പിൽപ്പെടുത്തി. അതിന്റെ അർത്ഥം, ക്യാമ്പിനുള്ളിൽ ലഘുവായ ദേഹാദ്ധ്വാനം ചെയ്യുവാൻ പറ്റിയവർ എന്നാണു്. പ്രത്യേകാവശ്യം നേരിട്ടാൽ മാത്രം തോട്ടപണിക്കു നിയോഗിക്കും.

ഈ പരിശോധന കഴിഞ്ഞതോടെ ഫാദർ കോൾബെൻബാക്കിന്റെ സ്ഥിതി ഗുരുതരമായി. മിസ്സാളിൽനിന്നു മിശിഹായുടെ പീഡാനുഭവഭാഗം ഞാൻ അദ്ദേഹത്തിനു വായിച്ചുകൊടുത്തു. ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിനു ബോധക്ഷയമുണ്ടായിക്കൊണ്ടിരുന്നു. ഇടക്കു ബോധം തെളിഞ്ഞപ്പോൾ ഒരിക്കൽ അദ്ദേഹം പറഞ്ഞു: "നമ്മുടെ ദിവ്യരക്ഷകന്റെ സഹനം ഞാൻ അനുഭവിച്ചറിയുകയാണു്."

അദ്ദേഹത്തിന്റെ ശക്തി തീരെ ക്ഷയിച്ചു. കിടന്ന കിടപ്പിൽ തന്നെ ഒന്നുരണ്ടു പ്രാവശ്യം വയറ്റിൽ നിന്നൊഴിഞ്ഞു. അവിടെ കർട്ടനോ, മറയോ ഒന്നുമില്ല. ബാരക്കിലെ ഒരാൾ അദ്ദേഹത്തോടു് തട്ടിക്കേറുകയുണ്ടായി. ഞാൻ നിസ്സഹായനായി അദ്ദേഹത്തെ നോക്കി. അദ്ദേഹത്തിന്റെ വാരി എല്ലുകൾ എണ്ണിയെടുക്കാം. കഴുത്തിലെ ഞരമ്പുകൾ വയ

സ്സന്മാരുടേതുപോലെ പൊന്തിനില്ക്കുന്നു. ഞാനവിടെ ക്രിസ്തുവിനെ കണ്ടു. അന്നൊരു ദുഃഖവെള്ളിയാഴ്ച പീലാത്തോസ് ജനങ്ങൾക്കു് മുൻപിൽക്കാട്ടിയ ക്രിസ്തുനാഥനെ.

എന്റെ ഷർട്ടിന്റെ ഒരു ഭാഗം കീറിയെടുത്തു് അള്ത്താരയെ തുടച്ചു വൃത്തിയാക്കി. അള്ത്താരം നേരിയ സ്വരത്തിൽ നന്ദി പറഞ്ഞു. ദൈവതിരുമനസ്സിനു സ്വയം കയ്യാളിച്ചുകൊണ്ടു അള്ത്താരം പറയുകയാണു്: "എന്റെ നാഥൻ കുരിശുമരണത്തോളം കീഴ്പ്പെട്ടു.....ഞാൻ ഇവർക്കു് മരണത്തോളം കീഴ്വഴങ്ങുന്നു."

അത്താഴത്തിനു കിട്ടിയ ഭക്ഷണസാധനങ്ങളിൽ ചിലതു് ഞാൻ അള്ത്താരത്തിനു കൊണ്ടുവന്നു കൊടുത്തു. ഫാദർ ജോസഫിനു ഭക്ഷണം കഴിക്കുക വിഷമമായിരുന്നു. പാസ്റ്റർ ഗോബെലും ഞാനും അള്ത്താരത്തിനു സമീപമിരുന്നു. പാസ്റ്റർ ഗോബെൽ ബൈബിളിൽ നിന്നു നല്ല കള്ളനെക്കുറിച്ചുള്ള ഭാഗം വായിച്ചുകൊണ്ടു ദുഃഖവെള്ളിയാഴ്ച പ്രസംഗം ആരംഭിച്ചു. 'ജയിൽപ്പുള്ളി'കൾ നിശ്ശബ്ദരായി. നല്ല കള്ളനോടു ക്ഷമിച്ച ക്രിസ്തുവിന്റെ കാരുണ്യം ഹൃദയസ്പൃക്കായി അള്ത്താരം വിവരിച്ചു. നല്ല കള്ളനെപ്പോലെ, ദൈവദൂഷണപരമായ ചിന്തകൾ കൈവെടിഞ്ഞു് ദൈവകാരുണ്യം യാചിക്കുവാൻ അള്ത്താരം തന്റെ കേൾവിക്കാരെ ആഹ്വാനം ചെയ്തു. "ക്രിസ്തുനാഥന്റെ സഹനത്തോടുകൂടി നമ്മുടെ ഇപ്പോഴത്തെ സഹനങ്ങൾ കാഴ്ചവെച്ചുകൊണ്ടു നമ്മുടെ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുക മാത്രമാണു കരണീയമായിട്ടുള്ളതു്. നാഴിക വരുമ്പോൾ ക്രിസ്തുനാഥൻ നമ്മളിൽ ഓരോരുത്തരോടും 'ഇന്നു നീ പറുദീസായിൽ എന്നോടുകൂടി ഉണ്ടായിരിക്കു'മെന്നു അരുളിച്ചെയ്യുമാറാകട്ടെ."

ഫാദർ കോൾഹൻബാക്കു് പ്രസംഗത്തിനു നന്ദി പറഞ്ഞു.

പാസ്റ്റർ ഗോബെലും ഞാനും നന്നേ ക്ഷീണിച്ചിരുന്നു. ക്ഷീണത്തെ വകവയ്ക്കാതെ ഞങ്ങൾ മാറിമാറി ഉറക്കമിളച്ചിരുന്നു ഞങ്ങളുടെ സ്നേഹിതനെ ശുശ്രൂഷിച്ചു.

മരണ സമയം ആസന്നമായി എന്നള്ത്താരത്തിനു മനസ്സിലായി. ഞങ്ങൾ പരസ്പരം കമ്പസാരം കേട്ടു. പാപമോചനം നല്കുവാൻ, കൈ ഉയർത്തുവാൻ അള്ത്താരത്തിനു ശക്തിയുണ്ടായിരുന്നില്ല. ഞാൻ അള്ത്താരത്തിന്റെ കൈ താങ്ങിപിടിച്ചു; അള്ത്താരം എന്റെ മേൽ ഒരു ചെറിയ കുരിശടയാളം വരച്ചു.

ഒടുക്കത്തെ ഒപ്പുമുദ്ര നല്കുവാൻ അള്ത്താരം എന്നോടു് ആവശ്യപ്പെട്ടു. ചെറിയ ഒരു കുടാശാകമ്മപുസ്തകവും വിശുദ്ധതൈലവും അള്ത്താരത്തിന്റെ പക്കലുണ്ടായിരുന്നു. കുമ്പം ഒരു കൊല്ലംമുമ്പു് പൈസഹാവ്യാഴാഴ്ച ഞങ്ങളുടെ മെത്രാനച്ചൻ കത്തീഡ്രൽ ദേവാലയത്തിൽവെച്ചു് ആശീർവ്വദിച്ച വിശുദ്ധ തൈലം.. ആ വിശുദ്ധ തൈലം ഇപ്രകാരമുള്ള സ്ഥലത്തുപയോഗപ്പെടുമെന്നു സ്വപ്നത്തിൽപോലും ആരും വിചാരിച്ചുകാണുകയില്ല.

സ്റ്റവിന്റെ മങ്ങിയ വെളിച്ചത്തിൽ തൈലം പൂശിക്കൊണ്ട് ആത്മാവിനു ജീവൻ നല്കുന്ന ആ പ്രാർത്ഥന ഞാൻ ചൊല്ലി: "അവിടത്തെ അനന്തകാരുണ്യത്താൽ ഈ പൂശൽ വഴിയായി നിന്നിലുള്ള പാപഭാരം മുഴുവൻ മിശിഹാ നീക്കിക്കളയട്ടെ."

വിശുദ്ധ തൈലംകൊണ്ട് അദ്ദേഹത്തിന്റെ നെറ്റിയിലും, കണ്ണിലും മൂക്കിലും, ചെവിയിലും ഉണങ്ങിവരണ്ട ചുണ്ടിലും ഞാൻ കുരിശടയാളം വരച്ചു. അനേകായിരങ്ങളെ ആശീർവ്വദിച്ചിട്ടുള്ള ആ കൈകളിലും കാലുകളിലും കുരിശടയാളം വരച്ച് ക്രമം അവസാനിപ്പിച്ചു.

എന്റെ സ്നേഹിതന്റെ ചിന്ത തന്റെ പ്രിയ കുടുംബത്തിലേക്കു തിരിഞ്ഞു. അദ്ദേഹം അസ്പഷ്ടമായി ഉച്ചരിച്ചു. "എന്റെ അമ്മ..... ആ ജീവിതം ഞങ്ങൾക്കുവേണ്ടി മാത്രമായിരുന്നു.....എന്റെ ദൈവവിളിക്ക് അമ്മയോട് ഞാൻ എത്രകടപ്പെട്ടിരിക്കുന്നു.....സ്നേഹിതാ, അങ്ങു തിരിച്ചുചെല്ലുന്നെങ്കിൽ.....അമ്മക്ക് ഈ ക്രൂശിതരൂപവും കൊന്തയും കൊടുക്കണമെ.....അവ എന്റെ കൈകളിൽ പിടിച്ചുകൊണ്ടു ഞാൻ മരിക്കുന്നു.....എന്റെ പ്രിയജ്യേഷ്ഠൻ.....അദ്ദേഹത്തെ നാസികൾ വധിച്ചു .....അദ്ദേഹത്തിന്റെ ഭാര്യയും ആറു കുഞ്ഞുങ്ങളും.....അവരെ സഹായിക്കുക."

"തിരിച്ചുപോകുന്നെങ്കിൽ, അങ്ങയുടെ ആഗ്രഹം ഞാൻ പൂർത്തിയാക്കുന്നതാണ്." ഫാദർ ജോസഫ് തലകുലുക്കി. "അങ്ങ്, സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ഞങ്ങൾക്കു വേണ്ട ശക്തി കിട്ടുവാൻ പ്രാർത്ഥിക്കണമെ." അദ്ദേഹം സമ്മതിച്ചു. അദ്ദേഹം ചെയ്യേണ്ടിയിട്ടുള്ള സകല സഹായങ്ങൾക്കും, പ്രത്യേകിച്ച് സ്വയം വിസ്മരിച്ച് മറ്റുള്ളവരെ സേവിക്കേണ്ടതെങ്ങിനെ എന്ന മാതൃകാമൂലം പലപ്പോഴും എന്നെ പഠിപ്പിച്ചതിനും ഞാൻ നന്ദി പറഞ്ഞു.

അദ്ദേഹം എന്നോട് ക്ഷമ യാചിച്ചുകൊണ്ടു പറഞ്ഞു: "തീവണ്ടിയിൽവച്ചു ഞാൻ അവനോട് തട്ടിക്കയറുകയുണ്ടായി. .... ഞാൻ അതിൽ ഖേദിക്കുന്നു. .....അവനോട് നല്ലവനായി വളർന്നുവരുവാൻ പറയുക. ....ജെരാർദിനെ ഒരിക്കലും മറക്കരുതു".....മറ്റുള്ളവരോട് എത്രമാത്രം കരുണകാണിച്ചാലും അതു് അധികമായി എന്നു വരുന്നതല്ല....."

"കമ്മ്യൂണിസ്റ്റധീനത്തിലുള്ള കിഴക്കൻ പ്രോവിൻസിലേക്ക് അങ്ങയെ നിയമിച്ച മേലധികാരികളോട് വിഷമം തോന്നുന്നുണ്ടോ?" ഞാൻ ചോദിച്ചു.

"ഒരിക്കലുമില്ല. മേലധികാരികളുടെ കല്പന ഞാനെപ്പോഴും ശിരസ്സാ വഹിച്ചിരുന്നു. ഇങ്ങനെ മരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എല്ലാറ്റിനും ഞാൻ കൃതജ്ഞനാണ്. പ്രോവിൻഷ്യലച്ചനെ എന്റെ സ്നേഹബഹുമാനങ്ങൾ അറിയിക്കുക .....സഹവൈദികർക്ക് എന്റെ വന്ദനങ്ങൾ.....എന്റെ ഇടവകക്കാർക്ക് സ്നേഹാന്വേഷണങ്ങൾ .... എന്നെ

ഒരു റെഡംപ്റ്ററിസ്റ്റാക്കുന്നതിൽ ഏതെങ്കിലുംവിധത്തിൽ സഹകരിച്ചവ ക്കു് ഹൃദയംഗമമായ നന്ദി. കൃതജ്ഞതയുടേയും പരിഹാരത്തിന്റെയും ബലിയായി എന്റെ ജീവൻ ഞാൻ ദൈവത്തിനുപ്പിക്കുന്നു.»

«ജോസഫ്» ഞാൻ അദ്ദേഹത്തിന്റെചെവിയിൽമന്ത്രിച്ചു. «സമയം പാതിരാത്രി കഴിഞ്ഞു. ഓഖേശനിയാഴ്ചയാണിന്നു്. പുനരുത്ഥാനംചെയ്ത നാഥനെ, ഹല്ലേലൂയപാടി സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ അങ്ങും ഉണ്ടാകും.»

ഒരു സ്വർഗ്ഗീയ മന്ദഹാസം ആ ചുണ്ടുകളിൽ വിടർന്നു. അദ്ദേഹം പതുക്കെ പറഞ്ഞു: «ഞാനും അങ്ങനെ പ്രതീക്ഷിക്കുന്നു.»

അദ്ദേഹം ചുറ്റുപാടും ലക്ഷ്യമില്ലാതെ നോക്കുകയാണു്. അദ്ദേഹത്തിന്റെ മനസ്സു് എങ്ങോ വിദൂരത്തിൽ സഞ്ചരിക്കയാണു്. ഞാൻ പാസ്റ്റർഗോബെലിനെ വിളിച്ചു. ഞങ്ങൾ രണ്ടുപേരുംകൂടി അദ്ദേഹത്തെ പല കപ്പുറത്തു കിടത്തി.

അദ്ദേഹം ഒരുവിധത്തിൽ ആ രാത്രി തള്ളിനീക്കി. യാതൊന്നുകൊണ്ടും ശമിക്കാത്ത ഒരു ദാഹം അദ്ദേഹത്തെ ബാധിച്ചു. «ഒരു തുള്ളി ലമനേഡ്കിട്ടിയിരുന്നെങ്കിൽ.....» ഞാൻ അദ്ദേഹത്തിന്റെ നെറ്റിയിലെ വിയർപ്പു തുടച്ചു. വീണ്ടും വീണ്ടും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു: «ഒരു തുള്ളി ലമനേഡ്.....ലമനേഡ്....»

ഓഖേശനിയാഴ്ച പ്രഭാതഭക്ഷണം കഴിഞ്ഞുവന്നു് ക്രമപ്പുസ്തകത്തിൽ നിന്നു അന്നത്തെ ലേഖനഭാഗം രണ്ടുമൂന്നാവർത്തി അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു. «പാപത്തിനു മരിച്ച നിങ്ങളുടെജീവിതം ദൈവമായ മിശിഹാ കർത്താവിൽ മറഞ്ഞിരിക്കുന്നു. മഹത്വപൂർണ്ണനായി പ്രത്യക്ഷനാകുന്ന ക്രിസ്തുവിൽ നിങ്ങളുടെ ജീവിതവും മഹത്വപൂർണ്ണമാകും.»

വായനയിൽ അധികം ശ്രദ്ധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. «അച്ചാ വായിച്ചതു മതി» അദ്ദേഹം പറഞ്ഞു. «ശ്രദ്ധിക്കുക വിഷമമാണു്. മരണം, വൈദികനായ എനിക്കു മരണം ഇത്ര കഠിനതരമായി അനുഭവപ്പെടുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.» ശാന്തമായി, ധീരതയോടെ മരണത്തെ നേരിടുവാൻ ഒരുങ്ങിയിരുന്ന അദ്ദേഹത്തെ പെട്ടന്നു് ഭീതി ബാധിച്ചതുപോലെ കാണപ്പെട്ടു. പെട്ടന്നതു മാറി.

അദ്ദേഹം മരണവേദന അനുഭവിക്കുകയാണു്. മരണനേരത്തു പൂർണ്ണ ദണ്ഡവിമോചനമുള്ള ആശീർവ്വാദം ഞാൻ അദ്ദേഹത്തിനു കൊടുത്തു. «ഈശോ, മറിയം, ഔസേപ്പേ» ഞാൻ അദ്ദേഹത്തിന്റെ ചെവിയിൽ മന്ത്രിച്ചുകൊണ്ടിരുന്നു. പാസ്റ്റർഗോബെൽ രോഗിയുടെ ഇടതുകൈ താങ്ങിപിടിച്ചു; ഞാൻ വലതുകൈയ്യും. ഞങ്ങൾ രണ്ടുപേരും അന്ത്യപ്രാർത്ഥന ഉരുവിട്ടു. «അവിടത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു. ക്രിസ്തുനാഥാ എന്റെ ആത്മാവിനെ കൈക്കൊണ്ടാലും.

ഞങ്ങൾ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കയിൽ കരിംപൂത രോഗി കളെ തൊഴിച്ചെഴുന്നേല്പിച്ചു് ചെയ്യാവുള്ള പരിശോധനയ്ക്കെത്തി. ഗാർഡ് പറഞ്ഞു: "അദ്ദേഹം മരിക്കാൻ പോകയാണു്. വൈദികരായ അദ്ദേഹ ത്തിന്റെ സ്നേഹിതന്മാരുടെ കൈയിൽ സമാധാനപൂർവ്വം അദ്ദേഹം മരി ച്ചുകൊള്ളട്ടെ."

"വൈദികനാണെങ്കിലും അല്ലെങ്കിലും കൊള്ളാം മരിക്കുന്നതു രോഗ ശാലയിൽവച്ചുവേണം." കരിംപൂത ഗർജ്ജിച്ചു.

ഫാദർ ജോസഫിന്റെ കാലിൽപിടിച്ചു വലിച്ചു പലകയിൽനി ന്നു താഴെയിട്ടു. ഞാൻ കോപംകൊണ്ടു വിറച്ചു. പാസ്റ്ററും ഞാനും ഫാദർ ജോസഫിന്റെ കൈകളിൽ ബലമായിട്ടു പിടിച്ചിരുന്നു. തന്മൂലം അദ്ദേ ഹത്തിന്റെ തല തറയിൽ ശക്തിയായി അടിക്കാനിടയായില്ല. കരിംപൂത തുള്ളിച്ചാടി പുറത്തേക്കുപോയി. പുതപ്പുവിരിച്ചു്, മരിക്കുന്ന വൈദി കനെ അതിൽകിടത്തുന്നതിനു് ഗാർഡ് ഞങ്ങളെ സഹായിച്ചു. പാസ്റ്ററും ഞാനുംകൂടി അദ്ദേഹത്തെ രോഗശാലയിലേക്കു വഹിച്ചുകൊണ്ടുപോയി. ക്ഷീണിച്ചിരുന്ന ഞങ്ങളെ വീണ്ടും ഗാർഡ് സഹായിച്ചു. രോഗശാല യിൽ എത്തിയതോടെ ഞങ്ങൾ തളർന്നുകഴിഞ്ഞിരുന്നു. മഞ്ഞുവീണു തെ ന്നുന്ന നാലഞ്ചു പടികൾ കയറിയിട്ടുവേണം രോഗശാലയിൽ പ്രവേശി ക്കുവാൻ. ആ പടികൾ ഞങ്ങൾക്കൊരു പ്രശ്നംതന്നെയായിരുന്നു.

ഞങ്ങൾ വിഷമിച്ചു നില്ക്കുകയിൽ രോഗശാലയുടെ ചാർജ്ജു് വഹി ക്കുന്ന ആൾ വാതുക്കൽ വന്നു. കാഴ്ചയിൽ വിരസത ജനിപ്പിക്കുന്ന ഒറ റക്കണ്ണനായ ഒരാൾ; വീർത്ത കവിളുകൾ. ഒരു കണ്ണിന്റെ സ്ഥാനത്തു് ഒരു കുഴി. ഊറിയ ചിരി അയാളുടെ മുഖത്തു നിഴലിച്ചു. ഫാദർ ജോസ ഫിനെ താങ്ങുവാൻ സഹായിച്ചുകൊണ്ടു അയാൾ പറഞ്ഞു: "അകത്തേക്കു കയറിക്കൊള്ളുക. ഈ ശാലയിൽ ധാരാളം സ്ഥലം ഉണ്ടു്."

പ്രവേശന മാർഗ്ഗത്തിലുള്ള ചെറിയ മുറി കടന്നപ്പോൾ നരകത്തി ലേക്കു പ്രവേശിച്ച പ്രതീതി ഉണ്ടായി. പതിനഞ്ചു ചതുരശ്രയടി വി സ്തീർണ്ണമുള്ള ഒരു ചെറിയ പ്ലാവഹാരത്തിൽ മരിച്ചതും മരിക്കാത്തതുമായ ഇരുപതു മനുഷ്യശരീരങ്ങൾ കിടപ്പുണ്ടു്. വേറെ ചിലർ മരണശ്വാസം വലിച്ചുകൊണ്ടു് തറയിലും. ഫാദർ കോൾഫൻബാക്കിനെ കിടത്താൻ എങ്ങും ഇടമില്ല.

ഒറക്കണ്ണൻ പ്ലാവഹാരത്തിൽ ഒരു ശവത്തിന്റെയും, മരണവേദ നയിൽ കഴിയുന്ന ഒരാളിന്റെയും ഇടയിൽ ഞങ്ങളുടെ രോഗിയെ തിരു കിക്കിടത്തി. ഫാദർ ജോസഫിന്റെ തല പകുതി പ്ലാവഹാരത്തിനു പുറത്താണു്. ശവശരീരങ്ങളെ കടന്നു് ഞാൻ അദ്ദേഹത്തിന്റെ തല എന്റെ കൈകളിൽ താങ്ങിയതും അദ്ദേഹം അന്ത്യശ്വാസം വലിച്ചതും ഒരുമിച്ചു കഴിഞ്ഞു. ഞാൻ അന്ത്യ പ്രാർത്ഥനകൾ ചൊല്ലി. അല്പനേരം കഴിഞ്ഞു് അദ്ദേഹത്തിന്റെ കഴുത്തിൽ കിടന്ന കുരിശുരൂപവും കൈ

യ്യിൽ പിടിച്ചിരുന്ന ജപമാലയും, തൊപ്പിയും ഓവർക്കോട്ടും അദ്ദേഹത്തിന്റെ ചെറിയ നോട്ടബുക്കും ഞാനെടുത്തു.

അവിടെ അധികനേരം നില്ക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. അക്കൂട്ടത്തിൽ കത്തോലിക്കരുണ്ടോ എന്നു ഞാൻ തിരക്കി. ഒറ്റക്കണ്ണനാണത്തരം പറഞ്ഞതു്.

"തീർച്ചയായും; ഞാൻ തന്നെ കത്തോലിക്കനാണു്. ഞാനൊരു അൾത്താരബാലനായിരുന്നു. എനിക്കു് ഓർഗൻ വായിക്കാനറിയാം.

"കത്തോലിക്കർ ആരെങ്കിലും മരണാസന്നരാകുമ്പോൾ എന്നെ ഒന്നറിയിക്കാമോ?"

"തീർച്ചയായും. അച്ചനിപ്പോൾത്തന്നെ ജോലിയുണ്ടു്. ഇവിടെ കിടക്കുന്നവരിൽ രണ്ടുപേർ ബ്രോൺസ്ബർഗ്ഗ്രാമത്തിൽനിന്നുള്ള കൃഷീവലരായ കത്തോലിക്കരാണു്."

അവർ രണ്ടുപേരും ഭക്തരായ കത്തോലിക്കരായിരുന്നു; അപ്രതീക്ഷിതമായി ഒരു വൈദികനെ ലഭിച്ചതിൽ അവർ ഹൃദയപൂർവ്വം സന്തോഷിച്ചു.

ഞാനവരുടെ കുമ്പസാരം കേട്ടു; അവരെ മരണത്തിനൊരുക്കി. ഈ സമയം ഒറ്റക്കണ്ണൻ ഫാദർ കോൾഹൻബാക്കിന്റെ ശവം സംസ്കരിക്കാൻ ഒരുക്കുകയാണു്. അദ്ദേഹം ധരിച്ചിരുന്ന മുഷിഞ്ഞ അങ്കവസ്ത്രമൊഴിച്ചു് എല്ലാം അയാൾ എടുത്തുമാറ്റി. മൃതദേഹത്തിന്റെ തല പ്ലാറ്റ്ഫാറത്തിനു് പുറത്താണു്. കണ്ണും വായും തുറന്നിരിക്കുന്നു.

ബാഹ്യലോകത്തെ ഞെട്ടിപ്പിക്കാൻ പോരുന്ന ഈ രംഗം കാൻവാസിൽ പകർത്താൻ ഗൊയയുടെയോ ഹിരോണിമൂസ്ബോസ്കിന്റെയോ വരം എനിക്കു കിട്ടിയിരുന്നെങ്കിൽ എന്നു ഞാൻ ചിന്തിച്ചുപോയി. ക്രിസ്തുനാഥൻ എല്ലാവരാലും പരിത്യക്തനായി, നഗ്നത മറക്കാൻ വസ്ത്രമില്ലാതെ കുരിശിൽ തൂങ്ങിക്കിടക്കുകയിൽ, പട്ടാളക്കാർ അവിടത്തെ വസ്ത്രത്തിനുവേണ്ടി ചിട്ടിയിടുകയുണ്ടായല്ലോ. ആ രംഗം എന്റെ ഓർമ്മയിൽ വന്നു.

ബാരക്കിൽ ചെന്നതിനുശേഷവും സ്വപ്നലോകത്തിൽ കഴിച്ചുകൂട്ടുന്ന പ്രതീതി എന്നിൽനിന്നു മാറുക വിഷമമായിരുന്നു. ഞാൻ കണ്ടതു യഥാർത്ഥമാണോ? എന്റെ കണ്ണുകളെത്തന്നെ ഞാൻ സംശയിച്ചു.

ശുശ്രൂഷനിയാഴ്ച കാലത്തു ഒമ്പതുമണി സമയമായിരുന്നു, അതു് സംഭവിച്ചതു്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഉള്ള ദേവാലയങ്ങളിൽനിന്നു "ഹല്ലേലൂയാ, ഹല്ലേലൂയാ, ഹല്ലേലൂയാ" എന്ന ഗീതം സ്വർഗ്ഗത്തിലേക്കുയരുന്ന സമയം.

ഞാൻ പെട്ടിപ്പുറത്തിരുന്നു; എന്റെ പ്രിയ സ്നേഹിതന്റെ പക്കൽ നിന്നൊടുത്ത ക്രൂശിതരൂപം പലവുരു ചുംബിച്ചു. പരസ്പരബന്ധമില്ലാത്ത ചിന്തകൾ ഓരോന്നായി എന്റെ മനസ്സിലുദയം ചെയ്യുകൊണ്ടിരുന്നു.

ദിവ്യനാഥൻ വാങ്ങാനംചെയ്തിരിക്കുന്ന സ്വർഗ്ഗീയസമാധാനം പീഡാസഹനത്തിന്റെ മദ്ധ്യത്തിൽപോലും ക്രിസ്തീയാത്മാവിനെ സന്തോഷിപ്പിക്കുമെന്നു് എനിക്കു ബോദ്ധ്യമായി.

ഫാദർ കോൾഫൻബാക്കിന്റെ ഓവർകോട്ടു് ഞാൻ ഗാർഡിനു് കൊടുത്തു. അദ്ദേഹത്തിന്റെ പുതപ്പു് വലിയ വിസമ്മതത്തോടെയാണു് പാസ്റ്റർ ഗോബെൽ സ്വീകരിച്ചതു്. ഒരു സ്നേഹിതന്റെ മരണത്തിൽ നിന്നു തനിക്കു് ഏതെങ്കിലും ലൗകികാദായം ഉണ്ടാകാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഫാദർ കോൾഫൻബാക്കിന്റെ ആഗ്രഹമാണു് ആ പുതപ്പു് പാസ്റ്റർ സ്വീകരിക്കണമെന്നു പറഞ്ഞപ്പോൾ മാത്രം പാസ്റ്റർ ഗോബെൽ അതു സ്വീകരിച്ചു. അപ്പോഴത്തെ ചുറ്റുപാടിൽ ഭയിക്കാൻ വിഷമമുള്ള ഒരു തമാശകൂടി ഞാൻ പറഞ്ഞു: "കത്തോലിക്കാവൈദികന്റെ പുതപ്പു് അങ്ങനെ കത്തോലിക്കനാക്കുമെന്നു ഭയപ്പെടാനൊന്നുമില്ല."

മൃതദേഹം സംസ്കരിക്കുന്ന സമയം എന്നെ അറിയിക്കാമെന്നു ഒറ്റക്കണ്ണൻ വാക്കു തന്നിട്ടുണ്ടായിരുന്നു. അയാൾ ആ വാക്കു പാലിക്കുകയുണ്ടായില്ല.

X അടിമകളുടെ ജോലി

പത്തു ദിവസത്തെ 'വിശ്രമ'ത്തിനിടയിൽ ഏഴാം കോളുമായി ഞങ്ങൾ ഒരുവിധം ഇടപഴകിക്കഴിഞ്ഞുവെന്നു പറയാം. സോവിയറ്റ് യൂണിയനിൽ നിർബന്ധിത ലേബർക്യാമ്പുകളിലേയ്ക്കുള്ള സ്ഥാനം ഞങ്ങൾ എതാണ്ടെല്ലാം ഗ്രഹിച്ചു. ഞങ്ങൾ ഏതുതരത്തിൽപ്പെട്ട തടവുകാരായി കണക്കാക്കപ്പെട്ടിരിക്കുന്നുവെന്നു മാത്രം പിടികിട്ടിയില്ല.

ഏഴാംകോളം, സാധാരണ പട്ടാളക്യാമ്പുപോലെ ധാരാളം ബാരക്കുകളുള്ള ഒരു സ്ഥലമാണ്. താമസസ്ഥലങ്ങൾ എല്ലാം ഒരേവിധത്തിൽ പണിതിരിക്കുന്ന നീണ്ട ഒറ്റനിലക്കെട്ടിടങ്ങളാണ്. ഭിത്തിയിൽ രണ്ടു നിര പലകച്ചാർത്തുകൾ, അടിയിലും മുകളിലുമായി പിടിപ്പിച്ചിരിക്കുന്നു. അവയ്ക്ക് വണ്ണംകുറഞ്ഞ മരക്കഷണങ്ങൾകൊണ്ട് താങ്ങുകൾ കൊടുത്തിട്ടുണ്ട്. ഈ രണ്ടുനിര പലകകളാണ് തടവുപുള്ളികളുടെ കിടക്കകൾ. ശാലയുടെ നടുവിലായി ഒന്നരണ്ടു പഴയ സ്റ്റൗവ് വച്ചിട്ടുണ്ട്.

ബാരക്കുകൾക്കുപുറമേ, കുശിനി, ഭക്ഷണശാല, ഡോക്ടരുടെ ഓഫീസ്, കൊലയറ എന്നു സ്വായമായിപ്പുറയാവുന്ന രോഗശാല, പ്രത്യേക തടവുകാരെ ഉദ്ദേശിച്ചു വേർതിരിച്ചു പണിതിരിക്കുന്ന ബാരക്ക്, ഗാർഡുകാർട്ടേഴ്സ്, മൂന്നാലു തുറന്ന ഷെഡ്ഡുകൾ ഇവയെല്ലാം ഏഴാം കോളത്തിൽ പെടുന്നു.

പ്രത്യേക തടവുകാർക്കായുള്ള ബാരക്ക്, ജയിലിനുള്ളിലെ ജയിലാണ്. അതിനുചുറ്റും വേലികെട്ടിയിട്ടുണ്ട്: വേലിയുടെ മുകൾഭാഗത്തു നാല് നിര മുള്ളുകമ്പി ഇരുമ്പുദണ്ഡുകളിൽകോർത്തു് ഉള്ളിലേയ്ക്കു ചരിഞ്ഞു നില്ക്കത്തക്കവണ്ണം നാട്ടി പിടിപ്പിച്ചിരിക്കയാണ്. മിക്കവാറും എല്ലാ തടവുക്യാമ്പുകളിലും ഇത്തരം ഒരു ബാരക്ക് ഉണ്ടാകും. തുറസ്സായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ക്യാമ്പുകൾക്ക്, ഇത്തരമൊന്നാവശ്യമായിരിക്കാം. പക്ഷേ ഇവിടെ ഈ പ്രത്യേക തടവുമുറിയുടെ ആവശ്യം മനസ്സിലാക്കാൻ കമ്മ്യൂണിസ്റ്റ് തലച്ചോറ് വേണ്ടിയിരിക്കുന്നു.

സാർ ചക്രവർത്തിമാരുടെകാലത്തു് പടുത്തുയർത്തിയതാണത്രെ ഈ നിർബന്ധിത ലേബർക്യാമ്പു്. അന്നത്തെ അടിമവേലസമ്പ്രദായവും ഇന്നത്തേതും തമ്മിൽ ഒരു വ്യത്യാസമേ ഉള്ളൂ. അന്നത്തെ ക്രൂരവ്യവസ്ഥിതിയിൽ മനുഷ്യത്വത്തിന്റെ വല്ല ലാഞ്ഛനയുമുണ്ടായിരുന്നെങ്കിൽ അതു് പൂർണ്ണമായി മാറിയിട്ടുണ്ടു് സോവ്യറ്റു് വ്യവസ്ഥിതിയിൽ. സോവ്യറ്റു് സമ്പദ് വ്യവസ്ഥിതിയിൽ പത്തു ശതമാനം വേല നിർവഹിക്കുന്നതു് ഇമ്മാതിരി ലേബർ ക്യാമ്പുകൾ മൂലമാണു് എന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

ഗുലാഗു് (Gulag) എന്നറിയപ്പെടുന്ന മോസ്കോയിലെ സെൻട്രൽക്യാമ്പു് അഡ്മിനിസ്ട്രേഷൻ ആണു് ലേബർ ക്യാമ്പുകളുടെ ഭരണം നടത്തുന്നതു്. ക്യാമ്പിലേയ്ക്കു് ആളുകളെ എത്തിച്ചുകൊടുക്കുക (N K V D), (M V D) എൻ. കെ. വി. ഡി., എം. വി. ഡി. എന്നൊക്കെ പേർ പറയപ്പെടുന്ന പോലീസു് വിഭാഗമാണു്.

റഷ്യയിൽ രണ്ടുതരം ലേബർക്യാമ്പുകളുണ്ടു്. ശിക്ഷണലേബർക്യാമ്പും, നിർബന്ധിത ലേബർക്യാമ്പും.

സൈബീരിയായുടെ പടിഞ്ഞാറെ അറ്റത്തു സ്ഥിതിചെയ്യുന്ന ഞങ്ങളുടെ പെറ്റ്കോറ–വോർക്കട്ട ഇതിൽ രണ്ടാമത്തെ ഇനത്തിൽ പെടുന്നു. റഷ്യയിൽ യഥാർത്ഥത്തിൽ നിർബന്ധിത ലേബർക്യാമ്പുകൾ മാത്രമാണുള്ളതു്. ശിക്ഷണ ലേബർ ക്യാമ്പു് കേവലം ഒരുവാക്കുമാത്രം. നിർബന്ധിത ലേബർക്യാമ്പുകൾ നിറുത്തലാക്കുവാൻപോകുന്നു എന്നവർ പ്രഖ്യാപിച്ചു. അന്നു കണ്ടുപിടിച്ച വാക്കാണു് "കറേറാർഗാ" അഥവാ ശിക്ഷണ ലേബർക്യാമ്പു്.

ലേബർക്യാമ്പുകളിൽ ക്രിമിനൽ പുള്ളികളെയും രാഷ്ട്രീയതടവുകാരേയും ഒരുമിച്ചാണു പാർപ്പിക്കുക. ക്രിമിനൽ പുള്ളികൾ മറ്റു തടവുകാർക്കു പലേ വിധത്തിൽ ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കുക പതിവാണു്. അവർ വൈദ്യശുപൂവ്വം ജോലിയിൽനിന്നൊഴിഞ്ഞു മാറും; മറ്റുള്ളവരുടെ റേഷൻ ഭക്ഷണം മോഷ്ടിക്കും. കോട്ടാപ്രകാരമുള്ള ജോലി തീർക്കാൻ സാധിക്കാത്തതിനാൽ ഭക്ഷണറേഷൻ വെട്ടിക്കുറച്ച സാധുക്കളുടെ ഭക്ഷണമാണു് അവർ മോഷ്ടിച്ചിരുന്നതു് എന്നതായിരുന്നു ഏറ്റവും കഷ്ടം.

ജോലി ചെയ്യുമ്പോൾ പുറത്തേയ്ക്കു നോക്കുവാൻ അനുവാദമില്ല; ബാരക്കുകളുടെനേരെ തിരിഞ്ഞുനിന്നുവേണം ജോലിചെയ്യുവാൻ. ക്യാമ്പുഓഫീസറന്മാർ വലിയ 'ഗമ'യിൽ പുറകിൽ നില്പുണ്ടാവും. പൊക്കം കുറഞ്ഞു് തടിച്ച ഒരാളാണു് കമാൻഡർ. വിശ്വസ്തയായ ആ മനുഷ്യനു നല്ല കാഴ്ചക്ഷമതയുണ്ടു്. അയാൾ മിലിട്ടറി കമാൻഡറിന്റെ ഔദ്യോഗികവേഷത്തിലാണു്. പ്രധാന ലെഫ്റ്റനൻറിനെ സൂചിപ്പിക്കുന്ന ബാഡ്ജു് കുത്തിയിട്ടുണ്ടു്. അയാളുടെ കീഴുദ്യോഗസ്ഥന്മാർ ഗാർഡുകളുടെ മേൽനോട്ടം വഹിക്കുന്ന ഒരു സർജന്റു്, രണ്ടു വസ്ത്രം സൂക്ഷിപ്പുകാർ,

തടവുപുള്ളികളുടെ ജോലി മേധാവി മി. നോർമൻ, മുഖത്തു മുഴുവൻ മസൂരിക്കുത്തുള്ള കണക്കപ്പിള്ള മി. ബൂട്ട് എന്നിവരാണു്.

ഇരുപതു മുതൽ മുപ്പതുപേർ വരെയുള്ള ഗ്രൂപ്പുകളായി തിരിച്ചാണു ഞങ്ങളെ ജോലി ചെയ്യിക്കുക. ഓരോ ഗ്രൂപ്പും, മേൽപോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ അറിയപ്പെടുന്നു. തടവുപുള്ളികളുടെ സുവർണ്ണ നിയമം കമാൻഡർ വീണ്ടുംവീണ്ടും ആവർത്തിച്ചു: "ജോലിചെയ്യാത്തവർക്കു ഭക്ഷണമില്ല." ക്യാമ്പിലേ വലിയ തീറ്റിക്കാർ പ്രായേണ ഏറ്റവുംകുറച്ചു ജോലിചെയ്തിരുന്നവരാണു്. തോട്ടംവെട്ട്, മരം അറക്കൽ, മണ്ണുനീക്കം ചെയ്യൽ മുതലായി എന്തു പണിക്കും പോട്ടാ ഉണ്ടു്. പോട്ടാ അനുസരിച്ചു പണിതീർത്താൽ റേഷൻ അനുസരിച്ചു കിട്ടുന്ന ഇരുപത്തൊന്നു ഔൺസു് അപ്പത്തിനു പുറമെ സൂപ്പും ഉണ്ടാകും. പോട്ടാ അനുസരിച്ചുള്ള പണിതീർക്കാൻ സാധിച്ചില്ലെങ്കിൽ ഭക്ഷണ റേഷൻ കുറഞ്ഞുകൊണ്ടിരിക്കും.

കമാൻഡർ ഞങ്ങളെ അനുസ്മരിപ്പിച്ചു: "പോട്ടാ നിങ്ങളുടെ കഴിവിൽ വളരെ താഴെയാണെന്നു് ഞങ്ങൾക്കറിയാം. പോട്ടാകവിഞ്ഞു ജോലിചെയ്യുന്നവർക്കു് ഞങ്ങളുടെ പ്രത്യേക പരിഗണന ഉണ്ടാകുന്നതാണു്. റഷ്യാക്കാരായ ഞങ്ങൾ പൊതുവെ വളരെ ദീനാനുകമ്പയുള്ളവരാണു്. ജോലി ചെയ്യാതിരുന്ന ഞങ്ങളുടെ ദീനാനുകമ്പയെ പരീക്ഷിക്കരുതെന്നു ഞാൻ താക്കീതു് നല്കികൊള്ളുന്നു."

ഞങ്ങൾ ധരിച്ചിരിക്കുന്ന മേലു് വസ്ത്രങ്ങൾ മാറിവച്ചു വസ്ത്രപുരയിലേയ്ക്കു മാച്ചുചെയ്യുവാൻ കല്പനയായി. വസ്ത്രപുരയിലേയ്ക്കു് ഓരോ തടവുപുള്ളിയും കയറുമ്പോൾ, ഒന്നു്, രണ്ടു്,..... ഇങ്ങനെ ഏഴുവരെ പതുപതുത്ത സ്വരത്തിൽ ഉറക്കെ എണ്ണുന്നശബ്ദം പുറത്തു മുഴങ്ങികേൾക്കാം. ഓരോ എണ്ണത്തിനും ഓരോവസ്ത്രം തടവുപുള്ളിക്കു നല്കപ്പെടുന്നു. ചെന്നിരിക്കുന്ന ആളിന്റെ പൊക്കവും വണ്ണവും കണക്കിലെടുക്കാതെ, യാന്ത്രികമായിട്ടാണു വസ്ത്രവിതരണം.

"ഒന്നു്" ഷർട്ടാണു്. ബൽറവു് കഴിഞ്ഞു് ഇറക്കമുള്ള ഷർട്ടു് വെട്ടിച്ചുരുക്കിയിരിക്കുകയാണു്.

"രണ്ടു്" കാലുറകളാണു്. നീണ്ട കാലുറകൾ മുട്ടിനുമുകളിൽവച്ചു് വെട്ടിക്കളഞ്ഞു് ചെറുതാക്കിയിരിക്കുന്നു.

"മൂന്നും നാലും" ഞങ്ങൾക്കു അമൂല്യങ്ങളായിരുന്നു. ഒന്നാംതരം പഞ്ഞികൊണ്ടു നിർമ്മിച്ചിരിക്കുന്ന പാൻറും കോട്ടും.

"അഞ്ചു്" അതേ തുണികൊണ്ടുള്ള തൊപ്പി.

"ആറു്" സ്റ്റോക്കിംഗ്സു്.

"ഏഴു്" ഒരു പാരു് ഷൂസു്.

അഞ്ചുമിനിട്ടിനകം ഞങ്ങൾക്കെറിഞ്ഞുതന്ന വസ്ത്രങ്ങൾ ധരിക്കേണ്ടിയിരുന്നു. ഭാഗ്യംകൊണ്ടു് എനിക്കു കിട്ടിയവ എല്ലാംതന്നെ ശരീരത്തിനൊത്തതായിരുന്നു. ഷൂസു് ചെറുതായിരുന്നതിനാൽ കാലു കടത്തുവാൻ

കൂടെ പ്രയാസപ്പെടേണ്ടിവന്നു. മറവുള്ളവർ എന്നേക്കാൾ ഭാഗ്യഹീനന്മാരായിരുന്നു.

അഞ്ചുമിനിട്ട് കഴിഞ്ഞു; വളരെപ്പേർ തങ്ങൾക്കു കിട്ടിയ വസ്ത്രങ്ങൾ കൈയ്യിൽത്തന്നെ പിടിച്ചുകൊണ്ട് വിഷണ്ണന്മാരായി നില്ക്കുകയാണു്. കോമാളിവേഷം ചമഞ്ഞു നില്ക്കുന്ന മറവുള്ളവരെ കണ്ടപ്പോൾ ചിരിയടക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ആറടി ഏഴിഞ്ചു പൊക്കമുള്ള മാക്സ് കചാൻഡിന്റെ ഷർട്ടു് വയറുവരെ എത്തിയിട്ടില്ല; പുള്ളിക്കാരന്റെ പാൻറ് യാതൊരു വിധത്തിലും ഇടാൻ പറ്റുന്നില്ല. ആവശ്യക്കാക്കു വസ്ത്രങ്ങൾ വച്ചുമാറാമെന്നു് പ്രഖ്യാപിക്കപ്പെട്ടു. വിയന്നായിൽ നിന്നുള്ള ഒരു കൃശീവലനായ അഞ്ചടി മാത്രം പൊക്കമുള്ള ആഡൽബർട്ട്, മാക്സുമായി വസ്ത്രങ്ങൾ വച്ചുമാറി. അവ ആഭൃത്തിലും ഭേദമായിരുന്നു. അയാൾ ഷൂസുധരിച്ചതോടെ, മാച്ചുചെയ്യുക എന്ന കല്പനലഭിച്ചു. മാക്സ് അല്പനഗ്നനായി മഞ്ഞിൽക്കൂടി മാച്ചുചെയ്യേണ്ടിവന്നു.

രാത്രി കിടക്കുവാൻ പോകുന്നതിനുമുമ്പു് ഞങ്ങൾ പുതിയ യൂണിഫാറം ധരിച്ചുനോക്കി. പുതിയയൂണിഫാറം വലിയ ചിരിക്കു വകയുണ്ടാക്കിത്തന്നു. ഓരോരുത്തരും എസ്കിമോകളെപ്പോലെ കാണപ്പെട്ടു.

പിറേറന്നു് ഈസ്റ്റർ ഞായറാഴ്ചയായിരുന്നു. ഞാൻ പാസ്റ്റർ ഗോബെലിലിനു ഈസ്റ്റർ മംഗളങ്ങളാശംസിച്ചു. ഞങ്ങളെ അഞ്ചു ഗ്രൂപ്പുകളായി തിരിച്ചു.

തിങ്കളാഴ്ചയായി, ഇന്നു പണിയാരംഭിക്കുകയാണു്. മൂന്നുഗ്രൂപ്പുകൾ തോട്ടപണിക്കു നിയോഗിക്കപ്പെട്ടു. ഞങ്ങളുടെ ജോലി ക്യാമ്പിലെ മഞ്ഞു നീക്കം ചെയ്യലാണു്. വാക്കോവിസ്കി എന്ന പോളണ്ടുകാരനായ ഒരുത്തനാണു് ഞങ്ങളുടെ ഗ്രൂപ്പുമേധാവി: അയാളുടെ മുഖഭാവവും നോട്ടവും വഞ്ചനാത്മകമാണു്. ചെയ്യേണ്ട ജോലിയുടെ കോട്ടാ നിശ്ചയിച്ചുതന്നു. ഞങ്ങളുടെ ആരോഗ്യസ്ഥിതി നോക്കുമ്പോൾ അതുയും ചെയ്യുതീക്കുക അസാദ്ധ്യംതന്നെയായിരുന്നു. ഡിസെൻറിറി ബാധിച്ച ഞങ്ങളിൽ മൂന്നിലൊരുഭാഗം ഷെഡിലേയ്ക്കു പോയ്ക്കൊണ്ടിരിക്കുവാൻ പ്രകൃതിയാൽ നിർബന്ധിക്കപ്പെട്ടു. മറവുള്ളവർ കഷ്ടിച്ചു് എണീറു നില്ക്കുന്നതുതന്നെ വിഷമിച്ചാണു്.

കശിനിക്കുചുറവും ഏതാണ്ടു് ഒൻപതടി ഘനത്തിൽ മഞ്ഞുവീണു കിടപ്പുണ്ടു്. അതു മാറുകയാണു് ഞങ്ങളുടെ ജോലി. കുന്താലികൊണ്ടു് കിളച്ചു് ദൂരെ എടുത്തുകൊണ്ടുപോയികളയുക എന്നെ സംബന്ധിച്ചു ദുഷ്കരമായിരുന്നു. കുന്താലി തലവരെ പൊന്തിച്ചു താഴെക്കിടുവാനല്ലാതെ ശക്തികൊടുത്തു കിളക്കുക എനിക്കു സാദ്ധ്യമായിരുന്നില്ല. തോട്ടവെട്ടുകാരുമായി തുലനം ചെയ്യുമ്പോൾ ഞങ്ങൾ ഭാഗ്യവാന്മാരാണു്.

ഞാൻ ദിവ്യനാഥന്റെ ഉയിർപ്പിനെപ്പററി ചിന്തിക്കുവാൻ ഇഷ്ടപ്പെട്ടു. എന്നാൽ സംസാരപ്രിയനായ എന്റെ സ്നേഹിതൻ മാക്സ്

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

കോൺഡ് എപ്പോഴും സംസാരിച്ചുകൊണ്ടിരുന്നു. അയാൾക്ക് പതുവയിസ്സുണ്ട്. അഞ്ചടിപ്പൊക്കത്തിൽ അയാളുടെ തൂക്കം എൺപതുറാത്തൽ കവിഞ്ഞിരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും അയാൾ ഉന്മേഷവാനും ശുഭാപ്തിവിശ്വാസിയുമായിത്തന്നെ കാണപ്പെട്ടു. മൂന്നു രാജ്യങ്ങളിൽ തനിക്കു പരിചയമുള്ള മദ്യഷാപ്പുകളെക്കുറിച്ച് പുതിയ പുതിയ കഥകൾ തന്മയത്വത്തോടെ അയാൾ പറയുന്നതു കേൾക്കുക ബഹുരസമാണ്.

ഒരിക്കൽ ആരോ അയാളോടു പറഞ്ഞു: "നിങ്ങൾ ഒരേസമയം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ജർമൻ നാഷണൽ പാർട്ടിയുടെയും അംഗമായിരുന്നുവെന്നു കേൾക്കുന്നല്ലോ." തോളുകുലുക്കി ചിരിച്ചുകൊണ്ട് അയാൾ കൊടുത്ത സമാധാനമിങ്ങനെയാണ്: "എനിക്ക് വേറെ നിവൃത്തിയുണ്ടായിരുന്നില്ല. എന്റെ സ്നേഹിതന്മാർ ഒരു പാർട്ടിയിലും പറവപടിക്കാർ മറ്റേ പാർട്ടിയിലും ആയിരുന്നു. ആരേയും പിണക്കുക സാദ്ധ്യമായിരുന്നില്ല."

മാക്സ് എപ്പോഴും നാക്കിട്ടടിച്ചുകൊണ്ടിരുന്നെങ്കിൽ, എന്റെകൂടെ ജോലിചെയ്തുകൊണ്ടിരിക്കുന്ന വേറൊരാൾ വളരെ കുറച്ചുമാത്രം സംസാരിക്കുന്ന കൂട്ടത്തിലാണ്. അയാളുടെ കൈകാലുകൾ നീക്കിട്ടി വീർത്തിരിക്കുന്നു. അയാളുടെ മുഖത്തുപോലും നീക്കോളുണ്ടാക്കിയിരുന്നു. വിദ്യാസമ്പന്നനും സംസ്കാരചിത്തനുമായ അയാൾ ആത്മചരിതനും മറവുള്ളവരെക്കുറിച്ച് ചിന്തയുള്ളവനുമായിരുന്നു. പട്ടാളക്കാരനായിരുന്ന ആ മനുഷ്യന്റെ മുഖത്ത് ഒരു നേരിയ വെറുപ്പു നിഴലിച്ചു. അയാൾ പറഞ്ഞു: "തടവുകാരനായ ഞാൻ ജോലിയിൽനിന്നൊഴിഞ്ഞു മാറുകയില്ല. റഷ്യക്കാക്കുവേണ്ടിയായാലും ജോലിചെയ്യുവാൻ ഞാനിഷ്ടപ്പെടുന്നു. പക്ഷേ അവർ നമ്മെ പണിയിക്കുവാൻവേണ്ടി പണിയുണ്ടാക്കിയിരിക്കുകയാണ്. ഉറച്ച മണ്ണ് കുത്തിയിളക്കി മൂന്നുനാലടി മാറിയിടുന്നതുകൊണ്ട് എന്തുഫലം? അതു് അവിടെ കിടന്നുറക്കും. അപ്പോൾ ഇങ്ങോട്ടുമാറുവാൻ കല്പനയാകും. പുറത്തുകൊണ്ടുപോയി തടവുകാരെക്കൊണ്ടു വലിയകുഴി കുഴിപ്പിക്കുന്നതിനെ തോട്ടവെട്ടൽ എന്നുവിളിച്ചാൽ ഉച്ചക്കിറക്ക് എന്നല്ലാതെ എന്തുപറയാനാണ്? എന്റെ ഭാര്യയും കുഞ്ഞുങ്ങളും യുദ്ധഭീതിയിൽ വീട്ടിൽ കഴിഞ്ഞുകൂടുകയാണ്. എന്നെ ഇവിടെ പട്ടിണിയിട്ടുകൊന്നതുകൊണ്ട് ഇവർക്ക് എന്തുഗുണമാണുള്ളതു്."

ഇരുട്ടാകുന്നതുവരെ പണിതുടർന്നു. ഇങ്ങനെ ഒരവസാനവുമില്ലാതെ എന്നും പണിയണമല്ലൊ എന്ന ചിന്ത പലരേയും നിരാശയുടെ വക്കുവരെ എത്തിച്ചു. മാക്സ് പറയുന്നതെല്ലാം മൂളികേട്ടുകൊണ്ടിരുന്നതിനു്, എന്റെ ജോലി തീർക്കുന്നതിനു സഹായിച്ചുകൊണ്ട് അയാൾ എനിക്കു പ്രതിസമ്മാനം നല്കി.

അത്താഴം കഴിഞ്ഞു ഞങ്ങളുടെ ബാരക്കിലെ ഒരു ഗ്രൂപ്പു തടവുപുള്ളികളെ അവിടെനിന്നു മാറുകയും വേറൊരു ബാരക്കിൽനിന്നു ഒരു

ഗ്രൂപ്പു തടവുകാരെ അവിടെ എത്തിക്കുകയും ഉണ്ടായി. പ്രാസ്റ്റർ ഗോബെൽ മാറ്റപ്പെട്ട കൂട്ടത്തിൽ ആയിരുന്നു. അതു് എന്നെ ദുഃഖിപ്പിച്ചു. ഇങ്ങനെയുള്ള മാറ്റങ്ങളും ഉണ്ടാകാത്ത ദിവസങ്ങളും ചുരുക്കമായിരുന്നു.

പുതുതായി വന്നവരുടെ സ്ഥലത്തിനു വേണ്ടിയുള്ള ഗ്രസ്തിയും ബഹളവും അവസാനിച്ചപ്പോൾ ബാരക്കിന്റെ നടുക്കു് ഒരു പലകപ്പുറത്തു് കയറി ഞാൻ നില്പുറപ്പിച്ചു. എല്ലാവർക്കും എന്നെ കാണാം. അങ്ങുമിങ്ങുമിട്ടു് നിശ്ശബ്ദരായിരിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചു. അവർ അനുസരിച്ചു.

ഞാൻ പ്രസംഗം ആരംഭിച്ചു. ഉയർപ്പുഞായർ പ്രസംഗം. മിസ്സാളിൽനിന്നു അന്നത്തെ ലേഖനത്തിലെ താഴെവരുന്ന ഭാഗം ഞാൻ സ്വരത്തിൽ വായിച്ചു: "കല്ലറയുടെ വാതുക്കൽ വച്ചിരിക്കുന്ന കല്ലു് നമുക്കു് ആർ മാറ്റിത്തരും?"

"നാമെല്ലാം തടവുകാരായി ഈ ക്യാമ്പിൽ അടയ്ക്കപ്പെട്ടിരിക്കയാണു്. നാം ജീവനോടെ അടക്കംചെയ്യപ്പെട്ടിരിക്കുന്ന ഈ കല്ലറയുടെ വാതിൽ ആർ നമുക്കു തുറന്നുതരും?" ഇങ്ങനെ ബന്ധനസ്ഥരാകുവാൻ ദൈവം അനുവദിച്ചതെന്തുകൊണ്ടായിരിക്കാമെന്നു ഞാൻ വിവരിച്ചു. എന്റെ വാക്കുകൾ ഇങ്ങനെ അവസാനിപ്പിച്ചു: "ഇവിടെയുള്ളവർ എല്ലാവരും തന്നെ മാമ്മോദീസാ സ്വീകരിച്ച ക്രിസ്ത്യാനികൾ ആണു്. നമുക്കു് ഓരോരുത്തർക്കും ന്യായമായി പറയാം, പാപംചെയ്തു് മിശിഹാനാഥനെ പല പ്രാവശ്യം എന്റെ ഹൃദയകല്ലറയിൽ ഞാൻ അടക്കം ചെയ്തിട്ടുണ്ടെന്നു്. നമ്മുടെ ഈസ്റ്റർ സന്ദേശം ഇതായിരിക്കട്ടെ: നാം അടയ്ക്കപ്പെട്ടിരിക്കുന്ന ഈ ഭീകര ജയിലറയേക്കാൾ ഭയങ്കരമായ കല്ലറ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നാം പടുത്തുയർത്തിയിട്ടുണ്ടു്. ഈ ഭീകരകല്ലറ തട്ടിത്തകർത്തു മിശിഹാനാഥനെ അവിടെ വാഴിക്കുവാൻ നമുക്കു സ്വാതന്ത്ര്യമനസാ പരിശ്രമിക്കാം. നമ്മുടെ സഹനങ്ങൾക്കു ഒരർത്ഥം അപ്പോൾ മാത്രം നാം കണ്ടെത്തും; നമ്മുടെ ഹൃദയത്തിലെ അന്ധകാരം അപ്രത്യക്ഷമായി, ദിവ്യപ്രകാശത്താൽ നാം പരിപൂരിതരാക്കപ്പെടുകയും ചെയ്യും."

പ്രസംഗം കഴിഞ്ഞു് തടവുകാരോരുത്തർക്കും അവരുടെ പ്രിയപ്പെട്ട ഭാര്യമാർക്കും കുഞ്ഞുങ്ങൾക്കുവേണ്ടിയും ഹൃദയംഗമമായി ഞാൻ പ്രാർത്ഥിച്ചു.

'പ്രസംഗപീഠ'ത്തിൽനിന്നു ഞാൻ താഴെ ഇറങ്ങി. കുറേനേരത്തേക്കുകൂടി നിശ്ശബ്ദത അവിടെ തങ്ങിനിന്നു. ഞാൻ തീയുടെ അടുത്തുപോയിനിന്നു. പ്രോട്ടസ്റ്റൻറുകാരനായ ഒരു കൃഷീവലനും, സ്വതന്ത്രചിന്തകനായ പ്രായംചെന്ന ഒരു പട്ടാളക്കാരനും എന്നെ സമീപിച്ചു പ്രസംഗത്തിനു കൃതജ്ഞത പ്രകടിപ്പിക്കുകയുണ്ടായി.

സ്വതന്ത്രചിന്തകൻ പറഞ്ഞു: "യേശുക്രിസ്തുവിനെക്കുറിച്ചു നന്മയായി വല്ലതും കേൾക്കുന്നതു് ഇതാദ്യമാണു്. അവിടത്തെക്കുറിച്ചു് കൂടുതൽ കേൾക്കാൻ എനിക്കു് ആഗ്രഹമുണ്ടു്."

അ രാത്രി ബാരക്കിലെ അന്തരീക്ഷം സമാധാനപൂർണ്ണമായിരുന്നു; അന്നു പരസ്പരം കലഹമോ, ചീത്തപറച്ചിലോ ഒന്നുമുണ്ടായില്ല. ക്രിസ്തുവിന്റെ സമാധാനം ഇരുളടഞ്ഞ ഞങ്ങളുടെ ബാരക്കിലും അലയടിച്ചതിൽ ഞാൻ സന്തോഷിച്ചു.

പിറ്റേദിവസം പ്രഭാതത്തിൽ ഞങ്ങളുടെ നമ്പർ എടുത്തുകൊണ്ടിരിക്കുന്ന സമയം കമാൻഡർ ഗൗരവഭാവത്തിൽ രാഷ്ട്രീയകമ്മീസാറുമായി സംസാരിച്ചുകൊണ്ടിരുന്നു. കമ്മിസാർ, ഫെൽവിഗ്, ഞങ്ങളെ അഭിമുഖീകരിച്ചു ഇപ്രകാരം പറഞ്ഞു: "ക്യാമ്പിൽ മതകർമ്മങ്ങൾ നടക്കുന്നതായി കമാൻഡറിനു റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. സോവ്യറ്റു ഭരണഘടന ആരോ വ്യക്തിക്കും പരിപൂർണ്ണമതസ്വാതന്ത്ര്യമനുവദിക്കുന്നുണ്ടെന്നു വസ്തുതനിങ്ങളെ അനുസ്മരിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുകയാണ്. ഭരണഘടനയിലെ ഈ വ്യവസ്ഥ കൃത്യമായി പാലിക്കപ്പെടുകതന്നെ വേണം. ഒരാൾ വേറൊരാളുടെ മതവിശ്വാസത്തിൽ എങ്ങനെയെങ്കിലും പ്രേരണചെലുത്തുമ്പോൾ ഭരണഘടന അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യലംഘനമാണതു. ആകയാൽ മേലിൽ ക്യാമ്പിൽ മതകർമ്മങ്ങൾ നടത്തിക്കൂടാ. വീണ്ടും ഇത്തരം സംരംഭങ്ങൾക്കു തുനിയരുതെന്നു ബന്ധപ്പെട്ടവർക്കു ശക്തിയായി താക്കീതു നല്കിക്കൊള്ളുന്നു."

എന്റെ അടുത്തുനിന്നിരുന്ന ഒരാൾ പതുക്കെ മന്ത്രിച്ചു: "നിന്നെ ഇങ്ങോട്ടയച്ച പന്നിയെ എന്റെ കൈയിൽ കിട്ടിയിരുന്നെങ്കിൽ അവനെ ബാക്കി വച്ചിരിക്കില്ലായിരുന്നു." ഞാൻ തിരിഞ്ഞുനോക്കി. വൃദ്ധനായ സ്വതന്ത്രചിന്തകനാണ് അതു പറഞ്ഞതു.

കമാൻഡർ മതകാര്യത്തിൽ അലക്ഷ്യഭാവം കൈക്കൊള്ളുന്നതുപോലെ കാണപ്പെട്ടു. കമ്മിസാർ പാർട്ടിക്കുവേണ്ടി വീറോടെ സംസാരിക്കുന്നതിൽ കമാൻഡറിനു പുച്ഛമാണുള്ളതെന്നു മുഖഭാവം വെളിപ്പെടുത്തി. എങ്കിലും പരസ്യമായികമാൻഡർ പാർട്ടിയുടെ ചിന്താഗതിതന്നെ മുറുകെപ്പിടിച്ചിരുന്നു. കമ്മിസാറിന്റെ ഉദ്യോഗം അതു വലുതല്ലെങ്കിലും, അയാൾ പാർട്ടിയുടെ പ്രതിനിധിയാണ്.

മഞ്ഞുമാറുന്ന ജോലി ഞങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ബാരക്കു മാറ്റമുണ്ടായിക്കൊണ്ടിരുന്നു. ഞാനുൾപ്പെടുന്ന ഗ്രൂപ്പ് രോഗശാലയുടെ ഏറ്റം അടുത്ത ബാരക്കിലേക്കു മാറ്റപ്പെട്ടു. അന്നു ജോലിസ്ഥലത്തു താടിമീശ വളർത്തിയിരുന്ന ഒരു വൃദ്ധൻ തളർന്നു വീഴുകയുണ്ടായി. ഞാൻ അയാളെ താങ്ങിപ്പിടിച്ചു ഞങ്ങളുടെ പുതിയ താമസസ്ഥലത്തു കൊണ്ടുചെന്നാക്കി. വയോവൃദ്ധനായ അയാൾ ഒരദ്ധ്യാപകനായിരുന്നു. വേദനകൊണ്ടു ഞരങ്ങിക്കൊണ്ടിരുന്ന അയാൾ പറഞ്ഞു "ഇതിൽക്കൂടുതൽ സഹിക്കുക എന്നെക്കൊണ്ടാവില്ല. ഞാൻ എന്റെ ഭാര്യയുടെ മേൽവിലാസം തരാം. വിവരങ്ങൾ അവളെ അറിയിക്കുക,

ഞാൻ മരിക്കുന്നതിനുമുമ്പ് വേദപുസ്തകത്തിൽ വല്ലഭാഗവും വായിച്ചു കേൾപ്പിക്കാമോ?"

പാസ്റ്റർ ഗോബെൽ അതേ ബാരക്കിൽതന്നെയാണ്. ഞാൻ ഗോബെലിനെ കൂട്ടിക്കൊണ്ടുവന്നു. ഞങ്ങൾ വൃദ്ധനെ പലകച്ചാർത്തിൽ കിടത്തി. തിരിഞ്ഞുനോക്കിയപ്പോൾ സംഭവഗതികൾ നിരീക്ഷിച്ചുകൊണ്ടിരുന്ന കമ്മിസാർ ഹെൽവിഗ്നെയാണ് കണ്ടത്. "ഉം മുറക്കു നടക്കട്ടെ; ഞാൻ നിങ്ങളെ ശല്യപ്പെടുത്തുന്നില്ല." അയാൾ പറഞ്ഞു.

പാസ്റ്റർ ഗോബെൽ വളരെ തന്ത്രപൂർവ്വം അയാളോട് സംസാരിച്ചു: "കമ്മിസാറിനെ കണ്ടതിൽ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ഇന്നു കാലത്തു് അങ്ങു ചെയ്ത ലഘുപ്രസംഗത്തിനു നന്ദിപറയുവാൻ അവസരം പാർത്തിരിക്കുകയായിരുന്ന ഞങ്ങൾ. സോവ്യറ്റ് ഭരണഘടന മതസ്വാതന്ത്ര്യം അനുവദിക്കുന്നു എന്നറിഞ്ഞതു് ഞങ്ങളെ ആനന്ദിപ്പിക്കുകതന്നെ ചെയ്തു. ആരുടേയും മതവികാരങ്ങളെ പ്രണപ്പെടുത്തരുതെന്നു അങ്ങു പറഞ്ഞതിനോടു് ഞങ്ങളും യോജിക്കുന്നു.

ഹെൽവിഗ്നു് പാസ്റ്ററിന്റെ വാക്കുകൾ ഇഷ്ടപ്പെട്ടു. അയാൾ പുഞ്ചിരിതൂകി. പാസ്റ്റർ ഗോബെൽ തുടർന്നു: "ക്രിസ്തുൻ ആശയം ഇതിൽ നിന്നു ഒട്ടും ഭിന്നമല്ല. സ്വമനസ്സാ ഒരുമിച്ചു പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നവരെ കമാൻഡർ അതിനനുവദിക്കുമെന്നു അങ്ങു കരുതുന്നുവോ?"

"നിങ്ങളുടെ ചോദ്യം ന്യായപൂർവ്വമാണ്. പക്ഷെ അതിനുത്തരം പറയുന്നതിനുമുമ്പ് ഒന്നറിയേണ്ടതുണ്ട്. അങ്ങനെ അനുവദിച്ചാൽ രാഷ്ട്രീയകാര്യങ്ങൾ പറഞ്ഞു് ഇവിടത്തെ ജോലിക്കു തടസ്സമുണ്ടാക്കുകയില്ല എന്നതിനു് എന്താണുറപ്പു്?"

"കമ്മങ്ങളിൽ സന്നിഹിതനായി ഞങ്ങൾ അങ്ങനെയുള്ള കാര്യങ്ങൾ പറയുന്നെങ്കിൽ ഉടനെ അങ്ങേക്കു തടയാമല്ലോ?"

ഹെൽവിഗ് പെട്ടന്നു് നിഷേധാത്മകമായി മറുപടി പറഞ്ഞേക്കുമോ എന്നു ഭയന്നു് ഞാനുടനെ ഒരു ചോദ്യം എടുത്തിട്ടു. "ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നും ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നും പറയുന്നതു് രാഷ്ട്രീയമാവുന്നതെങ്ങനെ?"

"അതവരെ ഉത്തേജിപ്പിക്കും; ജോലി ചെയ്യാനുള്ള സന്മനസ്സു് അവരിലില്ലാതാക്കുകയും ചെയ്യും." അയാൾ പ്രതിവചിച്ചു.

"അങ്ങു പറഞ്ഞതിന്റെ യുക്തി മനസ്സിലായില്ലല്ലോ" ഞാൻ തുടർന്നു: "മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നതുകൊണ്ടു് ആരും ചീത്തയായിത്തീരുകയില്ല. ഈ ജീവിതത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനു് ഏറ്റവും നല്ല പ്രേരകശക്തിയാണതു്."

ഹെൽവിഗിനു മുഴുവൻ സമ്മതമായില്ല. ഗോബെൽ ചോദിച്ചു: "ഞങ്ങൾക്കു ശക്തി ലഭിക്കാനായി പ്രാർത്ഥിക്കുകയും അങ്ങനെ കോട്ടാപ്രകാരമുള്ള ജോലി ചെയ്തീർക്കുകയും ചെയ്യുന്നതിൽ എന്താണു് തടസ്സം?"

"നയതന്ത്രത്തിന്റെ വിഷമമേറിയ വശങ്ങളാണ് നിങ്ങൾ പറയുന്നത്." കമ്മിസാർ തന്റെ നിസ്സഹായത വെളിപ്പെടുത്തിക്കൊണ്ടു പറഞ്ഞു: "ഇക്കാര്യം ഞാൻ മോസ്കോയിൽ ചോദിക്കാം. ഏതായാലും മതകർമ്മങ്ങൾ നടത്തുവാൻ പാടില്ലെന്ന കാര്യം ഞാൻ വീണ്ടും അനുസ്മരിപ്പിക്കുന്നു..... നിങ്ങൾക്കു പുകവലിക്കണമോ?" എന്നു ചോദിച്ചുകൊണ്ടു ഒരു പാക്കറ്റ് പുകയില എടുത്തുനീട്ടി. ഞാനതിൽനിന്നു കുറെ എടുത്തു. ശേഷം ഉണ്ടായിരുന്നതു് പാക്കറ്റോടുകൂടി അയാൾ പാസ്റ്റർ ഗോബെലിനു കൊടുത്തു. കമ്മിസാർ സ്ഥലംവിട്ടപ്പോൾ എന്റെ കൈവശമിരുന്നതും, വലിയ പുകവലിശീലക്കാരനായ ഗോബെലിനുതന്നെ കൊടുത്തു. കമ്മിസാറുമായുള്ള അനുരഞ്ജനം മുഴുവൻ വിജയപ്രദമാകാതിരുന്നതിനാൽ ഗോബെൽ പുകയില കിട്ടിയതിൽ അത്ര സന്തുഷ്ടി പ്രകടിപ്പിച്ചില്ല.

ഒരു പുതിയ കൗശലം അദ്ദേഹത്തിന്റെ ബുദ്ധിയിൽ ഉദയംചെയ്തു. പ്രസന്നഭാവത്തോടെ അദ്ദേഹം ഇപ്രകാരം ഉദ്ഘാടനംചെയ്തു. സ്വമനസ്സാ ആരാധിപ്പെടുന്നവരെ ബൈബിൾ വായിച്ചുകേൾപ്പിക്കുന്നതു് മുടക്കിയിട്ടൊന്നുമില്ലല്ലോ. മറ്റുള്ളവരും കേൾക്കാൻ തക്ക സ്വരത്തിൽ നമുക്കതു വായിക്കാം!

രണ്ടാംനിരയിലെ പലകച്ചാരത്തിൽനിന്നു് ഒരാൾ എന്നെ വിളിച്ചു: "അച്ചാ, അന്ത്യയാത്രയ്ക്കു് എന്നെ ഒരുക്കിയാലും."

മൂന്നു് കേട്ടപരിചയമുള്ളസ്വരം. തന്റെ രണ്ടുകുട്ടികളെക്കുറിച്ചും മറ്റു വൈഷമ്യങ്ങളെക്കുറിച്ചും എന്നോടു പണ്ടേപറഞ്ഞിരുന്ന ഹൈൻറിഷ് നിഷ് എന്നാരാളാണു് എന്നെ വിളിച്ചതു്. അയാളുടെ രണ്ടുകാലിലും നീരുണ്ടു്. പാദം കണ്ടാൽ മന്തുബാധിച്ചിരിക്കയാണെന്നു തോന്നും. കാലു് അങ്ങോട്ടോ ഇങ്ങോട്ടോ മാറുന്നതിനു് നിവൃത്തിമില്ലാത്ത അവസ്ഥയിലാണയാൾ.

അയാളുടെ മുഖത്തു് ഭീതിയുടെയോ, പരാതിയുടേയോ ലാഞ്ഛനപോലുമില്ല. നല്ലപോലെ ഒരുങ്ങി അയാൾ കുമ്പസാരിച്ചു; കൈകൾ കൂപ്പിപ്പിടിക്കുവാൻ ശ്രമിച്ചെങ്കിലും നീരുകൊണ്ടുവീർത്ത കൈവിരലുകൾ കോർത്തുപിടിക്കുവാനേ കഴിഞ്ഞൊള്ളൂ. ഇപ്പോൾപോലും ആ മുഖഭാവത്തിന്റെ കുലീനതയ്ക്കു യാതൊരു കോട്ടവുമില്ല. ഫെയിൽസ്ബ്ലിലെ നിലവറയിൽനിന്നു പുറത്തേക്കു ശാന്തഗംഭീരനായി നടന്നുവരുന്ന പാസ്റ്റർ ഏബെലിന്റെ കാര്യമാണു് അപ്പോൾ എന്റെ ഓർമ്മയിൽ വന്നതു്.

പിറേറ പ്രഭാതത്തിൽ എനിക്കു നല്ല ഉന്മേഷംതോന്നി. ഡിസെൻസറിക്കു് തന്നതാൻ പ്രയോഗിച്ച ഉപശാന്തി—ഒരാഴ്ചത്തെ ഉപവാസം—ഫലിച്ചു. എന്റെ ആരോഗ്യനില മെച്ചപ്പെട്ടതുപോലെ തോന്നി. പുതിയ സാഹചര്യങ്ങളുമായി സാവധാനം ഇണങ്ങിച്ചേരുകയാണു്. ഞങ്ങ

ളിൽ നാലുപേർക്ക് കുടിനിയിലേയ്ക്ക് വെള്ളംകോരി കൊടുക്കുവാനുള്ള ജോലിയാണ അന്ന ലഭിച്ചതു്. നാലുപേരിൽ ഒരാൾ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്ന മാക്സ് ആണു്. പ്രധാന ഗെയിറ്റ കടന്ന വളപ്പിന പുറത്തുള്ള ഒരിടുങ്ങിയ തോട്ടിൽ നിന്നാണ വെള്ളം കൊണ്ടുവരേണ്ടതു്. ഉറഞ്ഞുകിടക്കുന്ന മഞ്ഞു് മാറിയിട്ടുവേണം വെള്ളം കോരുവാൻ. ഒരാൾക്കുള്ള കോപ്പ ഉച്ചഭക്ഷണംവരെ ആറ വീപ്പ, അത്താഴം വരെയുള്ള സമയം വീണ്ടും ആറുവീപ്പ.

മൂന്ന നട വെള്ളം കൊണ്ടുവന്നുകഴിഞ്ഞപ്പോൾ പ്രധാന കറിവെപ്പുകാരൻ, സ്റ്റെപ്പാൻ ഞങ്ങൾക്കു കുറെ പഴങ്ങൾ സമ്മാനിച്ചു. തടിയനായ ഈ യുക്രേനിയൻകാരൻ ക്രിമിനൽ തടവുകാരുടെ കൂട്ടത്തിൽപ്പെട്ടയാളായിരുന്നെങ്കിലും സൗമ്യശീലനായിരുന്നു. കൂടാതെ, അയാൾ ഞങ്ങളെ കുറിനിക്കു പിറകിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി വയറുനിറയെ ഭക്ഷണം തന്നു. തടങ്കൽ പാളയത്തിൽ വന്നതിനുശേഷം രുചിയോടെ ഭക്ഷണം കഴിച്ചതു് ഇപ്പോഴാണു്.

വെള്ളം കോരുവാൻ പോകുന്ന വഴിക്കു് കാണുന്നകാഴ്ച എന്റെ സന്തോഷത്തെ നിഗ്ഗ്രഹം നശിപ്പിക്കുവാൻ പോരുന്നതായിരുന്നു. സഹവാസികളായ മൂന്നഗ്രൂപ്പു തടവുകാർ തോട്ടവെട്ടുന്നതു ഞങ്ങൾക്കു കാണാം. ഡാൻറി (Dante) വർണ്ണിച്ചിട്ടുള്ള പാതാളം അതിന്റെ സകല ഭീകരതയിൽ നിങ്ങൾക്കവിടെ ദൃശ്യമാകും.

അരപതടി വീതിയിലും ഇരുപത്തൊന്നടി ആഴത്തിലും ആണു് തോട്ടവെട്ടേണ്ടതു്. ഞങ്ങൾ മഞ്ഞുമാറുവാൻ ഉപയോഗിക്കുന്നതരം കുന്താലികളും, ബാബിലോണിലെയോ, ഈജിപ്തിലെയോ അടിമകൾ ഉപയോഗിച്ചിരുന്നിരിക്കാൻ ഇടയുള്ളതുമായ കട്ടവണ്ടികളുമാണ പണിയായുധങ്ങൾ. പഴയ തടങ്കൽപ്പുള്ളികൾ ഒന്നതടി ആഴത്തിൽ തോട്ടവെട്ടിയിട്ടുണ്ടു്. അതിനു താഴെയുള്ള ധ്രുവപ്രദേശത്തെ മണ്ണു് പാറപോലെ കട്ടത്തതാണു്. കിളക്കുമ്പോൾ കുന്താലി മണ്ണിൽനിന്നു തെറിച്ചുപൊയ്ക്കൊണ്ടിരുന്നു.

ഏറുമ്പിൻകൂട്ടത്തെപ്പോലെ സ്ത്രീകളും പുരുഷന്മാരും തോട്ടിലും, ഇരുവശത്തും മറിച്ചിട്ടിരിക്കുന്ന മൺകൂനപ്പുറത്തും അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കൊണ്ടിരിക്കുന്നു. കുന്താലി എടുത്തു പൊക്കുവാൻപോലും ശേഷിയില്ലാത്തവരുണ്ടു് അക്കൂട്ടത്തിൽ. കുന്താലി കാൽമുട്ടുകളിൽ താങ്ങി തോളത്തുകയറ്റി സാവധാനം പൊന്തിച്ചു താഴെക്കിടുന്നതിനുശേഷം കുറേ നേരം വെറുതെ നില്ക്കുന്നു. വീണ്ടും ഈ രീതി തുടരും.

വേറൊരു കൂട്ടർ മണ്ണും ചെളിയും കുഴിക്കു വെളിയിൽ ഇട്ടുമ്പോൾ, ഒരു വിഭാഗം അതു കട്ടവണ്ടിയിലാക്കി റെയിൽറോഡിന്റെ സമീപത്തു് കൊണ്ടുപോയി ഇറക്കുന്നു. തോടിന്റെ ഇരുവശത്തും മണ്ണു കുന്നുകൂടിക്കൊണ്ടിരുന്നു.

നിരപ്പില്ലാത്ത തറയിൽ പലകകൾ നിരത്തിയാണ് കട്ടവണ്ടി പ്പാത നിർമ്മിച്ചിരിക്കുന്നത്. മണ്ണുകുനയിലുള്ള കയറ്റം വലിച്ചുകയറുക നല്ല പരിചയവും ആരോഗ്യമുള്ളവർക്കുപോലും ക്ലേശകരമാണ്. പരിചയവും ആരോഗ്യവുമില്ലാത്ത തടവുകാരുടെ ശക്തിക്കതീതമായ ഒരു ജോലിയാണിത്. വണ്ടിയിൽ കയർക്കമ്പികെട്ടി, കുതിരകളെപ്പോലെ രണ്ടുപേർ വലിക്കുമ്പോൾ, മൂന്നാമതൊരാൾ പുറകിൽനിന്നു തള്ളിക്കൊടുത്തുകൊണ്ടിരിക്കും.

ഒരുവണ്ടി മണ്ണുമായി മൂന്നു സ്ത്രീകൾ ഇപ്രകാരം കഷ്ടപ്പെടുന്നതു നോക്കിക്കൊണ്ട് കുറേനേരം ഞാൻ നിന്നു. ചക്രം പലകയ്ക്കു പുറത്തുപോയി; അതു് പലകയിലേയ്ക്കു ഉരുട്ടിക്കയറ്റുവാൻ അവർ ചുറ്റും ശ്രമിക്കുകയാണ്. അവരുടെ മേധാവി – അവരെപ്പോലുള്ള തടവുപുള്ളിതന്നെയാണ് അവർ– തനിക്കു കിട്ടിയിരിക്കുന്ന താരതമ്യേന ലഘുവായ ജോലി നഷ്ടപ്പെടാതിരിക്കുവാൻ, ഇപ്രകാരം അലറി: "നിങ്ങളവിടെ എന്തെടുക്കുകയാണ്? ഉം. വണ്ടി മുന്നോട്ട്. വലിച്ചുകൊണ്ടുപോകുവിൻ. വേഗം വേഗം." മൂന്നരഘനവാര മണ്ണ്മാറുകയാണ് ഒരാളുടെ ഒരു ദിവസത്തെ കോട്ടാ. നിശ്ചിത കോട്ടായുടെ ഒരംശംമാത്രം തീർക്കുവാനേ അവർക്കു സാധിക്കുകയുള്ളൂ.

പണ്ടുകാലത്തെ അടിമകളുടെ ചരിത്രം ഇവിടെ ആവർത്തിക്കുകയാണ്. ഈജിപ്തിലെ പിരമിഡുകൾ, ചൈനയിലെ വലിയമതിൽ, റോമൻ റോഡുകൾ, പണ്ടത്തെ രാജാക്കന്മാരുടെ കൊട്ടാരങ്ങൾ മുതലായവ നിർമ്മിച്ച അടിമകളുടെ കഥ എന്റെ ഓർമ്മയിൽവന്നു. റഷ്യൻ തടങ്കൽ പാളയത്തിൽവ്യക്തിതാ ചാട്ടിമെതിക്കപ്പെടുകയാണ്. ഇവിടെ ആർക്കും വ്യക്തിപരമായ അസ്തിത്വമില്ല; ആൺപെൺ വ്യത്യാസമില്ല. എല്ലാവരുടേയും വസ്ത്രധാരണരീതി ഒന്ന്; ജോലി ഒന്ന്. ആരുടേയും വ്യക്തിപരമായ അസ്തിത്വത്തിനു അർത്ഥമില്ല; കൂട്ടുകളായിമാത്രം അസ്തിത്വമുള്ള ഒരുകൂട്ടം അടിമകൾ.

ഒരു സുപ്രഭാതത്തിൽ ഹെൽവിഗ് ഇപ്രകാരം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി: "തടവുപുള്ളികളെ ഒന്നുകൂടി വിസ്തരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു." ഫെയിൽസ്ബുട്ടിലെ കഠിനയാതനകൾ ചിന്താമണ്ഡലത്തിലുദയം ചെയ്തു. ഞങ്ങളിലാരും ഞെട്ടലുണ്ടാക്കി.

പ്രായംചെന്ന ഒരാളാണ് വിസ്തരിക്കുവാൻ വന്നതു്. കൈയിൽ ഒരു ഫയൽ ഉണ്ട്. ബാരക്കിന്റെ നടുവിൽ ഒരു മേശയും രണ്ടു കസേരകളും ഇട്ട് മേശപ്പുറത്തു് ഒരു എണ്ണവിളക്കു വയ്പ്പിച്ചു. തടവുപുള്ളികളെ ഓരോരുത്തരായി അങ്ങോട്ടുചെല്ലുവാൻ കല്പനയായി.

എന്റെ ഊഴം ആയി. എന്നെ വിസ്തരിക്കുന്ന ഉദ്യോഗസ്ഥന്റെ മുഖത്തെ ശോകച്ഛായ എന്നെ അതിയായി സ്പർശിച്ചു. ഇത്രമാത്രം വേദന

സ്സ്ഥരിക്കുന്ന മുഖഭാവം ചിത്രങ്ങളിലല്ലാതെ ഇതിനുമുമ്പു് ഞാൻ കണ്ടിട്ടുണ്ടായിരുന്നില്ല.

കരുണാർദ്രമായ സ്വരത്തിൽ, മുമ്പു് മൂന്നുപ്രാവശ്യം എന്നോടു ചോദിച്ച അതേ ചോദ്യങ്ങൾ അയാളാവർത്തിക്കയുണ്ടായി. ചോദ്യം ചോദിക്കുന്നതിൽ അയാൾക്കു വളരെ വൈഷമ്യം ഉണ്ടായിരുന്നു. ചോദ്യം ചോദിച്ചിട്ടു് അയാൾ കണ്ണടച്ചിരിക്കും. എന്റെ സമാധാനം അയാളെ സംതൃപ്തനാക്കി. മുമ്പു് മൂന്നുമണിക്കൂർ ദീർഘിക്കുന്ന വിസ്താരം പതിനഞ്ചുമിനിട്ടിനുള്ളിൽ തീർന്നു.

അയാളുടെ സൗമ്യമായ പെരുമാറ്റത്തിനു ഞാൻ നന്ദിപറഞ്ഞു. ഭംഗിയായി ജർമ്മൻ സംസാരിച്ചതിൽ അഭിനന്ദിച്ചുകൊണ്ടു്, അയാൾ ഏതു നാട്ടുകാരനാണെന്നു ഞാൻ ചോദിച്ചു. ഒരു ചെറുപുഞ്ചിരി ആ മുഖത്തു പരന്നു. നേരിയ പരിഭ്രമത്തോടെ അയാൾ പറഞ്ഞു: "ഞാൻ ഒരു ലൂഥറനാണു്. ജർമ്മൻകാർ പണ്ടുകാലം മുതൽ കുടിയേറിപ്പാർക്കുന്ന വോൾഗായിലാണു് എന്റെ സ്വന്തക്കാർ എല്ലാവരുംതന്നെ. ആരോടും ഞാൻ പറഞ്ഞ ഇക്കാര്യം മിണ്ടിയേക്കരുതു്. എന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ സൈബീരിയായിലാണെന്നു കേൾക്കുന്നു." അയാൾ എന്നിലുളവാക്കിയ വിശ്വാസം എന്നെ വിസ്മയിപ്പിക്കുകതന്നെയുണ്ടായി. അയാൾ പതുക്കെ എന്നോടു മന്ത്രിച്ചു: "തടവുകാരോടു് സാക്ഷികളുടെ മുമ്പാകെയല്ലാതെ സംസാരിക്കാൻ പാടില്ലെന്നാണു നിയമം. നിങ്ങളൊരു വൈദികനാണല്ലോ; ഒരിക്കലും ചതിക്കുകയില്ലെന്നു എനിക്കുറപ്പുണ്ടു്."

അയാളും കുടുംബാംഗങ്ങളും വീണ്ടും ഒന്നിച്ചുചേരുവാൻ ദൈവം ഇടവരുത്തട്ടെ എന്നു പ്രാർത്ഥിക്കാമെന്നു ഞാൻ വാക്കു കൊടുത്തു. വേദനനിറഞ്ഞ ആ മുഖഭാവം രാത്രിമുഴുവൻ എന്റെ കൺമുമ്പാകെ ഉണ്ടായിരുന്നു.

റഷ്യൻ തടങ്കൽപ്പാളയങ്ങളിൽ ഇപ്രകാരമുള്ള റഷ്യൻപൗരന്മാർ ആയിരക്കണക്കിനുണ്ടു്. ദീർഘകാലമായി മറുരാജ്യങ്ങളിൽനിന്നു റഷ്യൻ അതിർത്തിക്കുള്ളിൽ കുടിയേറിപ്പാർത്തിരുന്ന സ്വദേശയും യുദ്ധം ഉണ്ടായതോടെ "വിദേശിയർ" എന്നു മുദ്രയടിച്ചു് തടങ്കൽപ്പാളയത്തിലാക്കിയിരിക്കുകയാണു്. ജർമ്മനി, പോളണ്ടു്, ലിത്വാനിയാ, ലിറ്റ്വീയാ, യുക്രേനിയാ, ഹംഗറി, കോക്കേഷ്യൻ പർവ്വതപ്രദേശം മുതലായ സ്ഥലങ്ങളിൽനിന്നു പൂർവ്വികന്മാരായി നൂറ്റാണ്ടുകൾക്കുമുമ്പു് റഷ്യൻ പ്രദേശങ്ങളിൽ വാസമുറപ്പിച്ചിട്ടുള്ളവരാണു് ഇവരിൽ പലരും. റഷ്യക്കു് ഏതെങ്കിലും വിധത്തിൽ നല്ല കരുക്കളായി ഉപയോഗിക്കാമെന്നു പ്രതീക്ഷയില്ലാത്തവരെയെല്ലാം "വിദേശചാരന്മാരായി" മുദ്രയടിച്ചു് തടങ്കൽപ്പാളയത്തിൽ നിർബന്ധിത ജോലിക്കു് ആക്കിയിരിക്കുകയാണു്. ഇവരെ സംബന്ധിച്ചു് ജയിൽവാസവും നാടുകടത്തലും ഏറ്റവും വേദനാജനകമാണു്.

വലിയ ആഢ്യമുഴുവൻ എനിക്ക് ഉപവാസമായിരുന്നു; ഉണക്ക റൊട്ടിയും വെള്ളവും മാത്രമായിരുന്ന ഭക്ഷണം. ഉപവാസംമൂലം വയറു ശരിപ്പെട്ട. കാലിൽ ഉണ്ടായിരുന്ന നീരു വലിച്ചുകൊണ്ടതന്നെയിരുന്നു. എന്റെ ചുറ്റുമുള്ളവരുടെ സ്ഥിതിയുമായി തുലനംചെയ്യുമ്പോൾ ഞാൻ വലിയ ഭാഗ്യവാനായിരുന്നു.

പ്രഭാതഭക്ഷണാനന്തരം ഗാർഡ്മാരുടെ ആഢ്യകൃത്യം ജോലിസ്ഥലത്തും രാത്രി ബാരക്കിലും വച്ച് മരിച്ചവരുടെ വെറുങ്ങലിച്ച മൃതദേഹങ്ങൾ രോഗശാലയിൽ കൊണ്ടുചെന്നാക്കുകയാണ്. പത്തുപന്ത്രണ്ടു മൃതദേഹങ്ങൾ കൊണ്ടുവന്നുകഴിയുമ്പോൾ വൃക്ഷങ്ങളുടെ ഇടയിൽ കഴിച്ചിട്ടുള്ള ഒരു വലിയകുഴിയിൽ എല്ലാംകൂടി വലിച്ചുകൊണ്ടുപോയിട്ട് മൂടുകയാണ് പതിവ്.

ശവം കഴിച്ചിട്ടുന്ന ഒരു രംഗം അലോയിസ്–അയാളും ഞാനുമായി ലോഹ്യത്തിലാണ് – വിവരിച്ചുതന്നു. യാതൊരു വികാരങ്ങളുമില്ലാത്ത ആ മനുഷ്യനെപ്പോലും ഞെട്ടിപ്പിക്കുവാൻ പോരുന്നതായിരുന്ന അതു്. കയറിൽകെട്ടി മൃതദേഹങ്ങൾ ഒന്നൊന്നായി കുഴിയിൽ ഇറക്കുവാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കയാണ അവർ. കരിംപൂത അക്ഷമയോടെ ഒരുത്തന്റെ കൈയിൽനിന്നു കയറു തട്ടിപ്പറിച്ച് ശവം താഴെക്കിറക്കേണ്ടതെങ്ങനെയെന്നു കാണിച്ചുകൊടുത്തു. രോഗശാലയിൽ കിടക്കുന്ന മൃതദേഹങ്ങളിൽ ഒന്നിന്റെ കാലു രണ്ടുംകൂടി കയറുകൊണ്ടു ബലമായി കെട്ടി മഞ്ഞിലൂടെവലിച്ചുകൊണ്ടുവന്ന തലകുത്തി താഴോട്ട് ഇട്ട. മൃതദേഹങ്ങൾ എല്ലാം ഇപ്രകാരം കുഴിയിൽ നിക്ഷേപിച്ചതിനുശേഷം മണ്ണും വെട്ടിയിട്ട പണി അവസാനിപ്പിക്കുന്നു. ആളെ തിരിച്ചറിയുവാൻ കുഴിയുടെ തലയ്ക്കൽ ഒരു നമ്പർ എഴുതിവയ്ക്കുവാൻപോലും ആരേയും അനുവദിച്ചിരുന്നില്ല; കരിഞ്ഞ നാട്ടുന്ന കാര്യം പറയേണ്ടല്ലോ.

ഫാദർ കോൾംഫൻബാക്കിനെ വേറെ പതിനൊന്നുപേരോടുകൂടി ഇപ്രകാരം കുഴിച്ചുമൂടുകയാണുണ്ടായതെന്നു അയാൾ പറഞ്ഞു.

ഏപ്രിൽ 9–ാം തീയതി സുഖക്കേടുകാരായ അൻപതുപേരെ ഒരു വണ്ടിയിൽ കയറ്റി. അവരെ ഹോസ്പിറ്റൽ ക്യാബിലേക്കു മാറ്റുകയാണ്. ആരോഗ്യനില മെച്ചമായാലുടൻ അവരെ തോട്ടപണിക്കുതന്നെ വീണ്ടും നിയോഗിക്കും.

എന്റെ ജോലിക്കു വലിയ മാറ്റമൊന്നുമുണ്ടായില്ല. ബാരക്കുമാറി. ഏതാണ്ടു എന്റെ പ്രായം തോന്നിക്കുന്ന വാൾട്ടർ എന്നൊരാളാണ് പുതിയ ബാരക്കു ഗാർഡ്. വലതുകൈ മെല്ലിച്ച അയാൾ ബഹു മുരടനാണ്. എന്നെ പീഡിപ്പിക്കുന്നതിൽ ഒരു പൈശാചികാനന്ദം അയാൾക്കുള്ളതുപോലെ തോന്നി. റിപ്പോർട്ടു ചെയ്യുന്നതക്കവിധത്തിൽ എന്നെക്കൊണ്ടു വല്ലതും പറയിക്കുകയോ, പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ അയാൾ ചില അടവുകളൊക്കെ പ്രയോഗിച്ചുനോക്കി. അയാളുടെ ഭാഗ്യ

കത്തോലിക്കയാണെന്നും, അയാൾ കത്തോലിക്കാ മതത്തിലേക്കു മാന സാന്തരപ്പെട്ടയാളാണെന്നും എന്നോട പറയുകയുണ്ടായി. ബർലിനു് സമീപമുള്ള ഒറനേയൻബർഗ്ഗ് തടങ്കൽപ്പാളയമേധാവിയായിരുന്ന അയാളെന്ന ഞങ്ങൾ ഗ്രഹിച്ചു.

വെള്ളം കൊണ്ടുവരിക എനിക്കു സാധാരണ തരുന്ന ജോലിയാണു്. കൊഴയില്ലാത്ത തൊട്ടികളാണു ഞങ്ങൾക്കു തന്നിരുന്നതു്. മഞ്ഞുപോലെ തണുത്തവെള്ളം തൊട്ടികൊണ്ടു മുക്കി വയറും നെഞ്ചുംകൊണ്ടു താങ്ങിയാണു് വണ്ടിയിലാക്കുന്നതു്. തന്മൂലം ദേഹം മുഴുവൻ തണുത്തു മരവിച്ചിരുന്നു. ഇതിനേക്കാൾ സഹിക്കവയ്യാതിരുന്നതു് അസിസ്റ്റൻറ് മാനേജർ ഗോർബായുടെ ശകാരവർഷമായിരുന്നു. ഗോർബാ മാനേജർക്കു് ചേർന്ന അസിസ്റ്റൻറ്തന്നെ. ഞങ്ങളെപ്പോലെ അയാളും ഒരു തടവുപുള്ളിയാണു്. എങ്കിലും ഇടവിടാതെ സഹജോലിക്കാരുടെമേൽ ശാപവർഷം ചൊരിഞ്ഞിരുന്നു. ആരെങ്കിലും തെല്ലിട വെറുതെ നില്ക്കുന്നതു കണ്ടാൽ ഈറപ്പുലിയെപ്പോലെ പാഞ്ഞുവന്നു അടിക്കുക പതിവാണു്. ശിക്ഷ കൊടുക്കുവാൻ അയാൾക്കു അധികാരമൊന്നും ഉണ്ടായിരുന്നില്ല.

അന്നു സന്ധ്യക്കു സംഭരണശാലയിൽനിന്നും രോഗികൾ മാറ്റപ്പെട്ടു. ശൂന്യമായ ബാരക്കിലേക്കു പോകുന്ന കുറെ സ്ത്രീകളെയും പെൺകുട്ടികളേയും കാണാനിടയായി. ഞാൻ വിളിച്ചു ചോദിച്ചു: "നിങ്ങളിൽ കത്തോലിക്കർ ആരെങ്കിലുമുണ്ടോ? ഏറമ്ലാൻഡിൽ നിന്നു് വല്ലവരുമുണ്ടോ?"

നേരിയ സ്വരത്തിൽ ഒരാൾ മറുപടി പറഞ്ഞു: "ദൈവത്തിനുസ്തുതി അച്ചൻ ഇവിടെത്തന്നെയാണല്ലോ?" ജർത്രൂദാണു സംസാരിച്ചതു്. കൂടെ അവളുടെ സഹോദരി ലീനായുമുണ്ടു്. അവൾ വല്ലാതെ ക്ഷീണിച്ചിരുന്നു. അവരോടുകൂടി തെല്ലിട നടന്നുകൊണ്ടു വിശേഷങ്ങൾ തിരക്കി. കൂടിനിയിൽ നിന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവർ സ്ഥലം മാറ്റപ്പെട്ടു. അവർ വടക്കുള്ള ഒരു തടങ്കൽപ്പാളയത്തിൽ രണ്ടാഴ്ച ചെലവഴിച്ചശേഷം തിരിച്ചുവന്നതേയുള്ളൂ. അവിടെ മരംവെട്ടായിരുന്നു ജോലി. രാത്രിയിൽ വിറകു ചുമടു്. രണ്ടാഴ്ചകൊണ്ടു് അവരിൽ മൂന്നിലൊരുഭാഗം ലോകത്തോടു യാത്രപറഞ്ഞുകഴിഞ്ഞു. പുതുതായി വന്ന ഇൻസ്പെക്ടർ ശേഷിച്ചവരുടെ ആരോഗ്യം മെച്ചപ്പെടുവാൻ "ഏഴാം കോളത്തിലേക്കയച്ചിരിക്കയാണു്. ഇവിടത്തെ പരിശോധനയിൽ ലീന സുഖക്കേടുകാരിയായി വിധിക്കപ്പെട്ടു; അവളെ രോഗശാലയിലേക്കു മാറ്റുവാൻ പോവുകയാണു്. ജർത്രൂദിനു് നല്ല ആരോഗ്യമുണ്ടത്രേ; അവളെ തോട്ടപണിയുന്നവരുടെ ഒരു ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കയാണു്.

കരിംപൂതയുടെ സ്ഥാനത്തു് ഒരു പൂതിയ ആൾ നിയമിതനായി. കരിംപൂത അധികം താമസിയാതെ സ്ഥലം വിട്ടം. ചെറുപ്പക്കാരനായ പൂതിയ ആൾ സൗമ്യശീലനായിരുന്നു. അയാളാണു് ഇത്തവണ മെഡിക്കൽ പരിശോധന നടത്തിയതു്. വീട്ടു നീക്കോളുള്ള എന്റെ കൈകാലുകൾ കണ്ടതോടെ രോഗശാലയിലേക്കു പൊയ്ക്കോള്ളുവാൻ അനുവദിച്ചു. ഒറക്കണ്ണന്റെ തുശ്രൂഷയിലായിരിക്കുക ഒട്ടും ആനന്ദപ്രദമല്ല; എങ്കിലും വാൾട്ടറിന്റെയും ഗോർബയുടെയും കീഴിൽ നിന്നു രക്ഷപെട്ടല്ലോയെന്നു വിചാരിച്ചു ഞാൻ സന്തോഷിച്ചു.

XI പാളയത്തിലെ രോഗശാലയും മേയ്ദിനവും

ഭാണ്ഡവുമെടുത്തു് ഞാൻ രോഗശാലയിലേക്കു് ഇഴഞ്ഞുനീങ്ങി. തടങ്കൽപ്പാളയത്തിൽ നരകയാതന അനുഭവിക്കുന്ന ആരേക്കാളും മെച്ചമല്ല എന്റെ സ്ഥിതി. ശാരീരിക പീഡകരും ഒരു വശത്തു് മരണവുമായി മല്ലുപിടിക്കുകയാണു്; മറുവശത്തു് നിസ്സഹായനായി, നിരാലംബനായി തീർന്നിരിക്കുന്ന എന്നെ ചിന്ത മനസ്സിനെയും മഥിക്കുകയാണു്. എന്റെ പുരോഹിത്യമാണു് എന്റെ ഏക അവലംബം; അതെന്റെ ജീവിതത്തിനൊരർത്ഥം പകർന്നു തന്നുകൊണ്ടിരുന്നു. അല്ലെങ്കിൽ മറ്റു പലരേയും പോലെ നിരാശയ്ക്കു ഞാനുമടിമപ്പെട്ടുപോയേനെ. ഇടവകയില്ല; മതകമ്മങ്ങളില്ല, ബഹുമാനവും ആദരവുമില്ല; എങ്കിലും പുരോഹിത്യജോലികൾ രഹസ്യത്തിൽ നടന്നുകൊണ്ടാണിരുന്നതു്.

അദൃശ്യമായ ദൈവവരത്തിന്റെ ശക്തി ചുറ്റിലും പ്രവർത്തിച്ചുകൊണ്ടിരുന്നതു് ഞാനനുഭവിച്ചറിഞ്ഞുകൊണ്ടിരുന്നു. എന്റെ കൈകളിൽ കിടന്നു ഭാഗ്യമരണം പ്രാപിച്ച ആ കൃഷീവലൻ, പാസ്റ്റർ തെയോയുടെ ആത്മശക്തി, ഫാദർ കോൾഫൻബാക്കിന്റെ ആത്മബലി, അബലകളായ ജർത്രൂദിന്റെയും സിസ്റ്റർ ഇമെൽഡായുടെയും പ്രശാന്തത ഇവയിലെല്ലാം പ്രസാദവരത്തിന്റെ പ്രവർത്തനമാണു് ഞാൻ ദർശിക്കുക. കേവലം സഹിക്കുവാനും മറ്റുള്ളവർക്കു് ഉത്തേജനം നല്കുവാനും മാത്രമായിരുന്നില്ല എന്റെ വിളി. ദൈവത്തിന്റെ അനന്തനന്മയിൽ അവിടന്നു് ആക്കില്ലാം എന്റെ സഹനംമൂലം നിത്യരക്ഷ പ്രദാനം ചെയ്യുവാൻ ഉദ്ദേശിക്കുന്നവോ അവർക്കുവേണ്ടി പീഡകരും സഹിക്കുക ഒരു പ്രത്യേകാനുകൂല്യമായി ഞാൻ കരുതി.

ഒറ്റക്കണ്ണന്റെ അധികാരസീമ പണ്ടത്തേക്കാൾ വിസ്തീർണ്ണമായിട്ടുണ്ടു്. മരണമുറി വെള്ളയടിച്ചു; ഭിത്തിയിൽ കിടക്കയായി രണ്ടുനിര പലകകരും പിടിപ്പിച്ചു; മരണമുറിയുടെ ഇരുവശങ്ങളിലായി പുരുഷന്മാർക്കും സ്ത്രീകൾക്കും ഓരോ വാർഡുണ്ടു്. ഉടനെ മരിക്കയില്ലെന്നു തോന്നി

യിരുന്ന രോഗികളെ അവിടെയാണ് ഇപ്പോൾ കിടത്തുക. രോഗശാലയിലേക്കുള്ള പ്രവേശനാനുവാദത്തിനു് യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല: ഒരാഴ്ച എത്ര ആൾ മരിക്കുന്നുവോ കൃത്യം അത്രയുംപേർക്കു പിന്നത്തെ ആഴ്ച പ്രവേശനം അനുവദിക്കും.

ഒരു വളുവളുപ്പൻ ചിരിയോടെ ഒറാക്കണ്ണൻ പുതുതായി തന്റെ കീഴിലാക്കപ്പെട്ടിരിക്കുന്ന ഞങ്ങളെ സ്വാഗതം ചെയ്തു. പോർട്ടിക്കോയുടെ സമീപമുള്ള മുറിയിൽ രണ്ടു മൃതദേഹങ്ങൾ മൂടിയിട്ടിരിക്കുന്നതു് എന്റെ ശ്രദ്ധയിൽപെട്ടു. പുതുപ്പുമാറി നോക്കിയപ്പോൾ ഒരാളെ മനസ്സിലായി. തീവണ്ടിയിൽ മറവുള്ളവരുടെ സാധനങ്ങൾ മോഷ്ടിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്തിരുന്ന ജാനാണ്. രണ്ടുദിവസംമുമ്പു് ന്യൂമോണിയാ പിടിപെട്ടു് അയാൾ മരണം പ്രാപിച്ചു. *

'ഏതുനിരയിലെ പലകച്ചാത്താണ് എനിക്കു വേണ്ടതെന്നു ഒറാക്കണ്ണൻ അന്വേഷിച്ചു. (അയാൾ മാന്യമായി പെരുമാറുന്ന കൂട്ടത്തിലാണെന്നു എന്നെ മനസ്സിലാക്കാനുള്ള ശ്രമമാണ്.) അവിടെ പുറത്തു പോയി ആവശ്യങ്ങൾ കഴിക്കുവാൻ സാധിക്കാത്തവരുടെ ഉപയോഗത്തിനായി തൂറാനുള്ള ഒരു തൊട്ടിവച്ചിട്ടുണ്ട്. വെള്ളപൂശിയതും മറവ് അറുകുറപ്പണികൾ ചെയ്തതും നിഷ്പ്രഭമാക്കുന്ന ഒന്നായിരുന്നു പ്രസ്തുത തൊട്ടി. അതിൽനിന്നു വമിച്ചിരുന്ന ദുർഗ്ഗന്ധം അവിടെ കഴിച്ചുകൂട്ടുക ദുഷ്കരമാക്കിത്തീർക്കുന്നു. ആ പാത്രത്തിൽനിന്നു ഏറെയകന്ന മൂല കിടപ്പറയായി ഞാൻ തെരഞ്ഞെടുത്തു.

നീക്കേട്ടിനുള്ള ചികിത്സ പഴയ നാടൻ സമ്പ്രദായത്തിലുള്ള ഒന്നായിരുന്നു. കിടക്കുന്ന പലകയുടെ കാല്ക്കൽ ഏതാണ്ടു് ഒരടി പൊക്കത്തിൽ ഒരു കമ്പുവച്ചു കെട്ടി കാലുകൾ തലയേക്കാൾ ഉയർന്നു നില്ക്കത്തക്കവണ്ണം വച്ചുകൊണ്ടു കിടക്കുക. ആദ്യ രാത്രിയിൽതന്നെ നീരുവളരെ കുറഞ്ഞു. വെള്ളം ഉള്ളിലേക്കു വലിഞ്ഞതുകൊണ്ടു് ആ രാത്രി പത്തു പ്രാവശ്യം മൂത്രംഒഴിക്കാൻ പോകേണ്ടിവന്നു. സാധാരണ അഞ്ചു് പതിവുള്ളതാണ്. തൊട്ടി ഉപയോഗിക്കുന്ന കാര്യം ചിന്തിക്കുകകൂടി വിഷമമായിരുന്നു.

ക്യാമ്പുജീവിതത്തിൽ, രാത്രിയിൽ ബാരക്കോ മുറിയോവിട്ടു പുറത്തിറങ്ങുവാൻ കഴിയുന്നതുതന്നെ നല്ല ചികിത്സയാണ്. ശുദ്ധവായുശ്വസിക്കുന്നതിലുള്ള ആനന്ദം അപ്പോഴാണനുഭവിക്കുക. മുറിയിലെ വായു് ശുദ്ധമായിത്തീരുന്നതിനു ഏറെനേരം ഞാൻ വാതിൽ തുറന്നിട്ടു. താരകഗണം നിറഞ്ഞ ആകാശസൗന്ദര്യം ആസ്വദിച്ചുകൊണ്ടു അവിടെ എത്രനേരം നിന്നെന്നോർമ്മയില്ല. ആ ധ്രുവപ്രദേശത്തെ രാത്രിയുടെ മനംകുളുർക്കുന്ന

* തണുപ്പുരാജ്യങ്ങളിൽ മൃതദേഹം ഒന്നരണ്ടാഴ്ച കേടുകൂടാതെ സൂക്ഷിക്കാൻ പ്രയാസമില്ല:

മനോഹാരിതയിൽ തടങ്കൽപ്പാളയത്തിലെ ഭീകരത ഞാൻ കുറേനേര ത്തേക്കു വിസ്മരിച്ചു. നേരിയ പൂനിലാവു് അവിടം ഒരു ശാന്തിനികേത നമാക്കിത്തീർക്കുന്നതുപോലെ തോന്നി. നക്ഷത്രങ്ങളെ ഇത്രയും ജാജ്വല്യ മാനമായി മുമ്പു ഞാൻ ദർശിച്ചിട്ടില്ല. പ്രകൃതിസൗകുമാര്യം വഴിഞ്ഞൊഴ കുന്ന ഇവിടെ മനുഷ്യൻ ഭീകരമായ തടങ്കൽപ്പാളയം പടുത്തുയർത്തിയതു വിചിത്രംതന്നെ. സ്വതന്ത്രം ഭവനങ്ങളിൽ ലഭ്യമാവുന്ന വിലകുറഞ്ഞ ആന ന്ദങ്ങളിലെന്നതിനേക്കാൾ ഈശ്വരസൗന്ദര്യം ആസ്വദിച്ചറിയുന്നതിനു് ഈ തടങ്കൽപ്പാളയവാസം എത്രപേർക്കു് കാരണമായിട്ടുണ്ടാവില്ല!

കാലിലെ വേദനകൂടാതെ പലവിധത്തിൽ വേദന തിന്നുകൊണ്ടി രുന്ന മാക്സ് അബ്രോമൈറിന്റെ പ്രസരിപ്പിനു കുറവൊന്നുമില്ല. രോഗ ശാലയിലെ വിശേഷങ്ങൾ വളച്ചുകെട്ടൊന്നുംകൂടാതെ പുള്ളിക്കാരൻ പറഞ്ഞുതുടങ്ങി.

"ജാനും മറേറ പുള്ളിയും അവിടെ കിടക്കുന്നതു് നിങ്ങൾ ശ്രദ്ധി ച്ചുവോ?"

"ഉവ്വ്."

"മൃതദേഹങ്ങൾ അവിടെ സൂക്ഷിക്കുന്നതെന്തിനെന്നറിയാമോ?"

"ഇല്ല"

"ഒറേറക്കണ്ണൻ പന്നിയും അയാളുടെ കുനൻ സഹായിയും ശവങ്ങ ളുടെ പേരിൽ ഭക്ഷണറേഷൻ വാങ്ങുന്നുണ്ടു്." ഈ രണ്ടു ചോരകുടിയന്മാർ രോഗശാലയിൽ കാട്ടിക്കൂട്ടുന്ന അനീതികളെക്കുറിച്ചു് മാക്സ് ചിലതെല്ലാം സംസാരിച്ചു.

മാക്സിന്റെ ധാർമ്മികരോഷം ന്യായപൂർണ്ണമായിരുന്നു. രോഗശാല യിലെ ഭക്ഷണക്കായ്ത്തം നോക്കുന്നതു ഒറേറക്കണ്ണനാണു്; മരിക്കുന്നവരുടെ വസ്ത്രങ്ങൾ എടുത്തു സൂക്ഷിക്കുന്നതും മറേറാരുമല്ല. ടി സാധനങ്ങൾ ക്യാമ്പു വാസികൾക്കു കരിഞ്ചന്തയിൽ കൈമാറി, തടവുകാരുടെ കൈവശമുള്ള വിലയുള്ള വസ്തുക്കളെല്ലാം ഒറേറക്കണ്ണൻ സ്വന്തമാക്കുന്നു. അധികാരംപ്രയോ ഗിക്കുവാൻ അവസരം പ്രതീക്ഷിച്ചിരിക്കുന്ന കൂട്ടത്തിലാണു് അയാൾ.

രോഗിയെന്നനിലയിൽ എന്റെ ദിനചര്യ വിഷമമുള്ളതായിരു ന്നില്ല. കുളിക്കുവാൻ രണ്ടുതൊട്ടിവെള്ളം കിട്ടിയിരുന്നതു് ആശ്വാസപ്ര ദമായിരുന്നു. നാമമാത്ര വസ്ത്രധാരികളായി രോഗികൾ അവരവരുടെ ഉഴംകാത്തു നിലത്തു കുത്തിയിരിക്കും. ഉഴമാകുന്നതുവരെ ചെള്ളുകൊ ല്ലലായിരിക്കും ജോലി. കുളിയും ചെള്ളുകൊല്ലലും വേണ്ടെന്നുവച്ചു രോഗി കൾ രോഗശാലയിലെ വെടിപ്പിന്റെ വിശ്വരൂപം ഞങ്ങൾക്കു കാട്ടി ത്തന്നു. കുളിക്കുവാൻ വെള്ളം തയ്യാറാക്കുക, രോഗശാലയിലെ തൊട്ടി വൃത്തിയാക്കുക മുതലായ ജോലികൾ രോഗികളെക്കൊണ്ടുതന്നെ ചെയ്യിക്കു വാൻ ഒറേറക്കണ്ണൻ ഉത്സാഹം പ്രദർശിപ്പിച്ചു. കുശിനിയിൽനിന്നു ഭക്ഷണം

കൊണ്ടുവരുന്നകാര്യം തന്നത്താൻ ഏറെറടുത്തിരുന്നതിന്റെ കാരണം സ്പഷ്ടമായിരുന്നു.

ജോലിക്കാക്കുള്ള ഭക്ഷണത്തിനുപുറമേ രോഗികൾക്ക് ഒരു സാധനം പ്രത്യേകമായുണ്ട്. ഇതു ലഭിക്കുന്നതിനു ഏഭ്യയാരുന്തുദമായ അവമാനം സഹിക്കേണ്ടിയിരുന്നു. ശവണ്ണൻ സാധുജനങ്ങൾക്കായി നീക്കിവയ്ക്കുന്ന തുക സ്വന്തമെന്ന ഭാവത്തിൽ വിതരണംചെയ്യുന്ന രാഷ്ട്രീയപ്രവർത്തകനെപ്പോലെ ഒററക്കണ്ണൻ തന്റെ ഔദാര്യത്തെക്കുറിച്ച് ഒരു പ്രസംഗം നടത്തും. പിന്നീട് പലകച്ചാത്തുകളിൽ നീട്ടിയ കൈയുമായി ഇരിക്കുന്ന തടവുകാർക്ക് ഓരോ കഷണം മുട്ടക്കേക്ക് ഇട്ടുകൊടുക്കും. ഈ മുട്ടപ്പൊടി അമേരിക്കയിൽ നിന്നു കിട്ടുന്നതാണ് എന്നായിരുന്നു അവിടത്തെ സംസാരം. ഞങ്ങൾ അക്ഷമരായി പ്രസംഗം കഴിയാൻ കാത്തിരിക്കും. ഒരു പാവനകർമ്മം അനുഷ്ഠിക്കുന്ന നിഷ്ഠയോടെയാണ് രുചിയുള്ള ആ ചെറുകഷണം ഞങ്ങൾ ഭക്ഷിക്കുക. ഏതാനുംനിമിഷത്തേക്ക് പീഡാസഹനത്തിൽനിന്നു അതു ഞങ്ങളെ മോചിപ്പിച്ചിരുന്നു.

പ്രഭാതഭക്ഷണാനന്തരം രോഗപരിശോധനക്ക് കരിംപൂതയുടെ എഴുന്നള്ളത്തുണ്ടാവും. മൂടിപ്പുതച്ചു കിടക്കുന്നവരെ ഭത്സിക്കുക പതിവാണ്. ഒരിക്കൽ രണ്ടു രോഗികളെ മരണമുറിയിലേക്കു മാറ്റുവാൻ കല്പനയായി. അവർ വിസമ്മതം പ്രകടിപ്പിച്ചു. ഉടനെതന്നെ രണ്ടുപേരേയും വലിച്ചിഴച്ചു മരണമുറിയിൽ കൊണ്ടിട്ടു. അവരെ ഞാൻ മരണത്തിനൊരുക്കി.

മരണമുറിയിൽ വച്ചിരിക്കുന്ന തൊട്ടിക്ക്, ഭാഗ്യത്തിനു അടപ്പുണ്ട്; പലകച്ചാത്തിൽ അറക്കപ്പൊടിനിറച്ചു സഞ്ചികൾഉണ്ട്, ശരീരികാവശ്യങ്ങളിൽ നിയന്ത്രണശക്തി നശിച്ച രോഗികളുടെ വിസർജ്ജനം മൂടിക്കളയുന്നതിനു. മുറിയിലുള്ള സ്റ്റവ് കെട്ടിരുന്നതിനാൽ തണുപ്പ് ശക്തിയായിരുന്നു. സ്റ്റവിന്റെ കാര്യം പറഞ്ഞു ഒന്നുകൂടി അവിടെ വരാമെന്നു ഞാൻ പ്രത്യാശിച്ചു. ഞാൻ ഒരു കത്തോലിക്ക വൈദികനാണെന്ന് അവരെ ഗ്രഹിപ്പിച്ചു. ആക്കെങ്കിലും പ്രോട്ടസ്റ്റന്റ് പാസ്റ്ററിന്റെ ആവശ്യമുണ്ടെങ്കിൽ ശോബെലിനെ വിളിപ്പിക്കാമെന്നും അവരോട ഞാൻ പറഞ്ഞു.

എന്റെ ഒരു സ്നേഹിതൻ, ഹെർമാൻ എന്ന കശാപ്പുകാരൻ അവരുടെ കൂട്ടത്തിൽ ഉണ്ട്; ക്ഷീണിച്ചു എല്ലും തൊലിയുമായിത്തീർന്നിരുന്ന അയാളെ തിരിച്ചറിയുക വിഷമം. സംസാരിക്കാൻ പ്രയാസമുണ്ടായിരുന്നെങ്കിലും എന്റെ ചോദ്യങ്ങൾക്ക് അയാൾ ഉത്തരം പറഞ്ഞു: "ഞാൻ കേവലം ഒരസ്ഥികൂടമായിത്തീർന്നിരിക്കുന്നു; അധികം ഭീർഘിക്കുമെന്നു തോന്നുന്നില്ല. എന്റെ അടുത്തുകിടക്കുന്ന ഈ മനുഷ്യന്റെ സ്ഥിതി എന്റേതിനേക്കാൾ കഷ്ടമാണ്."

അടുത്ത് കിടന്നിരുന്ന ആളും ഒരു കശാപ്പുകാരനാണ്; ദേഹം മുഴുവൻ നീരുവ്യാപിച്ചു വികൃതരൂപം പ്രാപിച്ചിരിക്കുന്നു.

"തൊട്ടിയുടെ അടുക്കലേയ്ക്ക് എന്നെ ഒന്നുകൊണ്ടുപോകാമോ?" അയാൾ എന്നോട് ചോദിച്ചു. സംസാരിക്കുവാൻ അയാൾക്ക് വിഷമമില്ല. "ആ കഴുകൻ ഞങ്ങൾ ചാവുന്നതു നോക്കിയിരിക്കുവാ. ഏതായാലും ഈ പാത്രം അയാൾക്കു കിട്ടുകയില്ല." ഭംഗിയുള്ളതും അലങ്കാരപ്പണികൾ ഉള്ളതുമായ ഒരു പാത്രം എടുത്തു കാണിച്ചുകൊണ്ട് അയാൾ തുടർന്നു: "എന്നെ തൊട്ടിയുടെ പക്കൽ എത്തിക്കുക, ഈ പാത്രം അങ്ങ് എടുത്തുകൊള്ളുക".

ഞാൻ അയാളെ സഹായിച്ചു. തിരിയെ കൊണ്ടുവന്ന പലകച്ചാത്തിൽ ഒരുവിധത്തിൽ താങ്ങി കയറ്റിക്കിടത്തിയതോടെ ആ സാധു "ദൈവമേ!" എന്നു ആർത്ത സ്വരത്തിൽ വിളിച്ചുകൊണ്ട് അന്ത്യശ്വാസം വിട്ടു.

ഞാൻ ഒറ്റക്കണ്ണനെ വിളിച്ചു. അയാൾ വന്നവരവിനു പാത്രം എടുത്തു ബൽറ്റിൽ തിരുകി. അതു കഴിഞ്ഞ് ശവം ഏറ്റുവാങ്ങി.

മരണമുറിയിൽ മദ്ധ്യവയസ്കയായ ഒരു സ്ത്രീയും ധീരയായ ഒരു പെൺകുട്ടിയും കിടക്കുന്നുണ്ടായിരുന്നു. മറിയ എന്നാണ് പെൺകുട്ടിയുടെപേർ. കാൽവളയ്ക്കുവാനോ നിവർത്തുവാനോ പാടില്ലാത്ത വിധത്തിൽ വാതരോഗബാധിതയാണവൾ. "സ്ത്രീകളുടെ വാർഡിൽ പലരുടെയും സ്ഥിതി ഞങ്ങളുടേതിലും പരിതാപകരമാണ്. അച്ഛൻ അങ്ങോട്ടൊന്നു പോകണം" അവൾ എന്നോട് പറഞ്ഞു.

കെട്ടിരിക്കുന്ന സ്റ്റവ് കത്തിക്കേണ്ടതു് ഒറ്റക്കണ്ണന്റെ ചുമതലയാണ്. ഞാൻ പ്രസ്തുതകൃത്യം നിർവ്വഹിക്കാമെന്നു പറഞ്ഞപ്പോൾ അയാൾ സന്തോഷത്തോടെ സമ്മതം മൂളി. "പുരുഷന്മാരുടെ ഭാഗത്തെ സ്റ്റവ് കത്തിച്ചിട്ടു കാര്യമില്ല. ചാകുവാനുള്ളവർ ചത്തുകഴിഞ്ഞു" എന്നയാൾ കൂട്ടിച്ചേർത്തു. അങ്ങനെ സ്ത്രീകളുടെ വാർഡിൽപോകുവാൻ എനിക്കൊരവസരം ലഭിച്ചു.

വിറകുകൊണ്ടു കത്തിക്കുന്ന പഴയരീതിയിലുള്ളസ്റ്റവു് ആണ്. വിറകു ലഭിക്കണമെങ്കിൽ കരിഞ്ചന്തതന്ത്രം പ്രയോഗിക്കാതെ തരമില്ല. ഡിസൈൻ റിയായിരുന്ന നാളുകളിൽ സമ്പാദിച്ചു വച്ചിരുന്ന കുറച്ചുമൂലധനം – റേഷൻ–കിട്ടിയിരുന്നു. സൂക്ഷിക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ ഭാര്യയ്ക്കും എന്റെ കൈവശമുണ്ടായിരുന്നു. കുശിനിയുടെ പിറകിൽച്ചെന്ന് ബാലം ഗേറിയിനെ പ്രതീക്ഷിച്ചുനിന്നു. അയാൾ കുശിനിയിലെ സ്റ്റവ് കത്തിക്കാനാവശ്യമായ ഒരുവണ്ടി വിറകുമായി വന്നുചേർന്നു. വണ്ടിയിൽ നിന്നു വിറകിറക്കുവാൻ അയാളെ ഞാൻ സഹായിച്ചു. അയാൾക്കു നല്ല വിശപ്പുണ്ടെന്നു എനിക്കു മനസ്സിലായി. അരദിവസത്തെ റേഷൻ വാങ്ങാനും ചെയ്യുകൊണ്ട് കുറേ വിറകുതരുവാൻ ഞാൻ ആവശ്യപ്പെട്ടു. ഒന്നരദിവസത്തെ റേഷൻ കൊടുക്കേണ്ടിവന്നു അല്പം വിറകുകിട്ടുവാൻ.

ചുറ്റുപാടും നോക്കി വേറെ കുഴപ്പമൊന്നുമില്ലെന്നു ബോദ്ധ്യമായ

പ്പോൾ വിറകു ചുമന്നുകൊണ്ട് ഞാൻ രോഗശാലയിലേയ്ക്കു നടന്നു. മാക്സ് അബ്രോമെയിറും സഹായത്തിനെത്തി. വാൾട്ടറിന്റെ കോടാലിയും ചെറിയ വാളും സൂത്രത്തിലെടുത്തു് വിറകു ചെറുതായി കീറിത്തുടങ്ങിയ പ്പോഴെയ്ക്കും വാൾട്ടർ എവിടെ നിന്നോ അലറിക്കൊണ്ട് അവിടെ വന്നു കഴിഞ്ഞു.

ഞാൻ ശാന്തമായി പറഞ്ഞു: "നിങ്ങൾ ബഹളം കൂട്ടുന്നതെന്തിനു്? വിറകു കീറുന്നതെങ്ങനെയെന്നു് ഒന്നു കാണിച്ചു തന്നുകൂടെ?"

തന്റെ ശക്തിയും ഔദാര്യവും പ്രശംസിക്കപ്പെട്ടതിൽ അയാൾ സന്തോഷിച്ചു. അയാൾ രണ്ടുമൂന്നു മിനിട്ടുകൊണ്ടു് വിറകു കീറിത്തന്നു. അയാളുടെ പാടവത്തെ ഞങ്ങൾ പുകഴ്ത്തി. ആനന്ദലഹരിയിൽ മതിമറന്ന വാൾട്ടർ ആവശ്യം കഴിയുന്നതുവരെ അയാളുടെ പണി ആയുധങ്ങൾ ഞങ്ങളുടെപക്കൽ ഇരുന്നുകൊള്ളട്ടെ എന്നു പറഞ്ഞു.

സ്ത്രീകളുടെ വാർഡും പുരുഷന്മാരുടെ വാർഡുപോലെതന്നെ വൃത്തിഹീനമായിരുന്നു. ചിലർ ചത്തവരെപ്പോലെ കിടക്കുന്നു; ചിലർ പ്രേതങ്ങളെപ്പോലെ അങ്ങുമിങ്ങും നീങ്ങുന്നുണ്ടു്; വേറെ ചിലർ സ്റ്റവിൽ തീപിടിപ്പിക്കുവാൻ പാടുപെടുന്നു. ഡോറാ എന്നൊരു സ്ത്രീയാണു് അവിടെ ഒറക്കണ്ണന്റെ ജോലിചെയ്യുന്നതു്. അവളുടെ പെരുമാറ്റ രീതിക്കു് എന്തൊക്കെ സംഭവിച്ചാലും ഒരു മാറ്റവുമില്ല. അവധാനപൂർവ്വം ശാന്തമായി വർത്തിക്കുന്ന അവളിൽ കുലീനത്വം തെളിഞ്ഞു കാണാമായിരുന്നു. അവളുടെ ഭൂതകാലത്തെപ്പറ്റി ആരോടും അവൾ ഒന്നും പറയാറില്ല; സംസാരത്തിൽനിന്നു ബർലിൻകാരിയായിരിക്കാമെന്നു ഞങ്ങൾ ഊഹിച്ചു.

ഞാൻ ചെന്ന അവസരത്തിൽ അവൾ ആശ്ചര്യാദ്ഭുതയായി കാണപ്പെട്ടു. മരിച്ച സ്ത്രീകളുടെ വസ്ത്രത്തിനുപകരം ഒറക്കണ്ണൻ അവൾക്കു കൂറേ നല്ലപുകയില സമ്മാനിച്ചിട്ടു പോയതേയുള്ളൂ. വിറകുമായി എന്റെ ആഗമനം അവളെ സന്തോഷിപ്പിച്ചു. സ്റ്റവിനു സമീപമിരുന്നു ചുരുട്ടവലിക്കുക രസകരമാണല്ലൊ.

രണ്ടാം നിരയിലുള്ള പലകച്ചാത്തിൽ കിടന്നുകൊണ്ടു് ലീന എല്ലാവർക്കുംവേണ്ടി എനിക്കു നന്ദിപറഞ്ഞു. വിറകു കിട്ടിയതുകൊണ്ടു് കാപ്പിയുണ്ടാക്കുവാൻ വിഷമിക്കേണ്ടതില്ല. രോഗശാലയിൽ അവൾക്കു സുഖമാണെന്നും തോട്ടപണിയിൽ ഏർപ്പെട്ടിരിക്കുന്ന ജർത്രൂദിനു കുറച്ചു ഭക്ഷണം മിച്ചംവച്ചുകൊടുക്കുവാൻ സാധിക്കുന്നുണ്ടെന്നും അവൾ എന്നോടു പറഞ്ഞു.

ലീനായുടെ സമീപവാസികളായ രണ്ടുയുവതികൾ മിസ്സാൾ വാങ്ങിവായിക്കുകയുണ്ടായി; മതകർമ്മങ്ങൾ നടത്തുവാൻ സാധിക്കുമോ എന്നു അവർ അന്വേഷണം ചെയ്തു. വേറൊരു സ്ത്രീക്കു് അന്ത്യകൂദാശകൾ കൊടുത്തപ്പോൾ ഫാദർ കോൾഫൻബാക്കിന്റെ ചിത്രം എന്റെ സ്മരണയിൽ വന്നു.

ഡോറാ വാതുക്കൽ നിന്നുകൊണ്ട് 'ഡെയിഞ്ചർ' അടയാളം കാണിച്ചു. കരിംപൂത പരിശോധനക്ക് വന്നുകഴിഞ്ഞു. ഞാനൊരു വിധത്തിൽ സമയത്തിനു എന്റെ പലകച്ചാത്തിൽ ചെന്നിരിപ്പുറപ്പിച്ചു. കരിംപൂതയുടെ ഓഫീസിൽ ഇരിക്കുന്ന ഒരുകെട്ട് പൈൻമരക്കൊമ്പുകളും എടുത്തുകൊണ്ടുവരുവാൻ നാലഞ്ചുപേരെ അയച്ചു. 'ടി കൊമ്പുകളും ചെറുതായി മുറിച്ചുവെള്ളത്തിലിട്ട തിളപ്പിക്കുക. ഇങ്ങനെ ചായനിറത്തിൽ കിട്ടുന്ന വെള്ളം നീരുവലിയുന്നതിനു അതിവിശേഷമത്രെ'. കരിംപൂതയുടെ നിർദ്ദേശമനുസരിച്ചു ഞങ്ങൾ പ്രവർത്തിച്ചു. അതു മൂലങ്ങൾക്കു പറ്റിയ ചികിത്സാവിധിയായിരിക്കാം. പുതിയ മരുന്നുകുടിച്ചതോടെ രണ്ടു ദിവസത്തേയ്ക്ക് എല്ലാവർക്കും ശക്തിയായ ഡിസെൻറെറി ബാധിച്ചു.

പിറേറദിവസം വൈകുന്നേരം ജർത്തൂദും ലീനായും എന്നെ കാണുവാൻ വന്നു. ഞാൻ അനുകൂലാശകളും നല്കിയ ആ സ്ത്രീ കഴിഞ്ഞരാത്രി മരിച്ചുപോയെന്നു് അവർ പറഞ്ഞു. തോട്ടപണിയിലായിരിക്കുമ്പോൾ മറിഞ്ഞുവീണ അവളെ നേരേ രോഗശാലയിൽ കൊണ്ടുചെന്നാക്കുകയാണുണ്ടായതു്.

അവർ എനിക്കായി കുറെ ഉണക്ക മുന്തിരിങ്ങാ കൊണ്ടുവന്നിരുന്നു. വാതംപിടിപെട്ടു കിടക്കുന്ന മരിയ അവരെ ഏല്പിച്ചതാണു് അവ. കരിംപൂതയുടെ വേലക്കാരിയായ മത്തായുടെ പക്കൽ നിന്നുമാണു് മരിയയ്ക്കു അവ ലഭിച്ചതു്. മരിയയുടെ നോട്ടത്തിൽ മുന്തിരിങ്ങാ എന്റെ ആരോഗ്യത്തെ വീണ്ടെടുക്കാൻ പറ്റിയതാണത്രെ. ഞങ്ങൾ ചുറ്റുപാടുകളെ വിസ്മരിച്ചു ദീർഘനേരം സംഭാഷിച്ചു. ഫ്രോയിൻബർഗ്ഗിലെ സന്തോഷദിനങ്ങളെപ്പറ്റിയായിരുന്നു സംഭാഷണം.

മരണനിരക്കു വർദ്ധിച്ചുകൊണ്ടിരുന്നു. തന്മൂലം രോഗശാലയിലേക്കു വരുന്നവരുടെ സംഖ്യ വർദ്ധിച്ചു. ഒന്നുകൂടി രോഗപരിശോധനയ്ക്കു ഇതു കാരണമായി. പത്തുദിവസംകൊണ്ടു എന്റെ കാലിലെ നീരുകുറഞ്ഞു; എന്നെ ബാരക്കിലേക്കു തിരിച്ചയച്ചു.

വാൾട്ടറിനു് സന്തോഷമായി. സംഭരണശാലയിലും കുശിനിയിലുമായി ഞാൻ പഴയ ദിനചര്യയിലേയ്ക്കെട്ടത്തപ്പെട്ടു. വാൾട്ടർ, ഗോർബാപ്രഭൃതികളും പതിവുള്ള ഭർത്സനനടപടി മുറക്കു തുടർന്നുകൊണ്ടിരുന്നു. അലോയിസും ഞാനും വിറകുകീറിക്കൊണ്ടിരിക്കുമ്പോൾ കരിംപൂതയുടെ വേലക്കാരി മത്താ അവിടെ വരും. അയാളുടെ സ്റ്റൗവ് കത്തിക്കാൻ ആവശ്യമുള്ള വിറകു തട്ടിയെടുക്കുകയാണു് അവളുടെ ഉദ്ദേശം. ആരേയും രസിപ്പിക്കാൻ പോരുന്നതായിരുന്നു അവളുടെ സംസാരം. സ്റ്റെപ്പാന്റെയും ഗോർബായുടേയും ശകാരം വകവയ്ക്കാതെ ഞങ്ങൾ അവൾക്കു വിറകുകൊടുത്തിരുന്നു. അവൾ എപ്പോഴും മാറാക്കച്ചവടത്തിനു എന്തെങ്കിലും സാധനം വസ്ത്രത്തിനുള്ളിൽ മറച്ചുപിടിച്ചുകൊണ്ടുവരിക പതിവായിരുന്നു. അവളുടെ വയറ്റിൽ എപ്പോഴും അസുഖമുണ്ടായിക്കൊണ്ടിരുന്നു

തിനാൽ മിക്കപ്പോഴും അവളുടെ റേഷൻ ഭക്ഷണസാധനമായിരിക്കും ഇപ്രകാരം കൊണ്ടുവന്നിരുന്നതു്. ഒരിക്കൽ അവൾ രണ്ടു ചെറിയ ഉണ്ട രക്കരെ കൊണ്ടുവന്നു. തടവുജീവിതം അനുഭവിച്ചതിനുശേഷം ആദ്യമായിട്ടാണു രക്കരെയുണ്ട കാണുക.

"ഞങ്ങൾക്കതു സ്വീകരിക്കുവാൻ നിവൃത്തിയില്ല" ഞാൻ പറഞ്ഞു: "നീ തന്നെ തിന്നുകൊൾക."

"ഡോക്ടറിന്റെ പക്കൽനിന്നു എനിക്കു വേറെ കിട്ടും." എനിക്കു ചില സംശയങ്ങൾ തോന്നി. അവളോടുള്ള ആദരവിനു് ഒട്ടും ഭംഗം വരുത്താതെ ഞാൻ ചോദിച്ചു: "ഡോക്ടറിന്റെ പക്കൽനിന്നു അതു കിട്ടുവാൻ വലിയ വിലകൊടുക്കേണ്ടതില്ലെന്നു ഞാൻ വിശ്വസിക്കട്ടെ?"

അവൾക്കു കാര്യം മനസ്സിലായി. "ഒരിക്കലും ഇല്ലച്ചാ. എങ്കിൽ ഞാനവിടെ വേലക്കുണ്ടായിരിക്കയില്ല. ഡോക്ടർ പുറമേ ഇങ്ങനെയൊക്കെയാണെങ്കിലും നല്ലവനാണു്. എനിക്കു ഭക്ഷിക്കാവുന്നതിലധികം ആഹാരം അദ്ദേഹത്തിന്റെതന്നെ ഭക്ഷണം ചുരുക്കിക്കൊണ്ടു് എനിക്കു തരാറുണ്ടു്. ഡോക്ടർ നല്ല സുഖമില്ലാത്ത ആളാണു്; പോരാത്തതിനു തീരാത്ത മനോവേദനയും അനുഭവിക്കുന്നുണ്ടു്; തപിച്ചിരുന്നു കരയുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്."

പൂതയെക്കുറിച്ചു് പുതിയ ഒരറിവായിരുന്നു ഇതു്. എനിക്കതു ഗ്രഹിക്കാൻ പ്രയാസമുണ്ടായില്ല. നിരാശയിൽ കഴിയുന്ന ഒരാൾ താൻ ചെയ്യുന്ന ഒരു ജോലിചെയ്യുവാൻ നിബ്ബന്ധിക്കപ്പെടുമ്പോൾ കരിം പൂത കാണിച്ചതുപോലുള്ള പ്രതികരണങ്ങൾക്കിടമുണ്ടെന്നു വരാം. സംസാരം തുടരുവാൻ ഞാൻ അവളെ ഉത്സാഹിപ്പിച്ചു. "ഉയർപ്പു ഞായറാഴ്ച ഡോക്ടർ കുമ്പിലകം പൊടിച്ചു തുടങ്ങിയ ഒരു ബീച്ചു മരക്കൊമ്പു് എനിക്കു തന്നു. ഉയർപ്പുദിവസം കിളക്കുവാൻ തക്കവണ്ണം വെള്ളത്തിൽ വെച്ചു് അദ്ദേഹം അതു കിളുർപ്പിച്ചെടുത്തതാണു്. എനിക്കു് ആ കൊമ്പു സമ്മാനിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു, ഉയർപ്പുതിരുനാളിൽ നവജീവിതത്തിന്റെ പ്രതീകങ്ങൾ കൈമാറുക ക്രിസ്ത്യാനികളുടെ പതിവാണു് എന്നെനിക്കറിയാം. ഇപ്പോഴത്തെ ആളേക്കാൾ വളരെ നല്ലയാളാണു അദ്ദേഹമെന്നാണു ഞാൻ കരുതുന്നതു്. ഇപ്പോഴത്തെ ആൾ ഒറക്കണ്ണനുമായി മരിച്ചവരുടെ വസ്ത്രവും മറ്റു സാമാനങ്ങളും രഹസ്യ വ്യാപാരം നടത്തുന്നുണ്ടു്. എന്നാൽ പൂത ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. രോഗവിദ്വേഷനായ അദ്ദേഹത്തിനു തണുപ്പിൽ നിന്നു രക്ഷപെടുവാൻ വേണ്ടത്ര വസ്ത്രങ്ങൾപോലുമില്ല."

കരിംപൂതയെക്കുറിച്ചുള്ള ഈ അറിവു് രക്കരെയേക്കാൾ ആസ്വാദ്യകരമായിരുന്നു. മത്താക്കു് ആവശ്യത്തിനു വിറകുകൊടുത്തു. വിറകു് ആവശ്യമുള്ളപ്പോൾ ഞങ്ങളെ സമീപിക്കുവാൻ അവളോടു പറഞ്ഞു.

ഗോബെൽ രോഗശാലയിലാണ്. അവിടെ പോകുന്നതു് നിയമവിരുദ്ധമാണെങ്കിലും ഞങ്ങളിൽ ചിലർ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. അതിശക്തിയായ ഡിസെൻറിമൂലം അദ്ദേഹം കഷ്ടപ്പെടുകയായിരുന്നു. സ്വന്തമായ് ചില പൊടിക്കൈകൾ പരീക്ഷിച്ചുനോക്കുകയാണു് മറ്റു തടവുപുള്ളികളെപ്പോലെ അദ്ദേഹവും. എനിക്കു ഗുണംകിട്ടിയ ചികിത്സാപദ്ധതിയിൽ അദ്ദേഹത്തിനു വിശ്വാസം തോന്നിയില്ല. അപ്പക്ഷണപ്പൊടി കൊണ്ടു ഉണ്ടാക്കിയ "കാപ്പി" കൊടുത്തു ഞാൻ അദ്ദേഹത്തെ സന്തോഷിപ്പിച്ചു. ബാരക്കിൽ കിടന്നു കിട്ടിയ പുകവലിക്കാനുള്ള ഒരു പൈപ്പും ഞാനദ്ദേഹത്തിനു സമ്മാനിക്കുകയുണ്ടായി.

ആ പൈപ്പു് വൃത്തിയാക്കുന്ന വിധം കണ്ടപ്പോൾ എനിക്കുതോന്നി നിസ്സാരമായ സാധനങ്ങൾപോലും ക്യാമ്പിൽ എത്ര കായ്മയായി തടവുകാർ ഗണിക്കുന്നുവെന്നു്. നീരുള്ള കാലു് പലകച്ചാത്തിന്റെ അറ്റത്തു് പൊക്കിവച്ചു് അദ്ദേഹം ചരിഞ്ഞു കിടന്നു. ഒറ്റക്കണ്ണൻ തന്നിരുന്ന അണ്ണാമിനി – ഇതുവരെ ഞങ്ങളതുപയോഗിക്കാ ഉണ്ടായില്ല – വെള്ളത്തിൽ ലയിപ്പിച്ചു പൈപ്പു് അതിൽ മുക്കിയെടുത്തു. അതുകഴിഞ്ഞു് ഗോബൽ അല്പം പഴന്തുണിയെടുത്തു് അതു തുടച്ചുവൃത്തിയാക്കി. കിടക്കുന്നതിനു ഞാൻ അദ്ദേഹത്തെ സഹായിച്ചുകൊടുത്തു. പൈപ്പു് അദ്ദേഹം പുകവലിക്കുന്ന രീതിയിൽ കടിച്ചുപിടിച്ചു. നീരുള്ള ചുണ്ടുകൾ വിടർത്തി ചിരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "പൈപ്പു് പൊള്ളയാണു്; എങ്കിലും അതു പ്രതീക്ഷ നല്കുന്നുണ്ടു്. പൈപ്പിന്റെ അറ്റം കടിച്ചുകൊണ്ടിരിക്കുക രസകരമാണു്."

ഗോബെൽ പ്രതീക്ഷിച്ചതിലും വേഗം അതു് ഉപയോഗിക്കാൻ സാധിച്ചു. കമ്മിസർ ഹെൽവിഗ് അവിടെവന്നു. ഞാനവിടെ നില്ക്കുന്നതിനെക്കുറിച്ചു് അദ്ദേഹം ഒന്നും പറഞ്ഞില്ല. കമ്മിസാറിന്റെ സന്തോഷഭാവം കണ്ടിട്ടു് ഗോബെൽ പറഞ്ഞു: "അങ്ങു വന്നതു നന്നായി. അങ്ങുമായി സംസാരിക്കാൻ അവസരം പാത്തുകഴിയുകയായിരുന്നു."

ഹെൽവിഗ് ഒരു സിഗാറും എടുത്തു് കത്തിച്ചു പാക്കറും എടുത്തു ഞങ്ങളുടെ നേരേ നീട്ടി. ഗോബെൽ സന്തോഷത്തോടെ സ്വീകരിച്ചു. എന്റെ ശ്രദ്ധ മുഴുവൻ അതു പൊതിഞ്ഞിരുന്ന പത്രക്കഷണത്തിലായിരുന്നു. 'പ്രവദ'യുടെ ഒരു പഴയ കോപ്പിയാണു്. സ്റ്റലിൻ, റൂസ്വെൽറ്റ്, ചർച്ചിൽ, ഇന്ധൻ തുടങ്ങിയർ ഒരു വട്ടമേശക്കുചുറ്റും ഇരിക്കുന്നതായ ഒരു പടം ഞാൻ കണ്ടു. ഞാൻ പത്രക്കഷണം ചോദിച്ചു. ഹെൽവിഗ് വിസമ്മതം പ്രകടിപ്പിക്കാതെ തന്നു. ജർമനിയുടെ പതനത്തിനുശേഷം യാൾട്ടായിൽവച്ചു ഒരു കോൺഫ്രൻസു് ഉണ്ടായിരുന്നു, മൈക്യശക്തികളുടെ ഭാവിപരിപാടി കരുപ്പിടിക്കുവാൻ. പ്രവദായുടെ റിപ്പോർട്ടിൻപ്രകാരം റഷ്യ നിശ്ചയിക്കുന്നപോലെ സംഗതികൾ പൊയ്ക്കൊള്ളും.

ഞങ്ങളെ സംബന്ധിച്ചു ഇതിന്റെ അർത്ഥം ഇത്രമാത്രമായിരുന്നു: ക്യാമ്പു ജീവിതം എത്ര നാളു് ഭീഷിക്കുമെന്നു ആർക്കും പറയുവാൻ സാധിക്കയില്ല.

പിറേറദിവസം എല്ലാവരും ഒത്തുചേർന്നു കൂടണമെന്നൊരറിയിപ്പു കിട്ടി. ഞങ്ങളുടെ ചിന്ത അങ്ങനെ വേറൊരു വഴിയിലേക്കു തിരിഞ്ഞു. മേയ്ദിനം ആഘോഷിക്കുവാൻ ക്യാമ്പുവാസികൾ തയ്യാറാവണം എന്നറിയിക്കുവാനാണു എല്ലാവരേയും ഒത്തുചേർത്തതു്. മേയ് ഒന്നു്, രണ്ടു് ഈ തീയതികളിലാണു് ആഘോഷം. സമീപപ്രദേശങ്ങളിലുള്ള ക്യാമ്പുകൾ തമ്മിൽ ജോലിയിൽ മത്സരിക്കുക ആഘോഷത്തിന്റെ ഭാഗമാണു്. ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നവർക്കു സ്റ്റലിൻ അവാർഡു് കൊടുക്കപ്പെടും. ഏഴാംകോളത്തിന്റെ പ്രശസ്തി നിലനിറുത്തുന്നതിനു് തോട്ടപണിക്കാരുടെ കോട്ടാ നാലര ചതുരശ്രവാരയായി വർദ്ധിപ്പിച്ചു. ജോലി കൂടുതൽ ചെയ്യുന്നതിനു് സൗകര്യമുണ്ടാകുവാൻ എളുപ്പവഴി കണ്ടുപിടിച്ചു: തോട്ടപണിക്കു പ്രാപ്തിയില്ലാത്തവരെന്നു വിധിക്കപ്പെട്ടു് ക്യാമ്പിനുള്ളിൽ ജോലിചെയ്യുന്നവരെക്കൂടി തോട്ടപണിക്കു നിയോഗിക്കുക! കഴിഞ്ഞ ഒരാറു ദിവസം തോട്ടപണിതുകൊണ്ടിരിക്കുമ്പോൾ പന്ത്രണ്ടു സ്ത്രീകളും ആറു പുരുഷന്മാരും ബലഹീനരായി മറിഞ്ഞുവീഴുകയുണ്ടായി. ഇക്കാര്യം അവർ അറിഞ്ഞ ഭാവമേ കാണിച്ചില്ല. ഞങ്ങൾക്കു കിട്ടിയ പ്രതിഫലം ഇത്രമാത്രമായിരുന്നു: രണ്ടു ചെമപ്പൻ ഒഴിവു ദിവസത്തെ ആഘോഷം.

മേയ്ദിനത്തിനൊരുക്കമായുള്ള പണികൾ ഉൽഘാടനം ചെയ്യപ്പെട്ടു. ജോലിയിൽ പുതിയ റിക്കാർഡു് സൃഷ്ടിക്കുന്നവർക്കു് പ്രത്യേക സമ്മാനം ഉണ്ടാകും. ഗെയിററിങ്കൽ ദിവസവും വൈകിട്ടു് ഒരു വാൾപോസ്റ്റർ പ്രത്യക്ഷപ്പെട്ടിരുന്നു. ഓരോ ഗ്രൂപ്പിൽനിന്നും ഏറ്റവും കൂടുതൽ ജോലിചെയ്ത ആളിന്റെ പേരും ഏറ്റവും കുറച്ചുചെയ്ത ആളിന്റെ പേരും, അതിൽ എഴുതിയിരുന്നു. അതായതു ഗ്രൂപ്പിൽ ഏറ്റം കൂടുതൽ ജോലിചെയ്തിരുന്ന രണ്ടുപേർക്കും ആ ഗ്രൂപ്പുനേതാവിനും അന്നതന്നെ സമ്മാനവും നല്കിയിരുന്നു: ഭക്ഷണശാലയിൽ അവരെ മൂന്നുപേരെയും ഉയർന്ന ഒരു സ്ഥാനത്തിരുത്തി വിശേഷഭക്ഷണമായിരിക്കും അന്നു രാത്രി അവർക്കു കൊടുക്കുക.

ചാട്ടുകുറിക്കുന്ന ഉദ്യോഗസ്ഥൻ–വോർമാഗായിൽനിന്നുള്ള ഒരു ജർമൻകാരൻ–അവർക്കു നല്കപ്പെടുന്ന ഓരോ സാധനവും എന്താണെന്നു വിളിച്ചു പറഞ്ഞിരുന്നു. ഭക്ഷണസാധനത്തിന്റെ ദർശനവും അയാളുടെ വർണ്ണനവും കൂടി ചേർന്നപ്പോൾ മറവള്ളവരുടെ വായിൽ വെള്ളം ഊറി. അയാളുടെ വർണ്ണനയുടെ രീതി ഇതാണു്. ഈ ഓരോ കഷണം മില്യറ്റ്കേക്കും മൂന്നു ഗ്രാം നെയ്യിൽ പൊരിച്ചെടുത്തതാണു.....!

ഈ നാടകം എല്ലാ ദിവസവും ഉണ്ടായിരുന്നു. പ്രത്യേക ഭക്ഷണം ലഭിക്കുന്നവർ ഗ്രൂപ്പുലീഡർമാരുടെ അടുത്തസ്നേഹിതന്മാർ മാത്രമായിരുന്നു,

മിക്കവാറും ഒരേ അളുകൾ. എന്നാൽ ഈ ആനുകൂല്യം അനുഭവിച്ചിരുന്ന ഒരു സ്ത്രീയെ ഞങ്ങളുടെ മുമ്പിൽ നിറുത്തിക്കൊണ്ട് അവർ ഇപ്രകാരം പ്രശംസിച്ചു. "അവൾക്കു കൊടുത്തിരിക്കുന്ന കോട്ടായേക്കാൾ 150 ശത മാനം ജോലി കൂടുതൽ അവൾ ചെയ്യുന്നു." തടവുപുള്ളികളുടെ ഇടയിൽ കളി യാക്കിക്കൊണ്ടുള്ള ഒരു നീണ്ട ചിരി ഉണ്ടായി.

തോട്ടപ്പണിക്കു് പറകയില്ലെന്ന വിധിക്കപ്പെട്ട "മൂന്നാം ഗ്രൂപ്പു" കാക്കു് ഏറ്റം ഭാരമേറിയ ജോലി കൊടുത്തതാണു വേറൊരു വിരോധാ ഭാസം. ബലഹീനരും രോഗികളുമായ ഞങ്ങളുടെ ഗ്രൂപ്പിനെ താഴോട്ടു റെയിൽപ്പാളത്തിലൂടെ രണ്ടു മൈൽ മാച്ചുചെയ്തിച്ചുകൊണ്ടുപോയി.

വിറകു നിറച്ച വാഗനുകൾ അവിടെ ഒരു താണസ്ഥലത്തു കിട പ്പുണ്ടു്. ഇരുവശത്തും മൂന്നാടി ഉയരത്തിൽ മഞ്ഞുവീണ ഉറച്ചുകിടക്കുന്നു. നാലടി ഉയരമുള്ള രണ്ടു നീണ്ട വാഗനുകൾ നിറയെ വിറകു് അടുക്കി വച്ചിരിക്കുന്നു. മഞ്ഞിൽ കുതിർന്നിരിക്കുന്ന ഓരോ കഷണം വിറകിനും മുന്നൂറു് റാത്തലെങ്കിലും തൂക്കമുണ്ടു്. രണ്ടര മണിക്കൂർകൊണ്ടു് അതു മുഴു വൻ വണ്ടിയിൽ നിന്നിറക്കി, പാളത്തിൽനിന്നുമാറ്റി അടുക്കി വെക്കു കയാണു ഞങ്ങളുടെ കോട്ടാ. ഭാരമേറിയ ജോലിയിൽനിന്നൊഴിക്കപ്പെ ട്ടവരാണു് ഞങ്ങൾ പന്ത്രണ്ടുപേരും. അസാദ്ധ്യമായൊരു കാര്യമാണു് ഞങ്ങളോടു ചെയ്യുവാൻ ആവശ്യപ്പെട്ടതു്. ആക്കും ഉറപ്പുനൽകാൻ ശക്തിയില്ല. സമയം കഴിഞ്ഞിട്ടും ഭാരംകൂടിയ മുട്ടികൾ വണ്ടിയിൽ തന്നെ കിടക്കുകയാണു്. ഞങ്ങൾ നിസ്സഹായരായി നോക്കി നില്ക്കു കയാണു്. അലോയിസു് ബലമുള്ള നീണ്ട ഒരു പലകക്കഷണം കൊണ്ടു വന്നു. അതു മുട്ടിയുടെ അടിയിൽ തിരുകി താഴോട്ടു് ഉരുട്ടിയിടുക താര തമ്യേന എളുപ്പമായി തോന്നി. വിറകു താഴെ ഇറക്കിക്കഴിഞ്ഞപ്പോൾ സമയം അതിക്രമിച്ചിരുന്നു. രണ്ടുമൈൽ നടന്നു ക്യാമ്പിലെത്തിയപ്പോൾ ഊണുസമയം കഴിഞ്ഞു. അന്നത്തെ ജോലിക്കു കിട്ടിയ പ്രതിഫലം പട്ടി ണിയായിരുന്നു.

ഞങ്ങൾക്കു കിട്ടിയ വേറൊരുജോലി ക്യാമ്പിൽനിന്നു മൂന്നു മൈൽ ദൂരെയായിരുന്നു. അവിടെ ഉപയോഗശൂന്യമായി ഉപേക്ഷിച്ചിട്ടിരി ക്കുന്ന ക്യാമ്പു പൊളിച്ചുകൊണ്ടുവരിക. ഏതാണ്ടു് ആയിരം അടി നീളമുള്ള ഒരു പഴയ ബാരക്കിന്റെ ഉത്തരം ഇളക്കി താഴെ ഇടുകയിൽ എന്റെ ചിന്താഗതി ഇതായിരുന്നു: 'എത്രമാത്രം മനുഷ്യർ ഇഞ്ചിഞ്ചായി മരണം പ്രാപിച്ച സ്ഥലമാണു് ഇതു്.'

തോടിന്റെ മുകളിൽക്കൂടിയുള്ള പാതകളിൽ മരപ്പാലം നിർമ്മിക്കാനുള്ള തടി അറുക്കുവാണു് ഞങ്ങൾ ചെയ്യേണ്ടിയിരുന്ന വേറൊരു ജോലി. തടി അറുക്കുന്നവർ സദാ മഞ്ഞിനകത്തു കഴിച്ചുകൂട്ടേണ്ടിയിരുന്നു. ഈ പണി യുടെ ഇടയ്ക്കു് പല പ്രാവശ്യം എന്റെ അവസാനം അടുത്തു എന്നു എനിക്കു തോന്നിപ്പോയി.

ഈ ഭയങ്കരജോലി ഒരു കാര്യം വ്യക്തമാക്കിത്തന്നു: ഞാൻ വിചാരിച്ചതിൽ വളരെ മോശമാണ് എന്റെ ആരോഗ്യസ്ഥിതിയെന്ന്. തോട്ടപണിക്കു എന്നെ അയക്കാൻ പറകയില്ലെന്നു വാർഡർ പറഞ്ഞപ്പോലും മനസ്സിലായി. അലോയിസിന്റെകൂടെ വിറകു അടുക്കാൻ എന്നെ നിയോഗിച്ചു.

ആഘോഷദിവസങ്ങൾ സമീപിക്കുകയാണ്. അതേക്കുറിച്ചുള്ള സുപ്രതീക്ഷ തടവുവാസികളിൽ ഉദ്യമായിക്കൊണ്ടിരുന്നു. കഠിന നിയമങ്ങളുള്ള ബോർഡിംഗ് നിവാസികളായ കുട്ടികൾ ആഘോഷതിരുനാളുകൾ ആകാംക്ഷയോടെ പ്രതീക്ഷിക്കുന്നതുപോലെ ഞങ്ങൾ മേയ് ദിനപരിപാടികൾ പ്രതീക്ഷിച്ചു കഴിഞ്ഞുകൂടി. തലേരാത്രി പാതിരായ്ക്കു വിറകുകൊണ്ടുവരുവാൻ അലോയിസുംഞാനും നിർബന്ധിതരായി. പിറേറ ദിവസം കിട്ടുവാൻ പോകുന്ന വിഭവസമൃദ്ധമായ ഡിന്നറിനെക്കുറിച്ചുള്ള ചിന്തയാൽ അലോയിസ് ബുദ്ധിമുട്ട് അറിഞ്ഞതേയില്ല.

ആളുകൾ ഇല്ലാത്ത ബാരക്കിന്റെ നടുമുറ്റത്തെ ഏകാന്തതയിൽ സമാധാനപൂർണ്ണമായ പ്രകൃതി ഞങ്ങൾ ആസ്വദിച്ചുകൊണ്ടിരിക്കുയായിരുന്നു. രോഗശാലയുടെ ഭാഗത്തുനിന്ന് ഒരാൾ എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ട്: "നിങ്ങളെന്നെ ഇവിടെ കൊണ്ടുവന്നിട്ടിരിക്കുന്നതു് എന്തിനു?" ആരോ പറയുകയാണ്. എനിക്കു വീട്ടിൽ പോകണം. ഭ്രയിററിനു സമീപം കിടക്കുന്ന കാർ എന്നെ കൊണ്ടുപോകുവാൻ വന്നതാണ്."

പിന്നെയും സംസാരം തുടർന്നുകൊണ്ടിരുന്നു. ഞാൻ വിളിച്ചു ചോദിച്ചു: "ആരാണ് അതു്?"

"നിങ്ങളെന്നെ അറിയുകയില്ലെന്നു പറയും. ആരും എന്നെ അറിയുകയില്ല. ആരും ആരും...." ഭ്രാന്തന്മാരുടേതുപോലുള്ള ഒരു ചിരിയാണ് പിന്നീടു കേട്ടതു്. തീവണ്ടിയിലെ മറേറ വിക്രമന്റെ കൂട്ടുകാരനായ ലോഥർ ആയിരുന്നു അതു്. ശക്തിയായ പനിയുണ്ട്. തലക്കു് സന്നികയറി പിച്ചും പേയും പറയുകയാണ്. അവൻ എന്നെ തിരിച്ചുനോക്കി. ഞാൻ അവനെ വാർഡിലേയ്ക്കു കൊണ്ടുപോയി.

പിറേറ പ്രഭാതത്തിൽ മെസ് ഹാളിന്റെ വാതുക്കൽ മെനു എഴുതി ഒട്ടിച്ചിരുന്നു. പ്രഭാത ഭക്ഷണം: പഞ്ചസാര ചേർത്തുണ്ടാക്കിയ ഓട്ടുമിൽ, കുരുക്കിയ മില്ലെറൗ, മൂന്നു ഗ്രാം കൊഴുപ്പും;

ലഞ്ച്: സൂപ്പു്, കുരുക്കിയ മില്ലെറൗ, റൊട്ടി, ഒരൗൺസ് ഇറച്ചി (സോസെക്കു്);

അത്താഴം: മെയിസ്-സൂപ്പു്, കുരുക്കിയ മില്ലെറൗ, നാലൗൺസ് കടലെറൗ, മൂന്നു ഗ്രാം കൊഴുപ്പു്.

മെനു കണ്ടു കിറുക്കണ്ണൻ അത്ഭുതം പ്രകടിപ്പിക്കുന്ന ഒരു സ്വരം പുറപ്പെട്ടുത്തി. ഞങ്ങൾ അവസരത്തിനു ചേർന്പ്രൗഢിയോടെ അവരവരുടെ

സ്ഥലത്തു കയറി ഇരിപ്പുറപ്പിച്ചു. ആദ്യം കിട്ടിയ സാധനം പ്രതീക്ഷക്കൊത്തതുതന്നെയായിരുന്നു. കീഴങ്ങുകൊണ്ടുള്ള സൂപ്പില്ലാത്ത ആദ്യ ഭക്ഷണമായിരുന്നു ഇതു്. പ്രഭാതഭക്ഷണം ഞങ്ങളുടെ പ്രതീക്ഷയെ അതിശയിച്ചു. ലഞ്ചു വളരെ കേമമായിരിക്കുമെന്നുതന്നെ എല്ലാവരും പ്രതീക്ഷിച്ചു.

സോസെജ് വിളമ്പിയതു വാൾട്ടർതന്നെയായിരുന്നു. ഓരോരുത്തരുടേയും മുന്നിൽ വിളമ്പുന്ന താമസം, പട്ടിണികിടക്കുന്ന പട്ടിയെപ്പോലെ ആത്തിയോടെ അതെടുത്തു വിഴുങ്ങിക്കഴിയും.

ഞാൻ ആ ചെറിയ കഷണം നോക്കിക്കൊണ്ടു അല്പനേരം വെറുതെ ഇരുന്നു. നടുവിരലിന്റെ നീളത്തിൽ, വിരലിനേക്കാൾ വണ്ണം കുറഞ്ഞ ഒരു കഷണം. അതിൽ എല്ലുണ്ടു്, തൊലിയുണ്ടു്, കൊടലുണ്ടു്. ആക്കും പേരും വയസ്സും നിശ്ചയമില്ലാത്ത ഏതോ മൃഗത്തിന്റെ ഇറച്ചിയാണതു്. എന്തും വെട്ടിവിഴുങ്ങുന്ന കഴുതമാടൻ ബർണാർഡുപോലും ഇവിടെ പരാജയപ്പെട്ടു. "എന്തു പിശാചിന്റെ ഇറച്ചിയാണിതു്?" അയാൾ വിളിച്ചു ചോദിച്ചു. കരടി ഇറച്ചിയെന്നു ചിലർ അഭിപ്രായപ്പെട്ടു. വാൾട്ടറിന്റെ ഔദ്യോഗിക അറിവിൻ പ്രകാരം പുള്ളിമാൻ മാംസമായിരുന്നു അതു്.

ദിവസം മൂന്നുമണിക്കൂർ വീതം രണ്ടാഴ്ച കൂടുതൽ ജോലി ചെയ്തിട്ടുള്ള പ്രതിഫലമായിരുന്നു ഇതു്. പ്രധാനപ്പെട്ട സാധനം – കട്ലറു്–ഉണ്ടല്ലോ എന്നു ഞങ്ങൾ സമാധാനിച്ചു.

മേയ് ഒന്നിന്റെ കാലാവസ്ഥ നല്ലതായിരുന്നു. അന്നത്തെ ഇളംവെയിൽ രോഗശാലയിൽ കിടന്നിരുന്നവരെ പുറത്തിറങ്ങി ഇരിക്കുവാൻ പ്രേരിപ്പിച്ചു. മരണമുറിയിലേയ്ക്കു മാറ്റപ്പെട്ടിരുന്ന മരിയാപോലും പുറത്തിറങ്ങി. അവളുടെ കാലു് നീരുകെട്ടി വില്ലുപോലെ വളഞ്ഞുതന്നെയിരുന്നു. ഒരു വടികുത്തി ചാടിച്ചാടി അവൾ വെയിലുകായുവാൻ മുറ്റത്തേക്കിറങ്ങി. "ഇന്നത്തെ ദിനം എനിക്കും ആഘോഷിക്കണം" അവൾ പറഞ്ഞു. "നടക്കാതിരുന്നാൽ കൂറേ കഴിയുമ്പോൾ നടക്കേണ്ടതെങ്ങനെയെന്നു് മറന്നുപോയേക്കാം."

ഒഴിവുദിനത്തിന്റെ പ്രതീതി എങ്ങും കാണപ്പെട്ടു. മറ്റു ബാരക്കു വാസികളുമായി ഇടകലരരുതെന്ന നിയമം ആരും കണക്കിലെടുത്തില്ല. സോവ്യറ്റു് യൂണിയനിലെ ഞായറാഴ്ചയാണ അതു്. നിയമപ്രകാരം ആഴ്ചയിലൊരുദിവസം ഞങ്ങൾക്കൊഴിവുകിട്ടേണ്ടതാണു്. പക്ഷേ കോപ്പാതീക്കാത്തതുകൊണ്ടു് ഞങ്ങൾക്കാക്കും ഒഴിവുകിട്ടിയിരുന്നില്ല. സാങ്കേതിക വിദഗ്ധന്മാക്കും "കൈമണി"ക്കാക്കും പതിവായി ഒഴിവുകിട്ടിയിരുന്നു.

പെസഹാക്കാലം അവസാനിച്ചിട്ടില്ല. ഉച്ചകഴിഞ്ഞു് ഞാൻ കൂറേ പ്പേരുടെ കുമ്പസ്സാരം കേട്ടു.

രാത്രിയിൽ വിനോദ പരിപാടികളുണ്ടാകുമെന്നും ഒറക്കണ്ണൻ ചുറുചുറുക്കനും പറഞ്ഞുകൊണ്ടിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതു് ഭക്ഷണശാലയിലെ ഡാൻസായിരിക്കുമത്രെ. സോവ്യറ്റ് യൂണിയനിലെ തൊഴിലാളി വർഗ്ഗത്തിന്റെ പുരോഗതിയെക്കുറിച്ചു് സ്തുതിപ്പുകളായി തിരിഞ്ഞു സംസാരിക്കുകയായിരിക്കും ഒന്നാമത്തെ പരിപാടി. അതിനു ശേഷം സംഗീതവും നൃത്തവും.

ഡാൻസു പ്രമാണിച്ചു അത്താഴം ഒരുമണിക്കൂർ മുൻകൂട്ടിയായിരുന്നു. വാഹനമാണു് ഞങ്ങളെ ഭക്ഷണശാലയിലേയ്ക്കു നയിച്ചതു്. പന്നിമാംസം പൊരിച്ച മണം അവിടെ വ്യാപിച്ചു. അക്ഷരാർത്ഥത്തിൽ ഞങ്ങളുടെ വായിൽ കപ്പലോടിക്കാമായിരുന്നു.

ഇതിൽ കൂടുതൽ കളിപ്പിക്കപ്പെടുക സാദ്ധ്യമായിരുന്നില്ല. പന്നിനെയ്യിൽ പൊരിച്ചെടുത്ത മില്ലറൻകേക്കു് കഷണമായിരുന്നു "കട്‌ലറ്റ്" പുഴുങ്ങത്തലുള്ള മില്ലറൻകൊണ്ടുണ്ടാക്കിയ അതിനു കപ്പുണ്ടായിരുന്നു.

ഞങ്ങൾക്കു കോപവും താപവും ഒരുമിച്ചുണ്ടായി. അലോയിസ് കോപപൂർവ്വം പറഞ്ഞു: "ഈ കുതിരത്തവിടിനുവേണ്ടിയാണു് ഞങ്ങളുടെ രക്തം ഊറ്റിക്കുടിച്ചുകൊണ്ടിരുന്നതു്. തൊഴിലാളി സേവകന്മാരുടെ മനുഷ്യത്വം! തൊഴിലാളിവർഗ്ഗത്തെ പോഷണം ചെയ്യുന്നവർ! അതിനെതിരായി പ്രസംഗിക്കുന്ന അവരുടെ ആത്മാർത്ഥത. ഇപ്പോൾ എനിക്കു മനസ്സിലായി ഇവരുടെ പ്രസംഗത്തിന്റെ അർത്ഥം."

അയാൾ മുഷ്ടിചുരുട്ടി ആകാശത്തിലേക്കെറിഞ്ഞു. എല്ലാവരും നിരാശാപൂർണ്ണരായി. വിനോദപരിപാടികളിൽ പങ്കുകൊള്ളുവാൻ ആർക്കും മനസ്സില്ലായിരുന്നു.

പോക്കറ്റിൽനിന്നു കൊന്ത എടുത്തു കൈയിൽ പിടിച്ചുകൊണ്ടു ഞാൻ പുറത്തേയ്ക്കുപോയി. പ. കന്യകയുടെ മാസം ആരംഭിച്ചു കഴിഞ്ഞിരിക്കയാണല്ലോ. സാത്താന്റെ തലതകർത്ത മറിയത്തോടു് ഞാൻ പ്രാർത്ഥിച്ചു: "ദൈവത്തെക്കൂടാതെ ഭൂമിയിൽ പശുദീസാ സൃഷ്ടിക്കാമെന്നു വീമ്പിളക്കുന്ന വഞ്ചകന്മാരുടെ ശക്തി ഇല്ലാതാക്കേണമെ. അവർ ഭൂമിയിൽ നരകം പടുത്തുയർത്തുകയാണു്. ഇവരുടെ നാരകീയശക്തി അടിച്ചമർത്തുവാൻ നിന്റെ തിരുക്കുമാരനോടു് പ്രാർത്ഥിക്കേണമെ."

ഭക്ഷണശാലയിൽനിന്നു് സംഗീതം കേട്ടുതുടങ്ങി; പാദചലനത്തിന്റെ സ്വരവും കേൾക്കാം. സ്ത്രീകളുടെ വാർഡിൽനിന്നു ആരോ സംസാരിക്കുന്നതുകേട്ടു് ഞാൻ അങ്ങോട്ടു് നടന്നു. അവിടെ ഒരുകൂട്ടം സ്ത്രീകൾ ഡാൻസ് ബഹിഷ്കരിച്ചിട്ടു് വേറൊരുവിധത്തിൽ മേയ്ദിനം ആഘോഷിക്കുകയായിരുന്നു. ജർമ്മൻ ഭാഷയിൽ "രാജകന്യകേ" പാടുകയാണു് അവർ. "ഞങ്ങളുടെ മധുരവും ശരണവുമാകുന്ന നീയേ നിനക്കു സ്വസ്തി. ഹാവ്വായുടെ മക്കളായ ഞങ്ങൾ, കണ്ണുനീരിന്റെ ഈ താഴ്വരയിൽ അവലംബഹീനരായി നിന്നെ വിളിക്കുന്നു....."

ഞാൻ പടിയിൽ ഇരുന്ന അവരോടൊത്തു പാട്ടകയുണ്ടായി. ഡാൻസ് കേവലം ഒരു പ്രചരണതന്ത്രമായിരുന്നു. ഹെൽവിഗ് നീണ്ട ഒരു കമ്മ്യൂണിസ്റ്റു പ്രചരണ പ്രസംഗം ചെയ്തു. ഗ്രൂപ്പുലീഡറന്മാർ പരിപൂർണ്ണ സഹകരണവും കീഴ്വഴക്കവും വാഗ്ദാനം ചെയ്തുകൊണ്ടു സംസാരിച്ചു. വാൾട്ടർ അവരെ അഭിനന്ദിച്ചു (ഞങ്ങൾക്കുവേണ്ടിയായിരിക്കാം). ഡാൻസിന്റെ പശ്ചാത്തല സംഗീതം ഒറക്കണ്ണനായിരുന്നു നടത്തിയതു്. കറുത്തമുടിയുള്ള ഒരു തടിച്ചി ഹെൽവിഗിന്റെ ഭാര്യയായിരുന്ന അവിടത്തെ രാജ്ഞി. ആരുടെകൂടെയും ഡാൻസു ചെയ്യുവാൻ പോരുന്ന വളായിരുന്ന പ്രസ്തുത സ്ത്രീ. അകപ്പാടെ ഒരു കൃത്രിമത്വം അവിടെ ഭൂരിഭാഗമായിരുന്നു. എല്ലാവരും മ്ലാനവദനന്മാരായിത്തന്നെ ഇരിക്കുന്നു. പ്രത്യേകാനന്ദകൂല്യം ലഭിച്ചിരുന്നവക്കുപോലും വോഡ്കായോ ചുരുട്ടോ നല്കപ്പെട്ടുകയുണ്ടായില്ല. പാർട്ടി നടന്നുകൊണ്ടിരിക്കുമ്പോൾ മധുരപലഹാരവിതരണം പോലുമുണ്ടായില്ല. ഓഫീസറന്മാരും ഗാർഡുകളും അവരവരുടെ കാര്യത്തിനായി ഓരോരുത്തരായി മെസ്സ്ഹാളിൽനിന്നു പൊയ്ക്കൊണ്ടിരുന്നു. തടവുകാർ ആരെയറവരായി തങ്ങളുടെ ബാരക്കുകളിലേക്കു മടങ്ങി.

മേയ് രണ്ടാംതീയതിയും ഒഴിവുദിനമായിരുന്നു. ഓഫീസറന്മാരുടെ തലയിൽ നിന്നു വോഡ്ക്കായുടെ മത്തു് ഇറങ്ങിത്തീരുവാൻ വേണ്ടിയാണെന്നു തോന്നുന്നു ഈ ഒഴിവു്. ഞങ്ങൾക്കു പതിവുള്ള ഭക്ഷണം തന്നെയായിരുന്നു. ചുവന്ന കണ്ണുകളോടും ഭാരിച്ച ചുണ്ടുകളോടും കൂടി ഹെൽവിഗ് ധൃതിയിൽ ഞങ്ങളുടെ പക്കലേക്കു വന്നു.

ബാരക്കിന്റെ നടുവിൽ നിന്നുകൊണ്ടു് അയാൾ ഉച്ചത്തിൽ പറഞ്ഞു: "ഹിറ്റ്ലർ മരിച്ചിരിക്കുന്നു! ഈ വാർത്ത പത്രത്തിലുണ്ടു്. ചെമപ്പൻ പട്ടാളം ബർലിൻ കീഴടക്കിക്കഴിഞ്ഞു."

ജർമ്മൻകാരും ആസ്ട്രിയൻകാരും നിറഞ്ഞ ആ ഹാളിൽ, പ്രത്യേകിച്ചൊരു പ്രതികരണവും ഉണ്ടായതായി തോന്നിയില്ല. തടങ്കൽ ജീവിതമെന്നു പറഞ്ഞാൽ ഹിറ്റ്ലറുമായോ, ലോകത്തിൽ നടക്കുന്ന സംഭവങ്ങളുമായോ യാതൊരു ബന്ധവുമില്ലാത്ത ഒരു തരം ജീവിതമെന്നാണർത്ഥം. ഹെൽവിഗ് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വാർത്ത അറിയിച്ചിട്ടു് അവിടെത്തന്നെ നില്ക്കുകയാണു്. തടവുപുള്ളികളിൽ ചിലർ അങ്ങോട്ടു തിരിഞ്ഞു നോക്കുന്നതേ ഇല്ല. വേറെ ചിലർ അയാളെ തുറിച്ചു നോക്കിക്കൊണ്ടു് നില്ക്കുകയാണു്.

ഞങ്ങളിൽ ചിലർ വിചാരിച്ചു യുദ്ധം അവസാനിച്ചതായി കാണിക്കാക്കുന്നതിൽ തെറ്റില്ലെന്നു്. എങ്കിൽ അധികം താമസിയാതെ ഞങ്ങളെ വിട്ടയക്കും. ഏതായാലും ഇതേക്കുറിച്ചു് ഞങ്ങൾ വലിയ സുപ്രതീക്ഷ പ്രകടിപ്പിച്ചില്ല. സംഭരണശാലാധിപൻ സുബോധത്തോടെ (വോഡ്കായുടെ മത്തിറങ്ങിക്കഴിഞ്ഞിരുന്നു) ഇപ്രകാരം പറഞ്ഞു: "ഹിറ്റ്ലറിന്റെ

പണി കഴിഞ്ഞുവെന്നതു ശരിതന്നെ. മറേറ പന്നി ജീവിച്ചിരിക്കുമ്പോൾ മുഴുവൻ ഭദ്രമല്ല.” രാഷ്ട്രീയകാര്യം ഇപ്രകാരം പരസ്യമായി—അതും മഹാനായ സ്റ്റലിനെ പേരു പറയാതെ ആണെങ്കിലും താറടിച്ചുകൊണ്ട്—പ്രസ്താവിച്ചെന്ന ആരെങ്കിലും റിപ്പോർട്ടു ചെയ്താൽ അയാൾക്കു വീണ്ടും ഒരു പത്തുകൊല്ലം കൂടി ക്യാമ്പുവാസസുഖം അനുഭവിക്കേണ്ടിവരുമെന്നതിനു സംശയമില്ല.

മേയ്ദിനത്തേക്കാളോ, ഹിറ്റ്ലറിന്റെ മരണത്തേക്കാളോ ഞങ്ങളെ സംബന്ധിച്ചു പ്രാധാന്യമർഹിക്കുന്ന ഒരു നിധി അലോയിസും ഞാനും കണ്ടെത്തി. ഞങ്ങൾ വിറകു വെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ആ ബർഗേറിയൻ വണ്ടിയിൽനിന്നു വിറകു് താഴെ ഇറക്കിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ കുതിര മണംപിടിച്ചു പിടിച്ചു ചെന്നു മണ്ണിനടിയിൽനിന്നു എന്തോ മാന്തി പുറത്താക്കി. പുള്ളിമാനിന്റെ എല്ലുകളാണു്. ഞാൻ ഒരു കഷണം എടുത്തു് കോടാലികൊണ്ടു തല്ലിപ്പൊട്ടിച്ചു നോക്കി. അകത്തു മജ്ജയുണ്ടു്. നിധികണ്ടെത്തുന്നതിൽ കൂടുതൽ ഞാൻ സന്തോഷിച്ചു. എല്ലുകഷണങ്ങൾ മുഴുവൻ തൊപ്പിയിൽ ഞാൻ ശേഖരിച്ചു. പല പ്രാവശ്യം ഞാൻ അതെടുത്തു പരിശോധന നടത്തി യഥാർത്ഥത്തിൽ അവയിൽ മജ്ജയുണ്ടോ എന്നറിയുവാൻ. അഞ്ചു പ്രാവശ്യമെങ്കിലും വെള്ളത്തിലിട്ടു തിളപ്പിച്ചിട്ടുള്ള എല്ലുകളാണു് അവ. അവയിൽ മജ്ജയുള്ളിടത്തോളം കാലം അവകൊണ്ടു സൂപ്പുണ്ടാക്കാം. വിറകുചുമടുമായി അടുത്ത പ്രാവശ്യം കുരിനിയിൽ ചെന്നപ്പോൾ ഉപയോഗശൂന്യമായി കളയുന്ന എല്ലു എനിക്കു തരണമെന്നു ഞാൻ ആവശ്യപ്പെട്ടു.

അലോയിസ് എന്നോക്കാൾ സന്തോഷിച്ചു. “ദീർഘനേരം തിളപ്പിച്ചാൽ പഴകിയ എല്ലിൽനിന്നുപോലും സൂപ്പുണ്ടാക്കാം. അതിൽ കാൽസിയവും മറെറ ധാതുകങ്ങളും അടങ്ങിയിട്ടുണ്ടു്. രാത്രിയിൽ സ്റ്റവിൽവെച്ചു് നമുക്കു സൂപ്പുണ്ടാക്കി നോക്കാം” അയാൾ പറഞ്ഞു.

അലോയിസിനു് ഒരലുമിനിയം പാത്രം ഉണ്ടായിരുന്നു; അതിൽ വെള്ളം നിറച്ചു് എല്ലുകഷണങ്ങൾ നിക്ഷേപിച്ചു് സ്റ്റവിൽ വെച്ചു. പതിവുസമയത്തിനു അരമണിക്കൂർമുമ്പു് ഞങ്ങൾ എഴുന്നേറ്റു. സൂപ്പു പാകമായിട്ടിരിപ്പുണ്ടായിരുന്നു. കുറേ ഉപ്പു് അതിൽ ഇട്ടു ഇളക്കി. ഞങ്ങൾ രണ്ടുപേരും അതു കഴിച്ചു. എല്ലിൽ പിന്നെയും അല്പസ്വല്പം മജ്ജ ശേഷിച്ചിട്ടുണ്ടു്. അവ ശേഖരിച്ചു എന്റെ പലക ചാത്തിനടിയിൽ തൊപ്പിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചു. സ്റ്റവിൽവെച്ചു് ക്യാമ്പുവാസികൾ ഇപ്രകാരം എന്തെങ്കിലും പാകംചെയ്യുകയും പതിവുണ്ടായിരുന്നതുകൊണ്ടു ഞങ്ങളുടെ പ്രവൃത്തി ആരും സൂക്ഷിക്കുകയുണ്ടായില്ല.

പിറേറരാത്രിയിൽ കുരിനിയിൽ നിന്നു് കുറേ എല്ലുകഷണങ്ങൾ കിട്ടി. അലോയിസും ഞാനും ബാരക്കിലെ ഏകാന്തതയിൽ ഇരുന്നു എല്ലുകൾ തല്ലിപ്പൊട്ടിച്ചു. എന്റെ പലകച്ചാത്തിനടിയിൽ നിന്നു തൊ

പ്പിയെടുത്തു സൂക്ഷിച്ചുവച്ചിരിക്കുന്ന പഴയ നിക്ഷേപത്തിന്റെ കൂടെ ഇതു കൂടി നിക്ഷേപിക്കുന്നതിനായി.

തൊപ്പിയിൽ യാതൊന്നും ഉണ്ടായിരുന്നില്ല!

അടുത്ത ദിവസം വൈകുന്നേരം അവിചാരിതമായ ഒരു സല്ക്കാരം ഉണ്ടായി. ഞങ്ങൾ വിചാരിച്ച യുദ്ധം അവസാനിച്ചതിന്റെ ഫലമായിരിക്കാം അതെന്നു്. ഞങ്ങൾക്കു് അമേരിക്കൻ പഞ്ചസാര പ്രത്യേക റേഷനായി അനുവദിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തിനു ഒരേ ഒരു കാരണമേ ഞങ്ങൾക്കു തോന്നിയുള്ളൂ: ക്യാമ്പ്മാനേജരന്മാർ ആരെങ്കിലും പൂഴ്ത്തി വെച്ചിരുന്ന സാധനം, പിടികൊടുക്കുന്നതിനു മുമ്പു് ചെലവാക്കേണ്ടേ ആവശ്യം നേരിട്ടു കാണണം. എങ്ങനെയായാലും ഞങ്ങൾക്കതു് അവാച്യമായ ആനന്ദം നല്കി.

കൂടുതൽ കിട്ടിയ റേഷൻ മുഴുവൻ ഉള്ളിലാക്കിയ കൊതിയന്മാർക്കു് ആ രാത്രി കക്കൂസിൽ നിന്നു മാറുവാൻ നേരം ഉണ്ടായില്ല. എനിക്കു കിട്ടിയ പ്രത്യേക റേഷൻ മൂന്നായി ഭാഗിച്ചു്, മൂന്നിലൊന്നുമാത്രം മറ്റു ഭക്ഷണത്തോടുകൂടി ഞാനുപയോഗിച്ചു. അതും, ഞങ്ങളുടെ സ്വഭാവം സൂപ്പും കൂടിയായപ്പോൾ എന്റെ ആരോഗ്യനില മെച്ചപ്പെട്ടു. പക്ഷേ കൈകാലുകളിലെ നീരിനു കുറവുണ്ടായിരുന്നില്ല. കരിംപൂതയുടെ അസിസ്റ്റൻറ് ആണു് ഇപ്രാവശ്യം മെഡിക്കൽ പരിശോധന നടത്തിയതു്. എന്നെ രോഗശാലയിലേക്കു മാറ്റി.

രോഗശാലയിൽ പഴയ മൂലയിലുള്ള പലകച്ചാത്തുതന്നെ എനിക്കു കിട്ടി. ആ സ്ഥലത്തു കിടന്നിരുന്ന ആൾ മരണമറിയിലേക്കു മാറ്റപ്പെട്ടിരിക്കുകയാണു്. കുളിക്കുകയോ, പേൻ, മൂട്ട ഇവയിലായവ കൊല്ലുകയോ ഒന്നും ചെയ്യാത്ത വൃത്തിഹീനനായ ഒരു ചെറുപ്പക്കാരനാണു എന്റെ സമീപവാസി. അയാളുടെ അടുത്തു കിടക്കുന്ന രോഗി അല്പം തമാശുകാരനാണു്. അയാൾ എന്നോടു പറഞ്ഞു: "അച്ചോ, മൂട്ടകളാണു ഇവനെ ചുമന്നുകൊണ്ടു നടക്കുന്നതു്." കൊതിയനായ 'വിഷ്ണു' ബർണാഡു അവിടെ ഉണ്ടു്. പാസ്റ്റർ ഗോബെൽ രോഗശാലയിലുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

മരണമറിയിൽ എന്റെ സഹായം പ്രയോഗം ഉണ്ടായിക്കൊണ്ടിരുന്നു. അന്ത്യദിവസം ഒരു വൃദ്ധയെ ഞാൻ മരണസമയത്തു സഹായിച്ചു. മരിക്കുവാൻ പോകയാണെന്നു ചിന്തിക്കുവാൻപോലും അവർ ഇഷ്ടപ്പെട്ടിട്ടില്ല. അന്ത്യകൂദാശകൾ കൊടുത്തു് കുറെ കഴിഞ്ഞപ്പോൾ അവർ ശാന്തചിത്തയായി കാണപ്പെട്ടു. അന്ത്യപ്രാർത്ഥനകൾ ഞാൻ ഉരുവിടുന്നതിനിടക്കു് അവർ മരിച്ചു.

മരിയ അവിടെയായിരുന്നെങ്കിലും പ്രത്യാശ ഉള്ളവളായിരുന്നു. അവളുടെ കാലു് അല്പം വളയ്ക്കുവാൻ സാധിച്ചിരുന്നു. അവൾ എന്നോടു

പറഞ്ഞു: "അച്ചോ, രണ്ടുമൂന്നാഴ്ചക്കുള്ളിൽ എഴുന്നേറ്റു നടക്കാറായാൽ എന്നാണ് ഞാൻ കരുതുന്നത്."

മരണമുറിയിൽ ഉണ്ടായിരുന്നവരിൽ മത്തായുടെ സ്ഥിതിയായിരുന്നു ഏറ്റവും ശോചനീയം. കരിംപൂതയുടെ ഓഫീസ് അടിച്ചുവാരിക്കൊണ്ടിരിക്കുമ്പോൾ അവൾ ബോധരഹിതയായി മറിഞ്ഞു വീണു. വേദനകൊണ്ട് പുളഞ്ഞിരുന്ന അവളെ കണ്ടുനില്ക്കുകതന്നെ പ്രയാസമായിരുന്നു. അവളുടെ വീടിനെയും അമ്മയെയും കുറിച്ചു പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്നു. എന്റെ കൂടെ പ്രാർത്ഥിക്കുവാൻ ഞാൻ പറഞ്ഞുനോക്കി. "ഞാൻ മരിക്കുകയില്ല. അയ്യോ മരണം. എനിക്കു പേടിയാകുന്നു." അടക്കാനാവാത്ത ഭീതിയോടെ അവൾ നിലവിളിച്ചു. സ്വർഗ്ഗസ്ഥനായ പിതാവിനോടു ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. അവളെ ആശ്വസിപ്പിച്ചു. കരിംപൂത ആ സമയം അവിടെ വന്നു. അയാൾ എന്നോടു് യാതൊന്നും മിണ്ടിയില്ല.

രാത്രിയിൽ അവളുടെ മൃതദേഹം മരണാനന്തരപരിശോധനക്കായി കരിംപൂതയുടെ ഓഫീസിലേക്കു് കൊണ്ടുപോയതു് ഒറക്കണ്ണനും കരിംപൂതയും കൂടിയാണ്.

അയാൾ അവളെ ഹൃദയപൂർവ്വം സ്നേഹിച്ചിരുന്നു. അവളുടെ മരണം അയാളിൽ വലിയ പരിവർത്തനം ഉണ്ടാക്കി. മത്തായെ തൃപ്തിപ്പെടുത്തുന്നതിനു അയാൾ ഉറങ്ങാതിരുന്നിട്ടുണ്ട്. ഒരുദിവസം കുറച്ചു് ഉരുളക്കിഴങ്ങ് അവൾക്കുവേണ്ടി കരിഞ്ചന്തയിൽനിന്നു വാങ്ങുവാൻ 70 മൈൽ അകലെ പോകുകയുണ്ടായി. അവൾ മരിച്ചതിന്റെ തലേദിവസം പത്തുമൈലകലെ ഒരു റെയിൽവേ ആഫീസറിന്റെ വീട്ടിൽപോയി ആട്ടിൻപാൽ കൊണ്ടുവന്നു കൊടുക്കുകയുണ്ടായി അത്രെ.

മത്തായുടെ മരണശേഷം കരിംപൂത ഒരു പുതിയ മനുഷ്യനായിത്തീർന്നിരുന്നു. ഞങ്ങളെ പരിശോധിക്കുവാൻ വന്നപ്പോൾ താൻതന്നെയുണ്ടാക്കിയ ഒരു മരുന്നു അയാൾ സ്നേഹപൂർവ്വം പകർന്നു തന്നു. ഡോക്ടറിന്റെ സ്നേഹപൂർവ്വമായ പെരുമാറ്റം മരുന്നിനേക്കാൾ ഞങ്ങൾക്കു ഗുണം ചെയ്തു.

പരിശോധനകഴിഞ്ഞു് ഞങ്ങളുടെ കൂടെയിരുന്ന അയാൾ കുറേനേരം ചെലവഴിച്ചു. ഞങ്ങളുടെ വീട്ടും നാട്ടും അയാൾ ചോദിച്ചു. പാവം! സ്വന്തം കഥ പറയുവാൻ തുടങ്ങി. ആറുകൊല്ലം തടങ്കൽപ്പാളയത്തിൽ കഴിച്ചുകൂട്ടിയ ആളാണ് പൂത. ആറുകൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും അഞ്ചുകൊല്ലത്തേയ്ക്കു വടക്കൻ തടങ്കൽപ്പാളയങ്ങളിലെ ഒരു ഓഫീസറായിരിക്കുവാൻ വിധിക്കപ്പെട്ടു. മാസം 600 രൂബിംസുവീതം കിട്ടിയിരുന്ന ഒരു ഡോക്ടറായിരിക്കുമ്പോഴാണ് അവർ അയാളെ തടവിലാക്കിയതു്. യുദ്ധം അവസാനിക്കുമ്പോൾ സ്വാതന്ത്ര്യം കിട്ടും എന്ന പ്രത്യാശയിൽ അയാൾ കഴിഞ്ഞുകൂട്ടുകയാണ്.

മത്താ അയാളെക്കുറിച്ചു പറഞ്ഞതു് യഥാർത്ഥമായിരുന്നു. തടങ്കൽ പാളയജീവിതം ആ സാധുവിനെ അനുദിനം കൂടുതൽ കൂടുതൽ വേദനിപ്പിച്ചുകൊണ്ടിരുന്നു. പുറമേ മനുഷ്യത്വമില്ലായ്മ കാണിക്കുവാൻ അയാളെ പ്രേരിപ്പിച്ച സംഗതി മത്തായുമായുള്ള വ്യക്തിപരമായ സ്നേഹമാണു്. (ഇപ്പോൾ) ആ സ്നേഹബന്ധം നിലംപരിശായിത്തീർന്നപ്പോൾ കുറ്റബോധം അയാളിലുദിക്കുകയാണു്.

മരണവും മരിക്കുന്നവരുടെ സാധനങ്ങളുടെ മോഷണവും രോഗശാലയിൽ മുറുക്കു നടന്നുകൊണ്ടിരുന്നു. ഒറ്റക്കണ്ണന്റെ അസിസ്റ്റൻറു് ക്ലനൻ ഹാൻസിനു് വേറൊരു കൂട്ടുകാരൻ ഉണ്ടായിരുന്നു, റോമൻ എന്നു പേരോടുകൂടി. ഒറ്റക്കണ്ണനെപ്പറ്റിച്ചു മരിക്കുന്നവരുടെ വസ്ത്രങ്ങളുംമറ്റും കൈവശമാക്കുന്നതിനു് അവർ ഒത്തുകൂടിയിരുന്നു. ഓസ്ട്രോവിസ്കി എന്നൊരു കൃഷീവലൻ ഈ കൊലയാളികളെ ഒരിക്കൽ പറഞ്ഞിക്കുകയുണ്ടായി. ആ കൃഷീവലനു് മതത്തേയും ജീവിതത്തേയുംകുറിച്ചു ഒരു പ്രത്യേക വീക്ഷണമാണുണ്ടായിരുന്നതു്. അതെപ്പറ്റി എന്നോടു സംസാരിക്കുക അയാളുടെ പതിവായിരുന്നു. ഒരു സായാഹ്നത്തിൽ ആ വയസ്സൻ സുഖക്കേടു വർദ്ധിച്ചു ബോധരഹിതനായിത്തീർന്നപ്പോൾ ഹാൻസു് അയാളുപയോഗിച്ചിരുന്ന രോമക്കോട്ടു് ചൂണ്ടിയെടുത്തു. കുറേക്കഴിഞ്ഞു് വയസ്സന്റെ കിടക്കയ്ക്കടിയിൽ വച്ചിരുന്ന വേറൊരുകോട്ടും ഹാൻസു് മോഷ്ടിച്ചെടുത്തു. വയസ്സൻ താമസിയാതെ മരിക്കുമെന്നു തീർച്ചയാക്കി. കോട്ടുരണ്ടും കരിഞ്ചന്തയിൽ മുട്ടപ്പൊടിക്കും ഉരുളക്കിഴങ്ങിനുമായി വെച്ചുമാറി. ഹാൻസു് കിട്ടിയ സാധനങ്ങൾ പാകം ചെയ്തു് നല്ലപോലെ ഭക്ഷണം കഴിച്ചിട്ടു് പോയിക്കിടന്നുറങ്ങി.

നേരം വെളുത്തപ്പോൾ വയസ്സനു ബോധം വീണു. രാത്രിയിലെ തണുപ്പു് അയാൾക്കു ദുഃഖം ചെയ്തു. "എന്റെ കോട്ടു് എവിടെ?" അയാൾ ബഹളംകൂട്ടുവാൻ തുടങ്ങി. ഹാൻസു് 'ഞാനൊന്നുമറിഞ്ഞില്ല ദേവനാരായണ' എന്ന മട്ടിൽ മിണ്ടാതിരുന്നു. ഒറ്റക്കണ്ണൻ ശാപവാക്കുകൾ ഉരുവിട്ടുകൊണ്ടു് പരക്കം പാഞ്ഞുനടന്നു് കോട്ടന്വേഷണമാരംഭിച്ചു. വാർഡറിനോടുകൂടി എന്നെ ഭർത്സിക്കുന്നതിൽ വിരുതു കാണിച്ചുകൊണ്ടിരുന്ന വിൽഹെം കാലത്തുണർന്നു് പലകച്ചാത്തിൽ ഇരിക്കുകയായിരുന്നു. അയാൾ താഴെ ഇറങ്ങി ഷൂസിടുവാൻ കുനിഞ്ഞപ്പോൾ അവിടെ മറിഞ്ഞുവീണു. ഹാൻസു് പറന്നുവിടെ എത്തി ബോധമില്ലാതെ കിടന്ന വിൽഹെമിന്റെ കോട്ടു് ഊരിക്കൊണ്ടുപോയി വയസ്സനു കൊടുത്തു. ഹാൻസിന്റെ ഭാഗ്യത്തിനു് ആ കിടപ്പിൽത്തന്നെ വിൽഹെം അന്ത്യശ്വാസം വിട്ടു.

രോഗനായ മാക്സു് അബ്രോമെയിറു് തീരെ ക്ഷീണിതനായി കാണപ്പെട്ടു. പാസ്റ്റർ ഗോബെലിനെ വിളിച്ചു് ബൈബിൾ വായിച്ചു കേൾപ്പിച്ചാൽ കൊള്ളാമെന്നു് അയാൾ അഭ്യർത്ഥിച്ചു. ഉച്ചത്തിൽ

വായിച്ചുകൊള്ളുവാൻ ഒററക്കണ്ണൻ അനുവദിച്ചു. പാസ്റ്റർ നല്ലസ്വര ത്തിൽ ഗിരിപ്രഭാഷണത്തിലെ സുവിശേഷ ഭാഗ്യങ്ങൾ വായിച്ചു. എല്ലാ വരും ശ്രദ്ധയോടെ കേട്ടിരുന്നു. അദ്ദേഹം ഹൃദയസ്പർശക്കായ ഒരു വ്യാഖ്യാ നവും നല്കി. പതിനഞ്ചുമിനിട്ട് വാർഡ് നിശബ്ദമായിരുന്നു. അടുത്ത ദിവസങ്ങളിലും പാസ്റ്റർ ഇതേ പരിപാടി ആവർത്തിച്ചുകൊണ്ടിരുന്നു. ആരും അദ്ദേഹത്തെ തടയുകയുണ്ടായില്ല. സ്ത്രീകളുടെ വാർഡിലും അദ്ദേഹം ബൈബിൾ വായിച്ചു വ്യാഖ്യാനിക്കുകയുണ്ടായി. ഞായറാഴ്ച ദിവസ ങ്ങളിൽ രണ്ടുവാർഡിലും ഞാനും ഈ പരിപാടി നടത്തുവാൻ തുടങ്ങി. രണ്ടിടത്തും കത്തോലിക്കരുടെ സംഖ്യ കൈവിരലിൽ എണ്ണുവാൻമാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും ഒരുത്തരും എതിർപ്പ് പ്രകടിപ്പിക്കയുണ്ടായില്ല.

ഈ ദിവസങ്ങളിൽ പലർ മരണം പ്രാപിക്കുകയുണ്ടായി. അവരിൽ രണ്ടുപേർ, തീവണ്ടിയിൽവച്ച് ഞാനുമായി പരിചയപ്പെട്ടവരാണ്. ജോജ്ജിനെ ആദ്യ ആഴ്ചയിൽത്തന്നെ എനിക്കു പിടിച്ചു. രോഗശാലയിൽ ഞങ്ങൾ ഒരുമിച്ചാണ് ഭക്ഷണം കഴിച്ചിരുന്നതു്. അയാളുടെ പെരു മാററത്തിൽ കുലീനത്വം നിഴലിച്ചിരുന്നു. ഏതവസരത്തിലും ആരോടും പെരുമാറുവാൻ ജോജ്ജിനറിയാമായിരുന്നു. തടങ്കൽ പാളയത്തിൽ കിട്ടുന്ന ഭക്ഷണം രുചിയുള്ളതാക്കുവാൻ കുറച്ചു ഉപ്പും പഞ്ചസാരയും പള്ളിക്കാരന്റെ കൈവശം എപ്പോഴും ഉണ്ടാകും. ചുറുപാടും മര ണത്തിന്റെ താണ്ഡവനൃത്തം നടന്നുകൊണ്ടിരുന്നതു് അയാളിൽ യാതൊരു ഭാവഭേദവും ഉണ്ടാക്കിയില്ല. ഭക്ഷണം രുചിയുള്ളതാക്കുന്ന തിനും ശക്തിനഷ്ടപ്പെട്ട പോകാതിരിക്കുവാനും പഴയതുപോലെതന്നെ അയാൾ ശ്രദ്ധചെലുത്തിയിരുന്നു. മതകാര്യത്തിൽ നിഷ്പക്ഷതാനയം കൈക്കൊണ്ടിരുന്ന അയാൾ "ഒരു രസത്തിനുവേണ്ടി" മിസ്സാൾ വായി ച്ചിരുന്നു. തിരിച്ചു തരുമ്പോൾ ഇപ്രകാരം റിമാർക്കു പാസ്സാക്കും. "പണ്ഡി തോചിതമായ 'ആമുഖം' അഭിനന്ദിക്കാതിരിക്കാൻ വയ്യ."

അയാൾ ആരോഗ്യവിഷയത്തിൽ അതിശ്രദ്ധാലു ആയിരുന്നു. എങ്കിലും കാലിലെ നീരു് വർദ്ധിച്ചുകൊണ്ടിരുന്നു. രണ്ടാം നിരയിലുള്ള പലകച്ചാത്തിൽ തനിയെകയറുക വിഷമകരമായിത്തീന്നപ്പോൾ ഒന്നാം നിരയിലേയ്ക്കു സ്ഥലം മാററി. ചുരുക്കം ചിലപ്പോൾ അയാൾ ഭാവിയെ ക്കുറിച്ചു ചിന്തിക്കാതിരുന്നില്ല. മരണാനന്തര ജീവിതത്തെക്കുറിച്ചു് അ യാളോട് സംസാരിക്കുന്നതുകൊണ്ടു് ഫലം ഒന്നുമില്ല. വ്യർത്ഥമായ ഒരവ സാന പരീക്ഷണത്തിനുശേഷം ഞാൻ മുററത്തിറങ്ങി നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. അയാൾ കിടന്നിരുന്ന ഭാഗത്തുനിന്നു് ദീർഘശ്വാസവും ഭീനരോദനവും കേട്ടു് ഞാൻ ഓടിവന്നു അയാളെ കൈകളിൽ താങ്ങിപ്പിടിച്ചതും അയാൾ അന്ത്യശ്വാസം വലിച്ചതും ഒരുമിച്ചായിരുന്നു.

വേറൊരു സ്വഭാവക്കാരനായിരുന്ന ഗ്രെഗറിന്റെ അന്ത്യം വ്യത്യസ്തപ്പെട്ടതരത്തിലായിരുന്നു. ഉറച്ച ദേഹപ്രകൃതിയോടുകൂടിയ ലോഹപ്പണിക്കാരനായിരുന്ന അയാൾ, എന്തിനെയും ചെറുത്തു നില്ക്കാൻ പോരുന്ന തന്റെ കരുത്തിൽ അഭിമാനം കൊണ്ടിരുന്നു. അന്ത്യവിനാഴികയിൽപോലും അയാൾ തന്റെ ശക്തി കാണിക്കുകയുണ്ടായി.

ഞാൻ കുറച്ചു വിറകു കഷണങ്ങളുമായി വാർഡിലേക്കു വരികയായിരുന്നു. നിക്കർമാത്രം ധരിച്ചിട്ടുള്ള ഒരസ്ഥികൂടം എനിക്കെതിരെ വരുന്നു. അയാളുടെ തലയും ദൃഷ്ടിയും മരിച്ച ആളിന്റേതുപോലെ കാണപ്പെട്ടു. ഒരു കൈയിൽ പൈപ്പും മറേറതിൽ ചുരുട്ടും പിടിച്ചിട്ടുണ്ട്.

"ഗ്രെഗർ" ഞാൻ വിളിച്ചു: "പലകച്ചാത്തിലേയ്ക്കു തിരിച്ചുപോകുക പുറത്തിറങ്ങാൻ നിനക്കു ശക്തിയില്ല."

"ഇല്ലില്ല, എന്റെ കൂട്ടുകാരെ ഒരിക്കൽക്കൂടി കാണണം." സംസാരിക്കുക അയാൾക്കു വിഷമമായിരുന്നു. അയാൾ മരണവേദന സഹിക്കുകയാണെന്നു സ്പഷ്ടമായിരുന്നു. സ്വശക്തിയും പ്രയോഗിച്ചു അയാൾ മുന്നോട്ടു നീങ്ങി. ഞാൻ വിറകുകൊണ്ടിട്ടു കഴിഞ്ഞപ്പോൾ ആരോ മരിഞ്ഞു വീഴുന്ന സ്വരംകേട്ടു. അല്പനഗ്നനായി മരിഞ്ഞുവീണ ഗ്രെഗർ പൈപ്പും ചുരുട്ടും ബലമായി പിടിച്ചിട്ടുണ്ട്. അയാൾ ഭീതിജനകമാം വിധം പറഞ്ഞു: "ഒരു പുകകൂടി! ഒന്നുകൂടി! അതുകഴിഞ്ഞു പിശാചിനു് എന്നെ സ്വന്തമാക്കാം."

അയാളുടെ സ്നേഹിതൻ കർട്ടും ഒററക്കണ്ണനും സംഭവസ്ഥലത്തെത്തി. ഒററക്കണ്ണൻ സജ്ജീകരണങ്ങളുള്ള സ്വന്തം പലകച്ചാത്തിലേക്കു ഗ്രെഗറിനെ കൊണ്ടുപോയി; പൈപ്പും ചുരുട്ടും എടുത്തു കാണിച്ചു് ഗ്രെഗറിന്റെ വായിൽ തിരുകി. പുകവലിക്കാൻമാത്രംശക്തി അയാൾക്കുണ്ടായിരുന്നില്ല. അയാൾ അതു തട്ടി ദൂരെയിട്ടിട്ടു് പൈശാചികമായ ഒരു സ്വരം പുറപ്പെടുവിച്ചു. "വെടക്കു മാററിക്കളയുക..... പിശാചിനെ ഇങ്ങു കൊണ്ടുവരിക" എന്നു പറഞ്ഞു അയാൾ പലകച്ചാത്തിൽ ചരിഞ്ഞു കിടന്നു.

ഗ്രെഗറിന്റെ കൂട്ടുകാരുടെ ഭയംമാറുവാൻ കുറെനേരം വേണ്ടിവന്നു. കട്ടു് മരിച്ച കൂട്ടുകാരന്റെ വായിൽ നിന്നു പൈപ്പു് വലിച്ചെടുത്തു് കൊതിയോടെ പുകവലിച്ചു. മൃതദേഹത്തിന്റെ വായിൽനിന്നു ഒലിച്ചുവന്ന പത തുടച്ചുകളയുന്നതിനും മറക്കും അയാൾ മെനക്കെട്ടില്ല. ഒററക്കണ്ണനും റോമനും വേറെ രണ്ടുപേരും ചുരുട്ടു് പങ്കിടുന്നതിൽ വ്യാപൃതരായി.

മേയ് ഒൻപതു് സ്വർഗ്ഗാരോഹണത്തിരുനാളിന്റെ തലേനാളായിരുന്നു. സങ്കീർത്തനകാരന്റെ വാക്കുകൾ ക്രിസ്തുവിൽ എപ്രകാരം അനുപദ്ധമായി എന്നു വി. പൗലോസ് എഫേസൂസുകാർക്കു വിവരിച്ചുകൊടുക്കുന്ന ഭാഗമാണു് അന്നത്തെ ലേഖനം. ".....അവൻ തടവുവാസികളെ നയിച്ചുകൊണ്ടുപോയി.

അതിരാവിലെ ഹെൽവിഗ് വാർഡിൽ വന്ന് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വാർത്ത അറിയിച്ചു: "ജർമ്മനി നിരുപാധികം കീഴടങ്ങിയിരിക്കുന്നു. ഐക്യകക്ഷികളും ജർമ്മനി കൈവശപ്പെടുത്തിക്കഴിഞ്ഞു."

ഞങ്ങളുടെ പ്രതികരണം ഇത്രമാത്രമായിരുന്നു; രണ്ടുമൂന്നു സംശയനിവാരണം. പക്ഷെ സംശയങ്ങൾ തീർക്കുവാൻ ഹെൽവിഗ് അപ്രാപ്തനായിരുന്നു.

"തന്മൂലം ഞങ്ങൾക്കു കൂടുതൽ പഞ്ചസാര കിട്ടുമോ?"

"മുട്ടക്കേക്ക് വിതരണം ചെയ്യുമോ?"

"ഞങ്ങളെ ഉടനെ സ്വതന്ത്രരാക്കുമോ?"

ഗോബെലും ഞാനും ഇതേക്കുറിച്ചു സംസാരിച്ചു. സ്വാതന്ത്ര്യം ലഭിക്കാൻ അധികം താമസമുണ്ടാകയില്ലെന്നു ഞങ്ങൾക്കു തോന്നി. യുദ്ധം മൂലം താറുമാറായ രാജ്യത്തിന്റെ പുനർനിർമ്മാണത്തെക്കുറിച്ചു ഞങ്ങൾ സംസാരിച്ചു. ക്രിസ്തു ശത്രുക്കളെ സ്നേഹിച്ചതുപോലെ രാഷ്ട്രങ്ങൾ വിട്ടുവീഴ്ചയ്ക്കു തയ്യാറാവണം യഥാർത്ഥ സമാധാനം ഭൂമുഖത്തുണ്ടാവണമെങ്കിൽ എന്നാണു ഞങ്ങളുടെ ബോദ്ധ്യം.

കിംവദന്തികൾ പരന്നുകൊണ്ടിരുന്നു. തടവുകാരെ സ്വതന്ത്രരാക്കുന്ന ദിവസംപോലും കൃത്യമായി അറിഞ്ഞതുപോലെയായിരുന്നു സ്ത്രീകളുടെ സംസാരം. ഓഫീസറന്മാർ വെറുതെ എന്തെങ്കിലും പറഞ്ഞാൽമതി ഞങ്ങളെ വിട്ടയക്കാൻ പോകുന്നതിന്റെ ധ്വനി അതിലടങ്ങിയിരിക്കുന്നതായി വ്യാഖ്യാനിച്ചു തുടങ്ങുകയായി. ഇപ്രകാരം അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒന്നും വിശ്വസിക്കുക സാദ്ധ്യമായിരുന്നില്ല.

അടുത്ത ശരത്കാലംവരെ ഞങ്ങളെ വിട്ടയക്കുവാൻ പോകുന്നില്ല എന്നു പറയുവാൻ വലിയ പ്രവചനവരമൊന്നും ആവശ്യമുണ്ടായിരുന്നില്ല.

ജർമ്മനിയിലേക്കുള്ള റെയിൽപ്പാളങ്ങൾ ജീർണ്ണാവസ്ഥയിലായിരുന്നു, അവ ഉപയോഗിക്കാവുന്നതു ഉപയോഗത്തിലായിരുന്നതാണും.

വൈദ്യപരിശോധനക്കായി ഞങ്ങൾ ഒരിക്കൽ വിളിക്കപ്പെട്ടു. "യാത്രചെയ്യാവുന്നവരുടെ" കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടു. "യാത്രചെയ്യാവുന്നവർ" എന്നതിന്റെ അർത്ഥം മുഴുവൻ എനിക്കു പിടികിട്ടിയില്ല.

കുറേനാളായി ഒററക്കണ്ണൻ തടവുകാരോട് കാരുണ്യപൂർവ്വം പെരുമാറുന്നതിൽ എന്തോ രഹസ്യമുണ്ടെന്നു ഞങ്ങൾ ഊഹിച്ചു. രോഗശാലയിൽ ഉള്ളവരെ അയാൾ സ്നേഹപൂർവ്വമാണു ശുശ്രൂഷിക്കുന്നതു; ഞങ്ങളോടു വളരെ മര്യാദപൂർവ്വം പെരുമാറുകയും ഇടക്കിടക്കു ചില സൽക്കാരങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടു.

രണ്ടുമൂന്നുദിവസം മുമ്പു് അയാൾ ചെയ്ത പ്രസംഗത്തിൽ നിന്നു ഇതിന്റെ ഉദ്ദേശം ഞങ്ങൾക്കു മനസ്സിലായി. ഞങ്ങളെ പുതിയ ഒരു

ക്യാമ്പിലേക്ക് മാറുവാൻ പോകയാണ്. കമ്മിസാർ അടുത്തുതന്നെ ഞങ്ങളെ സന്ദർശിക്കും. അപ്പോൾ ഒറ്റക്കണ്ണനെത്തന്നെ രോഗശാലാധിപനായി കിട്ടിയാൽ മതിയെന്ന തടവുകാർ പറയണം.

"ഹോസ്പിറൽ ക്യാമ്പി" ലേക്കു മാറുന്നതിനു തടവുകാരെ ഷേവുചെയ്യുവാൻ ഒരു ബാർബർ വന്നു. അനക്കി അനക്കി ചുമയ്ക്കുന്ന ക്ഷയരോഗിയായ ഒരു മനുഷ്യനാണ് പ്രസ്തുത ബാർബർ. അധികസമയവും പന്നിമാംസം വസ്ത്രങ്ങൾക്കു പകരം വച്ചുമാറുന്ന ബിസിനസിനാണു അയാൾ ചിലവഴിച്ചതു്. ബാർബർ എന്നു വിളിക്കപ്പെടുവാനുള്ള അയാളുടെ യോഗ്യത കൈവശം മുഖംവടിക്കുന്ന ഒരു കത്തിയുണ്ടെന്നുള്ളതുതന്നെ. ഒരു 'ആകെമാന' ഷേവു് ആയിരുന്നു. പലകച്ചാത്തിൽ തടവുകാർ കിടന്നു കൊടുക്കണം. ഭേഷമാസകലം പന്നിയുടെ പൂട വടിച്ചുകളയുന്നതുപോലെ ഒരു വടി അയാൾ നടത്തും. പത്തുപന്ത്രണ്ടു് സ്ഥലത്തെങ്കിലും മുറിഞ്ഞു് ചോരയൊഴുകാതിരിക്കയില്ല. ഞങ്ങളുടെ ഒറ്റക്കണ്ണൻ സ്നേഹിതൻ എവിടെനിന്നോ ഒരു കത്തി സമ്പാദിച്ചിട്ടുണ്ടായിരുന്നു. അയാൾ അഞ്ചാറുപേർക്കു ഷേവുചെയ്തുകൊടുത്തു. എനിക്കു് ഈ പണി അറിയാമോ എന്നു ചോദിച്ചുകൊണ്ടു് ഒറ്റക്കണ്ണൻ കത്തി എന്റെ കൈയിൽ തന്നു. ഷേവുചെയ്യുവാൻ കാത്തുനില്ക്കുന്നവർ കൈവിറയുള്ള ബാർബറിനെ ഉപേക്ഷിച്ചു എന്റെ അടുക്കൽ വന്നു ഷേവുചെയ്യിച്ചു.

പന്തക്കുസ്താദിവസം, ഏഴാം കോളത്തിലുള്ള "എന്റെ ഇടവക"ക്കാരെ ഞാൻ മിസ്സാൾ വായിച്ചുകേൾപ്പിച്ചു. അവിടെ എന്റെ അവസാന വായനയാണെന്നു ഞാനറിഞ്ഞിരുന്നില്ല. തിരുസ്സഭയുടെ സ്ഥാപനവും പരിശുദ്ധാത്മാവിയുടെ ആഗമനവും അന്നത്തെ കുമ്പാനയിൽ അനുസ്മരിക്കപ്പെട്ടുന്നു. ഹൃദയസ്പർശിയായ ഈ പ്രാർത്ഥന അന്നത്തെ കുമ്പാനയിൽ നാം വായിക്കുന്നു:"പരി. അരൂപിയുടെ പ്രകാശത്താൽ വിശ്വാസികളുടെ ഹൃദയത്തെ പഠിപ്പിച്ച ദൈവമേ, ശരിയായിട്ടുള്ളവ ഗ്രഹിക്കുന്നതിനും അതിൽ ആനന്ദിക്കുന്നതിനുമുള്ള വരം അതേപരിശുദ്ധാത്മാവിവഴിയായി ഞങ്ങൾക്കു തരേണമേ!!

മേയ് 25–ാം തീയതി കരിംപൂത "ഹോസ്പിറൽ ക്യാമ്പി" ലേക്കു പോകുവാനുള്ളവരുടെ ലിസ്റ്റ് വായിച്ചു. ഗോബെലും ഞാനും അതിലുൾപ്പെട്ടിരുന്നു. അവിടെ എന്തു ചെയ്യുവാൻ പോകുന്നു എന്നു ഞങ്ങൾക്കു പിടികിട്ടിയില്ല. എന്തു മാനദണ്ഡംവെച്ചാണ് ഞങ്ങൾ 96 പേരെ "ഹോസ്പിറൽ ക്യാമ്പി" ലേക്ക് തെരഞ്ഞെടുത്തതു എന്നു മനസ്സിലാക്കുക വിഷമമായിരുന്നു. രോഗശാലയിൽ ഉണ്ടായിരുന്നവരിൽ ചുരുക്കം ചിലരൊഴിച്ചു് എല്ലാവരും ലിസ്റ്റിൽപെട്ടിട്ടുണ്ടു്. ഒറ്റക്കണ്ണനും വാൾട്ടറും അവരുടെ കുറെ സിൽബന്ധികളും ഞങ്ങളുടെ കൂടെയുണ്ടു്. പുതിയ പരിശോധനപ്രകാരം മൂന്നാം ഗ്രൂപ്പിൽപ്പെട്ട, യാത്രചെയ്യാവുന്ന എല്ലാവരേയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതായി തോന്നുന്നു.

അഞ്ചാഴ്ചയ്ക്കുള്ളിൽ ഒറ്റക്കണ്ണന്റെ മരണലിസ്റ്റിൽ എഴുപത്തൊന്ന് പേർ പുതുതായി സ്ഥലം പിടിച്ചിരുന്നെന്ന അപ്പോൾമാത്രമാണ് ഞങ്ങളറിയുക. ഞങ്ങളുടെകൂടെ ഏഴാം കോളത്തിൽ വന്ന ഇരുന്നൂറ്റി അറുപത്തൊന്നുപേരിൽ എഴുപത്തൊന്നുപേർ ലോകത്തോട് നിത്യയാത്ര പറഞ്ഞുകഴിഞ്ഞിരുന്നു.

ഗെയിറ്റിനുവെളിയിൽ രണ്ടുവരിയായി ഞങ്ങളെ നിറുത്തി. തീവണ്ടിവരുവാൻ താമസമുള്ളതുപോലെ തോന്നി, മഴ പൊടിയുന്നുണ്ട്. നേരിയ നിലാവുണ്ട്. വേലിയുടേയും ഗെയിറ്റിന്റേയും നീണ്ട നിഴലുകൾ റെയിൽപ്പാളത്തെ കാഴ്ചയിൽനിന്നു മറച്ചിരിക്കുന്നു. അവസാനം തീവണ്ടി വന്നു, വൃത്തിഹീനമായ തീവണ്ടിയിൽ ഞങ്ങൾ കയറി; വണ്ടി നീങ്ങിത്തുടങ്ങി. "ഏഴാം കോളത്തിലേക്കു ഞങ്ങൾ നോക്കിക്കൊണ്ടിരുന്നു. ഞങ്ങൾ ആദ്യമായി ഏഴാം കോളം ഭർത്സിച്ചതു പകലാണ്. അന്നു ഞങ്ങൾക്കനുഭവപ്പെട്ട ഭീകരതയുടെ ഒരംശംപോലും ഞങ്ങൾക്കു തോന്നിയില്ല, പൂനിലാവിൽ കുളിച്ചുനില്ക്കുന്ന ഏഴാം കോളം അവസാനമായി കണ്ടപ്പോൾ.

XII മരണത്തിന്റെ കുത്തരംഗം

പ്രഭാതമായി. ഇരുവശങ്ങളിലും ചതുപ്പുനിലങ്ങളും മഞ്ഞുമരുഭൂമികളും നിറഞ്ഞ പ്രദേശത്തുകൂടി തീവണ്ടി നീങ്ങിക്കൊണ്ടിരിക്കുന്നതായി ഞങ്ങൾ കണ്ടു. മൂന്നാമിവസം ദീർഘിച്ച യാത്രയിൽ മനുഷ്യർ പാർക്കുന്ന ഒരു സ്ഥലവും ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടില്ല. ഏഴാം കോളത്തിനു് കിഴക്കു വടക്കായി തീവണ്ടി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. തീവണ്ടിപ്പാളത്തിനു സമാന്തരമായി ഉപയോഗശൂന്യമായ ഒരു മൂന്നടിപ്പാതയുണ്ടു്: റയിൽപ്പാളം പണിത റഷ്യാക്കാരും പോളണ്ടുകാരും മറ്റു വിവിധ രാജ്യക്കാരുമായ തടവുകാരുടെ നിത്യസ്മാരകമാണു് അതു്.

യാത്രയുടെ ഒന്നാംദിവസം തടങ്കൽപ്പാളയത്തിലെ ഭക്ഷണം തന്നെയാണു ഞങ്ങൾക്കു കിട്ടിയതു്; കാൽ ഔൺസു് കൊഴുപ്പു് കൂടുതലായി നല്ലുകയുണ്ടായി. രണ്ടാംദിവസം ഗാർഡു് ഞങ്ങളെ അറിയിച്ചു: ഭക്ഷണം സൂക്ഷിച്ചിരുന്ന കമ്പാർട്ടുമെന്റു് അഗ്നിക്കിരയായിപ്പോയി. സ്റ്റവിലെ തീയല്ലാതെ വേറൊരു തീയും ഞങ്ങൾ കാണുകയുണ്ടായില്ല. അന്നു മുഴുപ്പട്ടിണിയിൽ കഴിയേണ്ടി വന്നു.

മൂന്നാംദിവസം പ്രഭാതത്തിൽ തീവണ്ടി നിന്നു; വണ്ടിയിൽനിന്നിറങ്ങുവാൻ കല്പന കിട്ടി. ക്ഷീണിച്ചു വിവശരായ ഒരുകൂട്ടം സ്ത്രീപുരുഷന്മാർ താഴെ ഇറങ്ങി ചുറ്റുപാടുകൾ നോക്കിക്കണ്ടു. അങ്ങുകലെ ഏകാന്തമായ ഒരു സ്ഥലത്തു് ഒരു വെള്ളട്ടാങ്കു് കാണുന്നുണ്ടു്. റോഡിന്റെ ഇരുവശങ്ങളിലും ചതുപ്പുനിലങ്ങളാണു്.

ഞങ്ങൾ റോഡിലൂടെ മുന്നോട്ടു നീങ്ങി, ഗാർഡിനു് ഞങ്ങളെ കൊണ്ടുപോകേണ്ട സ്ഥലം അറിയാമെന്ന വിശ്വാസത്തോടെ. ഒരു മൈൽ നടന്നു കാണും; നിരയെല്ലാം ഛിന്നഭിന്നമായി.

സാവധാനം നടന്നുകൊണ്ടിരുന്ന ഗോബെലും ഞാനും മുമ്പിൽ പോയിരുന്ന പലരുടെയും മുമ്പിലായി. കാരണം പലരും ക്ഷീണിച്ച് വഴിയിൽ വീഴുകയുണ്ടായി. ഒററക്കണ്ണൻ വളരെ മുമ്പിലാണ്. സ്ഥലത്തു ആദ്യം ചെന്നുചേർന്നിട്ട് ഡോക്ടറന്മാർക്ക് സ്വയം പരിചയപ്പെടുത്താനുള്ള വെപ്രാളമാണ്: അങ്ങ്പ്രാണരായ ഞങ്ങളുടെ "വല്ല്യമ്മാവനായി" സ്വയം പ്രഖ്യാപിക്കാനുള്ള തത്രപ്പെടലാണ്. നല്ല ആദായമുള്ള കമ്പനിയിൽ ഷെയറെടുക്കുവാൻ ആളുകൾ മുന്നോട്ട വരുന്നതുപോലെ കേറേപ്പേർ ഒററക്കണ്ണന്റെ ഭാണ്ഡങ്ങൾ ചുമക്കുവാൻ മുന്നോട്ട വരികയുണ്ടായി. ടി ഷെയറുകൾ ഉടനെതന്നെ ആദായം സമ്പാദിച്ചു തുടങ്ങി, ചില്ലറ പാരിതോഷികരൂപത്തിൽ. ഭാവിയിലെ ഡിവിഡൻറ്–പുകവലി സാമഗ്രികൾ–വാങ്ങാനരൂപത്തിലും അവക്കു ലഭിച്ചു. വാൽട്ടർ തന്നെ സഹായിക്കുവാൻ ആരെങ്കിലും ഉണ്ടാകുമെന്നു വിചാരിച്ച് അധികാരഭാവത്തിൽ ചുറവും നോക്കി; രണ്ടു വലിയ കെട്ടുകൾക്കുപുറമേ അണ്ടർവെയറിൽ പൊതിഞ്ഞ ഒരു പൊതികൂടി അയാളുടെ പക്കലുണ്ട്; സ്ലോവാക്കിയിൽ എന്റെ ചെറുപ്പകാലത്തു കണ്ടിട്ടുള്ള പെട്ടിക്കച്ചവടക്കാരെ ഞാനനുസ്മരിച്ചു.

"ഇതെല്ലാംകൂടി ചുമന്നുകൊണ്ടു നടക്കുക വിഷമം" അയാൾ ആരോടെന്നില്ലാതെ മന്ത്രിച്ചു.

"പ്രകൃതി ഉപേക്ഷിച്ചുകളയുക, അപ്പോൾ നിങ്ങളുടെ വിഷമം തീരും" ഗോബെൽ പറഞ്ഞു.

"എനിക്കു മൂന്നു കുട്ടികളുണ്ട്. വീട്ടിൽ ചെന്നെത്താമെന്നു എനിക്കു പ്രതീക്ഷയുണ്ട്."

"എനിക്കും മൂന്നു കുട്ടികളുണ്ട്" ഗോബെൽ മറുപടി പറഞ്ഞു. "അവരെക്കുറിച്ചുള്ള ആകുലചിന്തതന്നെ എനിക്കു മതിയായ ഭാരമാണ്."

ഗോബെലിന്റെ സ്വഭാവം വ്യക്തമായി ഈ വാക്കുകളിൽ നിന്നു ഒരാൾക്കു ഗ്രഹിക്കാം. അദ്ദേഹം നീതിമാനാണ്, ദീർഘശാന്തനാണ്, വിട്ടുവീഴ്ചക്കു തയ്യാറാണ്. എന്തും ക്ഷമിക്കും, പക്ഷേ ചതിയന്മാരോടു പൊരുക്കുക അദ്ദേഹത്തിനു സാദ്ധ്യമല്ല. തെറവ് ആരുചെയ്താലും പല്ലും നഖവുമുപയോഗിച്ചു അദ്ദേഹം എതിർക്കും.

അലോയിസും ബർണാഡും തടിയൻ മാക്സും ഞങ്ങളുടെ തൊട്ടു പിന്നിലുണ്ട്. മാക്സ് പഴയതുപോലെ ബഹളം കൂട്ടുന്നുണ്ട്. "മൃഗങ്ങളോടുപോലും ചെയ്യാത്ത കടുംകൈയാണിതു! ഒരു തുള്ളി പച്ചവെള്ളംപോലും തരാതെ കന്നുകാലികളെപ്പോലെ ഞങ്ങളെ കൊണ്ടുപോകുകയാണ്; അല്പം വല്ലതും തിന്നാൻ കിട്ടിയിരുന്നെങ്കിൽ ഇനി രണ്ടു മൈൽകൂടി നടക്കുക പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്റെ വയറ് കാറില്ലാത്ത ബ്ളാഡർ പോലെ ആയി" എന്നു പറഞ്ഞുകൊണ്ട് ഒട്ടിക്കിടന്ന വയറ് ഞങ്ങളെ കാണിച്ചു.

ഞങ്ങളുടെ പ്രേക്ഷിണത്തിന്റെ ഏറ്റവും പിറകിലായിട്ടാണ സ്ത്രീകൾ. നീരുമൂറിയ കാലുകൾ വലിച്ചുകൊണ്ടും കീറത്തുണിയുടുത്തുകൊണ്ടും അവർ ഇഴഞ്ഞു വലിയുന്നതു കണ്ടപ്പോൾ ഏറമിയാ ഭീഷ്ടർിയുടെ "വിലാപ"ത്തിലെ "സ്ത്രീ, സൗന്ദര്യം നലിച്ചുവളായിത്തീന്നു....." എന്ന ഭാഗം ഓർമ്മയിൽവന്നു.

രണ്ടു മൈൽ മാത്രമാണ നടക്കാനുണ്ടായിരുന്നതു്. രോഗികളായ തടവുകാർക്കു് ഒരു ദിവസത്തെ മുഴുപ്പട്ടിണിക്കുശേഷം അതവസാനമില്ലാത്ത നടപ്പായി തോന്നിയതിൽ അത്ഭുതമില്ല. ഒരു വളവിൽ വന്നപ്പോൾ ഞങ്ങളുടെ പുതിയ വസതി കണ്ണിൽപ്പെട്ടു. ഏഴാം കോളത്തിന്റെ ഒരു ചെറിയ പതിപ്പായിരുന്നു അതു്. ഒരു താഴ്വരയിൽ ചതുപ്പു നിലങ്ങളാൽ ചുറ്റപ്പെട്ട സ്ഥലമാണിതു്. അതിനു ചുറ്റമുള്ള വേലി ജീർണ്ണാവസ്ഥയിലാണു്. ചന്നംപിന്നം മഴപെയ്യുകൊണ്ടിരുന്നു. കാഴ്ചയിൽ വളരെ വൃത്തിഹീനമായ ഒരു സ്ഥലമായിട്ടു തോന്നി.

ഗെയിറ്റിങ്കൽ തേഞ്ഞു മാഞ്ഞു തുടങ്ങിയ അക്ഷരങ്ങളോടുകൂടിയ ഒരു പലകയുണ്ടു്. "അഞ്ചാം കോളം" എന്നു് എഴുതിയിരിക്കുന്നു. മുറ്റത്തു് മുട്ടോളം വെള്ളമുണ്ടു്. ബാരക്കിൽനിന്നു നോക്കുന്ന ചിലരെ പരിചയമുണ്ടു്. ഏഴാം കോളത്തിൽനിന്നു ഒരു മാസംമുമ്പു കൊണ്ടുവന്ന അൻപതുപേർ അവിടെയുണ്ടു്. പഴയ പരിചയക്കാരുമായി വിശേഷങ്ങൾ കൈമാറിയപ്പോൾ ഞങ്ങൾക്കൊന്നു മനസ്സിലായി; മൂന്നു മാസം മുമ്പു് ഹെയിൽസ് ബത്ലിൽനിന്നു തടങ്കൽപ്പാളയത്തിലാക്കിയവരിൽ പകുതിയോളം പേർ മാത്രമേ ഇപ്പോൾ ജീവിച്ചിരിക്കുന്നുള്ളു എന്നു്.

പുതിയ സ്ഥലത്തുവന്നു അധികനേരം കഴിയുന്നതിനുമുമ്പു് എന്നെ ഞെട്ടിപ്പിച്ച ഒരു സംഭവമുണ്ടായി. കൈയിൽ കുറെ വസ്ത്രങ്ങളുമായി ഒരു സ്ത്രീ, ധൃതിയിൽ നടന്നുവന്നു് എന്റെ അടുക്കൽ നിന്നിരുന്ന ഒരു ശിപായിയോടു പറഞ്ഞു: "ഇപ്പോൾ മരിച്ച ക്രിസ്റ്റാ ഫിറ്റ്സ്ക്കോയുടെ വസ്ത്രങ്ങളാണിവ."

എന്റെ ഇളയ സഹോദരിയുടെ പേരു് ക്രിസ്റ്റാ എന്നാണു്.

ഞാൻ ആ സ്ത്രീയോടു മരിച്ച യുവതിയുടെ പ്രായം അന്വേഷിച്ചു.

"പത്തൊൻപതു് അല്ലെങ്കിൽ ഇരുപതു വയസ്സു്" അവൾ പറഞ്ഞു.

ക്രിസ്റ്റായ്ക്കു് പത്തൊൻപതു വയസ്സു പ്രായമുണ്ടു്. ഞാൻ മണിക്കൂറുകൾതന്നെ അവളെക്കുറിച്ചു് ചിന്തിച്ചുകൊണ്ടു അവിടെ ഇരുന്നു. കോളേജു വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുമ്പു് എയർപ്ലെയിൻ ഫാക്ടറിയിൽ ജോലിക്കു പോകുന്നതിനു അവൾ നിർബ്ബന്ധിതയായി. അവൾക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ ഒന്നും ചെയ്യുവാൻ എനിക്കു കഴിയുമായിരുന്നില്ല. ആരോടെങ്കിലും ചോദിച്ചു് എന്റെ സഹോദരി ക്രിസ്റ്റാ തന്നെയാണോ മരിച്ചതെന്നു തീർച്ചയാക്കുവാൻ ഒരു അവസരം പാർത്തു ഞാൻ കഴിച്ചുകൂട്ടി.

ഒററക്കണ്ണൻ ഞങ്ങളുടെ കൂട്ടത്തിലെ ഒരു ഉദ്യോഗസ്ഥനാണ് എന്ന ധാരണ അവിടെയുള്ളവരിൽ ഉണ്ടാക്കുവാൻ ബദ്ധപ്പെട്ടുകൊണ്ടിരുന്നു. വിറകു എടുത്തുകൊണ്ടു വന്നിരുന്ന ഒരു കൂട്ടത്തിന്റെ(അവർ പത്തുപന്ത്രണ്ടുപേരുണ്ട്)കൂടെ അവരുടെ നായകനെന്ന ഭാവത്തിൽ ചേർന്നുകൊണ്ട് അയാളും ഞങ്ങളുടെ അടുക്കൽ വന്നു. തണുപ്പിൽനിന്നു ഞങ്ങളെ രക്ഷിക്കാൻ വലിയ ബുദ്ധിമുട്ടു സഹിച്ചാണ് താൻ വിറകു സമ്പാദിച്ചതെന്നു ഒററക്കണ്ണൻ പറഞ്ഞു. വാസ്തവത്തിൽ ക്യാമ്പ് ഓഫീസറന്മാർ കൊടുത്തയച്ച വിറകായിരുന്നു അതു്. ഒററക്കണ്ണനു് അതിൽ യാതൊരു പങ്കുമുണ്ടായിരുന്നില്ല. തീ കത്തിച്ചു് അതിനു ചുറ്റും ഞങ്ങളിരുന്നു. പുറത്തു് മഞ്ഞു പെയ്യുകൊണ്ടിരുന്നതിനാൽ, തീയുടെ സമീപമായിരുന്നിട്ടും ഞങ്ങൾ വിറച്ചുകൊണ്ടിരുന്നു.

ഉച്ച കഴിഞ്ഞപ്പോൾ ഡോക്ടറിന്റെ വേഷവിധാനത്തോടുകൂടിയ ഒരാൾ കക്ഷത്തിൽ ഒരു ഫയലുമായി ഞങ്ങളെ സമീപിച്ചു. ഒററക്കണ്ണൻ എഴുന്നേറ്റു ചെന്നു് ദ്വിഭാഷിയെന്ന നിലയിൽ സ്വയം പരിചയപ്പെടുത്തി.

ഓഫീസർ അത്യുഷ്ണഭാവത്തിൽ ജർമ്മനിൽ പറഞ്ഞു: "നിങ്ങളുടെ സഹായം ഒന്നും വേണ്ടാ, മിസ്റ്റർ. നിങ്ങൾ ലൈനിൽ പോയി നിൽക്കൂ."

ഒററക്കണ്ണന്റെ മുഖം മഞ്ഞളിച്ചു; ഞങ്ങൾ ചിരിച്ചു.

ഡോക്ടറിന്റെ പരിശോധനാഫലം "രോഗികളുടെ റിക്കാർഡ്" എന്നെഴുതിയിരുന്ന ഫയലിൽ അദ്ദേഹം കുറിച്ചുകൊണ്ടിരുന്നു. ഭാവിയിലെ പരിശോധനാഫലമെല്ലാം കുറിക്കുന്നതു് ടി റിക്കാർഡിൽ ഓരോരുത്തർക്കുള്ള നിശ്ചിത സ്ഥലത്തായിരിക്കും. ഞാൻ അവിടം വിട്ടപ്പോഴുണ്ടായിരുന്നതിനുമുമ്പു് എന്റെ വിവരങ്ങൾ മുന്നൂറുപേജിൽ കുറയാതെ എഴുതിയിട്ടുണ്ടാവണം. ഇത്തരം റിക്കാർഡുകൾ ഈ ക്യാമ്പിലെ വളരെ പ്രാധാന്യമർഹിക്കുന്ന രേഖകളാണ്. ഞങ്ങളെ ഇവിടെ കൊണ്ടുവന്നാക്കിയിരിക്കുന്നതു് ചികിത്സിക്കുവാനോ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനോ ആയിരുന്നില്ല; ഏറ്റവും അനാരോഗ്യകരമായ ഭക്ഷണം കഴിച്ചുകൊണ്ടു് മനുഷ്യനു് എത്രനാൾ ജീവിക്കാൻ സാധിക്കും, മനുഷ്യന്റെ സഹനശക്തി പാരമ്യത്തിലെത്തുന്നതെപ്പോൾ എന്നിങ്ങനെയുള്ള സംഗതികളെക്കുറിച്ചുള്ള പ്രായോഗിക വിജ്ഞാനം രേഖപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. "മോസ്കോ പാത്തോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പന്നിക്കുഞ്ഞുങ്ങളെ ഗവേഷണവിഷയമാക്കുന്നതുപോലെ, അഞ്ചാം കോളത്തിൽ മനുഷ്യരെ ഗവേഷണവിഷയങ്ങളായി കണക്കാക്കിയിരുന്നു. ക്യാമ്പു് ഓഫീസറന്മാരിൽ കൂടുതൽപ്പേർ ഞങ്ങളെ മനുഷ്യോചിതമായ വിധത്തിൽ ശുശ്രൂഷിച്ചിരുന്നു എന്നതു വാസ്തവം തന്നെ.

ഡോക്ടർ ധരിച്ചിരുന്നതു് പഴയ ചെരിപ്പും മുഷിഞ്ഞ വസ്ത്രങ്ങളുമാണ്, അദ്ദേഹത്തെക്കുറിച്ചു് നല്ല അഭിപ്രായമാണ് ഞങ്ങൾക്കു തോ

ന്നിയതു്. രോഗികൾക്കുവേണ്ടി സ്വയം അപ്പണം ചെയ്തിരിക്കുന്ന ഒരാളാണെന്ന അഭ്യൂഹത്തെ കണ്ടാൽ തോന്നുമെന്നു ഗോബെൽ അഭിപ്രായപ്പെടുകയുണ്ടായി. അഭ്യൂഹത്തെ ഞങ്ങൾ ആദരപൂർവ്വം "ഹെർ ഡോക്ടർ" (Herr Doktor)എന്നാണു് വിളിച്ചിരുന്നതു്.

അഞ്ചാം കോളത്തെക്കുറിച്ചു് ആദ്യം ഞങ്ങൾക്കു നല്ല അഭിപ്രായമാണു് തോന്നിയതു്. ഞങ്ങളിൽ പ്രത്യാശ നാമ്പെടുക്കാതിരുന്നില്ല. പക്ഷേ ഈ പ്രത്യാശ അസ്ഥാനത്തായിരുന്നെന്നു ബോദ്ധ്യപ്പെടാൻ അധികനേരം വേണ്ടിവന്നില്ല. ബാരക്കുകൾ ഇരുളടഞ്ഞതും വൃത്തിഹീനവുമായിരുന്നു. രണ്ടാം നിരയിലുള്ള പലകച്ചാർത്തിൽ നിവർന്നിരുന്നാൽ തല മേൽപ്പുരയിൽ മുട്ടുവാൻ തക്കവണ്ണം പൊക്കം കുറഞ്ഞതാണു്. ജീർണ്ണിച്ച ഭിത്തികൾ പൊട്ടിപ്പൊളിഞ്ഞു് വെള്ളം ചോർന്നുകൊണ്ടിരുന്നതിനാൽ പലകച്ചാർത്തും തറയും ഒരിക്കലും വൃത്തിയായി സൂക്ഷിക്കുവാൻ നിർവാഹമുണ്ടായിരുന്നില്ല. തറയിൽ നിരത്തിയിരുന്ന പലക ദ്രവിച്ചു പോയിരുന്നതിനാൽ, അവിടെയും ഇവിടെയും വെള്ളംകെട്ടിനിന്നിരുന്നു. ആ പ്രദേശത്തുള്ള ഏലികളുടെ സങ്കേതം ബാരക്കുകളാണു്. മനുഷ്യരെക്കാൾ കൂടുതൽ ഏലികൾ ഓരോ ബാരക്കിലും ഉണ്ടായിരുന്നു.

ഗോബെലും ഞാനും, പുതുതായി വന്നവർ നല്ല പലകച്ചാർത്തിനു വേണ്ടി ഗ്രസ്തിപിടിക്കുന്നതു് കുറേനേരം നോക്കിനിന്നു. അകലെ ഒരു മൂലയിൽ രണ്ടാം നിരയിലുള്ള പലകച്ചാർത്തിൽ ഞങ്ങൾ രണ്ടുപേരും അഭയം പ്രാപിച്ചു. എന്റെ അടുത്തുള്ള ഭിത്തിയിൽ സാമാന്യം വലിയ ഒരു വിടവുണ്ടായിരുന്നു. അതിലൂടെ തണുത്ത കാറ്റു് അകത്തു കടന്നിരുന്നതിനാൽ രാത്രിയിൽ തണുത്തു വിറച്ചിരുന്നു.

രണ്ടാം ദിവസം വൈകുന്നേരം മുതലാണു് ക്യാമ്പിലെ ഭക്ഷണം ഞങ്ങൾക്കു കിട്ടിത്തുടങ്ങിയതു്. അതു് പ്രതീക്ഷയ്ക്കു് വകനല്കി. ഗോതമ്പുചേർത്ത റൊട്ടിയും ഓട്ടു്മീൽ പോറിഡ്ജുമായിരുന്നു ഭക്ഷണം. പൊതുവെ എല്ലാവരും സംതൃപ്തരായി. തടിയൻ മാക്സു് അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു്പറഞ്ഞു: "ഒരു വിധത്തിൽ ഇവിടെ എത്തിച്ചേർന്നു. ഇക്കണക്കിനാണെങ്കിൽ തിരിച്ചുപോകുമെന്നു വിചാരിച്ചിട്ടു കാര്യമില്ല." ഒറക്കണ്ണൻ "കൈമണി" പ്രയോഗിച്ചു മരിച്ചവരെ സംസ്കരിക്കുന്ന ജോലിക്കാരുടെ കൂട്ടത്തിൽ ചേർന്നു; ഒരു ദിവസം അഞ്ചു മൃതദേഹങ്ങൾ അയാൾ പുറത്തെയ്ക്കു വലിച്ചുകൊണ്ടുപോകുന്നുണ്ടെന്നറിഞ്ഞപ്പോൾ ഞങ്ങൾ നിശ്ചലരായിപ്പോയി.

മരണത്തിന്റെ കൂത്തരംഗമായിരുന്നു ഈ സ്ഥലം. ജൂൺ മാസം അവസാനിക്കുന്നതിനുമുമ്പുതന്നെ ഞങ്ങളുടെ വാർഡിലുണ്ടായിരുന്ന ഇരുപത്തെട്ടുപേരിൽ ഇരുപതുപേരും ലോകത്തോടു യാത്രപറഞ്ഞു. പല മരണത്തിനും ഞാൻ ദൃക്സാക്ഷിയായിരുന്നു. ചിലരുടെ മരണസമയത്തെ വർത്തമാനം മാതൃകായോഗ്യമായിരുന്നു. തടിയൻ മാക്സിനു്, അയാൾ

പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഒരു രാത്രി കുറേനേരം അയാൾ പിച്ചും പേയും പറഞ്ഞു; അതിന്റെ ശേഷം "ആകാശങ്ങളിലിരിക്കുന്ന" ജപം മുഴുവൻ ചൊല്ലി. ഉടനെ പ്രാണനും വെടിഞ്ഞു. ഞങ്ങളുടെ ഉത്തമ സ്നേഹിതൻ, അലോയിസ് ബ്രോങ്കയിററിസ് മൂലമാണ് മരിച്ചതു്. അദ്ദേഹം ദീർഘനേരം മരണവേദന അനുഭവിച്ചു കിടന്നു. ഞങ്ങൾക്കോ രോഗത്തക്കും അദ്ദേഹം കൃതജ്ഞത പറഞ്ഞു.

പാരത്രിക കാര്യങ്ങൾ പറഞ്ഞു് ഞങ്ങൾ അലോയ്സിനെ ആശ്വസിപ്പിക്കുവാൻ കഴിവതു ശ്രമിച്ചെങ്കിലും അദ്ദേഹം നിരാശയിൽ ആണു് മരിച്ചതു്.

ജർത്രൂദിന്റെ സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരുന്നു. ഇവിടെ വന്നതിന്റെ പതിനാലാം ദിവസം മരിയ എന്നെ വിളിപ്പിച്ചു. ഒററക്കണ്ണനും കൂട്ടുകാരും എന്നെ കണ്ടപ്പോൾ കളിയാക്കി ചിരിച്ചു. എങ്കിലും ജർത്രൂദ് കിടന്നിരുന്നസ്ഥലം അയാൾ കാണിച്ചുതന്നു. ശ്വാസം വലിക്കുക അവൾക്കു പ്രയാസമായിരുന്നു. കവിളുകൾ ഒട്ടിയും കണ്ണുകൾ നിർജ്ജീവമായും കാണപ്പെട്ടു. എന്റെ ആഗമനം അവൾ അറിഞ്ഞു. അന്ത്യകൂദാശയ്ക്കാരം ഞാൻ ചോദിച്ച ചോദ്യങ്ങൾക്കു തലകുലുക്കി സമ്മതം പ്രകടിപ്പിക്കുക മാത്രമായിരുന്നു. അന്ത്യലേപനത്തിനു് ഞാനവളെ ഒരുക്കി. അവൾ വിക്കി വിക്കി പറഞ്ഞു: "ഈശോയെ ഞാൻ നിനക്കു വേണ്ടി ജീവിക്കുന്നു....." സംസാരിക്കാനുള്ള ശ്രമം അവളെ വിമ്മിട്ടപ്പെടുത്തി. മരണസമയത്തു കൊടുക്കുന്ന ആശീർവ്വാദം ഞാനവൾക്കു നല്കി.

ഇതുയുമായപ്പോൾ കമ്മിസാർ അവിടെ വരികയുണ്ടായി. ഒററക്കണ്ണൻ പോയി പറഞ്ഞു കാണണം. വോൾഗാജർമ്മനായ അദ്ദേഹത്തിന്റെ പേർ ലാക്കു്മാൻ എന്നാണു്. കമ്മിസാർജോലി അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. "സ്ത്രീകളുടെ വാർഡിൽ വരുവാൻ പാടില്ല" അദ്ദേഹം എന്നോടു് പറഞ്ഞു.

"ഞാനൊരു വൈദികനാണു്. മരിക്കുന്നവരെ സഹായിക്കുവാൻ എന്നെ അവർ വിളിപ്പിച്ചു."

അദ്ദേഹം ഗൗരവപൂർവ്വം പറഞ്ഞു: "നിങ്ങൾ ഉടനെ സ്ഥലം വിടണം." അദ്ദേഹത്തിന്റെ വർത്തനം കണ്ടപ്പോൾ എനിക്കു തോന്നി ആ മനുഷ്യനും എന്നെപ്പോലെതന്നെ അസ്വതന്ത്രനാണെന്നു്. ജർത്രൂദ് എന്നെ ബുദ്ധിമുട്ടിച്ചതിലുള്ള ഖേദം ആംഗ്യംമൂലം പ്രകടിപ്പിക്കുകയുണ്ടായി.

എന്റെ സ്ഥിതിയും മോശമായിക്കൊണ്ടിരുന്നു. മരണം എപ്പോഴാണു് എന്നെ പിടികൂടുവാൻ പോകുന്നതെന്നു നിശ്ചയിക്കാൻ പാടില്ല. ജൂൺമാസം നല്ല ചൂടുള്ള കാലമാണു്. തറ ഉണങ്ങി; ചതുപ്പുനിലങ്ങളിലെ വെള്ളം വററി. അതോടെ ഈച്ച, കൊതുകു്, മുതലായ ക്ഷുദ്രജീവികളും കണക്കില്ലാതെ വർദ്ധിച്ചു. തൊലിരോഗങ്ങൾ പടർന്നു പിടിച്ചു.

ചൂടും, വൃത്തിഹീനതയും പോഷകാംശമുള്ള ഭക്ഷണത്തിന്റെ അഭാവവും വരട്ടചൊറിയും കൂടിയായപ്പോൾ എല്ലാവരും മരണവക്ത്രത്തിലെത്തി. എന്റെ ദേഹം മുഴുവൻ ചൊറി പഴുത്തു പൊട്ടുവാൻ തുടങ്ങി. മുരടിച്ച വൃക്ഷത്തൊലിപോലെയായി എന്റെ ശരീരം.

കൊതുകിൽനിന്നു രക്ഷപ്പെടുവാൻ മൂടിപ്പുതച്ചു കിടക്കണം. അപ്പോൾ വിയർത്തൊലിക്കും. വിയർത്തുകഴിഞ്ഞാൽ ദേഹം മുഴുവൻ ചൊറിയുള്ളതിനാൽ സഹിക്കാൻ വയ്യാത്ത പുകച്ചിൽ അനുഭവപ്പെട്ടിരുന്നു.

ഞങ്ങളുടെ ബാരക്കിൽ മരിച്ചുവരുടെ സ്ഥാനത്തു് യുദ്ധതടവുകാരായ ചെറുപ്പക്കാർ സ്ഥലംപിടിച്ചു. അസഭ്യം പറയുകയാണു് അവരുടെ വിനോദം. ഒറാക്കണ്ണനും വാൾട്ടറും റോമനും ആ ചെറുപ്പക്കാരിൽ ഒരു വലിയ ഭാഗത്തെ തങ്ങളുടെ വശത്താക്കി. ഗോബെലിനേയും എന്നേയും കളിയാക്കുകയും അപമാനിക്കുകയും ചെയ്യുക അവർ തൊഴിലാക്കി. ആരെങ്കിലും ഞങ്ങളുടെ ഭാഗം വാദിച്ചുപോയാൽ അവക്കും കിടക്കപ്പൊറുതി കിട്ടുകയില്ല.

ജോലിചെയ്യുന്ന തടവുകാരുടെ മേൽനോട്ടം വഹിക്കുന്നതു് സഖാവു് കെയിൻ എന്നൊരാളാണു്. അയാൾ രോഗികളെ ഇടക്കിടക്കു് സന്ദർശിച്ചിരുന്നു. ഈ സന്ദർശനത്തിന്റെ ഉദ്ദേശം വല്ലതും ചെയ്യുവാൻ കഴിയുന്ന രോഗികളെക്കൊണ്ടു് ജോലി ചെയ്യിക്കുക ആണു്. ഗോബെലും ഞാനും ജോലി ചെയ്യുവാൻ അപ്രാപ്തരെന്നു വിധിക്കപ്പെട്ടിരുന്നിട്ടും സഖാവു് കെയിലിന്റെ കീഴിലായിരുന്നു ഞങ്ങൾ. കെയിലിന്റെ അസിസ്റ്റൻറു് ഹിറ്റ്ലറിന്റെ ഒരു ചെറിയ പതിപ്പായിരുന്നു. അയാൾ മഹാ കുടുപ്പക്കാരനായിരുന്നു. ഭിത്തിയിലെ പലക ജീർണ്ണിച്ചു് ദ്വാരം വീണിരുന്നു. അതടയ്ക്കുവാനുള്ള ജോലിയാണു് അവർ ഞങ്ങളെ ഏല്പിച്ചതു്. ചെറിയ പല കക്ഷണങ്ങളും കുറെ തുരുമ്പുപിടിച്ച ആണിയും ഒരു ചുറ്റികയുമാണു് പണിയായുധങ്ങൾ. കൈയ്യിലുള്ള വ്രണങ്ങൾ പൊട്ടി ഒലിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ദ്വാരങ്ങൾ ഒരുവിധത്തിൽ അടച്ചു. അപ്പോൾ അവർ വന്നു ഞങ്ങളെ ശപിച്ചുകൊണ്ടു് എല്ലാം വലിച്ചുപൊളിച്ചു താഴെ ഇട്ടു. ചെയ്തതു് ഭംഗിയായില്ലത്രെ.

ഞങ്ങളെ അപമാനിക്കാൻ വാൾട്ടറും കൂട്ടരും വേറൊരു മാർഗ്ഗം കണ്ടുപിടിച്ചു. മരിക്കുന്നവരെ സന്ദർശിക്കാൻ ഞങ്ങൾ ഉത്സാഹം പ്രദർശിപ്പിക്കുന്നതു് മരിക്കുന്നവരുടെ സാധനങ്ങൾ എടുക്കുവാനാണെന്നു് അവർ പറഞ്ഞുപരത്താൻ തുടങ്ങി. സ്ത്രീകളുടെ വാർഡിലേക്കു പോകുന്നതിനു് വേറൊരു വിശദീകരണം കൂടി അവർ കൊടുത്തു.

ക്യാമ്പുജീവിതത്തിൽ ലൈംഗിക വൈകൃതങ്ങൾ അത്രയധികം ഞാൻ കാണുകയുണ്ടായില്ല. കുറെ അനുരഞ്ജകോദ്യോഗസ്ഥന്മാർ എപ്പോഴും അസാന്മാർഗ്ഗികബിസിനസ്സിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. ഗാർഡുമാരും മറ്റു്

ഉദ്യോഗസ്ഥന്മാരും കൂറെ സ്ത്രീകളെ സ്വന്തമാക്കിവച്ചിരുന്നു. ടി സ്ത്രീകൾക്കു ഭക്ഷണവും നല്ല വസ്ത്രവും അവർ കൊടുത്തിരുന്നു. ഒറക്കണ്ണന്മാക്കും വാൾട്ടറന്മാക്കും അവക്കു് പറ്റിയ സ്ത്രീകളുണ്ടു്. ഈ സ്ത്രീകളുടെ പ്രതിഫലം മോഷ്ടിച്ച വസ്തുക്കളിൽ ഒരു ഭാഗമായിരുന്നു. പൊതുവെ പറഞ്ഞാൽ ക്യാമ്പുകളിൽ, ഇമ്മാതിരി കാര്യങ്ങളിൽ ഏർപ്പെടുവാൻവേണ്ടി ശക്തിയുള്ളവർ നന്നെ ചുരുക്കമാണു്. ലൈംഗികകാര്യങ്ങളിൽ ഏർപ്പെടുവാൻ ശക്തിശേഷിച്ചിട്ടില്ലാത്ത ചിലർ അസഭ്യസംസാരംകൊണ്ടു് തൃപ്തിപ്പെട്ടിരുന്നു. പാസ്റ്റർ ഗോബെലിനെയും എന്നെയും കാണുമ്പോൾ ഇമ്മാതിരി കാര്യങ്ങൾ പറയുന്നതിൽ എന്തോ പ്രത്യേകാനന്ദം അവർ അനുഭവിച്ചിരുന്നെന്നു തോന്നുന്നു.

"ഹോസ്പിറ്റൽ ക്യാമ്പിൽ" ഞങ്ങളുടെ അനുഭവം ഇതായിരുന്നു. അവരുടെ അപവാദപ്രവൃത്തിക്കു് നല്ല മാർക്കവരുമായിരുന്നു. മറ്റു ബാരക്കുകളിൽ വസിച്ചിരുന്നവർ അപ്പടി അതു വിശ്വസിച്ചു; ചിലർ ഞങ്ങളെ കാണുമ്പോൾ മാറിപ്പോകുവാൻ തുടങ്ങി. മരിക്കുന്നവരെ സഹായിക്കുവാനോ, വേറെ എന്തെങ്കിലും ആദ്ധ്യാത്മിക ശുശ്രൂഷ നടത്തുവാനോ, പാടില്ലാത്തവിധം ഞങ്ങളെക്കുറിച്ചുള്ള അപവാദം ക്യാമ്പു മുഴുവൻ പ്രചരിപ്പിച്ചു. ഞങ്ങൾ എല്ലാം മൗനമായി സഹിച്ചു. അവിടെ ജീവിച്ചുപോകുവാൻ ആവശ്യമുള്ളിടത്തോളം മാത്രം ഞങ്ങളെത്തന്നെ പരസ്യമായി ആചരിച്ചു ഞങ്ങൾ സംസാരിച്ചിരുന്നു.

എന്റെ കുടുംബാംഗങ്ങളെപ്പറ്റിയുള്ള ആകുലചിന്തയും എന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു. മരിച്ച ക്രിസ്റ്റാ ഫിറ്റ്സ്കോ എന്റെ സഹോദരി ആയിരിക്കയില്ലെന്ന അന്വേഷണത്തിൽനിന്നു മനസ്സിലായി. പക്ഷേ, ആ വിചാരം എന്റെ മനസ്സിൽനിന്നു ഒരിക്കലും വിട്ടുപോയിരുന്നില്ല. എന്റെ മാതാപിതാക്കന്മാരേയും ഇറംഗാർഡിനെയും കുറിച്ചു് അത്യുഷ്കരമായ ചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു.

ഒരു ചെറിയ സംഭവം എന്റെ മാനസികപീഡ വളരെ വർദ്ധിപ്പിക്കുകയുണ്ടായി.

എന്റെ അമ്മ തയിച്ച ഒരു തുവാല അലക്കി ഇട്ടിരിക്കുന്ന വസ്ത്രത്തിന്റെകൂടെ കാണുവാനിടയായി. ഇറംഗാർഡിന്റെ പേരിന്റെ ആദ്യക്ഷരങ്ങൾ അതിൽ തയിച്ചിട്ടുണ്ടു്, അമ്മയുടെ തയ്യൽപണിയായിരുന്നു അതെന്നതിനു യാതൊരു സംശയവുമില്ല.

അലക്കുകാരിയെക്കണ്ടു് ആ തുവാല എങ്ങനെ കിട്ടി എന്നന്വേഷിച്ചു. തൃപ്തികരമായ ഉത്തരം നല്കുവാൻ അവർക്കു കഴിഞ്ഞില്ല. അമ്മയെയും സഹോദരിമാരെയുംകുറിച്ചു് ഞാൻ അസ്വസ്ഥനായി. അമ്മ തയിച്ചുണ്ടാക്കിയ ആ തുവാല എങ്ങനെ അവിടെ വന്നുചേർന്നു എന്നു ഊഹിക്കുക വിഷമമായിരുന്നു. പലകുറ്റാത്തിൽ വന്നുകിടന്ന ആ തുവാലകൊണ്ടു മുഖംമറച്ചു് ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. ചിന്നി

ച്ചിതറി വസിക്കുന്ന കുടുംബാംഗങ്ങളേയും സ്നേഹിതന്മാരേയും ജപമാല സമയത്തു അനുസ്മരിച്ചിരുന്നു. ആ തുവാല അവരെക്കുറിച്ചുള്ള സ്മരണ എന്നിലുളവാക്കിക്കൊണ്ടിരുന്നു.

ജൂലൈ ഒന്നു് പന്ത്രണ്ടു കഴിഞ്ഞു വരുന്ന ആറാം ഞായറാഴ്ചയായിരുന്നു. ജീവിതത്തിന്റെയും സഹനത്തിന്റെയും ക്രിസ്തീയവീക്ഷണത്തിലുള്ള അത്ഥം ഒരിക്കൽകൂടി അന്നത്തെ കുഞ്ഞാന വിശ്വാസികളുടെ പരിചിന്തനത്തിനു വയ്ക്കുകയാണു്. റോമാക്കാർക്കുള്ള ലേഖനത്തിൽ അപ്പസ്തോലൻ എഴുതുന്നു: "ഈശോമിശിഹായിൽ ജ്ഞാനസ്നാനപ്പെട്ടത്തപ്പെട്ട നാം അവന്റെ മരണത്തിലാകുന്നു ജ്ഞാനസ്നാനപ്പെട്ടത്തപ്പെട്ടിരിക്കുന്നതെന്നു നിങ്ങൾ അറിയുന്നില്ലേ? ഈശോമിശിഹാ മരിച്ചവരിൽനിന്നു തന്റെ പിതാവിന്റെ മഹത്വത്തോടുകൂടി ഉയർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനു് നാം അവനോടുകൂടി ജ്ഞാനസ്നാനംമൂലം മരണത്തിനു സംസ്കരിക്കപ്പെട്ടിരിക്കുന്നു. അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ അവനോടൊത്തുചേർന്നു നാം സ്ഥാപിക്കപ്പെട്ട എങ്കിൽ അവന്റെ ഉയർപ്പിലും നാം അത്രപോലെ ആയിരിക്കും."

ഈ വാക്കുകളെക്കുറിച്ചു ഞാൻ ധ്യാനിച്ചുകൊണ്ടിരുന്നു. മിസ്സാളിലെ അടുത്ത പേജ് പന്ത്രണ്ടു കഴിഞ്ഞു് 14-ാം ഞായറാഴ്ചത്തെ സുവിശേഷഭാഗമാണെന്നറിഞ്ഞപ്പോൾ ഞാൻ അല്പം അന്ധാളിച്ചുപോയി. അടുത്ത ഒൻപതു് ഞായറാഴ്ചത്തേയ്ക്കുള്ള കുഞ്ഞാനഭാഗം ആരോ കീറിക്കൊണ്ടുപോയി.

സ്വയം നിയന്ത്രിച്ചുകൊണ്ടു് ബാരക്കിലുള്ള എല്ലാവരോടുമായി ഞാൻ പറഞ്ഞു: ആർക്കെങ്കിലും സിഗററ്റു് പൊതിയാൻ എന്റെ മിസ്സാളിന്റെ കടലാസ്സു് അത്യാവശ്യമെങ്കിൽ എന്നോടു ചോദിച്ചാൽ മതി. അത്യാവശ്യപ്പെട്ട പേജുകളൊഴിച്ചു് ബാക്കി മുഴുവൻ തരുവാൻ ഞാൻ തയ്യാറാണു്.

കീറിയ പുസ്തകത്തിൽ ഉത്കണ്ഠയോടെ ഞാൻ നോക്കി. കീറിയ പേജുകൾ കഴിഞ്ഞുള്ളഭാഗം ഇതായിരുന്നു: "ആദ്യമായി ദൈവരാജ്യവും അവന്റെ നീതിയുമന്വേഷിക്കുക. ഇവയെല്ലാംകൂടി നിങ്ങൾക്കു നല്കപ്പെടും." അതേ, മിസ്സാളും സഭ എനിക്കു തന്നു. ഒരു വലിയ പാഠം എന്നെ പഠിപ്പിക്കുവാൻ, ദൈവചിന്തനം മാത്രം അന്വേഷിച്ചു, അതിനു സ്വയം കീഴ്പ്പെടുവാൻ എന്നെ പഠിപ്പിക്കുവാൻവേണ്ടി അതു് എന്നിൽനിന്നു നീക്കപ്പെട്ടിരിക്കയാണു്.

മനം മടുപ്പിക്കുന്നതും വഷളായതുമായ അവിടത്തെ അന്തരീക്ഷത്തിൽ ഒരു വാർത്ത പരന്നു. അഞ്ചാംകോളം പതുക്കിപ്പുണിതു് അതൊരു മാതൃകാക്യാമ്പു് ആക്കുവാൻ പോകുന്നത്രെ. ഹെർ ഡോക്ടറിനു് അസിസ്റ്റൻറായി പ്രത്യേക പ്രാവീണ്യം സിദ്ധിച്ച ഒരാൾകൂടി നിയമിതനാകും.

എല്ലാം—ഭക്ഷണം, താമസസ്ഥലം, ചികിത്സാരീതി—എല്ലാം പരിഷ്കരിക്കുവാൻ പോകയാണത്രെ.

പ്രത്യേകപ്രാവീണ്യം സിദ്ധിച്ച ആൾ വരികതന്നെ ചെയ്തു. ആ ഒരേ ഒരു പരിഷ്കാരം മാത്രമാണുണ്ടായതു്; രോഗികളിൽ നടത്തിക്കൊണ്ടിരുന്ന ഗവേഷണത്തിൽ. പുതിയ ആൾ സ്ത്രീകളുടെ വാർഡിലേക്കാണു നിയമിതനായിരിക്കുന്നതു്. മരിയ മിച്ചം വച്ചുണ്ടാക്കിയ ധാന്യം കൊണ്ടു വന്നപ്പോൾ പുതിയ ഡോക്ടറിനെക്കുറിച്ചു നല്ല മതിപ്പോടെ പറഞ്ഞു: "അഭ്യസ്തവിദ്യനായ പോളണ്ടുകാരനായ ഡോക്ടർ രോഗികളുടെ കാര്യത്തിൽ നല്ല ശ്രദ്ധ ചെലുത്തുന്നുണ്ടു്. ചിലരെ കുത്തിവയ്ക്കുകയും, പുതിയ പലകച്ചാത്തിലേക്കു മാറുകയും ഉണ്ടായി."

പിറേ ദിവസം ഞാൻ ആളെക്കണ്ടു. വേനല്ക്കാലവസ്ത്രം ധരിച്ചു് നിവർന്നു നടന്നുപോകുന്ന പൊക്കം കൂടിയ ആ മനുഷ്യനെ ഞാൻ നോക്കിനിന്നു. സിഗറാറ് ഹോൾഡർ വലതുകൈയുടെ വിരലുകൾക്കിടയിൽ പിടിച്ചിട്ടുണ്ടു്. അതില്ലാതെ അയാളെ പിന്നീടൊരിക്കലും കണ്ടിട്ടില്ല. അതു് അദ്ദേഹത്തിന്റെ നല്ലകാലത്തെ അനുസ്മരിപ്പിക്കുന്ന ഒരു പ്രതീകമായിരുന്നു. സംസ്കാരസമ്പന്നനും ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളുമായ അദ്ദേഹത്തെ ഞങ്ങൾ പ്രൊഫസർ എന്നു വിളിച്ചു. ത്വക്രോഗത്തിൽ അഗാധമായ ഗവേഷണം നടത്തിക്കൊണ്ടിരുന്ന ആളായിരുന്നു പ്രൊഫസർ.

പ്രൊഫസറിന്റെ പ്രത്യേക ശ്രദ്ധയ്ക്കു ഞാൻ വിഷയമാകുന്നതിനു ഒറേക്കണ്ണൻ സഹായകമായി. തടവുപുള്ളികൾക്കു് ആവശ്യമായ വെള്ളം സംഭരിക്കുന്നതിന്റെ മേൽനോട്ടം ഒറേക്കണ്ണനെയാണു ഏല്പിച്ചിരിക്കുന്നതു്. കിട്ടിയ അധികാരം അങ്ങേയറ്റം തടവുകാരെ അടിച്ചേല്പിക്കുന്നതിൽ അയാൾ ഉത്സുകനായി കാണപ്പെട്ടു. ഓരോ തടവുകാരനും അനുവദിക്കപ്പെട്ടിരുന്ന വെള്ളം ലഭിക്കുന്നതിനു ഒറേക്കണ്ണന്റെ കാലു പിടിക്കേണ്ടിയിരുന്നു; അയാൾ ഞങ്ങൾക്കു് എന്തോ ഭാക്ഷിണ്യം അനുവദിക്കുകയാണു് എന്ന മട്ടിലായിരിക്കും ഒരു കൂടം വെള്ളം തരിക. എനിക്കു് ആവശ്യത്തിനു വെള്ളം കിട്ടിയിരുന്നില്ല. വ്രണം നിറഞ്ഞിരുന്ന എന്റെ ദേഹസ്ഥിതി അനുദിനം വഷളായിക്കൊണ്ടിരുന്നു. ദേഹത്തിന്റെ നിറം തന്നെ മാറിപ്പോയി. ഓരോ രോമകൂപത്തിലും ചലം കെട്ടിനിന്നിരുന്നു. ഈ അവസ്ഥയിൽ പ്രൊഫസറിന്റെ പക്കലേയ്ക്കു ചെല്ലുവാൻ കല്പന കിട്ടി. ഗോബ്ബെൽ എന്നെ അങ്ങോട്ടു കൊണ്ടുപോയി.

ചെറുതും വൃത്തിയുള്ളതുമായ ഒരു മുറിയാണു് അദ്ദേഹത്തിന്റെ ഓഫീസു്; ചില വൈദ്യോപകരണങ്ങൾ അലമാരിയിൽ വച്ചിരിക്കുന്നു. കായ്കനികളുടെയും സസ്യാദികളുടെയും പടങ്ങളുള്ള മൂന്നു വലിയ പോസ്റ്ററുകൾ ഭിത്തിയിൽ തൂക്കിയിട്ടുണ്ടു്. സിഗറാറ് ഹോൾഡർ കൈയിൽ

പിടിച്ചുകൊണ്ട് പ്രൊഫസർ അവിടെ ഇരിപ്പുണ്ട്. അദ്ദേഹം ജർമ്മനിൽ കുശലപ്രശ്നം ചെയ്തുകൊണ്ട് സൗഹാർദ്ദപൂർവ്വം ഞങ്ങളെ സ്വീകരിച്ചു.

പരിരോധനയ്ക്കുശേഷം അദ്ദേഹം പറഞ്ഞു: "പോഷകമൂല്യമില്ലാത്ത ഭക്ഷണം കഴിക്കുന്നതുകൊണ്ടുള്ള രോഗമാണിതു്. പ്രതിവിധി ഇതുമാത്രമാണു്, ധാരാളം കായ്കനികളും സസ്യങ്ങളും കഴിക്കുക."

എന്റെ മുഖത്തു നിഴലിച്ച ചോദ്യഭാവത്തിന്റെ അർത്ഥം അദ്ദേഹത്തിനു മനസ്സിലായി. ഞങ്ങൾക്കു് അല്പം പാലു തന്നിട്ടു് അദ്ദേഹം പറഞ്ഞു: "വേറൊന്നും തരാനില്ലാത്തതിനാൽ ഖേദമുണ്ടു്. എനിക്കു കിട്ടുന്ന റേഷനാണിതു്. പാലു് അല്പമേ ഉള്ളൂവെങ്കിലും ഹോമിയോപ്പതി ചികിത്സയുടെ ഫലം ചെയ്യും. ഏതായാലും ഭക്ഷണരീതി ഭേദപ്പെടുത്തുവാൻ എന്നാലാവതു ചെയ്യാം."

ഞാൻ അദ്ദേഹത്തിനു നന്ദിപറഞ്ഞു. അദ്ദേഹംതന്നെ ഒരു രോഗിയായിരുന്നു. രക്തമയം അശേഷമില്ലാതിരുന്ന മുഖത്തു നോക്കിക്കൊണ്ടു ഞാൻ പറഞ്ഞു: "ഡോക്ടർ വല്ലാതെ വിളറിയിരിക്കുന്നല്ലോ. അങ്ങയുടെ കായ്യം അങ്ങുതന്നെ നോക്കണം."

"ശരിയാണു്, ഞാൻ വലിയ ആരോഗ്യമുള്ള ആളല്ല. എന്നാൽ എനിക്കു വലിയ ജോലി ചെയ്യേണ്ടതായുണ്ടു്. അതു ചെയ്യുതീർക്കാമെന്നാണു എന്റെ പ്രതീക്ഷ" അദ്ദേഹം പറഞ്ഞു.

മേശപ്പുറത്തുകിടന്ന രണ്ടു വലിയ ആൽബം എടുത്തു ഞങ്ങളെ വിടർത്തിക്കാണിച്ചു. പെല്ലാഗ്ര (എന്നെ ബാധിച്ചിരിക്കുന്ന രോഗം)യുടെ ആരംഭം, വളർച്ച മുതലായവ കാണിക്കുന്ന ചിത്രങ്ങൾ പലതരം ചായത്തിൽ വരച്ചിരിക്കുന്നു. ടി സുഖക്കേടുമൂലം അംഗഭംഗം സംഭവിക്കുന്നതെങ്ങിനെയെന്നു് വിവരിക്കുന്ന ചിത്രങ്ങളും ഉണ്ടായിരുന്നു. സുഖക്കേടു ബാധിച്ചിട്ടുള്ളവരുടെ അവയവങ്ങൾ കാണിക്കുന്ന ചിത്രങ്ങളുണ്ടു്. ഇതേ സുഖക്കേടുമൂലം മരിച്ചവരുടെ ശരീരഭാഗങ്ങൾ കീറിമുറിച്ചു് രോഗവിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ചിത്രങ്ങൾ നിരവധിയുണ്ടു്. വളരെ വൈദഗ്ദ്ധ്യം സിദ്ധിച്ച ആരോ വരച്ചു് ചായമിട്ടതാണു് പ്രസ്തുത ചിത്രങ്ങൾ. ഭാഗങ്ങൾ അടയാളപ്പെടുത്തി കൊടുത്തിരുന്ന വിശദീകരണം നല്ല വടിവിൽ എഴുതിയിരിക്കുന്നു.

അദ്ദേഹത്തിന്റെ പഠനത്തെക്കുറിച്ചു് വളരെ നേരം സംസാരിച്ചു. പെല്ലാഗ്രായിൽ പ്രത്യേക ഗവേഷണം നടത്തി മനുഷ്യകുലത്തിനു് ഉപകാരപ്രദമായ വല്ലതും കണ്ടുപിടിക്കുകയാണു് അദ്ദേഹത്തിന്റെ ഉദ്ദേശം. ലെനിൻഗ്രാഡിലെ "ആർട്ടിസ്" അക്കാഡമിയിലാണു് അദ്ദേഹം പഠിച്ചതു്. പ്രസ്തുത അക്കാഡമി ഇപ്പോൾ മോസ്കോയിലെ പാത്തോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലാണു്. പ്രൊഫസർ ഗവേഷണത്തിനുവേണ്ടി ജർമ്മനും ഇംഗ്ലീഷും പഠിച്ചിരുന്നു. ടി രണ്ടു ഭാഷകളും ഇടകലർത്തിയാണു ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതു്. റഷ്യൻ, ഇംഗ്ലീഷ്, ജർമൻ തുടങ്ങിയ ഭാഷ

കളിൽ അനേകം പുസ്തകങ്ങൾ അദ്ദേഹം ഞങ്ങളെ കാണിക്കുകയുണ്ടായി. സോവ്യറ്റ് സ്റ്റേറ്റ് പബ്ലിഷിംഗ് കമ്പനി ഇലക്ട്രീകരണം കഴിച്ച് പ്രസിദ്ധീകരിച്ച അൻഡേഴ്സന്റെ രണ്ടു പുസ്തകങ്ങളുടെ ജർമ്മൻ വിവർത്തനം അക്കൂട്ടത്തിലുണ്ടായിരുന്നു.

ബുദ്ധികൂർമ്മയും സ്നേഹവുമുള്ള ആളാണ് അദ്ദേഹം. തന്റെ സ്നേഹമില്ലാതെ യാതൊന്നും തരുവാനില്ലാത്തതിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. രോഗസ്ഥിതിയെക്കുറിച്ചു ഞാൻ കൊടുത്ത വിവരണം എഴുതിയെടുക്കുവാൻ തുടങ്ങിയപ്പോൾ ഞങ്ങൾ മിണ്ടാതെ ഇരിപ്പായി. "നിങ്ങളെ ഇങ്ങനെ വെറുതെ നിറുത്തുന്നതിൽ പരിഭവിക്കരുതു്. പിന്നെ ഒരു കായ്യം. തടവുകാരുമായി സ്നേഹബന്ധത്തിലേപ്പെടരുതെന്നാണു നിയമം. പുറത്തുവച്ചു കാണുമ്പോൾ പരസ്പരം അറിയാത്ത ഭാവം കാണിക്കുന്നതായിരിക്കും നല്ലതു്."

അദ്ദേഹവുമായി പരിചയപ്പെട്ടതിൽ ഞങ്ങൾ സന്തോഷിച്ചതുപോലെ ഞങ്ങളുമായി പരിചയപ്പെട്ടതിൽ അദ്ദേഹവും സന്തോഷിച്ചു. തടവുജീവിതത്തിൽ പരസ്പരധാരണയോടും മാന്യമായും സംസാരിക്കുവാൻ സാധിച്ച അവസരമായിരുന്നു ഇതു്.

ഒറക്കണ്ണനു് ഉദ്യോഗക്കയറ്റം കിട്ടി. ഡോക്ടറന്മാരെ മൃതദേഹങ്ങൾ കീറിമുറിക്കുന്നതിൽ സഹായിക്കുക. അയാൾ ആഗ്രഹിച്ചിരുന്ന ജോലിയാണിതു്. ഇറച്ചി വെട്ടുന്ന ഒരു കത്തി, ഒരു വലിയ കത്രിക, ഒരാണി ഇത്രയുമാണു് അയാളുടെ ഉപകരണങ്ങൾ. ബാരക്കിൽനിന്നു് 'കട്ടറപിച്ചറ്' മോഷണത്തിന്റെ ആവശ്യമില്ലാതായിത്തീർന്നു അയാൾക്കു. ആ ബാധ അവിടെനിന്നു മാറിക്കിട്ടിയതിൽ തടവുകാർക്കും സന്തോഷമായി. വാർഡർ ഞങ്ങളെ പീഡിപ്പിച്ചുകൊണ്ടതന്നെയിരുന്നു. ചുരുങ്ങിയ ദിവസത്തേയ്ക്കു് വാർഡറിന്റെ ഉപദ്രവത്തിൽനിന്നു ഞങ്ങൾക്കു മോചനം സിദ്ധിക്കുകയുണ്ടായി.

ഒരു രാത്രി ഡോക്ടർ രണ്ടു മൂന്നു വാച്ചു വാർഡറിന്റെ പക്കൽ കൊടുത്തു നന്നാക്കിക്കൊടുക്കുവാൻ. കരിഞ്ചന്തയിൽ വാച്ചിനു നല്ല പ്രിയമായിരുന്നു. സോവ്യറ്റ് ഉദ്യോഗസ്ഥനു വാച്ചിനു ചാവി കൊടുക്കുവാൻ നിശ്ചയമില്ലാതിരുന്നതിനാൽ സ്പ്രിംഗ് പൊട്ടിച്ചു കളഞ്ഞിരുന്നു. വാർഡറിന്റെ നന്നാക്കൽമൂലം ചില വാച്ചുകൾ വീണ്ടും നടന്നുതുടങ്ങി. അതോടെ വാർഡറിനു പേരായി. മോസ്കോയിൽനിന്നു സന്ദർശനത്തിനെത്തിയ രാഷ്ട്രീയ കമ്മിസാർ വാർഡറിന്റെ വൈദഗ്ദ്ധ്യത്തിൽ അഭിനന്ദനം രേഖപ്പെടുത്തുകയുണ്ടായി.

ഇങ്ങനെ അല്പം പ്രസിദ്ധികിട്ടിയതോടെ രാഷ്ട്രീയജീവിതത്തിനുള്ള അഭിവാഞ്ച അയാളിൽ കണ്ടുതുടങ്ങി. ഒരുസായാഹ്നം അയാൾ എന്നെ രഹസ്യത്തിൽ വന്നു വിളിച്ചു. പ്രകൃതിക്കു അത്ഭുതമായി. വളരെ വിനീത സ്വരത്തിൽ ഒരു കാര്യത്തിൽ എന്റെ ഉപദേശം അയാൾക്കു കിട്ടിയാൽ

കൊള്ളാം എന്നു പറഞ്ഞു. അയാളുടെ ആത്മാർത്ഥതയിൽ എനിക്കു മുഴുവൻ വിശ്വാസം വന്നില്ല. കഴിയുന്ന സഹായം ഞാൻ വാഗ്ദാനം ചെയ്തു.

കാര്യമിതാണു്: രാഷ്ട്രീയ കമ്മിസാർ ലാക്കു്മാൻ പറഞ്ഞതുപ്രകാരം ട്രാനും പാർട്ടിക്കും ജർമ്മൻകാക്കുമിടയിൽ അനുരഞ്ജകോദ്യോഗസ്ഥനായിരിക്കുവാൻ (Liaison officer) പ്രാപ്തിയുണ്ടെന്നു്. ഇതിനൊരുക്കമായി, മാർക്സ്, എങ്കൽസ് പ്രഭൃതികളുടെ തത്വശാസ്ത്രവും കമ്മ്യൂണിസ്റ്റ് പ്രകടനപത്രികയും പഠിക്കുവാൻ ലാക്കു്മാൻ അയാളെ ആഹ്വാനം ചെയ്തിരിക്കുകയാണു്. ഇക്കാര്യത്തിൽ എന്റെ അഭിപ്രായം എന്താണു് എന്നു് അയാൾക്കറിയണം.

ഇതിൽ എന്തൊ ചതിയുണ്ടെന്നു എനിക്കുതോന്നി. ഗൗരവഭാവത്തിൽ ഞാൻ പറഞ്ഞു: "വാൾട്ടർ, നിങ്ങളുടെ മനസ്സാക്ഷി അനുശാസിക്കുന്നതുപോലെ ചെയ്യുകൊള്ളുക. "സാദ്ധ്യമല്ല" എന്ന ഉത്തരം കൊടുക്കുക, നിങ്ങളുടെ തൊലി സംരക്ഷിക്കണമെന്നുണ്ടെങ്കിൽ. പാർട്ടിക്കാര്യത്തിൽ നിങ്ങൾ തലയിട്ടാൽ നിങ്ങളുടെ പഴയ ചരിത്രം അവർ പരിശോധിക്കും. നിങ്ങൾ നാസി തടങ്കൽപ്പാളയത്തിലെ രഹസ്യപ്പോലീസ് സർജൻറായിരുന്നുവെന്നു് അവർ അറിയും. ദീർഘനാൾ പട്ടാളതടങ്കൽപ്പാളയത്തിൽ കിടന്നു് കമ്മ്യൂണിസ്റ്റ് ഓഫീസർ ആയതിന്റെ ഫലം അനുഭവിച്ചെന്നും വരാം. ഈ സഹായത്തിലേപ്പെടണമോ എന്നു നിങ്ങൾതന്നെ വിധിക്കുക."

അസംതൃപ്തഭാവത്തിൽ അയാൾ സ്ഥലം വിട്ടു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ധാരാളം ചെറുപുസ്തകങ്ങൾ തടവുകാരുടെ ഇടയിൽ അയാൾ വിതരണം ചെയ്യുവാൻ തുടങ്ങി. കാറിൻ (Katyn) കൂട്ടക്കൊലയുടെ ഉത്തരവാദിത്വം ജർമ്മൻകാരിൽ കെട്ടിവച്ചുകൊണ്ടുള്ളതാണു് ഒരെണ്ണം; വേറൊന്നു് ജർമ്മൻ ഓഫീസറന്മാരുടെ "കുറസമ്മതം"; മൂന്നാമതൊന്നു മഹത്തായ സോവ്യറ്റ് യൂണിയന്റെ ജനാധിപത്യനേട്ടങ്ങൾ വിവരിച്ചുകൊണ്ടുള്ള മൊളോട്ടോവിന്റെ പ്രസംഗം; നാലാമത്തേതു സ്റ്റലിൻ ചെമ്പടയെക്കുറിച്ചു പറഞ്ഞ പ്രസംഗമാണു്.

ഗോബെൽ എപ്പോഴും പ്രവർത്തനത്തിന്റെ മനുഷ്യനാണു്. കമ്മിസാറിന്റെ ആഗ്രഹം തടവുകാർ കമ്മ്യൂണിസ്റ്റ്പുസ്തകങ്ങൾ വായിക്കണമെന്നാണു്. ഗോബെൽ പറഞ്ഞു: "നമുക്കു ഈ ഇടനിലക്കാരനെ ഒഴിച്ചുനിറുത്താം. ലാക്കുമാനെ കണ്ടു സംസാരിച്ചുകൊള്ളാം." ലാക്കുമാനുമായുള്ള കൂടിക്കാഴ്ച ഒരു കാര്യം വ്യക്തമാക്കി: ഇവരുടെ അറിവു് എത്രമാത്രം പൊള്ളയാണെന്നു്. പാട്ടി പറയുന്നതു് തത്തയെപ്പോലെ ഉരുവിടുന്നതിനല്ലാതെ ഞങ്ങളുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാൻ അയാൾക്കു കഴിഞ്ഞില്ല. പ്രവദായുടെ ഒരു കോപ്പി തന്നതു ഞങ്ങൾ കായ്യമായി സ്വീകരിച്ചു. ടോൾസ്റ്റോയി, ഡൊസ്റ്റോവിസ്കി തുടങ്ങിയ റഷ്യൻ സാഹിത്യകാരന്മാരുടെ കുറേ പുസ്തകങ്ങൾ കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നു

ഞങ്ങൾ തിരക്കി. വളരെ ആലോചിച്ചശേഷം അലെക്സി ടോൾസ്റ്റോയി എന്ന സോവിയറ്റ് എഴുത്തുകാരന്റെ പുസ്തകമേ കിട്ടുവാൻ മാർഗ്ഗമുണ്ട്, ഡോസ്റ്റോവിസ്കി എന്നൊരു പേരുപോലും കേട്ടതായി ഓർമ്മയില്ല എന്നായാൾ മറുപടി പറഞ്ഞു.

എന്നോട്ട ആലോചന ചോദിച്ചുകഴിഞ്ഞതോടെ വാർഡറിന്റെ സ്നേഹഭാവമെല്ലാം അപ്രത്യക്ഷമായി. അയാളും കൂട്ടുകാരും അവർക്ക് കഴിയുന്നിടത്തോളം ഞങ്ങളെ അപമാനിക്കുവാനും ഉപദ്രവിക്കുവാനും തുടങ്ങി. ഞങ്ങളുടെ റേഷൻ അവർ മോഷ്ടിക്കുക പതിവാക്കി. വെള്ളം കോരുവാൻ ഞങ്ങളെ നിയോഗിച്ചിരുന്നു; ചൊറിമൂലം നീർകെട്ടി ചലം നിറഞ്ഞിരുന്ന കൈകൊണ്ട് പ്ലാസ്റ്റർ ഉണ്ടാക്കാൻ നിർബ്ബന്ധിച്ചിരുന്നു. വെള്ളം കൊണ്ടുവരുവാൻ പുറത്തുപോകുമ്പോൾ മറ്റു ബാരക്കു വാസികളുടെ പ്രേതങ്ങളുടെ സാധനങ്ങൾ മോഷ്ടിക്കുന്നവർ എന്നു വലിയ സ്വരത്തിൽ വിളിച്ചു് ആക്ഷേപിക്കുക പതിവാണു്. ഞങ്ങളുടെ സ്ഥിതി വലിയ കഷ്ടാവസ്ഥയിലായി. രോഗം മൂർച്ഛാവസ്ഥയിലെത്തിയ എട്ടുപേരുടെ കൂട്ടത്തിൽ ഹെർ ഡോക്ടർ ഞങ്ങളെ ഉൾപ്പെടുത്തി. ഇവർക്ക് അല്പം റേഷൻ കൂടുതൽ കിട്ടും. ഇതുകൊണ്ടും ഞങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടില്ല. ഡോക്ടർ പാസ്റ്ററിനെ "മിസ്റ്റർ ഗോബെൽ" എന്നു് അഭിസംബോധന ചെയ്തു. ഡോക്ടർ പോയതോടെ വാർഡർ പറഞ്ഞു: "മിസ്റ്റർ" എന്നതു് ഉന്നതകുലജാതന്മാരെ സൂചിപ്പിക്കുന്ന ഇംഗ്ലീഷ് പദമാണു്. "മിസ്റ്റന്മാരുടെയും പ്രഭുക്കന്മാരുടെയും (Dukes) കാലംകഴിഞ്ഞുപോയി" എന്നു് എല്ലാവരും കൂടി ആർത്തുവിളിച്ചു. ഈ സംഭവത്തിനുശേഷം ഞങ്ങളെ എല്ലാവിധത്തിലും വേർതിരിച്ചുകാണുമെന്നു അവർ തീരുമാനമെടുത്തതുപോലെ കാണപ്പെട്ടു.

ഞങ്ങൾ രണ്ടു പേർക്കും വലിയ ഏകാന്തത അനുഭവപ്പെട്ടു. ഗോബെൽ ബൈബിളെടുത്തു് കോറന്തോസുകാർക്കുള്ള രണ്ടാം ലേഖനം 6-ാംഅദ്ധ്യായം വായിക്കുവാൻ തുടങ്ങി. "ബഹുമാനത്താലും അവമാനത്താലും സ്തുതിയാലും നിന്ദയാലും ഞങ്ങൾ വഞ്ചകന്മാരെപ്പോലെ കരുതപ്പെടുന്നു. എങ്കിലും സത്യവാന്മാരാകുന്നു. അറിയപ്പെടാത്തവരെപ്പോലെ ഇരിക്കുന്നു, എങ്കിലും അറിയപ്പെട്ടവരാകുന്നു. മരിക്കുന്നവരെപ്പോലെ, എങ്കിലും ഇതാ! ജീവിച്ചിരിക്കുന്നു; ശിക്ഷിക്കപ്പെടുന്നവരെപ്പോലെ, എങ്കിലും മരിക്കാതിരിക്കുന്നു. ഞങ്ങൾ ദുഃഖമുള്ളവരെപ്പോലെ കാണപ്പെടുന്നു, എങ്കിലും എപ്പോഴും സന്തോഷിക്കുന്നു; ദരിദ്രരെപ്പോലെ, എങ്കിലും വളരെപ്പേരെ സമ്പന്നരാക്കുന്നു. ഒന്നും ഇല്ലാത്തവരെപ്പോലെ, എങ്കിലും എല്ലാം കൈയടക്കിയിരിക്കുന്നു....."

ഉത്സാഹമായ ഈ അന്തരീക്ഷത്തിൽനിന്നു രക്ഷപ്പെടുവാൻ ഞങ്ങൾ ബാരക്കിന്റെ പിൻഭാഗത്തു പോകും. അവിടെ ഇരുന്നു ബൈബിൾ,

മിസ്സാമും, പ്രൊഫസ്സർ തന്ന 'യക്ഷിക്കഥകളും' (Fairy Tales) എന്നീ പുസ്തകങ്ങളും മാറി മാറി വായിച്ചിരുന്നു. ചിലപ്പോഴൊക്കെ മരിയയും അവളുടെ കൂട്ടുകാരി സ്ലീറാറവും ഞങ്ങളെ സന്ദർശിക്കും. സ്ലീറാററിന്റെ ജോലി ബേക്കറിയിലാണു്. അവർ വായന കേൾക്കുവാൻ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. വേദപുസ്തക വാക്യങ്ങളുടെ വ്യാക്യാനവുംകൂടി കേട്ടാൽ മാത്രമെ അവർ തൃപ്തരാകയുള്ളൂ.

സ്ലീറാറവു് ഭക്തയും സുശീലയുമായ ഒരു സ്ത്രീരത്നമാണു്; ഭർത്താവും നാലുകുട്ടികളുമുണ്ടു്. അവരും ചിലപ്പോഴൊക്കെ എന്നെ പട്ടിണിയിൽ നിന്നു രക്ഷിച്ചിട്ടുണ്ടു്. ചില അവസരങ്ങളിൽ റേഷൻ കുറച്ചു കുറച്ചു് തടവുകാരെ പട്ടിണിക്കിട്ടിട്ടുണ്ടു്. ഇത്തരം സന്ദർഭങ്ങളിൽ അല്പം ഭക്ഷണ സാധനത്തിനു പകരം കൈവശമുള്ള എന്തും വച്ചുമാറാൻ തടവുകാർ തയ്യാറാണു്. എന്റെ കാലിലെ നീരു ഭേദമാകുമെന്നു വലിയ ശരണമില്ലാതിരുന്നതിനാൽ ഷൂസു് ഉമിനീരുകൊണ്ടു് പോളീഷുചെയ്തു് സ്ലീറാററിനെ ഏല്പിച്ചു. ബേക്കറി മേൽനോട്ടം വഹിച്ചിരുന്ന അതുളിനു് മുക്കാൽ പൗണ്ടു് കൊഴുപ്പിനു് അവർ അതു വിറ്റു.

ശൗബെല്ലും ഞാനും ഓരോ സ്പൂൺ കൊഴുപ്പു് ഓരോ ദിവസവും കഴിക്കും; ഞങ്ങളുടെ ഈ അമൂല്യനിധി ആരെങ്കിലും തട്ടിക്കൊണ്ടുപോകാതിരിക്കുവാൻ ഞങ്ങൾ മാറിമാറി കാവൽനിന്നിരുന്നു. ഇങ്ങനെ ഒരു മാസം അതു ഞങ്ങൾ ഉപയോഗിച്ചു.

ഭക്ഷണത്തിൽ വേറൊരു ചെറിയ വ്യത്യാസം വരുത്തിയതു പ്രൊഫസറാണു്. വിറ്റാമിനുള്ള ഒരു തരം കാട്ടുചെടി ക്യാമ്പിനു ചുറ്റുപുറവും വളരുന്നുണ്ടെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ദിവസവും ഇരുപത്തഞ്ചു് പൗണ്ടു് ചെടി തടവുകാക്കു് പാകപ്പെടുത്തി കൊടുക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചു. റോസച്ചെടിയുടെ ഇലയുടെ സാദൃശ്യമുണ്ടായിരുന്ന പ്രസ്തുത ചെടിയുടെ ഇലകൾക്കു്. അതിനാൽ അതിനു് "വില്ലോറോസു്" എന്നു പേരിട്ടു.

വില്ലോറോസു് ശേഖരിക്കലിനു് ഭക്ഷണത്തെക്കവിഞ്ഞ ഒരു പ്രാധാന്യം ഉണ്ടായിരുന്നു ഞങ്ങളെ സംബന്ധിച്ചിടത്തോളം. ടി ചെടി ശേഖരിക്കുന്നതിനു തടവുപുള്ളികളുടെ കൂടെ കൂട്ടുന്നതിനു പ്രൊഫസറിനു് അനുവാദമുണ്ടായിരുന്നു. നീരുകൊണ്ടു് നടക്കുവാൻ പ്രയാസമുണ്ടായിരുന്നു എങ്കിലും രണ്ടുവിധത്തിൽ ഞങ്ങൾക്കു് പ്രിയംകരമായ ഒരു ജോലിയായിരുന്നു അതു്. ബാരക്കിൽനിന്നു പുറത്തു കടക്കാം, പ്രൊഫസറിന്റെ സാന്നിദ്ധ്യവുമുണ്ടാകും. ഞങ്ങളുമായി സംഭാഷിക്കുന്നതു അദ്ദേഹത്തിനു താല്പര്യമുള്ള കാര്യമാണു്. അദ്ദേഹത്തിന്റെ ജെർമ്മനും ഇംഗ്ലീഷും നന്നാക്കുവാനുള്ള ഒരു മാർഗ്ഗമായിരുന്നു അതു്. പ്രൊഫസർ ചെടികളെ വീക്ഷിച്ചിരുന്നതു് സസ്യശാസ്ത്രജ്ഞന്റെ കണ്ണുകൊണ്ടാണു്. ഓരോ ചെടിയുടെയും പൂവും കായും അതിന്റെ പ്രത്യേകതകളും, ചെടിയുടെ റഷ്യൻ പേരും

ST. ANDREW'S MONASTERY

അദ്ദേഹം വിസ്തരിച്ചു പറഞ്ഞുതന്നിരുന്നു. ഒരു ചെടിയുടെ പേരു "അമ്മായി അമ്മ" എന്നായിരുന്നു. കാരണം ഇതാണു്: ടി ചെടിയുടെ ഇലകളുടെ മുകൾവശം മിനുസമുള്ളതും അടിവശം പരുപരുത്തതും റോമനിബിഡവുമായിരുന്നു.

ഈ സമയം ഞങ്ങൾ സാമാന്യലോകത്തിലാണു് ജീവിച്ചിരുന്നതു്; മനസ്സിനു് സ്വാതന്ത്ര്യവും പ്രവൃത്തികൾക്കു് ഉന്മേഷവും അനുഭവപ്പെട്ടിരുന്നു. റൈഫിൾ കൈയിൽ പിടിച്ചുകൊണ്ടു് ഒരു ഗാർഡു് ഞങ്ങളുടെ കൂടെയുണ്ടാകും. സംശയത്തിനിടകൊടുക്കാതിരിക്കുവാൻ, ഇടക്കിടക്കു് നിശ്ശബ്ദമായിരിക്കുക ആവശ്യമായിരുന്നു.

ഒരിക്കൽ ചെടിശേഖരിച്ചുശേഖരിച്ചു് ഞങ്ങൾ ഒരരുവിയുടെ തീരത്തെത്തി. അമ്മ ശരത്കാലത്തു് സൂപ്പുണ്ടാക്കുവാൻ ഉപയോഗിച്ചിരുന്ന ഒരുതരം ചെടി അവിടെ വളരുന്നുണ്ടായിരുന്നു. കൊതുകിന്റെ ആസ്ഥാനമായിരുന്ന പ്രസ്തുത സ്ഥലം. ഓരോ ഇല ശേഖരിക്കുമ്പോഴും കൊതുകിന്റെ ഓരോ കുത്തുകിട്ടിക്കൊണ്ടിരുന്നു. പ്രൊഫസർ തന്റെ കഥ പറയുവാനാരംഭിച്ചു. പൂച്ചികന്മാരായി പോളണ്ടിൽനിന്നു റഷ്യയിൽ കുടിയേറിപ്പാർത്തവരാണു് പ്രൊഫസറിന്റെ കുടുംബക്കാർ. പ്രവാസമനുഭവിക്കാൻ തുടങ്ങിയിട്ടു് ഒൻപതു് വഷ്ങ്ങളായി. തടങ്കൽപ്പാളയത്തിലേക്കു് അയക്കുവാനുണ്ടായ കാരണമെന്തെന്നു് അദ്ദേഹം വ്യക്തമാക്കുകയുണ്ടായില്ല. കുടുംബാംഗങ്ങളുമായി ഒന്നിച്ചു ചേരാൻ സാധിക്കുമെന്ന പ്രതീക്ഷ അദ്ദേഹത്തിനിപ്പോഴും ഉണ്ടു്. കുടുംബാംഗങ്ങൾ എല്ലാവരുംതന്നെ വല്ല തടങ്കൽപ്പാളയങ്ങളിലും ആയിരിക്കുവാൻ പാടില്ലായ്കയില്ല എന്നദ്ദേഹം പറഞ്ഞു. പഠനവിഷയത്തേയും ഗവേഷണത്തേയും ഇംഗ്ലണ്ടിൽ തനിക്കു് ഭാഗഭാക്കാകുവാൻ സാധിച്ച ഒരു മെഡിക്കൽ കോൺഗ്രസ്സിനെയുംകുറിച്ചു് സംസാരിച്ചുകൊണ്ടിരിക്കുന്നതാണു് പ്രൊഫസറിനു് കൂടുതൽ പ്രിയംകരം.

ഓന്നത്തെ ജോലി അവസാനിക്കാറായി. കുറെപ്പേരെ സ്വതന്ത്രരാക്കുവാൻ പോകുന്ന എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ എന്നദ്ദേഹത്തോടു് ഞാൻ ചോദിച്ചു. അദ്ദേഹത്തിനതിൽ വലിയ വിശ്വാസമില്ലായിരുന്നു. പ്രൊഫസർ തുടർന്നു: "ചർച്ചിൽ പാർലമെന്ററിൽ ചെയ്ത പ്രസ്താവനമൂലം റഷ്യയും മറ്റു് ഐക്യകക്ഷികളും തമ്മിലുള്ള വിടവു് വർദ്ധിച്ചിരിക്കുകയാണു്. സമാധാനം ഇതുവരെയും കൈവന്നിട്ടില്ല."

ബാരക്കിലേയ്ക്കു തിരിച്ചു പോകുന്ന അവസരത്തിൽ താഴ്ന്ന സ്വരത്തിൽ ശക്തിയായ ഒരു താക്കീതു് അദ്ദേഹം നല്കുകയുണ്ടായി: "ബാരക്കിൽ അളന്നുതൂക്കിമാത്രം സംസാരിക്കുക. കഴിയുന്നിടത്തോളം മിണ്ടാതിരിക്കുക. നിങ്ങളെ കെണിയിൽ വീഴിക്കുവാൻ തക്കം നോക്കിയിരിക്കുന്നവർ നിങ്ങൾക്കു ചുറ്റും ഉണ്ടു്."

ബാരക്കിലെ ജീവിതം കേവലം നിർജ്ജീവമായിരുന്നു. ഞാൻ ജീവിക്കുകയാണോ എന്നു സംശയിച്ചുപോയിട്ടുണ്ട്. ശാരീരിക പ്രവർത്തനം ഉണ്ടെന്നല്ലാതെ ഞാനെന്ന വ്യക്തി യാതൊന്നും പ്രവർത്തിക്കാത്ത ദിനങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാർത്ഥിക്കുവാൻപോലും എനിക്കു കഴിഞ്ഞിരുന്നില്ല. "ആകാശങ്ങളിലിരിക്കുന്ന" ജപം പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

ഗോബെലിന്റെ സ്ഥിതിയും ഒട്ടും മെച്ചമായിരുന്നില്ല. എന്നിരുന്നാലും ബൈബിളും മിസ്സാളും അദ്ദേഹം എന്നെ വായിച്ചു കേൾപ്പിച്ചിരുന്നു. ഈ വായനയും ഞങ്ങൾ തമ്മിലുള്ള ഹൃദയപൂർവ്വമായ സ്നേഹൈക്യവും ഇല്ലായിരുന്നെങ്കിൽ നിരാശമൂലം ഞങ്ങൾ മരിച്ചുപോയേനെ. ഏറ്റം അടുത്ത സ്നേഹബന്ധം ഉണ്ടായിരുന്നെങ്കിലും അതിനെ കരണ്ടു തിന്നുന്ന ഉറപ്പുഴ കയ്യേറിയ ആ ദിവസങ്ങളിൽത്തന്നെ പ്രത്യക്ഷപ്പെടാതിരുന്നില്ല.

ഗോബെലിനു സന്മനസ്സിന്റെയും വിശാലഹൃദയത്തിന്റെയും അഭാവം ഒട്ടുംതന്നെയില്ല. എങ്കിലും ദൃശ്യസഭയോട് ഞാൻ കാണിക്കുന്ന അഭിനിവേശത്തിന്റെ അർത്ഥം അദ്ദേഹത്തിനു മനസ്സിലാകുന്നില്ല. ക്രിസ്തുവിന്റെ പരി. കുമ്പാനയിലുള്ള യഥാർത്ഥ സാന്നിദ്ധ്യത്തിൽ ഞാൻ സർവോപരി സമാധാനം കണ്ടെത്തുന്നതും കുമ്പാനയിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനോടുകൂടി തടങ്കൽപ്പാളയത്തിൽപ്പോലും എന്നെ സ്വയം അർപ്പിക്കുന്നതും അദ്ദേഹത്തിനു ഗ്രഹിക്കാൻ കഴിയുന്നില്ല.

എന്റെ പൗരോഹിത്യ ദൈവവിളിയുടെ ആന്തരാർത്ഥത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്നിലുണ്ടാകുന്ന ആനന്ദവായ്പിൽ ഗോബെലിനെക്കൂടി പങ്കുകാരനാക്കുവാനുള്ള ശ്രമം ഒരിക്കലും വിജയിച്ചിട്ടില്ല. മിസ്സാളിൽ തിരുസ്സഭ ദൈവത്തിന്റെ സൗന്ദര്യം, നീതി മുതലായവ നിരത്തിവച്ചിട്ടുണ്ട്; ഞങ്ങൾ രണ്ടുപേരും കൃതജ്ഞതാപൂർവ്വമാണ് മിസ്സാൾ വായിക്കുക. എന്നാൽ അദ്ദേഹത്തിന്റെ നിശ്ശബ്ദത എന്നെ വേദനിപ്പിച്ചിരുന്നു. "ഫാർഡെ, ഇതു നിങ്ങൾ കാണുന്നില്ലേ? ഈ പെറ്റ്കോറാ ക്യാമ്പിന്റെ പലകച്ചാർത്തിൽ നാം ക്രിസ്തീയൈക്യത്തിൽ ബന്ധിതരാണ്. ഇതുപോലെ ക്രിസ്തുൻ ജനതമുഴുവൻ ഐക്യപ്പെട്ടിരിക്കേണ്ടതാണ്. "ഞങ്ങളുടെ ജീവിതം ക്രിസ്തുവിനോടുകൂടി ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്യുന്നു" എന്ന് വി. പൗലോസ് പറയുന്നതു ഇതേക്കുറിച്ചാണ്. ദൃശ്യഅടയാളങ്ങളുടെയും താങ്ങുവടികളുടെയും വല്ല ആവശ്യവും ഇവിടെ കാണുന്നുണ്ടോ? ഇവിടെ നമുക്കാവശ്യമുള്ളതു്, നമുക്കുവേശിച്ചിരിക്കുന്നതു്, നമ്മെ രക്ഷിക്കുന്നതു് വിശ്വാസം ഒന്നുമാത്രമാണ്; ദൈവവചനത്തിലുള്ള വിശ്വാസം: പ്രളയകാലാനുഭവങ്ങൾ, (The eschatologic existence)എന്നു ദൈവശാസ്ത്രജ്ഞന്മാർ വ്യവഹരിക്കുന്ന ജീവിതമാണ് നാം ഇവിടെ നയിച്ചുകൊണ്ടിരിക്കുക. ലോകാവസാനത്തിനു മുമ്പുണ്ടാകുമെന്നു

മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ പറയുന്ന ദുഃഖഭരിത ങ്ങളാണു നാം ഇപ്പോൾ അനുഭവിക്കുക.

അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസവും ഞങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലും എന്നെ ആകുലചിത്തനാക്കുക തന്നെ ചെയ്തു. മാനസികമായും ശാരീരികമായും ദുർബ്ബലനായിത്തീർന്നിരു ന്ന ഞാൻ ചിത്രത്തിന്റെ മറവശം കാണിച്ചുകൊടുക്കുവാൻ ശ്രമിച്ചു. ക്രൂരമായ മുദ്രപതിക്കപ്പെട്ട പൗരോഹിത്യത്തിനു് ഏതൊരു വെല്ലുവിളി യേയും വകവയ്ക്കാതെ ക്രിസ്തുവിനെ എവിടെയും അനുഗമിക്കുന്നതിനു് കട മയുണ്ടെന്നും, അവിടത്തെ, ദുഷ്പ്രമായ മൗതികശരീരത്തിൽ ക്രിസ്തുനാഥൻ എപ്പോഴും ജീവിക്കുന്നു എന്ന സത്യത്തിൽ ആനന്ദം കണ്ടെത്തുവാൻ അവ കാശമുണ്ടെന്നും ഞാൻ വിശദീകരിച്ചു.

നടക്കുവാൻ ശക്തി തോന്നുമ്പോഴൊക്കെ ഞാൻ പ്രൊഫസറിന്റെ പക്കൽപ്പോയി വരയ്ക്കുവാൻ സൗകര്യമായവിധത്തിൽ നിന്നുകൊടുക്കുമാ യിരുന്നു. അപ്പമോ മറ്റു വല്ല ഭക്ഷണസാധനമോ ഇതിനു പ്രതിഫല മായിത്തരാതെ പ്രൊഫസറിനു തൃപ്തിയാകയില്ല. പ്രസ്തുത പ്രതിഫലം തരുവാൻ സാധിക്കാത്തപ്പോൾ എന്റെ ഈ സേവനം അദ്ദേഹം സ്വീക രിച്ചിരുന്നില്ല.

ഒരു ദിവസം വൈകുന്നേരം ശോബെലിനെയും എന്നെയും പ്രൊഫ സർ വിളിപ്പിച്ചു. പരസ്പരസഹായത്തോടെ ഇഴഞ്ഞുവലിഞ്ഞു അവിടെ ചെന്നു. പെട്ടെന്നു എനിക്കു് ഒരു വിഷമം തോന്നി; മരിക്കുവാൻ പോ കയാണെന്നുതന്നെ തീർച്ചപ്പെടുത്തി. യഥാസമയം മാനസികോല്ലാസം ലഭിച്ചതിനാൽ ഒരു പുത്തൻ പ്രത്യാശ എന്നിൽ ഉയിർകൊണ്ടു.

വൃത്തിയായി വസ്ത്രധാരണംചെയ്ത നാല്പതുവയസ്സു തോന്നിക്കുന്ന ഒരു സ്ത്രീയുമായി പ്രൊഫസർ ഞങ്ങളെ പരിചയപ്പെടുത്തി. നേഴ്സിന്റെ രീതിയിലാണു് അവരുടെ വസ്ത്രം. രക്തം പരിശോധനയ്ക്കു് എടുക്കുന്നു നാലഞ്ചു പരീക്ഷണനാളി അവരുടെ ഡെസ്കിൽ അലക്ഷ്യമായി ഇട്ടിരി ക്കുന്നു. ഹോസ്പിറ്റൽ സന്ദർശനം പതിവായി നടത്തിയിട്ടുള്ള ഞങ്ങൾക്കു ഈ കാഴ്ച പുത്തരി ആയിരുന്നില്ല. പക്ഷേ ഇവിടെ ഇപ്രകാരം കണ്ടുമു ട്ടുക തീരെ അപ്രതീക്ഷിതമായിരുന്നു.

ചെറിയ റബർ റ്റ്യൂബിനോടു ഘടിപ്പിച്ച ഒരു സൂചി എന്റെ വിര ലിന്റെ അറ്റത്തുകുത്തി ഒന്നു രണ്ടുതുള്ളി രക്തം പരീക്ഷണനാളിയിലേക്കു വലിച്ചെടുത്തു. നല്ല പരിശീലനം സിദ്ധിച്ച ഒരു നേഴ്സിന്റെ കൈമ രുന്നോടുകൂടിയാണു് അവർ പ്രസ്തുത കൃത്യം നിവ്വഹിച്ചതു്. അവരുടെ വൈദഗ്ദ്ധ്യത്തെ ഞങ്ങൾ അഭിനന്ദിച്ചു. ഭീഷ്മനാളത്തെ പരിചയം തനിക്കുണ്ടെന്നു അവർ മറുപടിയായി പറഞ്ഞു.

ഫെർ ഡോക്ടർ അടുത്തുണ്ടായിരുന്നു. അദ്ദേഹം ഒരു കഷണം വാഴത്ത മീനും ഓട്ടമീലും കുറെ പഴങ്ങളും നേഴ്സിനായി കൊണ്ടുവന്നു. പരി

ശോധന കഴിഞ്ഞപ്പോൾ, ലഘുഭക്ഷണത്തിനു ഞങ്ങളെക്കൂടി അവർ ക്ഷ ണിച്ചു. ഇങ്ങനെയൊരു ക്ഷണമുണ്ടാകുമെന്നു ചിന്തിക്കുകകൂടി ഞങ്ങൾക്കു വിഷമമായിരുന്നു.

ശോബെലിനും എനിക്കും ഒരു നവോന്മേഷം അനുഭവപ്പെട്ടു. ഞ ങ്ങൾ നാലുപേരും ഉല്ലാസപൂർവ്വം സംഭാഷണത്തിലേർപ്പെട്ടു. നേഴ്സ് ഷ്രെ ഞ്ചിലാണു സംസാരിച്ചതു്, ഞങ്ങൾ ജർമ്മനിലും. എങ്കിലും ആശയവി നിമയത്തിനു ഒരു തടസ്സവുമില്ലായിരുന്നു.

അവരുടെ ഭർത്താവു് സോവ്യറ്റു ഗവർമ്മെണ്ടിന്റെ ഒരു നയതന്ത്ര പ്രതിനിധിയായിരുന്നു. അനേകവർഷം നയതന്ത്രപ്രതിനിധിയായി വി ദേശത്തു സേവനമനുഷ്ഠിച്ചതിനു് അദ്ദേഹത്തിനു സിദ്ധിച്ച പ്രതിഫലം സൈബീരിയായിലേക്കു നാടുകടത്തലായിരുന്നു. സോവ്യറ്റു ഭരണഘട നയുടെ കൃപ്രസിദ്ധമായ 58–ാംവകുപ്പു പ്രകാരം "ശുദ്ധീകരിക്ക"പ്പെട്ടവരുടെ അടുത്ത ബന്ധത്തിൽപ്പെട്ടവരെല്ലാം രാജ്യദ്രോഹപ്രവർത്തനത്തിൽ സഹായിച്ചവരാണു്. അപ്രകാരം അവർ തടങ്കൽപ്പാളയത്തിൽ നേഴ്സ് ജോലിക്കു് നിർബ്ബന്ധിതയായി. അവരുടെ ഭർത്താവിനെയും കുട്ടിയെയും വിട്ടുപിരിഞ്ഞിട്ടു് ഒൻപതു വർഷമായി.

അവരുടെ സാന്നിദ്ധ്യംതന്നെ ആനന്ദദായകമായിരുന്നു. ബുദ്ധിക്കു മ്മയും സ്നേഹവും തുളുമ്പുന്ന മുഖഭാവം, പിന്നിയിട്ടിരിക്കുന്ന തലമുടി, വൃത്തിയുള്ള വെള്ളുത്ത കൈത്തണ്ടുകൾ ഇവയെല്ലാംകൂടി അവരെ ആകർഷ കമാക്കുന്നു. ഞങ്ങൾ കണ്ടിട്ടുള്ള റഷ്യക്കാരിൽ നഖം വെട്ടി ഭംഗിയായി കൊണ്ടു നടന്നിരുന്നതു് അവർ മാത്രമാണു്. വൃത്തിയുടെ കാര്യത്തിൽ അതിമാത്രം ശ്രദ്ധചെലുത്തുന്ന പ്രൊഫസർപോലും കടിച്ചാണു് നഖം കളഞ്ഞിരുന്നതു്. നഖം കടിക്കുക റഷ്യക്കാരുടെ പ്രകൃതിയാണെന്നു തോന്നുന്നു.

"നിങ്ങൾ രണ്ടുപേരും ക്രിസ്ത്യാനികളാണെന്നു എനിക്കു മനസ്സിലായി" അവർ പറഞ്ഞു: "ഞാനും ക്രിസ്ത്യാനിയാണു്. ഞാൻ ഓർത്ത ഡോക്സ് സഭാംഗമാണു്."

ഭാവിയിൽ രൂപം പ്രാപിക്കുവാനിരിക്കുന്ന "ഏകമേനിക്കൽ പ്രസ്ഥാന" (Ecumenical Movement) ത്തിന്റെ നാന്ദിയെന്നോണം കത്തോലിക്കാ വൈദികനായ ഞാനും പ്രോട്ടസ്റ്റന്റു് മിനിസ്റ്ററായ ശോബെലും ഓർത്തഡോക്സ് സഭാംഗമായ നേഴ്സുംകൂടി വിജനമായ ആ ആർട്ടിൽ പ്രഭാതത്തിലിരുന്നു് സംഭാഷണമാരംഭിച്ചു.

"ക്രിസ്തീയ സമൂഹത്തിൽ പിളർപ്പുണ്ടാകാതിരുന്നെങ്കിൽ, നാം ഇപ്പ കാരമൊരവസ്ഥയിൽ എത്തിച്ചേരുമായിരുന്നില്ല" ശോബെൽ സംഭാഷണ മാരംഭിച്ചു. "നോക്കുക! നമ്മിൽ മൂന്നുപേരും ക്രിസ്ത്യാനികളാണു്, പക്ഷേ ഭിന്നമായ മൂന്നു സഭയിൽപ്പെട്ടവരാണു്. പ്രൊഫസറാണെങ്കിൽ ലോക

ത്തിന്റെ ഗതിവിഗതികൾക്ക് യാതൊരർത്ഥവും കാണാത്ത ഒരജ്ഞേയ വാദി" (agnostic).

"ക്രിസ്തീയ സഭയിലെ ഭിന്നിപ്പിനെക്കുറിച്ചു പരാതിപ്പെട്ടതുകൊണ്ട് പ്രയോജനമൊന്നും ഉണ്ടാകാൻ പോകുന്നില്ല" ഞാൻ പറഞ്ഞു. "ഭിന്നിപ്പു ണ്ടായതെന്തുകൊണ്ട്? സഭാംഗങ്ങളുടെ വിശ്വാസം ക്ഷയിച്ചതുകൊണ്ട്. നാമിപ്പോളനുഭവിക്കുന്ന ദുഃഖദുരിതങ്ങൾ നമ്മുടെ വിശ്വാസത്തെ തീക്ഷ്ണതയുള്ളതും ഉറപ്പുള്ളതും ആക്കുവാൻ ഉപകരണമാകത്തക്ക വിധത്തിൽ സഹിക്കുമെങ്കിൽ നാം ക്രിസ്തുവിൽ ഒന്നായിത്തീരും. ക്രിസ്തുവിലും ക്രിസ്തു മൂലമായും അല്ലാതെ നഷ്ടപ്പെട്ട ഐക്യം വീണ്ടെടുക്കുക സാദ്ധ്യമല്ല."

ക്രിസ്തീയ രാജ്യങ്ങളിൽ ഒരു പുതിയ ഉണർവുണ്ടാക്കിക്കൊണ്ടിരിക്കുന്ന "ഏകമേനിക്കൽ പ്രസ്ഥാന"ത്തിന്റെ ഉള്ളുറകളിലേക്ക് ഞങ്ങളുടെ സംഭാഷണം നീങ്ങി. ദൃശ്യമായ ക്രിസ്തീയൈക്യം നഷ്ടപ്പെട്ട പോയെങ്കിലും മിശിഹായുടെ മൗതികശരീരത്തിന്റെ ചരിത്രപരമായ ഐക്യം നഷ്ടപ്പെടുകയുണ്ടായിട്ടില്ലെന്നും ഒരിക്കലും നഷ്ടപ്പെടുക സാധ്യമല്ലെന്നുമുള്ള കത്തോലിക്കാ സിദ്ധാന്തം ഗോബെൽ സ്വീകരിക്കാൻ സന്നദ്ധനായില്ല.

ഞങ്ങൾ മൂന്നുപേരും ഒരുമിച്ചു പ്രാർത്ഥിച്ചു. നേഴ്സ് പോകുവാൻ ധൃതികൂട്ടി. അവർ പറഞ്ഞു: "ആരെങ്കിലും നമ്മെ ഇങ്ങനെ കണ്ടാൽ മൂന്നുപേരും കുഴപ്പത്തിലാകും." വാതുക്കൽ തിരിഞ്ഞുനിന്നു അവർ നേരിയസ്വരത്തിൽ വീണ്ടും "ഇക്കാര്യം പറയുന്നതിൽ എനിക്കു വലിയഖേദം ഉണ്ട്, നിങ്ങൾ രണ്ടുപേരും അധികനാൾ ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല.... പക്ഷേ ദൈവത്തിനസാദ്ധ്യമായി ഒന്നുമില്ലല്ലോ" എന്നു പറഞ്ഞു. അവർ പതിമൂന്നുദിവസം അവിടെ താമസിച്ചു. എങ്കിലും ഒരിക്കൽപ്പോലും തമ്മിൽ സംസാരിക്കാൻ അവസരം കിട്ടിയില്ല.

പ്രൊഫസറുമൊരുമിച്ച് തുറസ്സായ സ്ഥലത്തു ഞങ്ങൾ അവസാനമായി നടക്കുവാൻ പോയി. അന്നു ദൈവത്തിൽ താൻ വിശ്വസിക്കുന്നുവെന്നു പ്രൊഫസർ അവ്യക്തമായി പറയുകയുണ്ടായി. ഗോബെലിനും എനിക്കും നടക്കുവാൻ നന്നേ പ്രയാസമുണ്ടായിരുന്നു. നല്ല തെളിവുള്ള ദിവസമായിരുന്നതിനാൽ പ്രകൃതിസൗന്ദര്യം ആസ്വദിക്കാമെന്നു കരുതി പുറത്തിറങ്ങിയതാണ്. ചുറ്റും ധാരാളം കാട്ടു പൂക്കൾ വളരുന്നുണ്ട്. ഞങ്ങളെത്തന്നെ വിസ്മരിച്ച് പൂക്കൾ കണ്ടുകൊണ്ട് അവിടെ നിന്നു. കുറേ പൂക്കൾ ശേഖരിക്കണമെന്നു ആശതോന്നിയതിനാൽ കുനിഞ്ഞു പറിക്കുവാൻ തുടങ്ങി. കൊതുകുകൾ വന്നു വ്രണത്തിൽ കുത്തുമ്പോൾ ഉണ്ടാകുന്ന വേദന ഒരു വശത്ത്, നട്ടവിലെ വ്രണംമൂലം കുനിയുവാനുള്ള പ്രയാസം മറുവശത്ത്, ഇങ്ങനെ പ്രയാസപ്പെട്ടാണ് പൂശേഖരിച്ചുകൊണ്ടിരുന്നതു.

വൈകുന്നേരം പ്രൊഫസർ അല്പം ഉയർന്ന സ്ഥലത്തേയ്ക്കു ഞങ്ങളെ വിളിച്ചു. നിരപ്പാക്കി ഇട്ടിരിക്കുന്ന ഒരു സ്ഥലം അദ്ദേഹം ചൂണ്ടിക്കാ

ണിച്ചു. മൂന്നു നിര പുതിയ മൺകൂനകൾ അവിടെ കൂട്ടിയിട്ടുണ്ട്. കാട്ടു ചെടികൾ കൊണ്ടു നിർമ്മിച്ച കുരിശുകൾ മൺകൂനകളിൽ വച്ചിരിക്കുന്നു. അലോയിസ് മരിക്കുന്നതിനുമുൻപ് ഉണ്ടാക്കിവച്ചതാവാം അവയെന്നു ഞാൻ ഊഹിച്ചു. ഞാൻ കൈ ഉയർത്തി ആ ശവകുടീരങ്ങൾ ആശീർവ്വദിച്ചു. മൂപ്പതോളം മൺകൂനകളുണ്ടായിരുന്നു. ഒന്നിൽ ഉദ്ദേശം പത്തു പേരെയാണ് ഒരുമിച്ചു അടക്കം ചെയ്തിരുന്നതു്.

ഞാൻ ആശീർവ്വദിക്കുന്നതു് ജിജ്ഞാസാപൂർവ്വം വീക്ഷിച്ചുകൊണ്ടു് പ്രൊഫസർ അവിടെ നില്ക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "ക്യാമ്പിലേയ്ക്കു പോകേണ്ട സമയം ആയി." ഞാൻ പറഞ്ഞു: "ഈ വിജനപ്രദേശം പോലും പുനരുത്ഥാനദിനം സ്മരിക്കപ്പെട്ടും. ദൈവം ആരെയും മറക്കുകയില്ല."

അദ്ദേഹം തലയാട്ടിക്കൊണ്ടു പറഞ്ഞു: "എല്ലാം അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദൈവമുണ്ടെന്നു പറയുന്നതിനെ ചോദ്യം ചെയ്യാതിരിക്കാൻ എനിക്കു വയ്യാ."

നടന്നുകൊണ്ടു സംസാരിക്കാൻമാത്രം ശ്വാസം എനിക്കുണ്ടായിരുന്നില്ല. നല്ലവനായ പ്രൊഫസറിന്റെ ഏകാന്തത നീങ്ങുമല്ലോ എന്നു കരുതി ഞാൻ സർവ്വശക്തിയുമെടുത്തു പറഞ്ഞു.

"ദൈവത്തെ കൂടാതെ മനുഷ്യൻ എത്ര നിർഭാഗ്യനാണെന്നു നിങ്ങളുടെ ചുറ്റും നോക്കിയാൽ കാണാമല്ലോ. അവിടത്തെ കൂടാതെ അവൻ കേവലം ഇല്ലായ്മയല്ലേ? ഒരിക്കൽ നിങ്ങൾ തീച്ചൂളയായും ഇതു ശ്രദ്ധിക്കുകതന്നെ ചെയ്യും. ദൈവം ഉണ്ടെന്നും അവിടന്നു ആരെന്നും മനുഷ്യർ അറിയണമെന്നു ദൈവം ആഗ്രഹിക്കുന്നു. ഈ സത്യം നിങ്ങൾക്കു മനസ്സിലാകും, ഇന്നല്ലെങ്കിൽ നാളെ. മനുഷ്യന്റെ അസ്തിത്വത്തിനു് നിദാനം ദൈവമല്ലാതെ മറ്റാരാണു്? ഈ പ്രപഞ്ചത്തെ ഭരിച്ചു നടത്തിക്കൊണ്ടു പോകുന്നതാരാണു്? ഈ നിത്യസത്യങ്ങൾ സമ്മതിച്ചുകഴിഞ്ഞാൽ, ഭൗതിക വസ്തുക്കളുടെ അർത്ഥം എളുപ്പം ഗ്രഹിക്കാം; നിങ്ങൾക്കു് പ്രത്യാശയും വിശ്വാസവും ഉണ്ടാകും. ഈ സത്യം ഏറ്റു പറയുമ്പോൾ മാത്രമേ മനുഷ്യരുടെ ഇടയിൽ ഉപവിയും സാഹോദര്യവും ഉണ്ടാകൂ."

ഞാൻ പറഞ്ഞതു് അദ്ദേഹം ശ്രദ്ധാപൂർവ്വം ശ്രവിച്ചു. ഉത്തരമൊന്നും പറഞ്ഞില്ല. ഞാൻ വളരെ ക്ഷീണിതനായിത്തീർന്നിരുന്നു. മറ്റുള്ളവർ ബാരക്കിൽ ചെന്നെത്തി കുറേ കഴിഞ്ഞപ്പോൾ മാത്രമാണു് ഞാനവിടെ എത്തിയതു്. എന്നെ കാത്തു് ഗാർഡ് കുറേനേരം നില്ക്കേണ്ടിവന്നു.

ഓരോദിവസം കഴിയുന്തോറും ഞങ്ങളുടെ ബാരക്കു് കൂടുതൽ കൂടുതൽ ഉപയോഗശൂന്യമായിക്കൊണ്ടിരുന്നു. ആഗസ്റ്റിൽ എല്ലാവരേയും ജോലിക്കാരുടെ ബാരക്കിലേയ്ക്കു് മാറേണ്ടിവന്നു. സഖാവു് കെയിൽ ആണു് ടി ബാരക്കു മേധാവി. ഈ മാറ്റം ഞങ്ങളുടെ ഏകാന്തത നിശ്ശേഷം നശിപ്പിച്ചു. രണ്ടുപേർക്കായി ഉണ്ടാക്കിയിരുന്ന ഒരു പലകച്ചാർത്തിൽ

ശോബൈൽ, ഞാൻ, വാൾട്ടർ, സർജൻ എന്നിങ്ങനെ നാലുപേരുണ്ടായിരുന്നു. വാൾട്ടറിന്റെയും സർജന്റിന്റെയും നടുവിലായിട്ടായിരുന്നു എന്റെ സ്ഥാനം. ഏറ്റവും ഉയരംകൂടിയ ശോബൈലിനു് ഏറ്റവും പൊക്കം കുറഞ്ഞ വശമാണു് കിട്ടിയതു്. ഞങ്ങളെ ഏതുവിധവും പീഡിപ്പിച്ചുകൊണ്ടിരിക്കുക അവക്കൊരു രസമായിരുന്നു.

വാൾട്ടർ ആകെ അൻപതു് പുസ്തകം വായിച്ചിട്ടുണ്ടെന്നു വീമ്പിളക്കി. തന്റെ വിജ്ഞാനഭണ്ഡാരത്തിൽ നിന്നു ഞങ്ങളെ പഠിപ്പിക്കുക വാൾട്ടർ ഒരു തൊഴിലാക്കി. അസഭ്യത നിറഞ്ഞ പദ്യങ്ങളും നാടൻ പാട്ടുകളും വളച്ചൊടിച്ച ബൈബിൾ കഥകളും ഞങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കുകയാണു് സർജന്റിന്റെ വിനോദം. ജോതിഷം, മനഃശ്ശാസ്ത്രം തുടങ്ങിയവയെക്കുറിച്ചു് മതകാര്യങ്ങൾ എന്ന രൂപേണ ഞങ്ങളുമായി അവർ ചർച്ചചെയ്തിരുന്നു. ഒഴിഞ്ഞുമാറുവാനുള്ള ശ്രമം വിഫലമായപ്പോൾ ഞങ്ങൾ ഒരക്ഷരം മിണ്ടാതെ അവരുടെ ജല്പനങ്ങൾ കേട്ടിരിക്കുവാൻ തുടങ്ങി. കുറേകഴിഞ്ഞപ്പോൾ അവർ ഞങ്ങളെ ഭത്സിക്കുവാൻ ഒരുമ്പെട്ടു.

വാൾട്ടർ ഉഷ്ണചരണം ആരംഭിച്ചു. "നമ്മുടെകൂടെ താമസിക്കുന്ന ഈ വൃത്തികെട്ട പന്നികളെ നോക്കു. അതിലൊരുത്തനു് (എനിക്കു്) ഉഷ്ണപ്പുണ്ണാണു് (syphilis). അവനെ കൂട്ടത്തിൽ താമസിപ്പിച്ചാൽ എല്ലാവക്കും അതു പകരും."

വാൾട്ടറിനും എന്റെ രോഗം തന്നെയുണ്ടായിരുന്നു. ഒരു രാത്രിയിൽ വേദനകൊണ്ടു് ആശയറ്റു് അയാൾ സമാശ്വാസത്തിനു എന്റെ പക്കൽതന്നെ വരികയുണ്ടായി, എന്നോടു ക്രൂരമായി പെരുമാറിപ്പോയതു് ശരിയായില്ല എന്നയാൾ സമ്മതിച്ചു. ഞങ്ങൾ അയാളോടു് ഇത്രമാത്രം ആവശ്യപ്പെട്ടു. ഞങ്ങളെ തനിയെ വിട്ടേക്കുക; കൂട്ടികൂടിക്കു് പുകക്കുഴൽ കൊടുക്കുന്ന അയാളുടെ സമ്പ്രദായം നിറുത്തുക. പുകക്കുഴൽ കൈമാറുന്നതുമൂലം രോഗം പകരുമെന്നു് അയാൾക്കറിയാമായിരുന്നു. രണ്ടു നിർദ്ദേശങ്ങളും അയാൾ സ്വീകരിച്ചു; ഹസ്തദാനം ചെയ്തു് പിരിഞ്ഞു.

ഞങ്ങളുടെ സ്നേഹം ഒരു ദിവസം നീണ്ടുനിന്നു. നിയമപരമായ ഒരു കുഴപ്പത്തെ തുടർന്നു ആ സ്നേഹബന്ധം ശിഥിലമായി. ക്യാമ്പുജീവിതത്തിലെ ഏറ്റവംവലിയ കുഴപ്പമായിരുന്നു അതു്. നിയമപരമായി തെറ്റില്ലാത്ത എന്തും ചെയ്തു ജീവിക്കണമെന്നതന്നെ ഞങ്ങൾ തീരുമാനിച്ചിരുന്നു. ഒന്നര പൗണ്ടു് ധാന്യത്തിനു് ഞാൻ ഒരു ഷട്ടു് വിറ്റു. സ്ലീറാറായിരുന്ന ടി ഇടപാടിന്റെ മദ്ധ്യവർത്തി. കുശിനിയിലെ ഒരു ബാലിക ധാന്യം പാകം ചെയ്തുതന്നു.

ഷട്ടു് കച്ചവടം റിപ്പോർട്ടു് ചെയ്യപ്പെട്ട എന്നതിന്റെ സൂചന കമ്മിസാർ ലാക്കു്മാൻ തടങ്കൽപ്പുള്ളികളുടെ ഹാജരെടുപ്പു സമയത്തു്

നല്കി. ഗംഭീരമായ ഒരു പ്രഖ്യാപനമായിരുന്നു അതു്. "ക്യാമ്പിൽ മോഷണവസ്തുക്കൾ പരസ്പരം വച്ചുമാറുന്നുണ്ടെന്നു് അറിവായിരിക്കുന്നു. അവരെ മാതൃകാപരമായി ശിക്ഷിക്കുന്നതാണു്."

ആരും ഈ പ്രഖ്യാപനം കാര്യമായി എടുത്തില്ല. തടവുപുള്ളികൾ പ്രഖ്യാപനത്തിന്റെ ഗാംഭീര്യം കണ്ടു് കളിയാക്കി ചിരിക്കുകയാണുണ്ടായതു്. കട്ടിടത്തുനിന്നു് കട്ടു് ഭക്ഷണപദാർത്ഥങ്ങൾക്കുവേണ്ടി സാധനങ്ങൾ തടവുകാർ എപ്പോഴും കൈമാറിക്കൊണ്ടിരിക്കുന്നതു്. ഇങ്ങനെയുള്ള കൈമാറ്റങ്ങൾക്കു് തുമ്പും വാലും പിടികിട്ടുകയില്ലതന്നെ. കമ്മിസാർ ഉച്ചക്കിറുക്കു പറയുകയാണെന്നേ തടവുകാർ കരുതിയുള്ളൂ.

വൈകുന്നേരമായപ്പോൾ കാര്യം ഗൗരവതരമാണെന്നു് ഞങ്ങൾക്കു മനസ്സിലായി. ഗോബെൽ എന്നെ ബൈബിൾ വായിച്ചു കേൾപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. സ്ലീറാറ് കരഞ്ഞുകൊണ്ടു് ഓടിവന്നു; ഭയം നിമിത്തം അവൾ വിറക്കുന്നുണ്ടായിരുന്നു. "നമ്മുടെ കഥ കഴിഞ്ഞതുതന്നെ." അവൾ പറഞ്ഞു "ഇന്നലെ ആകാശത്തിൽ ഒരു വലിയ കറുത്ത പന്നിയുടെ രൂപം ഞാൻ കാണുകയുണ്ടായി; അത്ഭുതകരമായി എന്തോ സംഭവിക്കുവാൻ പോകുന്നു എന്നതിന്റെ സൂചനയാണതു്. അവർ കൃഷിനിയിൽ കടന്നുവന്നു് ധാന്യം എടുത്തുകൊണ്ടുപോയിട്ടുണ്ടു്. ഞങ്ങളെ വിസ്തരിക്കാൻ പോകയാണു്. അയ്യോ എനിക്കെന്തു സംഭവിയ്ക്കുമെന്നു അറിഞ്ഞുകൂടാ."

ഞങ്ങൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു; ആകാശത്തിൽ കറുത്ത പന്നിയുടെ രൂപം എന്നൊക്കെ പറയുന്നതു് കേവലം അന്ധവിശ്വാസമാണെന്നു അവളെ ഗ്രഹിപ്പിച്ചു. ബാരക്കിൽ തിരിച്ചുചെന്ന ഞങ്ങൾ കണ്ടതു് വാൾട്ടറിന്റെ ഉഗ്രമായ നോട്ടമാണു്. സംഗതികൾ വിചാരിച്ചതിൽ കൂടുതൽ വഷളായിരിക്കുന്നു എന്നു ഞങ്ങൾ ഗ്രഹിച്ചു. വാൾട്ടർ വിജയപൂർവ്വം മന്ദഹസിക്കുകയാണു്. അയാൾ തടവുകാരെയെല്ലാം വിളിച്ചുകൂട്ടി ഇപ്രകാരം പറഞ്ഞു: "പൂച്ചപുണ്യാളന്മാർ രണ്ടുപേരും ക്രിമിനൽപുള്ളികളായിരിക്കുകയാണു്. ഹെർ ഫിറ്റ്ക്കോവും ഹെർ ഗോബെലും ഗാർഡിന്റെ ഓഫീസിൽ ചെല്ലുവാൻ ഉത്തരവായിരിക്കുന്നു."

ആളുകളെ ഭയാകുലരാക്കിത്തീർക്കുകയെന്നതു് ഗെസ്റ്റപ്പോ—എം. വി. ഡി * എന്നിവയുടെ അടിസ്ഥാനതത്വങ്ങളിൽ ഒന്നാണു്. പാതിരാത്രിവരെ ഭയാകുലരാക്കി വച്ചുകൊണ്ടിരുന്നതിനുശേഷം ഗാർഡിന്റെ രഹസ്യമുറിയിലേക്കു ഞങ്ങളെ കൊണ്ടുപോയി. തടിയനായ പ്രധാന ഗാർഡ് അവിടെ ഇരിപ്പുണ്ടു്. അയാൾ എന്തോഫാരം പൂരിപ്പിച്ചുകൊണ്ടിരിക്കുകയാണു്. വളരെ സൗമ്യമായി ഞങ്ങളോടു് ഇരിക്കുവാൻ പറഞ്ഞു.

---

* ഗെസ്റ്റപ്പോ—ജർമ്മൻ രഹസ്യപോലീസ്
എം. വി. ഡി.—റഷ്യൻ രഹസ്യപോലീസ്.

സഖാവ് കെയിലാണ് ഞങ്ങളെ വിസ്തരിച്ചത്. അയാൾ ആദ്യം മുതൽക്കേ ഞങ്ങൾക്കെതിരാണ്.

"നിങ്ങൾ ധാന്യത്തിനുപകരം ഒരു ഷർട്ട് കൈമാറാം ചെയ്തില്ലേ?" അയാൾ അലറി.

"ഉവ്വ്"

"അതു് നിയമവിരുദ്ധമെന്നു് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങളുടെ ശിക്ഷ മൂന്നുവർഷംകൂടി ദീർഘിപ്പിക്കുമെന്നു് അറിയാൻ പാടില്ലേ?"

ഇതുവരെയും ശിക്ഷാവിധിയൊന്നും ഉണ്ടായിട്ടില്ല. ഞാൻ എന്തു പറയണമെന്നു സംശയിച്ചു. അയാൾ ചോദ്യം തുടർന്നു.

"നിയമവിരുദ്ധമെന്നു് അറിഞ്ഞുകൊണ്ടു് ഇപ്രകാരം പ്രവർത്തിച്ചതിന്റെ ഉദ്ദേശ്യം?"

"ഓട്ടമീൽ കുറുക്കു് എന്റെ സുഖക്കേടിനു നല്ലതാണെന്നു് ഡോക്ടർ വിധിച്ചു. സോവ്യറ്റു് ഗവണ്മെന്റു് പറയുന്നു, സുഖക്കേടു് ഭേദമാക്കുവാനാണു് ഹോസ്പിറ്റൽ ക്യാമ്പിലേക്കു് ഞങ്ങളെ അയച്ചിരിക്കുന്നതെന്നു്. ഷർട്ടു് കൊടുത്തു കുറെ ഓട്ടമീൽ വാങ്ങി കഴിച്ചാൽ എന്റെ സുഖക്കേടു് കുറയുമെന്നും അങ്ങനെ ഗവണ്മെന്റിന്റെ ഉദ്ദേശം സാധിതപ്രായമാകുമെന്നും ഞാൻ കരുതി."

സ. കെയിലിനു് തൃപ്തിയായില്ല. "നിയമവിരുദ്ധമാണെന്നു് നിങ്ങൾക്കറിയാമായിരുന്നു."

"ഗവണ്മെന്റു് വസ്തുക്കളും മോഷ്ടിച്ച സാധനങ്ങളും കൈമാറാം ചെയ്യുന്നതു് നിയമവിരുദ്ധമെന്നു് എനിക്കറിയാം. ഞാൻ കൈമാറിയതു് വീട്ടിൽനിന്നു കൊണ്ടുവന്ന ഒരു ഷർട്ടാണു്."

"നിങ്ങൾ പറയുന്നതു് ശരിയല്ല."

"പറയുന്നതു് സത്യമെന്നു് തെളിയിക്കുവാൻ എനിക്കു സാധിക്കും. ഇടതുവശത്തെ പോക്കറ്റിൽ അമ്മ തയിച്ചുപിടിപ്പിച്ചിരിക്കുന്ന മോണഗ്രാം ഉണ്ടു്."

പ്രധാന ഗാർഡു് ചോദിച്ചു: "മോണഗ്രാം എന്തെന്നു വിശദീകരിക്കാമോ? ചാർജ്ജുഷീറ്റിൽ മോണോഗ്രാം വരപ്പിച്ചു.

സഖാവു് കെയിൽ ഞങ്ങളെ വിട്ടയച്ചില്ല.

"വാസ്തവം ഞങ്ങൾ ഗ്രഹിച്ചുകഴിഞ്ഞു്, ഹെർ ഫിറ്റ്സ്ക്കോവു്. നിങ്ങൾ രണ്ടുപേരും ജർമ്മൻ രഹസ്യപ്പോലീസു് വകുപ്പിൽപ്പെട്ടവരാണു്! ഒരാളെ ഇപ്പോൾ പിടികിട്ടി. നിങ്ങളെ ഒട്ടുണ്ണപരിഹാരതടങ്കൽപ്പാളയത്തിലേക്കു വിടുവാൻ പോകയാണു്."

പ്രധാന ഗാർഡു് ശ്രദ്ധാപൂർവ്വം കേൾക്കുന്നുണ്ടായിരുന്നു. കെയിലിന്റെ പ്രസ്തുത പ്രസ്താവന ഉടൻതന്നെ ചോദ്യം ചെയ്യേണ്ടതാണെന്നു എനിക്കു തോന്നി. "ക്യാമ്പിലുള്ള എല്ലാവർക്കുമറിയാം ഞങ്ങൾ പുരോഹിതന്മാരാണെന്നു്. സഖാവു് കെയിലിനുമറിയാവുന്ന കാര്യമാണിതു്.

കഴിഞ്ഞ പ്രാവശ്യം ബാരക്കു പരിശോധിച്ചപ്പോൾ നിങ്ങൾ എന്റെ മിസ്സാൾ എടുത്തുകൊണ്ടുപോയി. നിങ്ങളുടെ പാർപ്പവത്തികളിലൊരുത്തൻ അൾത്താരശുശ്രൂഷകന്റെ ഭാഗം അഭിനയിച്ചുകൊണ്ട് എന്റെ കൂടെ നില്ക്കുകയുണ്ടായി.»

വിസ്താരം കഴിഞ്ഞു. വിധിവാചകം ഞങ്ങളെ പിന്നീടു് അറിയിക്കാമെന്നു പറഞ്ഞു. പ്രധാന ഗാർഡ് ഞങ്ങളോടു് ആദ്യന്തം സ്നേഹപൂർവ്വമാണു് പെരുമാറിയതു്. ആവശ്യമുള്ളപ്പോൾ സാധനങ്ങൾ വച്ചു മാറാത്തവരായി ഒരുത്തൻപോലും അവിടെ ഇല്ല എന്നു് ഏവർക്കും അറിവുള്ള കാര്യമാണു്. ഞങ്ങളുടെമേൽ കൽപനയായ ശിക്ഷണനടപടി എടുക്കുകയില്ലെന്നാണു് തോന്നുന്നതു്. എന്തോ പ്രത്യേക കാരണത്താലാണു് ഈ വിസ്താരം നടന്നതെന്നു് സ്പഷ്ടമായിരുന്നു.

ഞങ്ങളെ തനിച്ചു് ഏതെങ്കിലും മുറിയിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. വാൾട്ടറും കൂട്ടരും പരിഹസിച്ചുകൊണ്ടാണു് ഞങ്ങളെ സ്വീകരിച്ചതു്. ഗോബെലിനു് വേദനാപൂർണ്ണമായ ഒരു രാത്രിയായിരുന്നു അതു്; സുഖക്കേടു് വളരെ വർദ്ധിച്ചു. പ്രഭാതമായപ്പോൾ അദ്ദേഹത്തിനു് നല്ല പനിയും ഉണ്ടായിരുന്നു. രോഗമുറിയിലേക്കു് അദ്ദേഹത്തെ മാറ്റുവാൻ ഞാൻ കഴിവതു് പരിശ്രമിച്ചു; ഫലമുണ്ടായില്ല. ഏഴാംകോളത്തിൽ ഒറാക്കണ്ണന്റെ അസിസ്റ്റന്റ് ആയിരുന്ന ക്ലനൻ ഹാൻസ് ആണു് രോഗശാലാമേധാവി. അയാൾ ഗോബെലിന്റെ പനി അളന്നു നോക്കിയിട്ടു് പറഞ്ഞു: "സാരമില്ല. പനി 103–ൽ അല്പം കൂടുതലുണ്ടു്."

അടുത്ത മൂന്നുനാലു ദിവസം അദ്ദേഹം വളരെ വേദന അനുഭവിച്ചു. ഇടക്കിടെ പിച്ചും പേയും പറയുകയുണ്ടായി. അഞ്ചാം ദിവസം ഒരു ഡോക്ടർ അദ്ദേഹത്തിനു് ഒരു ദിവസത്തേക്കു് പ്രത്യേക റേഷനും അല്പം പാലും കൊടുക്കുവാൻ ഇടപാടു ചെയ്തു. അതു് ഗോബലിനു് വളരെ ഗുണം ചെയ്തു. അദ്ദേഹത്തിനു് കഴിക്കുവാൻ പ്രയാസമുണ്ടായിരുന്ന സാധനങ്ങൾ മറവുള്ളവർക്കു് വിതരണം ചെയ്തു.

മോഷ്ടിച്ചുകൊണ്ടുപോയ കോട്ടു് നിബ്ലസ്ഡപൂവ്വം തിരിയെ വാങ്ങിയ ഓസ്ട്രോവിസ്കിയാണു് ഗോബെലിന്റെ തൊട്ടടുത്തു് കിടന്നിരുന്നതു്. തൊട്ടതിനും പിടിച്ചതിനും കോപിച്ചിരുന്ന അയാൾ ഇപ്പോൾ വളരെ ശാന്തശീലനായിത്തീർന്നിരുന്നു. മിച്ചം ഉണ്ടായിരുന്ന സൂപ്പു് അയാൾക്കാണു് കൊടുത്തിരുന്നതു്. അയാൾ അതിനു പകരമായി കീറിയ എന്റെ സോക്സു് തുന്നിത്തന്നു. എന്റെ കൈകൊണ്ടു് തുന്നുവാൻ നിവൃത്തിയുണ്ടായിരുന്നില്ല.

ഇതിനേക്കാൾ കൂടുതൽ പ്രയോജനകരമായ ഒരുപകാരം ചെയ്തുതരുവാൻ അയാൾക്കു് കഴിഞ്ഞു.

അയാളുടെ കൈവശം ഒരു പുസ്തകം ഉണ്ടായിരുന്നു. "അതെന്താണു്?" ഞാൻ ചോദിച്ചു.

"ഏതാണ്ടൊരു പ്രാർത്ഥനപുസ്തകമാണ്. എനിക്ക് എല്ലാമൊന്നും മനസ്സിലാകുന്നില്ല. വേദപുസ്തകഭാഗങ്ങൾ ചിലയിടങ്ങളിൽ കാണുന്നുണ്ട്."

പുസ്തകം കണ്ടപ്പോൾ ഞാൻ അത്ഭുതസ്തബ്ധനായിപ്പോയി. മിസ്സാളിന്റെ ഒരു ഭാഗമായിരുന്നു അത്. എന്റെ കൈവശമുണ്ടായിരുന്നതിൽ നിന്ന് വ്യത്യാസപ്പെട്ട ഒരു പതിപ്പ്. എന്റെ പുസ്തകത്തിൽ നിന്നു നഷ്ടപ്പെട്ടുപോയ ഭാഗങ്ങളും സ്വല്പം കൂടുതലും ഇതിൽ അടങ്ങിയിരുന്നു.

ഞാൻ സന്തോഷത്തോടെ ഗോബെലിനോട് ഇക്കാര്യം പറഞ്ഞു. ആനന്ദാതിരേകത്താൽ കുറേ നേരത്തേക്കു സംസാരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. "ദൈവകാരുണ്യത്തിനു നമുക്കു നന്ദിപറയാം" അദ്ദേഹം പറഞ്ഞു.

ഞങ്ങൾ "തേ ദേവും" (Te Deum) എന്ന സ്തോത്രഗീതം പാടി. തേ ദേവും കഴിഞ്ഞു ഗോബെലിന്റെ പ്രിയപ്പെട്ട "കർത്താവാകുന്ന എന്റെ ഇടയൻ, എനിക്ക് യാതൊരു കുറവും ഭവിക്കയില്ല...." എന്ന 23–ാം സങ്കീർത്തനവും പാടി.

പരുപരുത്ത പലകപ്പുറത്തു് ഉരസ്സുമ്പോൾ ശരീരമാസകലം വലിയ വേദന അനുഭവപ്പെട്ടിരുന്നതിനാൽ മൂന്നാഴ്ച വിശ്രമരഹിതനായി ഞാൻ കഴിഞ്ഞുകൂടി. നെറ്റിയിൽ മാത്രമാണ് വ്രണം ഇല്ലാതിരുന്നതു്. നെറ്റിവെച്ചുകിടന്നാണ വല്ലപ്പോഴും അല്പം ഉറങ്ങിയിരുന്നതു് പലകച്ചാർത്തിന്റെ വിടവിൽ കിടന്നു് ഉറങ്ങുവാൻ ശ്രമിച്ചിരുന്നു. കഴിയുന്നിടത്തോളം പലകയുമായി സ്പർശനമില്ലാതിരിക്കുവാനുള്ള ശ്രമമായിരുന്നു അതു്. ചിലപ്പോൾ ഇരുന്നു മന്ദിച്ചിരുന്നു.

ഒരു ദിവസം കമ്മിസാറിന്റെ സ്വരം കേട്ടാണ് ഞാൻ എണീറ്റതു്. അദ്ദേഹം തടവുപുള്ളികളെ എന്തോ വാർത്ത അറിയിക്കുകയാണ്. "ഏറ്റവും മനുഷ്യോചിതമായ വിധത്തിൽ മാറ്റുവാൻ പോകുന്നു" ഇത്രയും ഞാൻ കേട്ടു. എന്തായിരിക്കാം പറഞ്ഞതിന്റെ അർത്ഥമെന്നു ഞാൻ ചിന്തിച്ചു. കമ്മിസാർ പോറ്റ്സ്ഡാം ഉടമ്പടിയെക്കുറിച്ചാണ് പറഞ്ഞതു്. കിഴക്കൻജർമ്മനി–ഞങ്ങളുടെ സ്വന്തംനാടു്–യെക്കുറിച്ചു് അസ്പഷ്ടമായ രീതിയിലാണ് അയാൾ സംസാരിച്ചതു്. കിഴക്കൻ ജർമ്മനി റഷ്യാക്കാരും പോളണ്ടുകാരും ഭാഗിച്ചെടുക്കുവാൻ പോകയാണത്രെ. അവിടെയുള്ള ജർമ്മൻകാരെ ജർമ്മനിയുടെ മറ്റു ഭാഗങ്ങളിലേക്ക് "മനുഷ്യോചിതമായ വിധത്തിൽ മാറ്റുവാൻ പോകുകയാണ്."

തെളിവായി ചിന്തിക്കുവാനോ അപഗ്രഥിക്കുവാനോ എനിക്ക് സാധ്യമായിരുന്നില്ല. കമ്മിസാർ പറഞ്ഞതിന്റെ പൊരുളർത്ഥം എനിക്കു മനസ്സിലായി. നൂറ്റൻപതു ലക്ഷം ജനങ്ങൾ അവരുടെ വീടും കുടുംബവും വസ്തുവകകളും ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതരായി

രിക്കുകയാണു്. വെറുംകൈയ്യോടെ അഭയാർത്ഥികളായി അവർ പടിഞ്ഞാറൻ ജർമ്മനിയിലേക്കു് പോകുകയാണു്. ഇതിനെ എങ്ങനെ മനുഷ്യോചിതമായ മാറ്റമെന്നു പറയാൻ സാധിക്കും? ഹിറ്റ്ലറിന്റെ ആശയഗതി അയാളുടെ മരണശേഷം കൂടുതൽ ശക്തിപ്രാപിക്കുകയാണു് എന്നവിചാരം എന്നിലുണ്ടായി. എന്റെ നാട്ടുകാർ, എറ്റ്ലാൻഡു് നിവാസികളും ഒന്നൊന്നായി പുറത്തുനിന്നുള്ള ആക്രമണം ഏറെക്കാലം ചെറുത്തുനിന്നവരാണു്. പോളണ്ടുകാർ, ലിത്വാനിയക്കാർ, ഫ്ലൂസൈൻകാർ, റഷ്യാക്കാർ സ്വീഡൻകാർ, ഫ്രഞ്ചുകാർ തുടങ്ങിയവരുടെ ആക്രമണത്തെ ധീരതയോടെ നേരിട്ട പാരമ്പര്യമാണു് അവരുടേതു്. സ്റ്റലിനും ഹിറ്റ്ലറിനും മുമ്പു് ഗസ്റ്റാവസ് അഡോൾഫും, നെപ്പോളിയനും അവരുമായി യുദ്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ അവർ നാമാവശേഷമാകുവാൻ പോകുകയാണു്. എങ്ങനെയെങ്കിലും രക്ഷപെടുന്നെങ്കിൽ, അവലംബഹീനരായ ഒരു ജനതതിയുടെ മുമ്പിൽ ഞാൻ ചെയ്യേണ്ട ജോലി എത്ര ഭാരിച്ചതാണു് എന്നു ഞാൻ ചിന്തിച്ചു.

വാൾട്ടറിന്റെ ആശയം ഞങ്ങളുടേതിൽനിന്നു വിഭിന്നമായിരുന്നു. "വളരെ നല്ല കാര്യം" അയാൾ മന്ത്രിച്ചു. "പോളണ്ടുകാരും റഷ്യാക്കാരും സാധാരണക്കാരനു് ഉപദ്രവം ഒന്നും ഉണ്ടാക്കുകയില്ല. വൈദികരെയും ജന്മികളെയും അവർ പുറത്താക്കും. അങ്ങനെ സാധാരണക്കാരനു് ആവശ്യത്തിനു് ഭൂമി ലഭിക്കും."

പോറ്റ്സ്ഡാം ഉടമ്പടിപ്രകാരം വലിയഭാഗം റഷ്യക്കുപോയതിൽ ആശ്വാസദായകമായി ഒന്നുണ്ടായിരുന്നു, ഞങ്ങളെ സംബന്ധിച്ചിടത്തോളം. തടവുകാരുടെ കാര്യത്തിൽ കൂടുതൽ ദാക്ഷിണ്യത്തിനും ചിലപ്പോൾ വിട്ടയക്കലിനു് തന്നെയും വകയുണ്ടായിരുന്നു. തടവുകാരിലെ രോഗികളെ തരംതിരിക്കാനായി ഒരു കമ്മീഷൻ വന്നതോടെ ഞങ്ങളുടെ പ്രത്യാശ വർദ്ധിച്ചു.

കിംവദന്തികളും അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അവയിൽ ചിലതു യാഥാർത്ഥ്യങ്ങളും ഉണ്ടായിരുന്നു. യുദ്ധത്തടവുകാരെ രാഷ്ട്രീയതടവുകാരിൽനിന്നു വേർതിരിക്കുവാൻ പോകുകയാണു്. യുദ്ധത്തടവുകാരെ അധികം താമസിയാതെ വിസ്തരിക്കും, നിർദ്ദോഷികളെ രാഷ്ട്രപുനർനിർമ്മാണ ജോലിക്കായി സോവ്യറ്റ് ഗവണ്മെൻറ് നിയോഗിക്കുന്നതാണെന്നു് തുടങ്ങിയ വാർത്തകളും അടിസ്ഥാനരഹിതമായിരുന്നില്ല. ജോലിക്കു പ്രാപ്തരല്ലാത്തവരെ വിട്ടയക്കുവാൻ പോകുന്നു എന്ന പ്രസ്താവനയിലാണു് ഞങ്ങളുടെ പ്രത്യാശ അടങ്ങിയിരുന്നതു്.

അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ലാക്മാൻ (കമ്മിസാർ) എന്നെ ഓഫീസിലേക്കു വിളിപ്പിച്ചു. തടവുകാരുടെ മതവിഭാഗത്തെക്കുറിച്ചു് അന്വേഷണം നടത്തുകയാണവർ. ജർമ്മനിയിൽ വിഭിന്നമതവിഭാഗങ്ങളും ഉണ്ടായിക്കൂടാ എന്നതാണു് അവരുടെ ആശയഗതി.

ഞാൻ വളരെ കരുതലോടെയാണ് ഉത്തരം കൊടുത്തത്. വിവിധ സഭകളുടെ ലിസ്റ്റ് അവരുടെ കൈയ്യിൽ കിട്ടിയാൽ അവർ ഒന്നുകിൽ ചോദ്യത്തിൽ തടവുകാരെ കൂട്ടുകൂവാൻ നോക്കും. അല്ലെങ്കിൽ ചില വിഭാഗങ്ങളെ നിയമവിരുദ്ധമെന്നു പ്രഖ്യാപിക്കുമെന്നു് എനിക്കറിയാമായിരുന്നു. പൊതുവായി കത്തോലിരെന്നും പ്രോട്ടസ്റ്റൻറ്കാരെന്നും രണ്ടു് മതവിഭാഗങ്ങൾ ഉണ്ടെന്നു് ഒരു ഒഴുക്കൻ ഉത്തരം മാത്രമാണു് ഞാൻ കൊടുത്തതു്.

ലാക്കു്മാൻ പുരോഹിത്യത്തെ താറടിച്ചുകാണിക്കുവാൻ ഒരു വൃഥാശ്രമം നടത്തി. സാർ ചക്രവർത്തിയുടെ കാലത്തു് സ്വജനങ്ങളെ ഒറ്റിക്കൊടുത്ത ഒരു ഓർത്തഡോക്സു് വൈദികന്റെ ചരിത്രം അയാൾ വിവരിച്ചു. അതിൽനിന്നുള്ള നിഗമനം ഇതായിരുന്നു, വൈദികർ കൊള്ളരുതാത്തവരും വഞ്ചകന്മാരും ആണു്.

ഞാൻ തിരിച്ചടിച്ചു. ഏറ്റുമാനൂരിലെ വൈദികർ ജനങ്ങളോടുകൂടി സഹിച്ചതും ഹിറ്റ്ലറിന്റെ ഏകാധിപത്യത്തെ ധീരതയോടെ എതിർത്തുകൊണ്ടിരുന്നതും ഞാൻ വിവരിച്ചു. പ്രോട്ടസ്റ്റൻറ് വൈദികരും ഇപ്രകാരംതന്നെയാണെന്നു് ഗോബെലിന്റെ മാതൃക കാണിച്ചുകൊണ്ടു് ഞാൻ പറഞ്ഞു. കമ്മ്യൂണിസ്റ്റു് ഗവണ്മെൻറ് സ്വന്തം പ്രജകളെ–കമ്മിസാറിന്റെ നാട്ടുകാരായ ഖോർഗാ ജർമ്മൻകാർ ഉൾപ്പെടെ–അനേകായിരങ്ങളെ സൈബീരിയായിലേക്കു നാടുകടത്തിയിരിക്കുന്നതിനെക്കുറിച്ചു് കമ്മിസാറിനു ഒന്നും പറയുവാനില്ലാത്തതിൽ ഞാൻ അത്ഭുതപ്പെട്ടു. കമ്മിസാർ മൗനമായി ഇരുന്നതേയുള്ളൂ.

മതപരമായ ചോദ്യങ്ങൾക്കായി പിറേറദിവസം ഞങ്ങളെ അണിനിരത്തി. എല്ലാവരുംതന്നെ ക്രിസ്ത്യാനികളായിരുന്നു. വാൾട്ടറിന്റെയും ഹാൻസിന്റെയും സ്നേഹിതനായ റോമൻ ആയിരുന്നു എന്റെ തൊട്ടുമുമ്പിൽ നിന്നിരുന്നതു്. ഉത്തരസിലിസിയക്കാരനായ ജർമ്മൻകാരനാണു് അയാൾ. കത്തോലിക്കനായ അയാൾ ജർമ്മൻ സേനയിലെ സർജൻറായിരുന്നു. പോളണ്ടുകാരനാണെന്നും യാതൊരുമതവിഭാഗത്തിലും ഉൾപ്പെടുന്നില്ലെന്നുമായിരുന്നു അയാളുടെ ഉത്തരം. ജർമ്മൻ സൈന്യത്തിൽ ചേരുവാൻ അയാൾ നിർബന്ധിതനായെങ്കിലും അവസരം കിട്ടിയപ്പോൾ അവിടെനിന്നു രക്ഷപ്പെട്ടെന്നും അയാൾ മൊഴികൊടുത്തു. അയാളുടെ ഈ നാടകാഭിനയം കഴിഞ്ഞപ്പോൾ കമ്മിസാർ, തനിക്കു് എല്ലാം മനസ്സിലായി എന്ന മട്ടിൽ ഒന്നു ചിരിച്ചു. എന്റെ കാര്യമെല്ലാം ലാക്കു്മാൻ നേരത്തെതന്നെ ഗ്രഹിച്ചിരുന്നതിനാൽ അധികമൊന്നും ചോദിക്കുകയുണ്ടായില്ല.

ആഗസ്റ്റു മാസം പകുതിയായി. ഒരു പ്രഭാതത്തിൽ ഒരു ലിസ്റ്റു് പ്രസിദ്ധപ്പെടുത്തി. ഒന്നുകൂടി പരിശോധനയ്ക്കു വിധേയമാകേണ്ടവരുടെ കൂട്ട

ത്തിൽ എന്റെപേരും ഉണ്ടായിരുന്നു. കമ്മിസാറിന്റെ ഓഫീസിൽ ചെറുപ്പക്കാരനായ ഒരുദ്യോഗസ്ഥൻ പ്രവഭ പത്രക്കടലാസിൽ സിഗററ്റ് പൊതിഞ്ഞുകൊണ്ടിരിക്കുകയാണ്. അയാളിത്രമാത്രം എന്നോടുചോദിച്ചു.

"ഇത്ര ചെറുപ്പത്തിൽ നിങ്ങൾ ഇടവകവികാരിയായതെങ്ങനെ?"

"ഞാൻ മുപ്പത്തിമൂന്നാം വയസ്സിലാണിപ്പോൾ. എട്ടുകൊല്ലംമുമ്പ് പട്ടമേറ്റതാണ്. കൂടാതെ എന്റെ ഇടവക അത്ര പ്രാധാന്യമുള്ളതൊന്നമല്ല. വികാരിയാകുവാൻ തക്ക വൈദികരെല്ലാം നാടുകടത്തപ്പെട്ടകയോ, ജയിലിലടക്കപ്പെട്ടകയോ ചെയ്തിരിക്കയാണ്".

വേറൊരു ചോദ്യവും ഉണ്ടായില്ല.

അന്നുച്ചകഴിഞ്ഞപ്പോൾ പ്രൊഫസറിന്റെ മുറിയിലേയ്ക്ക് അദ്ദേഹം എന്നെ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ ഗവേഷണത്തിനു് എന്റെ സാന്നിദ്ധ്യം ആവശ്യമായിരുന്നു. രണ്ടു പെൺകുട്ടികളുടെ മൃതദേഹപരിശോധന കഴിഞ്ഞിട്ട് വന്നതേയുള്ളൂ. അദ്ദേഹം വളരെ വിഷണ്ണനായി കാണപ്പെട്ടു. അവർ പട്ടിണിമൂലമാണ് മരിച്ചത്; ആറുമാസംമുമ്പ് തടങ്കൽപ്പാളയത്തിൽ അടക്കപ്പെട്ട അവർ ബലാൽസംഗത്തിനു് ഇരയാക്കുകയും ശിണികളായിത്തീരുകയുംചെയ്തിരുന്നു. രണ്ടുദിവസം മുഴുവൻ അദ്ദേഹം അവരെ രക്ഷിക്കുവാൻ അങ്ങേയറ്റം പരിശ്രമിച്ചുനോക്കി.

"ഇന്നു ചിത്രം വരക്കുവാൻ ഉദ്ദേശിക്കുന്നില്ല" അദ്ദേഹം പറഞ്ഞു. "ഇന്നു അപ്പം ശേഷിച്ചിട്ടില്ല. ഒരു കാര്യം ചോദിക്കാൻ വിളിപ്പിച്ചതാണ്. മോസ്കോയിൽനിന്നു വന്നിരുന്ന ആൾ നിങ്ങളെ വിസ്തരിക്കുകയുണ്ടായോ?"

എന്നെ വിസ്തരിക്കുകയുണ്ടായെന്നു പറഞ്ഞപ്പോൾ കുറേനേരം മൗനമായിരുന്ന ശേഷം അദ്ദേഹം പറഞ്ഞു: "വെറുതെ വ്യാമോഹിച്ചിട്ടു കാര്യമൊന്നുമില്ല. അസ്ഥാനത്തു് പ്രത്യാശ ജനിപ്പിക്കണമെന്നു് എനിക്കു ഉദ്ദേശമില്ല. പുതിയ തടവുപള്ളികളേയും വഹിച്ചുകൊണ്ടു് വടക്കോട്ടു പോകുന്ന തീവണ്ടി നിങ്ങൾ കണ്ടുവോ?"

ഞാൻ തലകുലുക്കി.

"കൊള്ളാം അവ തിരിച്ചുപോകുന്നതു് കാലിയായിട്ടായിരിക്കയില്ല."

എനിക്കു വിശ്വസിക്കുവാൻ പ്രയാസം തോന്നി; ഹൃദയം ശക്തിയായി അടിക്കുകയാണ്.

തീർച്ചയില്ലാത്ത കാര്യമാണ് എന്നു് എന്നോടുതന്നെ ഞാൻ പറഞ്ഞു. പിന്നെ അക്കാര്യത്തെക്കുറിച്ചു് അധികം ചിന്തിച്ചില്ല. പ്രൊഫസർ തീർച്ചയില്ലാത്ത കാര്യങ്ങൾ സംസാരിക്കുന്ന കൂട്ടത്തിലല്ല.

ഞാൻ തിരിച്ചു നടന്നു.

XIII "എഴുന്നേറ്റ്.....പോകുക"

സമ്മിശ്രവികാരങ്ങളോടെ ഞാൻ പലകച്ചാത്തിൽ പോയി ഇരുന്നു. വാർഡ്മാരും കൂട്ടരും ഞങ്ങളെ പീഡിപ്പിക്കുവാൻ പുതിയ മാർഗ്ഗങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നു. അവർ പറഞ്ഞ അസഭ്യവർഷങ്ങളൊന്നും തന്നെ ഞാൻ കേട്ടില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുള്ള പ്രത്യാശ അവിചാരിതമായി ഉയിർക്കൊണ്ടതിനാൽ വേറൊന്നിനെക്കുറിച്ചും ശ്രദ്ധിക്കുക സാധ്യമായിരുന്നില്ല. പക്ഷേ പ്രസ്തുത ചിന്ത അല്പംപോലും ആനന്ദം പകരുകയുണ്ടായില്ല. ഒരുമാതിരി നിരാശയോടെ ഞാൻ പലകച്ചാത്തിൽ കിടന്നു; മരിക്കുവാൻ പോകയാണെന്നു എനിക്കു തോന്നി.

ഉറങ്ങുവാനോ വിശ്രമിക്കുവാനോ കഴിഞ്ഞില്ല. വല്ലതും ഒരാശ്വാസം ലഭിക്കുന്നതിനായി അടുത്ത ഞായറാഴ്ചത്തെ—പന്തക്കുസ്താ കഴിഞ്ഞു പതിമൂന്നാം ഞായർ—കുമ്പാനം എടുത്തു വായിച്ചു: "നാഥാ, അങ്ങയിലുള്ള എന്റെ വിശ്വാസം ഇതുവരെയും ഇളകിയില്ല; ഇപ്പോഴും അങ്ങ് എന്റെ ദൈവമാണ്, എന്റെ വിധി അങ്ങിലാണ് എന്നു ഞാൻ നിലവിളിക്കുന്നു. നാഥാ, കണ്ടാലും! അങ്ങയുടെ വാശ്രമം ഓർക്കണമേ, അങ്ങയുടെ എളിയവരെ എന്നന്നേക്കുമായി കൈവിടരുതേ; നാഥാ, എഴുന്നേറ്റാലും, അങ്ങയുടെ കായ്മ തീരുമാനിച്ചാലും. അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരുടെ യാചന, നാഥാ, അങ്ങു നിരസിക്കരുതേ. അങ്ങേ ദാസന്റെ അപമാനത്തെ ഓർക്കണമെ."

സാഹചര്യത്തിനു ഇതിനെക്കാൾ പറ്റിയ വാക്കുകൾ കണ്ടുകിട്ടുക പ്രയാസം. ഞാൻ പ്രസ്തുതഭാഗം ഗോബെലിനെ വായിച്ചു കേൾപ്പിച്ചു. അതിനുശേഷം പ്രസ്തുത കുമ്പാനയിൽത്തന്നെയുള്ള ഒരു പ്രാർത്ഥന ഞങ്ങൾ ഒരുമിച്ചു ചൊല്ലി: "നിത്യനായ സർവ്വേശ്വരാ, നിന്റെ വാശ്രമങ്ങൾ

സ്വീകരിക്കുവാൻ ഞങ്ങൾ യോഗ്യരാകുന്നതിനുവേണ്ടിയും വിശ്വാസവും ശരണവും ഉപവിയും ഞങ്ങളിൽ വർദ്ധിപ്പിക്കേണമെ. നിന്റെ കല്പനകളെ ഞങ്ങൾ സ്നേഹിക്കുവാൻ ഇടയാകട്ടെ."

അടുത്ത തിങ്കളാഴ്ച, ആഗസ്റ്റ് 20-ാംതീയതിയായിരുന്ന ഗോബെലിന്റെ ജന്മദിനം. തങ്ങളെ തരംതിരിച്ചതിന്റെ ഉത്സാഹം തടവുകാരുടെ ഇടയിൽ കാണപ്പെട്ടതും അന്നുതന്നെയാണ്. ജോലിക്കാരുടെ ഗ്രൂപ്പിലെ ഒരു വിഭാഗവും മിസ്സിസ് സ്റ്റീറാറും കുറെ സ്ത്രീകളും എഴാംകോളത്തിലേക്കു തിരിച്ചുപോകുവാൻ ഒരുങ്ങിക്കൊള്ളുവാൻ കല്പനയായി. മിസ്സിസ് സ്റ്റീറാറ് പോകുന്നതിനുമുമ്പ് കുറെ ധാന്യവും പഴവർഗ്ഗങ്ങളും എനിക്കു സമ്മാനിക്കുകയുണ്ടായി. പഴവർഗ്ഗങ്ങൾ വിതരണം ചെയ്തു ഗോബെലിന്റെ ജന്മദിനം ആഘോഷിച്ചു. അദ്ദേഹത്തിനു സന്തോഷമായി. ഗോബെലിനു ഒരു ഡിഷ് സമ്മാനിക്കുകയുണ്ടായി. ഏതായാലും അദ്ദേഹം അതു സൂക്ഷിച്ചുവയ്ക്കാതെ അപ്പോൾത്തന്നെ ഞങ്ങൾക്കു വിതരണം ചെയ്തു.

ആ ദിവസം ഞാൻ വായനയിൽ ചെലവഴിച്ചു. ബാരക്കിൽ ചെന്നശേഷം ക്രിസ്തു കുഷ്ഠരോഗിയോടു അരുളിച്ചെയ്ത വാചകം പ്രത്യാശപൂർവ്വം ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു: "എഴുന്നേറ്റ് പോകുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." ആ സമയം ഹെർ ഡോക്ടർ ഒരു ലിസ്റ്റുമായി വന്നു എന്നോടു ചോദിച്ചു: "മിസ്റ്റർ ഫിറ്റ്ക്കോ നിങ്ങൾക്കു വീട്ടിൽ പോകണമോ?"

ജോലി ചെയ്യുവാൻ നിവൃത്തിയില്ലാത്തവരും എന്നാൽ യാത്രചെയ്യുവാൻ വിഷമമില്ലാത്തവരുമായ രണ്ടുപേരുടെ പേരുകൾകൂടി അദ്ദേഹം വായിച്ചു. പത്തു മിനിട്ടിനകം ഗാർഡ്ഹൗസിൽ ഹാജരാകണമെന്നു പറഞ്ഞു അദ്ദേഹം പോയി.

ഹൃദയം ശക്തിയായി സ്പന്ദിക്കുവാൻ തുടങ്ങി. പലകച്ചാത്തിലെ എന്റെ സാമാനങ്ങളെല്ലാം വാരിക്കെട്ടി പുറത്തേക്കിറങ്ങി.

ബാരക്കുകളിൽ ബഹളമായിരുന്നു. "വിടുതൽ" നോട്ടീസ് ആദ്യം കിട്ടിയതു സ്ത്രീകളുടെ ബാരക്കിലാണ്. കാട്ടുതീ പോലെ പ്രസ്തുത വാർത്ത ക്യാമ്പു മുഴുവൻ വ്യാപിച്ചു. ആരൊക്കെയാണു വിടുതൽ പ്രാപിച്ചതെന്നറിയുവാൻ തടവുകാർ കൂവിവിളിച്ചു ഓടിനടക്കുകയാണ്.

രോഗശാലയിൽച്ചെന്ന ഞാൻ ഗോബെലിനെ കണ്ടു. കെട്ടും ഭാണ്ഡവും എന്റെ വികാരാവേശവും എല്ലാം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ദൈവത്തിനു സ്തുതി. അങ്ങും ലിസ്റ്റിലുണ്ടെന്നറിയുന്നതിൽ സന്തോഷം."

അദ്ദേഹത്തെ "രോഗവിമുക്തിക്കു സാദ്ധ്യത" യുള്ളവരുടെ ഗണത്തിലാണു കൂട്ടിയിരിക്കുന്നതു. എത്രനാൾ ക്യാമ്പിൽ കഴിഞ്ഞുകൂടേണ്ടിവരുമെന്നു ഊഹിക്കുക എളുപ്പമല്ല. പക്ഷേ നിരാശയുടെ ഒരു നേരിയ നിഴൽ പോലും ആ മുഖത്തു പ്രത്യക്ഷപ്പെട്ടില്ല.

അധികം സമയമുണ്ടായിരുന്നില്ല. വളരെ ധൃതിയിൽ ഞങ്ങൾ ആലിംഗനം ചെയ്തു; പരസ്പരം പ്രാർത്ഥന വാങ്ങാനും ചെയ്തു. വേർപിരിയുന്ന സമയത്തു് അദ്ദേഹം ഇപ്രകാരമൊരു സന്ദേശം നല്കി, "കത്താവു് അങ്ങയോടുകൂടിയുണ്ടായിരിക്കട്ടെ. തിരിച്ചു നാട്ടിൽ എത്തുവാൻ സാധിച്ചാൽ, എന്റെ ഭാര്യയേയും കുട്ടികളേയും സ്നേഹാന്വേഷണങ്ങൾ അറിയിക്കുക."

ഗാർഡ്ഹൗസിൽ ഭയത്തോടെ, ശ്വാസമടക്കി ഞാൻ കാത്തുനിന്നു. ലിസ്റ്റു് വായിച്ചുകൊണ്ടിരിക്കുകയാണു്. "ഫിറ്റ്സ്ക്കോ" എന്ന പേരു് വായിച്ചുകേട്ടപ്പോൾ ശ്വാസം നേരെ വീണു. എന്റെ പേരു് അതിലുണ്ടു്; സംശയമില്ല.

ഒറ്റ നിരയായി ഞങ്ങൾ പ്രധാന ഗെയിറ്റിലൂടെ പുറത്തേക്കു് മാച്ചുചെയ്തു. സൂര്യൻ അസ്തമിച്ചെങ്കിലും നാട്ടവെളിച്ചം ഉണ്ടായിരുന്നു. തടങ്കൽപ്പാളയത്തിൽനിന്നു എന്നന്നേക്കുമായി പോരുകയാണു്; മുള്ളുകമ്പി വേലിയും വാച്ചുഹൗസും കൈത്തോക്കേന്തിയ ഗാർഡുകളും ഇല്ലാത്ത സ്ഥലത്തേക്കു ഞങ്ങൾ പോവുകയാണു്. കോരിത്തരിപ്പിക്കുന്ന പഴയ അനുഭവങ്ങൾ ഓർമ്മയിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. ക്യാമ്പിലെ ഒരു കെട്ടിടത്തിന്റെ അടുത്തുകൂടിയാണു് വഴി. ആരോ കെട്ടിടത്തിൽ തീ ഇളക്കിയിടുകയാണു്. മരിയായാണതു്. ഞാൻ പിന്തിരിഞ്ഞുനിന്നു പറഞ്ഞു. "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! മരിയാ, എല്ലാത്തിനും നന്ദി. പാസ്റ്റർ ഗോബെലിനു് നിന്നാൽ കഴിവുള്ള സഹായം ചെയ്തുകൊടുക്കണം."

കായ്യും ഗ്രഹിക്കാത്തമാതിരി അവൾ നോക്കിനിന്നു. എന്നിട്ടുപറഞ്ഞു, "ദൈവം അച്ഛനെ അനുഗ്രഹിക്കട്ടെ." വികാരവിവശയായ അവൾ വേറൊന്നും പറയുവാൻ ശക്തയായില്ല; അവൾ തിരിഞ്ഞുനിന്നു തീ ഇളക്കിക്കൊണ്ടു അവിടെ നിന്നു.

തീവണ്ടിപ്പാതയുടെ സമീപം എത്തിച്ചേർന്ന ഞങ്ങൾ കെട്ടുകൾ താഴെ ഇട്ടു് അതിന്മേൽകയറി ഇരിപ്പായി, വണ്ടിയുടെ വരവും കാത്തുകൊണ്ടു്. സ്വാതന്ത്ര്യപ്രാപ്തി ഞങ്ങളിൽ വലിയ ഉന്മേഷം ഉളവാക്കിയില്ല. ഒന്നാമതു് എല്ലാവരും അങ്ങേയറ്റം ക്ഷീണിച്ചിരുന്നു. രണ്ടാമതായി യഥാർത്ഥ സ്വാതന്ത്ര്യംതന്നെയൊ കൈവരുവാൻ പോകുന്നതെന്നു് സംശയിച്ചുതന്നെയാണു് ഞങ്ങൾ കഴിഞ്ഞുകൂടുന്നതു്. ഗാർഡുമാർ അവിടെയും ഇവിടെയും ചെറിയ ചെറിയ തീ കൂട്ടി. രാത്രിയുടെ തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ അതു സഹായകമായിരുന്നു. സഖാവു് കെയിൽ ഞങ്ങളുടെ സൗഭാഗ്യത്തിൽ ഹൃദയപൂർവ്വം സന്തോഷിച്ചു. അക്ഷരാർത്ഥത്തിൽ അയാൾ തുള്ളിച്ചാടി സന്തോഷം പ്രകടിപ്പിച്ചു. ഓരോരുത്തർക്കും കൈകൊടുത്തുകൊണ്ടു് അയാൾ പറഞ്ഞു: "നിങ്ങൾ വീട്ടിലേയ്ക്കു മടങ്ങുകയാണു്. അതേക്കുറിച്ചു നിങ്ങൾ ചിന്തിച്ചോ? അതെ, യഥാർത്ഥത്തിൽ നിങ്ങൾ വീട്ടിലേക്കു മടങ്ങുകയാണു്."

മദ്യലഹരിമൂലം അയാൾ ചൂടപിടിച്ചിരുന്ന എന്നതു് തീർച്ചയാണു്. ഏതായാലും ഞങ്ങളുടെ സ്വാതന്ത്ര്യപ്രാപ്തിയിൽ അയാൾ അളവറ്റ സന്തോഷിച്ചു. അയാളുടെ കാടത്തവും ക്രൂരതയും പമ്പകടന്നു; സ്നേഹപൂർവ്വം ഞങ്ങളെ അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ കഷ്ടകാലം അവസാനിച്ചു. ഇനി നിങ്ങളെ രോഗം അലട്ടുകയില്ല. ഞങ്ങൾ ഒരു പട്ടാളക്കാട്ടിയെ കൊന്ന പാകപ്പെടുത്തിയിട്ടുണ്ടു്. നാളെ തീവണ്ടിയിൽ ഇറച്ചിയും കേക്കുപോലുള്ള അപ്പവും ഉണ്ടാകുന്നതാണു്".

പ്രൊഫസർ ശാന്തമായി നടന്നുവന്ന ഞങ്ങളെ ധൈര്യപ്പെടുത്തി. ഇതിൽ ചതിയും വഞ്ചനയും ഇല്ലെന്നു് അദ്ദേഹം ഞങ്ങളെ ബോദ്ധ്യപ്പെടുത്തി. ഞങ്ങളുടെ നാട്ടിലേക്കു മടങ്ങുകയാണെന്ന സംശയിച്ചിട്ടു കാര്യമില്ല. തീരെ ബലഹീനന്മാരായിരുന്നവരോടു് അദ്ദേഹം പ്രത്യേകം കരുണകാണിച്ചു; അവർക്കു സിഗരറ്റു കൊടുത്തു.

പ്രഭാതമാകാറായപ്പോൾ ഒരു കോച്ചുമാത്രം ഘടിപ്പിച്ചിട്ടുള്ള തീവണ്ടി വന്നു; അതു പെട്ടിവണ്ടിയായിരുന്നില്ല; പഴയ ഒരുപാസഞ്ചർ കോച്ചായിരുന്നു. അതു രണ്ടായി വിഭജിച്ചിട്ടുണ്ടു്, ഒന്നു ഗാർഡുമാക്കു്, മറേറതു് തടവുകാക്കു്. എനിക്കു രണ്ടാം നിരയിൽ സീറ്റു കിട്ടി; ചുറ്റും സ്ത്രീകളായിരുന്നു. എന്റെ തൊട്ടടുത്തു താഴെ ഒരു കത്തോലിക്കാ പെൺകുട്ടിയെ പ്രൊഫസർ കൊണ്ടുവന്നിരുത്തി. അദ്ദേഹം കഴിയുന്നിടത്തോളം സൗകര്യം അവർക്കുണ്ടാക്കിക്കൊടുത്തു. പക്ഷേ യാത്രയുടെ ആദ്യരാത്രിയിൽതന്നെ അവർ പരലോകപ്രാപ്തയായി.

ബാരക്കിലെ ഡോക്ടർ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. അദ്ദേഹം അപ്പവും നല്ല പട്ടാ ഇറച്ചിയും ഞങ്ങൾക്കു വിളമ്പിത്തന്നു. സഖാവു് കെയിൽ പറഞ്ഞതു വാസ്തവമായിരുന്നു. സന്തോഷിച്ചു് ആപ്പിളിക്കുവാൻ തോന്നിയെങ്കിലും, അതുമാത്രം ശക്തിയുണ്ടായിരുന്നില്ല. ഓരോരുത്തരുടേയും മുഖത്തു് സംതൃപ്തിയുടേയും കൃതജ്ഞതയുടേയും പുഞ്ചിരി വികസിച്ചു. നല്ലതുപോലെ പാകംചെയ്ത ഭക്ഷണം അനേക മാസംകൂടി കഴിക്കുകയാണു്. അപ്പവും മാംസവും കൂടാതെ അമേരിക്കൻ മാവുകൊണ്ടുണ്ടാക്കിയ കൃത്രിമബട്ടറും ഉണ്ടായിരുന്നു. ഞങ്ങളുടെ ആകാംക്ഷയും സംശയവും സന്തോഷമായിപ്പകർന്നു. പ്രയാസമേറിയ ഈ യാത്രയെ അതിജീവിക്കുവാൻ സാധിക്കുമെന്ന ഒരു പ്രത്യാശ ഞങ്ങളിലുളവായി.

യാത്രയുടെ ആരംഭത്തിലുണ്ടായ നല്ല വാശാനം അധികം നീണ്ടുനിന്നില്ല. ബാലികയുടെ മരണം ഞങ്ങളുടെ യഥാർത്ഥസ്ഥിതി വീണ്ടും ഓർമ്മയിൽ കൊണ്ടുവന്നു; ഇതുവരേയും സ്വാതന്ത്ര്യംകൈവന്നിട്ടില്ല എന്നു്. പിറേറ ദിവസത്തെ ഭക്ഷണം ബാരക്കിൽ ഞങ്ങൾക്കു കിട്ടിയിരുന്നതിൽ നിന്നു വ്യത്യസ്ഥമായിരുന്നില്ല.

രണ്ടുദിവസം തുടർച്ചയായി മഴ പെയ്തുകൊണ്ടിരുന്നു; വണ്ടി ശക്തിയായി കുടുങ്ങുന്നുണ്ടു്. മൂന്നാം ദിവസം തീവണ്ടിനിന്നു. എല്ലാവരും

പുറത്തേയ്ക്കുനോക്കി. ഏഴാംകോളത്തിന്റെ ശയിറിനടുത്താണ് വണ്ടി നിശ്ചയിയിരിക്കുന്നതു്. വണ്ടിയിലുള്ള സ്ത്രീപുരുഷന്മാർ ഞരങ്ങി മൂളിക്കൊണ്ടിരുന്നു. ഇവിടെ ഇറക്കിയേക്കുമോ എന്നു ഞങ്ങൾ ഭയപ്പെട്ടു. രണ്ടു സ്ത്രീകളെയും രണ്ടു പട്ടാളത്തടവുകാരെയും ഇറക്കി വണ്ടി സാവധാനം മുന്നോട്ടുനീങ്ങി. ഭീർഘകാല പരിചയമുള്ള പഴയ സ്ഥലങ്ങൾ നോക്കിക്കൊണ്ടു് ഞാൻ ചിന്തിക്കുവാൻ തുടങ്ങി; പഴയ തോട്ടു് – അതിനിപ്പോൾ കുറേക്കൂടി ആഴവും നീളവും ഉണ്ടു് – നാലുവാച്ചു ഹൗസു്, വേലിയും അതിനുള്ളിലെ ബാരക്കുകൾ, ഏഴാം കോളം എന്നു എഴുതിയിട്ടുള്ള ബോർഡോടുകൂടിയ ശെയിറും, ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തടവുകാർ എല്ലാം എല്ലാം ദൃഷ്ടിയിൽപ്പെട്ടു.

തോടിന്റെ കരയിൽ കട്ടവണ്ടി വലിച്ചുകൊണ്ടുനിന്ന മൂന്നു സ്ത്രീകൾ ഞങ്ങളുടെനേരെ ഉറ്റു നോക്കിക്കൊണ്ടിരുന്നു. അവർ പഴയതു പോലെതന്നെ വൃത്തിഹീനമായ വസ്ത്രങ്ങളാണു് ധരിച്ചിരിക്കുന്നതു്. വണ്ടിയിൽ, എന്റെ പിന്നിലിരുന്ന സ്ത്രീ വിളിച്ചുപറഞ്ഞു: "അതു് ലീനയാണു്: നോക്കൂ, അതവൾതന്നെ." അവൾ ചൂണ്ടിക്കാണിച്ച സ്ഥലത്തേയ്ക്കു ഞാൻ നോക്കി. ലീനയെ ഞാൻ തിരിച്ചറിഞ്ഞു. അവളുടെ പേരു് വിളിച്ചതു് ആരെന്നറിയുവാൻ ലീന മേലോട്ടു നോക്കിക്കൊണ്ടു നില്ക്കുമ്പോൾ, ഒരു ഗാർഡുവന്നു് അവളുടെ വാരിയെല്ലിനു് ഒരു കുത്തുകൊടുത്തു. അവൾ കട്ടവണ്ടിയിലേയ്ക്കു് മറിഞ്ഞു. ടെയിൻ മുമ്പോട്ടു പോയ്ക്കൊണ്ടിരുന്നു. ജർമ്മൻകാർ ഇതു് കണ്ടിരുന്നെങ്കിൽ അവളെ ഇതു് എത്രമാത്രം വേദനിപ്പിക്കുമായിരുന്നു എന്നു ഞാൻ ചിന്തിച്ചു.

വളരെ ദൂരം പോയതിനുശേഷം 'ഇസ്മ' എന്ന സ്ഥലത്തു് തീവണ്ടി നിശ്ചയിച്ചു. അഞ്ചാം കോളത്തിൽനിന്നു ഞങ്ങളുടെകൂടെ പോന്നിരുന്ന ഡോക്ടറും ഗാർഡുമാരും അവിടെ ഇറങ്ങി. ഞങ്ങളുടെ ഏതാനും പുതപ്പുകൾ അവർ ഓമ്മക്കായി എടുത്തു. ടെയിൻ പുറപ്പെടുന്നതിനുമുമ്പു് ഞങ്ങളെ അത്ഭുതപ്പെടുത്തിയ ഒരു ചെറിയ സംഭവമുണ്ടായി. ഇതാ പ്രൊഫസർ ഞങ്ങളെ അവസാനമായി പരിശോധിക്കാൻ വണ്ടിയിലേയ്ക്കു കയറിവന്നിരിക്കുന്നു! അദ്ദേഹം മോട്ടോർ സൈക്കിളിൽ ഞങ്ങളെ അനുഗമിക്കുകയാണുണ്ടായതു്. അദ്ദേഹം എല്ലാവരോടും കുശലപ്രശ്നം ചെയ്തു. അദ്ദേഹം എന്റെ കൈക്കു പിടിച്ചു. പ്രൊഫസറും ഹെർ ഡോക്ടറും ചെയ്തതന്ന എല്ലാ സേവനങ്ങൾക്കും ഞാൻ നന്ദി പറഞ്ഞു. എനിക്കു് വളരെയധികം പറയുവാനുണ്ടായിരുന്നു. പ്രൊഫസറിന്റെ സേവനം ദൈവപരിപാലനയിൽ എനിക്കു ലഭിച്ചില്ലായിരുന്നെങ്കിൽ ഞാൻ ജീവിക്കുമായിരുന്നില്ല. "പ്രൊഫസർ, നിങ്ങൾക്കു് കഴിയുംവേഗം സ്വാതന്ത്ര്യം ലഭിക്കട്ടെ എന്നു ദൈവത്തെ പ്രാർത്ഥിക്കയല്ലാതെ, വേറൊരു വിധത്തിലും കൃതജ്ഞത പ്രകടിപ്പിക്കുവാൻ എനിക്കു സാദ്ധ്യമല്ല" ഞാൻ പറഞ്ഞു. "പാസ്റ്റർ ഗോബെലിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണേ."

"അതെല്ലാം മറക്കുക. നിങ്ങളുടെ ആരോഗ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക."

ഒരു പകലും ഒരു രാത്രിയും തീവണ്ടി കുട്ടങ്ങിക്കുട്ടങ്ങി മുന്നോട്ടു പോയി. യാത്രക്കാർ എല്ലാവരും നന്നേ ക്ഷീണിതരും നിരുത്സാഹികളുമായി കാണപ്പെട്ടു. പിറേറന്നു രാവിലെ അപ്രതീക്ഷിതമായി വണ്ടിനിന്നു. എന്തോ ആപത്തുണ്ടെന്നു് ഞാൻ മനസ്സിലാക്കി. "എല്ലാവരും താഴെ ഇറങ്ങുക" ഗാർഡു് കല്പന മുഴക്കി. അനുസരണയുള്ള കുട്ടികളെപ്പോലെ തടവുകാർ അനുസരിച്ചു.

പലകച്ചാർത്തിലെ എന്റെ പഴയ കൂട്ടുകാരൻ ഭോഷനായ ബെന്നാർഡു് വാതുക്കൽ കിടന്നു് മരണശ്വാസം വലിക്കുകയാണു്. ഞാനവനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. അവൻ പഴയതുപോലെതന്നെ പറഞ്ഞുകൊണ്ടിരുന്നു. "എനിക്കു വിശക്കുന്നു. തിന്നാൻ വല്ലതും തരാമോ?" രണ്ടുപേരോടു് അവനെ താഴെയിറക്കികിടത്തുവാൻ ഞാൻ അപേക്ഷിച്ചു. പക്ഷേ ഗാർഡുവന്നു ഞങ്ങളെ തള്ളിത്താഴെ ഇറക്കി; ബർണാർഡു് അവിടെ തന്നെ കിടന്നു.

ഞങ്ങളെ ഇട്ടുങ്ങിയ പാതയിലൂടെ നടത്തിക്കൊണ്ടു പോയി. ഒരു വലിയ തടങ്കൽപ്പാളയത്തിലാണു് ഞങ്ങളെ എത്തിച്ചേർന്നതു്. പ്രസ്തുത ക്യാമ്പിന്റെ മുൻവശത്തു് നല്ലൊരു സസ്യത്തോട്ടമുണ്ടു്. ബാരക്കുകളും വൃത്തിയുള്ളതും വെള്ളപൂശിയതുമാണു്. തറയിൽ പലക നിരത്തിയിട്ടുണ്ടു്.

ക്യാമ്പിന്റെ മുൻവശത്തുള്ള ഒരുഷെഡ്ഡിൽ അവർ ഞങ്ങളെ ഇരുത്തി; ഭാണ്ഡങ്ങളിലിരുന്ന ഞങ്ങളെ വിശ്രമിച്ചു, അകത്തേയ്ക്കു പോകുവാനുള്ള ഉഴം കാത്തുകൊണ്ടു്. എന്റെ ഉഴമായി. ഞാൻ എഴുന്നേറ്റപ്പോൾ പിറകിലുണ്ടായിരുന്നവർ പ്രതിഷേധസ്വരമുയർത്തി. "അവിടെ ഇരിക്കടാപന്നീ, ഞങ്ങളെപോയി കഴിഞ്ഞിട്ടു് നീ എഴുന്നേറ്റാൽ മതി." അഞ്ചാം കോളത്തിൽവച്ചു് ഇത്തരം സംഭാഷണം ഞാൻ കേട്ടു തഴമ്പിച്ചിരുന്നതിനാൽ സമാധാനമൊന്നും പറയാൻ പോയില്ല. യാത്രക്കാരുടെ മജ്യസ്ഥനായ വി. റാഫേലിനോടു് പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ അവിടെത്തന്നെ ഇരുന്നു.

ഞാൻ ഇങ്ങനെ അല്പനിദ്രയിലാണ്ടിരിക്കുമ്പോൾ കവർത്ത സ്റ്റോക്കിംഗ്സും വെള്ളഷൂസും ധരിച്ച ഒരു സ്ത്രീ എന്നെ സമീപിച്ചു. ക്ഷീണിച്ചുവിവശനായിരുന്ന ഞാൻ മുഖമുയർത്തി നോക്കിയില്ല. എന്തൊക്കെയോ പറയുന്നതു ഞാൻ കേട്ടു....."ഫാദർ ഹിറ്റ്ക്കോ" എന്നമാത്രം എനിക്കു തിരിഞ്ഞു. എന്റെ പേരു പറയുന്നതു കേട്ടപ്പോൾ ഞാൻ എഴുന്നേല്ക്കുവാൻ ശ്രമിച്ചു. സ്നേഹപൂർവ്വം അവർ എന്റെ കൈക്കുപിടിച്ചു. ഞാൻ സൂക്ഷിച്ചു നോക്കി. നേഴ്സിന്റെ വസ്ത്രം ധരിച്ചിരുന്ന അവർ സിസ്റ്റർ ഇമെൽഡാ ആയിരുന്നു.

"എന്റെ ദൈവമേ! സിസ്റ്റോ" ഞാൻ പറഞ്ഞു, "എങ്ങിനെ ഇവിടെ എത്തി?"

"ഞാനിപ്പോൾ ഇവിടെയാണച്ചാ. അച്ചനെങ്ങിനെ ഈ വേഷത്തിലായി?"

"സിസ്റ്റർ, എന്റെ വസ്ത്രം പ്ലാസ്റ്ററുപോലായിട്ടുണ്ട്. ഒന്നു കുളിച്ചാൽ വ്രണങ്ങളെല്ലാം പൊട്ടി ഒലിക്കാൻ തുടങ്ങും."

സിസ്റ്റർ എന്നോട് അകത്തു് പോയി കുളിക്കുവാൻ പറഞ്ഞു. വെച്ചു കെട്ടുവാനുള്ള മരുന്നും തുണികളും സിസ്റ്റർ കൊണ്ടുവരാമെന്നേറ്റു, ഞാൻ അകത്തേക്കു കയറി അല്പം കഴിഞ്ഞതേയുള്ളൂ, ഒരു റഷ്യൻ നേഴ്സ് എന്നെ ആട്ടിപ്പുറത്തിറക്കി. സിസ്റ്റർ ഇമൽഡാതന്നെ എന്നെ ബാരക്കിലേക്കു് കൊണ്ടുപോയി, വഴിയിൽവച്ചു് എറമ്പ്ലാൻഡ്കാരായ രണ്ടുവൃദ്ധകഷ്കരുമായി എന്നെ പരിചയപ്പെടുത്തി. എന്നെ ഈ പുതിയ കൂട്ടുകാരെ ഏല്പിച്ചിട്ടു് സിസ്റ്റർ ധൃതിയിൽ ജോലിക്കു പോയി.

അവർ സന്തോഷകരമായ വാർത്തകളാണു് എന്നോട് പറഞ്ഞതു്. സ്വതന്ത്രരാക്കപ്പെടുന്ന തടവുകാരെ അവസാനമായി തരംതിരിക്കുന്ന ക്യാമ്പിലാണത്രേ ഞാൻ എത്തിയിരിക്കുന്നതു്. രണ്ടു ദിവസത്തിലൊരിക്കൽ ജർമ്മനിയിലേക്കു്, ഇവിടെനിന്നു തടവുകാരെ കൊണ്ടുപോകുന്ന വണ്ടിയുണ്ടായിരിക്കും. ഓരോ വണ്ടിയിലും നൂറുകണക്കിനു് തടവുകാരുണ്ടായിരിക്കും. വിവിധസ്ഥലങ്ങളിൽ നിന്നു അവിടെ വന്നുചേരുന്ന തടവുകാർ സന്തോഷഭരിതരായി കാണപ്പെട്ടു. യാത്രചെയ്യുവാൻമാത്രം ആരോഗ്യമുള്ളവർ ആരെല്ലാം എന്നറിയുവാൻ ഒരു മെഡിക്കൽ പരിശോധനകൂടി ഉണ്ടു്.

വൈകുന്നേരം സിസ്റ്റർ ഇമെൽഡാ എന്നെ അവളുടെ വാർഡിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടത്തെ പലകാര്യത്തുകൾക്കും തുടിയുള്ളവയാണു്. അവയിലൊന്നിൽ എന്റെ പഴയ സ്നേഹിതൻ, ഷെലോമിലിനെ കണ്ടുമുട്ടി. അദ്ദേഹം ഫാദർ കോൾഫൻബാക്കിനോടുകൂടെ ആയിരുന്നു. എന്നെകണ്ടതിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു. അദ്ദേഹം മരണാസന്നനായിരിക്കയാണു്.

ഈ ക്യാമ്പു് ഒരു മോഡൽ ക്യാമ്പായി എനിക്കുതോന്നി. ഇവിടെ മനുഷ്യത്വവും സ്നേഹവുമുണ്ടു്. സിസ്റ്റർ ഇമെൽഡായുടെ സേവനസന്നദ്ധത മനസ്സിലാക്കിയ ക്യാമ്പ് അധികാരികൾ അവളെ പ്രധാന നേഴ്സായി നിയമിച്ചിരിക്കയാണു്. ക്യാമ്പിലെ സോവിയറ്റു് ലേഡീഡോക്ടറെക്കുറിച്ചു സിസ്റ്ററിനു് നല്ല മതിപ്പാണു്. രണ്ടു കന്യാസ്ത്രീകൾ, ഒരു പ്രോട്ടസ്റ്റന്റ് ദിയാക്കോനീസാ, മൂന്നു് റെഡ്ക്രോസ് നേഴ്സായിരുന്ന ഒരു സ്ത്രീ ഇത്രയുംപേരാണു് സിസ്റ്റർ ഇമെൽഡായുടെ സ്റ്റാഫിൽ അടങ്ങിയിരുന്നതു്. വാർഡിന്റെ ഒരറ്റത്തു് ഇവക്കു അഞ്ചുപേക്കൂടി ഒരു മൂറി നല്കപ്പെട്ടിരുന്നു.

സിസ്റ്റർ ഇമെൽഡാക്കു വേറൊരു ചെറിയമുറി കൂടി ഉണ്ടായിരുന്നു. അവിടെയാണു് സിസ്റ്റേഴ്സ് പ്രാർത്ഥനയ്ക്കും ഉല്ലാസത്തിനും സമ്മേളിച്ചിരുന്നതു്. പ്രസ്തുത മുറിയിൽ അവർ ചെറിയ ഒരു അൾത്താര നിർമ്മിച്ചിരുന്നു.

ആ നല്ല സഹോദരി എന്റെ പ്രണങ്ങൾ കഴുകി മാറ്റുന്നതിനിടയിൽ പഴയ ഒരു സംഭവം പറഞ്ഞു. ഇതിനു മുമ്പൊരിക്കൽ അവിടെ കൊണ്ടുവരപ്പെട്ട തടവുകാരുടെകൂടെ ഒരു ബന്ധുക്കൾ റൈറയിൻ അച്ചൻ ഉണ്ടെന്നു അവർ മനസ്സിലാക്കി. പ്രധാന ഡോക്ടർ അദ്ദേഹത്തെ അവരുടെ "ചാപ്ലിൻ" ആക്കുന്നതിനു് വിരോധം ഒന്നും പറഞ്ഞില്ല. മാത്രമല്ല ബ്ലാക്കിൽ വീഞ്ഞു വാങ്ങുന്നതിനു് സഹായിക്കുക കൂടി ചെയ്തു. അങ്ങനെ കുമ്പസാരം ചൊല്ലുവാൻ സാധിച്ചു. സഹോദരികളുടെ ശുശ്രൂഷയിൽ അദ്ദേഹത്തിനു് ആരോഗ്യം തിരിച്ചുകിട്ടി. മെഡിക്കൽ പരിശോധനയിൽ ആരോഗ്യവാനായി കാണപ്പെട്ടതിനാൽ അദ്ദേഹത്തെ ലേബർ ക്യാമ്പിലേക്കു് മടക്കി അയച്ചു. അദ്ദേഹത്തെപ്പറ്റി പിന്നീടു് യാതൊരറിവുമില്ല.

സിസ്റ്റർ ഇമെൽഡാ എന്നെ കായ്മായി ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ഏതായാലും മേല്പറഞ്ഞ ബന്ധുക്കൾറൈറൻ ഫാദറിന്റെ ദയർഭാഗ്യം എനിക്കുണ്ടാകുമെന്നു ഭയപ്പെടാനില്ലായിരുന്നു. അഞ്ചാം കോളത്തിലേക്കു മടക്കി അയച്ചേക്കുമോ എന്നൊരു ഭയം എന്നെ ബാധിക്കാതിരുന്നില്ല.

പിറേറന്നു അഞ്ചാം കോളത്തിൽനിന്നു ഒരു ബാച്ചുകൂടി വന്നെത്തി. അവർ പാസ്റ്റർ ഗോബെലിനു സുഖമായിരിക്കുന്നു എന്നു പറഞ്ഞു. ഹെർ ഡോക്ടറിന്റെ ചികിത്സ അദ്ദേഹത്തിനു വളരെ ഗുണപ്രദമായിരുന്നു.

സിസ്റ്റർ ഇമെൽഡാ, കമാൻഡറിന്റെ ഭാര്യയോടുകൂടിയാണു് തിരിയെ വന്നതു്. അവർ നല്ല സ്ത്രീയാണു്. പ്രധാന ഡോക്ടറോടുകൂടി ജോലിചെയ്യുന്ന അവർ തടവുകാരുടെ കാര്യത്തിൽ നല്ല ശ്രദ്ധ ചെലുത്തിയിരുന്നു. വീട്ടിലേക്കു് അയക്കപ്പെടുന്നവരുടെ ലിസ്റ്റു് അധികം താമസിയാതെ പരസ്യപ്പെടുത്തുമെന്നു് സിസ്റ്റർ എന്നോടു പറഞ്ഞു.

പ്രസ്തുത ലിസ്റ്റു് വിളിക്കുന്ന നേരത്തു് ഞങ്ങൾ ഏതാണ്ടു് ആയിരം പേർ മുറ്റത്തു തടിച്ചുകൂടി. ഞങ്ങളുടെ ദൃഷ്ടികൾ ഏതാനും ഓഫീസറന്മാരുടെ നേർക്കാണു്. അവർ പിടിച്ചിരിക്കുന്ന ലിസ്റ്റിൽ അവനവന്റെ പേർ ഉണ്ടായിരിക്കണമേ എന്നു് ഓരോരുത്തരും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ലിസ്റ്റു് വായിച്ചുതുടങ്ങി. വളരെ സാവധാനത്തിലാണു് വായന. ഇടക്കിടെ അവർ പരസ്പരം ആലോചിച്ചിട്ടു് വീണ്ടും വായന തുടരും. മണിക്കൂറുകൾ കടന്നുപോയി. സ്വന്തം പേർ വായിച്ചുകേട്ട ഭാഗ്യവാന്മാർ ഭാണ്ഡം മുറുക്കി ഗെയിറ്റിങ്കലേക്കു നീങ്ങിക്കൊണ്ടിരുന്നു. അവിടെ തടിച്ചുകൂടിയിരുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണു്.

നിരാശരായ ഒരു ഗണം തടവുകാർ കടഭാരത്തോടെ തങ്ങളുടെ ബാരക്കിലേക്ക് തിരിച്ചുപോയി. അവസാനത്തെ ലിസ്റ്റിൽ "ഫിറ്റ്ക്കോ" എന്ന പേർ സംഗീതംപോലെ എന്റെ ചെവിയിൽ മുഴങ്ങി. ഭാണ്ഡം മുറുക്കിക്കൊണ്ട് ഞാൻ അറിയാതെ ഉരുവിട്ടു, "ദൈവത്തിനു സ്തുതി." ഒട്ടും വൈകാതെ ഞാൻ പുറത്തേക്കു നടന്നു. ആരെങ്കിലുംവന്ന് പേരു തെറ്റി വായിച്ചതാണെന്നോ, അഥവാ എനിക്ക് യാത്രചെയ്യുവാൻ മാത്രം സുഖമില്ലെന്നോ പറഞ്ഞേക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. ഗെയിറ്റിനു പുറത്തായിക്കഴിഞ്ഞപ്പോൾ ഞാൻ ഇരുന്നു ആശ്വസിച്ചു. അടുത്ത കല്പന പ്രതീക്ഷിച്ചു. പോകുവാൻ ഒരുങ്ങിനില്ക്കുന്നവർ ഏതാണ്ട് അൻപതു വാര അകലെയായിരുന്നു. പക്ഷേ, ഒരടികൂടി വയ്ക്കുവാൻ ഞാൻ ശക്തനായിരുന്നില്ല. അവരുടെകൂടെ എത്തിച്ചേരുവാൻ ഒരു ബാലൻ എന്നെ സഹായിച്ചു. ഗാർഡ്മാർ ഞങ്ങളെ മുമ്പോട്ടു നയിച്ചപ്പോഴും പ്രസ്തുത ബാലൻ എന്നെ സഹായിക്കുകയുണ്ടായി.

മുന്നോട്ടുള്ള മാർച്ചിംഗ് മണിക്കൂറുകൾ നീണ്ടുനിന്നു. കേവലം മനഃശക്തികൊണ്ടുമാത്രമാണ് ഞാൻ മുന്നോട്ട് നീങ്ങിയിരുന്നതു്. അന്ത്യം പ്രാപിക്കാറായിരുന്ന ഞാൻ വഴിയിൽ ബോധരഹിതനായി വീഴരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ബാലന്റെ കാലടികളെ പിന്തുടർന്നുകൊണ്ടിരുന്നു.

തീവണ്ടി വന്നതോടെ ഞങ്ങളിൽ ഒരു പുതിയ ജീവൻ അനുഭവപ്പെട്ടു. പെട്ടി വണ്ടികളായിരുന്നു എങ്കിലും ഇൻസ്റ്റൻബുള്ളിൽവച്ച് കണ്ട റഷ്യൻ പെട്ടികൾ ഞങ്ങളിൽ ഉണ്ടാക്കിയതിനു് വിപരീതമായ പ്രതികരണമാണ് ഇപ്പോൾ അവ ഞങ്ങളിലുളവാക്കിയതു്. ശരത്കാലസായാഹ്നമായിരുന്നു. സായാഹ്നസൂര്യന്റെ തങ്കക്കിരണങ്ങളിൽ മുങ്ങിക്കുളിക്കുന്ന തീവണ്ടി ഞങ്ങളെ ക്ഷണിക്കുന്നതായി തോന്നി.

പെട്ടിവണ്ടി കുറേക്കൂടി പൊക്കിയാണ് പണിതിരുന്നതു്. തടവുകാർ കയറിക്കഴിഞ്ഞപ്പോൾ വാതിലുകൾ പൂട്ടുകയുണ്ടായില്ല. അതുമൂലം ശുദ്ധവായു ശ്വസിക്കാനും, പുറത്തെ കാഴ്ചകൾ കാണുന്നതിനും ഞങ്ങൾക്ക് സാധിച്ചു. തീവണ്ടി നില്ക്കുന്നിടത്തു് പുറത്തിറങ്ങുന്നതിനു് തടസ്സമൊന്നുമില്ലായിരുന്നു.

തടവുകാർ തമ്മിലുള്ള പെരുമാറ്റരീതിയിലും വലിയ വ്യത്യാസം ഉണ്ടായിരുന്നു. എല്ലാവരും തന്നെ പരസ്പര ധാരണയോടെയാണ് വർത്തിച്ചിരുന്നതു്.

ജംഗ്ഷനുകളിൽ മാത്രമെ വണ്ടി നിറുത്തിയിരുന്നുള്ളൂ. മിക്ക ജംഗ്ഷനിലും തടവുകാരെ കയറ്റിയിട്ടുള്ള പെട്ടിവണ്ടികൾ ഞങ്ങളുടെ വണ്ടിയോടുകൂട്ടി ഘടിപ്പിച്ചിരുന്നു. വിവിധ ലേബർ ക്യാമ്പുകളിൽ നിന്നു കൊണ്ടുവരപ്പെട്ടവരാണ് അവർ. കൂട്ടിഘടിപ്പിച്ചുകൊണ്ടിരുന്ന വണ്ടിയുടെ എണ്ണം വർദ്ധിച്ചപ്പോൾ ഒരു എഞ്ചിൻ കൂടി ഘടിപ്പിക്കുകയുണ്ടായി.

ആദ്യത്തെ സ്റ്റോപ്പിൽവെച്ച് കൂടിയവരുടെ കൂട്ടത്തിൽ എന്റെ ഒരു പഴയ സ്നേഹിതൻ അഗസ്റ്റ് ഉണ്ടായിരുന്നു. ഞാൻ ചോദിച്ചു "നിങ്ങളുടെ തൊണ്ടവീക്കം എങ്ങനെയായി?"

"അച്ചൻ ആറുകൊല്ലം മുമ്പുതന്ന തേൻ വളരെ ഉപകരിച്ചു. തൊണ്ടവീക്കം നിശ്ശേഷം മാറി."

യാത്ര തുടങ്ങിയിട്ട് ഇരുപത്തൊന്നു ദിവസമായി. ദിവസങ്ങൾ കഴിയുംതോറും 'വീട്ടിലേക്കു പോകുന്നു' എന്ന സന്തോഷചിന്ത ഞങ്ങളിൽനിന്നകന്നു തുടങ്ങി. യാത്രക്കാർ പൊതുവേ ഭോഷൈകട്ടുകളായി മാറിക്കഴിഞ്ഞിരുന്നു. ഒന്നരണ്ടു പേർ ഞങ്ങളിൽ പ്രത്യാശ പകർന്നുകൊണ്ടിരുന്നു. തെക്കൻ റഷ്യയിൽ ഏതോ ലേബർ ക്യാമ്പിലേക്കാണു തങ്ങളെ കൊണ്ടുപോകുന്നതെന്ന് ഒരു സംസാരം തടവുകാരുടെ ഇടയിൽ പരന്നു. എന്റെ വിചാരഗതിയും വ്യത്യസ്തമായിരുന്നില്ല. സോവ്യറ്റ് അധീനത്തിലുള്ള കിഴക്കൻ പ്രുഷ്യയിലേക്കാണു ഞങ്ങളെ കൊണ്ടുപോകുന്നതെന്നു ഞാൻ വിചാരിച്ചു. എങ്കിൽ പരിചയമുള്ള ആരെയെങ്കിലും കണ്ടുമുട്ടുവാൻ സാധിക്കുമല്ലോ എന്നു ഞാൻ പ്രത്യാശിച്ചു. ഞങ്ങളുടെ ആരുടെയും ഊഹം ശരിയായിരുന്നില്ല.

ഭക്ഷണസാധനങ്ങൾ പാകം ചെയ്തിരുന്നതു് ഒരു പ്രത്യേക വണ്ടിയിലാണു്. പ്രസ്തുത ജോലി സിസ്റ്റർ ഇമെൽഡായുടെ മേൽനോട്ടത്തിലായിരുന്നു! സൂസ്സെൻബർഗ്ഗിൽ കമ്മ്യൂണിസ്റ്റ് ഭീഷണി ഉണ്ടായ ദിവസം മുതൽ സോവ്യറ്റ് തുരുപ്രദേശത്തെ ക്യാമ്പു ജീവിതം കഴിഞ്ഞ് മടങ്ങുന്നതുവരെ ഞങ്ങൾ തുല്യ ദുഃഖിതരാണു്. സഹായം ഏറ്റവും ആവശ്യമുണ്ടായിരുന്ന അവസരങ്ങളിൽ ഈ നല്ല കന്യാസ്ത്രീയുടെ സേവനം എനിക്കു ലഭിച്ചതിൽ ഞാൻ ദൈവത്തിനു സ്തോത്രം ചെയ്തു. ദിവസത്തിൽ രണ്ടുപ്രാവശ്യം ഒരു വിധം തൃപ്തികരമായ ഭക്ഷണം ഞങ്ങൾക്കു കിട്ടിയിരുന്നു. ടെയിൻ നിറുത്തുന്ന അവസരത്തിലാണു് ഭക്ഷണം വിളമ്പിയിരുന്നതു്.

വീട്ടിലേക്കു് തിരിച്ചു യാത്രചെയ്യുമ്പോൾ കഴിഞ്ഞ കഴിഞ്ഞ അനുഭവങ്ങളെക്കുറിച്ചു് ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുക സ്വാഭാവികമാണു്. ക്ഷീണിച്ചിരുന്ന ഞങ്ങൾക്കു ചിന്തിക്കുക ആയാസകരമായിരുന്നു. ഭാവി അനിശ്ചിതമായി ഞങ്ങൾക്കു് അനുഭവപ്പെട്ടു. പരുപരുത്ത പലകപ്പുറത്തു്, കൂടുങ്ങിക്കൊണ്ടിരിക്കുന്ന വണ്ടിയിലുള്ള യാത്ര രോഗവിമുക്തിക്കോ, ഉല്ലാസത്തിനോ പറ്റിയതല്ലതന്നെ. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ജീവനോടെ നാട്ടിൽ ചെന്നെത്തുവാൻ സാധിച്ചാൽ അതു വലിയ ഭാഗ്യമായി ഞാൻ കരുതി. വ്രണങ്ങളിൽ പൊരട്ടിയിരുന്ന മരുന്നു് ഉണങ്ങിക്കഴിഞ്ഞിരുന്നു. വ്രണം വീണ്ടും പഴുത്തൊലിക്കാൻ തുടങ്ങി. ചുറുചുറുക്കു നടക്കുന്നതൊന്നും അറിയാതെ രോഗമയക്കത്തിൽ ലയിച്ചു ഞാൻ വെറുതെ ഇരുന്ന നേരം കഴിച്ചുകൂട്ടി.

ഡ്വീനാ നദീതീരത്തുള്ള കോറ്റ്ലസാണ് ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ട ആദ്യത്തെ നഗരം. അങ്ങകലെ ഉയർന്നു കാണുന്ന കെട്ടിടങ്ങൾ നാഗരികതയെ സമീപിക്കുകയാണെന്ന് ഞങ്ങളെ ഗ്രഹിപ്പിച്ചു. സമനിരപ്പുള്ള കൃഷിസ്ഥലങ്ങളിലൂടെയാണ് തീവണ്ടി നീങ്ങുന്നതു്. കൃഷിസ്ഥലങ്ങളിലുള്ള കളപ്പുരകൾ ഫാക്ടറികളുടെ പ്രതീതി ഞങ്ങളിലുളവാക്കി. സാധാരണ കളപ്പുരകൾക്കുള്ള സുഭഗത അവയ്ക്കില്ലതന്നെ. അനേകശതം അടി നീളമുള്ള പ്രസ്തുത കെട്ടിടങ്ങൾ കാഴ്ചക്കാരിൽ ഭയം ജനിപ്പിക്കാൻ പോരുന്നതാണ്.

എട്ടു ദിവസം കഴിഞ്ഞു് വളരെ ഉയരവും നീളവുമുള്ള ഒരു പാലം ഞങ്ങൾ കടന്നു. അങ്ങകലെ നദീതീരത്തു് വ്യവസായ സ്ഥാപനങ്ങൾ ഉയർന്നു നില്ക്കുന്നതു് ഞങ്ങൾ കണ്ടു. അഴുക്കു നിറഞ്ഞ പട്ടണാതിർത്തി പ്രദേശത്തുകൂടെയാണ് ഇപ്പോൾ ഞങ്ങളുടെ യാത്ര. ലേബർ ക്യാമ്പിലെ ബാരക്കുകൾപോലെ നീണ്ട കെട്ടിടങ്ങൾ ഞങ്ങളിൽ പൂർവ്വസ്മരണയുളവാക്കി.

അതു് വോൾഗാ നദിയായിരുന്നു. ഘനവ്യവസായ കേന്ദ്രമായ ഗോർക്കി നഗരമാണതു്. പ്രസ്തുത നഗരത്തിന്റെ പഴയ പേരു നിഷ്നി നോവ്ഗോറോഡ് എന്നായിരുന്നു.

ഗോർക്കി സിസ്റ്റം ലേബർ ക്യാമ്പിൽനിന്നും പട്ടാളക്കാരായ തടവുകാർ ഇവിടെ വെച്ചു് ഞങ്ങളോടു ചേർന്നു. രണ്ടോ മൂന്നോ കൊല്ലം കല്ലുരി ഖനികളിലും ലോഹഖനികളിലും നിർബ്ബന്ധിത സേവനമനുഷ്ഠിച്ചവരാണു അവർ.

സാധാരണ പൗരന്മാർ ജോലി ചെയ്തിരുന്ന അനേകം ക്യാമ്പുകൾ അവർ കണ്ടതായി ഞങ്ങളോടു പറഞ്ഞു.

അവരോടുകൂടി ഖനികളിലും, ഇഷ്ടിക ഫാക്ടറികളിലും ജോലി ചെയ്തിരുന്നവർ അധികവും സ്ത്രീകളായിരുന്നുവത്രെ. ചെൽയാ ബിൻസ്കു് എന്ന സ്ഥലത്തെ ലേബർ ക്യാമ്പിൽ പന്തീരായിരം തടവുകാർ ജോലി ചെയ്തിരുന്നു.

കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണ് പ്രസ്തുത പട്ടാളക്കാർ ധരിച്ചിരുന്നതു്. അവരുടെ ശാരീരിക സ്ഥിതി ഞങ്ങളുടേതിൽ നിന്നു ഒട്ടും ഭിന്നമായിരുന്നില്ല. "നിങ്ങളുടെ മരണനിരക്കു് എൺപതു ശതമാനത്തിൽ കവിയാതിരുന്നതു് ഭാഗ്യമായി കണക്കാക്കണം" എന്നു അവർ ഞങ്ങളോടു് പറഞ്ഞു. അവരുടെ കണ്ണുകൾ നിർജ്ജീവങ്ങളായി കാണപ്പെട്ടു. നിരുത്സാഹരും നിരാശാഭരിതരും ആയിരുന്നു അവർ. ഞങ്ങളോടു് അവർ പുകയില ചോദിച്ചതു് അല്പം ഉന്മേഷത്തോടെയാണ്.

ഗോർക്കിയിൽ നിന്നു മോസ്കോയുടെ പടിഞ്ഞാറു ഭാഗം ലക്ഷ്യമാക്കി തീവണ്ടി നീങ്ങി. ഇരുവശത്തുമുള്ള മണ്ണു് വളക്കൂറുള്ളതാണ്. കൂടിൽ വ്യവസായ കേന്ദ്രങ്ങൾ അവിടവിടെ കണ്ടുകൊണ്ടിരുന്നു. ഇവി

ടെ ചില്ലയിടങ്ങളിൽ വണ്ടി നിറുത്തിയപ്പോൾ ചന്തക്കുട്ടികൾ വണ്ടിക്കു ചുറ്റും കൂടി, തടവുകാരെ കൂവിവിളിച്ചു് കളിയാക്കുകയുണ്ടായി. മോസ്കോയുടെ അതിർത്തി പ്രദേശത്തു് തീവണ്ടി ഒരു ദിവസം നിന്നു. ഞങ്ങൾ വീണ്ടും യാത്ര തുടർന്നപ്പോൾ നല്ല വേഗമുള്ള തീവണ്ടികൾ കണ്ടു. തീവണ്ടികളിൽ ഭയങ്കര തിക്കും തിരക്കുമാണു്. പ്രസ്തുത തീവണ്ടിപ്പാളങ്ങൾക്കു സമാന്തരമായുള്ള റോഡ് ശൂന്യമായിരുന്നു. രണ്ടുമൂന്നു മോട്ടോർ സൈക്കിൾ യാത്രക്കാരെയല്ലാതെ ആരെയും ഞങ്ങൾ കണ്ടില്ല.

അടുത്ത ഒരാഴ്ച തെക്കുപടിഞ്ഞാറോട്ടായിരുന്നു ഞങ്ങളുടെ യാത്ര. യൂറോപ്യൻ–റഷ്യൻ പ്രദേശങ്ങളിൽ യുദ്ധത്തിന്റെ അവശിഷ്ടങ്ങൾ കാണുവാനുണ്ടായിരുന്നു.

ഓപ്പായിൽ തീവണ്ടി നിന്നു. ജീർണ്ണിച്ചതും ചില ഭാഗങ്ങൾ കത്തി ദഹിച്ചതുമായ കാറുകളും ട്രക്സ് വാഗണുകളും ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടു. വണ്ടി നിറുത്തുന്ന ഇടങ്ങളിൽ എല്ലാം റഷ്യൻ സിവിലിയൻസ് പഴയ സാധനങ്ങൾ തടവുകാരിൽ നിന്നും വിലക്കു വാങ്ങുവാനായി വന്നിരുന്നു. വസ്ത്രങ്ങളും പുതപ്പുകളും കിട്ടുവാനാണു് അവർ ഏറ്റവും ആഗ്രഹിച്ചതു്. എന്റെ പഴയ കൈയുറയും തലയിണ ഉറയും ഏതാനും പഴവർഗ്ഗങ്ങൾക്കായി ഞാൻ കൈമാറി. കയ്പുള്ള പ്രസ്തുത പഴങ്ങൾ ഞാൻ ആർത്തിയോടെ ഭക്ഷിച്ചു. ഇതുപോലെ ഒരു പഴവും ഇതിനുമുമ്പു് ഒരു സ്റ്റേഷനിൽ രണ്ടു ദിവസം വണ്ടിനിന്നു. രോമത്തൊപ്പിധരിച്ച, താടിവളർത്തിയിട്ടുള്ള ഒരാൾ വണ്ടിയിലേക്കു തലയിട്ടുകൊണ്ടു ചോദിച്ചു, "ഏറമ് ലാൻഡിൽനിന്നു ആരെങ്കിലുമുണ്ടോ?" എന്റെ വൈദിക വിദ്യാഭ്യാസകാലത്തെ സ്നേഹിതനായിരുന്ന ഫാദർ അല്ഫോൻസായിരുന്നു അതു്. സിസ്റ്റർ ഇമെൽഡായാണു് അദ്ദേഹത്തെ എന്റെ പക്കലേക്കു് പറഞ്ഞയച്ചതു്.

വൈറ്റ്റഷ്യയുടെ തലസ്ഥാനമായ മിൻസ്കിൽ തടവുകാരെ ഇറക്കി. ക്ഷീണിച്ചു വിവശനായിരുന്ന എന്റെ ഹൃദയസ്പന്ദനം നില്ക്കുന്നതായി എനിക്കു തോന്നി. തടങ്കൽപ്പാളയത്തിൽനിന്നു രക്ഷപെട്ടതു് ഇങ്ങനെ വഴിയിൽവെച്ചു് മരിക്കാൻ വേണ്ടിയായിരുന്നോ എന്നു ഞാൻ ചിന്തിച്ചുപോയി.

അങ്ങനെ നിശ്ചേഷ്ടനായി കിടക്കുന്ന സമയത്തു് സിസ്റ്റർ ഇമെൽഡാ ഓടിവന്നു എന്റെ കൈക്കു പിടിച്ചു. പതിനാലു വയസ്സുള്ള ഒരു പെൺകുട്ടി മരിക്കാൻ കിടക്കുകയാണെന്നും എന്നെ അവളുടെ പക്കലേക്കു് കൊണ്ടുപോകുവാനാണു് സിസ്റ്റർ വന്നതെന്നും പറഞ്ഞു. ഞാൻ ഒരുവിധത്തിൽ അവിടെ എത്തി അവൾക്കു് അന്ത്യകൂദാശകളും നല്കി. അധികം താമസിയാതെ പെൺകുട്ടി അന്ത്യശ്വാസം വലിച്ചു.

മിൻസ്കിൽനിന്നു ബ്രെസ്റ്റ്–ലിറോവിസ്കിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. ഈ രണ്ടു നഗരങ്ങൾക്കുമിടക്കുള്ള സ്ഥലം പോളണ്ടിന്റേതായിരുന്നു. ഇപ്പോൾ അതു് സോവ്യറ്റ് ഗവണ്മെന്റിന്റെ കീഴിലാണു്.

ബ്രെസ്റ്റ്–ലിറോവിസ്കിൽ സന്തോഷിക്കുവാനും ദുഃഖിക്കുവാനും വകയുണ്ടായിരുന്നു. അവിടെവെച്ചു് ട്രെയിൻ മാറുകയുണ്ടായി. യൂറോപ്പിൽമാത്രം ഉള്ള നാരോഗെയിജ്റെയിൽപ്പാളമായിരുന്നു അവിടംമുതൽ. അതിനാൽ റഷ്യൻ ലേബർ ക്യാമ്പിലേക്കല്ല ഞങ്ങളെ കൊണ്ടുപോകുന്നതെന്നു തീർച്ചയായി. പക്ഷെ ജർമനിയിലേക്കാണു് ഞങ്ങളെ കൊണ്ടുപോകുന്നതെങ്കിൽ ബ്രെസ്റ്റ്–ലിറോവിസ്കിൽകൂടി വളഞ്ഞുപോകുന്നതെന്തിനു് എന്നു പ്രശ്നം അവശേഷിച്ചു.

ചിന്തിക്കുവാൻ ശക്തനല്ലാതിരുന്ന ഞാൻ പുറത്തേക്കു നോക്കി ഇരുന്നു. സുഖക്കേടുകാരും അവശരുമായ ഒരു ഗണം സ്ത്രീകൾ പ്രേക്ഷിണമായി ആദ്യം വരുന്ന ട്രെയിൻ പ്രതീക്ഷിച്ചു മെല്ലെ നീങ്ങിക്കൊണ്ടിരുന്നു. അവരുടെ നികൃഷ്ടാവസ്ഥ വർണ്ണിക്കുക സാദ്ധ്യമല്ല. അശ്രദ്ധം അല്പോൽസും എന്നോടുകൂടെ ചേർന്നു. ഞങ്ങൾ ഏറമ്യാ ദീർഘദർശിയുടെ വിലാപത്തിലെ ചില വാക്യങ്ങൾ അനുസ്മരിച്ചു: "അവൾ രാത്രിയിൽ കരഞ്ഞു പ്രലപിച്ചു; അവളുടെ കവിൾത്തടങ്ങളിൽ കണ്ണുനീർത്തുള്ളികൾ..... അവളുടെ മക്കൾ അടിമകളാക്കപ്പെട്ട.....വഴിയേ പോകുന്നവരെ, കണ്ടാലും! എന്റെ ദുഃഖംപോലെ വലിയ ദുഃഖം വേറെ ഉണ്ടോ?..... അവരുടെ മുഖം കരിയേക്കാൾ കറുത്തതാക്കപ്പെട്ടിരിക്കുന്നു. അവർ തിരിച്ചറിയപ്പെടുന്നില്ല.... അവരുടെ തൊലി അസ്ഥിയോടു ചേർക്കപ്പെട്ടിരിക്കുന്നു, അവ ചുള്ളിമരംപോലെയായിത്തീർന്നിരിക്കുന്നു."

ചൂടും സൂര്യപ്രകാശവുമുള്ള ശരത്കാല കാലാവസ്ഥ തുടർന്നുകൊണ്ടിരുന്നു. ഇടക്കിടയ്ക്കു് സംതൃപ്തമനോഭാവത്തോടുകൂടി കൃഷീവലന്മാർ അവരവരുടെ ചെറു ഭവനങ്ങളിൽ ഇരിക്കുന്നതു ഞങ്ങൾ കണ്ടു. സമാധാനത്തോടും സംതൃപ്തിയോടുംകൂടി കേവലപ്പെക്കു് ജീവിക്കുവാൻ സാധിക്കുമായിരുന്നു.

ലബ്ളിനും ക്രാക്കോക്കുമിടക്കു തീവണ്ടി മൂന്നു ദിവസം കിടന്നു. ഞങ്ങളുടെ ചുറ്റും പെട്ടിവണ്ടികൾ നിറഞ്ഞ റെയിൽവേപ്പാളങ്ങളുണ്ടായിരുന്നു. ഈ പെട്ടിവണ്ടികളിലെല്ലാം മുള്ളുകമ്പി പിടിപ്പിച്ച വാതിലുകളാണു്. വിദൂരധ്രുവപ്രദേശങ്ങളിലെ ലേബർ ക്യാമ്പുകളിലേയ്ക്കാണു് അവ കൊണ്ടുപോകുന്നതെന്നു ചിന്തിച്ചപ്പോൾ, ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ആനന്ദം വളരെ കുറഞ്ഞുപോയി.

ജയിലറകളിലേയ്ക്കു പോകുന്ന വണ്ടികാത്തു് ഒരു ഗണം സ്ത്രീകളും കുട്ടികളും തീവണ്ടിപ്പാളത്തിനരികേ തീ കാഞ്ഞുകൊണ്ടിരുന്നു. കറുത്ത വസ്ത്രങ്ങൾ ധരിച്ച ഒരു സ്ത്രീ ഞങ്ങളുടെ പക്കൽവന്നു ചോദിച്ചു: "നിങ്ങൾ

എവിടെനിന്ന വരുന്നു?" "പെറ്റ്കോറ" ഞങ്ങൾ പറഞ്ഞു. അവൾ പറഞ്ഞു: "എനിക്കറിയാം. ഞങ്ങൾ അങ്ങോട്ട പോവുകയാണ്."

അവർ അഞ്ചു കൊല്ലമായി ഇങ്ങനെ ക്യാമ്പു മാറിമാറി കഴിയാൻ തുടങ്ങിയിട്ട്. ആദ്യം ഹിറ്റ്ലർ അവരുടെ നാട്ട് എണ്ണയ്ക്കുവേണ്ടി സ്റ്റലിനെ വിറ്റു. അവിടത്തുകാരെ പടിഞ്ഞാറൻ പ്രുഷ്യയിലേയ്ക്ക് മാറ്റി പാർപ്പിച്ചു. ചെമ്പടയുടെ ആക്രമണം ഉണ്ടായപ്പോൾ അവർ ബവേറിയായിലേയ്ക്ക് ഒളിച്ചോടി. പിന്നീട് അമേരിക്കക്കാർ അവരെ ഒരു ക്യാമ്പിലടച്ചു. അവസാനം അമേരിക്കർ അവരെ റഷ്യാക്കാക്ക് കൈയേല്പിച്ചു. ഇപ്പോൾ അവരെ നിബ്ബന്ധിത ലേബർ ക്യാമ്പിലേയ്ക്കു കൊണ്ടുപോകുകയാണ്.

ഞങ്ങളുടെ യാത്ര ഒരിക്കലും അവസാനിക്കയില്ല എന്നു തോന്നി. എന്റെ പ്രണങ്ങൾ പഴുത്തു് നാശമായി, കൂടുങ്ങി കൂടുങ്ങി നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പെട്ടിവണ്ടിയിൽ ജീവൻ അവസാനിക്കുമെന്നതന്നെ ഞാൻ തീർച്ചയാക്കി.

അവസാനം ഗാർഡു വിളിച്ചു പറഞ്ഞു: "ഗോർസോ." ഗോർസോ ബർലിനിൽനിന്നും ഏതാണ്ട് നൂറു മൈൽ കിഴക്കു സ്ഥിതിചെയ്യുന്ന ഒരു പട്ടണമാണ്. അതു് ഒരു ശ്മശാന നഗരമാണെന്നു തോന്നി. കോനിംഗ്സ്ബർഗ്ഗിനും ബർലിനുമിടക്കുള്ള പ്രധാന തീവണ്ടിപ്പാളത്തിലൂടെ ആയിരുന്നു പിന്നീടുള്ള ഞങ്ങളുടെ യാത്ര. അവിടെനിന്ന വണ്ടി പടിഞ്ഞാറോട്ട പോയിത്തുടങ്ങിയപ്പോൾ ഒന്നു ഞങ്ങൾ ഗ്രഹിച്ചു, ഞങ്ങളെ ഞങ്ങളുടെ സ്വന്തം നാടായ കിഴക്കൻ പ്രുഷ്യയിലേക്കല്ല കൊണ്ടുപോകുന്നതെന്നു്. ഈ സാഹചര്യങ്ങളിൽ പരിചയമുള്ള സ്ഥലങ്ങളുടെ കാഴ്ച്ച എന്നിൽ അല്പംപോലും ഉന്മേഷം പകർന്നില്ല.

കുറെയൊക്കെ ഉന്മേഷം തോന്നിയിരുന്ന ചിലർ തങ്ങൾക്കു പരിചയമുള്ള സ്ഥലം കണ്ടു രസിക്കുവാൻ തുടങ്ങി.

അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ രണ്ടു അഭയാർത്ഥി ദമ്പതികൾ ഞങ്ങളുടെ വണ്ടിയിൽ കയറി. തടവുകാരായ ഞങ്ങളുടെ കൂടെ സിവിലിയൻസ് കയറിയതിൽ ഞങ്ങൾ അത്ഭുതപ്പെട്ടു. അവർ ബർലിനു സമീപമുള്ളവരാണു്; ഫ്രാങ്ക്ഫർട്ടിലേയ്ക്കു പോകണമെന്നാണ് പ്ലാൻ. ബർലിനിൽ ജർമ്മൻ സിവിലിയൻസിനു് യാത്ര മുടക്കിയിരിക്കയാണ്. ആ ദമ്പതികൾ കുതിരപ്പുറത്താണ് ബർലിനിൽനിന്ന് പുറത്തു കടന്നതു് നാഷ്ടരിഷ്ടങ്ങൾ നിറഞ്ഞു കിടക്കുന്ന ബർലിനെക്കുറിച്ചു് അവർ പറഞ്ഞു. പണത്തിന്റെ വില ഇടിഞ്ഞിടിഞ്ഞു് പണം ഉപയോഗശൂന്യമായിരിക്കുന്നു; ഒരു ദിവസത്തെ റേഷൻ മൂന്നു കഷണം റൊട്ടിയാണ്. അവരുടെ വാടിത്തളർന്ന മുഖങ്ങളിൽ ഭീതി നിഴലിച്ചിരുന്നു. അവർ തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങൾ പറയുവാൻ വിസ്സമ്മതം പ്രകടിപ്പിച്ചു.

ഫ്രാങ്ക്ഫർട്ടിൽ ഞാൻ നിസ്സഹായനായിരുന്നു. പകുതി ഇടിഞ്ഞു പൊളിഞ്ഞു കിടന്നിരുന്ന പ്രുസ്സ്യൻ സ്റ്റേഷനിൽ ആറര മണിക്കൂർ ഞങ്ങൾ തീവണ്ടി കാത്തു നിന്നു. അഗസ്റ്റും അല്ലോൻസും കൂടി സിസ്റ്റർ ഇമെൽഡായുടെ പക്കൽ എന്നെ എത്തിച്ചു. ഭാവിയെപ്പറ്റി ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു.

ഭാണ്ഡങ്ങൾ താഴെ ഇട്ടു് അതിൽ ഇരുന്നുകൊണ്ടു് ബർലിനിൽ ചെന്നെത്തുവാനുള്ള മാർഗ്ഗത്തെപ്പറ്റി ആലോചിച്ചു. അവിടെ പരിചയക്കാർ ഉണ്ടു്. പെട്ടെന്നു് എന്റെ ഹൃദയസ്പന്ദനം വർദ്ധിച്ചു. പ്ലാറ്റ്ഫാറത്തിൽ ഒരു വൈദികൻ നില്ക്കുന്നു. വൈദികവേഷത്തിൽ തന്നെയാണു്. പ്രുസ്സ്യൻ സന്ന്യാസ വൈദികൻ കൂടെയുള്ള മാന്യനോടു സംസാരിച്ചുകൊണ്ടുമെല്ലെ നടക്കുകയാണു്. ഞാൻ തീവണ്ടിപ്പാളം ക്രോസ് ചെയ്തു് അദ്ദേഹത്തെ സമീപിച്ചു. ധൃതിയിൽ നടന്നതിനാൽ പ്രണങ്ങൾ പൊട്ടിയൊലിച്ചു. അതൊന്നും കൂട്ടാക്കാതെ ഒരു സഹോദര വൈദികനെ കണ്ടതിലുള്ള സന്തോഷത്തോടെ ഞാൻ അദ്ദേഹത്തെ സമീപിച്ചു. ക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിൽ പങ്കുകാരനായ ഒരു വൈദികനെ കണ്ടതിൽ ഞാൻ മതിമറന്നു ആനന്ദിച്ചു.

മുറപ്രകാരം ഞാൻ അദ്ദേഹത്തെ അഭിവാദ്യംചെയ്തു. ലത്തീനിലായിരുന്നു അഭിവാദ്യം. "ലൗദേത്തൂർ യേസൂസ് ക്രീസ്തൂസ്! സഹോദരോസ്മും...." (ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. ഞാൻ ഒരു വൈദികനാണു്.) ഞാൻ തുടർന്നു, "പെറ്റ്കോറ ലേബർ ക്യാമ്പിൽ ഒൻപതു മാസം കഴിച്ചുകൂട്ടിയിട്ടു മടങ്ങുകയാണു്. അച്ചാ, എന്നെ ആശീർവ്വദിച്ചാലും"

അദ്ദേഹം ഞാൻ പറഞ്ഞതു കേട്ടു. നിന്ദാഭാവത്തിൽ നല്ല ജർമ്മനിൽ അദ്ദേഹം മറുപടി പറഞ്ഞു: "ഞാൻ ജർമ്മൻകാരനല്ല, പോളണ്ടുകാരനാണു്. നമ്മൾ തമ്മിൽ ബന്ധമൊന്നുമില്ല." അദ്ദേഹത്തിന്റെ കൂട്ടുകാരനോടു സംസാരിച്ചുകൊണ്ടു് അദ്ദേഹം നടന്നകന്നു കഴിഞ്ഞു.

സ്വാപ്പേക്കട്ടെത്ത ആ വിശുദ്ധന്റെ ആത്മീയപുത്രനു് എന്നോടു യാതൊരുബന്ധവുമില്ലെന്നു പറഞ്ഞതു് വിശ്വസിക്കുവാൻ കുറെ സമയം വേണ്ടിവന്നു. തല ചുറ്റുന്നതായി തോന്നി. ഏതായാലും അവിടെ നില്ക്കേണ്ടെന്നു് തോന്നിയതിനാൽ ഞാൻ തിരിയെ പഴയ സ്ഥാനത്തേയ്ക്കു പോന്നു.

ഞങ്ങളുടെ തീവണ്ടിയുടെ ചുറ്റും നിന്നിരുന്നവർ പ്രുസ്സ്യൻ രംഗം വീക്ഷിക്കുന്നുണ്ടായിരുന്നു. ആ വേളയോടുകൂടി അദ്ദേഹത്തെ സമീപിച്ചതും, മുട്ടുകുത്തിയും അഭിവാദ്യം ചെയ്തതും അവർ കണ്ടിരുന്നു. അദ്ദേഹം നിന്ദാപൂർവ്വം പെരുമാറുന്നതു കണ്ടപ്പോൾ ചിലർ കളിയാക്കി ചിരിച്ചു. മറ്റുചിലർ എന്നോടു മൗനമായി സഹതാപം പ്രകടിപ്പിച്ചു.

ഞാൻ ആരുടേയും മുഖത്തു നോക്കാൻ ശക്തനാവാതെ പെട്ടിവണ്ടിയിൽ പ്രവേശിച്ചു. റഷ്യയിൽവെച്ച് ഒരിക്കലും കരഞ്ഞിട്ടില്ലാത്ത ഞാൻ വ്യസനപൂർവ്വം കരഞ്ഞു. ഈ ചെറിയ സംഭവത്തിന്റെ ആന്തരാർത്ഥം എന്നെ കൂടുതൽ ദുഃഖാകുലനാക്കി. പരസ്പരസ്നേഹവും സൌഹൃദവും യുദ്ധത്തിന്റെ അനിവാര്യ ഫലങ്ങളായിരുന്നു. രാഷ്ട്രങ്ങളുടെ പാതകങ്ങളുടെ വിലയാണതു്! ഈ വ്രണം എളുപ്പത്തിൽ കരിയുകയില്ല. റഷ്യൻ ക്യാമ്പിൽ വെച്ച് മരിക്കുകയായിരുന്ന ഭേദം എന്നു ഞാൻ ചിന്തിച്ചുപോയി. അപ്രതീക്ഷിതമായ പ്രസ്ഥ പ്രഹരത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് അപ്പോൾ എനിക്കു് ചിന്തിക്കുവാൻ കഴിഞ്ഞില്ല. ലോകമെങ്ങുമുള്ള തിരുസ്സഭാ ഗാത്രത്തിൽ കാൻസർപോലെ ബാധിച്ചിരിക്കുന്ന പരസ്പരസ്നേഹത്തെ പരിഹാര മനുഷ്ടിക്കേണ്ടതിന്റെ ആവശ്യകത ദൈവം എന്നെ ഗ്രഹിപ്പിക്കുകയായിരുന്നു.

XIV ജന്മനാടല്ലാത്ത ജർമ്മനിയിലേയ്ക്ക്

അവശനും തീരെ ബലഹീനനും ആയിത്തീർന്നിരുന്ന ഞാൻ വണ്ടിയിൽ തന്നെ ഇരിക്കുകയായിരുന്നു. ഗാർഡുമാർ വിളിച്ചുപറഞ്ഞു, "എല്ലാവരും പുറത്തിറങ്ങുക." അഗസ്റ്റ് കൈക്കുപിടിച്ചു സഹായിച്ചു. തടവുകാർ നാലു നിരയായിനിന്നു. ഫ്രാൻക്ഫർട്ട പട്ടണത്തിൽനിന്നു മൂന്നുമൈൽ അകലേയുള്ള പഴയ പട്ടാള ബാരക്കാണ് ഞങ്ങളുടെ ലക്ഷ്യം. തുടച്ചുയായി ഇരുപത്തെട്ടുദിവസം തീവണ്ടിയിൽ കഴിച്ചുകൂട്ടിയ ഞങ്ങൾക്ക് നടപ്പു വളരെ പ്രയാസകരമായിരുന്നു. ഇഴഞ്ഞു വലിഞ്ഞു എല്ലാവരും മുന്നോട്ടു നീങ്ങി. തീരെ നടക്കുവാൻ വയ്യാത്തവരെ അടുത്തുള്ള ആസ്പത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതാണെന്ന് ഗാർഡ് ഞങ്ങളെ അറിയിച്ചു.

ജർമ്മൻ പ്രദേശത്തുകൂടെയാണു ഞങ്ങൾ നടന്നിരുന്നതെങ്കിലും ആ പ്രദേശം സോവ്യറ്റ് ഭരണത്തിൻ കീഴിലായിരുന്നെന്ന് സ്പഷ്ടമായിരുന്നു. സ്റ്റലിൻ, ലെനിൻ, മൊളോട്ടോവ് തുടങ്ങിയവരുടെ വലിയ പടങ്ങൾ മിക്കകെട്ടിടങ്ങളിലും പ്രദർശിപ്പിക്കപ്പെട്ടിരുന്നു. അവയിൽ ചില പടങ്ങളുടെ മുമ്പിൽ പട്ടാപ്പകൽപോലും ബൾബു കത്തുന്നുണ്ടായിരുന്നു.

ആദ്യനാളുകളിൽ സൂസ്സെൻബർഗ്ഗിൽ കണ്ടിരുന്നതുപോലെ റഷ്യൻ പട്ടാളക്കാർ റോഡുകളിൽ പരക്കം പാഞ്ഞു നടന്നിരുന്നു. ഗാർഡുമാർ നയിച്ചിടത്തേയ്ക്ക്, യാതൊന്നും മിണ്ടാതെ ഞങ്ങൾ നടന്നു. വിശപ്പും വേദനയും ക്ഷീണവും ഒഴിച്ച് വേറൊരു വികാരവും ഞങ്ങളെ ബാധിക്കുക സാദ്ധ്യമായിരുന്നില്ല ആ സമയത്ത്. ജന്മനാട്ടിലാണെന്നോ സ്വതന്ത്രരാണെന്നോ ഞങ്ങൾക്കനുഭവപ്പെട്ടില്ല.

അവസാനം ഒരു പഴയ പട്ടാള ബാരക്കിന്റെ മുമ്പിൽ ഉയർന്നു നില്ക്കുന്ന വാച്ചുടവരകൾ കണ്ടുതുടങ്ങി. പ്രധാന ഗെയിററിന്റെ മുക

ളിലുള്ള ആർച്ചിൽ ഒരു നല്ല സോവ്യറ്റ് യുഗത്തിന്റെ പ്രതീകങ്ങൾ കലാപാടവത്തോടെ ചിത്രീകരിച്ചിരുന്നു. നവീനരീതിയിലുള്ള അനേകം ഭവനങ്ങൾ ഒരുവശത്തു്; മറുവശത്തു് ഉദയസൂര്യന്റെ തങ്കരശ്മികൾ കൊണ്ടു് പ്രസ്തുത ഭവനങ്ങളെ തങ്കം ചാർത്തിക്കൊണ്ടിരിക്കുന്നു. ഇതായിരുന്നു ഒരു ചിത്രം. നല്ല നാളെയുടെ വാഗ്ദാനങ്ങൾ ചിത്രീകരിച്ചശേഷം ഇരുവശത്തുമായി സ്റ്റലിന്റെയും ലെനിന്റെയും ചിത്രങ്ങൾ വരച്ചു വച്ചിരുന്നു.

കന്നുകാലി ക്ലേശങ്ങളെപ്പോലെ ഗെയിറ്റു് തുറക്കുന്നതു പ്രതീക്ഷിച്ചു കൊണ്ടു് ഞങ്ങളവിടെ തടിച്ചുകൂടിനിന്നു. തടവുകാരെ ഒന്നുകൂടി എണ്ണി തിട്ടപ്പെടുത്തി. ഗെയിറ്റുതുറന്നു; പ്രത്യാശാപൂർവ്വം ഞങ്ങൾ ഉള്ളിലേയ്ക്കു പ്രവേശിച്ചു. ഉടനെതന്നെ തുറക്കപ്പെട്ട ഗെയിറ്റു് അടയുകയും ചെയ്തു.

ഒരു ജർമ്മൻ സർജൻറ് മൈഗഫോണിൽകൂടി മണൽ നിരത്തിയിട്ടുള്ള മൈതാനിയിൽ ഒരുമിച്ചുകൂടുവാൻ തടവുകാരോടു് വിളിച്ചുപറഞ്ഞു. സർജൻറിനു് അയാളുടെ ജോലി ഇഷ്ടപ്പെട്ടു. ജർമ്മനിയേയോ റഷ്യയേയോ സേവിക്കുന്നതിൽ അയാൾ വ്യത്യാസം ഒന്നും കണ്ടില്ല. സ്ത്രീകളും പുരുഷന്മാരും വേറെ വേറെ സ്ഥലത്തായി ഒരുമിച്ചുകൂടുവാൻ കല്പന കിട്ടി. പ്രസ്തുത കല്പന കേട്ടതോടെ ഒരു സ്ത്രീ ഹിസ്റ്റീരിയ ബാധിച്ചവളെപ്പോലെ ആയിത്തീർന്നു. ഏതോ ക്യാമ്പിലേയ്ക്കു തിരിച്ചയക്കുവാനുള്ള ശ്രമമാണു് അതെന്നു് അവൾ തീർച്ചയാക്കി.

സർജൻറ് ഞങ്ങളോടു് പറഞ്ഞു: "ഇപ്പോൾ നിങ്ങൾ സ്വതന്ത്ര ജർമ്മനിയിലാണു്. നാളെ നിങ്ങൾ പൂർണ്ണസ്വതന്ത്രരായിത്തീരും. രണ്ടു ദിവസത്തേയ്ക്കുള്ള ഭക്ഷണസാധനങ്ങൾ ഓരോരുത്തർക്കും നൽകപ്പെടും. ജർമ്മനിയിൽ എവിടെയെങ്കിലും നിങ്ങൾക്കുപോകാം." അയാളുടെ ഇംഗ്ലീഷു സംസാരം കേൾവിക്കാരെ ചിരിപ്പിക്കാൻ പോരുന്നതായിരുന്നു.

സർജൻറിന്റെ വാക്കുകളുടെ അർത്ഥം ഞങ്ങൾക്കു മനസ്സിലായില്ല. സോവ്യറ്റ് ഭരണരീതിക്കു് വല്ല മാറ്റവും ഉണ്ടായോ? എന്തോട്ടാണു് ഞങ്ങൾ പോകേണ്ടതു്? എങ്ങനെ അവിടെ എത്തിച്ചേരുവാൻ സാധിക്കും? സർജൻറ് വീണ്ടും വിളിച്ചുപറഞ്ഞു: "ജർമ്മനി എന്നു വെച്ചാൽ വിഭജനത്തിനു മുമ്പുള്ള ജർമ്മനി; പോളണ്ടിന്റേയോ, സോവ്യറ്റ് യൂണിയന്റേയോ, ചെക്കോസ്ലോവാക്കിയായുടെയോ ഭരണത്തിൻ കീഴിലുള്ള ജർമ്മനിയിൽ പോയിക്കൂടാ."

സർജൻറ് സ്വരം താഴ്ത്തി തന്റെ ആശയം കുറേക്കൂടി വ്യക്തമാക്കി. കിഴക്കൻ പ്രഷ്യാ, പടിഞ്ഞാറൻ പ്രഷ്യാ, പൊമെരാനിയാ, പോസെൻ, ഉത്തര സിലീസിയാ, ദക്ഷിണ സിലീസിയ.... എന്നീ പ്രോവിൻസുകളൊഴിച്ചു് മറ്റു് എവിടെയെങ്കിലും നിങ്ങൾക്കു പോകാം." അവിടെ കൂടിയിരുന്നവരെല്ലാംതന്നെ മേല്പറഞ്ഞ ഏതെങ്കിലും പ്രോവിൻസിൽപ്പെട്ടവരാ

യിരുന്നു. എവിടെയാണ് പോകേണ്ടതു്? പ്രസ്തുത ചോദ്യത്തിനു് ഞങ്ങൾക്കാർക്കും ഉത്തരമില്ലായിരുന്നു.

ഇവിടെയും സർജൻ്റ് ഞങ്ങളെ സഹായിച്ചു. അയാൾ പറഞ്ഞു, "മേല്പറഞ്ഞ പ്രോവിൻസിൽപ്പെട്ടവർ മറവരുത്തു് അണിനിരക്കുവിൻ. എവിടെപ്പോകണമെന്നു നിശ്ചയമില്ലെങ്കിൽ, പോകേണ്ടസ്ഥലം നിങ്ങളെ അറിയിക്കും. തല്ക്കാലം ഒരു പുനരധിവാസ ക്യാമ്പിലേയ്ക്കു് നിങ്ങളെ കൊണ്ടുപോകുന്നതായിരിക്കും."

മല്ഗ്യജർമ്മനിയിലോ, പടിഞ്ഞാറൻ ജർമ്മനിയിലോ ഞങ്ങൾക്കു പരിചയക്കാർ ആരും ഉണ്ടായിരുന്നില്ല. സഹായത്തിനു വല്ലവരേയും കിട്ടുമെന്നു പ്രതീക്ഷയുള്ള സ്ഥലങ്ങളെക്കുറിച്ചു് ഓരോരുത്തരും ചിന്തിച്ചുതുടങ്ങി. വീണ്ടും ക്യാമ്പുജീവിതത്തെക്കുറിച്ചു ചിന്തിക്കുകകൂടി സാദ്ധ്യമായിരുന്നില്ല. അഗസ്റ്റ് റോട്ടൻബർഗ്ഗിലേക്കും ഞാൻ ഫ്രൈംഡായിലേക്കും പോകുവാൻ നിശ്ചയിച്ചു. ബന്ധുമിത്രാദികളെ എവിടെയെന്നോ, എന്റെ മെത്രാനച്ചൻ എവിടെയെന്നോ എനിക്കറിഞ്ഞുകൂടാ. അവർ ജീവിച്ചിരിക്കുന്നുവോ എന്നും എനിക്കു നിശ്ചയമില്ലായിരുന്നു.

എന്റെ ചിലസുഹൃത്തുക്കൾ ഫ്രൈംഡായിലുണ്ടു്. പക്ഷേ എങ്ങനെ അവിടെ ചെന്നുപറ്റും? സോവ്യറ്റ് ജർമ്മനിയിൽ കഴിച്ചുകൂട്ടുന്നതു് ആപൽക്കരമാണു്; വീണ്ടും അറസ്റ്റു ചെയ്യാൻ പാടില്ലായ്കയില്ല. എന്തു ചെയ്യണമെന്നു് എനിക്കു് ഒരെത്തും പിടിത്തവും കിട്ടിയില്ല.

ഇങ്ങനെ ഇതികർത്തവ്യതാമൂഢനായി, ചിന്താമഗ്നനായി ഇരിക്കുമ്പോൾ ആരോ എന്നെ വിളിക്കുന്നതായി തോന്നി: "ഗെർഹാർഡ്" തലയുയർത്തി നോക്കിയപ്പോൾ കണ്ടതു്, സെമിനാരിയിൽ എന്റെ സഹോദരന്റെ ഉറ്റമിത്രമായിരുന്ന സ്റ്റീഫനെയാണു്. സ്റ്റീഫൻ കുഞ്ഞാനപ്പട്ടമേറ്റതു് രോഗാവധിക്കാലത്താണു്. ഇവിടത്തെ ബാരക്കിൽ രോഗത്തുരുമ്പേഷയാണു് അദ്ദേഹത്തിന്റെ ജോലി.

അദ്ദേഹത്തിന്റെ മുറിയിൽ കൊണ്ടുപോയി എനിക്കു ഭക്ഷണം തന്നു; ജോലിസമയം ആയിരുന്നതിനാൽ അധിക നേരം സംസാരിക്കാനൊത്തില്ല. രാവുംപകലുമില്ലാതെ അദ്ദേഹം രോഗികൾക്കുവേണ്ടി ബുദ്ധിമുട്ടിയിരുന്നു. മൂന്നുനേരം അദ്ദേഹം എനിക്കു ഭക്ഷണംകൊണ്ടുവന്നു തന്നിരുന്നു. എന്തൊരു ആത്മീയോടെയാണെന്നോ ഞാനതു ഭക്ഷിച്ചിരുന്നതു്.

അന്നു പാതിരാസമയത്തു് അദ്ദേഹം എന്റെ കുമ്പസ്സാരം കേട്ടു. ചെറിയ അരുളിക്കാ (Pyx) അദ്ദേഹം മേശമേൽ സ്ഥാപിച്ചു. നീണ്ട ഒൻപതു് മാസത്തിനുശേഷം ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തി. ഞങ്ങൾ പരസ്പരം കുഞ്ഞാനക്കൈമുന്നള്ളിച്ചുകൊടുത്തു! "നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം നിനക്കു് നിത്യജീവനു കാരണമായിത്തീരട്ടെ."

ഏതാനും നിമിഷങ്ങൾക്കുള്ളിൽ എനിക്ക് ഒരു നവജീവൻ അനുഭവപ്പെട്ടു. മിശിഹായോടുകൂടി പീഡയനുഭവിക്കുന്നവർ അവിടത്തെ ഉത്ഥാനത്തിൽ പങ്കുകാരാകുമെന്നു ഞാൻ അനുഭവിച്ചറിയുവാൻ തുടങ്ങി.

ഉപകാരസ്മരണ കഴിഞ്ഞപ്പോൾ അദ്ദേഹം എന്റെ കൈകളിലും കാലിലും പുറത്തുമുള്ള വ്രണങ്ങൾ കഴുകി മരുന്നുവച്ചു് കെട്ടി. മരുന്നു വെച്ചുകെട്ടുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു: "ഈ ബാരക്കിൽ ജോലി ചെയ്യുന്നതു് ആപൽക്കരമാണു്. എപ്പോഴാണു് റഷ്യൻ ക്യാമ്പിലേക്കയക്കപ്പെടുന്നതെന്നു് അറിഞ്ഞുകൂടാ. ഒരു പാരു് സിവിലിയൻ വസ്ത്രം കിട്ടിയാലുടൻ ഇവിടെനിന്നു കടക്കണം." എന്റെ കൈവശമുണ്ടായിരുന്ന ഒരു കോട്ടു് ഞാൻ അദ്ദേഹത്തിനു കൊടുത്തു. അതു അദ്ദേഹത്തിനിണങ്ങുന്നതായിരുന്നു. ഞങ്ങളുടെ പേർ വിളിക്കുന്ന സമയമായി, ഞാൻ സ്വതന്ത്രപൗരനാകുവാൻ പോകയാണു്. സ്റ്റീഫനു് ജോലിക്കു് ഹാജരാകുവാൻ നേരമായിരുന്നു. അദ്ദേഹം ഒരു മുന്നറിയിപ്പു് നല്കി: "ഈ ക്യാമ്പിനു് സമീപംവെച്ചു് തീവണ്ടിയിൽ കയറാതിരിക്കുവാൻ സൂക്ഷിക്കുക. സൈബീരിയായിലായിരിക്കും അവ നിങ്ങളെ എത്തിക്കുക. നിശ്ചിതസംഖ്യ തടവുകാരെ കൊണ്ടുപോകണമെന്നു് അവർക്കു് കല്പനയുണ്ടു്. പ്രസ്തുത സംഖ്യ സാധാരണ തികയുക പതിവില്ല. സൗകര്യത്തിനു് കിട്ടുന്നവരെ പിടിച്ചു് കൊണ്ടുപോകുക പതിവാണു്."

ആദ്യമായിത്തന്നെ രണ്ടുദിവസത്തെ റേഷൻ വാങ്ങാൻ എല്ലാവരും ലൈൻ നില്ക്കേണ്ടതുണ്ടായിരുന്നു. അതുകഴിഞ്ഞു് ഓരോരുത്തരെ വിളിച്ചു വിടുതൽ സർട്ടിഫിക്കറ്റു് തന്നുകൊണ്ടിരുന്നു. ഏതാണ്ടു് ഉച്ചയായപ്പോൾ എന്റെ ഊഴം ആയി. ചെമപ്പൻ സൈനിക മുദ്രയുള്ള ഒരു കടലാസിൽ എന്തോ കുത്തിക്കുറിച്ചു് എന്റെ കൈയ്യിൽ തന്നു. അതിൽ എഴുതിയിരുന്നതു് വായിക്കുക എളുപ്പമായിരുന്നില്ല. എന്റെ പേരും പോകേണ്ട സ്ഥലവും അതിൽ കാണിച്ചിരുന്നു.

വീണ്ടും ഞങ്ങളെ ഒരുമിച്ചു കൂട്ടിയശേഷം സർജൻറ് പ്രസംഗമാരംഭിച്ചു. ആരും അതു കാര്യമായി ശ്രദ്ധിക്കുകയുണ്ടായില്ല. എല്ലാവരുടേയും ദൃഷ്ടി മുമ്പിൽ കാണുന്ന ഗെയിററിങ്കലേക്കായിരുന്നു. സ്റ്റീഫൻ, തനിക്കു് രക്ഷപെടാൻ സജ്ജമാക്കിയിരുന്ന വണ്ടി എനിക്കു തന്നു. എന്റെ ഭാണ്ഡം അതിൽവെച്ചു് ഞാൻ പുറപ്പെടുവാൻ ഒരുങ്ങി. അൻപതു മൈൽ ദൂരെ പോയാലേ സുരക്ഷിതമായ തീവണ്ടി സ്റ്റേഷനിൽ എത്തിച്ചേരുവാൻ സാധിക്കൂ.

വണ്ടിയുമായി ഞാൻ ഗെയിററു് കടന്നതേ ഉള്ളൂ, ഒരു ചക്രം ഊരിപ്പോയി. വണ്ടി ഒരു വശത്തേക്കു മറിഞ്ഞു.

താഴെ ഇറങ്ങി ഭാണ്ഡം എടുത്തു മാറുവാൻ ഞാൻ കഴിവതു ശ്രമിച്ചു; സാധിച്ചില്ല. മറവുള്ളവർ പുറത്തു വന്നപ്പോൾ ഞാൻ അങ്ങനെ ഇളിഭ്യനായി നില്ക്കുന്നതാണു് കണ്ടതു്.

സ്റ്റീഫൻ എന്റെ സഹായത്തിനു് ഓടിയെത്തി. "നമുക്കതു് പിന്നീടു് നന്നാക്കി എടുക്കാം." അദ്ദേഹം പറഞ്ഞു. "വേഗം വരിക" ഭാണ്ഡം എടുത്തു് തോളിൽ ഇട്ടശേഷം അദ്ദേഹം എന്റെ കൈക്കു് പിടിച്ചു് നടന്നുതുടങ്ങി. ഒരു കുതിര വണ്ടിയിൽ എന്നെക്കൊണ്ടാക്കിയ ശേഷം അദ്ദേഹം പറഞ്ഞു: "ഡ്രൈവർ ഒരു റഷ്യാക്കാരനാണു്. പേടിക്കാനൊന്നുമില്ല. അയാളാണു് എനിക്കു് വീഞ്ഞും ഓസ്തിയും രഹസ്യമായി കൊണ്ടുവന്നു തരുന്നതു്. അച്ഛനെ അയാൾ കുത്താലിക്കാ റെക്ടറിയിൽ കൊണ്ടുചെന്നാക്കും."

ഞാൻ ഒന്നും മിണ്ടാതെ ചുറ്റുപാടുകൾ നോക്കിക്കാണുകയായിരുന്നു. അദ്ദേഹം തുടർന്നു: "വണ്ടി നിറുത്തുന്നതുവരെ അവിടെത്തന്നെ ഇരുന്നുകൊള്ളുക, റഷ്യൻ ഹോസ്പിറ്റലുകളിൽ പോകാതിരിക്കുവാൻ സൂക്ഷിക്കുക." വണ്ടി ശെയിറവു് പിന്നിട്ടു് മുന്നോട്ടു നീങ്ങിത്തുടങ്ങി. ആരും കാണാതിരിക്കുവാൻ ഞാൻ വണ്ടിക്കുള്ളിൽ കുനിഞ്ഞു് കഴിയുന്നിടത്തോളം ഉള്ളിലേക്കു് കയറി ഇരുന്നു. മരിച്ചവരും മരിക്കുന്നവരുമായി വണ്ടിയിലുണ്ടായിരുന്ന പതിമൂന്നുപേരെപ്പോലെ തന്നെ ഞാനും നിശ്ചലനായിരുന്നു.

പതിനഞ്ചു മിനിറ്റിനുള്ളിൽ റെക്ടറിയിൽ എത്തി. റെക്ടറിയിലെ ഭവനപാലകൻ എന്നോടു യാതൊന്നും ചോദിച്ചില്ല. മേശപ്പുറത്തു് വെച്ചിരുന്ന ഭക്ഷണം കഴിക്കുവാൻ അയാൾ എന്നെ വിളിച്ചു. പാസ്റ്റർ (വികാരി) ഭക്ഷണത്തിനായി വന്നപ്പോൾ കണ്ടതു് ഒഴിഞ്ഞ മേശയാണു്. അദ്ദേഹം അല്പംപോലും അസംതൃപ്തി പ്രകടിപ്പിച്ചില്ല; വളരെ സ്നേഹപൂർവ്വമായിരുന്ന അദ്ദേഹത്തിന്റെ പെരുമാറ്റം.

വീട്ടിൽ ചെന്നെത്തിയ ഒരു പ്രതീതി ഉളവായി. ബിഷപ്പു് കല്ലർ ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം മിക്കവാറും ബർലിനിലെ ഏതെങ്കിലും ഹോസ്പിറ്റലിൽ ആയിരിക്കുവാനാണു് സാദ്ധ്യത എന്നും സ്നേഹസമ്പന്നനായ ആ വൃദ്ധവൈദികൻ എന്നോടു പറഞ്ഞു. കഴിയും വേഗം അങ്ങോട്ടു പോകുകയായിരിക്കും നല്ലതു് എന്നദ്ദേഹം ഉപദേശിച്ചു. സംസാരിക്കാൻപോലും സാധിക്കാത്ത ഒരു നിലയാണു് എന്റേതെന്നു് മനസ്സിലാക്കുവാൻ അദ്ദേഹത്തിനു് അധികം നേരം വേണ്ടിവന്നില്ല. ഗ്രേ സിസ്റ്റേഴ്സിന്റെ ഉപദേശം ചോദിക്കുവാൻ അദ്ദേഹം ഒരാളെ അയച്ചു. അയാൾ പുളകപ്രദമായ വാർത്തയുമായാണു് തിരിച്ചുവന്നതു്.

സിസ്റ്റർ ഇമെൽഡാ അവിടെയുണ്ടത്രെ! എന്നെ ഉടനെതന്നെ വൃദ്ധമന്ദിരത്തിലേയ്ക്കു് കൊണ്ടുചെല്ലുവാൻ സിസ്റ്റർ അയാളോടു പറഞ്ഞിരുന്നു. കന്യാസ്ത്രീകൾ ശുശ്രൂഷിച്ചു എന്നെ പരിചരിച്ചു. ഭക്ഷണം കഴിഞ്ഞ ഉടനെ കമ്പിളിപുതപ്പുകൾ വിരിച്ച ഒരു കട്ടിലിൽ എന്നെ കൊണ്ടുപോയികിടത്തി.

ചൂടുള്ള ഭക്ഷണം, കമ്പിളിമെത്ത, സ്വന്തമായൊരു മുറി! തീച്ചയായും, പ്രതീക്ഷാതീതമായ സുഖസൗകര്യങ്ങളായിരുന്നു ഇവ. തല്ക്കാലം സകല വേദനകളും ഞാൻ വിസ്മരിച്ചു.

പക്ഷേ കമ്പിളിമെത്ത എന്റെ അപ്പോഴത്തെ ശരീരസ്ഥിതിക്ക് പറ്റിയതല്ലായിരുന്നു. കമ്പിളിയുടെ പരുപരുപ്പ് അസഹ്യമായ വേദനയുളവാക്കി. എഴുന്നേറ്റ്, കമ്പിളിയുടെ മീതെ ഒരു പുതപ്പ് വിരിച്ച് ഞാൻ കിടന്നു. നേരം വെളുക്കുന്നതിനുമുമ്പുതന്നെ സിസ്റ്റർ ഇമെൽഡാ മുറിയിൽവന്നു പറഞ്ഞു: "ഇവിടെ താമസിക്കുന്നതു് ആപല്ക്കരമാണ്. അവർ നമ്മെ തിരിച്ചയച്ചെന്നു വരും." കഴിയുംവേഗം ബർലിനിൽ എത്തുവാൻ സിസ്റ്റർ തരപ്പെട്ടു.

പ്രഭാതമാകുന്നതിനുമുമ്പു് ഞങ്ങൾ നഗരത്തിനു പടിഞ്ഞാറുള്ള റെയിൽവേസ്റ്റേഷൻ ലക്ഷ്യമാക്കി നടന്നു. സ്വതന്ത്രരാക്കപ്പെട്ട തടവുകാരും സാധാരണ പൗരന്മാരും കൂട്ടം കൂട്ടമായി വണ്ടികളിൽ വന്നുകൊണ്ടിരുന്നു. സ്റ്റീഫന്റെ മുന്നറിയിപ്പു് ഞാൻ ഓർത്തു. മറ്റുള്ളവരുടെ ഉറപ്പിന്മേൽ പടിഞ്ഞാറോട്ടു പോകുന്ന വണ്ടിയിൽ ഞാൻ കയറി.

വണ്ടി ബർലിനിലേക്കു തന്നെയാണു പോയതു്. സെൻ്റ്ഗെർത്രൂഡ് ഹോസ്പിറ്റൽ തലയുയർത്തി നില്ക്കുന്നതു കണ്ടപ്പോൾ യഥാർത്ഥത്തിൽ സ്വതന്ത്രനായിത്തീർന്നിരിക്കുന്നു എന്നു എനിക്കു ബോദ്ധ്യമായി.

ഹോസ്പിറ്റലിൽ സിസ്റ്റർ സുപ്പീരിയർ എന്നെ അഭിവാദ്യം ചെയ്തു, "എന്റെ ദൈവമേ! അങ്ങേയ്ക്കെന്തുപറ്റി! കണ്ടാലറിയുകയില്ലല്ലോ."

"ഞാനൊരു വൈദികനാണെന്നു് സിസ്റ്റർ എങ്ങനെ തിരിച്ചറിഞ്ഞു?"

അവർ ചിരിച്ചുകൊണ്ടു ചോദിച്ചു "അച്ചൻ കുളിക്കുന്നോ, അതോ ഭക്ഷണം കഴിക്കുന്നോ?"

"ഏതായാലും ആദ്യം ഭക്ഷണം കഴിക്കാം" ഞാൻ പറഞ്ഞു.

ചാപ്പലിൽപോയി ഒരു വിസീത്തകഴിഞ്ഞു് തിരിച്ചുവന്നു ഭക്ഷണം കഴിച്ചു. ഔദാര്യവാനായ ഒരു ലിത്വാനിയൻ ജെസ്വീട്ടു് ബ്രദറിന്റെ സംരക്ഷണയിൽ അവർ എന്നെ ആക്കി. അദ്ദേഹം എന്നെ കുളിപ്പിച്ചു് വ്രണങ്ങൾ പഞ്ഞികൊണ്ടു തുടച്ചു് മരുന്നുവെച്ചു; തണുപ്പുള്ള ഒരു കിടക്കയിൽ ഒരു കുഞ്ഞിനെപ്പോലെ എന്നെ കൊണ്ടുപോയി കിടത്തി. ഹോസ്പിറ്റൽ ചാപ്പിന്റെ ഫാദർ വേനർ ഈശോ സഭയിലെ ഒരു മുൻ പ്രൊവിഷ്യാളായിരുന്നു. അദ്ദേഹം മുറിയിൽവന്നു എന്നോടു കുശലപ്രശ്നം നടത്തിയപ്പോൾ ഞാൻ ഒരു രാജാവാണെന്നു് എനിക്കു തോന്നി. വ്രണബാധിതനായി കുപ്പുക്കുഴിയിൽ ഇരുന്ന ജോബിനു തുല്യനാണു് ഞാൻ എന്നു് അദ്ദേഹം പറഞ്ഞു.

തിരുക്കുമ്പവത്സരത്തിന്റെ ആരംഭത്തിൽ തുടങ്ങിയതാണു് എന്റെ ജയിൽവാസം. തിരുക്കുമ്പവത്സരം അവസാനിക്കുവാൻ പോകയാണു്; എന്റെ തടവുകാലജീവിതവും. ഞാൻ മിസ്സാം എടുത്തു നോക്കി. ഞാൻ

ഇവിടെ ഹോസ്പിറ്റലിൽ പ്രവേശിച്ചതു് സെപ്തംബർ 24–ാംതീയതി, അടിമകളെ വീണ്ടെടുക്കുന്ന മാതാവിന്റെ തിരുനാളിലായിരുന്നു.

ഒരു മാസത്തോളം ഞാൻ അവിടെ താമസിച്ചു. ഫാദർ വേനർ ദിവസവും ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു തന്നിരുന്നു. ഞായറാഴ്ചകളിൽ ഉന്തുവണ്ടിയിൽ എന്നെ ചാപ്പലിൽ കൊണ്ടുപോകുമായിരുന്നു. ചിതറി താമസിക്കുന്ന എന്റെ കുടുംബങ്ങളെപ്പറ്റി അറിയുവാൻ ഞാൻ തീവ്രമായി ആഗ്രഹിച്ചു. ദേവാലയത്തിൽ ദിവ്യഉണ്ണിയെ കണ്ടെത്തിയപ്പോൾ മറിയം അനുഭവിച്ച സന്തോഷത്തിൽ എന്നെയും ഭാഗഭാക്കാക്കേണമെന്നു് ഞാൻ പ്രാർത്ഥിച്ചു; എന്റെ ബന്ധുമിത്രാദികളെ കാണുവാൻ എനിക്കിടവരുത്തിക്കൊണ്ടു്.

നേഴ്സുമാർ എന്നെ തിരിയെ മുറിയിൽകൊണ്ടുപോയി കിടത്തി. ഞാൻ ഒന്നു മയങ്ങിക്കാണും. അപ്പോൾ കിളരം കൂടിയ ഒരു വൈദികൻ എന്നെ കുലുക്കിക്കൊണ്ടു പറഞ്ഞു: "ഹൃദയപൂർവ്വം സ്വാഗതം ഗെർഹാർഡ്!" ഞാൻ കണ്ണുതുറന്നു. എന്റെ ശ്രുതയിലെ ഫാദർ വോൾസ്കിയെയാണു ഞാൻ കണ്ടതു്. "തിരിയെവന്ന ജോലിയിൽ പ്രവേശിക്കുവാൻ ബിഷപ്പു് ആവശ്യപ്പെട്ടിരിക്കുന്നു!" ഞാൻ അദ്ദേഹത്തെ സന്തോഷപൂർവ്വം അഭിവാദ്യം ചെയ്തു; അതേസമയം എന്റെ കണ്ണുകൾ നിറയുകയും ചെയ്തു.

നീണ്ട ഒരെഴുത്തുകൂട്ടു് എന്റെ കൈയിൽ തന്നിട്ടു് അദ്ദേഹം ചോദിച്ചു, "കൈയക്ഷരം ആരുടെതെന്നു മനസ്സിലായോ?"

എന്റെ അമ്മയുടെ എഴുത്തായിരുന്നു അതു്. ഇരുപത്തിമൂന്നു പേജുള്ള പ്രസ്തുത എഴുത്തു് മൂന്നുമാസം മുമ്പു് എഴുതിയതാണു്. കൂടാതെ ബിഷപ്പു കല്ലറിന്റെ ഒരെഴുത്തും ഉണ്ടായിരുന്നു.

ഇറമ്ഗാർഡ് സസുഖം വീട്ടിൽ തിരിച്ചെത്തിയിരുന്നു. എന്റെ പിതാവു് 'പൊതുസേവന'ത്തിൽ നിന്നു് സമയത്തിനു് അവരുടേകൂടെ എത്തിച്ചേർന്നു. റഷ്യൻ പട്ടാളം പ്രവേശിക്കുന്നതിനുമുമ്പായിത്തന്നെ ഗർഭിണിയായിരുന്ന എന്റെ സഹോദരി ബ്രിജീത്തായ്ക്കു ഓടി രക്ഷപ്പെടുവാൻ സാധിച്ചു. ശൈത്യകാലത്തു് അനുഭവപ്പെടുന്ന എല്ലാവിധ പീഡകളും, അഭയാർത്ഥികളായി ബാൾട്ടിക് തീരത്തേയ്ക്കു് പ്രയാണം ചെയ്ത അവക്കനുഭവപ്പെട്ടു.

എട്ടു മക്കളിൽ അഞ്ചുപേർ ജീവിച്ചിരിപ്പുണ്ടെന്നും ഒരാൾ കൊല്ലപ്പെട്ടുവെന്നും ഞാനുപ്പെടെ രണ്ടുപേരെക്കുറിച്ചു യാതൊരറിവുമില്ലെന്നും അമ്മ എഴുതിയിരുന്നു. ബ്രിട്ടീഷ് അധീനത്തിലുള്ള ഓസെന ബ്ലൂവെക്കിൽ അവക്കൊരു മുറി കിട്ടിയിട്ടുണ്ടു്; അച്ഛനു് സ്കൂൾ മാസ്റ്ററാകുവാനുള്ള സാധ്യതയുണ്ടത്രെ.

ബിഷപ്പിന്റേതു് സ്വാഗതം ആശംസിച്ചുകൊണ്ടുള്ള ഒരെഴുത്തായിരുന്നു. ആശുപത്രിയിൽനിന്നു വിടുതൽ കിട്ടിയാലുടൻ മാതാപിതാക്ക

ന്മാരെ ചെന്നു കാണണമെന്നും, ആരോഗ്യം വീണ്ടെടുത്തശേഷം മാത്രം ജോലി ഏറെറടുത്താൽ മതിയെന്നും അദ്ദേഹം എഴുതിയിരുന്നു.

ആ എഴുത്തുകൾ മരുന്നിനെക്കാൾ ഗുണം ചെയ്യുന്നവയായിരുന്നു. എഴുത്തുകിട്ടി രണ്ടാഴ്ച കഴിഞ്ഞപ്പോൾ സുഖക്കേട് വളരെ കുറഞ്ഞു. രക്ത ഓട്ടം വർദ്ധിച്ചുതുടങ്ങി; വ്രണങ്ങൾ കരിയുകയും രോമം വീണ്ടും കിളുത്തു തുടങ്ങുകയും ചെയ്തു.

കൈകളിൽ വച്ചുകെട്ടുണ്ടായിരുന്നെങ്കിലും നവംബർ ഒന്നാംതീയതി സകല വിശുദ്ധരുടെ തിരുനാളിൽ ഞാൻ പാട്ടകുർബ്ബാന പാടി. സ്വതന്ത്രരാക്കപ്പെട്ട തടവുകാരെയും അഭയാർത്ഥികളെയുംകൊണ്ട് ചാപ്പൽ നിബിഡമായിരുന്നു. അവർക്ക് ഏറെറം യോജിക്കുന്ന ഒരു ഭാഗമായിരുന്നു അന്നത്തെ സുവിശേഷം. ".....ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ ഈശോ അരുളിച്ചെയ്തു, ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. താഴ്മയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ഭൂമി അവകാശമായി അനുഭവിക്കും. നീതിയെക്കുറിച്ച് വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും. നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു."

നവംബർ മാസാവസാനത്തോടെ ആസ്ട്രിയിൽനിന്നു്, ഓസെനബ്രൂവെക്കിൽ മാതാപിതാക്കന്മാരുടെ പക്കലേയ്ക്ക് ഞാൻ പോയി.

അനുബന്ധം:

സ്വാതന്ത്ര്യത്തിനുശേഷം

ഒരു ബ്രിട്ടീഷ് കല്ലൂരിടെയിനിൽ തുടച്ചയായി നാലുദിവസം യാത്ര ചെയ്ത് ഞാൻ ഓസ്ലോബ്രൂവെക്കിൽ എത്തി. അടുത്തുള്ള ഒരു ഗ്രാമീണ സ്കൂളിലാണ് എന്റെ പിതാവു ജോലിനോക്കിയിരുന്നതു്.

ആനന്ദപൂർണ്ണമായ ഒരു കൂടിക്കാഴ്ചയായിരുന്നു അതു്. നോർവെയിലുള്ള ബ്രിട്ടീഷ് തടങ്കൽപ്പാളയത്തിൽനിന്നു് ഹാൻസ് സസുഖം തിരിച്ചെത്തി. മഞ്ഞുനിറഞ്ഞ ബാൾടിക് പ്രദേശം ഏകയായി തരണം ചെയ്ത വത്തമാനവുമായി ക്രിസ്റ്റായും വന്നുചേർന്നു. ഇരുവും നാളത്തെ ജീവിതാനുഭവങ്ങളുടെ അടയാളങ്ങൾ ഓരോരുത്തരുടേയും ദേഹത്തിൽ കാണാമായിരുന്നു. മാതാപിതാക്കന്മാരെ തിരിച്ചറിയുകതന്നെ വിഷമമായിരുന്നു. ഒരു കൊല്ലംകൊണ്ടു് ഇരുപതു വയസ്സു് അവർക്കു കൂടിയിരുന്നു!

മൂന്നുമൈൽ പള്ളിയിലേയ്ക്കു നടക്കുക ആദ്യമാദ്യം ഒട്ടും ആനന്ദപ്രദമായിരുന്നില്ല. മൂന്നുമൈൽ നടന്നു കഴിഞ്ഞാൽ അരദിവസംവേണം അതിന്റെ ക്ഷീണം തീരുവാൻ. പക്ഷേ പ്രസ്തുത നടപ്പു് ആരോഗ്യം വീണ്ടെടുക്കുവാൻ വളരെ സഹായിച്ചു.

ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ സ്ത്രീകളുടെ ഒരു മൻലേബർക്യാമ്പിലെ കൃത്തോലിക്കാ പ്രവർത്തനത്തിന്റെ ചാപ്ലിൻ ജോലി ഏറ്റെടുക്കുവാൻ ഞാൻ പ്രാപ്തനായി. അഭയാർത്ഥികളായ തീർത്ഥകരോടു് ക്യാമ്പിന്റെ മൻവശത്തുള്ള വ്യാകുലമാതാവിന്റെ കപ്പേളയിൽനിന്നു ഞാൻ പ്രസംഗിച്ചിരുന്നു. ശ്രുതാ–പത്രത്തിനു് ഞാൻ ലേഖനങ്ങൾ അയച്ചുകൊടുക്കുമായിരുന്നു. സ്വിസ്സർലാന്റിലെ എന്റെ ഇടവകക്കാരുമായി ബന്ധം പുലർത്താനുള്ള മാർഗ്ഗത്തെപ്പറ്റി ഞാൻ ചിന്തിക്കയായിരുന്നു.

മാതൃഭൂമിയുമായി ബന്ധംപുലർത്താൻ ഞങ്ങൾക്കു് സാധിക്കുമായിരുന്നില്ല. കോനിംഗ്സ്ബർഗ് സോവ്യറ്റ് യൂണിയന്റെ ഭാഗമായിത്തീർന്നിരുന്നു. സ്വിസ്സർലാന്റ് പോളണ്ടിന്റെ കീഴിലാണു്. രണ്ടുസ്ഥലവും തലമുറകളായി, നൂറ്റാണ്ടുകൾക്കുമുമ്പു മുതൽ അനുഭവിച്ചിരുന്ന ജനതയ്ക്കു് നിഷേധിക്കപ്പെട്ടിരിക്കയാണു്.

എന്റെ ഇടവകയെക്കുറിച്ച് ആദ്യമായി അറിഞ്ഞതു് ഫാദർ ടെസ്കനെറിന്റെ എഴുത്തിൽനിന്നാണു്. കാലയവനികയ്ക്കുള്ളിൽ മറഞ്ഞവരുടെ നീണ്ട ഒരു പട്ടിക അതിലുണ്ടായിരുന്നു. അമ്മാവൻ ഫ്രാൻസും അമ്മായിമാരായ എലിസബത്തും അന്നായും അക്കൂട്ടത്തിൽപ്പെട്ടവരായിരുന്നു. ഫെയിൽസ്ബഗ്ഗിലുള്ള ഇരുട്ടറകളിൽ കിടന്നാണു് ആദ്യം പറഞ്ഞ രണ്ടുപേരും ചരമഗതി പ്രാപിച്ചതു്. അമ്മായി അന്ന ഒരു കൊല്ലംകൂടി ജീവിച്ചു. അവർ എന്റെ റെക്ടറിയിൽചെന്നു താമസമാക്കി; അതു ക്രമപ്പെടുത്തുന്നതിൽ വ്യാപൃതയായിരുന്നു; അവിടെ വെച്ചാണു് മരിച്ചതു്.

ഏറമ്ലാൻഡിൽ എല്ലാവരുടേയും കഥ ഇതുതന്നെ. ജർമ്മൻ വംശജരായ സകലരെയും പോളിഷ് ഗവൺമെൻറ് അവിടെനിന്നു് നാടുകടത്തുകയും അവരുടെ വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തു.

1946 ജൂലൈ മാസത്തിൽ ബിഷപ്പു് കല്ലർ വീണ്ടും എന്നെ അദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. ശ്രുപതാത്തികളൊന്നുമില്ലാത്ത ഒരു 'ശ്രുപത'യാണു് ഇപ്പോൾ അദ്ദേഹത്തിനേറ്റതു്. ഏതാണ്ടു് നൂറോ ഇരുപതുലക്ഷം വരുന്ന ജർമ്മൻ അഭയാർത്ഥികളുടെയും ഭവനരഹിതരുടേയും പ്രത്യേക അപ്പസ്തോലിക് ഡെലഗേറ്റായി പന്ത്രണ്ടാംപീയൂസ് മാപ്പാപ്പാ അദ്ദേഹത്തെ നിയമിച്ചു. അദ്ദേഹം "ഭവനരഹിത"രുടെ മെത്രാനായിരുന്നു. സ്വന്തം അജഗണത്തെപ്പോലെ അദ്ദേഹവും ഒരു ചില്ലിക്കാശുപോലും കൈവശമില്ലാത്തവനായിരുന്നു. ഞങ്ങൾക്കു രണ്ടുപേർക്കും കൂടി ജോലി ചെയ്യുവാനും ഭക്ഷിക്കുവാനും വിശ്രമിക്കുവാനും ഒരേ ഒരു മുറി മാത്രമാണുണ്ടായിരുന്നതു്.

ഭവനരഹിതരായ അൻപത്തഞ്ചുലക്ഷം കത്തോലിക്കരുടെ ആത്മീയ സുസ്ഥിതി അദ്ദേഹത്തെ ഭരമേല്പിച്ചിരിക്കയാണു്. വൈഭവികരില്ല, പള്ളിയില്ല. ക്രാന്തദർശിയായ ബിഷപ്പു് കല്ലർ ധീരനുമായിരുന്നു. ജർമ്മനിയിലെ സഭ ഒരു വിഷമസന്ധിയിൽ എത്തിയിരിക്കുകയാണെന്നു് അദ്ദേഹം മനസ്സിലാക്കി. "ലക്ഷ്യമില്ലാതെ ചുറ്റിത്തിരിയുന്ന"തും "തീർത്ഥകരും അപരിചിതരും" അടങ്ങിയതുമായ ഒരു സഭയെയാണു് അദ്ദേഹം നയിക്കേണ്ടിയിരുന്നതു്. അവരുടെ ആചാരമുറകളും നടപ്പുകളും വേരോടെ പിഴുതെറിയപ്പെട്ടിരിക്കയാണു്. എങ്കിലും ദിവ്യനാഥനിലുള്ള അവരുടെ വിശ്വാസം പാറപോലെ ഉറച്ചതായിരുന്നു. ദിവ്യനാഥനു് ബെത്ലഹമിൽ സ്ഥലം കിട്ടിയില്ല; ശത്രുവിനെ ഭയന്നു് ഈജിപ്തിലേയ്ക്കു് ഓടിഒളിക്കേണ്ടിവന്നു; എന്തിനു്? പ്രസിദ്ധമായ പരസ്യജീവിതകാലത്തുപോലും തലചായ്ക്കുവാൻ അവിടത്തേക്കു് ഇടം ഉണ്ടായിരുന്നില്ല.

ബിഷപ്പു് കല്ലർ കഴിവിന്റെ പരമാവധി സ്വജനങ്ങൾക്കുവേണ്ടി പ്രയത്നിച്ചു. ഫ്രാൻക്ഫർട്ടു് ആമു് മെയിനിൽവച്ചു് എന്റെ കൈകളിൽ കിടന്നു് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

ചിന്നിച്ചിതറി താമസിച്ചിരുന്ന കുടുംബാംഗങ്ങളെ ഒരുമിച്ചു കൊണ്ടുവരുന്നതിനു് ഞങ്ങൾ പരിശ്രമിച്ചു. ഈ പരിശ്രമത്തിനിടയിൽ എന്റെ ഇടവകക്കാരെക്കുറിച്ചു് കൂടെയെല്ലാം ഗ്രഹിക്കുന്നതിനു സാധിച്ചു. 1948–ലെ സ്വാതന്ത്ര്യാരോഹണത്തിരുനാളിൽ ബർലിൻ ഹോസ്പിറ്റലിൽ അവരെ ഒരുമിച്ചുകൂട്ടി.

എതാണ്ടു് എൺപതുപേർ അവിടെ ഒരുമിച്ചുകൂടി. സോവ്യറ്റു് യൂണിയന്റെ വിവിധ സ്ഥലങ്ങളിൽ നിന്നു പെട്ടിവണ്ടികളിലാണു് അവർ വന്നതു്. അവർ ഉരുളക്കിഴങ്ങു കൊണ്ടുവന്നിരുന്നതിനാൽ എല്ലാവർക്കും ഭക്ഷണമൊരുക്കുവാൻ കന്യാസ്ത്രീകൾക്കു സാധിച്ചു.

വിദൂരത്തു് വസിക്കുന്ന സ്നേഹിതന്മാർ ഒരുമിച്ചു കൂടിയ പ്രതീതിയാണു് ഈ സമ്മേളനം ആദ്യം ഞങ്ങളിൽ ജനിപ്പിച്ചതു്. എന്നാൽ അവിടെ കൂടിയിരുന്നവർക്കെല്ലാംതന്നെ വീടും നാടും എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കയാണു് എന്നൊരു ദുഃഖചിന്ത വിസ്മരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഭയങ്കരവും ബീഭത്സവുമായ ചരിത്രമാണു് ഓരോരുത്തർക്കും പറയുവാനുണ്ടായിരുന്നതു്. എന്നാൽ തല്ക്കാല സന്തോഷത്തിലും കായ്ക്ലേശ്യതയിലും അതെല്ലാം വിസ്മരിക്കപ്പെട്ടു. സോവ്യറ്റു പട്ടാളക്കാർ പരിഭ്രഷ്ടത്തമീശയുടെ സ്ഥാനത്തു് പുതിയവ ഭയംകൂടാതെ വളർന്നു തുടങ്ങിയിരിക്കുന്നുവെന്നു് വൃദ്ധനായ ഗ്രീം ഫലിതം പറഞ്ഞു. കുഞ്ഞിനെ മുലയൂട്ടിക്കൊണ്ടിരുന്ന ഒരു തള്ളയ്ക്കു് തന്റെ ഭർത്താവു് തിരിച്ചുവന്നാൽ കുഞ്ഞിന്റെ ഭാവി എന്താകുമെന്നായിരുന്നു ഭയം. കാരണം ആ കുട്ടിയുടെ പിതാവു് ഏതോ ഒരു റഷ്യക്കാരനാണു്; ഭർത്താവിൽനിന്നു ജനിച്ച രണ്ടു കുട്ടികളും പണ്ടേ മരിച്ചുപോയി.

കുട്ടികളുടെ ഭാവിയെക്കുറിച്ചു് എല്ലാവരും ഉല്ക്കണ്ഠയുള്ളവരായിരുന്നു. പള്ളിയില്ല, പള്ളിക്കൂടമില്ല, ക്ലാരകളില്ല, മതപഠനമില്ല. വല്ലപ്പോഴും എവിടെ നിന്നെങ്കിലും ഒരു വൈദികൻവന്നു് കുമ്പസാരം ചൊല്ലിയിരുന്നു. വൈദികർ ചുരുക്കമായിരുന്നതിനാൽ, ഒരു വൈദികൻ ദിവസം നാലു ദിവ്യപൂജവരെ അർപ്പിച്ചിരുന്നു. പ്രായം ചെന്നവർ വിശ്വാസത്തിൽ ഉറച്ചവരാണു്. എന്നാൽ യുവതലമുറയുടെ കാര്യം എങ്ങനെ? അവരുടെ ഭാവി എന്തായിത്തീരും?

പരിഹാരം കണ്ടെത്തേണ്ട പല പ്രശ്നങ്ങളും അവർ എന്റെ മുമ്പിൽ നിരത്തി. ഇതേ പ്രശ്നങ്ങൾക്കുതന്നെ ഉത്തരം കണ്ടെത്തുവാൻ ഞാൻ കല്ലർ തിരുമേനിയെ സഹായിച്ചിരുന്നു. പുരോഹിത്യ കടമകളും ഉത്തരവാദിത്വവും ഞാൻ അനുസ്മരിച്ചു.

ദീർഘപാരമ്പര്യമുള്ളതും ഉറച്ചതുമായ ഒരു ഇടവകയിൽ എന്റെ ഭരണത്തിനേല്പിക്കപ്പെട്ടിരുന്നവരാണ് ഈ ജനങ്ങൾ. അവിടെ എല്ലാത്തിനും ക്രമീകരണങ്ങളും ചട്ടവട്ടങ്ങളുമുണ്ടായിരുന്നു. ബിഷപ്പിനോടുകൂടി ഞാനും ഇപ്രകാരം ചിന്തിച്ചു, 'അവർ എന്റെ ജനങ്ങളാണ്, എന്റെ ഇടവകക്കാരാണ്, ഞാൻ അവരുടെ ഇടയനാവണം.' നിത്യതയിൽ അവരുടെ ജീവിതത്തിന്റെ അർത്ഥമെന്തെന്നും, അവർക്കു സംഭവിച്ചതും സംഭവിക്കാനിരിക്കുന്നവയുടെയും ഉദ്ദേശമെന്തെന്നും വിശദീകരിച്ചു കൊടുക്കുക എന്റെ കടമയാണ്. ബിഷപ്പ് അവർക്ക് ഇപ്രകാരം എഴുതി: "പശ്ചാത്താപപൂർണ്ണമായ പ്രാർത്ഥനയിൽ ദൈവം യാത്രയാക്കുന്നവയെല്ലാം നമുക്കു സ്വീകരിക്കുക. ദിവ്യബലിയിൽ പ്രാർത്ഥനാനിരതരായി സംബന്ധിച്ചുകൊണ്ട് ഈശോയോടുകൂടി നമ്മളെയും നമ്മളുടെ ആശാപാശങ്ങളായ കോപം, കൊതി, അസൂയ, വിദ്വേഷം മുതലായവയെയും ക്രൂശിൽ തറക്കുവാൻ നമുക്കിടവരട്ടെ.

"പ്രാർത്ഥനയോടുകൂടി പരിത്യാഗങ്ങളും ഉണ്ടായിരിക്കണം. അന്യായമായി നമ്മുടെമേൽ കെട്ടിയേല്പിച്ചിരിക്കുന്ന വിവിധ പീഡകളും ക്ഷമയോടുകൂടി സഹിക്കുന്നതു വലിയ പരിത്യാഗമാണ്. ലോകത്തിന്റെ പാപഭാരത്തിനു അങ്ങനെ മിശിഹായോടുകൂടി കൂട്ടുവഹിച്ചുകൊണ്ട് നമുക്കു പരിഹാരം അനുഷ്ഠിക്കാം. അന്ധകാരശക്തികളോടെതിർക്കാൻ വേറെ മാർഗ്ഗമില്ല."

ബർലിനിലെ ആത്മപത്രിയിൽവച്ച് സൂസ്സെൻബർഗിലെ എന്റെ ഇടവകക്കാരോട് ഇതുതന്നെ ഞാൻ ആവർത്തിച്ചു. പാട്ട കൺവാനയിൽ കന്യാസ്ത്രീകളായിരുന്ന പാട്ടുകാർ. അവർ എറമ്മിലാൻഡിൽ പാടാവുള്ള രീതിയിൽ പാടിയപ്പോൾ ആ ഗ്രാമീണദേവാലയത്തിൽ നില്ക്കുന്ന പ്രതീതി ഏവരിലും ഉളവായി.

'മഞ്ഞിഹിക്കാത്ത്' പ്രാർത്ഥന അവസാനിച്ചപ്പോൾ ഞാൻ ജനങ്ങളിലേയ്ക്ക് തിരിഞ്ഞു സപ്താരോഹണത്തിരുനാളിലെ ലേഖനഭാഗം വായിച്ചു:


"ഒരുമിച്ചുകൂടിയിരുന്നവർ കർത്താവിനോടു ചോദിച്ചു: കർത്താവേ, അവിടുന്ന് ഇസ്രായേലിൽ രാജ്യം പുനസ്ഥാപിക്കുന്ന സമയം ഇതാണോ? അവിടുന്ന അരുളിചെയ്തു: പിതാവ് അവിടത്തെ അധികാരത്തിൽ വച്ചിരിക്കുന്ന സമയമോ, നിമിഷമോ അറിയുക നിങ്ങളുടെ കാര്യമല്ല. നിങ്ങളുടെമേൽ ആവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾ സ്വീകരിക്കും. നിങ്ങൾ ഓർശ്ലേമിലും, യൂദയായിലും, സമരിയായിലും, എന്നല്ല ഭൂമിയുടെ അതിർത്തികളിലും എനിക്കു സാക്ഷികളാകും."

"അപ്പസ്തോലന്മാരെപ്പോലെ നിങ്ങളും ചോദിക്കുന്നുണ്ടാകും: "അവിടത്തെ ഉത്തരം അപ്പസ്തോലന്മാരെ ആശ്ചര്യപ്പെടുത്തിയതുപോലെ നിങ്ങളെയും ആശ്ചര്യപ്പെടുത്തിയില്ലേ?" ഞാൻ ചോദിച്ചു.

ഞാൻ വളരെ മയപ്പെടുത്തി പറഞ്ഞു: സൂസ്സെൻബഗ്ഗിലേക്കു പോകുന്നകാര്യം മാത്രമാണു നിങ്ങളുടെ ചിന്തയെങ്കിൽ കർത്താവു മൂന്നുകൊല്ലം ശിഷ്യന്മാരെ പഠിപ്പിച്ച പാഠം നിങ്ങളിനിയും പഠിച്ചിട്ടില്ല. നമുക്കിവിടെ നിലനില്ക്കുന്ന ഒരു ഭവനമില്ല. നിലനില്ക്കുന്ന ഭവനം ഈ ജീവിതത്തിനുശേഷമുള്ളതാണു്. സുവിശേഷകൻ ഗത്സേമനിയിലെ അപ്പസ്തോലന്മാരുടെ ബലഹീനതയെക്കുറിച്ചു 'അവർ ഇവ യാതൊന്നും ഗ്രഹിച്ചില്ല' എന്നു പറഞ്ഞിരിക്കുന്നതു് നമ്മെക്കുറിച്ചും വാസ്തവമല്ലേ? അന്നത്തെ ലേഖനത്തിൽ, മിശിഹായുടെ വാങ്ങാനം ഞാൻ അവരെ അനുസ്മരിപ്പിച്ചു: "ഭൂമിയുടെ അതിത്തികൾവരെയും നിങ്ങളെനിക്കു സാക്ഷികളാകും." അങ്ങനെ അവരെ സമാശ്വസിപ്പിക്കുവാൻ കഴിഞ്ഞെന്നു് ഞാൻ സന്തോഷിച്ചു.

കുരിശിന്റെ നിഗ്രഹാർത്ഥം—ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം കുരിശിന്റെ ആന്തരാർത്ഥം—എന്തെന്നു് ചിന്തിച്ചുതുടങ്ങിയപ്പോൾ എന്റെ മുമ്പിലിരുന്ന ജനങ്ങളുടെ വിഷാദഭാവം മാറിപ്പോയി. കുരിശു വഴിയാണു് ക്രിസ്ത്യാനി മഹത്വം പ്രാപിക്കേണ്ടതെന്നു് അവർ മനസ്സിലാക്കിയതിൽ ഞാൻ സന്തോഷിച്ചു. അവക്കു് ഒരിക്കലും സൂസ്സെൻബഗ്ഗിലേയ്ക്കു തിരിച്ചുപോകുവാൻ സാധിച്ചില്ലെങ്കിലും അവരുടെ വിശ്വാസദാർഢ്യം പീഡകരെ നിശ്ശേഷം പരാജയപ്പെടുത്തിക്കഴിഞ്ഞു എന്നു അവക്കു ബോദ്ധ്യമായി.

L. D. S. M.



CHAVARA CHILDREN'S LIBRARY
719
ST. ANTONY'S MONASTERY
ALWAYS

